# സഭാനവീകരണത്തിലേക്ക്
# ഒരു വഴി

*To my beloved family*

## ചാക്കോ കളരിക്കൽ

കോട്ടയം ജില്ലയിൽ ഉരുളികുന്നത്ത് ജനനം. 1977 മുതൽ അമേരിക്കയിൽ മിച്ചിഗൻ സ്റ്റേറ്റിൽ താമസം. 'ഡെയ്മലർ ക്രൈസ്ലർ' എന്ന അമേരിക്കൻ കാർനിർമ്മാണ കമ്പനിയുടെ ക്വാളിറ്റി ഡിപ്പാർട്ട്മെന്റിൽ ദീർഘകാല സേവനത്തിനുശേഷം 2007-ൽ റിട്ടയർ ചെയ്തു.

ഭാര്യ: അന്നമ്മ കൊള്ളിക്കുളവിൽ (എരുമേലി-മണിപ്പുഴ).
മക്കൾ: ജെയ്മി, ഏമി, മരുമകൾ: ലിൻഡ ജേക്കബ്.

വിലാസം : 13337 WINDHAM DR, WASHINGTON TWP, MI 48094-3175, USA.
ഇ-മെയിൽ : ckalarickal10@hotmail.com / ckalarickal10@gmail.com

**2008 കോട്ടയം അന്താരാഷ്ട്ര പുസ്തകമേളയിൽ**
**മികച്ച പുസ്തകനിർമിതിക്കുള്ള പുരസ്കാരം ലഭിച്ച**
***'ഇടയൻ'* എന്ന നോവലും**
***'ലൈംഗികതയും പൗരോഹിത്യവും',***
***'മതാധിപത്യം കത്തോലിക്കാസഭയിൽ'***
**എന്നീ പഠനഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്.**

**www.ckalarickal.com**
**എന്ന വെബ്സൈറ്റിൽ ഈ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.**

# സഭാനവീകരണത്തിലേക്ക്
# ഒരു വഴി

**ചാക്കോ കളരിക്കൽ**

**സ്കൈ**
ബുക് പബ്ലിഷേഴ്സ്

Malayalam Language

**SABHĀNAVEEKARANATHILEKKU ORU VAZHI**

**(A Way to the Church Reformation)**

By **Chacko Kalarickal**

Copyright © *By Chacko Kalarickal*

*First Published : October 2012*

Published by
**SKY BOOK PUBLISHERS**
Mavelikara-690 101
Alappuzha Dist, Kerala, India.
Tel : 0479-3291414, 2307424

Printing
3Kings Press, Kottayam
Tel: 0481-256 9180

***No part of this book may be reproduced or transmitted in any form or by any means, without prior written permission of the author.***

ISBN 978-81-903895-9-4

₹ 150.00
$ 15.00

## പ്രസാധകക്കുറിപ്പ്

**ക്രി**സ്തുവിന്റെ ഉദ്ബോധനങ്ങൾ മനുഷ്യസമുദായത്തിലെ എല്ലാവർക്കും സ്വാംശീകരിക്കാവുന്നവയാണ്. എങ്കിലും ക്രിസ്തു വിഭാവനംചെയ്ത സ്നേഹ ക്കൂട്ടായ്മ സമ്പത്തിന്റെയും അധികാരത്തിന്റെയും പ്രലോഭനങ്ങളിൽപ്പെട്ട് ഒരു ബിസിനസ്സ് സാമ്രാജ്യമായി മാറി. ദൈവരാജ്യം ഭൂമിയിൽ സംജാതമാക്കാൻ എന്തുചെയ്യണമെന്ന് അന്വേഷിക്കുന്നവർക്കായി പുസ്തകങ്ങൾ രചിച്ചു കൊണ്ടിരിക്കുന്ന ഒരു സുമനസ്സാണ് ശ്രീ ചാക്കോ കളരിക്കൽ.

'ഇടയൻ' എന്ന നോവലിലൂടെ സമാരംഭിച്ച ആ സംരംഭത്തിൽ അദ്ദേഹ ത്തിന്റെ രണ്ടാമത്തെയും മൂന്നാമത്തെയും പുസ്തകങ്ങൾ ('ലൈംഗികതയും പൗരോഹിത്യവും', 'മതാധിപത്യം കത്തോലിക്കാസഭയിൽ') പ്രസിദ്ധീകരിച്ച സ്കൈ ബുക്സ് നാലാമത്തെ പുസ്തകവും പ്രസിദ്ധീകരിക്കുകയാണ്.

ഈ പുസ്തകത്തിന് അവതാരിക എഴുതിത്തന്നിട്ടുള്ളത് പ്രശസ്ത നവീകരണ ചിന്തകനും ഭാഷാ-ചരിത്ര പണ്ഡിതനുമായ **ഡോ. സ്കറിയാ സക്കറിയ** യാണ്. അദ്ദേഹത്തിനും ഗ്രന്ഥകാരനും സ്കൈ ബുക്സിന്റെ നന്ദി!

**സി. പ്രസാദ്**

## അവതാരിക

# ഒരു നസ്രാണി കത്തോലിക്കന്റെ വേവലാതികൾ

**ശ്രീ.** ചാക്കോ കളരിക്കലിന്റെ വിമർശനാത്മക മതരചനയാണ് *സഭാ നവീകരണത്തിലേക്ക് ഒരു വഴി.* ഒമ്പത് അധ്യായത്തിൽ ക്രൈസ്തവമതത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ, ചരിത്രം, ഭാവി എന്നിവ തത്ത്വനിഷ്ഠമായി ചർച്ച ചെയ്യുന്നു. രേഖാനിഷ്ഠമായി വിവരങ്ങൾ ശേഖരിച്ചവതരിപ്പിച്ചു ഹൃദയപൂർവം ഭാവിക്കുവേണ്ടി ഭാവനാത്മകമായി ചിന്തിക്കുന്നു. ബൈബിൾ, വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകൾ, നസ്രാണി പാരമ്പര്യങ്ങൾ എന്നിവ അടിസ്ഥാനമാക്കിയാണ് ചർച്ചയും വിശകലനവും. വിവിധ വിഷയങ്ങളിൽ ഗ്രന്ഥകർത്താവു നൽകുന്ന വ്യാഖ്യാനങ്ങൾ തുറവിയുള്ളവയാണ്. അവ വെളിപാടുകളല്ല, കല്പനകളല്ല. ചിന്തയിലൂടെ തെളിച്ചെടുക്കുന്ന സാധ്യതകളാണ്. നിങ്ങൾക്കു പല മട്ടിൽ ഇടപെട്ട് ഇതിനെ പൂരിപ്പിക്കാം. അതാണ് ഈ കൃതിയുടെ സംവിധാനപരമായ മേന്മ.

അറിയാനും അറിയിക്കാനുമുള്ള ശ്രമത്തിന്റെ ഭാഗമാണ് കളരിക്കലിന്റെ ഓരോ രചനയും. പ്രതിപാദിക്കുന്ന കാര്യങ്ങൾ ശുദ്ധ തത്ത്വചിന്തയല്ല, അനുദിനജീവിതത്തിലേക്കു കടന്നു നിൽക്കുന്നതും സാമൂഹിക സാമ്പത്തിക അധികാരഘടനകളെ ബാധിക്കുന്നതുമാണ്. അതുകൊണ്ട് രക്തമാംസങ്ങളുള്ള മനുഷ്യജീവികൾ എന്ന നിലയിൽ വായനക്കാർക്ക് ഇഷ്ടാനിഷ്ടങ്ങൾ ഉണ്ടാകും. അത്തരം രചനകളാണ് നമ്മുടെ ബുദ്ധിയെയും മനസ്സിനെയും ഭാവനയെയും പ്രചോദിപ്പിക്കുന്നത്. വായനക്കാരനെ ഷോക്കടിപ്പിക്കുന്ന പദപ്രയോഗങ്ങളോ സംഭവവിവരണങ്ങളോ

ഇതിൽ കണ്ടെന്നുവരില്ല. സൗമ്യമായ ആലോചനകളിലൂടെ ബോധനവീ കരണം സാധിക്കാനാണ് ഗ്രന്ഥകാരന്റെ ശ്രമം. കേരളകത്തോലിക്കസ ഭയെ, വിശിഷ്യ നസ്രാണി കത്തോലിക്കസഭയെ ബാധിച്ചിരിക്കുന്ന രോഗ ങ്ങൾ കണ്ടെത്തുന്നു, പ്രതിവിധികൾ നിർദ്ദേശിക്കുന്നു. പ്രതിവിധി കളൊന്നും ഒറ്റമൂലികളല്ല. വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സവി ശേഷതകൾ പരിഗണിച്ചുതന്നെ വേണം ചികിത്സ. രോഗമില്ല, ചികി ത്സയേ വേണ്ട എന്ന മട്ടിലാണ് ഇപ്പോൾ കേരളസഭയിലെ അധികാരമ ണ്ഡലം. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ അൻപതാം വാർഷികം പ്രമാണിച്ചാണ് ചാക്കോ കളരിക്കൽ ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത് എന്ന കാര്യം ഓർമ്മിക്കുക. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ അമ്പതാം വാർഷികം ആഘോഷിക്കുന്ന കാര്യം കേരളസഭ, വിശിഷ്യ നസ്രാണി കത്തോലിക്കസഭ മറന്നിരിക്കുന്നു. പൊതു കത്തോലിക്ക സഭയിലെ പല പ്രമുഖരും ഓർമ്മിക്കാൻ ഇഷ്ടപ്പെടാത്ത 'അനിഷ്ടസം ഭവ'മായി മാറിപ്പോയോ രണ്ടാം വത്തിക്കാൻ കൗൺസിൽ? യോഹന്നാൻ മാർപ്പാപ്പായും രണ്ടാം വത്തിക്കാൻ കൗൺസിലും തുറന്നിട്ട ജനാലകൾ കൊട്ടിയടയ്ക്കാനാണ് പലനിലകളിലുമുള്ളവർ തത്രപ്പെടുന്നത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ, നവയാഥാസ്ഥിതികത്വം പിടിമുറുക്കാൻ ശ്രമിക്കു കയാണ് കത്തോലിക്കസഭയിൽ. കാലഹരണപ്പെട്ട കാര്യങ്ങൾ പുനഃ സ്ഥാപിക്കാനും കാലത്തിന്റെ അടയാളങ്ങളെ പുച്ഛിച്ചുതള്ളാനും നട ക്കുന്ന ശ്രമങ്ങൾ ശക്തിപ്രാപിക്കുന്നു. അതുകൊണ്ടൊന്നും പരിവർത്ത നത്തിന്റെ സൂര്യനെ മറച്ചുപിടിക്കാൻ കഴിയുന്നില്ല. സഭയിൽ വ്യക്തി കളും സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും രാഷ്ട്രങ്ങളും പ്രദേശങ്ങളും ജന തകളും സമുദായങ്ങളും തനിമ (identity) കാട്ടി പ്രവർത്തിക്കുന്നത് ഇരു പത്തൊന്നാം നൂറ്റാണ്ടിലും കാണാം.

ആഗോളസഭയിൽ സ്ത്രീസ്വരം പണ്ടെങ്ങുമില്ലാത്ത തരത്തിൽ ഇപ്പോൾ ഉയർന്നുകേൾക്കുന്നു. ചരിത്രത്തിന്റെ ഇന്നലെകളിൽ നിശ്ശബ്ദ രാക്കപ്പെട്ടവരുടെ സ്വരങ്ങൾ ഉയർന്നുയർന്നു ബലിപീഠത്തിൽനിന്നു കേൾക്കുന്നു. നിഷേധികളും തന്റേടികളും സഹനമൂർത്തികളുമായ സ്ത്രീകൾ വൈകിയിട്ടാണെങ്കിലും ബലിപീഠത്തിൽ വണങ്ങപ്പെടുന്നു. തൊലി കറുത്തവരും ഇരുണ്ട നിറക്കാരും വിശുദ്ധരുടെ പട്ടികയിൽ പെരുകിവരുന്നു. ഇതാണ് കാലം വരുത്തിയ മാറ്റം. വൈവിധ്യവും സങ്ക ലനവും വിശിഷ്ടമൂല്യങ്ങളായി തിരിച്ചറിയപ്പെടുന്ന പോസ്റ്റുമോഡേൺ ലോകത്തിൽ ഇത്തരം പ്രത്യക്ഷീകരണം സ്വാഭാവികമാണ്.

ആഗോളവൽക്കരണവും മാധ്യമീകരണവും തദ്ദേശീയതയും സൃഷ് ടിക്കുന്ന കൊടുങ്കാറ്റുകളെ മറികടക്കാൻ സഭയുടെ ശ്രേണീകൃതവും ഏകാത്മകവുമായ മാനേജ്മെന്റ് സംവിധാനങ്ങൾക്കു കഴിയുമോ? അതോ ഹരിതവ്യവസ്ഥ ആവശ്യപ്പെടുന്ന അടിസ്ഥാനജനാധിപത്യം, സംവാദാത്മകത സഭയിലും അനിവാര്യമാണോ? ഇത്തരം ഒരു ചർച്ചയി

ലേക്ക് ഇന്നല്ലെങ്കിൽ നാളെ സഭ നീങ്ങേണ്ടിവരില്ലേ? ആ ഘട്ടത്തിലാണ് കേരളത്തിലെ നസ്രാണിപാരമ്പര്യം ആഗോളസഭയ്ക്കു വിശിഷ്ടസ്വ ത്തായിത്തീരുന്നത്. ചാക്കോ കളരിക്കൽ ഇത്തരം ഒരു സാധ്യത മുൻകൂട്ടി കാണുന്നു. ഈ ഗ്രന്ഥത്തിൽ പലവട്ടം പലതരത്തിൽ പരാ മർശിക്കപ്പെടുന്ന വിഷയമാണ് 'മാർത്തോമ്മായുടെ മാർഗ്ഗം'. പാശ്ചാത്യ ക്രൈസ്തവരുമായി കണ്ടുമുട്ടിയപ്പോൾ പതിനഞ്ചു പതിനാറു നൂറ്റാണ്ടു കളിൽ നസ്രാണികൾ സ്വയം നിർവചിച്ചതു 'മാർത്തോമ്മായുടെ മാർഗ്ഗവും വഴിപാടും' എന്ന മൂന്നു വാക്കുകൾ ഉപയോഗിച്ചാണ്. തങ്ങ ളുടെ ക്രൈസ്തവപൈതൃകം/മാതൃകം മാർത്തോമ്മായുടെ മാർഗ്ഗവും വഴിപാടുമാണെന്ന് അവർ ഉറച്ചസ്വരത്തിൽ പറഞ്ഞു. അതു പോർത്തു ഗീസുകാർക്കു മനസ്സിലായില്ല. അതുകൊണ്ടുണ്ടായ കലക്കങ്ങളും കല ഹങ്ങളും മാറാരോഗംപോലെ കേരളക്രൈസ്തവസമൂഹത്തെ പിന്തുട രുന്നു. മുറയ്ക്കു ചികിത്സകൾ നടക്കുന്നുണ്ട്. കോളണിയനന്തരതയുടെ ഭാഗമായി നാട്ടുമെത്രാനും സ്വയാധികാരമുള്ള പ്രാദേശിക സഭാസംവി ധാനങ്ങളുമുണ്ടായി. പക്ഷേ കാതലായ കാര്യങ്ങളിൽ — സഭാഘടന യിലും അനുദിന പ്രവർത്തനത്തിലും — കൊളോണിയൽ ആശയാവ ലികളും നടപടിക്രമങ്ങളും തുടരുന്നു. മാർത്തോമ്മായുടെ മാർഗ്ഗവും വഴി പാടും ഇരുപത്തൊന്നാം നൂറ്റാണ്ടിൽ കാലോചിതമായ രീതിയിൽ പ്രാവർത്തികമാക്കുന്നതിനെക്കുറിച്ചു സംസാരിക്കാൻപോലും വിസമ്മതി ക്കുന്നു നാട്ടുകാർ മാത്രമടങ്ങിയ മെത്രാൻ സിനഡ്. കോളണീകരണ ത്തിന്റെ ഭാഗമായി കടന്നുവന്ന അതികേന്ദ്രീകൃതമായ ഏകാധിപത്യസം വിധാനങ്ങൾ ഉറപ്പിച്ചെടുക്കാനാണ് ശ്രമം. ഇത്തരം വ്യഗ്രതകൾ സഭാ വേദികളിൽ തുറന്ന ചർച്ചകൾക്കു വിഷയമാകുന്നില്ല. ആരാധനക്രമവും സഭാഭരണക്രമവും 'മാർത്തോമ്മായുടെ മാർഗ്ഗവും വഴിപാടും' പരിഗ ണിച്ചു നവീകരിക്കപ്പെടണം എന്നാണ് ചാക്കോ കളരിക്കൽ ആവശ്യപ്പെ ടുന്നത്. ഇങ്ങനെയുള്ളവരെ ശല്യകാരികളായിട്ടാണ് പല അധികാര സ്ഥരും കരുതുന്നത്. 'നീയൊക്കെ ചത്തു ശവമായി വാടാ, അപ്പോൾ വിവ രമറിയിക്കാം' എന്ന മട്ടിൽ കേരളത്തിലെ ബലിപീഠത്തിൽനിന്നു ചിലർ പ്രതികരിക്കുന്നു. അവർക്ക് ആശ്വസിക്കാൻ വകയുണ്ട്. പുതിയൊരു തല മുറ ഇവിടെ വളർന്നുവരുന്നുണ്ട്. അവർ പഠിപ്പും പണവും പദവിയും ഉള്ളവരാണ്. അവർക്കു പള്ളി ഒരു പണപ്പിരിവുസംഘം മാത്രമാണ്. ശല്യം ചെയ്യാതിരിക്കാൻ ഉദാരമായി പണം നൽകേണ്ട സ്ഥാപനം. അതി നപ്പുറം പള്ളിയിൽ മറ്റൊന്നും അവർ അനുഭവിക്കുന്നില്ല. നിയമങ്ങൾ കർശനമാക്കുംതോറും, അനുഷ്ഠാനങ്ങളും നടപടിക്രമങ്ങളും വക്രമാ കുംതോറും അവർ സഭയിൽനിന്ന് അകലുകയാണ്. ചോദ്യങ്ങൾ ഉന്ന യിക്കാൻ അവർക്കു താത്പര്യമില്ല. ആ നിശ്ശബ്ദസമൂഹത്തിന്റെ വരവി നായി അധികാരികൾ കാത്തിരിക്കുകയാണ്. അവരുടെ മുഖത്തെ അവജ്ഞ അധികാരികൾ കാണുന്നില്ല. ശ്രദ്ധ മുഴുവൻ പോക്കറ്റിലാ ണല്ലോ.

ചാക്കോ കളരിക്കലിനെപ്പോലുള്ളവർ സഭയുടെ അടിസ്ഥാനതത്ത്വങ്ങളിൽ വിശ്വസിക്കുന്നു. സഭാസ്നേഹമാണ് അവരെ വാചാലരാക്കുന്നത്. 'തങ്ങളെക്കാൾ വലിയ സഭാസ്നേഹികളോ?' എന്ന മട്ടിലാണ് പല അധികാരികളും അവരെ തുറിച്ചുനോക്കുന്നത്. നസ്രാണികളുടെ ജീവിക്കുന്ന സഭാപാരമ്പര്യത്തിൽ 'ഇണങ്ങാ'ണു പ്രധാനം. ഇണങ്ങർ എന്ന സങ്കല്പം സജീവമായതു കൊണ്ടാണ് കേരളത്തിലെ നസ്രാണി കത്തോലിക്കരിൽ ചിലർ ചാക്കോ കളരിക്കലിനെപ്പോലെ എഴുതുന്നതും പറയുന്നതും. അവരുടെ പിന്നാലെ വരുന്ന പാശ്ചാത്യമാതൃകയിലുള്ള തലമുറയെ ഔദ്യോഗികമതബോധനം വെറും അല്മായരാക്കി വളർത്തിയെടുക്കുകയുമാണ്. ഇണങ്ങർ പൂർണ്ണമായും അല്മായരായിക്കഴിയുമ്പോൾ പ്രതിഷേധസ്വരങ്ങൾ നിലയ്ക്കും. അതിനു മുമ്പ് ഇണങ്ങരുടെ ചില ഒറ്റപ്പെട്ട ശബ്ദങ്ങൾകൂടി മുഴങ്ങിക്കൊള്ളട്ടെ. പാരമ്പര്യബലമുള്ള ഒരു നസ്രാണികത്തോലിക്കന്റെ വേവലാതിയാണ് ഈ പുസ്തകത്തിൽ പ്രത്യക്ഷപ്പെടുന്നത്. ആത്മാർത്ഥതയും പക്വതയും പഠിപ്പും അനുഭവവും ഇടകലർന്ന ഈ രചനയ്ക്കു ചരിത്രപ്രാധാന്യമുണ്ട്. അതിന്റെ മഹത്ത്വം വായനക്കാർ അനുഭവിച്ചറിയട്ടെ.

കണ്ണുള്ളവർ വായിക്കട്ടെ,
കാതുള്ളവർ കേൾക്കട്ടെ,
ഹൃദയമുള്ളവർ അനുഭവിച്ചറിയട്ടെ.

**ഡോ. സ്കറിയാ സക്കറിയ**
(റിട്ടയർഡ് പ്രഫസർ,
ശ്രീശങ്കരാചാര്യ സർവകലാശാല)

സെപ്റ്റംബർ 09, 2012

# ആമുഖം

'**ക**ത്തോലിക്കസഭയെ വിമർശിക്കുന്നത് കർത്താവീശോമിശിഹായെ വിമർശിക്കുന്നതിന് തുല്യമാണ്' എന്ന് ഗോവാക്കാരനായ ഒരു യാഥാസ്ഥിതിക കത്തോലിക്കൻ (Averthanus L. D'Souza) ഒരു ലേഖനത്തിൽ എഴുതിയിരിക്കുന്നത് വായിക്കുവാനിടയായി. കത്തോലിക്കസഭയെ വിമർശിക്കുക എന്ന പ്രയോഗംകൊണ്ട് കത്തോലിക്കസഭാധികാരികളെ വിമർശിക്കുക എന്നാണ് ലേഖകൻ വിവക്ഷിക്കുന്നത് എന്നുള്ളതിന് രണ്ടു പക്ഷമില്ല. ഒരു കണ്ണുകൊണ്ടു നോക്കിയാൽ എന്റെ പുസ്തകങ്ങളിലെല്ലാം ധാരാളം വിമർശനങ്ങൾ കണ്ടെന്നിരിക്കും. എന്നാൽ തുറന്ന രണ്ടു കണ്ണുകളോടെ നോക്കിയാൽ ഇതു വിമർശനമല്ലെന്നും ഈ ആധുനിക കാലത്ത് സഭയിൽ വരുത്തേണ്ട പരിഷ്കരണത്തെ അഥവാ നവീകരണത്തെ മുന്നിൽ കണ്ടുകൊണ്ട് സഭാസ്നേഹിയായ ഞാൻ നടത്തിയിട്ടുള്ള മായമില്ലാത്ത പഠനമാണെന്നും വ്യക്തമാകും. അതുകൊണ്ട് സഭാവിമർശനം എന്ന ആരോപണത്തിൽനിന്ന് എനിക്ക് മുൻകൂർ ജാമ്യം നല്കണമെന്ന് ഒരപേക്ഷയുണ്ട്. ഇനിയും എന്റെ പുസ്തകങ്ങൾ വായിക്കുന്ന ആരെങ്കിലും അങ്ങനെ തെറ്റായി ധരിച്ചാൽ ഞാൻ നിസ്സഹായനാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളിൽ "കാലത്തിന്റെ അടയാളങ്ങൾ സൂക്ഷ്മനിരീക്ഷണം ചെയ്ത് സുവിശേഷ വെളിച്ചത്തിൽ വ്യാഖ്യാനിക്കാൻ സഭ എല്ലായ്പ്പോഴും ബാധ്യസ്ഥയത്രേ" എന്നു രേഖപ്പെടുത്തിയിട്ടുള്ളതാണ് എന്റെ രചനകൾക്കെല്ലാം പ്രചോദനം നല്കുന്നത് (രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, സഭ ആധുനിക ലോകത്തിൽ).

സഭാപരിഷ്കരണം അഥവാ നവീകരണം കൗൺസിലുകളിൽ കൂടി സാധ്യമാകുക എന്നത് പുതിയ ഒരാശയമല്ല. രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം രൂപവത്കരിച്ച മെത്രാൻ സിനഡുകൾ സഭാനവീകരണത്തിന് സഹായകമാകുന്നില്ല. കഴിഞ്ഞ 30 വർഷത്തെ ചരിത്രം അതാണു നമ്മെ പഠിപ്പിക്കുന്നത്. പോപ്പിനോടും റോമൻകാര്യാലയങ്ങളോടും മെത്രാൻ സിനഡുകൾ അമ്പേ പരാജയപ്പെട്ടിരിക്കുകയാണ്. ഇന്ന് സഭാനവീകരണം ഒരു പൊതുകൗൺസിൽ (General Council) വഴിയാണ് സാധിക്കേണ്ടത്. മാർപാപ്പാ, കർദിനാളന്മാർ, മെത്രാന്മാർ, ഈ സ്ഥാനികളുടെ ഉപദേശകർ, സന്ന്യാസീസന്ന്യാസിനി സഭാപ്രതിനിധികൾ, ദൈവശാസ്ത്രജ്ഞർ, എല്ലാ ശാസ്ത്രങ്ങളുടെയും വിദഗ്ധർ, അല്മായപ്രതിനിധികൾ (സ്ത്രീകളും പുരുഷന്മാരും), മറ്റ് ക്രിസ്ത്യൻസഭാവിഭാഗപ്രതിനിധികൾ, മറ്റ് മതപ്രതിനിധികൾ തുടങ്ങിയവർ പൊതുകൗൺസിലിലെ അംഗങ്ങളായിരിക്കണം. വമ്പിച്ച ഈ സമ്മേളനത്തിന്റെ ഫലമായിട്ടായിരിക്കണം സഭാനവീകരണം സാധിക്കേണ്ടത്. ഈ സമ്മേളനത്തിലെ തീരുമാനങ്ങൾ സഭയിൽ പ്രാബല്യത്തിൽ വരുന്നുണ്ടോയെന്ന് നിരീക്ഷിക്കാൻ ആധികാരികമായ ഒരു കമ്മറ്റിയെയും ഈ പൊതുകൗൺസിൽ തെരഞ്ഞെടുക്കേണ്ടതാണ്. ഈ കമ്മറ്റിയുടെ റിപ്പോർട്ട് എല്ലാ വർഷവും എല്ലാ കത്തോലിക്കനും അറിയത്തക്ക രീതിയിൽ പ്രസിദ്ധം ചെയ്യേണ്ടതുമാണ്.

ഈ പൊതുകൗൺസിലിൽ വച്ച് പോപ്പും റോമൻ കാര്യാലയങ്ങളും ഒരു പുതിയ 'മാഗ്നാകാർട്ട'യിൽ ഒപ്പുവയ്ക്കണം. പത്രോസിന്റെ പിൻഗാമിയായ പോപ്പിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരാവകാശങ്ങളിൽ വെള്ളം ചേർക്കലല്ല ഇതിന്റെ ഉദ്ദേശ്യം. മറിച്ച്, ജനങ്ങൾ അർഹിക്കുന്ന വ്യത്യസ്തങ്ങളായ ആശയങ്ങളും ആവശ്യങ്ങളും ബഹുമാനപുരസ്സരം കേൾക്കപ്പെടണം. സംഘാതാത്മകത (Collegiality) വാക്കാൽ പോരാ, യഥാർഥത്തിൽ പ്രാബല്യത്തിൽ വരണം.

ആഫ്രിക്കയിൽ നിന്നോ തെക്കേ അമേരിക്കയിൽ നിന്നോ ഏഷ്യയിൽ നിന്നോ ആയിരിക്കണം പുതിയ പോപ്പ് എന്നു ചിന്തിക്കുന്നവരും ഇന്നുണ്ട്. നൂറ്റാണ്ടുകളായി സഭയെ നയിക്കുകയും ഭരിക്കുകയും ചെയ്തിരുന്ന യൂറോപ്പിലെ 'വെള്ളക്കാരൻ പാപ്പാ മാതൃക' മാറ്റപ്പെടണമെന്നവർ ചിന്തിക്കുന്നു. കത്തോലിക്ക ജനസാന്ദ്രതയ്ക്ക് നിർണായകമായ രീതിയിൽ സ്ഥാനചലനം സംഭവിച്ചിട്ടുണ്ട്. 2025 ആകുമ്പോഴേയ്ക്കും ഏഷ്യാ, ആഫ്രിക്ക, തെക്കേ അമേരിക്ക എന്നിവിടങ്ങളിലായിരിക്കും 70% കത്തോലിക്കരും അധിവസിക്കാൻ പോകുന്നത്.

പഴയ മാർപാപ്പമാരെയും റോമൻ കാര്യാലയങ്ങളെയും ന്യായീകരിക്കുന്ന പ്രവണത സഭയിൽ ഇന്നും ശക്തമാണ്. നൂറ്റാണ്ടുകൾക്കു മുമ്പ് നടന്ന സംഭവങ്ങൾക്ക് ക്ഷമാപണതന്ത്രവുമായി പുതിയ പോപ്പുമാർ രംഗത്തിറങ്ങാറുണ്ട്. ജനനനിയന്ത്രണം നിരോധിച്ചതിന് (Humanae Vitae, 1968) ക്ഷമാപണവുമായി ഭാവിയിലൊരു പോപ്പ് പ്രത്യക്ഷപ്പെടും.

സ്ത്രീപൗരോഹിത്യം ഇന്നും സാധിക്കയില്ല, ലോകാവസാനം വരെയും സാധിക്കുകയില്ലെന്നു തീർപ്പു കല്പിച്ച (Ordinatio Sacerdotalis, 1994) ജോൺ പോൾ രണ്ടാമന് തെറ്റുപറ്റിയെന്ന് നൂറുവർഷം കഴിയുമ്പോൾ അന്നത്തെ പോപ്പ് ക്ഷമാപണവുമായി മുമ്പോട്ടു വരും. അതാണ് റോമിന്റെ താരിപ്പ്.

ഇനി നസ്രാണിസഭയുടെ കാര്യത്തിലേക്കു കടക്കാം. 1599-ലെ ഉദയമ്പേരൂർ സൂനഹദോസിന്റെ കാലംമുതൽ നമ്മുടെ പൂർവികർ നസ്രാണിവിമോചന സമരം ആരംഭിച്ചതാണ്. 1653-ലെ കൂനൻകുരിശു സത്യത്തിലൂടെ ഒരു വിഭാഗം നസ്രാണികൾ റോമാമൂപ്പന്റെ അധികാരസീമയിൽനിന്ന് മാറിപ്പോയി. 'സത്യവേദ'മായ കത്തോലിക്കസഭയിൽ തുടർന്നവർ നസ്രാണിവിമോചനസമരത്തെ മുമ്പോട്ടു കൊണ്ടുപോയി. അതിലെ അഗ്രഗണ്യരാണ് പാറേമ്മാക്കൽ ഗോവർണദോരും നിധീരിക്കൽ മാണിക്കത്തനാരുമെല്ലാം. 1896-ൽ മലങ്കരയ്ക്കു നാട്ടുമെത്രാന്മാരെ ലഭിച്ചപ്പോൾ നസ്രാണിവിമോചനസമരത്തിന് വിരാമമായി എന്ന് പലരും കരുതി. എന്നാൽ അന്ന് അവർ വേറൊരു വിമോചനസമരത്തിലേക്ക് വഴുതിവീഴുകയായിരുന്നു. പാശ്ചാത്യവും പൗരസ്ത്യവുമായ പൂർവകാലബന്ധങ്ങൾ നസ്രാണിസഭയ്ക്ക് ഉണ്ടെന്നിരുന്നാലും മാർതോമാ അപ്പോസ്തലനാൽ സ്ഥാപിതമായ അപ്പോസ്തലിക സഭാകൂട്ടായ്മയാണ് മലബാർസഭ. റോമിലെ ആചാര്യനെ സഭാതലവനായി അംഗീകരിക്കുമ്പോഴും ഭാരതനസ്രാണിസഭ ഒരു വ്യക്തിസഭയാണ്. ആ വ്യക്തിത്വത്തെ നിയമപരമായും ഭരണപരമായും ശുശ്രൂഷാപരമായും ആരാധനാപരമായും അതിന്റെ തനിമയോടെ അംഗീകരിച്ചുറപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള വിമോചനസമരത്തിലാണ്, അന്നുമുതൽ ഇന്നുവരെ, ഭാരതനസ്രാണി കത്തോലിക്കർ.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ (1962–1965) തീരുമാനപ്രകാരം "കാലത്തിന്റെയോ വ്യക്തിയുടെയോ സാഹചര്യങ്ങൾക്ക് അടിപ്പെട്ട് തങ്ങൾക്കു ചേരാത്തവിധത്തിൽ ഇവയിൽനിന്നും വ്യതിചലിച്ചുപോയിട്ടുണ്ടെങ്കിൽ പൗരാണികപാരമ്പര്യത്തിലേയ്ക്ക് തിരിയുവാൻ അവർ ശ്രദ്ധിക്കേണ്ടതാണ്" (പൗരസ്ത്യ കത്തോലിക്കസഭകളെ സംബന്ധിച്ച ഡിക്രി). രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തീരുമാനത്തെ മാനിച്ചുകൊണ്ടായിരിക്കണം, കേരള കത്തോലിക്കസഭയെ സ്വയംഭരണാധികാരമുള്ള ഒരു വ്യക്തിസഭയായി 1992-ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ പ്രഖ്യാപിച്ചത്. എന്നാൽ മാർതോമായുടെ മാർഗത്തിലധിഷ്ഠിതമായ ഭരണസമ്പ്രദായമോ ഭാരതീയരീതിയിലുള്ള ആരാധനക്രമമോ നടപ്പിലാക്കാതെ പാശ്ചാത്യരീതിയിലുള്ള പള്ളിഭരണവും കൽദായരീതിയിലുള്ള ആരാധനക്രമവും ഇന്ന് നസ്രാണി സഭയുടെമേൽ അടിച്ചേല്പിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ, പണ്ട് നമ്മുടെ പൂർവികർ മാർതോമായുടെ പൈതൃകം കാത്തുസൂക്ഷിക്കാൻ നടത്തിയ വിമോചനസമരം ഇന്ന് മറ്റെന്നത്തെക്കാളും പ്രസക്തമായിരിക്കുകയാണ്.

റോമിലെയും നാട്ടിലെയും സഭാധികാരികളായ ഗ്ലാഡിയേറ്റർമാരെ (gladiators) സാധാരണ വിശ്വാസിക്കു ഭയമാണ്. കത്തോലിക്കസഭയായ ഫാസിസത്തെ നേരിടാൻ അശക്തരായി അവരിന്ന് അമ്പരന്ന് നില്ക്കുകയാണ്. സഭയെപ്പറ്റി സ്വാഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നത് അസുഖകരമായ കാര്യമാണ്; സ്വന്തം മതത്തെ കൈവെടിയുന്നതുപോലൊരു തോന്നൽ. അതു സാധാരണവിശ്വാസിക്ക്. എന്നാൽ, സഭാധികാരികളുടെ കാര്യമോ? മലങ്കരത്തനിമയായ ലാളിത്യം ഇട്ടെറിഞ്ഞ് പാശ്ചാത്യരാജ്യങ്ങളിലേതുപോലുള്ള സുഖലോലുപതയിൽ മുഴുകി അവർ പണസമ്പാദനപ്രിയരായിത്തീർന്നിരിക്കുന്നു. ക്രിസ്തു പഠിപ്പിച്ച ദാരിദ്ര്യം എവിടെ? അതു വത്തിക്കാനിലുണ്ടോ? വത്തിക്കാനു തിട്ടപ്പെടുത്തിയിട്ടുള്ള വില 500 ബില്യൻ ഡോളറാണ്. അതു വിറ്റ് പാവങ്ങൾക്കു നല്കാൻ ഞാൻ പറയുകയില്ല. എങ്കിലും വത്തിക്കാൻ ക്രിസ്തു പഠിപ്പിച്ച ദാരിദ്ര്യത്തിനു സാക്ഷ്യം നല്കണം. ഒരു നാട്ടുമെത്രാൻ 2800 രൂപാ അധികച്ചെലവു ചെയ്ത് സ്പെഷ്യൽ നമ്പർപ്ലേയ്റ്റ് വാങ്ങി തന്റെ ഇനോവയിൽ ഫിറ്റു ചെയ്യുന്നത് അനാവശ്യമാണ്. സംസാരമദ്ധ്യേ ഒരു ഈഴവസഹോദരനാണ് എന്നോടിതു പറഞ്ഞത്. സുഖലോലുപതയിൽ മുങ്ങിനടന്നിരുന്ന മധ്യകാലയുഗങ്ങളിലെ മാടമ്പിമാരെയും പ്രഭുക്കളെയും രാജാക്കന്മാരെയും ചക്രവർത്തിമാരെയും സഭാനേതാക്കളെയും പോലെ ഇന്നത്തെ സഭാനേതാക്കളും സമ്പത്തിൽ മുങ്ങിക്കുളിക്കുകയല്ലേ? ഇന്നു പള്ളികളിൽ പഠിപ്പിക്കന്നതും പ്രസംഗിക്കുന്നതും സ്ഥാപിതസഭയെപ്പറ്റിയാണ്, യേശുവിന്റെ സദ്‌വാർത്തയുടെ 'എബിസിഡി'യല്ല. ഇതു മനസ്സിലാക്കുന്നവരാണ് 21-ാം നൂറ്റാണ്ടിലെ വിദ്യാസമ്പന്നരും വിവരസമ്പന്നരുമായ വിശ്വാസികൾ എന്നോർക്കണം. ഇന്ന് നസ്രാണിസഭ ആത്മാവില്ലാത്ത ശരീരം പോലെയാണ് എന്നും പറുങ്കികൾ ഇറക്കുമതിചെയ്ത ളോഹയിട്ട ശ്രേഷ്ഠവർഗവും പള്ളിക്കകത്തിരിക്കുന്ന അന്ധവിശ്വാസികളായ വിശ്വാസികളുംകൂടി താങ്ങിനിർത്തിയിരിക്കുന്ന ഒരു പേട്ടുമരംപോലെയാണ് എന്നും അവർക്കറിയാം.

മിശിഹായിൽ സ്നേഹമുള്ള സഹോദരീസഹോദരങ്ങളേ, സഭാനവീകരണത്തെ ഉന്നമിട്ടുകൊണ്ട് ഞാനെഴുതിയ നാലാമത്തെ പുസ്തകമാണിത്. സഭാശ്രേഷ്ഠരെയോ വൈദികരെയോ കരിവാരിത്തേച്ച് അവഹേളിക്കുകയല്ല എന്റെ ഉദ്ദേശ്യമെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. എങ്കിലും നമ്മുടെ സഭയ്ക്ക് സാരമായ പല തെറ്റുകളും സംഭവിച്ചിട്ടുണ്ട്; അതിനു പ്രധാനകാരണം നമ്മുടെ വൈദികശ്രേഷ്ഠരും വൈദികരുമാണ് എന്ന വസ്തുത പറയാതെവയ്യ. കാരണം ഇന്നു സഭ അവരാണല്ലോ!

ഇന്നത്തെ സഭാഘടനയിൽ അല്മായർ വെറും അടിമകളാണ്. ആ സ്ഥിതി മാറണം. എണങ്ങർക്ക് അവർ അർഹിക്കുന്ന സ്ഥാനവും അന്തസ്സും സഭയിൽ പുനഃസ്ഥാപിക്കണം. പൂർവകാലങ്ങളിലേതുപോലെ പള്ളിഭരണത്തിൽ പള്ളിക്കാർക്ക് പൂർണ പങ്കാളിത്തം ഉണ്ടാവണം. ആരാധനക്രമങ്ങൾ നമ്മുടെ സംസ്കാരത്തിനനുരൂപമായ രീതിയിൽ പുന

രുദ്ധരിക്കണം. പള്ളിനിയമങ്ങൾ മാർതോമായുടെ മാർഗത്തിൽ അധിഷ്ഠിതമായി മാറ്റിയെഴുതണം. നസ്രാണി പാരമ്പര്യത്തിനു കടക വിരുദ്ധമായ പൗരസ്ത്യ കാനോൻനിയമത്തിനു പകരം ഭാരതീയമായ ഒരു സഭാനിയമം ഇവിടെ നടപ്പാക്കണം.

ഭാരതത്തിലെ ക്രിസ്തീയ സഭകളുടെ കണക്കില്ലാത്ത സമ്പത്ത് ഇന്ന് ഭരിക്കുന്നത് അതതു സഭകളുടെ മെത്രാന്മാരാണ്. സഭകളുടെ സാമ്പത്തിക കാര്യങ്ങളിൽ വിശ്വാസികൾക്ക് യാതൊരു സ്വാധിനവും ഇല്ല. നസ്രാണിസഭയുടെ പാരമ്പര്യം അതല്ലായിരുന്നു. പാശ്ചാത്യ മിഷനറിമാർ റോമിന്റെ നിർദേശപ്രകാരം ഇറക്കുമതി ചെയ്ത ഹയരാർക്കിയൽ ഏകാധിപത്യഭരണസമ്പ്രദായമാണത്. പൂർവകാലങ്ങളിൽ പള്ളിപ്രതിപുരുഷയോഗങ്ങളായിരുന്നു സാമ്പത്തികകാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നത്. ഇടവകപള്ളിപ്രതിനിധികളും വൈദിക പ്രതിനിധികളും മെത്രാനും ചേർന്ന യോഗമായിരിക്കണം രൂപതയുടെ സാമ്പത്തിക ബഡ്ജറ്റിന് എല്ലാവർഷവും രൂപം നൽകേണ്ടത്. കൂടാതെ ഭാരതത്തിലെ മറ്റു മതങ്ങൾക്കുള്ളതുപോലെ (ഹൈന്ദവമതം, ഇസ്ലാം മതം, സിക്കുമതം) ക്രിസ്ത്യൻ സഭകൾക്കും സാമ്പത്തിക സുതാര്യത ഉറപ്പുവരുത്താൻവേണ്ടി ഗവൺമെന്റ് നിയമം നിർമ്മിക്കുകയും അത് നടപ്പിൽ വരുത്തുകയും ചെയ്യണം. അതിനുള്ള കാലം അതിക്രമിച്ചിരിക്കുകയാണ്. അല്ലാത്തപക്ഷം ക്രിസ്ത്യൻ സഭകളോട് ഗവൺമെന്റ് കാണിക്കുന്ന വിവേചനമായേ സാധാരണക്കാർക്ക് അത് കാണാൻ കഴിയൂ.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നിർദേശങ്ങളെയും ഗൗരവതരങ്ങളായ പല പ്രശ്നങ്ങളെയും അഭിമുഖീകരിക്കുവാനുള്ള ധൈര്യം പ്രകടിപ്പിക്കാതെ സഭ കഴിഞ്ഞ 45 വർഷങ്ങളോളം അവയെല്ലാം അവഗണിച്ചുകൊണ്ട് കഴിയുകയായിരുന്നു. അതോടെ കത്തോലിക്കവിശ്വാസവും വിശ്വാസികളും ഒലിച്ചുപോയ്ക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് സഭയിൽ മൗലികമായ പരിവർത്തനങ്ങൾ വരുത്താൻ നാം ഇന്ന് തയ്യാറാകണം. ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്ന ആശയങ്ങൾ ചർച്ചകൾക്കും സംവാദങ്ങൾക്കും പ്രേരണയാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. നല്ലതെന്നു തോന്നുന്നവ ഉൾക്കൊള്ളുകയും അസ്വീകാര്യമായവ തള്ളുകയും ചെയ്ത് ഒരു 'പുതിയ ജെറുശലേമിൽ' എത്തിച്ചേരാൻ ഈ പുസ്തകം സഹായകമാകുമെന്നാണ് എന്റെ പ്രത്യാശ.

വിശ്വാസികളേ നിങ്ങൾ ഉണരുവിൻ! പാറേമ്മാക്കൽ ഗോവർണദോറുടെ സമുദായസ്നേഹത്തിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് നസ്രാണിസഭയുടെ തനിമയാർന്ന പാരമ്പര്യങ്ങളെക്കുറിച്ചും ഘടനാപരമായ സവിശേഷതകളെക്കുറിച്ചും പഠിക്കുവിൻ. നാം ഭയപ്പെടേണ്ട യാതൊരു കാര്യവുമില്ല. തെരഞ്ഞെടുക്കപ്പെട്ട ജനം (ഇസ്രായേൽ) വിഗ്രഹാരാധനയിൽ ഉൾപ്പെട്ടെങ്കിലും പഴയ നിയമത്തിലെ ദൈവം, യാഹ്‌വെ (Yahweh) അവരെ കൈവെടിഞ്ഞില്ല. അതുപോലെ, കത്തോലിക്കസഭ ക്രിസ്തുവിനെ പ്രീതിപ്പെടുത്തുന്നുണ്ടെന്ന് നമുക്ക് അനുമാനിക്കാൻ കാരണ

മൊന്നും കാണുന്നില്ലെങ്കിലും പുതിയ ഉടമ്പടിപ്രകാരമുള്ള ദൈവജന ത്തിന്റെ രക്ഷാകരയാത്രയിൽ സ്നേഹപിതാവും ക്രിസ്തുവും പരിശുദ്ധാ രൂപിയും എന്നും നമ്മോടൊപ്പമുണ്ട്. അങ്ങനെ ധൈര്യം സംഭരിച്ചുകൊണ്ട് നസ്രാണി വിമോചനകാഹളം മുഴക്കി നാം മുന്നോട്ടു പോകണം. അതല്ലാ യെങ്കിൽ വരുംതലമുറ നമ്മോടു ക്ഷമിക്കുകയില്ല. ഈ പ്രയാണത്തിൽ ഈ പുസ്തകം ഒരു കൈത്തിരിയും വഴികാട്ടിയുമാകട്ടെ എന്നാണ് എന്റെ പ്രാർഥന.

ഭാഷാ-ചരിത്രപണ്ഡിതൻ, സർവകലാശാലാധ്യാപകൻ, സാഹിത്യ നിരൂപകൻ, നവീകരണചിന്തകൻ, വാഗ്മി മുതലായ നിലകളിൽ അതി പ്രശസ്തനായ പ്രൊഫ. ഡോ. സ്കറിയാ സക്കറിയയാണ് ഈ പുസ്ത കത്തിന് പണ്ഡിതോചിതമായ അവതാരിക എഴുതിയിട്ടുള്ളത്. അതിന് അദ്ദേഹം സമയം കണ്ടെത്തിയതിൽ ഞാൻ അതീവ സന്തുഷ്ടനാണ്. നിറഹൃദയത്തോടെ അദ്ദേഹത്തിന് എന്റെ നന്ദി ഇവിടെ രേഖപ്പെടു ത്തുന്നു.

കഴിഞ്ഞ 42 വർഷങ്ങളായി നസ്രാണിസഭയുടെ നവീകരണത്തിനായി മനസൂന്നി പ്രവർത്തിക്കുകയും 37 വർഷങ്ങൾക്കുമുൻപ് 'ഓശാന' മാസിക ആരംഭിച്ച് അതിന്റെ പത്രാധിപരുമായിരുന്ന ശ്രീ. ജോസഫ് പുലിക്കു ന്നേലിനെ ഒരു 'അഭിമുഖ'ത്തിന് ഞാൻ സമീപിച്ചു. സന്തോഷപൂർവ്വം അദ്ദേഹം അതിന് സമ്മതിച്ചു. എന്റെ ചോദ്യങ്ങൾക്ക് അദ്ദേഹം തന്ന മറുപടി അനുബന്ധമായി ഈ പുസ്കത്തിൽ ചേർത്തിട്ടുണ്ട്. അദ്ദേഹ ത്തിന് എന്റെ ഹൃദയം നിറഞ്ഞ നന്ദി.'

മൺമറഞ്ഞവരും ഇന്ന് ജീവിച്ചിരിക്കുന്നവരുമായ സഭാനവീകരണ സാരഥികളുടെ സംഭാവനകളെ ആദരിച്ചുകൊണ്ട് 'നസ്രാണി കത്തോ ലിക്കസഭ നവീകരണചരിത്രം' ഈ പുസതകത്തിൽ ഉൾപ്പെടുത്തുക എന്റെ ചിരകാല ആഗ്രഹങ്ങളിലൊന്നായിരുന്നു. അതിനെന്നെ സഹാ യിച്ചത് 'കേരള കത്തോലിക്കസഭ നവീകരണപ്രസ്ഥാനം' സെക്രട്ടറിയും 'സത്യജ്വാല' മാസികയുടെ പത്രാധിപരുമായ ശ്രീ. ജോർജ് മൂലേച്ചാ ലിൽ ആണ്. അദ്ദേഹത്തിന് എന്റെ നന്ദി ഇവിടെ രേഖപ്പെടുത്തുന്നു.

ഈ പുസ്തകം ആദ്യന്തം വായിച്ച് തെറ്റുകൾ ചൂണ്ടിക്കാണിച്ചുതന്ന കോട്ടയം (അടിച്ചിറ) സ്നേഹവാണി ഡയറക്ടറായ റവ. ഡോ. ജയിംസ് ഗുരുദാസിനും എഡിറ്റിങ്ങ് നിർവഹിച്ച ജോസാന്റണിക്കും എന്റെ ഹൃദയംഗമമായ നന്ദി!

ഈ ഗ്രന്ഥം ഏറ്റവും മനോഹരമായി മുദ്രണംചെയ്ത ത്രീ കിംഗ്സ് പ്രസ്സിനോടും പ്രസാധനം നിർവഹിച്ച മാവേലിക്കര സ്കൈ ബുക്സിനോ ടുമുള്ള കൃതജ്ഞത രേഖപ്പെടുത്തട്ടെ.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സുവർണജൂബിലി ആഘോ ഷിക്കുന്ന 2012-ൽ ഈ പുസ്തകം പ്രസിദ്ധീകരിക്കാൻ കഴിയുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

**ചാക്കോ കളരിക്കൽ**

# ഉള്ളടക്കം


1. യേശുക്രിസ്തു ........................................................................ 1
2. ആദിമസഭയുടെ വളർച്ച ............................................................ 7
3. യേശുപഠനങ്ങൾക്കു സംഭവിച്ച അപചയം ........................ 17
4. ആഗോളസഭാസംവിധാനത്തിലുണ്ടായ അപചയം ........... 35
5. നസ്രാണിസഭാഘടനയും സവിശേഷതകളും .................... 45
6. നസ്രാണിസഭാസംവിധാനത്തിലുണ്ടായ അപചയം .......... 55
7. നസ്രാണികത്തോലിക്കസഭ നവീകരണചരിത്രം ............... 71
8. സഭാനവീകരണത്തിന്റെ അനിവാര്യത ............................. 105
9. സഭാനവീകരണത്തിലേക്ക് ഒരു വഴി .................................. 141

സൂചിക ...................................................................................... 163

*അനുബന്ധം*

ശ്രീ. ജോസഫ് പുലിക്കുന്നേലുമായി ഒരു അഭിമുഖം .......... 167

# 1

# യേശുക്രിസ്തു

യേശുക്രിസ്തു ദാവീദിന്റെ ഗോത്രത്തിൽപ്പെട്ട യോസേഫിന്റെ പ്രതിശ്രുതവധുവായിരുന്ന മറിയമിന്റെ ആദ്യജാതനായി യൂദയായിലെ ബേത്‌ലഹേമിൽ ജനിച്ചു. യോർദാൻ നദിയിൽവച്ച് സ്നാപകയോഹന്നാനിൽനിന്ന് സ്നാപനം സ്വീകരിച്ച് അഭിഷിക്തനായ (ക്രിസ്തുവായ) യേശു ഗലീലയിലെ ഒരു യഹൂദഗുരുവും (Rabbi) രോഗശാന്തി നല്കുന്നവനും (Healer) ധർമോപദേശകനും (Preacher) ആയി.

ക്രിസ്തു സാധാരണയഹൂദരെ യഹൂദമതമേധാവിത്തത്തിൽനിന്ന് രക്ഷിക്കുന്നതിനായി ഒരു സ്വതന്ത്രയഹൂദമുന്നേറ്റത്തിന്റെ അമരക്കാരനായി. അതോടെ യഹൂദസമുദായത്തിലെ ഒരു സാമൂഹ്യവിപ്ലവകാരിയും ആ വിപ്ലവത്തിന്റെ നേതാവുമായി. യഹൂദ മതവിപ്ലവത്തെ അടിച്ചമർത്താൻവേണ്ടി യേശുവിനെ ക്രൂശിക്കാൻ മതമേധാവികൾ റോമൻ അധികൃതരോട് ആവശ്യപ്പെട്ടു. ദാവീദിന്റെ ഗോത്രത്തിൽ ജനിച്ച യേശു ദാവീദിനെപ്പോലെ യഹൂദരാജാവായി മാറും എന്നു തെറ്റിദ്ധരിച്ച റോമൻ ഭരണാധികാരി പന്തിയോസ് പീലാത്തോസ് യേശുവിന് കുരിശുമരണം വിധിച്ച് കൊലപ്പെടുത്തി.

## യേശുക്രിസ്തുവിന്റെ അടിസ്ഥാന ഉദ്ബോധനങ്ങൾ

സുവിശേഷങ്ങൾ യേശുവിന്റെ മരണം കഴിഞ്ഞ് ഉടനെയൊന്നും എഴുതപ്പെട്ടവയല്ലന്ന് മിക്ക ബൈബിൾ പണ്ഡിതരും സമ്മതിക്കുന്നുണ്ട്.

ശ്ലീഹന്മാരുടെ പ്രസംഗങ്ങളിലൂടെയും സമൂഹത്തിലെ മുതിർന്നവരുടെ വാമൊഴികളിലൂടെയും വ്യാപിച്ച യേശുവിന്റെ ഉദ്ബോധനങ്ങളോടൊപ്പം ആദിമ സഭാസമൂഹങ്ങളിൽ അവ പ്രായോഗികമാക്കാൻ ശ്രമിച്ചു നേടിയ ഉൾക്കാഴ്ചകളുംകൂടി ചേർന്നിട്ടുള്ളതാണ് സുവിശേഷങ്ങൾ ഉൾപ്പെടെയുള്ള പുതിയനിയമഗ്രന്ഥം.

എല്ലാ സ്ഥാപിതതാത്പര്യങ്ങൾക്കും അതീതമായി വ്യവസ്ഥാപിത സുവിശേഷങ്ങളിൽത്തന്നെ നമുക്കു കാണാൻ കഴിയുന്ന ഒരു യേശുവുണ്ട്. പഴയനിയമത്തിലെ സ്വേച്ഛാധിപതിയായ, ക്രൂരനും പ്രതികാരദാഹിയുമായ യാഹ്വേയുടെ സ്ഥാനത്ത്, ദുഷ്ടർക്കും ശിഷ്ടർക്കും ഒരുപോലെ മഴനല്കുന്ന, തെറ്റുകൾ നിരുപാധികം പൊറുക്കുന്ന, വിശ്വത്തിന്റെയാകെ നിത്യപരിപാലകനായ, സ്നേഹസ്വരൂപനായ, ദൈവത്തെ അവതരിപ്പിച്ച യേശു. ദൈവപരിപാലനയിലുള്ള പൂർണവിശ്വാസവും സഹജീവിസ്നേഹവും ഭൂമിയിൽ ദൈവരാജ്യം ഉളവാകാൻ അനിവാര്യമാണെന്നും തെറ്റുകൾ ചെയ്യുന്നവർ അറിവില്ലായ്മകൊണ്ടാണ് അങ്ങനെ ചെയ്യുന്നത് എന്നതിനാൽ അവരോടു നിരുപാധികം പൊറുക്കേണ്ടതുണ്ടെന്നും ഉദ്ബോധിപ്പിച്ച യേശു. യഥാർഥത്തിൽ ഈ യേശുവിന്റെ സ്ഥാനത്ത് നാമിന്നു പ്രതിഷ്ഠിച്ചിട്ടുള്ളത് 'ആദാമിന്റെ ആദ്യപാപത്തിന്റെ ഫലമായി മനുഷ്യവർഗത്തിനാകെ ദൈവം വിധിച്ചത്' എന്നു പുരോഹിതവർഗം വിധിച്ച ജന്മപാപത്തിൽനിന്നു മനുഷ്യവർഗത്തെ മോചിപ്പിക്കാനായി സ്വയം ബലിയർപ്പിക്കാൻ മനുഷ്യനായി അവതരിച്ച ദൈവപുത്രനായ യേശുക്രിസ്തുവിനെയാണ്. ആ യേശുവിന്റെ ആത്മത്യാഗവും ഉയിർപ്പും ഒക്കെച്ചേർന്ന ഒരു മിത്തിലാണ് മിക്ക സഭാവിഭാഗങ്ങളുടെയും വിശ്വാസം കെട്ടിപ്പടുത്തിരിക്കുന്നത്.

യഥാർഥത്തിൽ യേശുക്രിസ്തു ഊന്നിപ്പറഞ്ഞ വിശ്വാസം വിശ്വപരിപാലകനായ ദൈവത്തിന്റെ പരിപാലനയിൽ എല്ലാവർക്കും ഉണ്ടായിരിക്കേണ്ട വിശ്വാസമായിരുന്നു. അതില്ലാത്തതിനാലാണ് സഹജീവികളോടു സ്നേഹവും കാരുണ്യവും ഇല്ലാതെപോകുന്നതെന്ന ഉൾക്കാഴ്ചയായിരുന്നു യേശുവിന്റെ സവിശേഷത. പഴയനിയമത്തിലെ പ്രമാണങ്ങളെ നിഷേധിക്കാതെ അതിന്റെ സത്ത ഉൾക്കൊണ്ട് എങ്ങനെ ജീവിക്കണം എന്നായിരുന്നു അദ്ദേഹം ആത്യന്തികമായി പഠിപ്പിച്ചത്.

ക്രൈസ്തവം എന്നു വിളിക്കപ്പെടുന്ന ഒരു സഭാവിഭാഗത്തിനും നിഷേധിക്കാനാവില്ലാത്ത, ഏതു മതസ്ഥർക്കും ഉൾക്കൊള്ളാനാവുന്ന, യേശുവിന്റെ സാർവത്രികസ്വഭാവമുള്ള കുറെ ഉദ്ബോധനങ്ങളാണ് താഴെ ഉദ്ധരിക്കുന്നത്:

"നിന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണ ആത്മാവോടും പൂർണമനസ്സോടുംകൂടെ സ്നേഹിക്കുക. ഇതാണ് പ്രഥമവും പ്രധാനവുമായ കല്പന. രണ്ടാമത്തെ കല്പനയും അതുപോലെതന്നെയാണ്: നിന്നെപ്പോലെ നിന്റെ അയല്ക്കാരനെയും

സ്നേഹിക്കുക. എല്ലാ നിയമങ്ങളും പ്രവാചകരും ഈ രണ്ടു കല്പന കളെ ആശ്രയിച്ചിരിക്കുന്നു" (മത്താ. 22: 37-40).

"നീ ബലിപീഠത്തിങ്കൽ കാഴ്ച അർപ്പിക്കുമ്പോൾ, നിന്റെ സഹോദ രന്നു നിന്നോടു പിണക്കമുണ്ട് എന്ന് അവിടെവച്ച് ഓർമിക്കയാണെങ്കിൽ, കാഴ്ചവസ്തു ബലിപീഠത്തിന്റെ മുമ്പിൽ വച്ചിട്ടു പോകുക; ആദ്യം നിന്റെ സഹോദരനുമായി രമ്യപ്പെടുക; പിന്നീട് വന്നു കാഴ്ച അർപ്പിക്കുക" (മത്താ. 5: 23–24).

"മനുഷ്യരെ കാണിക്കാൻവേണ്ടി അവരുടെ മുമ്പിൽവച്ചു പുണ്യകർമ ങ്ങൾ ചെയ്യാതിരിക്കാൻ നിങ്ങൾ ശ്രദ്ധിക്കുക... മനുഷ്യരുടെ പ്രശംസ യ്ക്കുവേണ്ടി കപടഭക്തർ സുനഗോഗുകളിലും തെരുവീഥികളിലുംവച്ചു ചെയ്യുന്നതുപോലെ, ഭിക്ഷ കൊടുക്കുമ്പോൾ നിന്റെ മുമ്പിൽ നീ കാഹളം മുഴക്കരുത്. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: അവർക്കു പ്രതി ഫലം ലഭിച്ചുകഴിഞ്ഞു. മറിച്ച്, നീ ഭിക്ഷ കൊടുക്കുമ്പോൾ വലതുകൈ ചെയ്യുന്നത് ഇടതുകൈ അറിയാതിരിക്കട്ടെ. അത്രയ്ക്കു രഹസ്യമായി വേണം ഭിക്ഷകൊടുക്കാൻ" (മത്താ. 6: 1–4).

"പ്രാർഥിക്കുമ്പോൾ നിങ്ങൾ കപടഭക്തരെപ്പോലെ ആകരുത്. മനു ഷ്യർ കാണത്തക്കവിധം സുനഗോഗുകളിലും തെരുവുമൂലകളിലും നിന്നു പ്രാർഥിക്കാനാണ് അവർക്ക് ഇഷ്ടം. സത്യമായി ഞാൻ നിങ്ങളോടു പറ യുന്നു: അവർക്കു പ്രതിഫലം ലഭിച്ചുകഴിഞ്ഞു. മറിച്ച്, നീ പ്രാർഥിക്കു മ്പോൾ നിന്റെ ഉള്ളറയിൽ കയറി നിന്റെ വാതിലടച്ച്, അവിടെ അദൃശ്യ നായി വസിക്കുന്ന നിന്റെ പിതാവിനോടു പ്രാർഥിക്കുക. രഹസ്യമായി കാണുന്ന നിന്റെ പിതാവ് നിനക്കു പ്രതിഫലം തരും. നിങ്ങൾ പ്രാർഥി ക്കുമ്പോൾ വിജാതീയരെപ്പോലെ അർഥമില്ലാത്ത ധാരാളം വാക്കുകൾ ഉരുവിടരുത്. അതിഭാഷണംകൊണ്ടു തങ്ങളുടെ പ്രാർഥന കേൾക്കപ്പെ ടുമെന്ന് അവർ കരുതുന്നു. നിങ്ങൾ അവരെപ്പോലെ ആകരുത്. നിങ്ങൾ ചോദിക്കുംമുമ്പുതന്നെ നിങ്ങളുടെ ആവശ്യമെന്തെന്ന് നിങ്ങളുടെ പിതാ വിന്ന് അറിയാം" (മത്താ. 6: 5–8).

"ഭൂമിയിൽ നിക്ഷേപങ്ങൾ നിനക്കായി സംഭരിച്ചുവയ്ക്കരുത്. അവിടെ അവയെ കീടങ്ങളും തുരുമ്പും തിന്നു നശിപ്പിക്കും; കള്ളന്മാർ കുത്തി ക്കവർന്നുകൊണ്ടുപോവുകയും ചെയ്യും. കീടങ്ങളും തുരുമ്പും തിന്നു നശിപ്പിക്കാത്തതും കള്ളന്മാർ കവർച്ച നടത്താത്തതുമായ സ്വർഗത്തിൽ നിനക്കായി നിക്ഷേപങ്ങൾ കരുതിവയ്ക്കുക. കാരണം, നിന്റെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിന്റെ ഹൃദയവും" (മത്താ. 6: 19–21).

"ഒരാൾക്കു രണ്ട് യജമാനന്മാരുടെ അടിമയായിരിക്കാൻ സാധ്യമല്ല. അയാൾ ഒന്നുകിൽ ഒന്നാമനെ ദ്വേഷിക്കയും രണ്ടാമനെ സ്നേഹിക്കയും ചെയ്യും; അല്ലെങ്കിൽ, ഒന്നാമനോടു കൂറു പുലർത്തുകയും രണ്ടാമനെ വെറുക്കയും ചെയ്യും. ദൈവത്തെയും മാമോനെയും ഒപ്പം സേവിക്കാൻ നിങ്ങൾക്കു സാധ്യമല്ല" (മത്താ. 6: 24).

"അതുകൊണ്ടു ഞാൻ നിങ്ങളോടു പറയുന്നു: എന്തു തിന്നും എന്തു കുടിക്കും എന്നു ജീവൻ നിലനിർത്തുന്നതിനെക്കുറിച്ചോ എന്ത് അണിയും എന്നു ശരീരത്തെക്കുറിച്ചോ ഉൽക്കണ്ഠാകുലരാകേണ്ട. ഭക്ഷണത്തെക്കാൾ ജീവനും വസ്ത്രത്തെക്കാൾ ശരീരവും പ്രധാനമല്ലയോ? ആകാശത്തിലെ പറവകളെ നോക്കൂ: അവ വിതയ്ക്കുന്നില്ല; കൊയ്യുന്നില്ല; പത്തായപ്പുരകളിൽ കൂട്ടിവയ്ക്കുന്നുമില്ല. എങ്കിലും നിങ്ങളുടെ സ്വർഗീയപിതാവ് അവയെ തീറ്റിപ്പോറ്റുന്നു. അവയെക്കാൾ വിലപ്പെട്ടവരല്ലയോ നിങ്ങൾ? ഉൽക്കണ്ഠപ്പെടുന്നതുകൊണ്ട് ആയുസ്സ് ഒരു മുഴമെങ്കിലും ദീർഘിപ്പിക്കാൻ നിങ്ങളിൽ ആർക്കെങ്കിലും കഴിയുമോ? പിന്നെ എന്തിനു നിങ്ങൾ വസ്ത്രത്തെച്ചൊല്ലി ഉൽക്കണ്ഠാകുലരാകുന്നു? വയലിലെ ലില്ലിച്ചെടികളെ നോക്കുക: അവ എങ്ങനെ വളരുന്നു! അവ അധ്വാനിക്കുന്നില്ല; നൂൽ നൂൽക്കുന്നുമില്ല. എങ്കിലും ഞാൻ നിങ്ങളോടു പറയുന്നു: സർവ പ്രതാപങ്ങളും തികഞ്ഞ സോളമൻപോലും ഇവയിൽ ഒന്നിനെപ്പോലെ വിഭൂഷിതനായിരുന്നില്ല. ഇന്നു ജീവനുള്ളതും നാളെ അടുപ്പിൽ എറിയപ്പെടുന്നതുമായ വയൽപുല്ലുകളെ ദൈവം ഇങ്ങനെ അണിയിച്ചൊരുക്കുന്നെങ്കിൽ, അല്പവിശ്വാസികളായ മനുഷ്യരേ, അവൻ നിങ്ങളെ അവയെക്കാൾ മെച്ചമായി അണിയിക്കുകയില്ലേ! അതിനാൽ, "ഞങ്ങൾ എന്തു തിന്നും, ഞങ്ങൾ എന്തു കുടിക്കും, ഞങ്ങൾ എന്ത് ഉടുക്കും" എന്നെല്ലാം പറഞ്ഞു നിങ്ങൾ ആകുലരാകരുത്. കാരണം, വിജാതീയരാണ് ഇവയെല്ലാം തേടുന്നത്. നിങ്ങൾക്ക് ഇവയെല്ലാം ആവശ്യമുണ്ടെന്നു നിങ്ങളുടെ സ്വർഗീയ പിതാവിന്ന് അറിയാം. നിങ്ങൾ ആദ്യം അവന്റെ രാജ്യവും അവന്റെ നീതിയും തേടുക. അങ്ങനെയെങ്കിൽ ഇവയൊക്കെയുംകൂടി നിങ്ങൾക്കു നല്കപ്പെടും. അതിനാൽ നാളെയെപ്പറ്റി ആകുലപ്പെടേണ്ട. നാളെ തന്നെ നാളെയുടെ കാര്യം നോക്കിക്കൊള്ളും. അതതു ദിവസത്തിന്ന് അന്നന്നത്തെ ക്ലേശങ്ങൾ ധാരാളം മതി" (മത്താ. 6: 25–34).

"വിധിക്കപ്പെടാതിരിക്കാൻ നിങ്ങൾ വിധിക്കരുത്. നിങ്ങൾ നൽകുന്ന വിധികൊണ്ടുതന്നെ നിങ്ങളെയും വിധിക്കും. നിങ്ങൾ അളന്നുകൊടുക്കുന്ന അതേ അളവിൽതന്നെ നിങ്ങൾക്കും അളന്നുകിട്ടും. സഹോദരന്റെ കണ്ണിലെ കരടു കാണുകയും സ്വന്തം കണ്ണിലെ മരത്തടി കാണാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ട്? സ്വന്തം കണ്ണിൽ മരത്തടി ഇരിക്കെ നീ സഹോദരനോട് "നിന്റെ കണ്ണിലെ കരടു ഞാൻ എടുത്തു കളയാം" എന്ന് എങ്ങനെ പറയും? ഹേ! കപടനാട്യക്കാരാ, നീ ആദ്യം സ്വന്തം കണ്ണിലെ മരത്തടി എടുത്തുമാറ്റുക; അപ്പോൾ നിനക്കു സഹോദരന്റെ കണ്ണിലെ കരട് എടുത്തുകളയാൻ തക്കവിധം വ്യക്തമായ കാഴ്ച ലഭിക്കും" (മത്താ. 7: 1–5).

"അവൻ പറഞ്ഞു: 'നിങ്ങൾ എന്തുകൊണ്ടാണ് നിങ്ങളുടെ പാരമ്പര്യത്തിന്നുവേണ്ടി ദൈവകല്പന ലംഘിക്കുന്നത്? "പിതാവിനെയും മാതാവിനെയും ബഹുമാനിക്കണം" എന്നും "പിതാവിനെയോ മാതാവിനെയോ

ശപിക്കുന്നവൻ തീർച്ചയായും മരണശിക്ഷ അനുഭവിക്കണം" എന്നും ദൈവകല്പന ഉണ്ടല്ലോ. എന്നാൽ നിങ്ങൾ പറയുന്നു: "എന്നിൽനിന്നു നിങ്ങൾക്കു ലഭിക്കേണ്ടതു ഞാൻ ദൈവത്തിന്നു നല്കിക്കഴിഞ്ഞു എന്നു പിതാവിനോടോ മാതാവിനോടോ പറയുന്നവൻ പിന്നീടു മാതാപിതാക്കളോടുള്ള കടമകളിൽനിന്നു വിമുക്തനായിരിക്കും." അങ്ങനെ നിങ്ങളുടെ പാരമ്പര്യത്തിലൂടെ ദൈവവചനത്തെ നിങ്ങൾ നിഷ്ഫലമാക്കിയിരിക്കുന്നു. കപടനാട്യക്കാരേ, നിങ്ങളെക്കുറിച്ച് യെശയ്യാ പ്രവചിച്ചത് എത്രയോ ശരി: "ഈ ജനം അധരങ്ങൾകൊണ്ട് എന്നെ ബഹുമാനിക്കുന്നു. എന്നാൽ ഇവരുടെ ഹൃദയമോ, എന്നിൽനിന്ന് എത്രയോ അകലെയാണ്. മനുഷ്യരുടെ നിയമങ്ങൾ പ്രമാണങ്ങളെന്ന നിലയിൽ ഇവർ പഠിപ്പിക്കുന്നു. അതുകൊണ്ട് ഇവർ എന്നെ ആരാധിക്കുന്നതു നിഷ്ഫലമാണ്"(മത്താ. 15: 3–9).

## യേശുക്രിസ്തുവിന്റെ ഉപദേശങ്ങൾ

ലോകമെമ്പാടുമുള്ള വിവിധ ക്രൈസ്തവസഭകളിൽവച്ച് ഏറ്റവും അധികം കേന്ദ്രീകൃതാധികാരഘടനയുള്ള സഭയാണ് റോമൻ കത്തോലിക്കസഭ. പ്രായോഗികമായി ചിന്തിച്ചാൽ സഭ എന്നു പറയുമ്പോൾ ഇന്നും അർഥമാക്കുന്നത് ഈ ശ്രേണീബദ്ധമായ പുരോഹിതാധികാരഘടനയാണ്. സഭയിലെ സർവകാര്യങ്ങളും നിർണയിക്കുന്നതും നിയന്ത്രിക്കുന്നതും പുതിയ പുതിയ സിദ്ധാന്തങ്ങൾ കണ്ടുപിടിക്കുന്നതും പ്രഖ്യാപിക്കുന്നതും ഈ അധികാരഘടനയാണ്. ഈ അധികാരികൾ നിയമനിർമാതാക്കളും നിയമവ്യാഖ്യാതാക്കളും നിയമനിർവാഹകരുമാണ്. അതിനെയെല്ലാം മൗനമായി അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുക എന്നതാണ് വിശ്വാസികളുടെ കടമ. എന്നാൽ അധികാരത്തെ സംബന്ധിച്ചുള്ള ക്രിസ്തുവിന്റെ ഉപദേശങ്ങളും പ്രബോധനങ്ങളും കാണുക:

"വിജാതീയരുടെമേൽ അവരുടെ ഭരണാധിപർ യജമാനത്വം പുലർത്തുന്നു എന്നും പ്രമാണിമാർ അവരുടെമേൽ അധികാരം നടത്തുന്നു എന്നും നിങ്ങൾക്ക് അറിയാമല്ലോ. ഇതു നിങ്ങളുടെ ഇടയിൽ ഉണ്ടാകരുത്. നിങ്ങളിൽ വലിയവൻ ആകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ഭൃത്യനാകണം; നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ അടിമയാകണം; മനുഷ്യപുത്രനെപ്പോലെ. മനുഷ്യപുത്രൻ വന്നിരിക്കുന്നതു സേവിക്കപ്പെടാനല്ല, സേവിക്കാനാണ്; അനേകർക്കുവേണ്ടി സ്വജീവൻ വീണ്ടെടുപ്പുവിലയായി നല്കാനാണ്" (മത്താ. 20: 25–28). "അവൻ ഇരുന്നിട്ടു പന്ത്രണ്ടു പേരെയും വിളിച്ചു പറഞ്ഞു: 'ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരിലും ഒടുക്കത്തവനും, എല്ലാവരുടെയും ദാസനും ആയിരിക്കണം' (മർക്കോ. 9: 35). "നിങ്ങളിൽ ഏറ്റവും ചെറിയവൻ ആരാണ് അയാളാണ് വലിയവൻ" (ലൂക്കോ. 9: 48).

അന്ത്യ അത്താഴസമയത്ത് യേശു ഒരു ദാസനെപ്പോലെ ശിഷ്യരുടെ കാലുകൾ കഴുകിയതിനുശേഷം തന്റെ അവതാരലക്ഷ്യത്തെക്കുറിച്ച് അവരോട് ഇപ്രകാരം പറഞ്ഞു: "ഞാൻ നിങ്ങൾക്കു ചെയ്തത് എന്താണെന്ന് നിങ്ങൾ അറിയുന്നുവോ? നിങ്ങൾ എന്നെ ഗുരു എന്നും കർത്താവ് എന്നും വിളിക്കുന്നു. അതു ശരിയാണ്. കാരണം, ഞാൻ അങ്ങനെയാണ്. അപ്പോൾ, നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാലു കഴുകിയെങ്കിൽ നിങ്ങളും പരസ്പരം കാലു കഴുകണം. ഞാൻ നിങ്ങൾക്ക് ഒരു മാതൃക കാണിച്ചുതന്നിരിക്കുന്നു; ഞാൻ ചെയ്തതുതന്നെ നിങ്ങളും ചെയ്യണം. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: ഭൃത്യൻ യജമാനനെക്കാൾ വലിയവനല്ല. അയയ്ക്കപ്പെട്ടവൻ അയച്ചവനെക്കാൾ വലിയവനല്ല. നിങ്ങൾ ഇക്കാര്യങ്ങൾ മനസ്സിലാക്കി അതനുസരിച്ചു പ്രവർത്തിച്ചാൽ അനുഗ്രഹീതരാണ്" (യോഹ. 13: 12–17).

സുവിശേഷങ്ങളിലെ പല ഭാഗങ്ങളും വളരെ ലളിതമാണെങ്കിലും ചില ഭാഗങ്ങൾ ആഴത്തിൽ മനനംചെയ്തുമാത്രം മനസ്സിലാക്കേണ്ടതും തെറ്റിദ്ധരിക്കാൻ ധാരാളം പഴുതുകൾ ഉള്ളവയുമാണ്. ആദ്യ സുവിശേഷങ്ങളിലെ യേശുവിനെ മനസ്സിലാക്കാൻ കഴിഞ്ഞാൽ വളരെ ഉൾക്കാഴ്ചകൾ പകരുന്നതാണ് യോഹന്നാന്റെ സുവിശേഷം.

# 2

# ആദിമസഭയുടെ വളർച്ച

റോമാക്കാരുടെ അധിനിവേശത്തിലായിരുന്ന പലസ്തീനായിലെ ചെറിയ ഒരു യഹൂദമത പ്രസ്ഥാനമായി മാറേണ്ടതായിരുന്നു നസ്രായനായ യേശുക്രിസ്തുവിന്റെ ക്രൂശിതമരണം. ദൈവരാജ്യം സമാഗതമായിരിക്കുന്നു എന്നു പ്രഖ്യാപിച്ച് യഹൂദമതമേധാവികളെ വെല്ലുവിളിച്ച ദുർഗ്രഹമായ ധർമോപദേശകന് മരണശിക്ഷ വിധിച്ചപ്പോൾ പരസ്യമായ ഒച്ചപ്പാടൊന്നും ഉണ്ടായില്ല. ആത്മവീര്യം നഷ്ടപ്പെട്ട ശിഷ്യന്മാർ എല്ലാം ഉപേക്ഷിച്ച് അവരവരുടെ വീടുകളിലേക്ക് മടങ്ങി ഒളിച്ചിരുന്നു. ഗലീലിയൻ യഹൂദരായ ആ ചെറിയ ഗണത്തെ അധികം താമസിയാതെ മറ്റു യഹൂദർ മറന്നുപോകാൻ സാധ്യതയുണ്ടായിരുന്നു. എന്നാൽ, യഹൂദതിരുനാളായ പന്തക്കുസ്തായിൽ പരിശുദ്ധാരൂപിയുടെ ആഗമനം ശിഷ്യന്മാരുടെ മുറിവേറ്റ വിശ്വാസത്തെ ഉദ്ധരിച്ചു. ഉടൻ ജെറുശലേം വീഥികളിലൂടെ യേശു രക്ഷകനും നാഥനുമാണെന്ന് അവർ ധൈര്യപൂർവം പ്രസംഗിച്ചു തുടങ്ങി. ചുരുങ്ങിയ വർഷങ്ങൾക്കുള്ളിൽ പലസ്തീനായിലെ നഗരങ്ങളിലും ഗ്രാമങ്ങളിലും ക്രിസ്തുസന്ദേശം അറിയപ്പെടാൻ തുടങ്ങി. അപ്പോൾത്തന്നെ യഹൂദമതത്തിൽ ചില കലാപങ്ങളും ഉടലെടുത്തു.

പതിറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ ആ ചലനം ഗ്രീക്ക്-റോമൻ ലോകത്തെ വാണിജ്യ സംസ്കാര കേന്ദ്രങ്ങളിൽ വ്യാപിക്കാൻ തുടങ്ങി. നാട്ടിൻപുറത്തുകാരായ യഹൂദരാരംഭിച്ച മൗലിക ഗതിമാറ്റം ചുരുങ്ങിയ നൂറ്റാണ്ടുകൾകൊണ്ട് യൂറോപ്പിലെ ശക്തമായ ഒരു സ്ഥാപനവും പാശ്ചാത്യസംസ്കാര വളർച്ചയ്ക്ക് പ്രബലമായ ഒരു പ്രേരകശക്തി

യുമായി മാറി. പാലസ്തീനായിലെ പൊടിപിടിച്ച റോഡുകളിൽകൂടി ഒന്നാം നൂറ്റാണ്ടിൽ ക്രിസ്തീയവിശ്വാസം കടന്നുപോയി. ആദ്യ ക്രിസ്ത്യാനികളിൽ തെളിമയാർന്ന ക്രിസ്തുസന്ദേശം ഉണ്ടായിരുന്നു. അവരുടെ അന്നത്തെ ഉദ്ദേശ്യം യഹൂദമതത്തിന് പുതിയ രൂപം നൽകുക എന്നതായിരുന്നു. യഹൂദമതത്തെ ഉപേക്ഷിക്കാൻ അവർ ഇഷ്ടപ്പെട്ടില്ല. യഹൂദരുടെ വിശുദ്ധനഗരമായ ജെറുശലേമിൽ പുതിയതെന്തോ ആരംഭിച്ചു എന്ന് ആദ്യക്രിസ്ത്യാനികൾ വിശ്വസിച്ചെങ്കിലും അവർ വളരെ വിശ്വസ്തതയോടെ യഹൂദ ആചാരാനുഷ്ഠാനങ്ങൾ നടത്തിപ്പോന്ന യഹൂദരായിരുന്നു. പുതിയ ഒരു മതത്തെ അവർക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. പകരം പൂർത്തീകരിക്കപ്പെട്ട യഹൂദമതത്തെയാണ് അവർ കണ്ടത്. ഉത്ഥാനം ചെയ്ത രക്ഷകനെ യഹൂദ കണ്ണാടിയിൽക്കൂടി മാത്രമേ അവർക്ക് കാണാൻ കഴിഞ്ഞുള്ളു. അതിനാലാണ് ആദ്യ ക്രിസ്ത്യാനികൾ സിനഗോഗുകളിൽ പ്രാർഥിച്ചതും പ്രസംഗിച്ചതും മോശയുടെ നിയമം കാത്തുസൂക്ഷിച്ചതും. ഇന്ന് നമുക്ക് ആ യഹൂദ ക്രിസ്തുമതത്തെ വളരെ പ്രയാസപ്പെട്ടേ തിരിച്ചറിയാൻ കഴിയൂ.

ആദിമസഭ ക്രിസ്തുവിൽ സ്നാപനം സ്വീകരിച്ച വിശ്വാസികളുടെ ചെറിയ ചെറിയ കൂട്ടായ്മകളായിരുന്നു. എല്ലാവരും പരസ്പരം അറിഞ്ഞ് സ്നേഹിച്ച് സ്വരുമയോടെ ജീവിച്ചിരുന്നു. പ്രിസ്ക്ക/അക്വിലാസിന്റെ വീട്ടിലെ സഭയും (1 കോറി. 16: 19) നുംഫയുടെ വീട്ടിലെ സഭയും (കൊളോ 4: 15) ഫിലെമോന്റെ വീട്ടിലെ സഭയും (ഫിലെ. 1: 2) ഇതിനുദാഹരണങ്ങളാണ്. ആദിമസഭയിലെ നായകരെല്ലാം വേലചെയ്ത് ഉപജീവനമാർഗം നേടിയിരുന്നു. യേശുവിന്റെ പിതാവ് യോസേഫ് തച്ചനും (മത്താ. 13: 55) യേശു മരപ്പണിക്കാരനും (മർക്കോ. 6: 3) പത്രോസ് മുക്കുവനും (മത്താ. 4: 18) പൗലോസ് കൂടാരപ്പണിക്കാരനും (അപ്പൊ. പ്രവ. 18: 3) ആയിരുന്നു. ചെറിയ ചെറിയ ക്രിസ്തീയ കൂട്ടായ്മകൾ ഉരുത്തിരിഞ്ഞപ്പോൾ ആ കൂട്ടായ്മയിൽനിന്നുതന്നെ വിവാഹിതരായ ശുശ്രൂഷകരെ തെരഞ്ഞെടുത്തു. സ്വന്തം ഉപജീവനത്തിന് ജോലി ചെയ്തുകൊണ്ട് അവർ പ്രതിഫലമില്ലാതെ സന്നദ്ധസേവകരായി ആ ചെറിയ കൂട്ടായ്മകൾക്ക് ശുശ്രൂഷ ചെയ്തുകൊടുത്തു.

## ബൈബിൾ സാക്ഷ്യങ്ങൾ

ബൈബിളിൽ അപ്പോസ്തലന്മാരുടെ പ്രവർത്തനങ്ങളിലൂടെയും ശ്ലീഹന്മാരുടെ കത്തുകളിലൂടെയും നമുക്കു വ്യക്തമാകുന്ന ആദിമസഭാജീവിതമുണ്ട്. അതിൽ ഭൗതികവാദികൾക്ക് മനസ്സിലാക്കാൻ പ്രയാസമുള്ള ചില ആത്മീയ ജീവിതതലങ്ങൾ നമുക്കു കാണാൻ കഴിയും. എന്നാൽ അവയൊന്നും ജീവിതനിഷേധിയല്ല.

## ബൈബിൾ ഉദ്ധരണികൾ

“വിശ്വാസികളുടെ ആ സമൂഹം ഒരേ ഹൃദയവും ഒരേ ആത്മാവുമായി വ്യാപരിച്ചു; തങ്ങളുടെ സ്വത്തുക്കൾ തങ്ങളുടേതു മാത്രമാണെന്ന് ആരും അവകാശപ്പെട്ടില്ല. അവർക്ക് ഉണ്ടായിരുന്നതെല്ലാം പൊതുവായിരുന്നു. അപ്പോസ്തലന്മാർ കൂടുതൽ ശക്തിയോടെ കർത്താവായ യേശുവിന്റെ ഉയിർപ്പിന്നു സാക്ഷ്യം നല്കി. അവർ എല്ലാവരുടെയുംമേൽ സമൃദ്ധമായ കൃപ ഉണ്ടായിരുന്നു. അവരുടെ ഇടയിൽ ദരിദ്രരായി ആരും ഉണ്ടായിരുന്നില്ല. കാരണം, പറമ്പും വീടും സ്വന്തമായി ഉണ്ടായിരുന്നവരെല്ലാം, അവ വിറ്റുകിട്ടിയ പണമത്രയും അപ്പോസ്തലന്മാരുടെ പാദങ്ങളിൽ അർപ്പിച്ചു. ഓരോരുത്തന്റെയും ആവശ്യമനുസരിച്ച് അതു വിതരണം ചെയ്യപ്പെട്ടു” (അപ്പോ. പ്രവ. 4: 32–35).

“ആ ദിവസങ്ങളിൽ ശിഷ്യരുടെ എണ്ണം വർധിച്ചുകൊണ്ടിരുന്നു. അപ്പോൾ, ദിവസംതോറുമുള്ള വിഭവവിതരണത്തിൽ തങ്ങളുടെ വിധവകൾ അവഗണിക്കപ്പെടുന്നു എന്ന് ഗ്രീക്കുകാർ എബ്രായർക്കെതിരെ പിറുപിറുത്തു. അതുകൊണ്ട്, ആ പന്ത്രണ്ടുപേർ, ശിഷ്യസമൂഹത്തെ വിളിച്ചുകൂട്ടി പറഞ്ഞു: ‘ഞങ്ങൾ ദൈവവചന പ്രഘോഷണം ഉപേക്ഷിച്ച് ഭക്ഷണവിതരണത്തിൽ ഏർപ്പെടുന്നത് ശരിയല്ല. അതിനാൽ, സഹോദരരേ, നിങ്ങളുടെ ഇടയിൽനിന്നു സമ്മതരും വിജ്ഞാനവും ആത്മാവും നിറഞ്ഞവരുമായ ഏഴുപേരെ തെരഞ്ഞെടുക്കുക. അവരെ ഞങ്ങൾ ഈ ജോലിക്കായി നിയോഗിക്കാം. ഞങ്ങളാകട്ടെ, പ്രാർഥനയിലും വചനശുശ്രൂഷയിലും ഏകാഗ്രചിത്തരായി ഇരുന്നുകൊള്ളാം” (അപ്പോ. പ്രവ 6: 1–4).

യേശുവിന്റെ സാമൂഹികപഠനത്തെ ഉൾക്കൊണ്ട യാക്കോബ് ഇങ്ങനെ എഴുതി: “അല്ലയോ സമ്പന്നരേ, നിങ്ങൾക്കു സംഭവിക്കാൻപോകുന്ന ദുരിതങ്ങളോർത്തു കരയുകയും അലമുറയിടുകയും ചെയ്യുക. നിങ്ങളുടെ സമ്പത്തു ദ്രവിച്ചുകഴിഞ്ഞു. കുപ്പായങ്ങൾ ചിതലരിച്ചു. നിങ്ങളുടെ സ്വർണവും വെള്ളിയും തുരുമ്പിക്കുന്നു. ആ തുരുമ്പ് നിങ്ങൾക്കെതിരെ സാക്ഷ്യമായിരിക്കും. അത് അഗ്നിപോലെ നിങ്ങളുടെ മാംസം ദഹിപ്പിക്കും. അവസാനനാളുകൾക്കായി നിങ്ങൾ സമ്പത്തു കുന്നുകൂട്ടിയിരിക്കുന്നു. നിങ്ങളുടെ വയലുകളിൽ വിളവു കൊയ്ത വേലക്കാരിൽനിന്നു ചതിവിൽ നിങ്ങൾ പിടിച്ചുവച്ച കൂലി നിലവിളിക്കുന്നു; കൊയ്ത്തുകാരുടെ വിലാപം സൈന്യങ്ങളുടെ കർത്താവിന്റെ ചെവികളിൽ എത്തിക്കഴിഞ്ഞു. നിങ്ങൾ ഭൂമിയിൽ സുഖഭോഗങ്ങളിലും ആഹ്ലാദത്തിലും മുഴുകി ജീവിച്ചു; കശാപ്പുദിനത്തിലേക്കായി നിങ്ങളുടെ ഹൃദയങ്ങളെ കൊഴുപ്പിച്ചു. നീതിമാനെ നിങ്ങൾ വിധിക്കുകയും വധിക്കുകയും ചെയ്തു; അയാൾ ചെറുത്തുനില്ക്കുന്നുമില്ല” (യാക്കോ 5: 1–6).

വിശ്വാസികൾ ക്രിസ്തുവിന്റെ അലൗകിക സാമ്രാജ്യത്തിലെ അംഗങ്ങളായി വിശുദ്ധീകരിക്കപ്പെട്ടു. അവർ ഭൗതികസമൂഹത്തിലെ അംഗ

ങ്ങളും കൂടിയായിരുന്നല്ലോ. അതിനാൽ ക്രിസ്തുവിന്റെ വചനങ്ങളോടു നീതി പുലർത്തുന്ന ഒരു സാമൂഹ്യവ്യവസ്ഥിതിയും തൊഴിൽപരമായ വിഭജനവും ആവശ്യമായി. സഭ വളർന്നപ്പോൾ, ഈ സാമൂഹ്യസേവന പരമായ വിഭജനവും താനേ ഉണ്ടായിവന്നു. അന്നത്തെ സാമൂഹ്യരീതിക്കനുസൃതമായാണ് അതുണ്ടായത്. പൗലോസ് എഴുതുന്നു: "ക്രിസ്തുവിന്റെ ദാസരും ദൈവരഹസ്യങ്ങളുടെ കാര്യസ്ഥരുമായി വേണം ഞങ്ങളെ കരുതുവാൻ" (1 കോറി. 4: 1). ശ്ലീഹന്മാർക്ക് സമൂഹത്തിൽ ഉണ്ടായിരുന്നത് 'വചനത്തിന്റെ കാവൽക്കാർ' എന്ന സ്ഥാനമായിരുന്നു. പൗലോസ് വിവിധതരം ജോലികളെക്കുറിച്ച് പറയുന്നുണ്ട്: "വരങ്ങൾ വിവിധങ്ങൾ എങ്കിലും ആത്മാവ് ഒന്നേയുള്ളു... അവയവങ്ങൾ പലതാണെങ്കിലും ശരീരം ഒന്നുതന്നെ" (1 കോറി. 12: 4–12). തിമൊത്തെയോസിനെഴുതിയ ലേഖനത്തിൽ പൗലോസ് ക്രൈസ്തവസമൂഹത്തിലെ മേലന്വേഷകരെക്കുറിച്ചും ശുശ്രൂഷികളെക്കുറിച്ചും പറയുന്നുണ്ട്. അങ്ങനെ ആദിമസഭയിൽ, സമൂഹത്തിന്റെ നടത്തിപ്പിനായി വിവിധജോലികൾ ചെയ്യുന്നവരുണ്ടായിരുന്നെങ്കിലും വിളിക്കപ്പെട്ടവരുടെ ഉത്തരവാദിത്വം വചനപ്രസംഗമായിരുന്നു.

## ആദിമസഭാഘടന

ആദിമസഭാസമ്പ്രദായത്തിൽ ഓരോ പ്രാദേശികസഭയും സ്വതന്ത്രമായിരുന്നു (അപ്പോ. പ്രവ. 14: 23). സഭാകൂട്ടായ്മ (Church) എന്ന പദം പുതിയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്നത് രണ്ടർഥത്തിലാണ്. സാധാരണ അർഥത്തിൽ സഭ എന്നു വിളിച്ചിരുന്നത് വിശ്വാസികളുടെ പ്രാദേശികകൂട്ടായ്മയെ ആണ്. വിശ്വാസികളായ ഏവരും ക്രിസ്തു ശിരസ്സായുള്ള സഭയുടെ അംഗങ്ങളാണ്.

ഓരോ പ്രാദേശികസഭാകൂട്ടായ്മകൾക്കും ഓരോ മൂപ്പൻ ഉണ്ടായിരുന്നു. യേശുവിനെയല്ലാതെ മറ്റാരെയും ഉദ്ദേശിച്ച് പുരോഹിതൻ എന്ന പദം പുതിയ നിയമത്തിലുപയോഗിച്ചിട്ടില്ല. യഹൂദസമ്പ്രദായമനുസരിച്ച് സഭാശുശ്രൂഷകർ അറിയപ്പെട്ടിരുന്നത് 'മൂപ്പൻ', 'മേലന്വേഷകൻ', 'ശുശ്രൂഷകൻ' എന്നാണ് (തീത്തൊ. 1: 5–7; 1 പത്രോ. 5: 1; 1 തിമൊ 3: 1; 3: 8).

വചനശുശ്രൂഷയായിരുന്നു മൂപ്പന്മാരുടെയും മേലന്വേഷകരുടെയും ശുശ്രൂഷകരുടെയും കടമ. അവർ തികച്ചും ആധ്യാത്മികരായിരുന്നു. ഒരു പ്രാദേശികസഭയ്ക്ക് മറ്റൊരു പ്രാദേശികസഭയുടെയുംമേൽ അധികാരങ്ങളൊന്നുമുണ്ടായിരുന്നില്ല. എന്നാൽ ഓരോ സഭയിലെയും പ്രാമാണികരായ മൂപ്പന്മാരുടെ ഉപദേശങ്ങൾ ഇതരസഭകൾ ബഹുമാനിച്ചിരുന്നു. മൂപ്പന്മാർക്ക് സഭയുടെമേൽ ഭരണാധികാരമുണ്ടായിരുന്നില്ല. "നിങ്ങളെ ഭരമേല്പിച്ചിരിക്കുന്ന ദൈവത്തിന്റെ ആട്ടിൻപറ്റത്തെ മേയിക്കുക. നിർബന്ധംകൊണ്ടല്ല, സന്മനസ്സോടെ, നിന്ദ്യമായ ലാഭേച്ഛയോടെയല്ല, താത്പര്യത്തോടെ അതു ചെയ്യുക" (1 പത്രോ. 5: 2) എന്നായിരുന്നു കൂട്ടുമൂപ്പ

നായ പത്രോസ് ഉപദേശിച്ചത്. മൂപ്പന്മാരും മേലന്വേഷകരും ശുശ്രൂഷകരും യേശുവിന്റെ കല്പനയനുസരിച്ച്, ഒന്നാമനാകാൻ ആഗ്രഹിക്കാതെ ശുശ്രൂഷകസ്ഥാനം സ്വീകരിച്ചിരുന്നവരായിരുന്നു.

തന്റെ സഭയ്ക്ക് സാമൂഹികമായി ഒരു ഘടനാസമ്പ്രദായം ക്രിസ്തു നിർദേശിച്ചിരുന്നില്ല. പൗലോസാണ് സഭയിൽ ശുശ്രൂഷകരെക്കുറിച്ച് ആദ്യമായി പ്രതിപാദിക്കുന്നത്: "സഭയിൽ ഒന്നാമത് അപ്പോസ്തലന്മാരെയും രണ്ടാമതു പ്രവാചകരെയും മൂന്നാമതു പ്രബോധകരെയും പിന്നെ അത്ഭുതപ്രവർത്തകരെയും പിന്നെ രോഗശാന്തിശുശ്രൂഷകരെയും സഹായികളെയും മേൽവിചാരകരെയും വിവിധ ഭാഷാവരം ഉള്ളവരെയും ദൈവം നിയമിച്ചു" (1 കോറി. 12: 28). 1 തിമൊത്തി 3: 1–7–ൽ മേൽവിചാരക്കാരുടെ സ്വഭാവഗുണത്തെക്കുറിച്ചും തീത്തൊസ് 1: 6–ൽ സഭാമൂപ്പന്മാരുടെയും 1: 7–ൽ മേലന്വേഷകരുടെയും സ്വഭാവഗുണത്തെക്കുറിച്ചും പൗലോസ് വിവരിക്കുന്നുണ്ട്. ഓരോ പ്രാദേശികസഭയുടെയും ഭരണം തനിക്കു പരിചിതമായ യഹൂദ സുനഗോഗുകളുടെ ഭരണസമ്പ്രദായമനുസരിച്ച് ക്രോഡീകരിക്കപ്പെടണമെന്നാണ് പൗലോസ് നിശ്ചയിച്ചിരുന്നത്. ഒരു പ്രാദേശികസഭ മറ്റൊരു പ്രാദേശികസഭയുടെയോ സ്ഥാനിയുടെയോ ഭരണത്തിൻകീഴിൽ ആയിരിക്കണമെന്നുള്ള ഒരു സൂചനപോലും പൗലോസിന്റെ ലേഖനങ്ങളിൽ കാണുന്നില്ല. 'ഒന്നാമത്തെ മാർപാപ്പയായ' പത്രോസ് ഇതരസഭകളിലെ മൂപ്പന്മാരോട് കല്പിക്കുകയല്ല ഉപദേശിക്കുകമാത്രമാണ് ചെയ്യുന്നത് (1 പത്രോ. 5:1–4). പത്രോസ് ഇതരസഭകളുടെ മേൽ അധികാരം പ്രയോഗിക്കുകയോ അധികാരമുള്ളവനായി ഭാവിക്കുകയോ ചെയ്യുന്നില്ല.

ഇതിൽനിന്നെല്ലാം ആദിമസഭയിൽ അധികാരാധിഷ്ഠിതമായ ഹയരാർക്കിയോ മേൽവിചാരകരെ നിയമിക്കുന്നതിനുള്ള അധികാരകേന്ദ്രമോ ഉണ്ടായിരുന്നില്ല എന്നു വ്യക്തമാണ്. കർത്താവിന്റെ ദിനം ആചരിക്കുന്നത് സംബന്ധിച്ച് റോമും ഏഷ്യൻസഭയും തമ്മിലുണ്ടായ അഭിപ്രായവ്യത്യാസത്തിൽ എഫേസൂസ് സഭയുടെ മൂപ്പനായ പോളിക്രാറ്റികൂസ് (Policraticus of Ephesus) റോമൻ സഭയുടെ മൂപ്പനായ "വിക്ടറിനെ രൂക്ഷമായി ശകാരിച്ചുകൊണ്ടെഴുതിയ കത്തുകൾ ഇന്നും നിലനിൽക്കുന്നുണ്ട്" എന്ന് ആദിമസഭാചരിത്രകാരനായ എവുസേബിയസ് രേഖപ്പെടുത്തുന്നു.[1] അപ്പോൾ ഓരോ സഭയും പ്രാദേശികമായി സ്വാതന്ത്ര്യവും മറ്റൊരു സഭയുടെ ആധിപത്യത്തിൽ നിന്നു വിമുക്തവുമായിരുന്നു എന്നു കാണാം.

## മൂപ്പന്മാരുടെ തെരഞ്ഞെടുപ്പ്

പ്രാദേശികസഭകളിലെ മൂപ്പന്മാരുടെ (മെത്രാന്മാരുടെ) തെരഞ്ഞെടുപ്പ് തികച്ചും അതതു സഭകളുടെ ആഭ്യന്തരകാര്യമായിരുന്നു. മറ്റു സഭകൾ അതിലിടപെട്ടിരുന്നില്ല. സഭാംഗങ്ങളായിരുന്നു അവരെ തെരഞ്ഞെടുത്തി

രുന്നത്. "In early Chrisitan times the bishop was chosen by clergy and laity with the supervisory assistance of the neighbouring bishops."[2] സഭാപിതാവായ റോമിലെ ഹിപ്പോളിറ്റസ് (Hippolytus of Rome, 170-236) ഇങ്ങനെ പറയുന്നു: "Let the bishop be ordained after he has been chosen by all the people."[3] ഇവിടെ bishop എന്ന പദത്തിൽ ഇന്നു കാണുന്ന രാജകീയ മെത്രാൻസ്ഥാനിയെയല്ല ഉദ്ദേശിക്കുന്നത്. ആദിമസഭയിൽ മഹാന്മാരായ പല മെത്രാന്മാരെയും വിശ്വാസികൾതന്നെയാണ് തെരഞ്ഞെടുത്തിരുന്നത്. ഉദാഹരണത്തിന് വി. അംബ്രോസിനെയും (bishop of Milan from 374 to 397) അദ്ദേഹം ജ്ഞാനസ്നാനപ്പെടുത്തിയ വി. ആഗസ്തീനോസിനെയും (bishop of Hippo from 395 to 430) അതതു സ്ഥലത്തെ വിശ്വാസികളാണ് തെരഞ്ഞെടുത്തത്. ആദിമസഭാദൈവശാസ്ത്രമനുസരിച്ച് പരിശുദ്ധ റൂഹായുടെ വരം സഭയിൽ വിശ്വാസികളിലാണ് നിക്ഷിപ്തമായിരിക്കുന്നത്. സഭാചരിത്രപണ്ഡിതനായ ഫാദർ സേവ്യർ കൂടപ്പുഴ ഇക്കാര്യം വിശദമാക്കുന്നതിപ്രകാരമാണ്. ക്രൈസ്തവരെല്ലാം മിശിഹായുടെ മൗതികശരീരത്തിൽ പങ്കാളികളത്രേ. മാമ്മോദീസായിലൂടെ അവർ സഭയുടെ അംഗങ്ങളായിത്തീരുന്നു. പരിശുദ്ധാത്മാവിനാൽ അഭിഷേചിക്കപ്പെടുന്നു. സഭാജീവിതത്തിന് ആവശ്യമുള്ള വരങ്ങളാണ് ദൈവം സഭാംഗങ്ങൾക്ക് നൽകുക. വൈവിധ്യമാർന്ന ദൈവികദാനങ്ങളാണവ. ഒരു ശരീരത്തിലെ അവയവങ്ങൾക്ക് വ്യത്യസ്തങ്ങളായ ധർമ്മങ്ങളാണുള്ളത്. എങ്കിലും അവയുടെ ചൈതന്യ സ്രോതസ്സ് ഒന്നുതന്നെ. ഒരേ ആത്മാവിന്റെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ. ഇതുപോലെ സഭയാകുന്ന ശരീരത്തിലും പരിശുദ്ധാത്മാവിന്റെ ചൈതന്യം പലവിധത്തിൽ പലതരത്തിലുള്ള കഴിവുകളുള്ള വ്യക്തികളിലൂടെ പ്രവർത്തനനിരതമാകുന്നു.[4]

പന്ത്രണ്ട് അപ്പോസ്തലന്മാരുടെയും പ്രബോധനങ്ങളായി, 'ഡിഡാക്കെ' എന്ന പേരിൽ പ്രസിദ്ധീകൃതമായ AD 140-ലെ പ്രാമാണിക രേഖയിൽ മെത്രാന്മാരെയും മേലന്വേഷകരെയും (deacons) തെരഞ്ഞെടുക്കുന്നതു സംബന്ധിച്ച് ഇങ്ങനെ എഴുതിയിരിക്കുന്നു: "അതുകൊണ്ട്, കർത്താവിനു ചേർന്ന മെത്രാന്മാരെയും മേലന്വേഷകരെയും സ്വയം തെരഞ്ഞെടുക്കുക. പണമോഹികളെ ആയിരിക്കരുത്; എളിമയാർന്നവരെയും സത്യസന്ധരെയും യോഗ്യത തെളിയിക്കപ്പെട്ടവരെയുമായിരിക്കണം തെരഞ്ഞെടുക്കേണ്ടത്. എന്തെന്നാൽ, അവർ പ്രവാചകരുടെയും പ്രബോധകരുടെയുമായ ശുശ്രൂഷകളിലൂടെ നിങ്ങളെ സേവിക്കേണ്ടവരാണ്."[5] പരിശുദ്ധാത്മവരം വിശ്വാസികളുടെ കൂട്ടായ്മയിൽ നിക്ഷിപ്തമാണ് എന്നതായിരുന്നു ആദിമസഭയിലെ വിശ്വാസം. തങ്ങളുടെ ശുശ്രൂഷകരെ പരിശുദ്ധാത്മവരത്തിൽ തെരഞ്ഞെടുക്കാനുള്ള അവകാശം സഭാകൂട്ടായ്മയിൽ നിക്ഷിപ്തമായിരുന്നു.

ആദ്യ നൂറ്റാണ്ടിൽ അധികൃതമായ പേപ്പസി ഇല്ലായിരുന്നു. അന്തിയോക്കിലെ ഇഗ്നേഷ്യസിന്റെ (Ignatius of Antioch, ca. 35 or 50 - between 98 and

117) അഭിപ്രായത്തിൽ, ആ കാലഘട്ടത്തിൽ സഭ നയിക്കപ്പെട്ടിരുന്നത് സ്നേഹത്താൽ മാത്രമായിരുന്നു.

പത്രോസിന്റെ ലേഖനങ്ങളിൽ അപ്പോസ്തലവിനയം കാണുന്നുണ്ട്. അതിൽ പത്രോസിന്റെ അധികാരപരിധിയുടെ പരാമർശമോ ഒരു പോപ്പിന്റെ മണംപോലുമോ കാണുന്നില്ല. ഇന്നത്തെ പാപ്പായുടെ അധികാരഭാഷയല്ല അതിൽ കാണുന്നത്. It is our apostolic will and command.... എന്ന രാജഭാഷയാണല്ലോ റോമിന്റെ സ്റ്റൈൽ. പത്രോ സിന്റെ പാദങ്ങളിൽ കുമ്പിട്ട് വണങ്ങിയ കൊർണേലിയൂസിനെ പിടിച്ചെഴു ന്നേല്പിച്ച് പത്രോസ് പറഞ്ഞു: "എഴുന്നേൽക്കുക; ഞാനും ഒരു മനുഷ്യൻ തന്നെ" (അപ്പോ. പ്രവ. 10: 26).

ആദിമസഭയിൽ പട്ടക്കാർ ഇല്ലായിരുന്നു. എല്ലാവരും ക്രിസ്തുവിൽ സ്നാപനം സ്വീകരിച്ച് പ്രാർഥനയിൽ മുഴുകിയിരുന്നു. ആരും പത്രോ സിനെ 'പരിശുദ്ധ പിതാവ്' എന്നോ മേലന്വേഷകരെയും മൂപ്പന്മാരെയും 'യുവർ എമിനൻസ്', 'യുവർ ഗ്രേസ്', 'യുവർ എക്സലൻസി' എന്നോ ഒന്നും അഭിസംബോധന ചെയ്തിരുന്നില്ല. അവർ പത്രോസിനെയും മറ്റ് അപ്പോസ്തലരെയും 'സഹോദരരേ' എന്നാണ് വിളിച്ചിരുന്നത്.

ക്രിസ്തു സംഘടിത സഭയോ റീത്തുകളോ സ്ഥാപിച്ചില്ല. പട്ടക്കാരും സന്ന്യാസിനീ സന്ന്യാസികളും ക്രിസ്തുവിന്റെ സൃഷ്ടിയല്ല. ക്രിസ്തു വളരെ ലളിതമായ രണ്ടു കാര്യങ്ങളേ പുതിയ ഉടമ്പടിപ്രകാരം തന്റെ ശിഷ്യരോട് ആവശ്യപ്പെട്ടുള്ളു: നിങ്ങൾ പരസ്പരം സ്നേഹിക്കണം (യോഹ. 13: 34). എന്റെ ഓർമ്മയ്ക്കായി നിങ്ങൾ മേശയാചരണം നട ത്തണം (ലൂക്കോ 22: 20).

പരിപൂർണരാകാൻ നിത്യബ്രഹ്മചാരികളാകണമെന്നല്ല കർത്താവു പഠിപ്പിച്ചത്. ധനികനായ യുവാവിന്റെ ചോദ്യത്തിനുത്തരമായി കർത്താവു പറയുന്നതു ശ്രദ്ധിക്കുക: "പരിപൂർണനാകാൻ നീ ഇച്ഛിക്കുന്നെങ്കിൽ പോയി നിനക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്കു കൊടുക്കുക. അപ്പോൾ നിന ക്കു സ്വർഗത്തിൽ നിക്ഷേപമുണ്ടാകും" (മത്താ. 19: 21). രാജാക്കന്മാ രെപ്പോലെ ധനികരായി കഴിയുന്ന സഭാധികാരികൾക്ക് സ്വർഗത്തിലുള്ള നിക്ഷേപം ശൂന്യമായിരിക്കാനേ വഴിയുള്ളു.

## അല്മായ പങ്കാളിത്തം

ആദിമസഭയിൽ അല്മായർ എന്നും സഭാധികാരികൾ എന്നും അറിയ പ്പെട്ടിരുന്നവർ തമ്മിൽ പരിശുദ്ധമായ പങ്കാളിത്തം ഉണ്ടായിരുന്നു. ആ സമൂഹത്തിന്റെ യോജിപ്പായിരുന്നു സഭയുടെ മുഖമുദ്ര. സഭയിലെ ആ പങ്കാളിത്തം എല്ലാതലങ്ങളിലും പ്രവർത്തനങ്ങളിലും പരിധി യില്ലാതെ വ്യാപിച്ചിരുന്നു. സഭയുടെ ഭരണകാര്യങ്ങളിലും സിദ്ധാന്ത രൂപീകരണത്തിലും ശിക്ഷണസംബന്ധമായ കാര്യങ്ങളിലും ഭക്താഭ്യാസ വികസനങ്ങളിലുമെല്ലാം അല്മായർക്കും അഭിപ്രായം പ്രകടിപ്പിക്കാൻ

തുല്യ അവകാശമുണ്ടായിരുന്നു. താഴെ കൊടുക്കുന്ന രണ്ട് ഉദാഹരണങ്ങൾ അത് വ്യക്തമാക്കും:

1. അപ്പോസ്തലപ്രവർത്തനങ്ങളിലെ 15-ാം അധ്യായം കാണുക. പരിച്ഛേദനത്തെക്കുറിച്ചുള്ള വിവാദത്തിന് തീർപ്പുണ്ടാക്കാൻ പുറജാതികളുടെ സഭ പൗലോസിനെയും ബർണബാസിനെയും മറ്റു ചിലരെയും അന്നത്തെ വത്തിക്കാനായ ജെറുശലേമിലേക്ക് അപ്പോസ്തലന്മാരുടെയും മൂപ്പന്മാരുടെയും അടുക്കൽ പോകാൻ നിയോഗിച്ചു. ജെറുശലേമിൽ നടന്ന ആ സമ്മേളനത്തിൽ സംബന്ധിച്ച പിതാക്കന്മാരെല്ലാം അല്മേനികളായിരുന്നു എന്ന കാര്യം ഇവിടെ വളരെ പ്രസക്തമാണ്. പുറജാതിസഭയുടെ പരാതികൾ അവർ കേൾക്കുകയും ചർച്ച ചെയ്ത് തക്കതായ തീരുമാനം സ്വീകരിച്ച് പൗലോസിനെയും കൂട്ടരെയും തിരിച്ചയയ്ക്കുകയും ചെയ്തു. ഇന്നത്തെ സ്ഥിതി അതാണോ?

2. നിക്യാ കൗൺസിലിൽവച്ച് ആരിയനിസത്തെ (Arianism) ശപിച്ച് തള്ളിയെങ്കിലും ആ സിദ്ധാന്തം കെട്ടടങ്ങിയില്ല. കോൺസ്റ്റൻറ്റിയൂസ് രണ്ടാമൻ ചക്രവർത്തി (Emperor Constantius II, 317-361) ആരിയൂസിന്റെ സിദ്ധാന്തത്തിന് അനുകൂലമായിരുന്നു. അന്നത്തെ മാർപാപ്പായായിരുന്ന ലിബേരിയൂസ് (Pope Liberius, 352-366) ചക്രവർത്തിയുടെ ആ സിദ്ധാന്തപ്രേമത്തെ അനുകൂലിച്ചില്ല. ചക്രവർത്തി ലിബേരിയൂസിനെ നാടുകടത്തി. എന്നാൽ ലിബേരിയൂസ് പാപ്പാ പിന്നീട് ചക്രവർത്തിയുടെ സമ്മർദത്തിന് വഴങ്ങി റോമിലേക്ക് മടങ്ങിവന്നു. റോമാക്കാരായ ക്രിസ്ത്യാനികൾ ലിബേരിയൂസ് പാപ്പാ ഒരു anti-pope ആണെന്ന് വിധിയെഴുതി. ലിബേരിയൂസിനെ അനുകൂലിക്കുന്നവർ കുളിച്ചിരുന്ന പൊതുകുളിമുറികൾ പോലും അവർ ഉപയോഗിക്കുകയില്ലായിരുന്നു. കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കിയ ലിബേരിയൂസ് പാപ്പാ ആരിയനിസത്തെ വീണ്ടും തള്ളിപറഞ്ഞു. മാർപാപ്പാമാർ പോലും ഞാങ്ങണ പോലെ ആടിയുലയുമ്പോഴും കത്തോലിക്കവിശ്വാസികൾ നിർബന്ധബുദ്ധിയോടെ വിശ്വാസസത്യങ്ങളെ മുറുകെ പിടിക്കുമായിരുന്നു.[6]

വൈദികരുടെയും ഡീക്കന്മാരുടെയും ഉപദേശവും അല്മേനികളുടെ ഏകാഭിപ്രായവുമില്ലാതെ യാതൊരു നിയമവും തന്റെ രൂപതയിൽ നടപ്പാക്കുകയില്ലെന്ന് കാർത്തേജിലെ വി. സിപ്രിയാൻ (c. 246) തീരുമാനിച്ചിരുന്നു. എത്ര മെത്രാന്മാർ ഇന്ന് വി. സിപ്രിയാനെ അനുകരിക്കും? ജനങ്ങളുടെ ആഗ്രഹങ്ങൾക്കു വിപരീതനായ ഒരു വ്യക്തിയെ അവർക്ക് മെത്രാനായി വയ്ക്കാൻ പാടില്ലെന്ന് ഒന്നാം സെലസ്റ്റിൻ മാർപാപ്പാ (Pope Celestine I) 432-ൽ പ്രഖ്യാപിച്ചു. സഭയിലെ 99% വരുന്ന അല്മേനികളെ അവഗണിക്കാൻ പാടില്ലെന്നാണിതിനർഥം. വിശ്വാസികളിൽനിന്നു ലഭിച്ച അറിവിന്റെ സന്ദേശവുമായി ഇന്ന് ഒരു മെത്രാൻ വത്തിക്കാന്റെ പടി കയറുമോ? സഭയുടെ ശിക്ഷണസംബന്ധമായ കാര്യങ്ങളിൽ അല്മായന്റെ ശബ്ദ

ത്തിന് എന്തെങ്കിലും വിലയുണ്ടോ? അപ്രമാദിത്വപ്രഖ്യാപനത്തിനോ ചാക്രികലേഖനത്തിന്റെ ഉള്ളടക്കത്തിനോ ഏതെങ്കിലും ഒരു പാപ്പാ വിശ്വാസികളുടെ അഭിപ്രായം ആരാഞ്ഞതായി കേട്ടിട്ടുണ്ടോ? അല്മായരും സഭാധികാരികളും തമ്മിലുണ്ടായിരുന്ന ആദിമസഭയിലെ പങ്കാളിത്തത്തിന് എന്തുപറ്റി എന്നു നാം ചിന്തിക്കണം.

## സ്ത്രീകൾക്കു സംഭവിച്ച അവഗണന

ക്രിസ്തുവിൽ സ്നാപനമേറ്റ സ്ത്രീയും പുരുഷനും ക്രിസ്തുവിൽ ഒന്നാണ് (ഗലാ. 3: 28). ഈ ദൈവശാസ്ത്രം ക്രിസ്തുവിന്റെ സുവിശേഷ വേലയിൽ വേരൂന്നിയിട്ടുള്ളതാണ്. ആദിമസഭയുടെ പ്രചരണത്തിനും വളർച്ചയ്ക്കും സ്ത്രീപുരുഷന്മാർ തുല്യമായി പ്രയത്നിച്ചിരുന്നു. അതിനാൽ സഭയുടെ സ്ഥാപനത്തിലും ആദിമകാലത്തെ വളർച്ചയ്ക്കും സ്ത്രീയും പുരുഷനും തുല്യ അവകാശികളാണ്. എന്നാൽ സഭ ഒരുവിധം ദൃഢീകരിച്ചപ്പോൾ പതുക്കെ പതുക്കെ സ്ത്രീകളെ സഭാശുശ്രൂഷയിൽ നിന്നും ഭരണത്തിൽനിന്നും സിദ്ധാന്തരൂപീകരണത്തിൽ നിന്നുമെല്ലാം ഒഴിവാക്കി. സ്ത്രീകൾക്ക് സഭയിൽ യാതൊരു സ്വാധീനവും ഇല്ലാതായി. യേശുവിന്റെ അമ്മയായ മറിയവും തന്റെ മരണശേഷം യേശു ആദ്യമായി പ്രത്യക്ഷപ്പെട്ട യേശുവിന്റെ സ്നേഹിതയായ മഗ്ദലമറിയവും യേശുവിന്റെ സുവിശേഷവേലയിൽ സഹകരിച്ച മറ്റു സ്ത്രീകളും പൗലോസിനോടൊത്ത് സഭയുടെ വളർച്ചയ്ക്കു വേണ്ടി അക്ഷീണം പ്രയത്നിച്ച സ്ത്രീകളുമെല്ലാം സഭ വളർന്നപ്പോൾ നിഷ്പ്രഭരായിപ്പോയി. വിശുദ്ധ ഗ്രന്ഥ പ്രഘോഷണപീഠത്തിൽനിന്ന് അവരെ നിരോധിച്ചു. ശുശ്രൂഷാധികാരം എടുത്തുകളഞ്ഞു. സുവിശേഷസന്ദേശത്തെ അവരുടെ ജ്ഞാനംകൊണ്ട് വ്യാഖ്യാനിക്കാൻ അനുവദിച്ചില്ല. സ്ത്രീകളുടെ ആധ്യാത്മികത പള്ളിയിൽ കൂടുന്നവരെ നയിക്കാൻ പറ്റിയതല്ലെന്ന് വിധിയെഴുതി. ഇതിനെല്ലാം കാരണം സ്ത്രീകളുടെ ലിംഗഭേദം മാത്രമാണ്. പുരുഷന്മാർക്കുമാത്രം ദൈവത്തിൽനിന്ന് എന്തോ പ്രത്യേക അവകാശം (ശുശ്രൂഷാധികാരം) ഉണ്ടെന്നുള്ള തെറ്റായ ധാരണയും സഭയിൽ സൃഷ്ടിച്ചു. സ്ത്രീജന്മം ന്യൂനതയുള്ളതാണെന്ന് ഒരുപറ്റം ദൈവശാസ്ത്രജ്ഞന്മാർ സ്ഥാപിച്ചെടുത്തു. അപ്പോൾ സ്ത്രീകൾ രണ്ടാംതരം പൗരരായി സഭയിൽ തരംതാഴ്ന്നു. ഈ 21-ാം നൂറ്റാണ്ടിലും സഭ സ്ത്രീകളെ രണ്ടാംതരം ക്രിസ്ത്യാനികളായി കാണുന്നത് അപലപനീയമാണ്.

കഴിഞ്ഞ രണ്ടായിരം വർഷം സഭ സാമൂഹ്യനീതിക്കും ആതുരസേവനത്തിലും മുൻപന്തിയിലാണെന്ന് അവകാശപ്പെടുമ്പോൾ ലോകജനതയുടെ പകുതിയായ സ്ത്രീകളുടെ ഇന്നത്തെ സ്ഥിതി ഐക്യരാഷ്ട്ര സംഘടനയുടെ ഒരു റിപ്പോർട്ടിൽനിന്ന് മനസ്സിലാക്കുന്നതിപ്രകാരമാണ്:

1. ലോകത്തിലെ മൊത്തം ജോലിസമയത്തിലെ നാലിൽ മൂന്നു ഭാഗവും സ്ത്രീകൾ ചെയ്യുന്നു.
2. ലോകശമ്പളത്തിലെ പത്തിൽ ഒരു ഭാഗമേ ലഭിക്കുന്നുള്ളൂ.
3. ഈ ഗ്രഹത്തിലെ നൂറിൽ ഒരു ഭാഗം സ്ഥലത്തിനേ ഉടമസ്ഥാവകാശമുള്ളൂ.
4. മൂന്നിൽ രണ്ടു ഭാഗവും നിരക്ഷരരായവരാണ്.
5. സ്ത്രീകളെയും അവരുടെ കുട്ടികളെയുംകൂടി ഉൾപ്പെടുത്തിയാൽ ലോകജനതയുടെ 75% ദാരിദ്ര്യത്തിൽ ജീവിക്കുന്നവരാണ്.
6. 80% ഭവനരഹിതരായ അഭയാർഥികളാണ്.

കൂടാതെ സ്ത്രീകളോടുള്ള എണ്ണിയാൽ തീരാത്ത അതിക്രമങ്ങൾ – കുടുംബകലഹങ്ങൾ  വഴിയുള്ള ക്രൂരതകൾ, ലൈംഗിക അതിക്രമങ്ങൾ, ബലാൽസംഗം, വേശ്യാവേലയ്ക്ക് ഉപയോഗിക്കുക, അതിനായി കയറ്റുമതി ചെയ്യുക, കൊല്ലുക, വർഗം/ജാതി മുതലായ ഘടകങ്ങൾ ഉൾപ്പെടുത്തി സ്ത്രീജീവിതം നരകതുല്യമാക്കുക – ഇതെല്ലാം അചിന്തനീയമാണ്. സ്ത്രീകൾ അവരുടെ ലിംഗഭേദം നിമിത്തം അനുഭവിക്കേണ്ടിവരുന്ന വേദനകളെയും കഷ്ടപ്പാടുകളെയും ഐക്യരാഷ്ട്രസംഘടന പഠനങ്ങൾ വഴി തിരിച്ചറിയുകയാണിവിടെ.[7] ഈ ദുരന്തത്തിന്റെ പ്രധാന കാരണക്കാർ മതങ്ങളാണെന്ന് എടുത്തുപറയാതെ വയ്യ. കത്തോലിക്കസഭയ്ക്ക് സംഭവിച്ചതും സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ അപചയമാണിതെന്നുള്ളതിന് സംശയമില്ല.

# 3

# യേശുപഠനങ്ങൾക്കു സംഭവിച്ച അപചയം

**മോ**ശെയ്ക്ക് യാഹ്‌വെ നൽകിയ പത്തു പ്രമാണങ്ങളുടെ ആകെത്തുക സൃഷ്ടാവായ ദൈവത്തെയും സൃഷ്ടികളായ മനുഷ്യരെയും സ്നേഹിക്കുക എന്ന പ്രമാണത്തിൽ അടങ്ങിയിരിക്കുന്നു എന്ന് അർഥശങ്കയില്ലാതെ യേശു തന്റെ ശിഷ്യരെ പഠിപ്പിച്ചു. ക്രിസ്തുവിന്റെ ആ പഠനങ്ങളെ അടിസ്ഥാനശിലകളാക്കി രൂപംകൊണ്ട് ജെറുശലേമിൽ ആദിമക്രിസ്തീയ കൂട്ടായ്മ സാവധാനം വളർന്നു. പിന്നീട് നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ ചക്രവർത്തിമാരുടെയും രാജാക്കന്മാരുടെയുമെല്ലാം സഹായത്തോടെ യൂറോപ്പിലെ ജനങ്ങളെ മുഴുവൻ സഭ ബലമായി ത്തന്നെ ക്രിസ്ത്യാനികളാക്കി. ക്രിസ്തുപഠനങ്ങൾക്കു വിപരീതമായി സഭാശുശ്രൂഷകർ അല്മേനികളുടെ അധികാരികളായി. മുക്കുവനായ പത്രോസിന്റെ അനന്തരാവകാശികളെന്ന് അവകാശപ്പെടുന്ന പോപ്പുമാർ രാജപദവിയിലെത്തി. കൊല്ലരുത് എന്ന ദൈവപ്രമാണത്തിന് വിപരീതമായി കുരിശുയുദ്ധങ്ങളും (Holy Crusades) ഇൻക്വിശിഷനും (Holy Inquisition) പരസ്പരവിദ്വേഷവും പ്രചരിപ്പിച്ചും അവിശ്വാസികളെ അവിശ്വസനീയമായ രീതിയിൽ പീഡിപ്പിച്ചും വിശുദ്ധ വിശ്വാസത്തിനായി (Holy Faith) സഭാധികാരികൾ വിശുദ്ധയുദ്ധങ്ങൾ (Holy wars) നടത്തി. എല്ലാം വിശുദ്ധം! ഇവിടെ യേശു പഠനങ്ങളെ അവഗണിക്കുക മാത്രമല്ലാ, മറിച്ച് അതിനു വിപരീതമായ ക്രൂരകൃത്യങ്ങൾ ചെയ്ത് സഭ അപചയത്തിലേക്ക് മൂക്കുകുത്തുകയാണ് ചെയ്ത്. വരുംപേജുകളിൽ ഈ അപചയങ്ങളുടെ പല മുഖങ്ങൾ കാണാൻ കഴിയും.

## സാവൂൾ (പൗലോസ്)

ഇസ്രായേൽ വംശത്തിലെ ബന്യാമിൻ ഗോത്രത്തിൽ കിലിക്യയിലെ താർസോസിൽ റോമൻ പൗരനായി ജനിച്ച സാവൂൾ ഒരു യഹൂദ ഫരിസേയനായിരുന്നു. ജെറുശലേമിലെ കീർത്തിപെട്ട നിയമജ്ഞനും സർവാദരണീയനുമായ ഗമലിയേലിന്റെ കീഴിൽ യഹൂദനിയമത്തിൽ സാവൂൾ ശിക്ഷണം നേടി. ക്രിസ്തുമാർഗം സ്വീകരിച്ച യഹൂദക്രിസ്ത്യാനികളെ പീഡിപ്പിക്കാൻ ഈ സാവൂൾ മുൻപന്തിയിൽ നിന്നിരുന്നു (ഗലാ. 1: 13). പിന്നീട് ഡമാസ്ക്കസിലെ ക്രിസ്ത്യാനികളെ പീഡിപ്പിക്കാനുള്ള ഉദ്ദേശ്യത്തോടെ ജെറുശലേമിൽനിന്നു പുറപ്പെട്ട സാവൂൾ അത്ഭുതകരമായി ക്രിസ്തുവിൽ മാനസാന്തരപ്പെട്ടു (അപ്പോ. പ്രവ. 9: 1–9). കർത്താവിൽനിന്ന് വെളിപാടായി ലഭിച്ച അറിവിന്റെ അടിസ്ഥാനത്തിൽ സാവൂൾ പുറജാതികളുടെ ഇടയിൽ രക്ഷയുടെ മാർഗം പ്രസംഗിച്ചു. പൗലോസ് അത് വ്യക്തമാക്കുന്നത് കാണുക: "ഞാൻ നിങ്ങളോടു പ്രസംഗിച്ച സുവിശേഷം മാനുഷികമല്ല. ആ സുവിശേഷം ഞാൻ സ്വീകരിച്ചത് മനുഷ്യരിൽനിന്നല്ല; ആരും എന്നെ പഠിപ്പിച്ചതുമല്ല. യേശുക്രിസ്തു എനിക്കു നൽകിയ വെളിപാടിലൂടെയാണ് എനിക്ക് അത് ലഭിച്ചത്" (ഗലാ. 1: 11–12). അപ്പോൾ വെളിപാടിലൂടെ ഒരു വ്യക്തിക്കു ലഭിച്ച അറിവാണ് നമ്മുടെ നിത്യരക്ഷയ്ക്കാധാരം!

## യേശുവും പൗലോസും

യഥാർഥ ക്രിസ്തുപഠനങ്ങളിൽനിന്നും വ്യത്യസ്തമായ പലതും പൗലോസിനു ലഭിച്ച വെളിപാടിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം പഠിപ്പിക്കുകയുണ്ടായി. കർത്താവിന്റെ തെരഞ്ഞെടുക്കപ്പെട്ട ശിഷ്യന്മാരെ തിരുത്തി; പോരാ യേശുവിനെത്തന്നെയും തിരുത്തി മുന്നേറി. പൗലോസ് തന്റെ കാഴ്ചപ്പാടുകൾ ക്രിസ്തുവിന്റെതന്നെ കാഴ്ചപ്പാടായി പുറജാതികളെ പഠിപ്പിച്ചു.

കർത്താവിന്റെ പഠനങ്ങൾ കർത്താവുതന്നെ എഴുതിവച്ചിട്ടില്ല. ക്രിസ്തുഅനുയായികളിൽ ചിലർ പതിറ്റാണ്ടുകൾക്കുശേഷം ക്രിസ്തുവിനെപ്പറ്റി കേട്ടതിന്റെയും പഠിച്ചതിന്റെയും വെളിച്ചത്തിൽ ലഭിച്ച അറിവുകൾ കൂട്ടിയിണക്കി രചിച്ച സുവിശേഷമാണ് നമുക്കിന്നുള്ളത്. പൗലോസിന്റെ കാഴ്ചപ്പാടുകളും പഠനങ്ങളും അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ കൂടി നമുക്ക് ലഭ്യമാണ്. സുവിശേഷലിഖിതത്തെ ആധാരമാക്കി ചിന്തിക്കുമ്പോൾ സ്വർഗരാജ്യത്തിന്റെ അവകാശികൾ ആരാണെന്ന് സുവിശേഷ സൗഭാഗ്യപ്രബോധനം വഴി (മത്താ. 5: 3–10) യേശു വ്യക്തമാക്കിയിട്ടുണ്ട്. നിത്യജീവൻ അവകാശമാക്കാൻ നിന്റെ ദൈവമായ കർത്താവിനെ പൂർണശക്തിയോടും മനസ്സോടും കൂടെ സ്നേഹിക്കണമെന്നും കൂടാതെ നിന്റെ അയൽക്കാരനെ നിന്നെപ്പോലെ സ്നേഹിക്കണമെന്നും യേശു

അർഥശങ്കയില്ലാതെ പ്രഖ്യാപിച്ചു (ലൂക്കോ 10: 25–28). ധനികനായ ഒരു യുവാവ് യേശുവിനെ സമീപിച്ച് നിത്യജീവൻ നേടാൻ അയാൾ എന്തു ചെയ്യണമെന്ന് ചോദിച്ചപ്പോൾ യേശുവിന്റെ മറുപടി ഇതായിരുന്നു: കല്പനകൾ അനുസരിക്കുക; അതായത് കൊല്ലരുത്, വ്യഭിചരിക്കരുത്, മോഷ്ടിക്കരുത്, കള്ളസാക്ഷി പറയരുത്, പിതാവിനെയും മാതാവിനെയും ബഹുമാനിക്കണം, നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കണം. പക്ഷേ പരിപൂർണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കണം (മത്താ. 19: 16–22). മറ്റൊരവസരത്തിൽ, ശിശുക്കളെപ്പോലെ ആയാലേ സ്വർഗരാജ്യത്തിന് അവകാശികളാകൂ എന്ന് യേശു വ്യക്തമാക്കുന്നുണ്ട് (മത്താ 18: 2–4; 19:14). കൂടാതെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവർ ആരാണെന്നും അവർക്കായി ഒരുക്കിയിരിക്കുന്നിടം എപ്രകാരമുള്ളതാണെന്നും യേശു തന്റെ ആസന്നമായ മരണത്തെപ്പറ്റി പ്രവചിക്കുമ്പോൾ വ്യക്തമാക്കുന്നുണ്ട് (മത്താ. 25: 34–46). ഏറ്റവും എളിയവരായ സഹോദരങ്ങൾക്ക് എല്ലാവിധ സഹായങ്ങളും നൽകുന്നവർക്കാണ് സ്വർഗരാജ്യം. സത്യം പ്രവർത്തിക്കുന്നവർ വെളിച്ചത്തിലേക്ക് വരുന്നു. അയാളുടെ പ്രവൃത്തികൾ ദൈവത്തിലാണ് ചെയ്യപ്പെടുന്നത് (യോഹ. 3: 19–21). അപ്പോൾ സ്വർഗരാജ്യം കരസ്ഥമാക്കണമെങ്കിൽ ദൈവത്തിൽ സദ്പ്രവൃത്തികൾ ചെയ്യണം. പാപികളോട് കരുണ കാണിക്കുന്നത്, അയൽക്കാരനെ സ്നേഹിക്കുന്നത്, കുഷ്ഠരോഗികളെയും സമൂഹത്തിൽ നിന്ന് പുറംതള്ളിയവരെയും വേശ്യകളെയും സ്വവർഗരതിക്കാരെയും എയിഡ്സ് ബാധിച്ചവരെയും അനാഥക്കുട്ടികളെയുമെല്ലാം ശുശ്രൂഷിക്കുന്നത് ഒക്കെ സദ്പ്രവൃത്തികളാണ്.

കർത്താവിന്റെ ശുശ്രൂഷയിൽ പാപികളും ചുങ്കക്കാരും വ്യഭിചാരികളും വേശ്യകളും കുഷ്ഠരോഗികളും അശുദ്ധരുമെല്ലാം ഉൾപ്പെട്ടിരുന്നു. എന്നാൽ പൗലോസിന്റെ ശുശ്രൂഷയിൽനിന്ന് അത്തരക്കാരെ പാപികളായികണ്ട് അകറ്റിനിർത്തിയിരുന്നു. ദുർനടപ്പുകാരെ “നിങ്ങളുടെ ഇടയിൽനിന്ന് ബഹിഷ്കരിക്കണം” (1 കോറി. 5: 1–2) എന്നാണ് പൗലോസിന്റെ ഉപദേശം.

യേശുവിന്റെയും പൗലോസിന്റെയും ശുശ്രൂഷകളിൽ ധാരാളം സ്ത്രീകൾ പങ്കെടുത്തിരുന്നു. എന്നാൽ പൗലോസ് സ്ത്രീകളെ എന്നും രണ്ടാം തരക്കാരായിട്ടാണ് കണ്ടിരുന്നത്. സ്ത്രീകളെ പള്ളിയിൽ സംസാരിക്കാൻ അനുവദിക്കാതെ (1 കോറി. 14: 34–36) ഭർത്താക്കന്മാർക്ക് കീഴ്‌വഴങ്ങി ജീവിച്ച് (എഫേ. 5: 22–24, കൊളോ. 3: 3–18) കുട്ടികളെ പെറ്റുവളർത്തി കുടുംബം ഭരിക്കാനാണ് (1 തിമൊ. 5: 14) പൗലോസ് സ്ത്രീകളെ ഉപദേശിച്ചത്. പൗലോസ് ജനിച്ചുവളർന്ന കാലഘട്ടത്തിലും സാഹചര്യത്തിലും സ്ത്രീകൾക്ക് സമൂഹത്തിലുണ്ടായിരുന്ന സ്ഥാനം അതായിരുന്നിരിക്കാം. എന്നാൽ രണ്ടായിരം വർഷങ്ങൾക്കു ശേഷവും

ഇന്നത്തെ മാറിയ സാമൂഹ്യസാഹചര്യങ്ങൾ പരിഗണിക്കാതെ സ്ഥാപിത സഭ സ്ത്രീകളെ അന്നത്തേതുപോലെ ഇന്നും കൈകാര്യം ചെയ്യുന്നത് സാമൂഹ്യനീതിക്ക് വിപരീതവും അപലപനീയവുമാണ്.

പൗലോസ് ഒരിക്കലും അടിമത്തത്തെ നിന്ദിച്ചിട്ടില്ല. മറിച്ച് അടിമകളോട് അവരുടെ യജമാനന്മാരെ അനുസരിക്കാൻ ഉപദേശിക്കുകയാണ് ചെയ്തത്. "അടിമകളേ, ക്രിസ്തുവിനെ എന്നപോലെ ഭയത്തോടും വിറയലോടും ആത്മാർഥതയോടുംകൂടെ നിങ്ങളുടെ ലൗകികയജമാനന്മാരെ അനുസരിക്കുക" (എഫേ. 6: 5). കൂടാതെ യജമാനന്മാർക്ക് വിധേയരായിരുന്നുകൊണ്ട് അവരെ തൃപ്തിപ്പെടുത്താനും അടിമകളോട് നിർദേശിക്കുന്നുണ്ട് (തീത്തോ. 2: 9). നിയമത്തിനു വിരുദ്ധമായി ഒരു അടിമയായ ഒനേസിമൊസിനെ അയാളുടെ ഉടമയായ ഫിലേമോന് പൗലോസ് തിരിച്ചയച്ചുകൊടുക്കുകകൂടി ചെയ്തു (ഫിലേ. 8–20).

ക്രിസ്തീയ പഠനത്തിൽ ഉത്ഭവപാപപിൻതുടർച്ച ആദ്യമായി കണ്ടുപിടിച്ചത് പൗലോസാണ്. പൗലോസ് റോമാക്കാർക്കെഴുതുന്നു: "ഒരു മനുഷ്യനിലൂടെ ലോകത്തിൽ പാപമുണ്ടായി; പാപത്തിലൂടെ മരണവും. അപ്രകാരം, എല്ലാ മനുഷ്യരും പാപം ചെയ്യുകയാൽ മരണം എല്ലാ മനുഷ്യരിലേക്കും വ്യാപിച്ചു" (റോമ. 5: 12). ഈ പാപത്തിന്റെ നഷ്ടപരിഹാരമാണ് അഥവാ പ്രായശ്ചിത്തമാണ് ദൈവപുത്രനായ യേശുക്രിസ്തുവിന്റെ കുരിശിലെ മരണം (ബലി). യേശു ഈ സിദ്ധാന്തത്തെ തള്ളിക്കളഞ്ഞിട്ടുള്ളതാണ്; ഒരിക്കലല്ല. രണ്ടു പ്രാവശ്യം. "ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്" (മത്താ. 9: 13; 12: 7). എങ്കിലും പൗലോസ് ക്രിസ്തുവിന്റെ കുരിശുമരണത്തെ മനുഷ്യരുടെ പാപപരിഹാരത്തിനായുള്ള ബലിയാക്കി ഒരു ദൈവശാസ്ത്രത്തിന് അടിസ്ഥാനമിടുകയാണ് ചെയ്തത്.

## യാക്കോബും (James the Just) പൗലോസും

ലൂക്കോസിന്റെ സുവിശേഷവും അപ്പോസ്തലന്മാരുടെ പ്രവർത്തനങ്ങളും എഴുതിയത് പുറജാതികളിൽനിന്നു ജ്ഞാനസ്നാനം സ്വീകരിച്ച ഒരു വ്യക്തിയാണെന്നാണ് ചില ചരിത്രകാരന്മാരുടെ അഭിപ്രായം. എന്നാൽ രചയിതാവിന്റെ പഴയനിയമപാണ്ഡിത്യത്തെ പരിഗണിക്കുമ്പോൾ പുറജാതിക്കാരനാകാൻ സാധ്യത ഇല്ലെന്നും അദ്ദേഹം പൗലോസിന്റെ യഹൂദപാരമ്പര്യമുള്ള ശിഷ്യരിലൊരാളായിരിക്കാനാണ് പഴുതെന്നുമാണ് ആധുനിക വിശുദ്ധഗ്രന്ഥ ചരിത്രകാരന്മാരുടെ നിഗമനം[8]. അവർ അതിന് രണ്ടു കാരണങ്ങളാണ് കാണുന്നത്:

1. മനുഷ്യരുടെ പാപപ്പൊറുതിക്കായി യേശു കുരിശുമരണം വരിച്ചു എന്ന പൗലോസിന്റെ ക്രിസ്തുശാസ്ത്രത്തെ സ്ഥാപിക്കാൻ ഗ്രന്ഥകാരൻ പരിശ്രമിച്ചിട്ടുണ്ട് (ലൂക്കോ. 24: 46–47). അപ്പോൾ ലൂക്കോസ് ചരിത്ര

സംഭവങ്ങൾ അതേപടി എഴുതുകയല്ല; മറിച്ച്, പൗലോസിന്റെ ദൈവ ശാസ്ത്രം എഴുതുകയാണ് ചെയ്തത്.

2. അപ്പോസ്തലപ്രവർത്തനങ്ങളിലെ 9-ാം അധ്യായം മുതൽ അവ സാന അധ്യായം വരെ പൗലോസിന്റെ പ്രവർത്തനങ്ങളെപ്പറ്റിയേ കാണു ന്നുള്ളൂ. പൗലോസിനെ പിടികൂടി റോമായ്ക്കു കൊണ്ടുപോയി. പൗലോസ് അവിടെ എത്തുന്നതോടെ അപ്പോസ്തലപ്രവർത്തനങ്ങൾ അവസാ നിക്കുന്നു. പൗലോസിന്റെ പ്രവർത്തനങ്ങൾ എന്ന പേരായിരുന്നു ആ പുസ്തകത്തിനുചിതം. മത്തായി, മർക്കോസ്, യോഹന്നാൻ എന്നീ മൂന്നു സുവിശേഷങ്ങൾക്കു ശേഷം 90-കളിലാണ് ലൂക്കോസ് തന്റെ സുവി ശേഷവും അപ്പോസ്തലന്മാരുടെ പ്രവർത്തനങ്ങളും രചിച്ചത്. 70-കളിൽ റോമാക്കാർ യഹൂദരെയും ജെറുശലേം ദേവാലയത്തെയും നശിപ്പിച്ചുക ളഞ്ഞു. അങ്ങനെ ക്രിസ്തുസന്ദേശം പ്രചരിപ്പിക്കാൻ യഹൂദക്രിസ്ത്യാ നികളിലെ മൂപ്പന്മാർ ഇല്ലാതായി. ഉള്ളവർ ചിതറിപ്പോയി. യഹൂദക്രിസ്ത്യാ നികളുടെ തലസ്ഥാനമായ ജെറുശലേമിലെ അനിഷേധ്യനേതാവും കർത്താവിന്റെ സ്വന്തം സഹോദരനും കർത്താവിന്റെ മരണശേഷം അന ന്തര അവകാശിയും 12 ശ്ലീഹന്മാരിലൊരാളുമായ യാക്കോബ് മരിച്ച് 30 വർഷങ്ങൾ കഴിഞ്ഞാണ് ലൂക്കോസ് തന്റെ പുസ്തകങ്ങൾ എഴുതുന്ന ത്. പൗലോസിന്റെ പഠനങ്ങളും ഒരു റോമൻ അജണ്ടയും ഉള്ളിൽ കണ്ടു കൊണ്ടാണ് ലൂക്കോസിന്റെ രചനയെന്ന് വ്യക്തമാണ്.

പൗലോസിന് മാനസാന്തരം ലഭിച്ച് മൂന്നു വർഷങ്ങൾക്കുശേഷം കേപ്പായെ കാണാൻ പോയ പൗലോസ് ജെറുശലേം സഭയുടെ അപ്പോ ഴത്തെ മൂപ്പനായിരുന്ന കർത്താവിന്റെ സഹോദരൻ യാക്കോബ് അപ്പോ സ്തലനെയും കാണുകയുണ്ടായി (അപ്പോ. പ്രവ. 9: 26-30; ഗലാ. 1: 18 -19). മാനസാന്തരം ലഭിച്ച് 12 വർഷങ്ങൾക്കുശേഷം യൂദായിൽ ജീവിച്ചിരുന്ന സഹോദരർക്ക് സഹായമെത്തിക്കാൻ ബെർണബാസി നോടൊപ്പം സാവൂൾ ജെറുശലേമിലേക്ക് രണ്ടാം യാത്ര നടത്തി (അപ്പോ. പ്രവ. 11: 27-30). സാവൂളിന്റെ ആദ്യ ജെറുശലേം യാത്ര കഴിഞ്ഞ് 14 വർഷങ്ങൾക്കുശേഷം, അതായത് പൗലോസിന് മാനസാന്തരം ലഭിച്ച് 17 വർഷങ്ങൾക്കുശേഷം (about A. D. 48) അദ്ദേഹം ജെറുശലേമിലേക്ക് മൂന്നാം യാത്ര നടത്തി (അപ്പോ. പ്രവ. 15: 1-2; ഗലാ. 2: 1). യഹൂദക്രി സ്ത്യാനികൾ മോശയുടെ നിയമപ്രകാരം സ്നാപനത്തിനു മുമ്പ് പരിച്ഛേദനം ചെയ്തവരാണ്. പുറജാതികളിൽനിന്നു സ്നാപനം സ്വീക രിക്കുന്നവരെയും യഹൂദക്രിസ്ത്യാനികളെപ്പോലെ പരിച്ഛേദനം ചെയ്യാൻ നിർബന്ധിക്കണമോ എന്ന കാര്യത്തിൽ ഒരു തീരുമാനം കൈക്കൊള്ളാ നുള്ള സമ്മേളനത്തിൽ സംബന്ധിക്കാനായിരുന്നു പൗലോസ് ജെറുശ ലേമിലേക്ക് ഈ മൂന്നാം യാത്ര ചെയ്തത്. പരിച്ഛേദനവാദസമ്മേളനത്തിൽ യോഗാധ്യക്ഷനായ യാക്കോബാണ് യോഗതീരുമാനം പ്രഖ്യാപിച്ചത്. ആദിമസഭയിൽ യാക്കോബിനുണ്ടായിരുന്ന സ്ഥാനം ഇവിടെ വ്യക്തമാണ്.

യാക്കോബും പത്രോസും മറ്റ് അപ്പോസ്തലന്മാരും യേശുപഠനങ്ങളെ അതിന്റെ യഥാർഥ തനിമയോടെ പഠിപ്പിച്ചുകൊണ്ടിരുന്നു. യാക്കോബും കേപ്പായും യോഹന്നാനും ജെറുശലേം സഭയുടെ നെടുംതൂണുകളായിരുന്നു എന്ന് പൗലോസ് സമ്മതിക്കുന്നുണ്ട് (ഗലാ. 2: 9). പൗലോസ് നമ്മുടെ കർത്താവിനെ നേരിൽ കണ്ടിട്ടില്ല. എങ്കിലും കർത്താവിൽനിന്ന് വെളിപാട് നേരിട്ട് ലഭിച്ചിട്ടുണ്ടെന്ന് അവകാശപ്പെട്ടുകൊണ്ട് തന്റെ ക്രിസ്തുശാസ്ത്രം പുറജാതികളുടെ ഇടയിൽ പൗലോസ് പ്രസംഗിച്ചു. നെടുംതൂണുകളായ പ്രമാണിമാർ പൗലോസിനാരുമല്ലെന്ന് പൗലോസ് തന്നെ പറയുന്നു (ഗലാ. 2: 7). യാക്കോബിന്റെ നേതൃത്വത്തിൽ നസ്രായനായ ക്രിസ്തുവിന്റെ പഠനങ്ങളെ (Nazarene Christianity) പ്രചരിപ്പിച്ചപ്പോൾ പൗലോസ് ക്രിസ്തുപഠനങ്ങൾ പാപപരിഹാരത്തിനുള്ള രക്ഷയുടെ മാർഗമായി (Messianic Movement) അവതരിപ്പിച്ചു. കർത്താവിന്റെ 12 ശ്ലീഹന്മാരുടെ പഠനങ്ങൾ പൗലോസ് കാര്യമായി പരിഗണിച്ചിട്ടില്ല. യഥാർഥ ക്രിസ്തുപഠനങ്ങളെ പൗലോസ് അങ്ങനെ വികലമാക്കി. യേശുപഠനങ്ങൾക്കു സംഭവിച്ച ആദ്യത്തെ അപചയമാണിത്.

കർത്താവിന്റെ 12 ശ്ലീഹന്മാരുടെ ആദ്യലിഖിതങ്ങളൊന്നും കാര്യമായി നമുക്ക് ലഭിച്ചിട്ടില്ല. സഭയുടെ വളർച്ചയെപ്പറ്റി അറിയാൻ അപ്പോസ്തലന്മാരുടെ പ്രവർത്തനങ്ങൾ എന്ന ബൈബിൾ ഭാഗമേ നമുക്കിന്നുള്ളൂ. പുറജാതിക്കാരെ പൗലോസ് പഠിപ്പിച്ച ക്രിസ്തീയതയാണ് അതിൽ ഊന്നിപ്പറഞ്ഞിരിക്കുന്നത്. ലൂക്കോസിന്റെ സുവിശേഷവും അപ്പോസ്തലന്മാരുടെ പ്രവർത്തനങ്ങളും പൗലോസിന്റെ ലേഖനങ്ങളും ആധാരമാക്കിയാണ് സഭ അതിന്റെ വിശ്വാസപ്രമാണം കെട്ടിപ്പടുത്തത്. കർത്താവിന്റെ കുരിശുമരണത്തിനും ഉത്ഥാനത്തിനും സ്വർഗാരോഹണത്തിനുംശേഷം പത്രോസ് 12 ശിഷ്യന്മാരിലെ നേതാവായെന്നും  കർത്താവിന്റെ കുരിശുമരണം പാപപരിഹാരത്തിനായുള്ള ബലിയാണെന്നും (പൗലോസിന്റെ ക്രിസ്തുശാസ്ത്രം) റോമാ തലസ്ഥാനമാക്കി പത്രോസ് ഒന്നാം മാർപാപ്പായായി എന്നുമാണ് സ്ഥാപിതസഭയുടെ സിദ്ധാന്തം. കർത്താവിന്റെ സഹോദരൻ യാക്കോബ് അപ്പോസ്തലൻ ആദിമസഭയുടെ-ജെറുശലേം സഭയുടെ-തലവനായിരുന്നു. ഉദാഹരണത്തിന് ജെറുശലേം സമ്മേളനത്തിന്റെ അധ്യക്ഷനും സമ്മേളനതീരുമാനം പ്രഖ്യാപിച്ചയാളും യാക്കോബായിരുന്നു. പത്രോസ് ജയിൽവിമുക്തനായപ്പോൾ യാക്കോബിനെ ആ വിവരം അറിയിക്കാനാണ് ആവശ്യപ്പെട്ടത് (അപ്പോ. പ്രവ. 12: 17). പൗലോസ് ശ്ലീഹന്മാരുടെ പേരുകൾ ഉപയോഗിക്കുമ്പോഴും യാക്കോബിന്റെ പേരാണ് ആദ്യമായി കാണുന്നത് (ഗലാ. 2: 9). യാക്കോബിന്റെ പ്രഥമ സ്ഥാനമാണ് അത് സൂചിപ്പിക്കുന്നത്. എന്നാൽ പിന്നീട് സഭയിൽ പൗലോസിന്റെ പഠനങ്ങൾ പ്രധാനവും യാക്കോബിന്റെയും മറ്റപ്പോസ്തലന്മാരുടെയും പഠനങ്ങൾ അപ്രധാനവും ആയിപ്പോയി. ചരിത്രപുരുഷനായ യേശുവിനെയും ആദ്യനൂറ്റാണ്ടുകളിലെ സഭയെയും

സംബന്ധിച്ച് ചരിത്രപരമായി പഠിക്കുന്ന പണ്ഡിതർക്ക് സഭയുടെ ഇന്നത്തെ നിലപാടിനെ സാധൂകരിക്കാനാവില്ല.

## യവനസഭാപിതാക്കന്മാർ

പുരാതന യവനചിന്തകർ വളരെ ബുദ്ധിമാന്മാരായിരുന്നു. അവർക്ക് കൗശലം നിറഞ്ഞ ദൈവങ്ങളും ഉണ്ടായിരുന്നു. ഗ്രീക്കു പുരാണകഥകളിലും ഗ്രീക്ക് തത്ത്വശാസ്ത്രത്തിലും മറ്റു ശാസ്ത്രങ്ങളിലും അധിഷ്ഠിതമായിരുന്നു യവന ദേവീദേവന്മാർ. ആ ദൈവങ്ങളുടെ മരണമണി അടിക്കാൻ ആരംഭിച്ചപ്പോൾ റോമാക്കാർ സീയൂസിനെ (Zeus) ജൂപ്പിറ്റർ (Jupiter) ആയി പുനർനാമകരണം ചെയ്തെങ്കിലും കാലാന്തരത്തിൽ അവർ ജൂപ്പിറ്ററിനെയും ഉപേക്ഷിച്ചു. ഈ കാലഘട്ടത്തിലാണ് കുറെ യഹൂദർ പുനരുജ്ജീവനത്തിന്റെ സുവിശേഷപ്രസംഗം ആരംഭിക്കുന്നത്. അതിലെ പ്രമുഖ പ്രഭാഷകനായ പൗലോസ് യവനചിന്തകരുടെ ഭാഷയിലും ശൈലിയിലും തന്റെ ക്രിസ്തീയചിന്തകളെ വളരെ ആകർഷകമായ രീതിയിൽ അവതരിപ്പിച്ചു. എ. ഡി. 70-കളിൽ റോമാക്കാർ ജറുശലേം ദേവാലയം നശിപ്പിക്കുകയും യഹൂദരെ പീഡിപ്പിക്കുകയും ചെയ്തു. അക്കാരണത്താൽ യഹൂദപാരമ്പര്യമുള്ള ക്രിസ്തീയ മൂപ്പന്മാരുടെ എണ്ണം ഗണ്യമായി കുറയുകയും അവരുടെ സ്വാധീനം ഇല്ലാതാവുകയും ചെയ്തു. അതോടെ ഗ്രീക്ക് സഭാപിതാക്കന്മാരുടെ സ്വാധീനം അടിക്കടി വർദ്ധിച്ചു. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ ക്രിസ്തീയ പ്രസ്ഥാനത്തിന് അവാന്തരവിഭാഗങ്ങൾ ഉണ്ടായിത്തുടങ്ങി. എന്നിരുന്നാൽ ത്തന്നെയും അത് ചിട്ടയും കാര്യക്ഷമതയുമുള്ള ഒരു പ്രസ്ഥാനമായി വളർന്നു. ചില അടിസ്ഥാന തത്ത്വങ്ങളിൽ അവർക്ക് യോജിപ്പുണ്ടായി. യേശു സാധാരണക്കാരനായി സാധാരണ രീതിയിൽ ജനിച്ചവനല്ലെന്നും ഒരു കന്യകയിൽനിന്നു ജനിച്ചവനാണെന്നും (Virgin Birth) ദൈവത്തിൽ മൂന്നാളുകൾ (Holy Trinity) ഉണ്ടെന്നും സ്ഥാപിച്ചെടുത്തു. അതോടുകൂടി കന്യകാമറിയത്തെ ദൈവത്തിന്റെ അമ്മയും (Mother of God) സ്വർഗരാജ്ഞിയും (Queen of Heaven) യേശുവിനെ ദൈവവും (God) പിതാവായ ദൈവത്തിന്റെ പുത്രനും (Son of God) മനുഷ്യവർഗത്തിന്റെ രക്ഷകനും (The Redeemer) ആക്കി. ക്രിസ്തീയ സഭകളുടെ വിശ്വാസത്തിന്റെ മൂലക്കല്ലുകളാണ് ഈ സിദ്ധാന്തങ്ങൾ. പുറജാതിക്കാരായ ഗ്രീക്ക് പിതാക്കന്മാരാണ് ഈ സിദ്ധാന്തങ്ങൾക്ക് രൂപഭാവങ്ങൾ നൽകിയത്. അന്തിയോക്യാ നഗരം കന്യകാജനനത്തിനും ത്രിത്വത്തിനും പ്രസിദ്ധമായ ഇടമാണ്. യേശുവിന്റെ കന്യകാജനനത്തിന്റെ ദൈവശാസ്ത്രം ആദ്യമായി അവതരിപ്പിച്ചത് അന്ത്യോക്കിലെ ഇഗ്നേഷ്യസ് ആയിരുന്നു. കൂടാതെ അന്ത്യോക്കിലെ തെയോഫിലസ് (180) ത്രിത്വം ആദ്യമായി ക്രിസ്റ്റ്യൻ ഡോക്ട്രിനായി അവതരിപ്പിച്ചു കാണുന്നു. ഗ്രീക്കുകാരുടെ മാനസികാവസ്ഥയും യഹൂദരുടെ ചിന്താഗതിയും തമ്മിലുള്ള വ്യത്യാസങ്ങൾ

പൗലോസിന്റെ പ്രസ്താവനയിൽ നിന്ന് വളരെ വ്യക്തമാണ്: “യഹൂദർ അടയാളങ്ങൾ ആവശ്യപ്പെടുന്നു; ഗ്രീക്കുകാർ വിജ്ഞാനം തേടുന്നു” (1 കോറി. 1: 22). കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ മാനസാന്തരത്തിനു ശേഷം 325-ൽ ചക്രവർത്തി നിക്യാ (Nicaea) എന്ന സ്ഥലത്ത് ഒരു സഭാ കൗൺസിൽ വിളിച്ചുകൂട്ടി. ആ കൗൺസിലിൽ വച്ച് സഭയുടെ വിശ്വാസ പ്രമാണം (Nicene Creed) പ്രഖ്യാപിക്കുകയുണ്ടായി. യേശു പഠിപ്പിച്ച സദ്വാർത്തയുടെ ചൈതന്യം സ്നേഹവും സത്യവും ആയിരിക്കെ യവനപിതാക്കന്മാർക്ക് യേശു ദൈവപുത്രനും മനുഷ്യകുലത്തിന്റെ രക്ഷകനുമായിപ്പോയി.

## കോൺസ്റ്റന്റൈൻ ചക്രവർത്തി

പുതിയ നിയമത്തിലെ സംഭവങ്ങൾ കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ട സംഭവമാണ് റോമൻ ചക്രവർത്തിയായ കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ (273-336) ‘മാനസാന്തരം’ (312) എന്നാണ് സഭാചരിത്രകാരന്മാരുടെ പൊതു അഭിപ്രായം. യഹൂദപുതുക്രിസ്ത്യാനികളെ പീഡിപ്പിക്കാനുള്ള ഉദ്ദേശത്തോടെ ജെറുശലേമിൽനിന്ന് ഡമാസ്കസിലേക്ക് യാത്ര ചെയ്യുമ്പോൾ ഡമാസ്കസിനടുത്ത് സാവൂളിന് അത്ഭുതകരമായ ഒരു ദർശനം ഉണ്ടായി (അപ്പോ. പ്രവ. 9: 3-9). അതുപോലെ കോൺസ്റ്റന്റൈനും ഒരു ദർശനമുണ്ടായി എന്നു പറയപ്പെടുന്നു. റോമൻ ചക്രവർത്തിയായ മക്സേൻസിയുസിനെ (Maxentius) യുദ്ധത്തിൽ തോല്പിക്കാനുള്ള ഉദ്ദേശ്യത്തോടെ കോൺസ്റ്റന്റൈനും പട്ടാളക്കാരും റ്റൈബർ (Tiber) നദിയുടെ കരയ്ക്ക് മിൽവിയൻ പാലത്തിന്റെ (Milvian Bridge) അടുത്ത് തമ്പടിച്ചു. പിറ്റേ ദിവസം യുദ്ധം നടക്കാൻ പോകയാണ്. യുദ്ധത്തിൽ മക്സേൻസിയൂസിനെ തോൽപിച്ചാൽ കോൺസ്റ്റന്റൈൻ റോമാസാമ്രാജ്യത്തിന്റെ ചക്രവർത്തി ആകുമായിരുന്നു. യുദ്ധത്തിന്റെ തലേ രാത്രിയിലാണ് കോൺസ്റ്റന്റൈന് ദർശനം ഉണ്ടായത്. കോൺസ്റ്റന്റൈന്റെ യുദ്ധവിജയത്തിനായി പേഗൻ ദൈവങ്ങളോട് പ്രാർഥിച്ചുകൊണ്ടിരുന്നപ്പോൾ സ്വർഗീയവെളിച്ചത്തിൽ ഒരു കുരിശടയാളം കാണുകയും അതിനു മുകളിലായി “ഇതിനാൽ പിടിച്ചെടുക്കുക” (conquer by this) എന്ന ഒരു ലിഖിതം കാണുകയും ചെയ്തു. ദൈവമായ ക്രിസ്തു ഉറക്കത്തിൽ പ്രത്യക്ഷപ്പെട്ട് സ്വർഗത്തിൽ കണ്ട കുരിശടയാളത്തിന്റെ മാതൃകയിലുള്ള കുരിശുകൾ പിടിച്ചുകൊണ്ട് യുദ്ധം ചെയ്യാൻ കോൺസ്റ്റന്റൈനോട് നിർദ്ദേശിച്ചു. ചുരുക്കിപ്പറഞ്ഞാൽ കോൺസ്റ്റന്റൈൻ പാലം കടന്ന് യുദ്ധത്തിൽ വിജയിച്ചു. അതിനുശേഷം ക്രിസ്ത്യാനികളെ പീഡിപ്പിക്കാൻ പാടില്ലെന്നു പ്രഖ്യാപിച്ചുകൊണ്ടും സാമ്രാജ്യത്തിൽ മതസ്വാതന്ത്ര്യം അനുവദിച്ചുകൊണ്ടുമുള്ള രാജശാസനം (Edict of Milan, 313) പ്രസിദ്ധം ചെയ്തു.

കോൺസ്റ്റൈന്റെ സാമ്രാജ്യത്തിൽ മതസ്വാതന്ത്ര്യം അനുവദിച്ചു വെങ്കിലും അദ്ദേഹം തുടർന്നും പേഗൻ ദൈവങ്ങളെ ആരാധിച്ചിരുന്നു. തന്റെ സാമ്രാജ്യത്തിലെ ക്രിസ്ത്യൻ സഭയെ ക്രമീകരിക്കുന്നതിനായി 314-ൽ ചക്രവർത്തി ആരിസ് (Aries) എന്ന സ്ഥലത്ത് ഒരു സിനഡ് വിളിച്ചു കൂട്ടി. എന്നിരുന്നാലും സഭാനേതാക്കന്മാരുടെ ഇടയിൽ സഭാസിദ്ധാന്ത ങ്ങളെ സംബന്ധിച്ച് വൻപിച്ച തർക്കങ്ങൾ ആരംഭിച്ചു. ആരിയൂസ് (Arius) എന്ന അലക്സാൻഡ്രിയാക്കാരൻ സഭയിലെ ഒരു മൂപ്പനും (elder) ലീഡറും (presbyter) ആയിരുന്നു. അദ്ദേഹം ദൈവപുത്രന്റെ (Son of God) അഥവാ യേശുവിന്റെ പൂർണദൈവത്വത്തെ ചോദ്യം ചെയ്തു. അദ്ദേഹത്തിന്റെ സിദ്ധാന്തപ്രകാരം ത്രിത്വത്തിലെ രണ്ടാമാളായ യേശുവിന് പിതാവായ ദൈവവുമായി (God the Father) തട്ടിച്ചുനോക്കുമ്പോൾ കീഴ്സ്ഥാനമേയുള്ളു (Subordinate to Father). കാരണം യേശു സൃഷ്ടികർമ്മത്തിലെ ആദ്യ സൃഷ്ടി ആയിരുന്നാൽത്തന്നെയും യേശു ദൈവത്താൽ സൃഷ്ടിക്കപ്പെട്ട വനാണ്. അക്കാരണത്താൽ യേശുവിന് പിതാവിനെക്കാൾ താഴ്ന്ന സ്ഥാനമേ ത്രിത്വത്തിൽ ഉള്ളു. ഈ സിദ്ധാന്തം (Arianism) റോമാസാമ്രാജ്യ ത്തിൽ അതിവേഗം പടർന്നു. സഭയിൽ കലക്കം സൃഷ്ടിക്കാനും സാമ്രാ ജ്യത്തിൽ സമാധാനം നഷ്ടപ്പെടാനും ഇത് കാരണമായി. രാഷ്ട്രീയ തന്ത്രക്കാരനായ ചക്രവർത്തി സാമ്രാജ്യത്തിൽ സമാധാനം സ്ഥാപിച്ചെടു ക്കാനുള്ള ഉദ്ദേശത്തോടെ നിക്യാ (Nicaea) എന്ന സ്ഥലത്ത് 325-ൽ ഒരു എക്യുമെനിക്കൽ കൗൺസിൽ വിളിച്ചുകൂട്ടി. 300-ൽ കൂടുതൽ ആൾക്കാർ ഈ സമ്മേളനത്തിൽ പങ്കെടുത്തു എന്ന് പറയപ്പെടുന്നു. ചക്രവർത്തി യായിരുന്നു സമ്മേളനാധ്യക്ഷൻ. കൗൺസിൽ ഉൽഘാടനം ചെയ്തു കൊണ്ട് നടത്തിയ പ്രസംഗത്തിൽ ചക്രവർത്തി പ്രതിനിധികളോട് എടുത്തു പറഞ്ഞത് സിദ്ധാന്തപരമായ വിയോജിപ്പ് യുദ്ധത്തെക്കാൾ മോശമാണെന്നാണ്. ചക്രവർത്തിക്ക് ക്രിസ്തുമതം ദൈവത്തിങ്ക ലേക്കുള്ള മാർഗം എന്നതിനേക്കാൾ സാമ്രാജ്യത്തെ യോജിപ്പിക്കാനുള്ള ഒരു വഴിയായിരുന്നു. അതിനായി ചക്രവർത്തി യേശുവിനെയും യേശുവിന്റെ പഠനങ്ങളെയും വീണ്ടും ഒരു സ്നാപനം കൂടി നടത്തി, ചക്രവർത്തിയുടെ ഇംഗിതത്തിനുതകിയ ഒരു ക്രിസ്തീയത രൂപാന്തര പ്പെടുത്തിയെടുത്തു. യേശു എന്തിനുവേണ്ടി നിന്നുവോ അതിനു വിപരീത മായ ഒരു വിശ്വാസപ്രമാണം (Creed) കൗൺസിലിൽ വച്ച് പ്രഖ്യാപനം ചെയ്തു. കൗൺസിൽ ആരിയൂസിന്റെ സിദ്ധാന്തത്തെയും ആരിയൂസി നെയും ശപിച്ചുതള്ളി. ആരിയൂസിനെ ഉദ്യോഗഭ്രഷ്ടനാക്കി. അദ്ദേഹം പലസ്തീനായിലേക്ക് ഒളിച്ചോടി.

ചക്രവർത്തി ക്രിസ്തീയ റോമൻ സാമ്രാജ്യത്തിന്റെ സ്ഥാപകനായ തോടെ യേശുവിന്റെ പേരുപോലും പറയാൻ അറിയില്ലായിരുന്ന ആയിര ക്കണക്കിന് ജനങ്ങൾ സ്നാപനം സ്വീകരിക്കാൻ തുടങ്ങി. 'മാനസാന്തര പ്പെടുന്നവർക്ക്' വെള്ളക്കുപ്പായവും 20 സ്വർണനാണയവും ചക്രവർത്തി

വാഗ്ദാനം ചെയ്തിരുന്നെന്ന് പറയപ്പെടുന്നു. അങ്ങനെ ഒരു ദുഷിച്ച പാരമ്പര്യത്തിന് ചക്രവർത്തി ആരംഭവും കുറിച്ചു. മാനസാന്തരപ്പെട്ടവർ ക്രിസ്ത്യാനികൾ എന്ന് സ്വയം പറഞ്ഞു നടന്നു. എണ്ണത്തിൽ സഭ വളർന്നു. പക്ഷേ സഭയുടെ പരിശുദ്ധി നഷ്ടപ്പെടാൻ തുടങ്ങി. സഭയുടെ ആരംഭഘട്ടത്തിൽ ഒരു ക്രിസ്ത്യാനിയായിരിക്കുന്നത് ജീവൻ പോലും നഷ്ടപ്പെടുത്തിക്കൊണ്ടായിരുന്നു. ചക്രവർത്തിയുടെ മതമായപ്പോൾ ആ മതാനുയായിയാകുക ഒരു പരിഷ്കാരമായി മാറി.

ക്രിസ്തുമതം ചക്രവർത്തിയുടെ മതമായപ്പോൾ അർഥമില്ലാത്ത ചടങ്ങുകളും ആചാരങ്ങളും അനുഷ്ഠാനങ്ങളും പൂജാക്രമങ്ങളും പുണ്യാളരെ വണക്കവും തിരുശേഷിപ്പുവണക്കവും മറ്റുമായി അധഃപതിച്ചു പോയി. പേഗൻ പ്രതിമകളെയും വിഗ്രഹങ്ങളെയും നിലനിർത്തിക്കൊണ്ട് പത്രോസ്, മേരി മുതലായ പേരുകൾ അവയ്ക്ക് നൽകി ബഹുമാനിച്ചു. ഈസിസ് (Isis) ആരാധകർ ഈസിസ് കന്യകയും ദൈവത്തിന്റെ അമ്മയുമാണെന്ന് വിശ്വസിക്കുന്നു. അതുപോലെ യേശുവിന്റെ അമ്മയായ മറിയമിനെ കന്യകയും ദൈവമാതാവും സ്വർഗരാജ്ഞിയുമാക്കി. പേഗൻ അമ്പലങ്ങളെ ക്രിസ്തീയ പള്ളികളാക്കി. പേഗൻ തിരുനാളുകൾക്ക് ക്രിസ്തീയപേരുകൾ നൽകി. അങ്ങനെ പഴയ പേഗൻ വിശ്വാസത്തിന് പുതിയ പേരു നൽകി. സഭ ലോകത്തെ കീഴടക്കുന്നതിനു പകരം ലോകം സഭയെ കീഴടക്കി.

അതികഠിനമായ മതപീഡനകാലത്ത് ക്രിസ്തുവിന്റെ ദാസരായി ശുശ്രൂഷ ചെയ്തുകൊണ്ട് ക്രിസ്തുവിനെ സാക്ഷ്യപ്പെടുത്തിയവരാണ് ക്രിസ്തുശിഷ്യർ. എന്നാൽ ക്രിസ്തുമതം സാമ്രാജ്യത്തിന്റെ മതമായപ്പോൾ ക്ലേർജികളായ ശുശ്രൂഷകരുടെ അവസ്ഥ പാടേ മാറി. അവർക്ക് വലിയ സ്ഥാനമാനങ്ങളും വേഷവിധാനങ്ങളും ഖജനാവിൽനിന്ന് ശമ്പളവും നികുതിയിളവും പട്ടാളസേവനത്തിൽനിന്ന് ഇളവും ലഭിച്ചു. അതോടെ ക്ലേർജികളുടെ ജീവിതം ധാരാളിത്തം നിറഞ്ഞതായി മാറി. ഇപ്രകാരം വളരെയധികം പ്രയോജനം ലഭിച്ചിരുന്ന ക്ലേർജിസ്ഥാനത്തിന് അപേക്ഷ നൽകാൻ ധാരാളം പേർക്ക് ആഗ്രഹമുണ്ടാകും. അങ്ങനെ തെറ്റായ കാരണങ്ങൾകൊണ്ട് സഭയെ സേവിക്കാൻ ധാരാളം പേർ ക്ലേർജികളായി. ഇന്നും ആ പാരമ്പര്യം തുടരുന്നില്ലേ?

കോൺസ്റ്റന്റൈൻ ക്രിസ്തീയസഭയെ നികുതിയിൽനിന്ന് ഒഴിവാക്കി. സഭയുടെ സ്വത്ത് ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാൻ വേണ്ടിയായിരുന്നു ആ നികുതിയിളവ്. ജീവകാരുണ്യപ്രവർത്തനങ്ങൾക്കുവേണ്ടി സഭ വേണ്ടവിധത്തിൽ ധനം വിനിയോഗിക്കുന്നില്ലെങ്കിലും ഇന്നും ലോകരാഷ്ട്രങ്ങളിലധികവും സഭയ്ക്ക് നികുതിയിളവ് നൽകുന്നുണ്ട്. കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കാലത്തു തുടങ്ങിയ തെറ്റായ പാരമ്പര്യംകൊണ്ട് സഭ ഇന്ന് ലോകത്തിലെ ഏറ്റവും വലിയ പണസമ്പാദന പണ്ടകശാലയായി മാറിയിരിക്കയാണ്.

യേശു ദൈവാരാധനയ്ക്കായി വലിയ പള്ളികൾ സ്ഥാപിച്ചില്ല. തെരഞ്ഞെടുക്കപ്പെട്ട ശിഷ്യന്മാരുമൊത്ത് ഗ്രാമങ്ങൾ തോറും ചുറ്റിനടന്ന് യേശു ദൈവരാജ്യത്തെപ്പറ്റി പ്രസംഗിച്ചു. സ്വർഗസ്ഥനായ പിതാവിനോട് മൗനമായി പ്രാർഥിക്കാൻ യേശു ഉപദേശിച്ചു (മത്താ. 6: 6–7). യേശു പരമപ്രധാനമായ ഒരു പ്രാർഥനയും അവരെ പഠിപ്പിച്ചു (മത്താ. 6: 9–13). പൗലോസ് വേദം പ്രസംഗിച്ച് വിജാതീയരുടെ വീടുകളിൽ സഭകൾ സ്ഥാപിച്ചു. പ്രിസ്ക/അകിലാസ് ദമ്പതികളുടെ വീട്ടിലെ സഭയും (റോമ. 16: 3–5; 1 കോറി. 16: 19), നംഫെയുടെ വീട്ടിലെ സഭയും (കൊളോ. 4: 15), ഫിലേമോന്റെ വീട്ടിലെ സഭയുമെല്ലാം (ഫിലേ. 1: 2) ഇതിന് ഉദാഹരണ ങ്ങളാണ്. എന്നാൽ കോൺസ്റ്റന്റൈൻ റോമിലും ജറുശലേമിലും ബേത്‌ലഹേമിലും കോൺസ്റ്റന്റിനോപ്പിളിലുമെല്ലാം രാജകീയ പ്രൗഢി യുള്ള അതിഗംഭീര ദേവാലയങ്ങൾ പണികഴിപ്പിച്ചു. കഴിഞ്ഞ 16 നൂറ്റാണ്ടു കൾ ആ ദുഷിച്ച പാരമ്പര്യം തുടർന്നുകൊണ്ടിരുന്നു. ഇന്ന് ആ പള്ളികളെ ല്ലാംതന്നെ ശൂന്യമാണ്. എങ്കിലും നമ്മുടെ നാട്ടിൽ ആ ദുഷിച്ച പാരമ്പര്യം പുനർജനിച്ചിരിക്കയാണ്.

ആറുദിവസത്തെ സൃഷ്ടികർമത്തിനു ശേഷം എല്ലാ പ്രവൃത്തികളിൽ നിന്നും വിരമിച്ച് ഏഴാം ദിവസം ദൈവം വിശ്രമിച്ചു (ഉൽപ. 2: 1–3). അതിന്റെ ഓർമയ്ക്കായി യഹൂദർ ആ ദിവസം സാബത്ത് ദിനമായി ആചരിക്കുന്നു. എന്നാൽ യഹൂദ പാരമ്പര്യപ്രകാരം ആഴ്ചയുടെ ഏഴാം ദിവസം സാബത്തായി ആചരിച്ചിരുന്നതിനെ കോൺസ്റ്റന്റൈൻ തന്റെ സാമ്രാജ്യത്തിൽ വിശ്രമദിവസമായി ആഴ്ചയുടെ ഒന്നാം ദിവസമായ സൺഡെയിലേക്ക് (Dies Solis, Sunday) 321–ലെ ഒരു പ്രഖ്യാപനം വഴി (Codex Justinianus, III. 12. 2) മാറ്റി. Sunday സൂര്യാരാധനയുടെ ദിവസം കൂടിയാണ്. സൂര്യാരാധകരായ പേഗൻസിനെ പ്രസാദിപ്പിക്കാനായിരി ക്കണം കോൺസ്റ്റന്റൈൻ ഇത്തരം ഒരു പ്രഖ്യാപനം നടത്താൻ തീരുമാ നിച്ചത്. Sunday യഥാർഥത്തിൽ Sonday ആയിരിക്കേണ്ടതായിരുന്നു. കാരണം ദൈവപുത്രൻ പുനരുത്ഥാനം ചെയ്തത് ആഴ്ചയുടെ ഒന്നാം ദിവസമായിരുന്നു (മർക്കോ. 16: 2–8; യോഹ. 20: 1–18; ലൂക്കോ. 24: 1–12). അന്ന് വൈകുന്നേരം അതായത് ആഴ്ചയുടെ ഒന്നാം ദിവസംതന്നെ വൈകുന്നേരം തന്റെ ശിഷ്യന്മാർക്ക് കർത്താവ് പ്രത്യക്ഷപ്പെട്ടു (യോഹ. 20: 19–23). അന്ന് തോമാ അവിടെ ഉണ്ടായിരുന്നില്ല. എട്ടു ദിവസങ്ങൾക്കു ശേഷം ആഴ്ചയുടെ ഒന്നാം ദിവസം കർത്താവ് ശിഷ്യന്മാർക്ക് വീണ്ടും പ്രത്യക്ഷപ്പെട്ടു (യോഹ. 20: 26–29). അന്ന് തോമായും അവിടെ ഉണ്ടായി രുന്നു. ഏഴ് ആഴ്ചകൾക്കുശേഷം ആഴ്ചയുടെ ഒന്നാം ദിവസമായ പന്തക്കുസ്താദിനത്തിൽ പരിശുദ്ധാത്മാവിന്റെ ആവാസം ശിഷ്യരുടെ മേലുണ്ടായി (അപ്പോ. പ്രവ. 2: 1–3). കൂടാതെ ക്രിസ്ത്യാനികൾക്ക് ആഴ്ചയുടെ ഒന്നാം ദിവസം ആരാധനദിവസവുമായിരുന്നു (അപ്പോ. പ്രവ. 20: 7; 1 കോറി. 16: 2).

ഉദിച്ചുയരുന്ന സൂര്യന്റെ രശ്മികൾ ആനവാതുക്കലേക്ക് അടിക്കാനായി റോമിലെ വിശുദ്ധ പത്രോസിന്റെ ബസലിക്കാ കിഴക്കോട്ട് അഭിമുഖമായിട്ടാണ് നാലാം നൂറ്റാണ്ടിൽ കോൺസ്റ്റന്റൈൻ പണികഴിപ്പിച്ചത്. സൺഗോഡിനോടുള്ള പ്രതിപത്തിയായിരിക്കാം അതിനു കാരണം. പോപ്പ് ലിയോ ഒന്നാമൻ (Pope Leo I, 440-461) ദേവാലയകവാടത്തിൽ സൂര്യനെ ആരാധിക്കരുതെന്ന് വിശ്വാസികളെ ഉപദേശിച്ചിരുന്നു.

യേശുക്രിസ്തുവിന്റെ ജന്മദിനാഘോഷവും (Christmas) ഉയിർത്തെഴുന്നേല്പുതിരുനാളും (Easter) ഏതു ദിവസങ്ങളിലാണ് വർഷംതോറും ആഘോഷിക്കണ്ടതെന്ന് കോൺസ്റ്റന്റൈൻ ചക്രവർത്തി അധ്യക്ഷനായി കൂടിയ നിക്യാ കൗൺസിലിൽ വച്ചാണ് തീരുമാനിച്ചത്.

വിശുദ്ധഗ്രന്ഥത്തിൽനിന്ന് യേശുക്രിസ്തുവിന്റെ ജന്മദിനം എന്നാണെന്ന് മനസ്സിലാക്കാൻ സാധിക്കയില്ല. യേശുവിനെ മറിയം പ്രസവിച്ച സമയത്ത് ആട്ടിടയന്മാർ പുറംവയലുകളിൽ വെളിമ്പ്രദേശത്ത് തങ്ങളുടെ ആട്ടിൻകൂട്ടത്തെ രാത്രിയിൽ കാത്തുകിടന്നിരുന്നു എന്ന് ലൂക്കോസിന്റെ സുവിശേഷത്തിൽ നാം വായിക്കുന്നുണ്ട് (ലൂക്കോ. 2: 8). അതിന്റെ വെളിച്ചത്തിൽ യേശു ജനിച്ചത് വസന്തകാലത്താണെന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല. എങ്കിലും യേശുവിന്റെ ജനനത്തീയതി കൃത്യമായി അറിയാൻ യാതൊരു മാർഗവുമില്ല. ഒന്നും രണ്ടും നൂറ്റാണ്ടുകളിൽ യേശുവിന്റെ ജന്മദിനം ആഘോഷിച്ചിരുന്നതിന് തെളിവുകളൊന്നുമില്ല. ആ കാലഘട്ടത്തെ ലിഖിതങ്ങളിൽ ഒന്നിലും ആ ദിനത്തെ സംബന്ധിച്ച് പരാമർശിക്കുന്നില്ല. യേശുവിന്റെ ജന്മദിനം ഡിസംബർ 25 ആയി ആദ്യം കാണപ്പെടുന്നത് റോമൻ പഞ്ചാംഗത്തിലാണ് (The Philocalian Calendar, Roman almanac December 25: natus Christus in Betleem of Judeae, Christ was born in Bethlehem of Judea). ഡിസംബർ 25 പേഗൻ സോളാർ തിരുനാൾ ദിവസമായി ആചരിച്ചിരുന്നു. ആ ദിവസം തന്നെ ക്രിസ്തുവായ ദൈവത്തിന്റെ ജന്മദിനമായി കോൺസ്റ്റന്റൈൻ തെരഞ്ഞെടുത്തിരുന്നിരിക്കണം. കാരണം പേഗൻ വിശ്വാസികളെയും ക്രിസ്തീയവിശ്വാസികളെയും ഒന്നുപോലെ പ്രീതിപ്പെടുത്താൻ ഈ തീരുമാനം ഉതകുമായിരുന്നു. ഈസ്റ്റർ സൺഡെയും എന്നായിരിക്കണമെന്ന് കൗൺസിൽ തീരുമാനിച്ചു. ഈസ്റ്റർ കൃത്യമായ ഒരു തീയതിയിലല്ല ആചരിക്കപ്പെടുന്നത്. അത് മാറി മാറി വരും. കാരണം Easter Sunday established as the first Sunday after the full moon (the Paschal Full Moon) following the northern hemisphere's vernal equinox. Ecclesiastically, the equinox is reckoned to be March 21 and the 'Full Moon' is not necessarily the astronomically correct date. The date of Easter, therefore, varies between March 22 and April 25.

സഭയെ വിശേഷിപ്പിക്കാൻ കോൺസ്റ്റന്റൈൻ 'കാത്തലിക്' എന്ന പദം കൂടെക്കൂടെ ഉപയോഗിക്കുമായിരുന്നു. കാത്തലിക് എന്ന പദത്തിന് സാർവത്രികമായ (universal) എന്ന അർഥമാണുള്ളത്. എല്ലാ ജനതയും ക്രിസ്തീയവിശ്വാസം സ്വീകരിക്കണമെന്നും അതോടെ സാമ്രാജ്യത്തിൽ യോജിപ്പുണ്ടാകുമെന്നും ചക്രവർത്തി വിശ്വസിച്ചു. ഇന്ന് നമുക്ക് കത്തോലിക്കസഭയെ നന്നായറിയാം. സഭയിലെ ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും നിയമനടപടിക്രമങ്ങളുടെയും പഠനങ്ങളുടെയുമെല്ലാം ആരംഭം കോൺസ്റ്റന്റൈന്റെ കാലത്താണ്. സഭയുടെ തായ്‌വേര് ക്രിസ്തുവിനുപകരം കോൺസ്റ്റന്റൈൻ ആയിപ്പോയി. അങ്ങനെ കത്തോലിക്കസഭയുടെ ആഢ്യത്തത്തിന്റെയും പാരമ്പര്യങ്ങളുടെയും ആരംഭം കുറിച്ചത് കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ മാനസാന്തരത്തോടെയാണ്. അതോടെ വിശുദ്ധ പുരോഹിതജനമായ (1 പത്രോ. 2: 5) അല്മായരും ശുശ്രൂഷാ പുരോഹിതരായ സഭാനേതാക്കന്മാരുമായുള്ള സഹപ്രവർത്തനം അഥവാ പങ്കാളിത്തം നശിച്ചുതുടങ്ങി. അങ്ങനെ റോമിൽത്തന്നെ കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കാലത്ത് സഭയുടെ ശാശ്വതമായ അപചയം ആരംഭിച്ചു.

## യേശുവിന്റെ അമ്മയായ മറിയം

മറിയമിനെ സംബന്ധിച്ച താഴെക്കൊടുക്കുന്ന സിദ്ധാന്തങ്ങൾ കത്തോലിക്കസഭയിലെ വിശ്വാസസത്യങ്ങളിൽപെട്ടതാണ്: യേശുവിന്റെ അമ്മയായ മറിയം ദൈവമാതാവാണ് (Mother of God, Council of Ephesus in 431) നിത്യ കന്യകയാണ് (Perpetual Virginity, Council of Lateran in 649), ജന്മപാപരഹിത ഗർഭധാരണഫലമാണ് (Immaculate Conception, Pope Pius IX, Ineffabilis Deus, 1859), ആത്മശരീരങ്ങളോടെ സ്വർഗത്തിലേക്ക് എടുക്കപ്പെട്ടവളാണ് (The Assumption, Pope Pius XII, Munificentissimus Deus, 1950). സ്വർഗീയപിതാവിന്റെ വലതുഭാഗത്തിരിക്കുന്ന സ്വർഗരാജ്ഞിയായ മറിയം ക്രിസ്ത്യാനികളുടെ മധ്യസ്ഥയാണ്; നിത്യസഹായമാതാവാണ്. എന്നാൽ വിശുദ്ധഗ്രന്ഥം മറിയമിനെ സംബന്ധിച്ച് നമ്മെ പഠിപ്പിക്കുന്നത് വേറൊന്നാണ്. മറിയവും മറ്റെല്ലാ മനുഷ്യരെയുംപോലെ പാപിനിയാണ്. അവൾക്കും രക്ഷകന്റെ ആവശ്യമുണ്ട്. "എന്റെ അരൂപി എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു" (ലൂക്കോ. 1: 47). ഈ സ്തുതിഗീതമാണ് മറിയം എലിസബത്തിന്റെ മുമ്പിൽ പാടിയത്. അവളുടെ പാപപരിഹാരത്തിനായി അവൾ യാഗമർപ്പിച്ചു (ലൂക്കോ. 2: 24). യേശു മറിയമിന്റെ കടിഞ്ഞൂൽപുത്രനാണെന്ന് ലൂക്കോസ് സാക്ഷ്യപ്പെടുത്തുന്നുണ്ട് (ലൂക്കോ. 2: 7). കാരണം, മറിയമിന് പിന്നീട് പല കുട്ടികൾ ജനിച്ചിട്ടുണ്ട്. (മത്തായി 12: 46–47; 13: 55; 27: 56; മർക്കോ. 3: 31–32; 6: 3; 15: 40; യോഹ. 2: 12; അപ്പോ. പ്രവ. 1: 14; ഗാലാ. 1: 19; 1 കോറി. 9: 5). ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയ്ക്ക് ഒരു മധ്യസ്ഥനേയുള്ളൂ. അതു മറിയമല്ല,

കർത്താവാണ് (1 തിമൊ. 2: 5). വിശുദ്ധഗ്രന്ഥത്തിൽ മറിയമിനെ അവസാനമായി നാം കാണുന്നത് അവൾ അപ്പോസ്തലന്മാരോടൊപ്പം പ്രാർഥിക്കുന്നവളായിട്ടാണ് (അപ്പോ. പ്രവ. 1: 14). അപ്പോസ്തലന്മാർ മറിയമിനോട് പ്രാർഥിച്ചതായി കാണുന്നില്ല. ബൈബിൾ മറിയമിനെ മറ്റാരെയുംകാൾ ഉന്നതപദവിയിലേക്ക് ഉയർത്തിയിട്ടില്ല.

## ശുദ്ധീകരണസ്ഥലം

പാപത്തിൽനിന്നു ശുദ്ധീകരിക്കാനായി ഒരാത്മാവ് ശുദ്ധീകരണസ്ഥലത്തു കിടന്ന് പാപപരിഹാരം ചെയ്യണമെന്നും അതിനുശേഷമേ സ്വർഗം പ്രാപിക്കുകയുള്ളൂ എന്നും കത്തോലിക്കസഭ പഠിപ്പിക്കുന്നു. ശുദ്ധീകരണത്തിന്റെ വേഗത വർധിപ്പിക്കാൻ പുരോഹിതർക്ക് കുർബ്ബാനപ്പടി നൽകി ദിവ്യബലി അർപ്പിക്കാമെന്നും സഭ പഠിപ്പിക്കുന്നു. പോപ്പ് ഗ്രിഗറിയുടെ കാലത്താണ് (540–604) ഈ മതനിന്ദയ്ക്ക് ആരംഭം കുറിച്ചത്. സുവിശേഷാധിഷ്ഠിതമായ യാതൊരു ന്യായങ്ങളും ഈ ദുഷിച്ച പാരമ്പര്യത്തിന്റെ പിന്നിലില്ല. തന്നെയുമല്ല, യേശു അവിശ്വാസികളുടെ ഇത്തരം ആചാരങ്ങളെക്കുറിച്ച് മുന്നറിയിപ്പുപോലും നല്കിയിട്ടുണ്ട്. "നിങ്ങൾ സ്വർഗരാജ്യം മനുഷ്യരുടെ മുമ്പിൽ അടച്ചുകളയുന്നു. നിങ്ങൾ അവിടെ പ്രവേശിക്കുന്നില്ല, പ്രവേശിക്കാൻ തുനിയുന്നവരെ അതിന് അനുവദിക്കുന്നതുമില്ല" (മത്താ. 23: 23–14).

## പേപ്പസിയും പൗരോഹിത്യവും

പൗരോഹിത്യ വരേണ്യവർഗം ക്രിസ്തുപഠനപ്രസ്ഥാനത്തെ ശാസനാപരമായ അനേക സിദ്ധാന്തങ്ങൾകൊണ്ട് ഒരു മതസാമ്രാജ്യമാക്കിയതോടെ ക്രൈസ്തവധർമം അധഃപതിച്ചുപോയി. യഥാർഥ ക്രിസ്തീയ വിശ്വാസി സഭയിൽ പൗരാവകാശമില്ലാത്ത, അറിവില്ലാത്ത അല്മായനായിത്തീർന്നു. അടിത്തട്ടിലാണ് സഭയിൽ അവർക്കു സ്ഥാനം. ശുശ്രൂഷാധികാരമുള്ളവർ ഭരണാധികാരികളായി. യേശുപഠനങ്ങളെ വികലമാക്കി കീഴ്മേൽ മറിച്ച് പുരോഹിതർ പ്രമാണിവർഗമായി. ക്രിസ്തുമതം ക്രിസ്തുപഠനങ്ങളിലേക്ക് തിരിച്ചുവരണമെങ്കിൽ സഭ പതിനേഴു നൂറ്റാണ്ടുകൾ പുറകോട്ടു പോയി ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളെ ആശ്ലേഷിക്കണം. മുമ്പോട്ടു കുതിക്കാൻ പുറകോട്ടു നോക്കുക. കോൺസ്റ്റന്റൈന്റെ മതമായപ്പോൾ ക്രിസ്തുപഠനങ്ങൾ തെറ്റായ ഒരു പരിണാമത്തിലേക്ക് വഴിതിരിഞ്ഞതാണിതിനു കാരണം.

"എന്റെ രാജ്യം ഐഹികമല്ല" (യോഹ. 18: 36) എന്ന് യേശു വ്യക്തമായ ഭാഷയിൽ പീലാത്തോസിന്റെ ചോദ്യത്തിന് മറുപടി നല്കി. എങ്കിലും ഇന്നു പോപ്പ് മതപരവും രാഷ്ട്രീയവുമായ എല്ലാ അധികാരങ്ങളോടും കൂടി വാണരുളുന്നു. പേപ്പസിയുടെ മുന്നേറ്റം സഭയുടെ

അധഃപതനത്തിന്റെ ആരംഭമായിരുന്നു. 1870-ലെ അപ്രമാദിത്വവിളംബരം വഴി മാർപാപ്പാ റോമൻ കത്തോലിക്കസഭയുടെ ആധ്യാത്മിക സ്വേച്ഛാധികാരിയായി മാറി.

"നീ പത്രോസാകുന്നു. ഈ പാറയിൽ എന്റെ സഭ ഞാൻ കെട്ടിപ്പടുക്കും" (മത്താ. 16 : 18) എന്നു പറഞ്ഞുകൊണ്ട് പത്രോസിനെ ആദ്യത്തെ പാപ്പായായി യേശു നിയമിച്ചു എന്ന് റോമൻ കത്തോലിക്കസഭ അവകാശപ്പെടുന്നുണ്ട്. എന്നാൽ പത്രോസുതന്നെ സാക്ഷ്യപ്പെടുത്തുന്നത് താൻ യേശുവിന്റെ അപ്പോസ്തലനാണെന്നാണ് (1 പത്രോ. 1 : 1-2). സഭയുടെ തലവനാണന്നോ പാപ്പായാണെന്നോ പത്രോസ് ആരോടും പറഞ്ഞിട്ടില്ല. പത്രോസ് മൂപ്പന്മാരെ ഉപദേശിക്കുന്നതുതന്നെ ഇപ്രകാരമാണ്: "അതു നിങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്നവരുടെ മേൽ അധികാരഗർവോടെയല്ല, അജഗണത്തിനു മാതൃകയാകത്തക്കവണ്ണം ആയിരിക്കണം" (1 പത്രോ. 5 : 3). പത്രോസിന്റെ റോമാവാസം ബൈബിളിൽ നാം കാണുന്നില്ല.

റോമൻ ഭരണാധികാരികളുടെ കടുത്ത മതപീഡനത്തെ (65-300) നേരിട്ട ആദിമസഭ 313-ൽ റോമൻ ചക്രവർത്തിയായ കോൺസ്റ്റന്റൈന്റെ കീഴിലായി. ചക്രവർത്തി സഭയുടെ തലവനായി. ക്രിസ്തുമതം റോമൻ സമ്രാജ്യത്തിന്റെ ഔദ്യോഗികമതമായി. അതോടെ പുതിയനിയമപഠനങ്ങളിൽ അധിഷ്ഠിതമായ സഭാഭരണസമ്പ്രദായത്തിൽ നിന്നും ആരാധനശീലങ്ങളിൽ നിന്നും സഭ സാവധാനം അകന്നുപോയി.

ബാബിലോണിലെ അജ്ഞാതദേവമതത്തിന്റെ (Pagan mystery religion) വേരുകളും റോമൻസഭയിൽ ഓടാൻ തുടങ്ങി. സഭാമൂപ്പന്മാർ മെത്രാന്മാരായി (bishops). സഭാകൂട്ടായ്മകൾ രൂപതകളായി (diocese). സഭാശുശ്രൂഷകർ (ministers) ശുശ്രൂഷാപുരോഹിതരായി (priests). ലളിതമായിരുന്ന കർത്താവിന്റെ മേശയാചരണം പേഗൻ ആരാധനകളുടെ ശൈലിയിലായി. അങ്ങനെ പേഗനിസമാകുന്ന ചാറ്റമഴ നനഞ്ഞ് വളർന്നതാണ് ഇന്നു കാണുന്ന റോമൻ കത്തോലിക്കസഭ. റോമിലെ ഒന്നാമത്തെ പോപ്പ് മിക്കവാറും ലെയോ ഒന്നാമൻ (Leo I, 440-461) ആയിരിക്കാനാണ് സാധ്യത. ദൈവഹിതത്തിനെതിരായ ഈ തേർവാഴ്ചയുടെ ആരംഭം ചരിത്രത്തിലെ ഇരുണ്ട യുഗങ്ങളായി (500-1500) മാറി. ബൈബിളിലധിഷ്ഠിതമായ ക്രിസ്തുമതത്തെ (ആദിമസഭ) ശവപ്പെട്ടിയിലാക്കി ആണി അടിച്ചുകയറ്റി കുഴിച്ചുമൂടി. ക്രിസ്തുമതം പോപ്പിന്റെയും മെത്രാന്മാരുടെയും പുരോഹിതരുടെയും കൈപ്പിടിയിലൊതുങ്ങിയ 'ദുർഭരണത്തിന്റെ ക്രിസ്തീയത' യായി മാറി. വേദപുസ്തകാടിസ്ഥാനത്തിലുള്ള ക്രിസ്തീയത റോമാസാമ്രാജ്യത്തിൽ നിയമവിരുദ്ധമായി. ബൈബിളിൻ പ്രകാരം പേപ്പസിയോ പൗരോഹിത്യമോ സഭയിൽ ഇല്ല. യേശുക്രിസ്തുവാണ് നമ്മുടെ മഹാപുരോഹിതൻ (എബ്രാ. 3: 1; 4: 14-15; 8: 1). എല്ലാ ക്രിസ്ത്യാനികളും വിശുദ്ധ പുരോഹിതജനമാണ് (1 പത്രോ 2: 5). ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാ ക്രിസ്ത്യാനികളും ക്രിസ്തുയേശുവിൽ വിശുദ്ധീകരിക്ക

പ്പെട്ടവരാണ് (എബ്രാ. 10: 10–11). അതുകൊണ്ടുതന്നെ പുരോഹിതസ്ഥാനം സഭയിൽ അനാവശ്യവും ബൈബിൾവിരുദ്ധവുമാണ്.

'ക്രൈസ്തവം' എന്നു വിശേഷിപ്പിക്കപ്പെടുന്ന യൂറോപ്യൻ രാജ്യങ്ങളിലെ പള്ളികളെല്ലാം തന്നെ, രാജ്യത്തിന്റെ ഖജനാവിൽ നിന്നു പണം മുടക്കി അവിടങ്ങളിലെ രാജാക്കന്മാർ പ്രജകൾക്ക് ദാനമായി പണിയിച്ചു കൊടുത്തവയാണ്. അവിടത്തെ പള്ളികളുടെ ഭരണകാര്യങ്ങളിൽ വിശ്വാസിസമൂഹത്തിന് അവകാശങ്ങളൊന്നും ഇല്ലാതെ പോയതിന്റെ കാരണവും അതായിരുന്നു.

## ദിവ്യബലി (The Mass)

യേശു തന്റെ അവസാനത്തെ പെസഹാ ബന്ധുമിത്രാദികളും ശിഷ്യന്മാരുമൊത്ത് ആചരിച്ചു. ആ അവസരത്തിൽ തന്റെ ഓർമയ്ക്കായി ആ മേശയാചരണം ലോകാവസാനംവരെ തുടരണമെന്ന പുതിയ ഉടമ്പടി യേശു അവർക്കു നല്കി (മത്താ. 26: 26–28; 1 കോറി 11: 23–26). കർത്താവിന്റെ ആ കല്പനപ്രകാരം മേശയാചരണം ക്രിസ്ത്യാനികൾ ഭവനകൂട്ടായ്മകളിൽ പതിവായി നടത്തിക്കൊണ്ടിരുന്നു. ലളിതമായിരുന്ന ആ ആചരണം പിന്നീട് കത്തോലിക്കസഭ കർത്താവിന്റെ ബലിയാക്കി മാറ്റി. ദിവ്യബലി കർത്താവിന്റെ യാഗത്തിന്റെ (sacrifice) തുടർച്ചയാണെന്നും സഭ പഠിപ്പിക്കുന്നു. ആ യാഗം രക്തം ചിന്താതെയുള്ള യാഗമാണ്. അപ്പവും വീഞ്ഞുമാണ് അതിന്റെ ഘടകങ്ങൾ. ക്രിസ്തു അത്തരം ഒരു ഉടമ്പടി ശിഷ്യന്മാർക്ക് ഒരിക്കലും നല്കിയിട്ടില്ല. മേലുദ്ധരിച്ച മത്തായിയുടെ സുവിശേഷവും പൗലോസിന്റെ കോറിന്തോസുകാർക്കെഴുതിയ ലേഖനവും പരിശോധിച്ചാൽ അത് വ്യക്തമാകും. കർത്താവിന്റെ മേശയാചരണം കർത്താവിന്റെ ഓർമയ്ക്കായി (memorial) ചെയ്യണമെന്നേ പുതിയ ഉടമ്പടിയിലുള്ളൂ. അതൊരു യാഗമല്ല. അപ്പവും വീഞ്ഞും കർത്താവിന്റെ മാംസവും രക്തവുമായി രൂപാന്തരപ്പെടുന്നില്ല. കത്തോലിക്കസഭയുടെ പഠനമനുസരിച്ച് യഥാർഥത്തിൽ കർത്താവിന്റെ മാംസം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയുമാണ് വിശുദ്ധ കുർബ്ബാനയിൽ വിശ്വാസികൾ ചെയ്യുന്നത് (literal eating and drinking of the literal flesh and blood of Jesus Christ). അപ്രകാരമുള്ള അനുഷ്ഠാനത്തെ സംബന്ധിച്ച ദൈവവചനം എപ്രകാരമാണെന്ന് നമുക്കു പരിശോധിക്കാം: "ഇസ്രായേൽ ഗോത്രത്തിൽപെട്ടവരോ അവരുടെ ഇടയിൽ പ്രവസിക്കുന്നവരോ, ഏതിന്റെയെങ്കിലും രക്തം ഭക്ഷിച്ചാൽ ഞാൻ അവരിൽ നിന്നും മുഖം തിരിക്കും. സ്വജനങ്ങളിൽ നിന്ന് അവരെ ഞാൻ പുറം തള്ളും. ജഡത്തിന്റെ പ്രാണൻ രക്തത്തിലാണല്ലോ. നിങ്ങൾക്കുവേണ്ടി ബലിപീഠത്തിൽ പ്രായശ്ചിത്തം ചെയ്യാൻ അതു ഞാൻ നിങ്ങൾക്കു നല്കിയിരിക്കുന്നു. രക്തംകൊണ്ട് പ്രായശ്ചിത്തം ചെയ്യണം. പ്രാണൻ രക്തത്തിലാണല്ലോ. അതുകൊണ്ടാണു നിങ്ങളും നിങ്ങളുടെ ഇടയിൽ പ്രവസിക്കുന്നവരും രക്തം

ഭക്ഷിക്കരുതെന്ന് ഇസ്രായേൽ ജനങ്ങളോടു ഞാൻ കല്പിച്ചത്" (ലേവി. 17: 10–12). "അതായത് വിഗ്രഹങ്ങൾക്ക് ബലിയായി അർപ്പിച്ചവ, രക്തം, ശ്വാസം മുട്ടിച്ചു കൊല്ലപ്പെട്ടവ, വ്യഭിചാരം എന്നിവയിൽനിന്ന് നിങ്ങൾ അകന്നിരിക്കുകതന്നെ വേണം" (അപ്പോ. പ്രവ. 15: 29). അപ്പോൾ വിശുദ്ധ ഗ്രന്ഥത്തിൽ രക്തം കുടിക്കുന്നതിനെ പരിപൂർണമായി വിലക്കിയിരിക്കുന്നു.

ദിവ്യബലി കർത്താവിന്റെ യാഗത്തിന്റെ തുടർച്ചയാണെന്നാണ് റോം പഠിപ്പിക്കുന്നത്. എന്നാൽ വിശുദ്ധ ഗ്രന്ഥത്തിൽ കർത്താവിന്റെ കാൽവരിയിലെ യാഗം പാപങ്ങൾക്കുവേണ്ടി ക്രിസ്തുവിന്റെ ഏകബലിയാണെന്ന് കാണുന്നു. ഒരിക്കലും പാപങ്ങൾ നീക്കിക്കളയാൻ സാധിക്കാത്ത ബലി പുരോഹിതർ നിരന്തരം അർപ്പിക്കുന്നെങ്കിലും പാപങ്ങളെ നീക്കിക്കളയുന്ന ഏകബലി ക്രിസ്തുവാണ് അർപ്പിച്ചത്. എബ്രായക്കാർക്കുള്ള ലേഖനത്തിൽ അത് വ്യക്തമാക്കിയിട്ടുണ്ട്. "ആ തിരുഹിതത്താൽ, യേശുക്രിസ്തുവിന്റെ ശരീരം എന്നെന്നേക്കുമായി ഒരിക്കൽ ബലിയർപ്പിക്കപ്പെട്ടതുവഴി, നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. ഒരിക്കലും പാപങ്ങൾ നീക്കിക്കളയാൻ കഴിയാത്ത ഒരേ ബലികൾതന്നെ വീണ്ടും വീണ്ടും അർപ്പിച്ചുകൊണ്ട് ഓരോ പുരോഹിതനും നിത്യവും ശുശ്രൂഷ ചെയ്തു നില്ക്കുന്നു. എന്നാൽ ക്രിസ്തു പാപങ്ങൾക്കുവേണ്ടി എന്നന്നേക്കുമുള്ള തന്റെ ഏകബലി അർപ്പിച്ചശേഷം ദൈവത്തിന്റെ വലതുഭാഗത്ത് ഉപവിഷ്ടനായി..." (എബ്രാ. 10: 10–12).

# 4

# ആഗോളസഭാ സംവിധാനത്തിലുണ്ടായ അപചയം

**കോ**ൺസ്റ്റന്റൈൻ ചക്രവർത്തി ക്രിസ്തുമതത്തിന് സ്വാതന്ത്ര്യം നൽകി രാജകീയമതമായി പ്രഖ്യാപിച്ചതോടെയാണ് (Edict of Milan, 313) സാമ്രാജ്യത്തിലെ ക്രിസ്തുമതാനുയായികളുടെ എണ്ണം വർധിച്ചത്. ചക്രവർത്തിയുടെ കല്പനയിൽ ക്രിസ്തു ആരാധകരായി മാറിയത് റോമൻ ചക്രവർത്തിയെ ദൈവമായി ആരാധിച്ചിരുന്നവരും ഭയപ്പെട്ടിരുന്നവരുമാണ്.

റോമൻസാമ്രാജ്യം മൂന്നു നൂറ്റാണ്ടുകാലം എങ്ങിനെ ക്രിസ്ത്യാനികളെ വേട്ടയാടിയോ, അതേ തീവ്രതയോടെ, സംഘടിതക്രൈസ്തവമതം ക്രൈസ്തവേതര ദൈവോപാസനകളെ പിന്നീട് തൂത്തുനീക്കി. മതപീഡനം അനുഭവിച്ചവർ മതപീഡകരായി! റോമൻ സാമ്രാജ്യത്തിന്റെ അധികാര അതിർത്തിവരമ്പുകൾ ക്രിസ്തുമതമേഖലയുടെയും അതിർത്തിവരമ്പുകളായത് അങ്ങനെയാണ്. റോമാ സാമ്രാജ്യവും ക്രിസ്തുമതവും ഒരുമിച്ച് ഇഴുകിച്ചേർന്ന ഒരു രാജകീയ ഭരണവ്യവസ്ഥയാണ് യൂറോപ്പിലെമ്പാടും വ്യാപിച്ചത്.

രണ്ടാം അദ്ധ്യായത്തിൽ സൂചിപ്പിച്ചതുപോലെ, ആദിമസഭയിൽ മൂപ്പന്മാരെ തെരഞ്ഞെടുത്തു നിയമിക്കാനുള്ള അവകാശം വിശ്വാസികളുടെ കൂട്ടായ്മയിൽ നിക്ഷിപ്തമായിരുന്നു. അതിൻപ്രകാരം, പ്രാദേശികസഭകളുടെ മൂപ്പന്മാരുടെ അംഗീകാരത്തോടെ, അതതു സഭകൾ മൂപ്പന്മാരെ നിയമിച്ചുപോന്നു. 4-ാം നൂറ്റാണ്ടിൽ സഭ രാജകീയ പരിവേഷമണിഞ്ഞതോടുകൂടിയാണ് മൂപ്പന്മാരെ നിയമിക്കാനുള്ള അധികാരം ചക്രവർത്തിമാരും രാജാക്കന്മാരും വിശ്വാസികളിൽനിന്നു തട്ടിയെടുത്തത്. യൂറോപ്പിൽ

മെത്രാന്മാർക്ക് രാജാക്കന്മാർ പ്രാദേശിക ഭരണാധികാരം നൽകി. ഫാ. സേവ്യർ കൂടപ്പുഴ ഇങ്ങനെ എഴുതുന്നു: "പ്രഭുക്കന്മാർ സ്വന്തം ആൾക്കാരെ രൂപതകളിലും ആശ്രമങ്ങളിലും വാഴിച്ചുപോന്നു. നോർമണ്ടിയിലെ (Normandy) പ്രഭു റിച്ചാർഡ് ഒന്നാമൻ (Richard I) തന്റെ മക്കൾക്കു പങ്കുവെച്ചുകൊടുത്തത് രൂപതകളായിരുന്നു! ഫ്രാൻസിലും, ബർഗൻഡിലും (Burgundy) രൂപതകളും മറ്റും കുടുംബവസ്തുക്കളായി മാറി; അവയുടെ ഭരണം പിൻതുടർച്ചാവകാശികൾക്കും! തെരഞ്ഞെടുപ്പ് നടന്നിരുന്നിടത്ത് അക്രമവും കൈക്കൂലിയും സർവസാധാരണമായി. ഒരു പ്രഭുവിന്റെ പതിനാറുവയസ്സുമാത്രം പ്രായമുള്ള മകൻ മാർപാപ്പായാകുന്നു. മറ്റൊരു പ്രഭുവിന്റെ പത്തു വയസ്സുള്ള മകനുവേണ്ടി നാർബോണിലെ (Narbonne) അതിരൂപത വാങ്ങുന്നു. ഭീമമായ തുക കൊടുത്ത് അതിരൂപത വാങ്ങിയതുമൂലമുണ്ടായ കടം വീട്ടാൻ ഭൂമി, കൊട്ടാരം മുതലായവ വിൽക്കുന്നു. ഇപ്രകാരമുള്ള ദുർനടപടികൾ സാധാരണവും ന്യായവുമായി കരുതപ്പെട്ടു. മെത്രാന്മാരെ നിയമിക്കുകയും സ്ഥാനഭ്രഷ്ടരാക്കുകയും ചെയ്യുക രാജാവിന്റെ അവകാശമായി. മെത്രാന്മാരുടെ തെരഞ്ഞെടുപ്പ് നാമമാത്രമായി. രാജാവ് തനിക്കിഷ്ടമുള്ളവരെ മെത്രാൻസ്ഥാനത്തേക്കു നിർദേശിക്കുകയും ഇഷ്ടമില്ലാത്തവരെ സ്ഥാനഭ്രഷ്ടരാക്കുകയും ചെയ്തുപോന്നു. രാജാവിന് വിൽക്കാനും, സ്ത്രീധനം കൊടുക്കാനും, ദാനം ചെയ്യാനുമുള്ള വസ്തുക്കളായി മാറി രൂപതകൾ. മെത്രാനെ നിയമിക്കുന്നതിനുള്ള അവകാശങ്ങൾ സാമ്പത്തികലാഭത്തിനുവേണ്ടി ദുരുപയോഗിക്കപ്പെട്ടു."[9]

റോമാസാമ്രാജ്യം രണ്ടായി വിഭജിക്കപ്പെട്ടപ്പോൾ റോമൻ മാർപാപ്പായുടെ മതഭരണമേഖല പാശ്ചാത്യറോമൻസാമ്രാജ്യത്തിന്റെ അതിർത്തിക്കുള്ളിൽ ഒതുങ്ങുന്നതായിത്തീർന്നു. പൗരസ്ത്യറോമൻസാമ്രാജ്യത്തിലെ മതഭരണം കോൺസ്റ്റന്റിനോപ്പിൾ, അലക്സാൻഡ്രിയ, അന്ത്യോക്യാ, ജെറുശലേം എന്നിങ്ങനെ നാല് പാത്രിയർക്കേറ്റുകളുടെ കീഴിലായിരുന്നു. റോമാ ഉൾപ്പെടെയുള്ള ഈ അഞ്ചു പാത്രിയാർക്കാമാരിൽ ഒന്നാംസ്ഥാനം പാശ്ചാത്യറോമാസാമ്രാജ്യത്തിന്റെ തലസ്ഥാനമായ റോമിലെ പാത്രിയാർക്കീസിനും രണ്ടാംസ്ഥാനം പൗരസ്ത്യറോമാസാമ്രാജ്യത്തിന്റെ തലസ്ഥാനമായ കോൺസ്റ്റന്റിനോപ്പിളിലെ പാത്രിയാർക്കീസിനും നൽകിയതു ചക്രവർത്തിയാണ്.

റോമൻസാമ്രാജ്യഘടന അധികാരപരമായിരുന്നു. അധികാരപരമായ ഈ ഘടനയെ യേശു തന്റെ സഭയ്ക്കുള്ളിൽ പൂർണമായും നിരാകരിച്ചിരുന്നു. യേശുവിന്റെ ഈ അധികാരനിരാകരണം എല്ലാ അപ്പോസ്തലന്മാരും സാക്ഷിക്കുന്നുണ്ട് (യോഹ. 13: 14–16; മത്താ. 20: 25–28; മർക്കോ. 10: 42–45; ലൂക്കോ. 22: 24–27). യേശുവിന്റെ ഈ പഠനത്തെ നിരാകരിച്ച് രാജ്യാതിർത്തികളെ ഭേദിച്ചുള്ള ഒരു രാജകീയ മതഭരണസമ്പ്രദായം 4–ാം നൂറ്റാണ്ടുമുതൽ സഭയിൽ വളർത്തിയെടുത്തത് റോമൻസാമ്രാജ്യ ഭരണരീതിയനുസരിച്ചായിരുന്നു.

താഴെക്കൊടുത്തിരിക്കുന്ന നാലു രാഷ്ട്രീയസംഭവവികാസങ്ങളാണ് സഭയുടെ ഘടനാരീതിയെ മാറ്റിമറിച്ചത്:

1. റോമാസാമ്രാജ്യത്ത് മതസ്വാതന്ത്ര്യം അനുവദിച്ചുകൊണ്ടുള്ള കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ 313-ലെ വിളംബരവും അതിനു ശേഷം ക്രൈസ്തവസഭയ്ക്കു സംഭവിച്ച ഘടനാപരമായ സമൂല പരിവർത്തനവും.
2. 5-ാം നൂറ്റാണ്ടു മുതൽ, 'ബാർബേറിയൻസ്' എന്നറിയപ്പെട്ടിരുന്ന ഗോത്രജനവിഭാഗത്തിന്റെ ആക്രമണങ്ങളിൽ പാശ്ചാത്യറോമൻസാമ്രാജ്യത്തിന്റെ ശക്തി പൂർണമായിത്തന്നെ ക്ഷയിച്ചത് റോമൻ മാർപാപ്പായുടെ രാഷ്ട്രീയശക്തി വർധിക്കാൻ കാരണമായി.
3. യൂറോപ്പിനെ കടന്നാക്രമിച്ച ഗോത്രവർഗക്കാരെ, ഫ്രാൻസിലെ ചാൾസ് രണ്ടാമൻ ചക്രവർത്തിയുടെ സഹായത്തോടെ, ക്രൈസ്തവരാക്കിയതിലൂടെയും മാർപാപ്പായുടെ ഭരണാധികാരത്തിന് കൂടുതൽ ശക്തി ലഭിച്ചു.
4. ഫ്രാൻസിലെ പെപ്പിൻ രാജാവിന്റെ പിന്തുണയോടെ മാർപാപ്പാ 8-ാം നൂറ്റാണ്ടിൽ, ഇറ്റലിയിൽ, പേപ്പൽ സ്റ്റേറ്റുകളുടെ അധിപനായിത്തീർന്നു.

## കോൺസ്റ്റന്റൈന്റെ ദാനം

'കോൺസ്റ്റന്റൈന്റെ ദാനം'എന്ന ഒരു കള്ളരേഖയാണ് റോമിനെ കേന്ദ്രീകരിച്ചുള്ള ഹയരാർക്കിക്ക് ഭൗതികഭരണസമ്പ്രദായത്തിന്റെ രൂപം കൊടുക്കാൻ ഇടയാക്കിയത്.

ഫാ. കൂടപ്പുഴ എഴുതുന്നു: "പാശ്ചാത്യറോമാസാമ്രാജ്യത്തിന്റെയും സാർവത്രികസഭയുടെയുംമേൽ മാർപാപ്പായ്ക്ക് പരമാധികാരം നല്കിക്കൊണ്ട് കോൺസ്റ്റന്റൈൻ ചക്രവർത്തി സിൽവെസ്റ്റർ ഒന്നാമന് (314-355) നല്കിയ ഒരു വിളംബരമായി ഇതിനെ കണക്കാക്കിപ്പോന്നു. പക്ഷേ, എട്ടാം നൂറ്റാണ്ടിൽ മാർപാപ്പായുടെ രാഷ്ട്രാധികാരത്തിനുള്ള പിൻബലമായി ആരോ കെട്ടിച്ചമച്ച ഒരു വ്യാജരേഖയാണിത്. നവോത്ഥാനകാലംവരെ ഇതിന്റെ സാധുതയെ ആരും ചോദ്യം ചെയ്തിരുന്നില്ല. ഈ വ്യാജരേഖയിൽ ചക്രവർത്തിക്കുണ്ടായ ഒരു ദിവ്യദർശനത്തെക്കുറിച്ചും, ചക്രവർത്തി കുഷ്ഠരോഗത്തിൽനിന്നും അത്ഭുതകരമായി വിമുക്തനായതിനെക്കുറിച്ചും നാടകീയമായി ചിത്രീകരിച്ചിട്ടുണ്ട്. ദർശനത്തിൽ വി. പത്രോസും വി. പൗലോസും ചക്രവർത്തിയോട് ക്രിസ്തുമതം സ്വീകരിക്കാനും, സുഖപ്രാപ്തിക്കായി സിൽവെസ്റ്റർ മാർപാപ്പായെ സന്ദർശിക്കാനും ആവശ്യപ്പെട്ടെന്നു കാണാം. ഈ രേഖയനുസരിച്ച് അന്ത്യോക്യാ, അലക്സാൻഡ്രിയാ, ജറൂശലേം, കോൺസ്റ്റന്റിനോപ്പിൾ എന്നീ നാലു റോമൻ പ്രവിശ്യകളിലും മാർപാപ്പായ്ക്ക് അധികാരം നല്കിയിട്ടുണ്ടത്രേ!

രാജകീയമായ വേഷവിധാനങ്ങളും സ്ഥാനമാനങ്ങളും മാർപാപ്പായ്ക്കും മറ്റും സഭാധികാരികൾക്കും കോൺസ്റ്റന്റൈൻ ഈ രേഖവഴി അനുവദിച്ചിരിക്കുന്നു."[10]

ഈ കള്ളരേഖയുടെ അടിസ്ഥാനത്തിലാണ് റോമൻ മാർപാപ്പായ്ക്ക് റോമാസാമ്രാജ്യത്തിലെ അന്ത്യോക്യാ, കോൺസ്റ്റന്റിനോപ്പിൾ, അലക്സാൻഡ്രിയ, ജെറൂശലേം എന്നീ പ്രോവിൻസുകളിലെ പാത്രിയാർക്കാമാരുടെമേൽ ദൈവികാധികാരം ഉണ്ടെന്ന് വാദിച്ചത്. ഈ കള്ളരേഖ 754–ൽ അന്നത്തെ ഫ്രഞ്ച് ചക്രവർത്തിയായിരുന്ന പെപ്പിന് നല്കി ഇറ്റലിയുടെമേലുള്ള തന്റെ രാജാവകാശം സ്ഥാപിച്ചു എന്ന് കരുതപ്പെടുന്നു. അങ്ങനെ പേപ്പൽ സ്റ്റേറ്റ് സ്ഥാപിതമായി.

ഇതേ കാലഘട്ടത്തിൽ പൗരസ്ത്യറോമൻസാമ്രാജ്യത്തിനുള്ളിലെ ക്രൈസ്തവർക്ക് മറ്റൊരു മതസാമ്രാജ്യത്തിന്റെ ഭീഷണി നേരിടേണ്ടിവന്നു. പൗരസ്ത്യറോമാസാമ്രാജ്യത്തിനുള്ളിലുള്ള ക്രൈസ്തവമതകേന്ദ്രങ്ങൾ അറബികളുടെ പിടിയിലായി. സാമ്രാജ്യമതം എന്ന സ്ഥാനം നഷ്ടപ്പെട്ടതൊഴിച്ചാൽ അറേബ്യൻസാമ്രാജ്യത്തിന്റെ ഈ കടന്നാക്രമണത്തിൽ ക്രൈസ്തവർക്ക് നഷ്ടങ്ങളൊന്നുമുണ്ടായില്ല.

റോമിലെ ഭരണഭാഷയായ ലത്തീൻ ഈ സാമ്രാജ്യത്തിനുള്ളിലെ ഭരണഭാഷയും മതഭാഷയുമായിരുന്നു. അതിനാലാണ് പാശ്ചാത്യറോമാസാമ്രാജ്യത്തിനുള്ളിലുള്ള സഭയെ ലത്തീൻസഭയെന്നു വിശേഷിപ്പിച്ചുപോന്നത്. പൗരസ്ത്യസാമ്രാജ്യത്തിന്റെ പ്രാഥമികമായ സാംസ്കാരിക പ്രചോദനം ഗ്രീക്കുഭാഷയും ചിന്തയുമായിരുന്നു. എങ്കിലും പൗരസ്ത്യദേശത്ത് സഭയ്ക്കുള്ളിൽ ഭാഷാപരമായ വൈവിധ്യം നിലനിന്നിരുന്നു. അവിടെ വിവിധ ആരാധനഭാഷകളും ദൈവശാസ്ത്രപരമായ കാഴ്ചപ്പാടുകളും ഉണ്ടായിരുന്നു.

9–ാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ ഫ്രഞ്ചുരാജാവായ ചാർളിമെയ്ൻ ക്രിസ്തുമതത്തിന്റെ രാഷ്ട്രീയവക്താവായതോടുകൂടിയാണ്, ക്രിസ്തുമതം, നൈയാമികമായി യൂറോപ്പുമുഴുവന്റെയും രാജകീയ മതമായിത്തീർന്നത്. ക്രിസ്തുമതമല്ലാത്ത എല്ലാ മതങ്ങളും ഉപാസനാരീതികളും ഉന്മൂലനം ചെയ്യപ്പെട്ടു. രാഷ്ട്രീയഭരണവും മതഭരണവും അവിഭാജ്യങ്ങളായി. രാഷ്ട്രീയഭരണസൗകര്യത്തിനുവേണ്ടിയുള്ള ഭൂമിശാസ്ത്രപരമായ വിഭജനം മതഭരണാതിർത്തികളിലും രൂപംകൊണ്ടു. അങ്ങനെയാണ് രാഷ്ട്ര–മതഭരണങ്ങളുടെ യൂണിറ്റുകളായി ഡയോസിസുകൾ (Diocese) ഉണ്ടായത്. അതേത്തുടർന്ന് മതഭരണത്തലവന്മാർ (മെത്രാന്മാർ) രാഷ്ട്രഭരണവ്യവസ്ഥയുടെ പ്രാദേശികഭരണകർത്താക്കളായി. സാമ്രാജ്യത്തിന്റെ കേന്ദ്രം റോമാ ആയിരുന്നതുപോലെതന്നെ ക്രൈസ്തവമതഭരണത്തിന്റെയും കേന്ദ്രം റോമാ ആയിത്തീർന്നു. സഭാതലവനായ മാർപാപ്പാ പേപ്പൽസ്റ്റേറ്റുകളുടെ അധിപനായി. അങ്ങനെ മാർപാപ്പായ്ക്ക്

രാജപദവിയും (Pontifex Maximus) അതിന്റെ ചിഹ്നങ്ങളായ സിംഹാസനവും (Sedia gestatoria) കിരീടവും (Tiara) ചെങ്കോലും (Crozier) ലഭിച്ചു.

പാശ്ചാത്യറോമാസാമ്രാജ്യം 5-ാം നൂറ്റാണ്ടിൽ പൂർണമായിത്തന്നെ രാഷ്ട്രീയ അധികാരരംഗത്തുനിന്നു നിഷ്ക്രമിച്ചു. ആ സ്ഥാനത്ത് റോമാ, രാജ്യാതിർത്തികളെ ഭേദിക്കുന്ന, ക്രിസ്തുമതസാമ്രാജ്യത്തിന്റെ കേന്ദ്രമായിത്തീർന്നു. ഏകദേശം 7-ാം നൂറ്റാണ്ടു മുതൽ 'സുവിശേഷ പ്രഘോഷണ'ത്തിന്റെ ലക്ഷ്യം ഈ രാജകീയക്രൈസ്തവമതസമ്പ്രദായത്തിന്റെ വികസനമായിരുന്നു. മേൽപറഞ്ഞതുപോലെ റോമാസാമ്രാജ്യത്തിന്റെ ചുവടുപിടിച്ചാണ് യൂറോപ്പിനെ രൂപതകളായും രൂപതകളെ പാരീഷുകളുമായും (ഇടവക) വിഭജിച്ച് മതഭരണാധികാരികളുടെമേൽ റോമിന്റെ പിടിമുറുക്കാനുള്ള പരിശ്രമമാരംഭിച്ചത്. ആദ്യമെല്ലാം ഈ രൂപതാഭരണം 'സത്യരാജാക്കന്മാ'രുടെ രാഷ്ട്രഭരണത്തിന്റെ ഭാഗമായിരുന്നു. മതഭരണാവകാശം സംബന്ധിച്ച് 9-ാം നൂറ്റാണ്ടുമുതൽ 13-ാം നൂറ്റാണ്ടുവരെ രാജാക്കന്മാർ മാർപാപ്പാമാരുമായി നടത്തിയ അധികാരസമരത്തിൽ അന്തിമമായി മാർപാപ്പാ വിജയിച്ചു.

പതിനൊന്നാം നൂറ്റാണ്ടായപ്പോൾ എല്ലാ ലൗകിക അധികാരങ്ങൾക്കും ഉപരിയാണ് മാർപാപ്പാസ്ഥാനം എന്ന് ഗ്രിഗറി ഏഴാമൻ മാർപാപ്പാ (1073-1085) പ്രഖ്യാപിച്ചു. അദ്ദേഹം പരിശുദ്ധ റോമാ സാമ്രാജ്യത്തിന്റെ അധിപനായിരുന്ന ഹെന്റി നാലാമനുമായുണ്ടായ (1084-1105) അധികാരവഴക്കിൽ ജർമനിയിൽ മെത്രാന്മാരെ നിയമിക്കുന്നതിനുള്ള അധികാരം പൂർണമായും പിടിച്ചെടുത്തു.

'ക്ലേറിച്ചിസ് ലായിക്കോസ്' (Clericis Laicos, 1296), 'ഊനാം സാങ്താം' (Unam Sanctam,1302) എന്നീ രണ്ടു പ്രഖ്യാപനങ്ങളിലൂടെ ആത്മീയാധികാരവും ഭൗതികാധികാരവും മാർപാപ്പാമാരിൽ നിക്ഷിപ്തമാണെന്ന് പ്രഖ്യാപിച്ച് ബോനിഫസ് എട്ടാമൻ മാർപാപ്പാ (1294-1303) യൂറോപ്പിന്റെ സമഗ്രാധിപതിയായി. മെത്രാന്മാരും മാർപാപ്പാമാരും അധികാരസമാഹരണത്തിനായി രാജാക്കന്മാർക്കെതിരെപോലും മഹറോനെന്ന മഹാ ആയുധം പ്രയോഗിച്ചു. അങ്ങനെ യൂറോപ്പിലെ ക്രൈസ്തവമതത്തിന്റെ മുഖം രാജാധികാരസ്വഭാവമുള്ളതായി. ഈ അധികാരസംവിധാനം നിലനിർത്തുന്നതിന് റോമാസാമ്രാജ്യത്തിന്റെ ഘടനാപരമായ സവിശേഷതകളെ പൂർണ്ണമായും സ്വാംശീകരിച്ച് സഭാഭരണരംഗത്ത് മാർപാപ്പാമാർ നടപ്പിലാക്കി.

റോമൻചക്രവർത്തിയുടെ അധികാരം ഭൗതികമായിരുന്നു. അവർ ദൈവികപരിവേഷം എടുത്തണിഞ്ഞിരുന്നെങ്കിലും അതിനെ സാധൂകരിക്കാൻ പറ്റിയ ദൈവശാസ്ത്രങ്ങൾ ഉണ്ടായിരുന്നില്ല. എന്നാൽ, മാർപാപ്പാമാരുടെ ഭൗതികവും ആത്മീയവുമായ അധികാരം ക്രോഡീകൃതമായ 'ദൈവശാസ്ത്ര'ങ്ങളിലൂടെയാണ് പ്രഖ്യാപിക്കപ്പെട്ടത്. അങ്ങനെ ക്രൈസ്തവസഭയുടെ മുഖം പൂർണമായി രാജകീയവും അധികാരപര

വുമായിത്തീർന്നു. ക്രിസ്തുവിന്റെയോ അപ്പോസ്തലന്മാരുടെയോ ഉദ്ബോധനങ്ങൾ ആരും പരിഗണിച്ചിരുന്നില്ല എന്നതാണ് സത്യം.

## സഭാധികാരം ആഡംബരത്തിനു പിറകെ

രാഷ്ട്രീയാധികാരം ലഭിച്ചതോടെ സഭാധികാരികളുടെ ക്രിസ്തീയ ലാളിത്യവും അരൂപിയും ആഡംബരജീവിതത്തിനും വേഷവിധാനങ്ങൾക്കും വഴിമാറിക്കൊടുത്തു. സഭാധികാരികൾ രാജകൊട്ടാരങ്ങളിൽ സുഖജീവിതം ആരംഭിച്ചു. അതോടൊപ്പംതന്നെ രാജകീയമായ പ്രൗഢി അവരുടെ എല്ലാ ഇടപാടുകളിലേക്കും കടന്നുവന്നു.

മാർപാപ്പായ്ക്ക് ലാറ്ററൻ കൊട്ടാരം സൗജന്യമായി ലഭിച്ചു. രാജകീയവേഷവിധാനങ്ങളായ കിരീടവും പുറംകുപ്പായവും ചുവന്ന ഉടുപ്പും മറ്റു രാജകീയവസ്ത്രങ്ങളും ഉപയോഗിച്ചുതുടങ്ങി. മാർപാപ്പായുടെ അംശവടി രാജാവിന്റെ ചെങ്കോലിനു പകരമായി. ഇങ്ങനെ രാജാവിന്റെ എല്ലാ വേഷവിധാനങ്ങളും സ്ഥാനമാനങ്ങളും സഭാധികാരിയായ മാർപാപ്പായുടെ അവകാശമാക്കി.

വൈദികർക്ക് രാജാവിന്റെ സെനറ്റിലെ അംഗങ്ങളുടെ സ്ഥാനവും അവകാശവും മുൻഗണനയും ലഭിച്ചു. രാജകൊട്ടാരത്തിൽ വിവിധ പദവികളുള്ള ജോലിക്കാർ ഉണ്ടായിരിക്കുന്നതുപോലെ വൈദികർക്കും മോൺസിഞ്ഞോർ മുതലായ പദവികൾ നല്കാൻ തുടങ്ങി. ഇന്നും നിലനില്ക്കുന്ന ചില വൈദികപദവികൾ ഈ വ്യതിചലനങ്ങളുമായി ബന്ധപ്പെട്ടതാണ്. വൈദികരെ തിരിച്ചറിയാൻ വെള്ളവസ്ത്രങ്ങൾ ഉപയോഗിക്കാൻ ആരംഭിച്ചത് അന്നാണ്. വൈദികർക്ക് രാജകീയസെനറ്റിലെ അംഗങ്ങളുടെ പദവി ലഭിച്ചതോടെ അംഗീകാരവും പദവികളും ആഗ്രഹിച്ച്, പലരും വൈദികരാകാൻ മുമ്പോട്ടുവന്നു.

## കാനോൻ നിയമങ്ങൾ

സഭയുടെ അന്ധകാരയുഗങ്ങളിൽ റോമൻ പുരോഹിതരും ക്രിസ്തീയ സന്ന്യസ്തരും രാവും പകലും ഒന്നുപോലെ പണിയെടുത്താണ് കാനോൻ നിയമസംഹിതയ്ക്ക് രൂപം നൽകിയത്. പസഫിക് മഹാസമുദ്രത്തിലെ പവിഴപ്പുറ്റുകൾ നിറഞ്ഞ പവിഴദ്വീപുകൾ നൂറ്റാണ്ടുകൾകൊണ്ട് രൂപപ്പെടുന്നതുപോലെ അഞ്ചു നൂറ്റാണ്ടുകൾകൊണ്ടാണ് കാനോൻ നിയമസംഹിതയും (Corpus Juris Canonici) രൂപപ്പെട്ടത്. ബൃഹത്തായ അധികാരങ്ങൾ ഉൾക്കൊള്ളുന്ന റോമിലെ ഈ നിയമപുസ്തകം ആധുനികലോകത്തെ അത്ഭുതങ്ങളിലൊന്നാണ്. മാർപാപ്പായുടെ പരമാധികാരത്തെ അരക്കിട്ടുറപ്പിക്കാൻ എല്ലാവിധത്തിലും സഹായകമാകത്തക്ക രീതിയിലാണതിന്റെ ഘടന.

1140-കളിൽ ബൊളോഞ്ഞയിലെ (Bologna) ഒരു സന്ന്യാസിയായിരുന്ന ഗ്രേഷ്യനാണ് കള്ളപ്രമാണങ്ങൾ ഉദാരമായി ഉപയോഗിച്ച് കത്തോലിക്ക സഭയെ പാപ്പാമതമാക്കുന്നതിനുള്ള നിയമാവലിക്ക് അടിസ്ഥാനമിട്ടത്. ഗ്രേഷ്യന്റെ നിയമാവലി (Decretum Gratiani) എന്നാണത് അറിയപ്പെട്ടത്. യൂജീനിയൂസ് മൂന്നാമൻ മാർപാപ്പാ (Pope Eugenius III, 1145-1153) ഈ നിയമാവലി അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം പാശ്ചാത്യലോകത്തെ ഏറ്റം വലിയ അധികാരിയായിത്തീരുകയും ചെയ്തു.

മൂന്നാം യൂജീനിയൂസ് മാർപാപ്പയ്ക്കുശേഷം ഭരിച്ച എല്ലാ മാർപാപ്പാമാരും ഈ നിയമാവലിയിൽ പുതിയ പുതിയ നിയമങ്ങൾ കൂട്ടിച്ചേർത്തു. ഏകദേശം 500 വർഷത്തെ വളർച്ചയ്ക്കുശേഷം 1582-ൽ കാനോൻ നിയമസംഹിതയുടെ ഒരു പതിപ്പ് പുറത്തിറങ്ങി. അതിനുശേഷം 1918-ലാണ് തികഞ്ഞ ഒരു കാനോൻ നിയമപ്പുസ്തകം പുറത്തിറങ്ങുന്നത്.

1983-ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ ലത്തീൻസഭയ്ക്കു വേണ്ടിയുള്ള പുതുക്കിയ കാനോൻ നിയമസംഹിതയും 1991-ൽ പൗരസ്ത്യസഭകൾക്കുള്ള പുതിയ കാനോൻ നിയമസംഹിതയും പ്രസിദ്ധം ചെയ്യുകയുണ്ടായി. രണ്ടാം വത്തിക്കാൻ കൗൺസിലിലെ ചില നിർദേശങ്ങളെ അപ്പാടെ അവഗണിച്ചുകൊണ്ടാണ് പുതുക്കിയ കാനോൻ നിയമം ക്രോഡീകരിച്ചത്. എന്റെ അഭിപ്രായത്തിൽ ആധുനിക കത്തോലിക്കസഭയ്ക്കു സംഭവിച്ച ഏറ്റവും വലിയ അപചയമാണ് ഈ പുതിയ കാനോൻനിയമസംഹിത. റോം ഉള്ളിടത്തോളം കാലം കാനോൻനിയമസംഹിത വളർന്നുകൊണ്ടേയിരിക്കും.

പണ്ടുകാലത്ത് മഹാരാജാക്കന്മാർക്ക് വിനോദവെടിക്കുവേണ്ടി വന്യമൃഗങ്ങളുള്ള വനങ്ങളെ കാത്തുസൂക്ഷിക്കുമായിരുന്നു. സഭാവനത്തിൽ ഒരു ബില്ല്യനിൽ കൂടുതൽ മനുഷ്യ (വന്യ) മൃഗങ്ങൾ അധിവസിക്കുന്നുണ്ട്. മാർപാപ്പായ്ക്ക് വ്യക്തികളെ വെടിവച്ചുവീഴ്ത്താനുള്ള ആയുധമാണ് കാനോൻനിയമം. സ്നേഹത്തിന്റെ പശ അതിലൊട്ടുമില്ല. ലൗകിക അധികാരമോ ആധ്യാത്മിക അധികാരമോ അല്ലത്. പൊന്തിഫിക്കലധികാരമാണതിലുള്ളത്. കാനോൻനിയമപ്രകാരം മാർപാപ്പായ്ക്കു മുകളിൽ ഈ ലോകത്ത് വേറൊരധികാരിയില്ല. "ദൈവമല്ലാതെ, മാർപ്പാപ്പയ്ക്കു മുകളിൽ മറ്റൊരു അധികാരി ഇല്ലാത്തതിനാൽ മാർപാപ്പായുടെ തീരുമാനങ്ങൾക്കെതിരായി അപ്പീൽ കൊടുക്കാൻ ആർക്കും സാധിക്കുകയില്ല. മാർപാപ്പായെ വിധിക്കാൻ മറ്റൊരു അധികാരിക്കും കഴിയില്ല."[11] റോമിന്റെ അഹന്ത അപാരം തന്നെ!

## സഭാകൗൺസിലുകൾ

കത്തോലിക്കസഭയിൽ വിശ്വാസസംബന്ധമായ വ്യക്തത ഉണ്ടാക്കാൻ വേണ്ടിയാണ് സഭാ കൗൺസിലുകൾ നടത്തപ്പെടാറുള്ളത്. 284-476

കാലത്ത് നിക്യാ, കോൺസ്റ്റന്റിനോപ്പിൾ, എഫേസൂസ് (Ephesus), കാൽസിഡോൺ (Chalcedon) എന്നിങ്ങനെ നാലു സഭാ കൗൺസിലുകൾ നടത്തപ്പെട്ടിട്ടുണ്ട്. 476 മുതൽ 1000 വരെയുള്ള കാലഘട്ടത്തിലും നാല് (കോൺസ്റ്റന്റിനോപ്പിളിൽ വച്ച് മൂന്നും നിക്യായിൽവച്ച് ഒന്നും) സഭാ കൗൺസിലുകൾ നടത്തപ്പെട്ടു. 1000 മുതൽ 1300 വരെയുള്ള കാലഘട്ടത്തിൽ ആറും (നാലെണ്ണം ലാറ്ററൻ, രണ്ടെണ്ണം ലിയോൺ) 1300 മുതൽ 1500 വരെയുള്ള കാലഘട്ടത്തിൽ മൂന്നും (വിയന്നാ, കോൺസ്റ്റൻസ്, ഫ്ളോറൻസ്) 1500 മുതൽ 1600 വരെയുള്ള കാലഘട്ടത്തിൽ രണ്ടും (അഞ്ചാം ലാറ്ററൻ, ട്രെന്റ്) കൗൺസിലുകൾ നടത്തപ്പെട്ടു. പിന്നെ പത്തൊമ്പതാം നൂറ്റാണ്ടിൽ മാത്രമാണ് സഭാ കൗൺസിൽ നടത്തപ്പെട്ടത്, ഒന്നാം വത്തിക്കാൻ. ഇരുപതാം നൂറ്റാണ്ടിൽ 23-ാം ജോൺ മാർപാപ്പായുടെ മുൻകയ്യാൽ നടത്തപ്പെട്ട രണ്ടാം വത്തിക്കാൻ കൗൺസിൽ വിപ്ലവകരമായ നിരവധി പ്രഖ്യാപനങ്ങൾകൊണ്ട് ചരിത്രപ്രധാനമാണെങ്കിലും തുടർന്നു വന്ന മാർപാപ്പാമാരുടെ നിസ്സംഗതയും യാഥാസ്ഥിതിക ചിന്താഗതികളും കാരണം പ്രവൃത്തിയില്ലാത്ത വിശ്വാസംപോലെ സഭയിൽ നിർജീവമായ ഫലങ്ങളേ ഉളവാക്കിയിട്ടുള്ളൂ.

## വൈവാഹിതപൗരോഹിത്യത്തിനു സംഭവിച്ച അപചയം

('ലൈംഗികതയും പൗരോഹിത്യവും' എന്ന എന്റെ പുസ്തകത്തിലെ നാലാം അധ്യായത്തിൽ ഈ വിഷയത്തെ സംബന്ധിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്).[12]

കർത്താവിന്റെ ശിഷ്യന്മാരും ആദിമനൂറ്റാണ്ടുകളിലെ സഭാശുശ്രൂഷകരായ മേൽനോട്ടക്കാരും മൂപ്പന്മാരും ഡീക്കന്മാരുമെല്ലാം വിവാഹിതരായിരുന്നു. പത്രോസുതന്നെ വിവാഹിതനായിരുന്നല്ലോ. അന്നൊന്നും സഭാശുശ്രൂഷയ്ക്ക് അവിവാഹിതാവസ്ഥ ഒരു വിഷയമായിരുന്നില്ല. പിന്നീടുണ്ടായ സഭാരാഷ്ട്രീയത്തിന്റെ പരിണതഫലമായാണ് പട്ടം സ്വീകരിക്കുന്നതിനു മുമ്പ് വൈദികർ മെത്രാന്റെ മുമ്പിൽ ബ്രഹ്മചര്യപ്രതിജ്ഞ ചെയ്തിരിക്കണമെന്ന ശിക്ഷണസംബന്ധമായ നിയമം ലത്തീൻസഭയിൽ നിർബന്ധമാക്കിയത്.

അവിവാഹിതപൗരോഹിത്യത്തിന്റെ പരിണാമകഥ താഴെ കുറിക്കുന്നു:

325-ലെ നിക്യാ സൂനഹദോസിൽ വച്ച് പട്ടസ്വീകരണത്തിനു ശേഷം പുരോഹിതർ വിവാഹിതരാകാൻ പാടില്ലെന്ന് തീരുമാനിച്ചു.

385-ൽ സിറിസിയൂസ് മാർപാപ്പാ (Pope Siricius) മാർപാപ്പായാകുന്നതിനു വേണ്ടി ഭാര്യയെ ഉപേക്ഷിച്ചു. പുരോഹിതർ അവരുടെ ഭാര്യമാരുമൊത്ത് ഉറങ്ങാൻ പാടില്ലെന്ന് കല്പിച്ചു.

567-ലെ റ്റൂറിലെ രണ്ടാം കൗൺസിലിൽവച്ച് (Second Council of Tours) പുരോഹിതർ ഭാര്യമാരുമായി കിടന്നുറങ്ങിയാൽ അവരെ പള്ളിക്കു പുറത്താക്കണമെന്ന് തീരുമാനിച്ചു.

680-ൽ പലാജിയൂസ് മാർപാപ്പാ (Pope Palagius) വിവാഹിതരായ പുരോഹിതരുടെ സ്വത്ത് ഭാര്യയുടെയോ മക്കളുടെയോ പേരിലേക്ക് പോകുന്നില്ലെങ്കിൽ അവരെ ശല്യം ചെയ്യണ്ടെന്ന് തീരുമാനിച്ചു.

ഫ്രാൻസിലെ ബഹുഭൂരിപക്ഷം വൈദികരും വിവാഹിതരായിരുന്നെന്ന് 7-ാം നൂറ്റാണ്ടിലെ രേഖകൾ വ്യക്തമാക്കുന്നുണ്ട്.

8-ാം നൂറ്റാണ്ടിൽ ജർമനിയിലെ ഏകദേശം എല്ലാ മെത്രാന്മാരും പട്ടക്കാരും ലൈംഗികവേഴ്ചയിൽ ഏർപ്പെടുന്നവരാണെന്ന് വി. ബൊനിഫസ് (St. Boniface) അന്നത്തെ മാർപാപ്പായ്ക്ക് റിപ്പോർട്ടു ചെയ്തു.

1045-ൽ ബനഡിക്ട് 9-ാമൻ മാർപാപ്പാ (Pope Benedict IX) വിവാഹം കഴിക്കുന്നതിനുവേണ്ടി പാപ്പാ സ്ഥാനം രാജിവച്ചു.

1054-ലെ കോൺസ്റ്റന്റിനോപ്പിളിലെ പാത്രീയാർക്കീസായിരുന്ന മൈക്കൾ സെറുലാരിയൂസും (Michael Cerularius) റോമൻ പാത്രിയാർക്കീസായിരുന്ന പോപ്പ് ലിയോ ഒമ്പതാമനും (Pope Leo IX) തമ്മിൽ ദൈവശാസ്ത്രപരമായ പല വിവാദങ്ങൾ നിലനിന്നിരുന്നു. കൂടാതെ സെറുലാരീയൂസ് പാത്രിയാക്കീസ് എക്കുമെനിക്കൽ പാത്രിയാർക്കീസ് എന്ന സ്ഥാനനാമവും ഉപയോഗിച്ചിരുന്നു. സ്ഥാനനാമത്തെ സംബന്ധിച്ചും മാർപാപ്പയ്ക്ക് അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നു. ആയതിനാൽ റോമാസഭയാണ് മറ്റ് എല്ലാ സഭകളുടെയും മാതാവും മാർപാപ്പായാണ് മറ്റ് എല്ലാ സഭകളുടെയും തലവനുമെന്ന് സെറുലാരിയൂസ് പാത്രിയാർക്കീസ് അംഗീകരിക്കണമെന്ന് നിർദേശിച്ച് പോപ്പിന്റെ ഒരു പ്രതിനിധിസംഘത്തെ കോൺസ്റ്റന്റിനോപ്പിളിന് അയച്ചു. ആ സംഘത്തിന്റെ തലവൻ കർദിനാൾ ഹുംബർട്ട് (Cardinal Humbert) ആയിരുന്നു. സെറുലാരിയൂസ് പാത്രിയാർക്കീസ് പ്രതിനിധി സംഘത്തിന്റെ ആവശ്യത്തെ അപ്പാടെ തള്ളിക്കളഞ്ഞു. കർദിനാൾ ഹുംബർട്ട് പാത്രിയാർക്കീസിനെ മഹറോൻ ചൊല്ലി. പാത്രിയാർക്കീസ് തിരിച്ചും മഹറോൻ ചൊല്ലി. അതോടെ പൗരസ്ത്യ-പാശ്ചാത്യസഭകൾ തമ്മിലുണ്ടായിരുന്ന വിടവ് വർധിച്ചു. ഭൂമിശാസ്ത്രപരമായും രാഷ്ട്രീയമായും ഭാഷാപരമായും സിദ്ധാന്തപരമായും ദൈവശാസ്ത്രപരമായും സഭ രണ്ടായി പിളർന്നു. എങ്കിലും പൗരസ്ത്യസഭയിൽ ആദിമസഭാസമ്പ്രദായമനുസരിച്ച് വിവാഹം ചെയ്യാൻ വൈദികരെ സെറുലാരിയൂസ് പാത്രിയാർക്കീസ് അനുവദിച്ചു.

1074 ഗ്രിഗറി ഏഴാമൻ മാർപാപ്പാ (Pope Gregory VII) വൈദികർ പട്ടം സ്വീകരിക്കുന്നതിനു മുമ്പ് ബ്രഹ്മചര്യപ്രതിജ്ഞ എടുക്കണമെന്ന് കല്പിച്ചു.

1095-ൽ പുരോഹിതരുടെ ഭാര്യമാരെ അടിമവേലയ്ക്കു വിറ്റു. കുട്ടികളെ അനാഥരാക്കി.

1123-ൽ ഒന്നാം ലാറ്ററൻ കൗൺസിലിൽവച്ച് കല്ലിസ്റ്റസ് രണ്ടാമൻ മാർപാപ്പാ (Pope Callistus II) ക്ലെറിക്കുകളുടെ വിവാഹം അസാധുവാണെന്ന് പ്രഖ്യാപിച്ചു.

1139-ൽ രണ്ടാം ഇന്നസെന്റ് മാർപാപ്പാ (Pope Innocent II) ഒന്നാം ലാറ്ററൻ കൗൺസിലിൽ ക്ലേർജികളുടെ വിവാഹത്തെ അസാധുവാക്കിയ തീരുമാനം രണ്ടാം ലാറ്ററൻ കൗൺസിലിൽ വീണ്ടും സ്ഥിരീകരിച്ചു.

15-ാം നൂറ്റാണ്ടിൽ ഏകദേശം 50% പട്ടക്കാരും വിവാഹിതരായിരുന്നു.

ത്രെന്തോസ് സൂനഹദോസിൽ വച്ച് (1545-1563) ബ്രഹ്മചര്യവും കന്യകാത്വവും (Celibacy and Virginity) വൈവാഹികജീവിതത്തേക്കാൾ ശ്രേഷ്ഠമാണെന്ന് തീരുമാനിച്ചു.

1951-ൽ പന്ത്രണ്ടാം പീയൂസ് മാർപാപ്പാ (Pope Pius XII) ജർമനിയിൽ വിവാഹിതനായ ലൂഥറൻ പാസ്റ്റർക്ക് (Lutheren Pastor) കത്തോലിക്ക പുരോഹിതപ്പട്ടം നൽകി കത്തോലിക്ക ക്ലേർജിയാക്കി.

രണ്ടാം വത്തിക്കാൻ സൂനഹദോസ് (1962-1965) വിവാഹം ബ്രഹ്മചര്യത്തിന് തുല്യമാണെന്ന് പ്രഖ്യാപിച്ചു.

1966 മുതൽ പോൾ ആറാമൻ മാർപാപ്പാ വൈദിക ബ്രഹ്മചര്യത്തിൽ നിന്ന് ഒഴിവ് (dispensation) ആവശ്യപ്പെടുന്ന പുരോഹിതർക്ക് അത് നല്കാൻ തുടങ്ങി. പക്ഷേ, കത്തോലിക്കപുരോഹിതരായി തുടരാൻ അവർക്ക് അനുവാദം ഇല്ല.

1978-ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ വൈദിക ബ്രഹ്മചര്യത്തിൽനിന്നുള്ള ഒഴിവാക്കൽ മരവിപ്പിച്ചു.

1980 മുതൽ അമേരിക്കയിലും 1994 മുതൽ കാനഡയിലും ഇംഗ്ലണ്ടിലും വിവാഹിതരായ ആംഗ്ലിക്കൻ/എപ്പിസ്കോപ്പൽ പാസ്റ്റേഴ്സിന് കത്തോലിക്ക പുരോഹിതപട്ടം നല്കി കത്തോലിക്ക ക്ലേർജികളാക്കാൻ ആരംഭിച്ചു.

എപ്പിസ്കോപ്പൽ സഭയിലെ വിവാഹിതരും കുട്ടികളുമുള്ള പുരോഹിതരായ അപ്പനും മകനും (Fr. Chuck Hough IV and Fr. Chuck Hough III of Texas, U. S. A.) ജൂൺ 30, 2012-ൽ ഒരേ സമയത്ത് ഒരേപള്ളിയിൽവച്ച് (St. Elizabeth Ann Seton Catholic Church in Keller, Texas) പുരോഹിതപട്ടം സ്വീകരിച്ച് കത്തോലിക്ക വൈദികരായി. വടക്കെ അമേരിക്കയിലെ കത്തോലിക്കസഭയിലെ ആദ്യത്തെ ചരിത്രസംഭവമാണിത്.

1139-ൽ രണ്ടാം ലാറ്ററൻ കൗൺസിലിൽവച്ച് ക്ലേർജികൾ വിവാഹിതരാകാൻ പാടില്ലായെന്ന് തീരുമാനിച്ചെങ്കിലും പുരോഹിതരും മാർപാപ്പാമാരും ആ തീരുമാനത്തെ ലംഘിച്ചുകൊണ്ട് വിവാഹം ചെയ്തിരുന്നു. യഥാർഥത്തിൽ പൗരസ്ത്യ/പാശ്ചാത്യ കത്തോലിക്കസഭയിൽ വിവാഹിതരായ ധാരാളം ക്ലേർജികൾ ഇന്നു സേവനം ചെയ്യുന്നുണ്ട്. അതുപോലെ സ്ത്രീകൾക്കും പുരോഹിതരാകാനുള്ള തുല്യ അവകാശമുണ്ട്. ബ്രഹ്മചര്യം ഒരു ദൈവദാനമാണ്. ആ ദൈവദാനത്തെ ബഹുമാനപുരസരം കൈകാര്യം ചെയ്യണമെങ്കിൽ ഓരോ വ്യക്തിക്കും ആ അവസ്ഥ തെരഞ്ഞെടുക്കാനുള്ള അവകാശം സ്വതന്ത്രമായിരിക്കണം. അത് ഒരിക്കലും സഭാശുശ്രൂഷകരാകാൻ ആഗ്രഹിക്കുന്ന വ്യക്തികളുടെമേൽ നിർബന്ധിച്ചേല്പിക്കാൻ സഭയ്ക്ക് അധികാരം ഇല്ല. വിശുദ്ധഗ്രന്ഥാടിസ്ഥാനത്തിൽ പുരോഹിതപദവിപോലും ഇല്ല എന്ന സത്യം നാം ഒരിക്കലും മറക്കാൻ പാടില്ല.

# 5

# നസ്രാണിസഭാഘടനയും സവിശേഷതകളും

**മു**ൻ അദ്ധ്യായങ്ങളിൽ വിവരിച്ചതുപോലെ 4-ാം നൂറ്റാണ്ടിൽ റോമൻ ചക്രവർത്തിയായ കോൺസ്റ്റന്റൈൻ യേശു അനുയായികളുടെ കൂട്ടായ്മ യെ-നിന്റെ ദൈവമായ കർത്താവിനെ സ്നേഹിക്കുക; നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക (മത്താ. 22: 36-40) എന്ന യേശു വിന്റെ രണ്ട് ഉത്ബോധനങ്ങളിലധിഷ്ഠിതമായ കൂട്ടായ്മയെ-സാമ്രാജ്യ മതമാക്കി മാറ്റിയതോടെ രാജകീയ പ്രൗഢിയും ഘടനയും നിയമങ്ങളു മുള്ള ഒരു സ്ഥാപിതസഭ ജന്മംകൊണ്ടു. അങ്ങനെ യേശുവിന്റെ പ്രബോ ധനങ്ങളെ അവഗണിച്ച കോൺസ്റ്റന്റൈന്റെ മതമാണ് കാലാന്തരത്തിൽ വളർന്ന് വികസിച്ച് മുടിചൂടി നിൽക്കുന്ന ഇന്നത്തെ റോമൻ കത്തോലി ക്കസഭ. എന്നാൽ അതികേന്ദ്രീകൃതമായ ഈ പാശ്ചാത്യമത സമ്പ്രദായ ത്തിൽനിന്നു തികച്ചും വിഭിന്നമായ ഒരു ക്രൈസ്തവമാതൃകയായിരുന്നു അപ്പോസ്തലൻ തോമായാൽ സ്ഥാപിക്കപ്പെട്ടു എന്നവകാശപ്പെടുന്ന മലങ്കരയിലെ നസ്രാണിസഭയുടേത്. കാലാകാലങ്ങളായി നസ്രാണികൾ അഭ്യസിക്കുകയും പരിചയപ്പെടുകയും ചെയ്ത ക്രൈസ്തവമാതൃക പാശ്ചാത്യചിന്താധാരകളിൽനിന്നു വളരെ വിഭിന്നമായ ഒന്നായിരുന്നു. ഇതാ അതിനൊരുദാഹരണം:

പാശ്ചാത്യർക്ക് ദൈവം നീതിന്യായവിധികർത്താവാണ്; നീതിപാല കനാണ്. പാപം ദൈവവുമായുള്ള ഉടമ്പടിയുടെ ലംഘനമാണ്. പാപ ത്തിൽനിന്നു രക്ഷപെടേണ്ടവർ കുമ്പസാരക്കൂട്ടിലിരിക്കുന്ന 'അംശമുള്ള പട്ടക്കാരൻ പക്കൽ പാപത്തിന്റെ കണക്കും വർഗവും കനവും തിരിച്ചു

ചൊല്ലി പ്രായശ്ചിത്തം കിട്ടി പിഴപോക്കണം."[13] അപ്പോൾ കുമ്പസാര ക്കൂട്ടിലിരിക്കുന്ന പട്ടക്കാരൻ ക്രിസ്തുവിനുവേണ്ടി ക്രിസ്തുവിനെ പ്രതി നിധീകരിച്ച് നീതിന്യായവിധികർത്താവായ ഒരു ജഡ്ജിയായി വർത്തി ക്കുന്നു. നസ്രാണിക്രിസ്ത്യാനികളുടെ കാഴ്ചപ്പാടിൽ ദൈവം സ്നേഹ മാണ്. സ്നേഹനിധിയായ ദൈവത്തോട് തെറ്റു ചെയ്താൽ പശ്ചാത്താ പമാകുന്ന പ്രായശ്ചിത്തം ചെയ്ത് പാപമോചനം നേടണം. ഈ സങ്ക ല്പമായിരുന്നു നസ്രാണിസമുദായത്തിൽ നിലനിന്നിരുന്നത്. 'പിഴമൂളൽ' എന്നാണ് അത് അറിയപ്പെട്ടിരുന്നത്. ഉദയമ്പേരൂർ സുനഹദോസിലൂടെ നസ്രാണികളുടെ പിഴമൂളലിനെ കുമ്പസാരമാക്കി മാറ്റി. ദൈവത്തെ നീതി ന്യായവിധികർത്താവാക്കി. റോമൻ സഭയാണ് ശരിയായ കത്തോലിക്ക സഭ എന്ന ധാരണയെ അരക്കിട്ടുറപ്പിക്കുകയാണ് ഇവിടെ ചെയ്യുന്നത്. റോമൻ ചിന്താധാരയെ നസ്രാണികളുടെമേൽ അടിച്ചേൽപ്പിച്ചുകൊണ്ട് മതകൊളോണിയലിസം സ്ഥാപിച്ചെടുക്കുന്നു.

## മാർതോമായുടെ മാർഗവും വഴിപാടും (മാർതോമായുടെ നിയമം)

മാർതോമായുടെ മാർഗവും വഴിപാടും എന്ന നസ്രാണികളുടെ പ്രത്യേ കമായ ദൈവശാസ്ത്ര പൈതൃകത്തെ മാർതോമായുടെ നിയമം എന്നു വിശേഷിപ്പിക്കാറുണ്ട്. നസ്രാണികൾക്ക് മാർതോമായുടെ മാർഗം ഒരു ജീവിതരീതിയായിരുന്നു; അതൊരു നിയമമല്ല. മാർ ജോസഫ് പൗവ്വത്തി ലിന്റെ അഭിപ്രായത്തിൽ "ഒരു ജീവിക്കുന്ന ദൈവശാസ്ത്രത്തിന്റെ ചല നാത്മകമായ ആവിഷ്കാരമാണ് മാർതോമായുടെ മാർഗം."[14] ഭാരതീയ കാഴ്ചപ്പാടിൽ മതങ്ങളെല്ലാം മാർഗങ്ങളാണ്; അതൊരു ജീവിതചര്യയാണ് (way of life). എന്നാൽ പാശ്ചാത്യർക്ക് മതം നിയമങ്ങളുടെ ഒരു സമുച്ചയ മാണ്. അവർക്ക് ആ നിയമങ്ങളുടെ പാലനമാണ് മുഖ്യം. അപ്പോൾ നസ്രാ ണികളുടെ മാർതോമായുടെ മാർഗവും വഴിപാടും പാശ്ചാത്യർക്ക് മാർതോമായുടെ നിയമമായിപ്പോയതിൽ അത്ഭുതപ്പെടാനില്ല. ഉദയമ്പേ രൂർ സൂനദോസിന്റെ കാനോനകൾ എന്ന പുസ്തകത്തിന്റെ ഉപോദ്ഘാ തത്തിൽ ഡോ. സ്കറിയാ സക്കറിയ ഇപ്രകാരം എഴുതിയിരിക്കുന്നു: "അവർ, തോമായുടെ മാർഗവും വഴിപാടും ഒറ്റയടിക്കു Law of Thomas എന്നാക്കിയത് ഒരു ജ്ഞാനശാസ്ത്രപ്രശ്നമാണ്, ഭാഷാപ്രശ്നമല്ല."[15] ജ്ഞാനശാസ്ത്രപ്രകാരമുള്ള സ്കറിയാ സക്കറിയയുടെ ഈ നിരൂപണം എത്രയോ ശരി!

മാർ ആൻഡ്രൂസ് താഴത്തിന്റെ Juridical Sources of the Syro-Malabar Church എന്ന ഗ്രന്ഥത്തിൽ മാർതോമായുടെ നിയമത്തെക്കുറിച്ച് വളരെ ദീർഘമായി പ്രതിപാദിക്കുന്നുണ്ട്. അദ്ദേഹം എഴുതുന്നു: "മാർതോമാ ക്രൈസ്തവർ എന്നും അഭിമാനപൂർവം കണക്കാക്കിയിരുന്ന ആശയമാണ് മാർതോമായുടെ സഭയും ആ സഭയ്ക്ക് ബാധകമായിരുന്ന മാർതോമാ

യുടെ നിയമവും. പാശ്ചാത്യ ക്രൈസ്തവരുടെ ജീവിതവും (ലത്തീൻ കാരുടെ ആചാരവും നിയമവും) ആയി അവർ ബന്ധപ്പെട്ടുകഴിഞ്ഞപ്പോൾ ഈ ആശയം കൂടുതൽ ശക്തമായി. മാർതോമായുടെ നിയമം എന്നതു കൊണ്ട് അവർ ഉദ്ദേശിക്കുന്നത് അപ്പോസ്തലനായ മാർതോമായുടെ കാലം മുതൽ പാരമ്പര്യമായി അവർക്ക് ലഭിച്ചിരുന്ന ആചാരങ്ങളും നിയ മങ്ങളും ആണ്. ക്രിസ്ത്യൻ ശിക്ഷണം എന്ന നിലയിൽ മാർതോമായുടെ നിയമം ക്രിസ്തുവിന്റെ പഠനങ്ങൾ അടിസ്ഥാനമാക്കിയുള്ളതാണ്. (christu marga/Christ the way)."[16]

മാർതോമാ ക്രിസ്ത്യാനികൾക്ക് അവരുടേതായ പള്ളിക്കൂട്ടായ്മയും പള്ളിഭരണ സമ്പ്രദായവും ശിക്ഷണക്രമവും ഉണ്ടായിരുന്നു. മാർതോ മായിൽനിന്ന് പൈതൃകമായി അത് ലഭിച്ചതാണെന്ന് അവർ വിശ്വസിച്ചി രുന്നു. മാർതോമായിൽനിന്ന് ലഭിച്ച ക്രിസ്തുമാർഗത്തിന്റെ ആകെത്തുക യാണ് മാർതോമായുടെ മാർഗവും വഴിപാടും. അത് യേശുവിന്റെ ഉദ്ബോ ധനങ്ങളിലധിഷ്ഠിതമായും ഭാരതീയ സാംസ്കാരിക പരിതസ്ഥിതികൾക്ക നുസരണമായും മാർതോമാക്രിസ്ത്യാനികൾ വികസിപ്പിച്ചെടുത്ത ഒന്നാണ് എന്ന വസ്തുത ചരിത്രപരമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്.

## സഭാഭരണം

മാർതോമാക്രിസ്ത്യാനികളുടെ പള്ളികളുടെ ഭരണവും മൊത്തത്തി ലുള്ള സഭയുടെ ഭരണവും നടത്തിയിരുന്നത് പല തട്ടിലുള്ള യോഗങ്ങൾ -ഇടവകയോഗം, പ്രാദേശികയോഗം, മലങ്കര പള്ളിക്കാരുടെ പൊതു യോഗം-വഴിയാണ്. 'മൺറം' എന്നറിയപ്പെടുന്ന ദ്രാവിഡ ഗ്രാമസഭകളാ യിരിക്കണം മാർതോമാക്രിസ്ത്യാനികളുടെ കൂട്ടായ്മയിലും പള്ളിയോ ഗങ്ങൾ വഴി സഭാഭരണം ആരംഭിക്കാൻ പ്രേരകമായത്. തന്നെയുമല്ല, ഈ ഭരണസമ്പ്രദായം സുവിശേഷാധിഷ്ഠിതവും ആദിമസഭാപാരമ്പര്യ ത്തിലധിഷ്ഠിതവുമായിരുന്നു. ഇന്നും ചില പള്ളികളിൽ പള്ളിയോടടുത്ത് മൺറം എന്ന് വിളിക്കപ്പെടുന്ന ഒരു കെട്ടിടം കാണാം. എന്റെ ചെറുപ്പകാ ലത്ത് പാലാ രൂപതയിലെ വിളക്കുമാടം പള്ളിക്ക് മൺറം ഉണ്ടായിരുന്ന തായി ഞാൻ ഓർമ്മിക്കുന്നുണ്ട്. ആ മൺറത്തിൽവച്ച് പള്ളിയോഗം ചേരു കയും പ്രധാന തിരുനാൾ ദിവസങ്ങളിലെ വാദ്യമേളങ്ങൾ നടത്തുകയും ആ കെട്ടിടത്തിന്റെ മട്ടുപ്പാവിൽ ശവമഞ്ചം സൂക്ഷിക്കുകയും മറ്റും ചെയ്തി രുന്നു.

## പള്ളിയോഗം

ഓരോ പള്ളിയുടേയും നടത്തിപ്പിനാവശ്യമായ കാര്യങ്ങൾ തീരുമാ നിച്ചിരുന്നത് പള്ളിയോഗം കൂടിയാണ്. പള്ളിയുടെ അനുദിനകാര്യങ്ങൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ പള്ളിയോഗം കൈക്കാരന്മാരെ

തെരഞ്ഞെടുത്ത് അവരെ ചുമതലപ്പെടുത്തിയിരുന്നു. പള്ളിയുടെ ഭൗതിക കാര്യങ്ങൾ മുഴുവനും പള്ളിയോഗം കൂടിയാണ് തീരുമാനിച്ചിരുന്നത്. പള്ളിയോഗത്തെ സംബന്ധിച്ച് ഫാ. കൂടപ്പുഴ എഴുതുന്നു: "പള്ളിയുടെ ഭരണം നടത്തിയിരുന്നത് പള്ളിയോഗമാണ്. കുടുംബത്തലവന്മാരും തദ്ദേശവൈദികരും ഉൾപ്പെട്ട ഒരു യോഗമാണ് ഓരോ സ്ഥലത്തെയും പള്ളിഭരണം നടത്തിയിരുന്നത്. ഇടവകവൈദികരിൽ പ്രായം ചെന്ന ആളാണ് പള്ളിയോഗത്തിന്റെ അധ്യക്ഷൻ. അദ്ദേഹം തന്നെയാണ് പള്ളിയിലെ മതകർമ്മാനുഷ്ഠാനങ്ങൾ നിയന്ത്രിച്ചിരുന്നതും. പള്ളിയോഗം പള്ളിയുടെ ഭൗതികസ്വത്തുക്കളുടെ മാത്രമല്ല ഇടവകയിലെ ക്രിസ്തീയ ജീവിതം മുഴുവന്റെയും മേലന്വേഷണം വഹിച്ചിരുന്നു. പരസ്യപാപം സംബന്ധിച്ച കേസുകൾ തീരുമാനിച്ചിരുന്നത് ഈ യോഗമാണ്. സഭാസമൂഹത്തിൽ നിന്ന് തൽക്കാലത്തേക്ക് പുറന്തള്ളുവാൻ അധികാരവും യോഗത്തിനുണ്ടായിരുന്നു."[17] യഥാർഥത്തിൽ നിയമാനുസൃതമായ ഒരു ട്രസ്റ്റിയ്ക്കുള്ളതുപോലുള്ള അധികാരമായിരുന്നു പള്ളിയോഗങ്ങൾക്കുണ്ടായിരുന്നത്. പള്ളിയോഗത്തിനായിരുന്നു പരമാധികാരം. പള്ളിയോഗതീരുമാനങ്ങളിൽ മാറ്റം വരുത്താനോ നിരാകരിക്കാനോ മെത്രാന് അവകാശം ഉണ്ടായിരുന്നില്ല.

വ്യക്തിസഭകളുടെ കൂട്ടായ്മയാണ് ആഗോളസഭ എന്നപോലെ പ്രാദേശികസഭകളുടെ (ഇടവകകളുടെ) കൂട്ടായ്മയാണ് രൂപത എന്ന കാഴ്ചപ്പാടായിരുന്നു മാർത്തോമാക്രിസ്ത്യാനികളുടെയും കാഴ്ചപ്പാട്. മാർപാപ്പാ ആഗോളസഭയുടെ ആധ്യാത്മിക തലവനാണ്. അദ്ദേഹം വ്യക്തിസഭകളുടെ ആഭ്യന്തര ഭരണത്തിൽ ഇടപെടാറില്ല. അതുപോലെ ആധ്യാത്മിക ശുശ്രൂഷകനായ മെത്രാന് ഇടവകകളുടെ ആഭ്യന്തര ഭരണത്തിൽ ഇടപെടാനോ അധികാരം പ്രയോഗിക്കാനോ നസ്രാണിസഭാഘടനാസമ്പ്രദായം അനുവദിച്ചിരുന്നില്ല. അത് പള്ളിയോഗത്തിന്റെ അധികാരപരിധിയിൽ മാത്രം നിക്ഷിപ്തമായിരുന്നു.

## പള്ളി പ്രതിപുരുഷയോഗം

സമുദായത്തെ ആകമാനം ബാധിക്കുന്ന പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അവയെക്കുറിച്ച് തീരുമാനം എടുക്കാൻ കാലാകാലങ്ങളിൽ പള്ളി പ്രതിപുരുഷയോഗങ്ങൾ കൂടിയിരുന്നു. പ്രാദേശികസ്വഭാവമുള്ളവയാണെങ്കിൽ പ്രാദേശികയോഗങ്ങളും സഭയെ ആകമാനം ബാധിക്കുന്ന പ്രശ്നമാണെങ്കിൽ എല്ലാ പള്ളിപ്രതിപുരുഷന്മാരുടെ യോഗവും വിളിച്ചുകൂട്ടിയിരുന്നു. ജാതിക്കുകർത്തവ്യനോ അല്ലെങ്കിൽ ഏതെങ്കിലും പള്ളിയോഗക്കാരോ ആണ് ഇത്തരം യോഗങ്ങൾ വിളിച്ചുകൂട്ടിയിരുന്നത്. 1599-ൽ ഉദയമ്പേരൂരിൽ ജാതിക്കു കർത്തവ്യൻ വിളിച്ചുകൂട്ടിയ പള്ളിപ്രതിപുരുഷയോഗത്തിൽ മലങ്കരയിലെ പള്ളികളെ പ്രതിനിധീകരിച്ച് 644 പള്ളിപ്രതിപുരുഷന്മാർ പങ്കെടുക്കുകയുണ്ടായി.

1773-ൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കാ മാർ പ്ലൊരൻസിയൂസ് അന്തരിച്ചപ്പോൾ വരാപ്പുഴ കർമ്മലീത്താ പാതിരിമാർ മലങ്കരപള്ളിക്കാരെ ശവസംസ്കാരചടങ്ങുകളിൽ പങ്കെടുക്കാൻ അനുവദിച്ചില്ല. മലങ്കരപള്ളിക്കാർ സങ്കടത്തോടെ മടങ്ങി ആലങ്ങാട്ടുവന്ന് സമ്മേളിച്ച് മലങ്കരപള്ളിയുടെ പള്ളിപ്രതിപുരുഷയോഗം (വലിയ സമ്മേളനം) അങ്കമാലിയിൽ കൂടാനുള്ള കുറിപ്പെഴുതി എല്ലാ പള്ളിക്കാർക്കും അയച്ചുകൊടുത്തു. അതിൻപ്രകാരം മലങ്കര ഇടവകയിലുള്ള (ഇടവക എന്നാൽ രൂപത എന്നാണിവിടെ ഉദ്ദേശിക്കുന്നത്) എല്ലാ പള്ളിക്കാരും കൂടി അങ്കമാലി കത്തീഡ്രൽ പള്ളിയിൽ ഒരു മഹാസമ്മേളനം നടത്തി. ആ യോഗത്തിൽ വളരെ അധികം മലങ്കര പട്ടക്കാരും പള്ളിപ്രതിപുരുഷന്മാരും പങ്കെടുക്കുകയുണ്ടായി.[18]

പള്ളിക്കാര്യങ്ങൾ പള്ളിക്കാരാണ് ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുത്തിരുന്നത്. പൂർവകാലങ്ങളിൽ ശിക്ഷാനടപടികൾപോലും പള്ളിയോഗമാണ് തീരുമാനിച്ചിരുന്നത്. പാറേമ്മാക്കൽ ഗോവർണദോർ എഴുതുന്നു: "കാരണം, ഭയങ്കരമായ കുറ്റകൃത്യങ്ങൾക്കുപോലും നാല് പള്ളിക്കാർ കേട്ട് വിധി കല്പിക്കാതെ ശിക്ഷ നൽകാൻ പാടില്ലെന്നുള്ള മലങ്കരസഭയുടെ നിയമം പ്രസിദ്ധമാണ്."[19] പള്ളിയോഗത്തിന്റെ അന്നത്തെ സ്ഥിതിയും അധികാരവും ഇവിടെ വ്യക്തമാണ്. മെത്രാന്മാർ ഒരിക്കലും ഇത്തരംകാര്യങ്ങളിൽ ഇടപെട്ടിരുന്നില്ല.

## ജാതിക്കു കർത്തവ്യൻ (അർക്കദ്യാക്കോൻ)

ജാതിക്കു കർത്തവ്യനായിരുന്നു ഭാരതനസ്രാണികളുടെ സമുദായ നേതാവ്. പോർട്ടുഗീസുകാർ ആർച്ചുഡീക്കൻ എന്ന് വിവരിക്കുന്നത് അർഥം തെറ്റിദ്ധരിക്കാൻ കാരണമായിട്ടുണ്ട്. ഈ സ്ഥാനിയെക്കുറിച്ച് ഫാ. കൂടപ്പുഴ ഇങ്ങനെ എഴുതുന്നു: "സഭയിലെ മെത്രാൻ കഴിഞ്ഞാൽ ഒന്നാമത്തെ സ്ഥാനം ആർച്ചുഡീക്കനാണ്. സഭയിലെ എല്ലാ വിഭാഗത്തിലും പെട്ട ആളുകൾ അദ്ദേഹത്തിനു കീഴാകുന്നു. സഭാംഗങ്ങൾ തമ്മിലോ മറ്റുള്ളവരുമായോ ഉള്ള എല്ലാ തർക്കങ്ങളും ആർച്ചുഡീക്കനാണ് തീരുമാനിക്കുന്നത്. സഭാകാര്യങ്ങളെല്ലാം ആർച്ചുഡീക്കൻവഴിയാണ് കൈകാര്യം ചെയ്യപ്പെടേണ്ടത്. മെത്രാൻ ധിക്കരിക്കപ്പെടുകയോ അധിക്ഷേപിക്കപ്പെടുകയോ ചെയ്യാതിരിക്കാൻ വേണ്ടിയാണ് ഈ നടപടി. ആരാധനസമ്മേളനങ്ങളിലും ആർച്ചുഡീക്കനാണ് പ്രത്യേകസ്ഥാനമുണ്ടായിരുന്നത്. സഭയിലെ അല്ലാ വിഭാഗത്തിലുംപെട്ട ആളുകളുടെമേലും – വൈദികർ, വൈദികവിദ്യാർഥികൾ, സന്യാസിമാർ, അല്മായർ – ആർച്ചുഡീക്കന് അധികാരമുണ്ടായിരുന്നു. അവിവാഹിതരായ വൈദികരെ മാത്രമേ ഈ സ്ഥാനത്തേക്ക് ഉയർത്തിയിരുന്നുള്ളൂ.

ഒരു പ്രതിഷ്ഠാകർമ്മം വഴിയാണ് ആർച്ചുഡീക്കനെ ആ സ്ഥാനത്തേക്ക് ഉയർത്തിയിരുന്നത്. ആർച്ചുഡീക്കൻസ്ഥാനം മാറ്റപ്പെടുവാൻ പാടി

ല്ലാത്തതും ജീവിതകാലം മുഴുവനുമുള്ളതുമായിരുന്നു. എന്നാൽ 16-ാം നൂറ്റാണ്ടിനുശേഷം ലത്തീൻ ശിക്ഷണക്രമം കടന്നുകൂടിയതിന്റെ ഫല മായി ആർച്ചുഡീക്കൻ സ്ഥാനത്തിന് അതിന്റെ ഉന്നതമായ പദവി നഷ്ട പ്പെട്ടു. 'അഖിലേന്ത്യയുടെയും ആർച്ചുഡീക്കൻ' എന്നായിരുന്നു അദ്ദേ ഹത്തിന്റെ അഭിധാനം. പാത്രിയർക്കീസ് തിമോത്തി ഒന്നാമൻ എഴുതിയ ഒരു കത്തിൽ ഇന്ത്യയിലെ വിശ്വാസികളുടെ തലവനായ ആർച്ചുഡീക്ക നെപ്പറ്റി സൂചിപ്പിക്കുന്നുണ്ട്. കോതമംഗലത്തെ പോത്താനിക്കാട് കുടും ബത്തിൽ സൂക്ഷിച്ചിരിക്കുന്ന ഒരു രേഖയിൽ ആർച്ചുഡീക്കനെ 'ജാതി ക്കുകർത്തവ്യൻ' എന്നു വിളിക്കുന്നു. ജാതിയുടെ നാഥൻ, ഉത്തരവാദി ത്വമുള്ള വ്യക്തി എന്നൊക്കെയത്രേ ഇതിന്റെ അർഥം.

ചരിത്രവസ്തുതകൾ വ്യക്തമാക്കുന്നതനുസരിച്ച് ക്രൈസ്തവസമൂ ഹത്തിന്റെ സഭാപരവും രാഷ്ട്രപരവുമായ എല്ലാ കാര്യങ്ങളിലും കൽദാ യമെത്രാപ്പോലീത്താമാരുടെ കാലത്തും ആർച്ചുഡീക്കന്മാർക്ക് അധികാ രമുണ്ടായിരുന്നു. അവർ സഭാസമൂഹത്തിന്റെ അവകാശ സംരക്ഷണ ത്തിനുവേണ്ടിയായിരുന്നു നിലകൊണ്ടിരുന്നതും പ്രവർത്തിച്ചിരുന്നതും അധികാരമുപയോഗിച്ചിരുന്നതും. യഥാർഥത്തിൽ സമൂഹത്തിന്റെ ആധ്യാ ത്മികവും മതപരവും സാമൂഹികവും രാഷ്ട്രീയവുമായ എല്ലാകാര്യങ്ങ ളും ചെയ്തിരുന്നത് ജാതിക്കുകർത്തവ്യനായിരുന്നു. മാത്രവുമല്ല, ഈ തലങ്ങളിലെല്ലാം ആർച്ചുഡീക്കനെ കൂടാതെ മെത്രാപ്പോലീത്തായ്ക്ക് ഭരി ക്കുക സാധ്യമല്ലായിരുന്നുതാനും. പൗരോഹിത്യത്തിലേക്ക് ആളുകളെ തെരഞ്ഞെടുക്കുക, വൈദികരെ നിയമിക്കുക മുതലായവ ആർച്ചുഡീ ക്കന്റെ അവകാശങ്ങളായിരുന്നു. സാമ്പത്തികവും ഭരണപരവുമായ വിശ ദാംശങ്ങളിൽ മെത്രാൻ ഇടപെടുക പൗരസ്ത്യപാരമ്പര്യത്തിനു ചേർന്ന തല്ല. ആധ്യാത്മികനേതൃത്വം നൽകുകയായിരുന്നു അവരുടെ പ്രഥമവും പ്രധാനവുമായ കടമ. അല്മായരുടെയും വൈദികരുടെയും സഹകരണ ത്തോടെ ചിലയവസരങ്ങളിൽ 'പള്ളിയോഗങ്ങൾ' ആർച്ചുഡീക്കന്റെ പൊതുവായ നേതൃത്വത്തിലും നടത്തിയിരുന്നു."[20]

മാർതോമായുടെ മാർഗവും വഴിപാടുമനുസരിച്ച് സഭാസംവിധാനങ്ങ ളെല്ലാം വിശ്വാസികളുടെ ആധ്യാത്മിക പരിപോഷണത്തിനാണ്. മെത്രാൻ ആധ്യാത്മിക ശുശ്രൂഷിയും പള്ളിയുടെ ഭൗതികകാര്യവിചാരം പള്ളിയോ ഗങ്ങളും ജാതിക്കുകർത്തവ്യനുംകൂടിയാണ് നിർവഹിച്ചിരുന്നത്. ഈ ആദി മസഭാഘടന പൗരസ്ത്യ/പാശ്ചാത്യസഭകളിൽ നഷ്ടപ്പെട്ടുപോയിരുന്നു. 16-ാം നൂറ്റാണ്ടുവരെ നമ്മുടെ പൂർവികർ കണ്ണിലെ കൃഷ്ണമണിപോലെ അത് കാത്തുസൂക്ഷിച്ചിരുന്നു.

നൂറ്റാണ്ടുകളോളം പേർഷ്യൻമെത്രാന്മാരെയും ആർക്കദ്യാക്കോനെയും മലങ്കരപ്പള്ളിക്കാർ തങ്ങളുടെ ചിലവിൽ മഹാപ്രതാപത്തോടും ബഹു മാനത്തോടുംകൂടി സംരക്ഷിച്ചിരുന്നു. എന്നാൽ ഉദയമ്പേരൂർ സൂനഹദോ സിനുശേഷം ജാതിക്ക് ഒരു തലവനില്ലാതെ പോയതിന്റെ പോരായ്മയെ

പ്പറ്റി വളരെ സങ്കടത്തോടെ പാറേമ്മാക്കൽ ഗോവർണദോർ വർത്തമാന പ്പുസ്തകത്തിൽ എഴുതിയിട്ടുണ്ട്.[21]

## മെത്രാന്മാർ

പോർച്ചുഗീസുകാരുടെ കേരളപ്രവേശനത്തിനു മുൻപുള്ള കാലഘട്ട ത്തിൽ മലബാർ സഭയ്ക്ക് ആധ്യാത്മികശുശ്രൂഷ ചെയ്യുന്നതിനായി ക്ഷണിച്ചുവരുത്തിയ മെത്രാന്മാരിലധികവും കൽദായയിലെ നെസ്തോ റിയൻ പാത്രിയാർക്കീസിന്റെ കീഴിലുള്ളവരായിരുന്നു. മലങ്കരയിൽ എത്തിയ ആ മെത്രാന്മാർ ആധ്യാത്മികകാര്യങ്ങളിലാണ് ശ്രദ്ധ കേന്ദ്രീ കരിച്ചിരുന്നത്. നസ്രാണികളുടെ കാഴ്ചപ്പാടിൽ മെത്രാൻ യഥാർഥത്തിൽ ഒരു ആധ്യാത്മികമനുഷ്യനാണ്; ക്രിസ്തു അനുയായികളെ ദൈവത്തി ങ്കലേക്ക് അടുപ്പിക്കാൻ ത്രാണിയുള്ള ഒരു ദൈവിക മനുഷ്യൻ. മെത്രാ ന്മാർ ആത്മീയകാര്യങ്ങളിൽ മാത്രം ശ്രദ്ധിക്കുക എന്നതായിരുന്നു മല ബാറിലെ രീതി.

മാർതോമാ സ്ഥാപിച്ച സഭാകൂട്ടായ്മയിൽ മെത്രാൻ സ്ഥാനി ഉണ്ടാ യിരുന്നു എന്ന് ചരിത്രപരമായി തെളിവുകളൊന്നുമില്ല. പൗരസ്ത്യറോമാ സാമ്രാജ്യത്തിൽപെട്ട പേർഷ്യയിൽനിന്നും സെലൂഷ്യയിൽ നിന്നും കൽദായമെത്രാന്മാർ മാർതോമാക്രിസ്ത്യാനികളുടെ ക്ഷണപ്രകാരം മല ബാറിലെത്തി നസ്രാണികൾക്ക് ആധ്യാത്മികശുശ്രൂഷ ചെയ്യുകയാണു ണ്ടായത്. അവരെ ആധ്യാത്മിക ആചാര്യന്മാർ എന്ന നിലയിൽ കണ്ട് നസ്രാണികൾ ആദരിച്ചംഗീകരിച്ചിരുന്നു. ഭൗതികകാര്യങ്ങളിൽ മെത്രാൻ ഇടപെടുകയെന്നത് മാർതോമായുടെ മാർഗത്തിന് വിരുദ്ധമായിരുന്നു. സഭ യുടെ ഭരണകാര്യങ്ങളിൽനിന്നു വിട്ടൊഴിഞ്ഞ് പ്രാർഥനയിലും വചനശു ശ്രൂഷയിലും ഏകാഗ്രചിത്തരായിരിക്കുക എന്നത് (അപ്പോ. പ്രവ. 6: 4) അപ്പോസ്തലികപാരമ്പര്യമായിരുന്നു. തന്മൂലം മാർതോമായുടെ നിയമം അനുസരിച്ച് ഭാരതനസ്രാണി സഭയിൽ ഉണ്ടായിരുന്നത് ആധ്യാത്മികശു ശ്രൂഷകർ മാത്രമായ മെത്രാന്മാരാണ്. മെത്രാന് പള്ളിസ്വത്തിന്റെമേലോ പള്ളികളുടെമേലോ ഭൗതികമായ യാതൊരധികാരവുമില്ലായിരുന്നു. പള്ളി യോഗങ്ങളായിരുന്നു പള്ളിയും പള്ളിസ്വത്തുക്കളും ഭരിച്ചിരുന്നത്. അങ്ങനെ ഓരോ പള്ളിയും തികച്ചും സ്വതന്ത്രമായിരുന്നു. ചരിത്രപണ്ഡി തനായ ഫാ. ജോസ് കുറിയേടത്ത് ഇതുസംബന്ധമായി പ്രസ്താവിക്കു ന്നതു കാണുക: “മെത്രാന്മാർ സമുദായത്തിന്റെ ഭൗതികഭരണത്തിൽ ഏർപ്പെട്ടിരുന്നുവോ എന്ന ചോദ്യത്തിനു ചരിത്രകാരന്മാർ ഏകകണ്ഠ മായി അഭിപ്രായപ്പെടുന്നത് മെത്രാന്മാർ ഭൗതികഭരണത്തിൽ ഏർപ്പെട്ടി രുന്നില്ല എന്നാണ്.”[22] പേർഷ്യൻ മെത്രാന്മാരുടെ സുദീർഘമായ ശുശ്രൂ ഷാകാലഘട്ടത്തിൽ നസ്രാണിസഭഭരണസമ്പ്രദായത്തിന് മാറ്റമൊന്നും ഉണ്ടായില്ല. മാർതോമായുടെ മാർഗവും വഴിപാടുമെന്ന നസ്രാണിസഭ സമ്പ്രദായത്തിന് ഈ സമുദായത്തിൽ എത്രമാത്രം ആഴത്തിൽ വേരു കൾ ഓടിയിരുന്നു എന്ന് ഇതിൽനിന്നു മനസ്സിലാക്കാം.

## പട്ടക്കാർ (കത്തനാർ)

സഭാശുശ്രൂഷകരായ പട്ടക്കാർക്ക് മാർതോമാക്രിസ്ത്യാനികളുടെ ഇടയിൽ ഉന്നതസ്ഥാനമാണുണ്ടായിരുന്നത്. പ്രാദേശികസഭകൾ പള്ളിയോഗം കൂടിയാണ് പട്ടത്തിനുള്ള വിദ്യാർഥികളെ തെരഞ്ഞെടുത്തിരുന്നത്. മല്പാന്റെ കീഴിലാണ് അന്നൊക്കെ വൈദികപഠനം നടത്തിയിരുന്നത്. ഇന്നത്തെപ്പോലെ സെമിനാരിപരിശീലനം അന്നില്ലായിരുന്നു. പോർട്ടുഗീസുകാരുടെ വരവിനുശേഷമാണ് സെമിനാരി വിദ്യാഭ്യാസരീതി മലങ്കരയിൽ നടപ്പിലായത്. വൈദികവിദ്യാർഥിയുടെ പഠനചിലവുകൾ മുഴുവൻ ഇടവകക്കാർ ഏറ്റെടുത്തിരുന്നു. വൈദികപരിശീലനം പൂർത്തിയാകുമ്പോൾ ഇടവകപ്രതിനിധികൾ വൈദികാർഥിക്ക് ദേശക്കുറി നൽകി പട്ടത്തിനായി മെത്രാന്റെ പക്കൽ പറഞ്ഞയയ്ക്കും. പട്ടം കിട്ടാൻ യോഗ്യരായവരെ മെത്രാൻ, മല്പാന്റെ ശിപാർശയുടേയും അടിസ്ഥാനത്തിൽ, പട്ടം നൽകി പൗരോഹിത്യത്തിലേക്ക് ഉയർത്തും. പട്ടം നൽകാനുള്ള ഉത്തരവാദിത്വമേ ഇക്കാര്യത്തിൽ മെത്രാനുണ്ടായിരുന്നുള്ളു. മാർതോമായുടെ നിയമമനുസരിച്ച്, ദേശക്കുറിയും മല്പാന്റെ ശിപാർശയുമില്ലാതെ പട്ടം നൽകാൻ മെത്രാന് അവകാശമില്ലായിരുന്നു. പട്ടം കിട്ടിവരുന്ന വൈദികൻ, തന്നെ വൈദികനാക്കാൻ അയച്ച ഇടവകയ്ക്ക് സേവനം ചെയ്തിരുന്നു. അതിനാലാണ് അവർ 'ദേശത്തുപട്ടക്കാർ' എന്നറിയപ്പെട്ടിരുന്നത്. മെത്രാന്റെ പ്രതിനിധിയായി വൈദികൻ ഇടവകയിൽ സേവനം ചെയ്യുന്നു എന്ന കാഴ്ചപ്പാട് അന്നില്ലായിരുന്നു. മറിച്ച് ഇടവകയോഗം കൂടി തെരഞ്ഞെടുത്ത അവരുടെ ആധ്യാത്മിക ശുശ്രൂഷകരായിരുന്നു വൈദികർ. കൂടാതെ, വൈദികർ അവർ സേവനം ചെയ്യുന്ന ഇടവകയിലെ അംഗങ്ങളും കൂടി ആയിരുന്നു. അതിനാൽ അവർ ഇടവകാംഗങ്ങളോട് കൂറും വിധേയത്വവും സ്നേഹവും പ്രകടിപ്പിച്ചിരുന്നു. പാശ്ചാത്യസഭയുടെ ദുഷിച്ച പാരമ്പര്യങ്ങളിലൊന്നാണ് വൈദികൻ മെത്രാന്റെ പ്രതിനിധിയായി ഇടവയെ ഭരിക്കുന്നത്.

## എണങ്ങർ

മാർതോമാ നസ്രാണി സമുദായത്തിലെ വൈദികരല്ലാത്തവരാണ് എണങ്ങർ. എണങ്ങർ എന്ന പദത്തിന് ഇണക്കത്തോടാണ് ബന്ധമുള്ളത്. അപ്പോസ്തലരുടെ പ്രബോധനത്തിലും കൂട്ടായ്മയിലും അപ്പം മുറിക്കലിലും പ്രാർഥനയിലും മുഴുകിയിരുന്ന ആദിമസഭാകൂട്ടായ്മപോലെ (അപ്പോ. പ്രവ. 2: 42) മാർതോമാക്രിസ്ത്യാനികളുടെ സമുദായകൂട്ടായ്മ സ്നേഹത്തിലും സ്വരുമയിലും യോജിപ്പിലും സമഭാവനയിലും ഒന്നായിരുന്നു. ഇണക്കമാണ് ആ കൂട്ടായ്മയുടെ മുഖമുദ്ര. ആ ഇണക്കത്തിലെ പ്രധാനഘടകമാണ് എണങ്ങർ. നസ്രാണിസമുദായത്തിലെ വൈദികേതരർ ഉദയമ്പേരൂർ സൂനഹദോസുവരെ എണങ്ങരാണ്. സൂനഹദോസിന്റെ കാനോനകളിൽ എണങ്ങർ എന്ന പദം 34 പ്രാവശ്യം ഉപയോഗിച്ചി

ട്ടുണ്ടെന്ന് ഡോ. സ്കറിയാ സക്കറിയ പ്രസ്താവിച്ചിട്ടുണ്ട്.[23] എണങ്ങർ എന്ന നല്ല മലയാളപദത്തിനു പകരം അല്മേനി എന്ന സുറിയാനിപദം കടന്നുകൂടി. അല്മേനി എന്ന പദത്തിനർഥം ലൗകികൻ എന്നാണ്. എണങ്ങർ തരംതാഴ്ത്തപ്പെട്ടെങ്കിലും പട്ടക്കാരൻ എന്ന പദം ഇന്നും ഉപയോഗത്തിൽ നിലനിൽക്കുന്നു. അർഥപുഷ്ടിയുള്ള കത്തനാർ എന്ന പദം ഉപയോഗത്തിൽനിന്നും മൺമറഞ്ഞെന്നു മാത്രമല്ല, ആ പദത്തിന്റെ ഉപയോഗംതന്നെ ആക്ഷേപകരമായിരിക്കയാണിന്ന്. പട്ടക്കാരൻ, വൈദികൻ എന്നീ പദങ്ങൾക്കും അധികം ഭാവിയുണ്ടെന്നു തോന്നുന്നില്ല. യഥാർഥത്തിൽ ഒരർഥവുമില്ലാത്ത വെറും 'അച്ചൻ' എന്ന പദമാണ് സർവസാധാരണമായി വൈദികരെ വിളിക്കാൻ ഇന്നുപയോഗിക്കുന്നത്.

നസ്രാണികളുടെ സങ്കല്പത്തിൽ പട്ടക്കാർ എണങ്ങരുടെ ശുശ്രൂഷകർ മാത്രമാണ്. പട്ടക്കാർ എണങ്ങരുടെ ഭരണാധികാരികൾ ആയിരുന്നില്ല. പള്ളിക്കാരായിരുന്നു പള്ളിക്കാര്യങ്ങൾ നടത്തിയിരുന്നതും, ഭരിച്ചിരുന്നതും. പട്ടക്കാരും എണങ്ങരും സമുദായത്തിൽ ഒറ്റക്കെട്ടായി വർഗവ്യത്യാസമില്ലാതെ പ്രവർത്തിച്ചിരുന്നു. എന്നാൽ ഉദയമ്പേരൂർ സൂനഹദോസ് പട്ടക്കാരെ എണങ്ങരിൽനിന്ന് വേർതിരിച്ചു. പാശ്ചാത്യരീതിയിലുള്ള മേലാള്-കീഴാള് മാതൃക സൂനഹദോസിൽവച്ച് സ്ഥാപിച്ചെടുത്തു. 'അല്മെനികളോടുകൂടെ കളിക്കയും ചിരിക്കയും അരുത്', 'പട്ടക്കാരർക്കും അല്മെനികൾ തങ്ങൾക്കും ഭെദം ഒണ്ട് എന്നപോലെ ഔവണ്ണംതന്നെ ചമയത്തിനും ഭെദം ഉണ്ടായിരിക്കണം' തുടങ്ങിയ കാനോനാ ഭാഗങ്ങൾ ഇത് വ്യക്തമാക്കുന്നുണ്ട്. എന്നിരുന്നാലും സമുദായത്തിലെ നടപ്പനുസരിച്ച് ഓരോ പള്ളിയിൽനിന്നും നന്നാല് പ്രതിനിധികൾ സൂനഹദോസിൽ പങ്കെടുക്കാൻ ക്ഷണിക്കപ്പെട്ടു. മൊത്തം 644 എണങ്ങരും 153 പട്ടക്കാരുമാണ് സൂനഹദോസിൽ പങ്കെടുത്തത്.

എണങ്ങരും മെത്രാനുമായി സഭാഭരണകാര്യത്തിൽ യാതൊരു ഇടപെടലുകളും ഉണ്ടായിരുന്നില്ല. ആർക്കദ്യാക്കോനും പള്ളിയോഗങ്ങളുമാണ് മാർതോമാക്രിസ്ത്യാനികളുടെ സർവകാര്യങ്ങളും നടത്തിയിരുന്നത്. ആധ്യാത്മികശുശ്രൂഷയും പട്ടം കൊടുക്കലുമായിരുന്നു മെത്രാന്റെ പ്രധാന ചുമതലകൾ.

## മാർതോമാനിയമത്തിന്റെ പ്രധാന ഘടകങ്ങൾ

1. പള്ളി പള്ളിക്കാരുടേതായിരുന്നു.
2. നസ്രാണി സഭയിൽ അല്മായർ ഉണ്ടായിരുന്നില്ല; എണങ്ങർ അഥവാ വൈദികേതരരെ ഉണ്ടായിരുന്നൊള്ളു.
3. സഭയുടെ സാമുദായിക/ഭൗതിക കാര്യങ്ങൾ മലങ്കര പള്ളിപ്രതിപുരുഷയോഗം തെരഞ്ഞെടുക്കുന്ന സമുദായനേതാവായ ജാതിക്കു കർത്തവ്യനിൽ നിക്ഷിപ്തമായിരുന്നു.
4. പള്ളിയുടെ ഭരണം നിർവഹിച്ചിരുന്നത് എണങ്ങരും പട്ടക്കാരും കൂടിയ പള്ളിയോഗമായിരുന്നു.

5. ഭയങ്കര കുറ്റകൃത്യങ്ങൾക്ക് പല പള്ളിക്കാർ (ചുരുങ്ങിയത് നാലു പള്ളിക്കാർ) കേട്ട് വിധി കല്പിച്ച് ശിക്ഷ നൽകണമെന്നാണ് മലങ്കരസഭയുടെ നിയമം.
6. മെത്രാന്മാർ ആധ്യാത്മികശുശ്രൂഷയിൽ മാത്രം വ്യാപരിച്ചിരുന്നു.
7. ജാതിക്കു കർത്തവ്യന്റെ അധികാരങ്ങളിൽ കൈകടത്താൻ മെത്രാന് അവകാശം ഉണ്ടായിരുന്നില്ല.
8. ആധ്യാത്മികശുശ്രൂഷാധികാരം സഭാശുശ്രൂഷകരായ മെത്രാനിലും പട്ടക്കാരിലും നിക്ഷിപ്തമായിരുന്നു.
9. മെത്രാന്മാരെ സ്വീകരിക്കാനോ സ്വീകരിക്കാതിരിക്കാനോ ഉള്ള അവകാശം മലങ്കരപള്ളിയുടെ പള്ളിപ്രതിപുരുഷയോഗത്തിൽ നിക്ഷിപ്തമായിരുന്നു.

# 6

# നസ്രാണി സഭാസംവിധാനത്തിനുണ്ടായ അപചയം

**കോ**ൺസ്റ്റന്റൈൻ ചക്രവർത്തി ക്രിസ്തുമതത്തെ സാമ്രാജ്യമതമാക്കി മാറ്റിയതിന്റെ ഫലമായി യേശുപഠനങ്ങൾ വികലീകരിക്കപ്പെടുക മാത്ര മല്ല, പാശ്ചാത്യസഭയ്ക്ക് സാരമായ മൂല്യശോഷണവും ഉണ്ടായി. അന്നു മുതൽ അധികാരത്തിനും പ്രൗഢിക്കും സമ്പത്ത് സമാഹരിക്കുന്നതിനു മായി മുൻതൂക്കം. സഭ രാജസഭയായി. ഇന്നും അത് തുടർന്നുകൊണ്ടി രിക്കുന്നു. പാശ്ചാത്യസഭയിൽ സംഭവിച്ചതുപോലുള്ള മൂല്യച്യുതി 16-ാം നൂറ്റാണ്ടുവരെ സ്വതന്ത്രമായിരുന്ന മലങ്കര നസ്രാണിസഭയ്ക്ക് സംഭവി ച്ചില്ല. എന്നിരുന്നാലും അത് കൊളോണിയൽ വേഴ്ചയിൽ അകപ്പെട്ട തോടെ അതിന്റെ തനിമ നഷ്ടപ്പെടാൻ തുടങ്ങി. അന്നുവരെ നസ്രാണി സഭയ്ക്ക് തനതായുണ്ടായിരുന്ന ദൈവോപാസനാരീതികളും സഭാഭരണ സമ്പ്രദായങ്ങളുമെല്ലാം നഷ്ടപ്പെട്ടുതുടങ്ങി. പിന്നീട് അത് കൊളോണി യൽ ആധിപത്യത്തിന്റെ കഥയാണ്. കേരള നസ്രാണിസഭയ്ക്ക് അടു ത്തകാലത്ത് സ്വയം ഭരണാധികാരം റോം നൽകിയെങ്കിലും കാര്യമായ സൽഫലങ്ങൾ ഇന്നുവരെ അത് പുറപ്പെടുവിച്ചിട്ടില്ല. മറിച്ച്, വിഭാഗീയ ചിന്താഗതിയുടെ ഫലമായി നസ്രാണി കത്തോലിക്കസഭ ഇന്നും അപച യത്തിലേയ്ക്ക് മൂക്കുകുത്തിക്കൊണ്ടിരിക്കുകയാണ്.

## മാർതോമാ അപ്പോസ്തലന്റെ കേരള പ്രവേശനം

മാർതോമാ അപ്പോസ്തലൻ മലങ്കരയിലെത്തി സുവിശേഷം പ്രസംഗി ച്ചെന്നും നസ്രാണിസഭ അങ്ങനെ സ്ഥാപിതമായെന്നുമാണ് പൊതുവെ

യുള്ള വിശ്വാസം. എന്നാൽ മാർതോമായുടെ കേരളപ്രവേശനം ചരിത്രകാരന്മാരുടെ ഇടയിൽ ഇന്നും തർക്കവിഷയമാണ്. കാരണം പരമ്പരാഗതമായി മാർതോമാസന്ദർശനം ഒരു വിശ്വാസമാണെങ്കിലും നിർഭാഗ്യവശാൽ ചരിത്രപരമായ പൂർണതെളിവുകൾ ഇക്കാര്യത്തിലില്ല. അറബികൾ കേരളത്തിലെത്തി സുഗന്ധവസ്തുക്കളും മറ്റ് സാധനസാമഗ്രികളും അക്കാലത്തും കച്ചവടം നടത്തിയിരുന്നു. മാർതോമായും അവരോടൊപ്പം കേരളത്തിൽ വരാനും വേദം പ്രസംഗിക്കാനും സാധ്യതയുണ്ട്. അതുകൊണ്ട് മാർതോമായുടെ കേരളപ്രവേശനം അസംഭവ്യമല്ലെന്നനുമാനിക്കാം. എങ്കിലും ചരിത്രരേഖകളുടെ അഭാവം മലങ്കര ക്രിസ്ത്യാനികളുടെ മതോൽപത്തിയിൽ എന്നും ചോദ്യചിഹ്നമായി നിലനിൽക്കുന്നു.

തോമാഅപ്പോസ്തലൻ കേരളത്തിൽ കാവ്യരുടെ ഇടയിൽ (അവിശ്വാസികളുടെ ഇടയിൽ) വേദം പ്രസംഗിച്ചെന്നും ഏഴുപള്ളികൾ – മാലയങ്കര, പാലയൂർ, കോട്ടക്കാവ്, കോതമംഗലം, കൊല്ലം, നിരണം, നിലയ്ക്കൽ – സ്ഥാപിച്ചെന്നുമാണ് പരമ്പരാഗതമായ വിശ്വാസം. അന്ന് കേരളത്തിൽ ഇന്നുള്ളതുപോലെ പല ജാതികൾ ഉണ്ടായിരുന്നു എന്നുള്ളതിന് മതിയായ തെളിവുകളില്ല. അപ്പോൾ മാർതോമാ കേരളത്തിൽ എത്തിയിരുന്നെങ്കിൽതന്നെ ആരുടെ ഇടയിൽ വേദം പ്രസംഗിച്ചെന്ന് ആർക്കും ഒന്നും അറിഞ്ഞുകൂടാ. ഓരോ ചരിത്രകാരന്മാരും അവരവരുടെ വീക്ഷണകോണിൽകൂടി ചരിത്രത്തെ സൃഷ്ടിച്ചിരുന്നു. സത്യാവസ്ഥ കണ്ടുപിടിച്ചു തെളിയിക്കാൻ മാർഗങ്ങളില്ലാഞ്ഞതിനാലായിരിക്കാം പല ചരിത്രരചയിതാക്കളും കാടുകയറേണ്ടിവന്നത്. മലങ്കരയിൽ ആ കാലഘട്ടത്തിൽ ഉണ്ടായിരുന്ന യഹൂദരെയാണ് മാർതോമാ സ്നാപനം ചെയ്തത് എന്നുവരെ സമർഥിക്കാൻ അടുത്തകാലത്ത് ചില 'ചരിത്രകാരന്മാർ' വെമ്പൽ കൊള്ളുന്നുണ്ട്. മാർതോമാ സ്ഥാപിച്ചു എന്നു പറയപ്പെടുന്ന സഭയിൽ മാർതോമാ മേലന്വേഷകരേയും മൂപ്പന്മാരേയും നിയമിച്ചിരുന്നോ എന്നും അന്നത്തെ സഭാകൂട്ടായ്മ കാലുകഴുകൽ ചടങ്ങും അപ്പം മുറിക്കലും നടത്തിയിരുന്നോ എന്നും ഒന്നും ആർക്കും അറിഞ്ഞുകൂടാ.

## നസ്രാണിസഭയുടെ വളർച്ച

മാർതോമാ അപ്പോസ്തലനാൽ സ്ഥാപിതമെന്ന് വിശ്വസിക്കപ്പെടുന്ന ഭാരതനസ്രാണിസഭ രാജാക്കന്മാരുടെ പ്രീണനത്തിനോ പീഡനത്തിനോ ഇരയാകാതെ വളർന്നുവന്നു. പാശ്ചാത്യ/പൗരസ്ത്യസഭകളുടെ വികസനത്തിൽ ആ പ്രദേശത്തെ രാഷ്ട്രീയ സംഭവവികാസങ്ങൾ ആഴമായി ബാധിച്ചുവെങ്കിലും ഭാരതക്രൈസ്തവർക്ക് ഭാരതത്തിന്റെ സാമൂഹ്യ-ആധ്യാത്മികചുറ്റുപാടിൽ വളരാനും വികസിക്കാനും സാധിച്ചു. പാശ്ചാത്യ/പൗരസ്ത്യസഭകളിൽ ദൈവശാസ്ത്രപരമായ ചേരിതിരിവുകളും ഏറ്റുമുട്ടലുകളും നടന്നെങ്കിലും ഭാരതനസ്രാണിസഭയ്ക്ക് അത്തരമൊരു കോലാഹലത്തെ അഭിമുഖീകരിക്കേണ്ടിവന്നില്ല. അതിനു പ്രധാനകാരണം ഭാരത മതസമൂഹത്തിൽ നിലനിന്നിരുന്ന മതനിരപേക്ഷ മനോ

ഭാവവും സാമൂഹ്യരാഷ്ട്ര വ്യവസ്ഥയുമായിരുന്നു. ഏതെങ്കിലും ഒരു പ്രത്യേക മതമോ ഈശ്വരദർശനമോ രാജാക്കന്മാരുടെ പ്രീണനത്തിന് ഇടയാക്കിയിരുന്നില്ല. കുടുംബദൈവങ്ങളും ഗോത്രദൈവങ്ങളും ഭാരത മതചിന്തയിൽ അംഗീകരിക്കപ്പെട്ടതായിരുന്നു. അക്രമണാത്മകമായ ഒരു മതസമീപനം ഭാരതത്തിൽ ഉണ്ടായിരുന്നില്ല. 'എന്റെ ദൈവവും മതവും മാത്രം ശരി' എന്ന ചിന്ത ഭാരതഭൂമിയിൽ ഉണ്ടായിരുന്നില്ല. തന്മൂലം ഭാരത ക്രൈസ്തവർക്ക് മറ്റു മതങ്ങളുമായി വാഗ്വാദം നടത്തുകയോ ഏറ്റുമുട്ടുകയോ ചെയ്യേണ്ടതായി വന്നിട്ടില്ല. അങ്ങനെ സ്വതന്ത്രമായി വളർന്ന് വികസിച്ച തനതായ ദൈവികോപാസനസമ്പ്രദായവും ഭരണഘടനസമ്പ്രദായവും ഉണ്ടായിരുന്ന സഭയായിരുന്നു ഭാരതനസ്രാണി സഭ.

## പോർട്ടുഗീസുകാരുടെ ആഗമനവും ആദ്യകാലബന്ധങ്ങളും

എ. ഡി. 1498-ൽ പോർട്ടുഗീസുകാരനായ വാസ്കോഡിഗാമ കോഴിക്കോട്ടെത്തി. അതോടെ കേരളചരിത്രത്തിലും ഭാരത നസ്രാണിസഭയുടെ ചരിത്രത്തിലും പുതിയ ഓരോ അധ്യായങ്ങൾ ആരംഭിച്ചു. പോർട്ടുഗൽ ഒരു റോമൻ കത്തോലിക്കരാജ്യമായിരുന്നു. അതിനാൽതന്നെ പോർട്ടുഗീസുകാരുടെ വാണിജ്യലക്ഷ്യത്തോടെയുള്ള പര്യടനങ്ങളിൽ മതപരമായ ലക്ഷ്യങ്ങളുംകൂടി ഉണ്ടായിരുന്നു. വാസ്കോഡിഗാമ രണ്ടാംവട്ടം കേരളത്തിലെത്തിയപ്പോൾ കൊച്ചിയിൽവച്ച് 1502-ൽ മാർതോമാ നസ്രാണി പ്രതിനിധികളെ കാണുകയും ഒരു ഔപചാരിക പോർട്ടുഗീസ് ബന്ധം ആരംഭിക്കുകയും ചെയ്തു. അക്കാലങ്ങളിൽ കേരളത്തിലെത്തുന്ന പേർഷ്യൻ മെത്രാന്മാരെ സ്വീകരിച്ചുപചരിക്കാൻപോലും പോർട്ടുഗീസുകാർ തയ്യാറായിരുന്നു. അന്ന് കേരളത്തിലെ പേർഷ്യൻ മെത്രാന്മാർ വാണിജ്യകാര്യങ്ങളിൽ പോർട്ടുഗീസുകാരെ അകമഴിഞ്ഞ് സഹായിച്ചിരുന്നു. "കൊടുങ്ങല്ലൂർ, കൊല്ലം, പാലയൂർ തുടങ്ങിയ ഇരുപത് പട്ടണങ്ങളിലായി മുപ്പതിനായിരം ക്രൈസ്തവ കുടുംബങ്ങൾ അക്കാലത്ത് കേരളത്തിൽ ഉണ്ടായിരുന്നുവെന്ന് പേർഷ്യൻ മെത്രാന്മാരുടെ ഒരു കത്തിൽ നിന്നും മനസ്സിലാക്കാം" എന്ന് 'ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകൾ' എന്ന പുസ്തകത്തിൽ കാണുന്നുണ്ട്.[24] രണ്ടായിരത്തിൽ കൂടുതൽ ക്രൈസ്തവകുടുംബങ്ങൾ അന്ന് കൊല്ലത്തുണ്ടായിരുന്നു. ക്രൈസ്തവ കുടുംബങ്ങളെയും അവരുടെ ദേവാലയങ്ങളെയും സംരക്ഷിക്കാൻ പോർട്ടുഗീസുകാർ എല്ലാവിധത്തിലും പരിശ്രമിച്ചിരുന്നു. അങ്ങനെ കേരളക്രൈസ്തവരും പോർട്ടുഗീസുകാരും പ്രാരംഭകാലത്ത് വളരെ മൈത്രിയിൽ കഴിഞ്ഞിരുന്നു.

## പോർട്ടുഗീസുകാരുടെ മനോഭാവത്തിലുണ്ടായ മാറ്റങ്ങൾ

16-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽതന്നെ ധാരാളം പോർട്ടുഗീസു മിഷനറിമാർ മലങ്കരയിൽ എത്തിച്ചേർന്നിരുന്നു. അവർ സാവധാനം നാട്ടു

ഭാഷയും കൂടാതെ നസ്രാണികളുടെ ആരാധനഭാഷയായിരുന്ന സുറിയാനിയും വശമാക്കി. സിദ്ധാന്തങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും പാശ്ചാത്യകത്തോലിക്കസഭയിൽനിന്നുള്ള വ്യത്യാസം അവർ മനസ്സിലാക്കിത്തുടങ്ങി. ആരാധനക്രമത്തിനുവേണ്ടി സുറിയാനി ഉപയോഗിച്ച മലങ്കരയിലെ നസ്രാണികൾ സുറിയാനിക്രിസ്ത്യാനികൾ എന്നും മിഷനറിമാരുടെ പ്രയത്നഫലമായി ക്രൈസ്തവമാർഗം സ്വീകരിച്ചവർ, അവരുടെ ആരാധനക്രമത്തിനുവേണ്ടി ലത്തീൻ ഉപയോഗിച്ചതിനാൽ ലത്തീൻ ക്രിസ്ത്യാനികൾ എന്നും വിളിക്കപ്പെട്ടു.

## പദ്രുവാദോ (Padroado)

ഗോവാ രൂപത 1534-ൽ സ്ഥാപിക്കപ്പെടുകയും 1558-ൽ അത് അതിരൂപതയായി ഉയർത്തപ്പെടുകയും ചെയ്തു. 1514-ൽ അന്നത്തെ മാർപാപ്പായും (Pope Leo X) പോർട്ടുഗീസ് രാജാവും തമ്മിലുണ്ടായിരുന്ന ധാരണപ്രകാരം പോർട്ടുഗീസുകാർ കണ്ടുപിടിക്കുന്ന ആഫ്രിക്കയിലേയും ഏഷ്യയിലേയും ഭൂപ്രദേശങ്ങളിലെ മെത്രാന്മാരെയും മറ്റ് ഉന്നത സഭാധികാരികളെയും നാമനിർദ്ദേശം ചെയ്യുന്നതിനുള്ള അധികാരം പോർട്ടുഗീസ് രാജാവിനുണ്ടായിരുന്നു. പദ്രുവാദോ എന്നാണ് ഈ അധികാരം അറിയപ്പെട്ടിരുന്നത്. രാജാവിന്റെ ഖജനാവിൽനിന്ന് പള്ളിസംബന്ധമായ എല്ലാ ചിലവുകളും നിർവഹിച്ചിരുന്നു. 1557-ൽ കൊച്ചി രൂപത സ്ഥാപിക്കപ്പെട്ടു.

1541-ൽ കൊടുങ്ങല്ലൂരും 1577-ൽ ചേന്ദമംഗലത്തും പോർട്ടുഗീസുകാർ സെമിനാരികൾ സ്ഥാപിച്ചു. മാർതോമാക്രിസ്ത്യാനികളിൽ നിന്നുള്ളവർക്ക് ആ സെമിനാരികളിൽ പരിശീലനം നടത്തി. അന്നുവരെ നസ്രാണിസഭയിൽ നിലനിന്നിരുന്ന മല്പാൻ പരിശീലന സമ്പ്രദായത്തെയും പള്ളിയോഗത്തിന്റെ ദേശക്കുറി സമ്പ്രദായത്തെയും പോർട്ടുഗീസുകാർ അവഗണിച്ചു. തന്നെയുമല്ലാ, കൊച്ചി മെത്രാന്റെ അനുമതിയോടുകൂടി മാത്രമെ മാർതോമാക്രിസ്ത്യാനികളുടെ വൈദികർക്ക് പട്ടം നൽകാവൂ എന്ന വ്യവസ്ഥയും മലയാളക്കരയിലെ പേർഷ്യൻ മെത്രാനായിരുന്ന മാർ എബ്രാഹത്തിന്റെ മുമ്പിൽവച്ചു. അദ്ദേഹം ഗോവായിൽ നടന്ന ഒരു സൂനഹദോസിൽ പങ്കെടുത്ത അവസരത്തിലാണ് ഈ നിർദേശമുണ്ടായത്. കൂടാതെ മാർതോമാക്രിസ്ത്യാനികളുടെ വൈദികർ ബ്രഹ്മചര്യം അനുഷ്ഠിക്കണമെന്ന തീരുമാനവും ആ സൂനഹദോസിൽ വച്ചുണ്ടായി. മാർ എബ്രാഹം ആ നിർദേങ്ങളെ ഒന്നും കൂട്ടാക്കിയില്ല. 1558-ഓടുകൂടി പാശ്ചാത്യ സമ്പ്രദായത്തിലുള്ള കുമ്പസാരം, സ്ഥൈര്യലേപനം, അന്ത്യകൂദാശ എന്നീ ചടങ്ങുകളും പൂജാവസ്ത്രങ്ങളും പോർട്ടുഗീസ് മിഷ്യനറിമാരുടെ സമ്മർദംമൂലം നസ്രാണി സഭയിൽ നടപ്പിലാക്കിത്തുടങ്ങി. 1597-ൽ മാർ എബ്രാഹം ദിവംഗതനായി. നസ്രാണി സഭയിലെ പഴയ പാരമ്പര്യപ്രകാരം ആർക്കദ്യാക്കോൻ താത്ക്കാലിക ഭരണാധികാരിയായി. അന്നത്തെ ആർക്കദ്യാക്കോൻ പകലോമറ്റം തറവാട്ടിലെ ഗീവറുഗീസ്

ആയിരുന്നു. 1595-ൽ ഗോവായിലെ മെത്രാപ്പോലീത്തയായി അലക്സിസ് മെനേസിസ് (Alexis Menesis) ചാർജെടുത്തു. അദ്ദേഹം പോർട്ടുഗീസ് ഗവൺമെന്റിന്റെ ഇൻഡ്യയിലെ രണ്ടാമത്തെ ഉദ്യോഗസ്ഥനും കൂടിയായിരുന്നു. അദ്ദേഹം ഗീവറുഗീസ് ആർക്കദ്യോക്കോന്റെ കാലത്ത് 1599-ൽ ഉദയമ്പേരൂർ എന്ന സ്ഥലത്ത് മാർതോമാക്രിസ്ത്യാനികളുടെ സൂനഹദോസ് വിളിച്ചുകൂട്ടി. ഉദയമ്പേരൂർ സൂനഹദോസ് എന്ന പേരിൽ അത് അറിയപ്പെടുന്നു. 16 നൂറ്റാണ്ടുകൾ പഴക്കമുള്ള മാർതോമാക്രിസ്ത്യാനികളുടെ പാരമ്പര്യങ്ങളും ഭരണസമ്പ്രദായങ്ങളും ആരാധനരീതികളും എല്ലാം ചവിട്ടിമെതിക്കപ്പെടുകയും തുടച്ചുമാറ്റപ്പെടുകയും ചെയ്യപ്പെട്ടത് ഈ ചരിത്രപ്രധാനമായ സുനഹദോസിലൂടെയാണ്. കേരള നസ്രാണി സഭയുടെ സമ്പൂർണ അപചയത്തിന്റെ പടിവാതിലായി, ഉദയമ്പേരൂർ സൂനഹദോസ്.

## ഉദയമ്പേരൂർ സൂനഹദോസ് (1599)

ഉദയമ്പേരൂർ സൂനഹദോസിന്റെ ലക്ഷ്യം മലബാറിലെ ക്രൈസ്തവരെ പാശ്ചാത്യസഭയുടെ ഭരണസീമയ്ക്കുള്ളിൽ ഉൾപ്പെടുത്തുക എന്നതായിരുന്നു. അത് പോർട്ടുഗീസുകാർ സാധിച്ചെടുക്കുകയും ചെയ്തു. ഒരു സമുദായത്തിന്റെ തനിമയാർന്ന സംസ്കാരത്തെ തകർത്ത് പാശ്ചാത്യ മതരീതി കൊളോണിയൽ ആക്രമണങ്ങളിൽകൂടി അടിച്ചേല്പിക്കുകയാണ് ചെയ്തത്. രണ്ട് വ്യത്യസ്ത സഭാഘടനാരീതിയാണ് ഉദയമ്പേരൂരിൽ കൂട്ടിമുട്ടിയത്. ഇരയെ തകർക്കാൻ രാജാധികാരത്തെത്തന്നെ ഉപയോഗപ്പെടുത്തണമെന്നുള്ള യൂറോപ്യൻ പാഠം പോർട്ടിഗീസുകാർ മലങ്കരയിലും പ്രാവർത്തികമാക്കി. അങ്ങനെ കൊച്ചിരാജാവിനെ സ്വാധീനിച്ച് ആർക്കദ്യാക്കോനെ കീഴടക്കുകയും എല്ലാ നസ്രാണി ക്രിസ്ത്യാനികളും മെനേസിസ് മെത്രാപ്പോലീത്തയെ അനുസരിക്കണമെന്ന് വിളംബരം ചെയ്യുകയും ചെയ്തതിന്റെ ഫലമായാണ് ഉദയമ്പേരൂരിൽ സൂനഹദോസ് അരങ്ങേറിയത്. അങ്ങനെ കൊളോണിയൽ മതാധികാരം നസ്രാണികളുടെമേൽ അടിച്ചേല്പിക്കാൻ തദ്ദേശരാജശക്തിയെത്തന്നെയാണ് പോർട്ടുഗീസുകാർ ഉപയോഗിച്ചത്. കൂടാതെ നസ്രാണികളുടെ പള്ളിപ്രതിപുരുഷയോഗമെന്ന സഭാഘടനതന്നെ ഉപയോഗിച്ച് മെനേസിസ് മെത്രാപ്പോലീത്ത നസ്രാണിസഭാഘടനാ സമ്പ്രദായത്തെയും സംസ്കാരത്തെയും തകർത്തു. മെനേസിസ് അന്നുവരെ നസ്രാണിസഭയുടെ ഭരണാധികാരിയായിരുന്നില്ല. ഉദയമ്പേരൂർ സൂനഹദോസിനുശേഷം റോസിന്റെ നിയമാവലിയിലൂടെയാണ് പാശ്ചാത്യരാജകീയമെത്രാൻ സംവിധാനം മലങ്കര നസ്രാണികളുടെമേൽ കെട്ടിയേല്പിച്ചത്.

അപ്പോസ്തലിക കാലഘട്ടത്തിലെ സഭാഭരണം റോമൻ സാമ്രാജ്യരാഷ്ട്രീയസ്വാധീനത്താൽ യൂറോപ്പിൽ നഷ്ടപ്പെട്ടു. എന്നാൽ നസ്രാണി സഭ പതിനാറു നൂറ്റാണ്ടുകൾ അത് കാത്തുസൂക്ഷിച്ചിരുന്നു. പോർട്ടുഗീസ്

മതകോളോണിയലിസത്തിലൂടെ ആ സഭാഭരണഘടനയെയും തകർത്തു കളഞ്ഞു. ആർക്കദ്യാക്കോനെ മാർതോമാക്രിസ്ത്യാനികളുടെ ഭരണത്തിൽനിന്ന് മാറ്റിയതും പട്ടക്കാരും എണ്ണങ്ങരും തമ്മിലുണ്ടായിരുന്ന സഭാഭരണ പങ്കാളിത്തത്തിൽനിന്ന് മാറ്റിയതും പള്ളിയോഗത്തിന്റെ നിലയും വിലയും കളഞ്ഞ് നസ്രാണിസഭയിലുണ്ടായിരുന്ന ജനാധിപത്യ ഭരണ സമ്പ്രദായത്തെ തകിടം മറിച്ചതും പാശ്ചാത്യരീതിയിലുള്ള സഭാഭരണം നസ്രാണിസഭയിൽ ആരംഭിച്ചതുമെല്ലാം ഉദയമ്പേരൂർ സൂനഹദോസിന്റെ പരിണതഫലമായാണ്.

ഒരു പ്രത്യേക ഇടവകയ്ക്കുവേണ്ടി പഠിപ്പിച്ച് പട്ടമേല്പിച്ച് വൈദികൻ ആ ഇടവകയ്ക്ക് ശുശ്രൂഷാസേവനം ചെയ്തിരുന്ന സമ്പ്രദായം നിർത്തൽ ചെയ്തു. പകരം മെത്രാൻ വൈദികനെ ഇടവകയ്ക്കുവേണ്ടി നിയമിക്കുന്ന വികാരി സമ്പ്രദായം നടപ്പിലാക്കി. അന്നുവരെ മാർതോമാക്രിസ്ത്യാനികളുടെ ദേവാലയങ്ങളിൽ രൂപങ്ങൾ സ്ഥാപിച്ചിരുന്നില്ല. എന്നാൽ പോർട്ടുഗീസുകാർ പള്ളികളിൽ രൂപങ്ങൾ സ്ഥാപിച്ച് സ്വരൂപവണക്കം പ്രചരിപ്പിച്ചു. എല്ലാ സമുദായങ്ങളും പരസ്പര ബഹുമാനത്തോടെയും സ്നേഹത്തോടെയുമായിരുന്നു മലങ്കരയിൽ കഴിഞ്ഞുപോന്നത്. പോർട്ടുഗീസുകാരുടെ കൊളോണിയൽ വേഴ്ചക്കാലത്ത് ക്രിസ്ത്യാനികളെ മറ്റു മതസ്ഥരിൽനിന്നകറ്റി. ഹിന്ദുക്കളെ വളരെ അവജ്ഞയോടെയാണ് പോർട്ടുഗീസുകാർ കണ്ടത്. സൂനഹദോസിന്റെ ചില ഡിക്രികളിൽനിന്ന് അത് വ്യക്തമാണ്. നസ്രാണികളുടെ സാമൂഹികാചാരങ്ങളിൽ ആരോഗ്യപരമായ നിരവധി മാറ്റങ്ങൾ വരുത്താൻ ഉദയമ്പേരൂർ സൂനഹദോസിനു സാധിച്ചിട്ടുണ്ടെന്നുള്ളത് എടുത്തുപറയേണ്ടിയിരിക്കുന്നു.

## കൂനൻകുരിശു സത്യം (1653)

ഉദയമ്പേരൂർസൂനഹദോസിനു മുൻപ് കേരള ക്രിസ്ത്യാനികളുടെ ആത്മീയപിതാക്കന്മാർ ബാബിലോണിൽനിന്നുള്ള മെത്രാന്മാരായിരുന്നു. സൂനഹദോസ് ആ ബന്ധം അറുത്തുകളഞ്ഞു. മാർതോമാക്രിസ്ത്യാനികൾക്കുള്ള മെത്രാൻ പോർട്ടുഗീസ് രാജാവ് നാമനിർദ്ദേശം ചെയ്ത് റോമാ മാർപാപ്പായാൽ നിയമിതനാകുന്ന ആളായിരിക്കണം (പദ്രുവാദോ മെത്രാൻ) എന്ന പിടിവാശിയിലായി, പോർട്ടുഗീസുകാർ. പാശ്ചാത്യമെത്രാന്മാർ ബാബിലോണിയൻ മെത്രാന്മാരെപ്പോലെ ആധ്യാത്മികശുശ്രൂഷകർ മാത്രമായിരുന്നില്ല. അവർ ഭരണകർത്താക്കളും കൂടിയായിരുന്നു. ഈ പാശ്ചാത്യമെത്രാൻഭരണം കേരളക്രൈസ്തവരുടെ ഇടയിൽ ഒരു പൊട്ടിത്തെറിക്ക് കാരണമായി. അതാണ് 1653-ൽ മട്ടാഞ്ചേരിയിൽ വച്ചു നടന്ന കൂനൻകുരിശു സത്യം. പിന്നീട് ഒരുവിഭാഗം മാർതോമാക്രിസ്ത്യാനികൾ സ്വാതന്ത്ര്യം പ്രഖ്യാപിച്ച് അന്നത്തെ ആർക്കദ്യാക്കോനെ മെത്രാനായി വാഴിച്ചു. തൽഫലമായി അന്നുവരെ ഒന്നായിരുന്ന മാർതോമാ നസ്രാണിസമുദായം രണ്ടായി പിളർന്നു. കേരള ക്രൈസ്തവസഭയ്ക്കു

സംഭവിച്ച ഏറ്റവും ഗുരുതരമായ ഒരു അപചയമായിരുന്നു അത്. (ഉദയ മ്പേരൂർ സൂനഹദോസിലെ തീരുമാനങ്ങളെയും അതിന്റെ ഫലമായി നസ്രാണിസഭയിൽ സംഭവിച്ച അപചയത്തെയും പറ്റി വിശദമായി ഈ പുസ്തകത്തിൽ പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്നില്ല. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ്, ഓശാന മൗണ്ട് 1994-ൽ പ്രസിദ്ധം ചെയ്ത 'ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകൾ' എന്ന പുസ്തകം ഈ വിഷയത്തെ സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്താൻ സഹായക മാകും. ആ പുസ്തകത്തിലെ ഡോ. സ്കറിയാ സക്കറിയ എഴുതിയ 'ഉപോദ്ഘാതം' വളരെ ശ്രദ്ധേയമാണ്).

## പ്രൊപ്പഗാന്താ (Propaganda)

പൗരസ്ത്യസഭകൾ പണ്ടുമുതലേ പാശ്ചാത്യസഭയ്ക്ക് കണ്ണിൽ കര ടാണ്. അതിനാൽ മാർതോമാക്രിസ്ത്യാനികളെ പൗരസ്ത്യസഭാബന്ധ ത്തിൽനിന്ന് വിച്ഛേദിച്ച് റോമാ മാർപാപ്പായുടെ കീഴിൽ കൊണ്ടുവരാൻ പോർട്ടുഗീസു മെത്രാന്മാർ പദ്രുവാദോ ഭരണം നടപ്പിൽ വരുത്തി. യഥാർഥ ത്തിൽ റോമിന്റെ ലക്ഷ്യവും പോർട്ടുഗീസുകാരുടെ ലക്ഷ്യവും കാര്യ ത്തിൽ ഒന്നുതന്നെയായിരുന്നു. പ്രോട്ടസ്റ്റന്റ് വിപ്ലവത്തിനുശേഷം പോർട്ടു ഗീസ്/സ്പെയിൻ രാജാക്കന്മാരുടെയും ഈശോസഭയുടെയും സഹായ ത്തോടെ പദ്രുവാദോ വളർന്നപ്പോൾ അതേ വിപ്ലവത്തിന്റെ ആഘാ തത്താൽ റോം തളർന്നിരുന്നു. ആ കാലഘട്ടത്തിൽ സഭാഭരണം പോർട്ടു ഗീസ്/സ്പെയിൻ രാജാക്കന്മാരുടെ പിടിയിലായിരുന്നു. ഈ രാജാക്കന്മാ രുടെ എല്ലാവിധ സഹകരണവും ഈശോസഭക്കാർക്ക് ലഭിച്ചിരുന്നു. എന്നാൽ ഈശോസഭ സ്ഥാപിക്കുന്നതിനു മുൻപുതന്നെ ശക്തരും പ്രഗല്ഭരുമായിരുന്ന കർമ്മലീത്താ, ഡൊമിനിക്കൻ, ഫ്രാൻസിസ്ക്കൻ മുതലായ സന്ന്യാസസഭകൾക്ക് വികസനത്തിനുള്ള അവസരങ്ങൾ ഇല്ലാ തായി. വേദപ്രചാരം റോമിൽ നിന്നു മാറി പോർട്ടുഗീസ്/സ്പെയിൻ രാജാ ക്കന്മാരുടെ പിടിയിലായി. അതിനെ തിരുത്തിക്കുറിച്ച് റോമാ ശക്തിപ്പെ ടാൻ വേണ്ടി ഗ്രിഗറി 14-മൻ മാർപാപ്പാ 1622-ൽ കോൺഗ്രിഗേഷൻ ഫോർ ദ പ്രൊപ്പഗേഷൻ ഓഫ് ദ ഫെയ്ത്ത് (Congregation for the Propagation of the Faith) എന്ന സംഘടന സ്ഥാപിച്ചു. ഈ സഭാഭരണവ്യവസ്ഥയെയാണ് പ്രൊപ്പഗാന്താ എന്ന് വിളിക്കുന്നത്. പോപ്പിന്റെ നേരിട്ടുള്ള ഭരണത്തിൻകീ ഴിലായിരുന്നു പ്രൊപ്പഗാന്താ.

## പദ്രുവാദോ-പ്രൊപ്പഗാന്താ സമരം

പദ്രുവാദോയുടെ കീഴിൽ കേരളത്തിലുണ്ടായിരുന്ന മെത്രാന്മാരുടെ ആസ്ഥാനം കൊടുങ്ങല്ലൂരായിരുന്നു. പോർട്ടുഗീസുകാരല്ലായിരുന്ന മെത്രാ ന്മാർക്ക് ഇൻഡ്യയിൽ പ്രവേശനം ഉണ്ടായിരുന്നില്ല. ഇൻഡ്യയിലേക്ക് പ്രൊപ്പഗാന്താമിഷൻ അയയ്ക്കുന്ന വൈദികർക്കും മെത്രാന്മാർക്കും

പ്രവേശനം നൽകാതിരിക്കാൻ പോർട്ടുഗീസ് അധികാരികൾ ശ്രദ്ധിച്ചിരുന്നു. പദ്രുവാദോ-പ്രൊപ്പഗാന്താ സമരം രൂക്ഷമായിരുന്ന കാലഘട്ടത്തിൽ മാർത്തോമാക്രിസ്ത്യാനികൾക്കു പദ്രുവാദോയുമായുള്ള പിണക്കം വർധിച്ച് 1653-ലെ കൂനൻ കുരിശ് സത്യത്തിൽ അവസാനിച്ചു. അങ്ങനെ മാർത്തോമാനസ്രാണിസഭ രണ്ടായി പിളർന്നു. ഈ തക്കംനോക്കി പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ കീഴിൽ ജോസഫ് മരിയ സെബസ്ത്യാനി (Joseph Maria Sebastiani), ഹയാസിന്ത് ഓഫ് സെന്റ് വിൻസെന്റ് (Hyacinth of St. Vincent) എന്നീ രണ്ടു കർമ്മലീത്താ വൈദികരുടെ നേതൃത്വത്തിൽ രണ്ടു ഗ്രൂപ്പ് കർമ്മലീത്താ വൈദികരെ മാർപാപ്പാ കേരളത്തിലേയ്ക്കയച്ചു. സെബസ്ത്യാനി പിന്നീട് പ്രൊപ്പഗാന്തായുടെ കീഴിൽ കൊടുങ്ങല്ലൂർ രൂപതയിൽ വികാരി അപ്പസ്തോലിക്കയായി സുറിയാനിക്കാരുടെ മേൽ ഭരണം ഉറപ്പിക്കാൻ ആരംഭിച്ചെങ്കിലും ഡച്ചുകാർ കൊച്ചിക്കോട്ട പിടിച്ചെടുക്കുകയും (1662) മറ്റെല്ലാ വിദേശിയരെയും പുറത്താക്കുകയും ചെയ്തപ്പോൾ സെബസ്ത്യാനിക്കും കൊച്ചി വിടേണ്ടിവന്നു.

## പദ്രുവാദോ-പ്രൊപ്പഗാന്താ സമരത്തിന്റെ പ്രത്യേകത

അധികാരത്തിനും സമ്പത്തിനും വേണ്ടിയുള്ള പാശ്ചാത്യരുടെ കേരള വഴക്കായിരുന്നു പദ്രുവാദോ-പ്രൊപ്പഗാന്താ സമരം. കൂടാതെ മലങ്കരയിൽ മാർപാപ്പായുടെ ആധിപത്യമാണോ പോർട്ടുഗീസ് രാജാവിന്റെ ആധിപത്യമാണോ സ്ഥാപിച്ചെടുക്കേണ്ടത് എന്ന പ്രശ്നവും സമരത്തിന്റെ ഒരടിയൊഴുക്കായിരുന്നു. യേശുവിന്റെ സനാതന മൂല്യങ്ങൾക്ക് പാശ്ചാത്യ മിഷനറിമാർ കാര്യമായ പ്രാധാന്യം നൽകിയില്ല. ഇരുകൂട്ടരുടേയും തന്ത്രങ്ങൾ ഒന്നായിരുന്നു-യൂറോപ്പിൽ പഠിച്ച തന്ത്രം. അതായത് മലങ്കര സുറിയാനിസഭയുടെ സഭാഭരണ വ്യവസ്ഥിതിയിലുണ്ടായിരുന്ന ആഭ്യന്തര ജനാധിപത്യത്തെ തകർക്കുക. നസ്രാണികൾ ഒരേസമയം ഈ സമരത്തിന്റെ കാഴ്ചക്കാരും ഇരകളുമായിരുന്നു. പാശ്ചാത്യതന്ത്രത്തിന്റെ ഫലമായി ഗുരുതരമായ പല അപചയങ്ങളും നസ്രാണിസഭയ്ക്ക് സംഭവിച്ചു.

1. മാർത്തോമാക്രിസ്ത്യാനികളുടെ പള്ളിഭരണത്തിന്റെ നട്ടെല്ലായ പള്ളിയോഗവും പള്ളിപ്രതിപുരുഷ മഹായോഗവുമെല്ലാം ബലഹീനമായിപ്പോയി.
2. തൻമൂലം സഭാഭരണ വ്യവസ്ഥയിലുണ്ടായിരുന്ന ആഭ്യന്തര ജനാധിപത്യത്തെ ഇല്ലാതാക്കി.
3. മാർത്തോമാക്രിസ്ത്യാനികളുടെ ഇടവകപ്പട്ടക്കാർ വിശ്വാസികളുടെ ശുശ്രൂഷാ മൂപ്പന്മാരായിരുന്നു. അവരുടെ സേവനം ജനങ്ങളുടെ ഇടയിലായിരുന്നു. പഠനം മല്പാന്റെ കീഴിലായിരുന്നു. എന്നാൽ പാശ്ചാത്യർവന്ന് സെമിനാരികൾ സ്ഥാപിച്ച് അവരെ അവിടെ പഠിപ്പിച്ച് മെത്രാനുസേവനം ചെയ്യുന്ന വികാരിമാരെ സൃഷ്ടിച്ചു. അങ്ങനെ കേരള സുറിയാനി ഭരണവ്യവസ്ഥപ്രകാരം ഇടവകപ്പട്ടക്കാരന് ഉണ്ടായിരുന്ന അദ്വിതീയസ്ഥാനം നഷ്ടപ്പെട്ടു.

4. സ്വതന്ത്രരായി ഒറ്റക്കെട്ടായി മുന്നേറിയിരുന്ന എണങ്ങരെയും പട്ടക്കാരെയും ഫലപ്രദമായ രീതിയിൽ വേർതിരിച്ചു. പട്ടക്കാരെ മെത്രാന്റെ നിയന്ത്രണത്തിൽ മെത്രാന്റെ താത്പര്യങ്ങളെ സംരക്ഷിക്കുന്ന പുതിയ ഒരു വർഗമാക്കിമാറ്റി.
5. ഇടവകയെ കേന്ദ്രീകരിച്ചുള്ള പള്ളിഭരണത്തെ തകിടം മറിച്ച് രൂപതാ കേന്ദ്രീകൃതഭരണം സ്ഥാപിച്ചെടുത്തു.
6. പൗരസ്ത്യസഭാ ബന്ധങ്ങൾ പുനരുദ്ധരിക്കാനുള്ള കേരള ക്രിസ്ത്യാനികളുടെ എല്ലാ പരിശ്രമങ്ങളെയും പരാജയപ്പെടുത്താൻ രണ്ടു കൂട്ടരും കലഹങ്ങൾ മറന്ന് ഒറ്റക്കെട്ടായി.

## അങ്കമാലി സമ്മേളനം

കൂനൻകുരിശു സത്യത്തിനുശേഷം വരാപ്പുഴയുള്ള കർമ്മലീത്താക്കാരുടെ പ്രൊപ്പഗാന്താ ഭരണവും പദ്രുവാദോക്കാരുടെ കൊടുങ്ങല്ലൂർ ഭരണവും നസ്രാണിക്രിസ്ത്യാനികളുടെമേൽ കെട്ടിവച്ചു. പ്രൊപ്പഗാന്താഭരണം സുറിയാനിക്കാരെ സംബന്ധിച്ചിടത്തോളം കൂടുതൽ ഭാരമുള്ളതായിരുന്നു. മുൻപ് ഈശോസഭക്കാരുടെ ഭരണകാലത്ത് അനുഭവപ്പെട്ടിരുന്നതിനെക്കാൾ തിക്തമായ അനുഭവങ്ങളാണ് കർമ്മലീത്താക്കാരുടെ ഭരണത്തിൻകീഴിൽ നസ്രാണികൾക്ക് അനുഭവിക്കേണ്ടിവന്നത്. ക്രിസ്തുസന്ദേശം പ്രസംഗിക്കുക എന്ന മിഷൻ പ്രവർത്തനത്തിൽ പദ്രുവാദോക്കാർക്കോ പ്രൊപ്പഗാന്താക്കാർക്കോ താത്പര്യം ഉണ്ടായിരുന്നില്ല. അവരുടെ മുഖ്യഉദ്ദേശ്യം നസ്രാണികളെ ഭരിക്കുക എന്നതായിരുന്നു. ഡച്ചുകാരുടെ വരവോടെ പദ്രുവാദോക്കാർ വെളിയിലായി. പോപ്പിന്റെ സ്വാധീനത്താൽ പ്രൊപ്പഗാന്താ മിഷനറിമാർ കൊച്ചിയിൽ താമസിച്ചു. പ്രൊപ്പഗാന്താ ഭരണം നസ്രാണികൾക്ക് അസഹനീയമായതിനാലാണ് മലങ്കര പള്ളിക്കാരുടെ പൂർവപാരമ്പര്യമനുസരിച്ച് അങ്കമാലിയിൽ മഹാസമ്മേളനം വിളിച്ചുകൂട്ടിയതും (1773) ജോസഫ് കരിയാറ്റി മല്പാനെയും പാറേമ്മാക്കൽ തോമാകത്തനാരെയും യൂറോപ്പിലേക്ക് അയച്ചതും. (കൂടുതൽ വിവരങ്ങൾക്ക് പാറേമ്മാക്കൽ ഗോവർണദോർ എഴുതിയ 'വർത്തമാനപ്പുസ്തകം' കാണുക).[25] പാറേമ്മാക്കൽ തോമാകത്തനാർ കൊടുങ്ങല്ലൂർ രൂപതയിൽപ്പെട്ട കടനാട് ഇടവക വികാരിയും കരിയാറ്റി മല്പാൻ വരാപ്പുഴ രൂപതക്കാരനും ആയിരുന്നു. ഇവർക്ക് പ്രധാനമായി ഉണ്ടായിരുന്നത് പ്രൊപ്പഗാന്താ മെത്രാന്മാരെപ്പറ്റിയുള്ള പരാതികളായിരുന്നു. പരാതിക്കു നിവാരണം എന്ന വ്യാജേന പ്രൊപ്പഗാന്തായുടെ ശക്തി ക്ഷയിപ്പിക്കുന്നതിനും പദ്രുവാദോയുടെ ഭരണം ശക്തിപ്പെടുത്തുന്നതിനുമായി അന്നത്തെ പോർട്ടുഗീസ് രാജ്ഞി കരിയാറ്റി മല്പാനെ കൊടുങ്ങല്ലൂർ രൂപതയുടെ മെത്രാപ്പോലീത്തയായി നിയമിച്ചു (1782). കരിയാറ്റി മെത്രാപ്പോലീത്ത കേരളത്തിൽ എത്തുന്നതിനുമുൻപ് ഗോവായിൽവച്ച് മരണമടഞ്ഞു (1786). എങ്കിലും കൊടുങ്ങല്ലൂർ രൂപതയുടെ ഗോവർണദോർ എന്ന നിലയ്ക്ക്

പാറേമ്മാക്കൽ തോമാകത്തനാർ നസ്രാണിസഭയെ കുറെക്കാലം ഭരിച്ചു (1786–1799).

## നാട്ടുമെത്രാൻ

പാശ്ചാത്യമെത്രാൻഭരണത്തിൽ വീർപ്പുമുട്ടികഴിഞ്ഞിരുന്ന ഇടവകക്കാരും ഇടവകപ്പട്ടക്കാരും ബാബേൽ പാത്രിയാർക്കീസുമായി വീണ്ടും ശുശ്രൂഷാപരമായ ബന്ധത്തിന് ആഗ്രഹിച്ചു. 1854-ൽ കുറവിലങ്ങാട്ടുവച്ചു കൂടിയ ഇടവകപ്രതിനിധികളുടെ യോഗം മലങ്കരക്കാർക്കായി ഒരു മെത്രാനെ അയച്ചുതരണമെന്നുള്ള അപേക്ഷ ബാബേൽ പാത്രിയാർക്കീസിനു നൽകാൻ തീരുമാനിച്ചു. അതിന്റെ സാക്ഷാത്ക്കാരത്തിനായാണ് സമുദായസ്നേഹികളും സമുദായാഭിമാനികളുമായ കുടക്കച്ചിറ അന്തോനിയച്ചനും തൊണ്ടനാട്ട് അന്തോനിയച്ചനും ബാബേലിനു പോയത്. അവരുടെ ശ്രമഫലമായി റോക്കോസ് മെത്രാൻ കേരളത്തിൽ എത്തി. സുറിയാനിക്കാർക്കുണ്ടായിരുന്ന 154 ഇടവകകളിൽ 86 എണ്ണം പൂർണമായും 30 എണ്ണം ഭാഗികമായും റോക്കോസ് പക്ഷത്ത് ചേർന്നു. മലങ്കര ക്രിസ്ത്യാനികൾ യൂറോപ്യൻ മെത്രാന്മാരിൽ എത്രമാത്രം അസംതൃപ്തരായിരുന്നു എന്ന് ഇതിൽനിന്നു വ്യക്തമാണ്. റോക്കോസ് മെത്രാനെതിരായി വരാപ്പുഴ മെത്രാൻ പുറപ്പെടുവിച്ച ഉത്തരവിൻപ്രകാരം അദ്ദേഹം ശീശ്മയിൽപെടുകയും അധികം കഴിയാതെ കേരളം വിടുകയും ചെയ്തു. പാശ്ചാത്യമെത്രാന്മാരെ മലങ്കരയിൽനിന്ന് പറഞ്ഞുവിട്ട് നാട്ടുമെത്രാന്മാരെ ആധ്യാത്മികശുശ്രൂഷയ്ക്കായി കിട്ടിയാൽ തങ്ങളുടെ പൂർവപാരമ്പര്യങ്ങൾ നിലനിർത്താൻ കഴിയുമെന്ന് നമ്മുടെ പൂർവികർ കരുതി. ഇതു സംബന്ധിച്ച് ശ്രീ. ജോസഫ് പുലിക്കുന്നേൽ എഴുതിയിരിക്കുന്നതിപ്രകാരമാണ്: “മാർ മാത്യു മാക്കീൽ അങ്ങനെ ലഭിച്ച ചങ്ങനാശ്ശേരി രൂപതയിലെ ആദ്യത്തെ ഒരു നാട്ടുമെത്രാൻ ആയിരുന്നു. നാട്ടുമെത്രാനെ ലഭിച്ചുകഴിഞ്ഞപ്പോൾ എല്ലാമായി എന്ന് ശുദ്ധഗതിക്കാരായ പൂർവികർ ചിന്തിച്ചു. പക്ഷേ, പരദേശി മെത്രാന്മാരെക്കാൾ കൂടുതൽ ഈ നാട്ടുമെത്രാന്മാർ ആയിരുന്നു ഈ സഭയോട് ദ്രോഹം ചെയ്തത്. റോസ് മെത്രാനു ശേഷം ഒരു നിയമാവലി ഉണ്ടാക്കി പള്ളി സ്വത്തു പിടിച്ചെടുക്കാൻ ഒരു പരദേശി മെത്രാനും തയ്യാറായില്ല. അതിനു തയ്യാറായത് നാട്ടുമെത്രാന്മാരായിരുന്നുവെന്നതാണ് വിചിത്രം. അതിൽ പ്രധാനി മാർ മാക്കീലും.

ലത്തീൻ കാനോൻനിയമം അനുസരിച്ച് ഈ സഭയുടെ ഭരണക്രമത്തെ ക്രോഡീകരിച്ചുകൊണ്ടുള്ള പുസ്തകമാണ് ദെക്രെത്തു പുസ്തകം. നമ്മുടെ പാരമ്പര്യങ്ങളെ തെല്ലും കണക്കിലെടുക്കാതെ പള്ളിഭരണത്തെ നൈയാമികമായി പാശ്ചാത്യവത്ക്കരിച്ചത് മാർ മാക്കീൽ മത്തായി മെത്രാനാണ്.”[26]

ഈ സഭയുടെ പാരമ്പര്യത്തിന് വിരുദ്ധമായ, പള്ളിവക സ്വത്ത് മെത്രാന്റേതാണെന്ന, കാഴ്ചപ്പാട് സഭയുടെമേൽ അടിച്ചേല്പിച്ചത് ദെക്രെത്തിലൂടെയാണ്. ഇതാ അതിലുള്ള കുറേ നിയമങ്ങൾ:

“ഓരോ രൂപതകളിലും, വികാരിയാത്തുകളിലും ഉള്ള പള്ളിവക സ്വത്തുക്കളുടെയും, വസ്തുക്കളുടെയും മേൽ പെട്ട അന്വേഷണവും നടത്തയും സൂക്ഷവും തിരു കാനോനാകൾ പ്രകാരം ശുദ്ധ റോമാ സിംഹാസനത്തിൽ നിന്ന് ആ രൂപതകളെയും, വികാരിയാത്തുകളെയും ഭരിക്കുന്നതിന് അധികാരം സിദ്ധിച്ചിട്ടുള്ള മെത്രാന്മാർക്കുള്ളതാകുന്നു. അവർ അവരുടെ സ്ഥാനാധികാരത്താൽത്തന്നെ റോമ്മാ മേൽപട്ടക്കാരന്റെ കീഴായി, അവർക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ജനങ്ങളുടെ വിലതീരാത്ത ആത്മാവുകളെ ഭരിച്ചു നടത്തുന്നതിന്നു റൂഹാദക്കുദശാ തമ്പുരാനാൽ ശ്ലീഹന്മാരുടെ സ്ഥാനത്തിൽ വെക്കപ്പെട്ടിരിക്കുന്നതുപോലെ തന്നെ, പള്ളിവക വസ്തുക്കളെയും ഭരിച്ചു നടത്തുന്നതിനു നിയമിക്കപ്പെട്ടിരിക്കുന്നു...... പള്ളിവക വസ്തുക്കളുടെയും, വൈദിക സ്ഥാപനങ്ങളുടെയും വസ്തുക്കളുടെയും നടത്തുകാരായും, അന്വേഷണക്കാരായും ഭക്തന്മാരായ അല്മേനികൾ തെരഞ്ഞെടുക്കപ്പെടുകയും മെത്രാനാൽ അംഗീകരിക്കപ്പെടുകയും ചെയ്തിരുന്നാലും, അവർ സാക്ഷാൽ പള്ളിഭരണക്കാരായ വികാരിമാർക്കും, പട്ടക്കാർക്കും ആലോചനക്കാരും സഹായികളും കൂട്ടു നടത്തുകാരും മാത്രമായി വിചാരിക്കപ്പെടുന്നു.”[27]

പദ്രുവാദോയും പ്രൊപ്പഗാന്തായും മൂന്നു നൂറ്റാണ്ടിലേറെക്കാലം നസ്രാണി ക്രിസ്ത്യാനികളെ പാശ്ചാത്യപള്ളിഭരണസമ്പ്രദായത്തിൽ കൊണ്ടുവരുവാൻ ശ്രമിച്ചു. എന്നാൽ നസ്രാണികളും അവരോടൊപ്പം എന്നുമുണ്ടായിരുന്ന ഇടവകസ്നേഹികളായ ദേശത്തുപട്ടക്കാരും അതിനെ കഴിവതും ചെറുത്തുനിന്നു. ഒരു നാട്ടുമെത്രാനെ ലഭിച്ചാൽ തങ്ങളുടെ പൂർവ പാരമ്പര്യമായ മാർതോമായുടെ നിയമത്തിലേക്ക് തിരിച്ചു പോകാം എന്നവർ സ്വാഭാവികമായി ചിന്തിച്ചു. എന്നാൽ നാട്ടുകാരൻ മെത്രാനായപ്പോൾ പാശ്ചാത്യരീതിയിലുള്ള മെത്രാൻ വേഷവിധാനങ്ങളും രാജകീയപ്രൗഢിയും അരമനയുമെല്ലാമായി മാർതോമായുടെ നിയമത്തെ തെല്ലും പരിഗണിക്കാതെ പള്ളിഭരണാധികാരിയായി. അങ്ങനെ മാർതോമാക്രിസ്ത്യാനികൾ സമുദായത്തിന്റെ സ്വാതന്ത്ര്യത്തെയും ആഭ്യന്തരസ്വയംഭരണസമ്പ്രദായത്തെയും നാട്ടുമെത്രാന്റെ മുമ്പിൽ അടിയറ വയ്ക്കേണ്ടിവന്നു. നാട്ടുമെത്രാന്മാർ മൂലമാണ് മാർതോമാനസ്രാണി കത്തോലിക്കസമുദായത്തിന് ഈ അപചയം സംഭവിച്ചത്.

## കൽദായവാദം

റോമാസാമ്രാജ്യത്തെ കിഴക്കും പടിഞ്ഞാറുമായി കോൺസ്റ്റന്റൈൻ ചക്രവർത്തി (4-ാം നൂറ്റാണ്ട്) തിരിച്ചപ്പോൾ റോമാപാത്രിയാർക്കേറ്റ് പടിഞ്ഞാറും കോൺസ്റ്റന്റിനോപ്പിൾ, ജെറുശലേം, അലക്സാൻഡ്രിയ, അന്ത്യോക്യാ എന്നീ നാലു പാത്രിയാർക്കേറ്റുകൾ കിഴക്കുമായി. ഈ നാലു പാത്രിയാർക്കേറ്റുകളിൽപ്പെട്ട പൗരസ്ത്യദേശത്തെ സഭകളെ ഭരിക്കുന്നതിനുള്ള റോമിലെ സെക്രട്ടറിയേറ്റാണ് പൗരസ്ത്യ തിരുസംഘം

(Oriental Congregation). റോമാ സാമ്രാജ്യത്തിലോ ഈ അഞ്ച് പാത്രിയാർക്കേറ്റുകളിലോ ഉൾപ്പെടാത്ത ഇന്ത്യയിലെ മലങ്കരയിൽ ക്രിസ്തു ശിഷ്യന്മാരിലൊരാളായ മാർതോമാ വന്ന് ക്രിസ്തുവേദം പ്രസംഗിച്ച് ഒന്നാം നൂറ്റാണ്ടിൽത്തന്നെ സഭ സ്ഥാപിച്ചു. ആ സഭയാണ് മാർതോമാനസ്രാണിസഭ. ഈ സഭ തനതായി വളർന്ന് ലോകത്തിലെ ഏറ്റവും പുരാതനവും പുഷ്ക്കലവും ശക്തവുമായ ഒരു അപ്പോസ്തലിക സഭയായി.

ഈ സഭയിലുള്ള കൽദായവൽക്കരണത്തേക്കുറിച്ചു ചിന്തിക്കുമ്പോൾ വളരെ പ്രധാനപ്പെട്ട പല ചോദ്യങ്ങളും ഉദിക്കുന്നുണ്ട്.

1. ഈ സഭ രണ്ടാം നൂറ്റാണ്ടിലോ മൂന്നാം നൂറ്റാണ്ടിലോ സ്ഥാപിതമായ കൽദായസഭയുടെ ഭാഗമാകുന്നതെങ്ങനെ?
2. ബാബേലിൽനിന്നു വന്ന മെത്രാന്മാർ അവരുടെ ആരാധനഭാഷയായി സുറിയാനി മലങ്കരയിലും ഉപയോഗിച്ചു എന്ന കാരണം കൊണ്ടുതന്നെ മാർതോമാക്രിസ്ത്യാനികളുടെ ആരാധനക്രമ പൈതൃകം എങ്ങനെ കൽദായമാകും?
   (1996 ജനുവരി 8 മുതൽ 16 വരെ റോമിൽ നടന്ന സീറോ മലബാർ മെത്രാന്മാരുടെ സൂനഹദോസിൽ മാർ ജോസഫ് പവ്വത്തിൽ ചെയ്ത പ്രസംഗത്തെ സംബന്ധിച്ച് ഒരു പഠനം നടത്തി 1997 ഫെബ്രുവരിയിൽ ശ്രീ. ജോസഫ് പുലിക്കുന്നേൽ 'ഓശാന' മാസികയിൽ ഒരു ലേഖനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. നമ്മുടെ പൈതൃകം കൽദായമാണോ എന്ന ചോദ്യത്തിനുള്ള ചില ഉത്തരങ്ങൾ ഈ ലേഖനത്തിൽ കാണാം).[28]
3. ഫ്രാൻസിസ് റോസ് മെത്രാൻ (Bishop Francis Ros, 1599-1624) നസ്രാണികൾക്കായി കുർബ്ബാന പരിഷ്കരിച്ചപ്പോൾ അന്നുവരെ അവരുടെ ആരാധനഭാഷയായിരുന്ന സുറിയാനിതന്നെ ഉപയോഗപ്പെടുത്തി. അക്കാരണത്താലും നസ്രാണികളുടെ പൈതൃകം കൽദായമാണെന്ന് എങ്ങനെ അനുമാനിക്കാൻ കഴിയും?
4. 16-ാം നൂറ്റാണ്ടുമുതൽ ഈ സഭ പാശ്ചാത്യസഭയുടെ (പദ്രുവാദോ, പ്രൊപ്പഗാന്താ) കീഴിലായിരുന്നല്ലോ. എങ്കിൽ എന്തുകൊണ്ട് മാർതോമാക്രിസ്ത്യാനികളുടെ പൈതൃകം പാശ്ചാത്യമാണെന്ന് പറഞ്ഞുകൂടാ?
5. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പൗരസ്ത്യസഭകളെ സംബന്ധിച്ചുള്ള ഡിക്രികളുടെ അടിസ്ഥാനത്തിൽ മാർതോമാനസ്രാണി സഭ മാർതോമായുടെ മാർഗത്തിലേക്ക് തിരിച്ചുപോകേണ്ടതല്ലേ?
6. കൽദായ ആരാധനക്രമത്തിൽനിന്നും ലാറ്റിൻ ആരാധനക്രമത്തിൽനിന്നും ഭാരതീയ സംസ്കാരത്തിൽനിന്നും സ്വാംശീകരിച്ച് സ്വദേശീയമായ ഒരു ആരാധനക്രമം രൂപപ്പെടുത്തുകയല്ലേ വേണ്ടത്?

7. ലാറ്റിൻചുവയുള്ളതൊക്കെ അശുദ്ധവും കൽദായരുചിയുള്ള തെല്ലാം വിശുദ്ധവുമാണെന്ന് ചിന്തിക്കുന്നത് മന്ദബുദ്ധിയുടെ ധാരാളിത്വം കൊണ്ടല്ലേ?
8. പാശ്ചാത്യസഭാ പാരമ്പര്യം മ്ലേഛമെങ്കിൽ എന്തുകൊണ്ട് പള്ളിഭരണകാര്യത്തിൽ മാർതോമാക്രിസ്ത്യാനികളുടെ പൂർവപാരമ്പര്യത്തിലുള്ളതായ പള്ളിയോഗവും പള്ളി പള്ളിക്കാരുടെ സ്വത്തെന്ന നിയമവും മാറ്റി പാശ്ചാത്യമായ പാരീഷ്കൗൺസിലും പള്ളിസ്വത്ത് മെത്രാന്റേതെന്ന നിയമവുമുണ്ടാക്കി?
9. ഉദയമ്പേരൂർ സൂനഹദോസിനു മുൻപ് നമ്മുടെ കത്തനാരന്മാർ വിവാഹിതരായിരുന്നു. സൂനഹദോസിന്റെ തീരുമാനത്തിലൂടെ മാർതോമാക്രിസ്ത്യാനികളുടെ കൽദായം മുഴുവൻ നശിപ്പിച്ചുകളഞ്ഞു എന്ന് വിലപിക്കുന്ന ഈ കൽദായവാദികൾ എന്തുകൊണ്ട് വൈദികവിവാഹം പുനഃസ്ഥാപിക്കാൻ വാദിക്കുന്നില്ല?
10. മാർതോമാനസ്രാണിസഭയുടെ പാരമ്പര്യങ്ങളിലൊന്നായിരുന്നു സ്ഥിരഡീക്കൻ സ്ഥാനം (Permanent Diocanate). രണ്ടാം വത്തിക്കാൻ കൗൺസിൽ കത്തോലിക്കസഭയുടെതന്നെ പഴയ പാരമ്പര്യങ്ങളിലൊന്നായ സ്ഥിരഡീക്കൻ സ്ഥാനം പുനഃസ്ഥാപിച്ചു. അതിന്റെ വെളിച്ചത്തിൽ ലത്തീൻസഭയിൽ പതിനായിരക്കണക്കിന് സ്ഥിരഡീക്കന്മാർ ഇന്ന് സേവനം ചെയ്യുന്നുണ്ട്. വിവാഹിതരും അവിവാഹിതരുമായ പുരുഷന്മാരാണ് ഇന്ന് സഭയിൽ സ്ഥിരഡീക്കന്മാരായി ശുശ്രൂഷ ചെയ്യുന്നത്. വത്തിക്കാൻ കൗൺസിൽ കഴിഞ്ഞിട്ട് 50 വർഷമായിട്ടും എന്തുകൊണ്ട് സീറോ മലബാർസഭ സ്ഥിരഡീക്കൻ സ്ഥാനം പുനഃസ്ഥാപിച്ചിട്ടില്ല? സഭയിൽ ആവശ്യത്തിൽ കൂടുതൽ വൈദികർ ഉണ്ട് എന്ന കാരണത്താൽ സ്ഥിരഡീക്കൻ സ്ഥാനം ഇല്ലാതാകുന്നില്ലെന്ന് വായനക്കാർ മനസ്സിലാക്കണം. അതിയാഥാസ്ഥിതിക മെത്രാന്മാരാണ് (ultra conservative bishops) നമ്മുടെ സഭയുടെ നാശോന്മുഖമൂലധനമെന്നാണ് നാം ഇതിൽനിന്നൊക്കെ മനസ്സിലാക്കേണ്ടത്.
11. കൽദായസഭയുടെ സ്ഥാപനത്തിനു മുൻപ് മാർതോമായാൽ ജന്മം കൊണ്ട മാർതോമാനസ്രാണികത്തോലിക്കസഭ ഇന്ന് സ്വയം ഭരണാധികാരമുള്ള ഒരു സ്വതന്ത്രസഭയാണ്. പൗരസ്ത്യ സംഘമെന്ന വത്തിക്കാനിലെ ഇടനിലക്കാർ ഇല്ലെങ്കിലെ നമ്മുടെ പഴയ പാരമ്പര്യത്തിലേക്ക് ക്രിയാത്മകമായ രീതിയിൽ നമുക്ക് പോകാനാകു. അതിനായി നാം പരിശ്രമിക്കണ്ടേ?

സീറോ മലബാർ കത്തോലിക്കസഭയുടെ അഥവാ പഴയ മാർതോമാനസ്രാണിസഭയുടെ ആരാധനക്രമ പൈതൃകം കൽദായസഭയുടെ ആരാധനക്രമമാണെന്ന് ആദ്യം വാദിച്ചത് റോമിലെ പൗരസ്ത്യസംഘമാണ്; സീറോ മലബാർ സഭയിലെ മെത്രാന്മാരോ വിശ്വാസികളോ ആയിരുന്നില്ല.

എന്നാൽ അഞ്ചാം പത്തികളും കുതികാലുവെട്ടികളുമായ ചുരുക്കം ചില സീറോ മലബാർ മെത്രാന്മാരുടെ ഒത്താശയോടെ പൗരസ്ത്യസംഘത്തിന്റെ കീഴിൽ നസ്രാണികളെ തളച്ചിടാനായി ചെയ്ത കുതന്ത്രത്തിന്റെ പരിണതഫലമാണ് ഇന്ന് ആകെ താറുമാറായി കിടക്കുന്ന നമ്മുടെ കുർബാനക്രമവും പൗരസ്ത്യസഭകൾക്കുള്ള കാനോനകളും. ലോകപ്രസിദ്ധനും അഗാധപണ്ഡിതനുമായ ഡോ. ലൂക്ക്, ഒ. എഫ്. എം. കപ്പുച്ചിന്റെ അഭിപ്രായം കാണുക:

"In the light of the bits of information cited here it is difficult to say when the Thomas Christian community came under Persian supremacy, but in case our patrimony is not Chaldean, and it is a tragedy that a virulent and vitriolic minority, with the support of authorities, is wanting to perpeutate a liturgy that has been given up by the Chaldeans themselves..."

അദ്ദേഹം തുടരുന്നു:

"... like so many other peoples and races before them, the Chaldeans soon lost their identity and disappeared from history. Calling Christians of Mesopotamia - the East Syrians Chaldeans has no justification, but those who adopted this name in the sixteenth century are not to be blamed: they were not professional historians, but the claim on the part of some Thomas Christians that their patrimoney is Chaldean is, to say the least, unreasonable".[29]

നസ്രാണിസഭയ്ക്ക് നൈയാമികമായി യാതൊരു ബന്ധവും കൽദായസഭയുമായി ഉണ്ടായിരുന്നില്ല. ബാബിലോണിൽനിന്നു പലമെത്രാന്മാരും മാർതോമാക്രിസ്ത്യാനികൾക്ക് ശുശ്രൂഷാസേവനം ചെയ്തിരുന്നു. ഇതു സംബന്ധിച്ച് വിശദമായ വിവരങ്ങൾ പ്രസിദ്ധ ദൈവശാസ്ത്രജ്ഞനായ ഡോ. സിപ്രിയൻ ഇല്ലിക്കമുറി, ഒ. എഫ്. എം. കപ്പുച്ചിൻ 'The Relation between Thomas Christians of India and East Syrian Church' എന്ന ലേഖനത്തിൽ നൽകിയിട്ടുണ്ട്.[30] ചരിത്രവസ്തുതകൾ ഇങ്ങനെ ആയിരിക്കെ മാർതോമാനസ്രാണിസഭയെ കൽദായസഭയുടെ ഭാഗമാക്കിയത് ഈ സഭയോടു ചെയ്ത തികഞ്ഞ തെറ്റാണ്. നസ്രാണിസഭയ്ക്ക് കൽദായ പാരമ്പര്യമാണെന്ന് കണ്ടുപിടിച്ച പൗരസ്ത്യസംഘത്തിന് കൂട്ടുനിന്ന നാട്ടുമെത്രാന്മാർ ഈ സഭയ്ക്ക് അപമാനമാണ്. നമ്മുടെ പള്ളിയോഗങ്ങൾ വെറും ഉപദേശകസമിതികളായതും പുരോഹിതർ അധികാരികളും വിശ്വാസികൾ അടിമകളുമായതും ഈ അവിഹിത കൂട്ടുകെട്ടിന്റെ പരിണതഫലമാണ്.

കൽദായവാദം മാർതോമാനസ്രാണിസഭയുടെ അടുത്തകാലത്തെ ഏറ്റവും വലിയ അപചയമാണെന്നുള്ളതിന് സംശയമില്ല.

## പൗരസ്ത്യ കാനോൻ നിയമം

1917-ലെ ലത്തീൻ കാനോൻ നിയമസംഹിത രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകളുടെ അടിസ്ഥാനത്തിൽ പുതുക്കണമെന്ന് കൗൺസിൽ നിർദേശിക്കുകയുണ്ടായി. അതിൻപ്രകാരം 1983-ൽ പുതുക്കിയ കാനോൻ നിയമസംഹിത ലത്തീൻസഭയ്ക്കുവേണ്ടിയും 1991-ൽ പുതിയ കാനോൻ നിയമസംഹിത പൗരസ്ത്യസഭകൾക്കുവേണ്ടിയും പ്രസിദ്ധീകരിച്ചു. യഥാർഥത്തിൽ പൗരസ്ത്യസഭകളുടെ നിർവചനത്തിൽ പെടാത്ത, ഒന്നാം നൂറ്റാണ്ടിൽതന്നെ സ്ഥാപിതമായ, അപ്പോസ്തലികസഭയാണ് നമ്മുടെ മാർതോമാനസ്രാണിസഭ. എങ്കിലും ഈ മാർതോമാനസ്രാണിസഭയെ രണ്ടാം നൂറ്റാണ്ടിലോ മൂന്നാം നൂറ്റാണ്ടിലോ സ്ഥാപിതമായ കൽദായസഭയുടെ ഭാഗമാക്കി പൗരസ്ത്യ കാനോൻ നിയമം നസ്രാണിസഭയുടെമേലും റോം അടിച്ചേൽപ്പിച്ചു. റോമിന്റെ ഈ നീക്കത്തിനെതിരായി നമ്മുടെ മെത്രാന്മാർ സമരം ചെയ്യേണ്ടതായിരുന്നു. മാർതോമാക്രിസ്ത്യാനികളോട് നമ്മുടെ മെത്രാന്മാർ നീതി കാണിച്ചില്ല. മാർതോമാനസ്രാണിസഭയ്ക്ക് ഈ അടുത്തകാലത്ത് സംഭവിച്ച വളരെ ഗുരുതരമായ അപചയമാണിത്.

ആരുടേയും സമ്മർദ്ദം കൂടാതെ രണ്ടാം വത്തിക്കാൻ കൗൺസിലിലെ പിതാക്കന്മാർ പ്രഖ്യാപിച്ചത് ഇപ്രകാരമാണ്:

"...... കാലത്തിന്റേയോ വ്യക്തിയുടെയോ സാഹചര്യങ്ങൾക്ക് അടിപ്പെട്ട് തങ്ങൾക്കു ചേരാത്തവിധത്തിൽ ഇവയിൽനിന്നും വ്യതിചലിച്ചുപോയിട്ടുണ്ടെങ്കിൽ പൗരാണിക പരാമ്പര്യത്തിലേക്ക് തിരിയുവാൻ അവർ ശ്രദ്ധിക്കേണ്ടതാണ്."[31] കൂടാതെ, ഓരോ സഭയ്ക്കും സ്വയം ഭരിക്കാനുള്ള അവകാശവും കടമയുമുണ്ടെന്ന് കൗൺസിൽ ഔദ്യോഗികമായി പ്രഖ്യാപിച്ചു. നമ്മുടെ സഭയ്ക്ക് അതിന്റേതായ പാരമ്പര്യങ്ങൾ ഉണ്ടായിരുന്നു: മാർതോമായുടെ മാർഗവും വഴിപാടും. അപ്പോൾ എങ്ങനെ നമ്മുടെ പാരമ്പര്യം കൽദായമാണെന്ന് പറയാൻ കഴിയും?

എറണാകുളം ആർച്ച് ബിഷപ്പും കർദിനാളും ആയിരുന്ന മാർ പാറേക്കാട്ടിൽ, അർഥശങ്കയ്ക്ക് ഇടയില്ലാതെ സീറോ മലബാർ മെത്രാന്മാർക്ക് എഴുതി: "I would prefer to be called an Indian Catholic, rather than a Roman Catholic or a Syrian Catholic. One can be authentically an Indian and a Catholic at one and the same time." [32]

പക്ഷേ, റോമൻ സാമ്രാജ്യത്തിലെ പൗരസ്ത്യസഭകൾക്കുവേണ്ടി 1991-ൽ രൂപംകൊടുത്ത കാനോൻ നിയമം, എല്ലാ പാരമ്പര്യങ്ങളെയും നിയമവ്യാഖ്യാനങ്ങളെയും കാറ്റിൽപറത്തി ഇന്ത്യൻ മാർതോമാനസ്രാണി കത്തോലിക്കസഭയ്ക്കുകൂടി ബാധകമാണെന്ന് റോം പ്രഖ്യാപിച്ചു.

"പൗരസ്ത്യകാനോൻനിയമം അനുസരിച്ച് വൈദികർ രൂപതയ്ക്കായി പട്ടം വാങ്ങുകയും വൈദികരെന്ന നിലയിൽ രൂപതയുടെ അംഗങ്ങ

ളാകുകയും ചെയ്യുന്നു. രൂപതാതിർത്തിയിലുള്ള ഏത് ഇടവകയിലെയും വികാരിയായി അദ്ദേഹത്തെ നിയമിക്കാവുന്നതാണ്."[33] പൗരസ്ത്യസഭകൾക്ക് അവരുടെ പഴയപാരമ്പര്യങ്ങളിലേക്ക് തിരിച്ചുപോകാനുള്ള അവകാശവും കടമയുമുണ്ടെന്നുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനത്തെ അട്ടിമറിയ്ക്കുകയല്ലേ ഇവിടെ ചെയ്യുന്നത്? പാശ്ചാത്യ സഭാരീതിയോടു നമ്മെ അനുരൂപപ്പെടുത്തിയിരിക്കുകയാണിവിടെ. ഉദയമ്പേരൂർ സൂനഹദോസുവഴി നസ്രാണികളെ ലത്തീനീകരിച്ചു എന്ന വിലപിക്കുന്നവർ എന്തുകൊണ്ട് റോം പാശ്ചാത്യ സഭാരീതിയിലുള്ള കാനോൻനിയമസമുച്ചയം നമ്മുടെ സഭയുടെമേൽ കെട്ടിയേല്പിച്ചതിൽ വിലപിക്കുന്നില്ല? എന്റെ നോട്ടത്തിൽ ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകളുടെ പൂർത്തീകരണമാണ് പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള പുതിയ ഈ കാനോൻ നിയമം.

പൗരസ്ത്യ കാനോൻനിയമസംഹിതയിലെ അധികാരവ്യവസ്ഥകളെ സംബന്ധിച്ചോ അതുമൂലം മാർതോമാനസ്രാണിസഭയ്ക്ക് സംഭവിച്ച അപചയത്തിന്റെ ആഴങ്ങളെ സംബന്ധിച്ചോ ചർച്ച നടത്താൻ ഈ പുസ്തകത്തിൽ ഞാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽത്തന്നെയും ഒരു സത്യം ഞാനിവിടെ കുറിക്കട്ടെ: പാശ്ചാത്യപാരമ്പര്യത്തിന്റെ മോഡലിൽ പൗരസ്ത്യ സഭകൾക്കും ഒരു കാനോൻ നിയമം നിർമ്മിക്കുകയും ആ നിയമം പൗരസ്ത്യസഭകളുടെ ഭാഗമല്ലാത്ത നസ്രാണിസഭയുടെമേൽ കെട്ടിയേല്പിച്ച് നമ്മുടെ പൈതൃകത്തെ നശിപ്പിക്കുകയും ചെയ്തതു അനീതി തന്നെയാണ്. പാശ്ചാത്യസഭയും പൗരസ്ത്യസഭകളും ഒരുകാലത്ത് റോമാസാമ്രാജ്യാതിർത്തിക്കുള്ളിൽ രൂപം കൊണ്ടതാണ്. മാർതോമാ നസ്രാണിസഭ അതിൽനിന്നും വിഭിന്നമായി ഒന്നാം നൂറ്റാണ്ടിൽത്തന്നെ മാർതോമാ അപ്പോസ്തലനാൽ സ്ഥാപിതമായ ഇന്ത്യൻ സഭയാണ്. ഈ യാഥാർഥ്യം നിലനിൽക്കുന്നിടത്തോളം കാലം പൗരസ്ത്യകാനോൻ നിയമം നസ്രാണിസഭയുടെമേലും നടപ്പിലാക്കാൻ പാടില്ലായിരുന്നു. റോമിനു കൂട്ടുനിന്ന സീറോ മലബാർ മെത്രാന്മാരും പൗരസ്ത്യസംഘവും നസ്രാണിപാരമ്പര്യത്തോടും നസ്രാണികളോടും ഒരിക്കലും പൊറുക്കാൻ സാധിക്കാത്ത ഒരു തെറ്റാണ് ചെയ്തതെന്നിവിടെ പ്രസ്താവിക്കുവാനും ഞാനാഗ്രഹിക്കുന്നു.

# 7

# നസ്രാണിക്കത്തോലിക്കാസഭ നവീകരണ ചരിത്രം

നമ്മുടെ കർത്താവിന്റെ 12 അപ്പോസ്തലരിൽ ഒരുവനായ മാർതോമാ കേരളത്തിലെത്തി ക്രിസ്തുവേദം പ്രസംഗിച്ച്, ഒന്നാം നൂറ്റാണ്ടിൽത്തന്നെ ഇവിടെ ക്രിസ്തുമതം സ്ഥാപിച്ചെന്ന് കേരളീയർ വിശ്വസിക്കുന്നു. 16–ാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാർ മലങ്കരയിൽ എത്തുന്നതുവരെ – ഒന്നാം നൂറ്റാണ്ടുമുതൽ 16–ാം നൂറ്റാണ്ടുവരെ – മാർതോമാക്രിസ്ത്യാനികൾ എങ്ങനെ വളർന്നുവെന്നും അവരുടെ ആരാധനക്രമം എപ്രകാരമായിരുന്നുവെന്നും വ്യക്തമായ ചരിത്രത്തെളിവുകളൊന്നുമില്ല. എന്നാൽ, പേർഷ്യൻ മെത്രാന്മാർ കേരളത്തിലെത്തി നസ്രാണികൾക്ക് ആത്മീയ ശുശ്രൂഷകൾ നൽകിയിരുന്നെന്നും, മാർതോമായുടെ നിയമമനുസരിച്ച് പള്ളിക്കാര്യങ്ങൾ പള്ളിക്കാർ നിർഹിച്ചിരുന്നെന്നും, നസ്രാണികൂട്ടായ്മയ്ക്കുനാഥനായി ജാതിക്കു കർത്തവ്യൻ അഥവാ ആർക്കദ്യാക്കോൻ എന്ന ഒരു സ്ഥാനി ഉണ്ടായിരുന്നെന്നും തെളിയിക്കാൻ കഴിയും. മാർതോമാക്രിസ്ത്യാനികളുടെ ആരാധനഭാഷ സുറിയാനി ആയിരുന്നതിനാൽ അവരെ 'സുറിയാനിക്കാർ' എന്ന് പാശ്ചാത്യർ വിളിച്ചിരുന്നു. പാശ്ചാത്യകത്തോലിക്കവിശ്വാസവും പാശ്ചാത്യപള്ളിഭരണ സമ്പ്രദായവും കൈമുതലായി മലങ്കരയിലെത്തിയ പോർട്ട്ഗീസുകാരും മറ്റു പാശ്ചാത്യമിഷനറിമാരും കേരളത്തിലെ സുറിയാനിക്കാർ റോമിൽ വാഴുന്ന പോപ്പിനു വഴങ്ങിയ യഥാർഥ കത്തോലിക്കരല്ലെന്നു ധരിച്ച് അവരെ ഉദയമ്പേരൂർ സുനഹദോസിലൂടെ പോപ്പിനു കീഴിലാക്കി. ആരാധനക്രമത്തിൽ കടന്നുകൂടിയ നെസ്തോറിയൻ പാഷാണ്ഡത കലർന്ന

പദങ്ങളെ നീക്കംചെയ്ത് പുതിയ ആരാധനക്രമം റോസ് മെത്രാൻ സുറി യാനി ഭാഷയിൽ തന്നെ പുനരുദ്ധരിച്ചു. പള്ളിഭരണം പദ്രുവാദോയുടെയും പ്രൊപ്പഗാന്തായുടെയും പാശ്ചാത്യമെത്രാന്മാരുടെയും കീഴിലാക്കി. മുൻ അധ്യായത്തിൽ ഇക്കാര്യങ്ങൾ – പോർട്ടുഗീസുകാരുടെ ആഗമനം, ഉദയ മ്പേരൂർ സൂനഹദോസ്, കൂനൻ കുരിശു സത്യം, പദ്രുവാദോ/പ്രൊപ്പ ഗാന്താ സമരം, അങ്കമാലി മഹാസമ്മേളനം, കുറവിലങ്ങാട്ടു പള്ളി പ്രതി പുരുഷയോഗം, നാട്ടുമെത്രാൻ തുടങ്ങിയ ശീർഷകങ്ങളിൽ – വിശദീക രിച്ചിരുന്നു.

16–ാം നൂറ്റാണ്ടിലെ പോർട്ടുഗീസുകാരുടെ രംഗപ്രവേശനം മുതൽ നമ്മുടെ പൂർവികർ നമ്മുടെ സഭയുടെ പഴയ പാരമ്പര്യങ്ങളെ കാത്തു സൂക്ഷിക്കാൻ നീണ്ടസമരംതന്നെ നടത്തുകയുണ്ടായി. 19–ാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ മാർതോമാക്രിസ്ത്യാനികൾക്ക് നാട്ടുമെത്രാനെ റോം നല്കി. നാട്ടുമെത്രാനെ നമുക്കു ലഭിച്ചതോടെ പാശ്ചാത്യരോടുള്ള വഴക്കും വക്കാണവും അവസാനിച്ചെന്നും നാട്ടുമെത്രാന്മാർ മാർതോമാ നസ്രാണിസഭാപൈതൃകത്തെ കാത്തുസൂക്ഷിക്കുമെന്നും വിശ്വാസികൾ വ്യാമോഹിച്ചു. എന്നാൽ, പാശ്ചാത്യമെത്രാന്മാർ നമ്മുടെ പൈതൃകത്തെ എങ്ങനെ ചവിട്ടി മെതിച്ചോ അതിൽകൂടുതലായി മാക്കീൽ മെത്രാൻ മുതൽ ഇന്നുവരെയുള്ള നാട്ടുമെത്രാന്മാർ നമ്മുടെ പൈതൃകത്തെ മുച്ചൂടും നശിപ്പിച്ച് പാശ്ചാത്യരീതിയിലുള്ള പള്ളിഭരണവും കൽദായരീ തിയിലുള്ള ആരാധനക്രമവും പൗരസ്ത്യകാനോൻ നിയമവും നമ്മുടെ സഭയുടെമേൽ കെട്ടിയേല്പിച്ചു. മാർ മാക്കീൽ പാശ്ചാത്യമെത്രാന്റെ രാജ കീയ മെത്രാൻ വേഷവിധാനങ്ങൾ സ്വീകരിച്ചതും, പാശ്ചാത്യപള്ളിഭരണ സമ്പ്രദായത്തിലധിഷ്ഠിതമായ പള്ളിനിയമങ്ങൾ അടങ്ങിയ 'ദെക്രേത്തു പുസ്തകം' വഴി നസ്രാണികളെ ഭരിക്കാനാരംഭിച്ചതും മാർതോമാ ക്രിസ്ത്യാനികളെ റോമുമായി അനുരൂപപ്പെടുത്താനുള്ള നാട്ടുമെത്രാന്മാ രുടെ പരിശ്രമത്തിന്റെ തുടക്കം മാത്രമായിരുന്നു. മാർതോമാക്രിസ്ത്യാ നികളുടെ തനിയമയാർന്ന പൈതൃകത്തെ നാട്ടുമെത്രാന്മാരും നശിപ്പി ക്കുന്നു എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ സഭയെ കാലോചിത മായി നവീകരിക്കണമെന്നുള്ള മുറവിളിയുമായി പ്രബുദ്ധരായ നസ്രാണി നേതാക്കൾ മുമ്പോട്ടു വന്നു എന്നുള്ളത് വസ്തുനിഷ്ഠമായ ഒരു കാര്യ മാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിലും സീറോ മലബാർ സഭയ്ക്ക് റോം സ്വയംഭരണാധികാരം നൽകിയതിന്റെ അടി സ്ഥാനത്തിലും നമ്മുടെ സഭ മാർതോമായുടെ നിയമത്തിനനുസൃതമായി പുനരുദ്ധരിക്കുമെന്ന് വിശ്വാസികൾ ധരിച്ചു. എന്നാൽ നാട്ടുമെത്രാന്മാർ സീറോ മലബാർ സഭയെ കൂടുതൽ കൂടുതൽ പാശ്ചാത്യ/പൗരസ്ത്യ വൽക്കരിച്ചുകൊണ്ടിരിക്കുകയാണിന്ന്.

ഇതിന്റെ എല്ലാം അടിസ്ഥാനത്തിൽ കേരളസഭാനവീകരണചരിത്രം അല്പം വിശദമായിത്തന്നെ ഈ പുസ്തകത്തിൽ നൽകാനുള്ള ശ്രമ

ത്തിന്റെ ഫലമാണ് ഈ അധ്യായം. മൺമറഞ്ഞുപോയവരും ഇന്ന് ജീവിച്ചിരിക്കുന്നവരുമായ സഭാസ്നേഹികളായ സഭാനവീകരണസാരഥികൾ കേരളകത്തോലിക്കനസ്രാണിസഭയ്ക്ക് ഇന്നോളം നൽകിയിട്ടുള്ള സംഭാവനകൾ വിലമതിക്കാനാവാത്തതാണ്. അവരുടെ മുമ്പിൽ കൂപ്പുകൈകളോടെ ഈ അധ്യായം ഞാൻ ആരംഭിക്കട്ടെ.

## കേരളത്തിന്റെ പ്രസക്തി, ആഗോളസഭയിൽ

റോമിൽ കൂടിയ നസ്രാണിമെത്രാന്മാരുടെ സൂനഹദോസിനെ അഭിസംബോധന ചെയ്തുകൊണ്ട് ഈശോസഭയിലെ പ്രമുഖ വൈദികൻ റോബർട്ട് ടാഫ്റ്റ് (Fr. Robert Taft) ഇങ്ങനെ പറഞ്ഞു: "നിങ്ങൾ കത്തോലിക്കസഭയുടെ ഒരു വലിയ വിജയഗാഥയാണ്. ഭൂമുഖത്ത് കിഴക്കോ പടിഞ്ഞാറോ, തെക്കോ വടക്കോ കത്തോലിക്കസമൂഹത്തിലോ ഓർത്തഡോക്സ് സമൂഹത്തിലോ വിശ്വാസത്താലും ഭക്തിയാലും ഇത്രയും ദീപ്തമായ വേറൊരു സഭയില്ല. തിങ്ങിനിറഞ്ഞ ഇടവകപ്പള്ളികളിലും സന്യാസിനീസഭകളിലും കേരളത്തിലെ സെമിനാരി ചാപ്പലുകളിലും ഞാൻ വ്യക്തിപരമായി അനുഭവിച്ച അത്ഭുതകരമായ വിശ്വാസത്തെക്കുറിച്ച് ഓർക്കുമ്പോൾ എന്റെ കണ്ണുകളിൽ കണ്ണുനീർ കിനിയുന്നു."[34]

ഈ ഒരേ ഒരുദ്ധരണി മതി കത്തോലിക്കസഭാനവീകരണത്തിൽ കേരളത്തിനുള്ള പ്രത്യേക പ്രസക്തി വ്യക്തമാക്കാൻ.

## സഭാനവീകരണം സംഘടനയിലൂടെ: 'നസ്രാണി ഗുണദായിനീസഭ' മുതൽ 'അഖിലകേരള കത്തോലിക്കകോൺഗ്രസ്' വരെ

പള്ളിയോഗങ്ങൾക്കു പുറമെയുള്ള സാമൂഹികസംഘടനകൾ ഈ സമുദായത്തിൽ അനിവാര്യമാക്കിയത്, കൂനൻകുരിശുസത്യത്തിനുശേഷം നസ്രാണിസമുദായത്തിനു ജാതിക്കു കർത്തവ്യന്റെ നേതൃത്വം ഇല്ലാതാവുകയും അടിച്ചേല്പിക്കപ്പെട്ട പാശ്ചാത്യമെത്രാൻ ഭരണസമ്പ്രദായത്തിൻ കീഴിൽ നസ്രാണികളുടെ പള്ളിയോഗങ്ങളും പള്ളിപ്രതിപുരുഷയോഗങ്ങളും ബലഹീനങ്ങളാവുകയും ചെയ്ത ഒരു സാഹചര്യമായിരുന്നു. അതുവരെ പള്ളിയോഗങ്ങൾ ഈ സഭയുടെ സാമൂഹികവും ആധ്യാത്മികവുമായ എല്ലാക്കാര്യങ്ങളിലും ആലോചിച്ചു തീരുമാനമെടുക്കാനുള്ള വ്യവസ്ഥാപിത സമിതികളായിരുന്നു. പാശ്ചാത്യമെത്രാൻ സംവിധാനത്തോട് ഇടഞ്ഞുകൊണ്ടായിരുന്നെങ്കിലും, 1632-ലെ ഇടപ്പള്ളിയോഗത്തെയും, 1773-ലെ അങ്കമാലിയോഗത്തെയും 1854-ലെ കുറവിലങ്ങാട്ടു യോഗത്തെയും 1892-ലെ പാലാ യോഗത്തെയും ഈ പരമ്പരാഗത പള്ളിയോഗവ്യവസ്ഥിതി നിലനിർത്താൻ നസ്രാണികൾ നടത്തിയ പരിശ്രമങ്ങളുടെ ഉജ്ജ്വല ഉദാഹരണങ്ങളായി നമുക്കു കാണാനാകും. ഇതിൽ 1892-ലെ പാലാ യോഗമായിരുന്നു മെത്രാന്റെ പത്രമേനി സ്വരൂപണത്തി

നുള്ള ഇടവകവിഹിതം ഏകപക്ഷീയമായി നിർണയിച്ചു ലവീഞ്ഞുമെത്രാനിറക്കിയ കല്പനയെ തിരസ്കരിച്ചുകൊണ്ടു തീരുമാനമെടുത്തത്.

പള്ളിയോഗത്തിനു പുറമേയുള്ള ആദ്യസാമുദായികസംഘടനയായി കണക്കാക്കപ്പെടുന്നത് നസ്രാണി ഗുണദായിനീസഭയാണ്. അതിനു രൂപം കൊടുത്തതും ഇതേ പാലാ യോഗമായിരുന്നു. ഇതിനു പിന്നിൽ, മാറിയ സഭാസാഹചര്യത്തിൽ നസ്രാണികത്തോലിക്കസമുദായത്തിന്റെ അവകാശസംരക്ഷണത്തിന് പള്ളിയോഗങ്ങൾ മതിയാവുകയില്ല എന്ന തീക്ഷ്ണമായ അവബോധമായിരുന്നു.

പാശ്ചാത്യമെത്രാൻ സമ്പ്രദായത്തിനെതിരെ, നസ്രാണിസമൂഹത്തിന്റെ പരമ്പരാഗത അവകാശാധികാരങ്ങൾ സ്ഥാപിച്ചെടുക്കാനുള്ള സമരത്തിനു ധീരനേതൃത്വം നൽകിയ നിധീരിക്കൽ മാണിക്കത്തനാരുടെ മാനസസന്താനമായി രൂപംകൊണ്ട സമുദായസംഘടനയാണ് അഖിലകേരള കത്തോലിക്കകോൺഗ്രസ് (എ. കെ. സി. സി.) എന്ന കാര്യം പലർക്കും അവിശ്വസനീയമായി തോന്നാം. കാരണം, അതിന്നു കാണപ്പെടുന്നത് ഒരു മെത്രാൻസംരക്ഷണപ്രസ്ഥാനമായിട്ടാണല്ലോ. അതിന്റെ പ്രസിഡന്റായി ദീർഘകാലം പ്രവർത്തിച്ച ശ്രീ. ജോൺ കച്ചിറമറ്റം ഈ സംഘടനയുടെ ഉത്ഭവപശ്ചാത്തലം ഇങ്ങനെ വിവരിക്കുന്നു: "മാന്നാനത്തെ 40 മണി ആരാധനയുടെ സമാപനദിവസം (1904-ൽ) നിധീരിക്കൽ മാണിക്കത്തനാർ അടുത്ത വർഷത്തെ നാല്പതുമണിയാരാധനയുടെ സമാപനത്തിൽ സംഘടന കെട്ടിപ്പടുക്കുവാനായി ഒരു സമ്മേളനം ചേരണമെന്ന് പ്രസ്താവിച്ചു. 1905-ലെ നാല്പതുമണിയാരാധനയ്ക്കുമുമ്പ് ആ മഹാപുരുഷൻ ദിവംഗതനായി. സഭയിലും സമൂഹത്തിലും അംഗീകാരവും ആദരവും പിടിച്ചുപറ്റിയ ഷെവ. പാറായിൽ വർക്കി അവിരാത്തരകന്റെ പിന്തുണയോടെ 1905-ൽ ഈ കാര്യത്തെപ്പറ്റി ആലോചന നടത്തി. തുടർന്നുള്ള ചർച്ചകളുടെയും ആലോചനകളുടെയും ഫലമായി 'കത്തോലിക്കക്രിസ്തീയ മഹാജനസഭ'യ്ക്കു രൂപംകൊടുത്തു."[35] ഈ സംഘടനയാണ് 1931 മുതൽ അഖിലകേരള കത്തോലിക്കകോൺഗ്രസ് എന്നറിയപ്പെടുന്നത്.

കേരളസഭയുടെ എന്നത്തേയും ധീരപുരുഷന്മാരിൽ അഗ്രഗണ്യനായ നിധീരിക്കൽ മാണിക്കത്തനാരുടെ നിർദേശപ്രകാരം, അദ്ദേഹത്തെ മാനിച്ചിരുന്ന പ്രശസ്ത സമുദായനേതാക്കൾ രൂപംകൊടുത്ത ഒരു സംഘടനയാണിന്നത്തെ കത്തോലിക്കകോൺഗ്രസ് എന്നതിൽനിന്നുതന്നെ അതിന്റെ സ്ഥാപനലക്ഷ്യങ്ങൾ നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. പാശ്ചാത്യസഭാസമ്പ്രദായപ്രകാരം നസ്രാണിസഭാസമൂഹത്തിന്റെ അവകാശങ്ങൾ മെത്രാന്മാർ കയ്യേറിക്കൊണ്ടിരുന്നപ്പോൾ അതിനെതിരെ ത്യാഗപൂർവം പോരാടിയ അതിന്റെ സ്ഥാപകനേതാക്കൾ അതിനെ ഒരിക്കലും ഒരു 'മെത്രാൻ സംരക്ഷണപ്രസ്ഥാന'മായി വിഭാവനം ചെയ്തിരിക്കാനിടയില്ല.

ചുരുക്കത്തിൽ, കേരളനസ്രാണികളുടെ നഷ്ടപ്പെട്ട അവകാശാധികാരങ്ങളും സ്വാതന്ത്ര്യവും വീണ്ടെടുക്കാൻവേണ്ടി ഈ സമുദായം അനുഭവിച്ച തീവ്രമായ പേറ്റുനോവിൽനിന്നു ജന്മമെടുത്തതായിരുന്നു നസ്രാണിഗുണദായിനീസഭ മുതൽ അഖിലകേരള കത്തോലിക്കകോൺഗ്രസ് വരെയുള്ള സമുദായസംഘടനകൾ. ഈ സ്വാതന്ത്ര്യനഷ്ടവും അധികാരനഷ്ടവും മുഖ്യമായും പാശ്ചാത്യമെത്രാൻ സമ്പ്രദായവുമായി ബന്ധപ്പെട്ടതാണ്. അതിനാൽ, പരോക്ഷമായെങ്കിലും അവയെല്ലാം മെത്രാന്മാരുടെ അധികാരതാത്പര്യങ്ങൾക്കെതിരുമായിരുന്നു.

സ്വതന്ത്രമായ അല്മായസംഘടനകളെ മെത്രാന്മാർ ആദ്യംമുതിലേ എതിർത്തുപോന്നിരുന്നു. സമുദായത്തിന് തങ്ങളല്ലാതെ മറ്റു നേതാക്കന്മാർ ഉണ്ടാകരുത് എന്നതാണ് അവരുടെ എന്നത്തെയും നിലപാട്. ഇതേപ്പറ്റി മുൻ സൂചിപ്പിച്ച പ്രസാധകക്കുറിപ്പിൽ ശ്രീ. ജോൺ കച്ചിറമറ്റം എഴുതിയിരിക്കുന്നത് ഇങ്ങനെയാണ്: "അല്മായരുടെ നേതൃത്വത്തിൽ ഒരു സംഘടന ഉണ്ടാകുന്നതിനോട് വൈദികമേലധ്യക്ഷന്മാർക്ക് ഒട്ടുംതന്നെ താത്പര്യമുണ്ടായിരുന്നില്ല. ഇക്കാര്യത്തിൽ മുൻപന്തിയിൽ നിന്നിരുന്നത് മാർ ലൂയീസ് പഴേപറമ്പിലായിരുന്നു."[36] വളരെയേറെ ബുദ്ധിമുട്ടിയും ഒട്ടേറെ വിട്ടുവീഴ്ചകൾ നടത്തിയുമാണ് ഇത്തരമൊരു സമുദായസംഘടനയ്ക്ക് സഭാധികാരികളുടെ അംഗീകാരം നേടാനായതെന്ന് ശ്രീ. ജോൺ കച്ചിറമറ്റം തുടർന്നു വിശദീകരിക്കുന്നുണ്ട്. സംഘടനായോഗങ്ങളെ നിരോധിക്കുകവരെ ചെയ്തിരുന്നു!

കത്തോലിക്കകോൺഗ്രസിനെ അംഗീകരിച്ചിട്ടും അതിനെ വളരാൻ സഭാധികാരം അനുവദിച്ചില്ല. രാഷ്ട്രീയതന്ത്രങ്ങൾ മെനഞ്ഞുകൊണ്ടായിരുന്നു മെത്രാന്മാർ കത്തോലിക്കകോൺഗ്രസിനെ എന്നും ദുർബലപ്പെടുത്തിക്കൊണ്ടിരുന്നത്. ശ്രീ. കച്ചിറമറ്റം തുടർന്നെഴുതുന്നതു കാണുക: "കോൺഗ്രസ് ഒരു ബഹുജനപ്രസ്ഥാനമായി വളർന്നുകൊണ്ടിരുന്നു. ആ സന്ദർഭത്തിൽ ചങ്ങനാശ്ശേരി രൂപതയിൽ കാത്തലിക് ആക്ഷൻ കൗൺസിൽ എന്ന ഒരു പുതിയ സംഘടന കെട്ടിപ്പടുക്കാനുള്ള ശ്രമം രൂപതാലവലിൽ ഉണ്ടായി... നിലവിലുള്ള സംഘടനയുടെ പ്രവർത്തനം മന്ദീഭവിപ്പിക്കുന്നതിനുമാത്രമേ പുതിയ സംഘടനകൊണ്ടു സാധിക്കുകയുള്ളൂവെന്ന എ. കെ. സി. സി. യുടെ മുന്നറിയിപ്പ് കേൾക്കുവാൻ അധികാരികൾ തയ്യാറായില്ല... ഏതൊക്കെ രൂപതയിൽ കോൺഗ്രസിന്റെ യുവജനവിഭാഗം പ്രവർത്തിച്ചോ അവിടെയെല്ലാം രൂപതാതലത്തിൽ ഓരോ യുവജനപ്രസ്ഥാനങ്ങൾ കെട്ടിപ്പടുക്കുന്നതിൽ വൈദികമേലധ്യക്ഷന്മാർ താത്പര്യം പ്രകടിപ്പിക്കുകയും തന്മൂലം, കോൺഗ്രസിന്റെ യുവജനവിഭാഗത്തിന്റെ പ്രവർത്തനം മന്ദീഭവിക്കുകയും ചെയ്തു."[37]

സഭാധികാരികളുടെ ഈ കുത്തിത്തിരിപ്പും നാനാവിധത്തിലുള്ള അവഗണനയുമാണ് കത്തോലിക്കകോൺഗ്രസിന്റെ പ്രതികരണശേഷി നഷ്ടപ്പെടുവാനും അത് ഒന്നിനൊന്നു ദുർബലമാകുവാനും ഇടയാക്കിയതെന്നും

വൈദികമേലധ്യക്ഷന്മാർക്ക് സുശക്തമായ ഒരു സമുദായസംഘടന കേരളതലത്തിൽ രൂപപ്പെട്ടുവരുന്നതിൽ താത്പര്യമില്ലെന്നും അദ്ദേഹം തന്റെ ഈ പ്രസാധകക്കുറിപ്പിൽ സമർഥിക്കുന്നുണ്ട്. കേരളത്തിലെ ഏറ്റവും വലിയ സംഘടനയായിട്ടും സഭാസമിതികളിൽ അതിനു പ്രാതിനിധ്യം നൽകാൻ സഭാധികാരികൾ തയ്യാറായിട്ടില്ല എന്നും, പള്ളിയോഗ നടപടിക്രമ നിയമാവലി തയാറാക്കാൻ നിയോഗിക്കപ്പെട്ട കമ്മിറ്റിയിൽ എ. കെ. സി. സി. ഉൾപ്പെടെ ഒരു അല്മായസംഘടനയുടെയും പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടില്ല എന്നും അദ്ദേഹം ഇതിൽ ആരോപിക്കുന്നുണ്ട്. മെത്രാന്മാരുടെ മനോഭാവത്തെ അദ്ദേഹം ഇങ്ങനെ വിശദീകരിക്കുന്നു: “നമ്മുടെ വലിയ തറവാടുകളിൽ സദ്യയ്ക്ക് അരി വയ്ക്കാനായി വലിയ വാർപ്പുകൾ വാങ്ങിവച്ചിട്ടുണ്ട്. അത്യാവശ്യസമയത്തു മാത്രമേ അവ കഴുകിയെടുത്ത് ഉപയോഗിക്കുകയുള്ളൂ. ആ വാർപ്പിന്റെ സ്ഥാനമാണ് കത്തോലിക്കാ കോൺഗ്രസിന് പലരും നൽകിയിരിക്കുന്നത്. ഒരു സംഘടന വേണം, ആവശ്യസമയത്ത് എടുത്ത് ഉപയോഗിക്കാൻ. നിരന്തരമായി പ്രവർത്തിക്കുന്ന ഒരു സംഘടന അവർ ആഗ്രഹിക്കുന്നില്ലെന്നതാണ് യാഥാർഥ്യം.”[38]

കത്തോലിക്കകോൺഗ്രസിന്റെ ഏറ്റവും പ്രമുഖ വക്താവായ ശ്രീ. ജോൺ കച്ചിറമറ്റം തന്നെയാണ് സഭയ്ക്കുള്ളിലെ സംഘടനാപ്രവർത്തനങ്ങളോട് മെത്രാന്മാർക്കുള്ള നിഷേധാത്മകനിലപാട് ഇപ്രകാരം വിലയിരുത്തിയിരിക്കുന്നത് എന്നോർക്കുക. അതെ, എ. കെ. സി. സി. ഇന്ന് മെത്രാന്മാർക്ക് ആവശ്യാനുസരണം എടുത്തുപയോഗിക്കാനുള്ള കേവലമൊരു ഉപകരണമായിക്കഴിഞ്ഞു. അതുകൊണ്ടാണ്, സാധാരണജനങ്ങൾപോലും സഭാസംബന്ധിയായ നിസ്സംഗത വെടിഞ്ഞ് ഉണർന്നുമുന്നോട്ടുവന്ന ഒരു നിർണായക ഘട്ടത്തിലും, സമുദായത്തിന്റെ നന്മയ്ക്കായി രൂപീകരിക്കപ്പെട്ടതും, സമുദായത്തിനുവേണ്ടി ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കാൻ പ്രതിജ്ഞാബദ്ധവുമായ കത്തോലിക്കകോൺഗ്രസിന് സഭയിലെ ഒരു പ്രശ്നത്തെപ്പറ്റിയും ഒരഭിപ്രായവും സ്വന്തംനിലയിൽ ഉരിയാടാൻ കഴിയാതെപോയിട്ടുള്ളത്.

ഇതുതന്നെയാണ് പ്രൊപ്പഗാന്താ മെത്രാന്മാരുടെ പാശ്ചാത്യവൽക്കരണശ്രമങ്ങളെ ചെറുത്തുനിന്ന സമുദായനേതാക്കൾ ബീജാവാപം ചെയ്ത കത്തോലിക്കകോൺഗ്രസിന്, ഇന്നത്തെ ‘പ്രൊപ്പഗാന്താ’ ആയ പൗരസ്ത്യസംഘം പൗരസ്ത്യമുഖംമൂടി വെച്ചു നടത്തുന്ന കൽദായീകരണ പരിശ്രമങ്ങൾ കണ്ണുതുറന്നു കാണാൻ സാധിക്കാതെപോകുന്നതിന്റെ കാരണവും. ഈ സഭയുടെ അപ്പോസ്തലിക പാരമ്പര്യമായ മാർതോമായുടെ നിയമം ഉറപ്പു നൽകിയിരുന്ന പള്ളിക്കാരുടെ എല്ലാ അവകാശാധികാരങ്ങളെയും തുടച്ചുനീക്കിക്കൊണ്ട് പൗരസ്ത്യകാനോൻനിയമം ഈ സഭയുടെമേൽ അടിച്ചേല്പിച്ചപ്പോഴും, ആധ്യാത്മികശുശ്രൂഷകരായിരിക്കേണ്ട മെത്രാന്മാർ തങ്ങളെത്തന്നെ രൂപതകളുടെ സമഗ്രാധിപതികളാ

ക്കിയും, വിശ്വാസികളെ അവകാശങ്ങളൊന്നുമില്ലാത്ത വെറും പ്രജകളാക്കിയും സ്വയം രൂപംകൊടുത്ത പള്ളിയോഗനടപടിക്രമങ്ങൾ കെട്ടിച്ചമച്ചപ്പോഴും, കേരളകത്തോലിക്കരുടെ നാവായി വർത്തിക്കേണ്ട കത്തോലിക്കകോൺഗ്രസ് മൗനംപൂകിയതിന്റെ കാരണവും മറ്റൊന്നല്ല.

ഉത്തരവാദിത്വമുള്ള ഏതൊരു സംഘടനയും ആ സംഘടന പ്രതിനിധാനം ചെയ്യുന്ന സമൂഹത്തിന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും, അങ്ങനെയുണ്ടാകുന്ന ആശയരൂപീകരണത്തിന്റെ വെളിച്ചത്തിൽ പ്രസക്തമായ കർമ്മപരിപാടികൾക്കു രൂപംകൊടുക്കുകയും ചെയ്യും. എന്നാൽ, ഇന്നത്തെ കത്തോലിക്കകോൺഗ്രസ്സിന് സമുദായത്തിനുള്ളിലെ പ്രശ്നങ്ങളോ, അവ സംബന്ധിച്ച ചർച്ചകളോ അഭിപ്രായരൂപീകരണങ്ങളോ ഗൗരവമുള്ള കാര്യങ്ങളല്ലതന്നെ. അഭിപ്രായമില്ലാതെ വ്യക്തമായ സമീപനവും കർമ്മപരിപാടികളും ഉണ്ടാകുന്നതെങ്ങനെ?

സ്വന്തമായ അഭിപ്രായമില്ലാത്തവർ എപ്പോഴും അധികാരികളുടെ പക്ഷത്തായിരിക്കും. അങ്ങനെ മാത്രമേ അവർക്കു നിലനിൽക്കാനും തങ്ങളുടെ സാമൂഹികസാന്നിധ്യം ഉറപ്പിക്കാനും സാധിക്കൂ. ഈ മാനസികാവസ്ഥ, ആത്യന്തികമായി സ്വന്തം നിലനിൽപിനെപ്പറ്റിയുള്ള ഉൾഭീതിയിൽനിന്നും ഉടലെടുക്കുന്നതാണ്. ജനവിരുദ്ധരായ അധികാരികളും, മറ്റൊരുവിധത്തിൽ, തങ്ങളുടെ നിലനിൽപിനെപ്പറ്റിയുള്ള നിരന്തരമായ ഉൾഭീതിയിലാണ്. ജനപിന്തുണയില്ലല്ലോ എന്നതാണവരുടെ പ്രശ്നം. ചരിത്രത്തിൽ എല്ലാക്കാലത്തും ഈ രണ്ടു വിഭാഗങ്ങളും തമ്മിൽ കൈകോർത്തുപിടിച്ച് നിലനിൽക്കാൻ ശ്രമിച്ചിട്ടുണ്ട്.

കത്തോലിക്കസമുഹത്തെ സേവിക്കുന്നതിനായി, ധീരതയും ആശയഗാംഭീര്യവും തികഞ്ഞ സമുദായ നേതാക്കൾ ത്യാഗങ്ങൾ സഹിച്ചു സ്ഥാപിച്ച കത്തോലിക്കകോൺഗ്രസിന്റെ ഇന്നത്തെ നേതൃത്വം ജനവിരുദ്ധരായ അധികാരികളുടെ സംരക്ഷണം തേടി പോകുന്നത് സ്വന്തം നിലനില്പിനു വേണ്ടി മാത്രമാണ്.

## സഭാനവീകരണം ഓശാനയിലൂടെ

ഈ സാഹചര്യത്തിലാണ് സഭാധികാരികളുടെ അംഗീകാരമോ പ്രോത്സാഹനമോ പ്രതീക്ഷിക്കാതെ ജന്മംകൊണ്ട സഭാനവീകരണസംരംഭങ്ങളെക്കുറിച്ച് അന്വേഷിക്കേണ്ടിവരുന്നത്. ഇത്തരത്തിലുള്ള ആദ്യസംരംഭമായി കാണപ്പെടുന്നത് ശ്രീ. ജോസഫ് പുലിക്കുന്നേലിന്റെ നേതൃത്വത്തിൽ 1970-ൽ രൂപംകൊണ്ട 'കാത്തലിക്ക് റിഫോർമേഷൻ മൂവ്മെന്റ് ഇന്ത്യ' (C. R. M. I.) എന്ന സംഘടനയാണ്. ഈ സംഘടനയുടെ ആഭിമുഖ്യത്തിൽ സഭാസംബന്ധമായ വിഷയങ്ങളിലും പ്രശ്നങ്ങളിലും ലഘുലേഖകളും പ്രസ്താവനകളും ശ്രീ. പുലിക്കുന്നേൽ അച്ചടിച്ചു വിതരണം ചെയ്തു തുടങ്ങി. ഈ ഉദ്യമത്തിൽ കോഴിക്കോട് ദേവഗിരി കോളജിൽ അദ്ദേഹത്തിന്റെ സഹാധ്യാപകരായിരുന്ന പ്രഫ. ജോർജ് തോമസ്, പ്രഫ.

ജോൺ. സി. ജേക്കബ് എന്നിവരുടെ സഹകരണവും പിന്തുണയും അദ്ദേഹത്തിനു ലഭിച്ചിരുന്നു. ലഘുലേഖകൾ വിതരണം ചെയ്യാൻ പോലും ഭയംമൂലം ആരും സഹായിച്ചില്ല. കൂലിക്കാരെവച്ചാണ് കടകളിലും ബസ്സ്റ്റോപ്പുകളിലുമൊക്കെ അവ വിതരണം ചെയ്തത്. ഭയചകിതരായിട്ടാണെങ്കിലും കിട്ടിയവർ കിട്ടിയവർ അവയെല്ലാം ആവേശപൂർവം വായിക്കുകയും മറ്റുള്ളവർക്കു രഹസ്യമായി കൈമാറുകയും ചെയ്തു. പല ആധികാരിക സഭാസമീപനങ്ങൾക്കുമെതിരെ തങ്ങളുടെ മനസ്സിൽ ഉറഞ്ഞുകൂടിക്കിടന്നിരുന്ന വിമതാശയങ്ങളുടെ പ്രതിഫലനമായാണ് അവ പലർക്കും അനുഭവപ്പെട്ടത്. ഏതായാലും, ശ്രീ. ജോസഫ് പുലിക്കുന്നേൽ അങ്ങേയറ്റം ധീരതയോടെ തുടർച്ചയായി ഇറക്കിക്കൊണ്ടിരുന്ന ലഘുലേഖകൾക്കായി ജനങ്ങൾ കൗതുകപൂർവം കാത്തിരിക്കുന്ന ഒരു സാഹചര്യമുണ്ടായി. അവയെല്ലാം സുവിശേഷാധിഷ്ഠിതവും യുക്തിഭദ്രവുമായിരുന്നതിനാൽ മറിച്ചു സമർഥിക്കാൻ ആർക്കുമൊട്ടു കഴിഞ്ഞതുമില്ല.

ഈ ലഘുലേഖാപ്രസ്ഥാനം വളർന്നാണ് 1975-ൽ ശ്രീ. ജോസഫ് പുലിക്കുന്നേൽ ചീഫ് എഡിറ്ററായി, C. R. M. I. യുടെതന്നെ പേരിൽ ഓശാന മാസിക പ്രസിദ്ധീകരിക്കാനാരംഭിച്ചത്. ആ മാസിക കത്തോലിക്കസഭയിൽ നിലനില്ക്കുന്ന അനാചാരങ്ങൾക്കെതിരെ ധീരമായി ശബ്ദമുയർത്തുന്ന ലേഖനങ്ങൾകൊണ്ടു സഭാംഗങ്ങളെ ബോധവത്കരിക്കാനുള്ള ശ്രമമാണ് ആദ്യം നടത്തിയത്. ഒപ്പം, സഭാധികാരത്തിന്റെ പീഡനത്തിനും അവഗണനയ്ക്കുമൊക്കെ വ്യക്തിപരമായി ഇരയാകുന്നവർക്ക് പ്രശ്നപരിഹാരത്തിനുള്ള മാർഗനിർദേശങ്ങൾ നല്കുകയും ചെയ്തുപോന്നു. ഓശാന മാസികയിൽ എഴുതാറുണ്ടായിരുന്ന ചിലരുടെ പേരുകൾ താഴെ കൊടുക്കുന്നു:

റവ. ഡോ. സേവ്യർ കൂടപ്പുഴ, ഫാ. ജേക്കബ് പുലിക്കോടൻ എസ്. ജെ., ജോസഫ് പുത്തൻതറ, ജയിംസ് ഐസക്ക് കുടമാളൂർ, പ്രഫ. ടി. ജെ. മത്തായി, ഫാ. ഔസേപ്പറമ്പിൽ, എസ്. ഏഴുമല, സിസിലിയാമ്മ പെരുമ്പനാനി, കെ. കെ. ജോസഫ് കുളിരാനി, എൻ. കെ. ജോസ്, എം. എസ്. വീഡൻ, രാജു താരാമംഗലം, പി. ജെ. സെബാസ്റ്റ്യൻ, ജോൺസൺ പുളിങ്കുന്ന്...

ഇതിനിടയിൽ കത്തോലിക്കസഭയിൽ സംഭവിച്ച രണ്ടു കാര്യങ്ങൾകൂടി ഇവിടെ പരാമർശിക്കേണ്ടതുണ്ട്. ഒന്ന്, 'ഓശാന മലയാളം ബൈബിളി'ന്റെ പ്രചാരണം. രണ്ട്, ബൈബിൾ സമർഥമായി ഉപയോഗിക്കുന്ന കരിസ്മാറ്റിക് പ്രസ്ഥാനത്തിന് സഭാംഗങ്ങൾക്കിടയിലുണ്ടായ സ്വാധീനം.

അതിനു മുമ്പ് കത്തോലിക്കസഭ ബൈബിളിനോടു പുലർത്തിയിരുന്ന സമീപനമെന്തെന്ന് അല്പം വിശദീകരിക്കേണ്ടതുണ്ട്: അല്മായർ വേദപുസ്തകം വായിക്കുന്നത് ഹാനികരമെന്ന് കത്തോലിക്കസഭാധികാരികൾ വിശ്വസിച്ചിരുന്നു. ടൂളൂസ് (Toulouse) കൗൺസിലിൽ (1229) വച്ച് വിശുദ്ധഗ്രന്ഥം അല്മേനികൾ വായിക്കാൻ പാടില്ലെന്ന്

വിലക്കുകല്പിച്ചു (Cannon 14). ത്രെന്തോസ് കൗൺസിലിൽ വീണ്ടും ഈ മുടക്ക് സ്ഥിരീകരിക്കപ്പെട്ടു (Section IV, April 8, 1546, Decree Concerning the Canonical Scriptures). ഏതെങ്കിലും ഒരു അല്മേനി വിശുദ്ധഗ്രന്ഥപഠനം നടത്തിയാൽ നിയമപ്രകാരം ശിക്ഷിക്കണമെന്നും ആജ്ഞാപിച്ചു. 1713-ൽ ക്ലെമന്റ് 11-ാമൻ മാർപാപ്പാ അല്മേനികൾ ബൈബിൾ വായിക്കാൻ പാടില്ലെന്ന് മുടക്കു കല്പിച്ചു (bull Unigenitus). ആദ്യമുടക്കൽ കഴിഞ്ഞ് 736 വർഷങ്ങൾക്കു ശേഷം രണ്ടാം വത്തിക്കാൻ കൗൺസിലാണ് (1965) വിശുദ്ധഗ്രന്ഥം അല്മേനികൾക്ക് വായിക്കാൻ അനുവദിക്കാത്ത പുസ്തകങ്ങളുടെ ലിസ്റ്റിൽനിന്ന് (Index Librorum Prohibitorum, List of Prohibited Books) നീക്കംചെയ്തത്. നിരോധിച്ച പുസ്തകലിസ്റ്റ് 1966 ജൂൺ 14-ാം തീയതി പോൾ ആറാമൻ മാർപാപ്പാ ഔദ്യോഗികമായി റദ്ദാക്കി.

## ബൈബിളിന്റെ ഇംഗ്ലീഷ് പരിഭാഷാചരിത്രം

കത്തോലിക്കസഭയുടെ അനാവശ്യമായ മർക്കടമുഷ്ടിക്ക് ഒരു ഉദാഹരണമായി ബൈബിളിന്റെ ഇംഗ്ലീഷ് പരിഭാഷാചരിത്രം അല്പ മൊന്ന് വിവരിക്കട്ടെ:

ഓക്സ്ഫോർഡിലെ പ്രഫസറും, മഹാപണ്ഡിതനും, ദൈവശാസ്ത്ര ജ്ഞനുമായിരുന്ന ജോൺ വൈക്ലിഫ് (John Wycliffe) 1380-കളിൽ അന്ന് അദ്ദേഹത്തിന് ലഭ്യമായിരുന്ന ലാറ്റിൻ വുൾഗാത്തയിൽ നിന്ന് (Latin Vulgate, 382 by St. Jerome) ഇംഗ്ലീഷിലേക്ക് ബൈബിൾ പരിഭാഷപ്പെടുത്തി. അതിന്റെ പല കയ്യെഴുത്തുപ്രതികളും ഉണ്ടാക്കി. അദ്ദേഹം മരിച്ച് 44 വർഷങ്ങൾ കഴിഞ്ഞപ്പോൾ അന്നത്തെ മാർപാപ്പാ ബൈബിൾ ഇംഗ്ലീഷി ലേക്ക് പരിഭാഷപ്പെടുത്തിയതിൽ കോപാകുലനായി വൈക്ലിഫിന്റെ അസ്ഥികൾ മാന്തിയെടുത്ത് ഇടിച്ചുപൊടിച്ച് നദിയിൽ എറിഞ്ഞുകളഞ്ഞു. വൈക്ലിഫിന്റെ അനുയായിയായിരുന്ന ജോൺ ഹസ് (John Hus) വിശ്വാസികൾക്ക് ഇംഗ്ലീഷിൽ ബൈബിൾ വായിക്കാൻ സാധിക്കണമെന്ന് വാദിച്ചു. 1415-ൽ അദ്ദേഹത്തെ ജീവനോടെ തീയിൽ എറിഞ്ഞ് ചുട്ടുകരിച്ചു കൊന്നു. മരിക്കുന്നതിനു മുൻപ് അദ്ദേഹം പറഞ്ഞു: "In 100 years, God will raise a man whose calls for reform cannot be suppressed." 102 വർഷങ്ങൾ കഴിഞ്ഞപ്പോൾ മാർട്ടിൻ ലൂഥർ (Martin Luther) തന്റെ 95 തീസ്സിസ് (Theses) വിറ്റൻബർഗ് (Wittenberg) ദേവാലയവാതില്ക്കൽ ആണിയടിച്ചു തൂക്കി. അങ്ങനെ നവോത്ഥാന ത്തിന് തുടക്കം കുറിച്ചു.

1517-ൽ, തങ്ങളുടെ കുട്ടികളെ 'സ്വർഗസ്ഥനായ പിതാവേ' എന്ന പ്രാർഥന ഇംഗ്ലീഷിൽ പഠിപ്പിച്ചു എന്ന കുറ്റത്തിന് കത്തോലിക്കസഭ ഏഴുപേരെ തീയിൽ എറിഞ്ഞ് ചുട്ടുകരിച്ചു കൊന്നു.

ഇംഗ്ലണ്ടിലെ ഹെൻഡ്രി ഏഴാമന്റെയും ഹെൻഡ്രി എട്ടാമന്റെയും വൈദ്യനായിരുന്ന ഓക്സ്ഫോർഡിലെ പ്രഫസർ തോമസ് ലിനാക്രെ (Thomas Linacre) ഗ്രീക്കു പഠിച്ച് ബൈബിൾ ഗ്രീക്കുഭാഷയിൽ വായിച്ചു

പഠിച്ചു. ലാറ്റിൻ പരിഭാഷ വളരെ തെറ്റുകൾ നിറഞ്ഞതാണെന്നും സുവിശേഷത്തിലെ സന്ദേശം കാത്തുസൂക്ഷിക്കപ്പെടുന്നില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. എങ്കിലും ലാറ്റിൻ വുൾഗാത്തയാണ് ശരിയെന്നും അതല്ലാതെ മറ്റൊന്നും വായിക്കാൻ പാടില്ലെന്നും ഇനി ആരെങ്കിലും ഈ ഉത്തരവിനെതിരായി വായിച്ചാൽ അവരെ ചുട്ടുകരിച്ചു കൊല്ലുമെന്നും സഭ ഭീഷണിപ്പെടുത്തി. ഓക്സ്ഫോർഡ് പ്രഫസറായിരുന്ന ജോൺ കോലിറ്റ് (John Colet) 1496-ൽ ലണ്ടനിലെ സെന്റ് പോൾ കത്തീഡ്രലിൽ ഇംഗ്ലീഷിൽ ബൈബിൾ വായിച്ചു തുടങ്ങി. 20,000-ഓളം ജനങ്ങൾ ദൈവവചനം സ്വന്തം ഭാഷയിൽ വായിക്കുന്നതു കേൾക്കാൻ തടിച്ചുകൂടി (ഇന്ന് ആ പള്ളിയിൽ ഞായറാഴ്ചകളിൽ കൂടിയാൽ 200 പേർ ശുശ്രൂഷയിൽ പങ്കെടുക്കും. അതിലധികവും വിനോദയാത്രക്കാരുമാണ്). ജോൺ കോലിറ്റിന് ഉന്നതസ്ഥാനങ്ങളിൽ സ്വാധീനമുണ്ടായിരുന്നതിനാൽ അദ്ദേഹം വധശിക്ഷ കിട്ടാതെ രക്ഷപെട്ടു. 1516-ൽ പണ്ഡിതനായ ഇറാസ്മൂസ് (Erasmus) തെറ്റുകൾ ധാരാളമുള്ള ലാറ്റിൻ വുൾഗാത്തയെ തെറ്റില്ലാതെ ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യുവാൻ ഗ്രീക്കു ബൈബിളും ഹീബ്രു ബൈബിളും ഉപയോഗിച്ചു. പിന്നീട് വില്യം റ്റിൻഡൽ (William Tyndale) പുതിയ നിയമം ഇംഗ്ലീഷിൽ അച്ചടിപ്പിച്ചു. അദ്ദേഹം അസാധാരണ ധിഷണാപാടവം ഉള്ളവനും പണ്ഡിതനുമായിരുന്നു. അച്ചടിച്ച ഈ പുതിയനിയമം മെത്രാന്റെ കയ്യിലെത്തിയാൽ ഉടൻ അത് ചുട്ടുകരിക്കുമായിരുന്നു. ഇൻക്വിസിഷൻകാർ അദ്ദേഹത്തെ അന്വേഷിച്ചു നടന്നു. പക്ഷേ, അവർക്ക് അദ്ദേഹത്തെ പിടികിട്ടിയില്ല. ഇതിനിടെ മാർട്ടിൻ ലൂഥർ 1529-ൽ ജർമൻ ഭാഷയിൽ പുതിയ നിയമം അടിച്ചിറക്കി. ഹെൻഡ്രി എട്ടാമന്റെ കിടക്കമുറിയിലും റ്റിൻഡലിന്റെ അച്ചടിച്ച പുതിയനിയമത്തിന്റെ ഇംഗ്ലീഷ് കോപ്പി എത്തിച്ചേർന്നു. അതോടെ എല്ലാ കോപ്പികളും കത്തിക്കാൻ കല്പനയായി. ആരെങ്കിലും ഒരു കോപ്പി സൂക്ഷിച്ചാൽ അയാളെ ചുട്ടുകരിച്ചുകൊല്ലുകയും ചെയ്തിരുന്നു. ദൈവവചനം സ്വന്തം ഭാഷയിൽ വായിച്ചു മനസ്സിലാക്കുന്നത് വലിയ തെറ്റായി സഭ കണ്ടു. സഭയുടെ അധികാരത്തെയും സാമ്പത്തിക വരുമാനത്തെയും കാര്യമായി ബാധിക്കുമെന്ന് സഭാധികാരികൾ ഭയപ്പെട്ടു. ഇന്ന് റ്റിൻഡലിന്റെ ഇംഗ്ലീഷ് ഒന്നാം എഡിഷന്റെ (1525-26) രണ്ടു കോപ്പികളെ അവശേഷിച്ചിട്ടുള്ളു. 11 നീണ്ട വർഷങ്ങൾ ഹെൻഡ്രി എട്ടാമനും സഭയും അദ്ദേഹത്തെ വേട്ടയാടി. അവസാനം ഒരിംഗ്ലീഷുകാരൻ അദ്ദേഹത്തെ ഒറ്റിക്കൊടുത്തു. 500 ദിവസങ്ങൾ ജയിലിൽ കിടന്നശേഷം 1536-ൽ അദ്ദേഹത്തെ ശ്വാസം മുട്ടിച്ചു കൊന്നശേഷം തീയിൽ ചുട്ടുകരിച്ചു. അദ്ദേഹത്തിന്റെ അവസാന വാക്കുകൾ ഇതായിരുന്നു: "Oh Lord, open the King of England's eyes."[39] മൂന്നു വർഷങ്ങൾക്കകം റ്റിൻഡലിന്റെ പ്രാർഥന ദൈവം കേട്ടു. 1539-ൽ ഹെൻഡ്രി എട്ടാമൻ ബൈബിൾ ഇംഗ്ലീഷിൽ അച്ചടിക്കാൻ അനുവദിച്ചു. ആ ബൈബിൾ ഗ്രെയ്റ്റ് ബൈബിൾ (Great Bible) എന്ന പേരിൽ അറിയപ്പെടുന്നു. ആ ബൈബിൾ ഇംഗ്ലണ്ടിലെ എല്ലാ പള്ളികളി

ലേക്കും വിതരണം ചെയ്തു. പുരോഹിതന്റെ പ്രസംഗപീഠത്തിലേക്ക് (Pulpit) ബൈബിൾ ചങ്ങല ഇട്ട് പൂട്ടിയിട്ടു. ഇംഗ്ലീഷ് വായിക്കാൻ അറിയാൻ പാടില്ലാത്തവർക്കുവേണ്ടി ദൈവവചനം വായിച്ചു കേൾപ്പിക്കാൻ ഒരു വായനക്കാരനെയും നിയോഗിച്ചു.

ഹെൻഡ്രി എട്ടാമൻ ഇംഗ്ലീഷിൽ ബൈബിൾ അച്ചടിക്കാൻ അനുവദിച്ചത് സദുദ്ദേശ്യം കൊണ്ടായിരുന്നില്ല. അദ്ദേഹം തന്റെ ഭാര്യ കാതറീനിൽ നിന്നു വിവാഹമോചനം നേടാൻ മാർപാപ്പായോട് ആവശ്യപ്പെട്ടിട്ട് മാർപാപ്പാ അതനുവദിക്കാതിരുന്നതിന്റെ പ്രതികാരങ്ങളിലൊന്നായിരുന്നു ബൈബിൾ അച്ചടി. റോമൻ കത്തോലിക്കപള്ളിയിൽ നിന്നു മാറി, അദ്ദേഹം ചർച്ച് ഓഫ് ഇംഗ്ലണ്ട് (Church of England) സ്ഥാപിച്ചു. അങ്ങനെ ഹെൻഡ്രി എട്ടാമൻ മാർപാപ്പായെപ്പോലെതന്നെ രാജ്യത്തിന്റെയും സഭയുടെയും രാജാവായി. കൂടാതെ, തന്റെ കാമിനിയെ വിവാഹവും ചെയ്തു. ക്വീൻ മേരി (Queen Mary) ഇംഗ്ലണ്ടിന്റെ രാജ്ഞി ആയപ്പോൾ ഇംഗ്ലീഷ് ചർച്ച് റോമൻ ചർച്ചിലേക്ക് തിരിച്ചുപോകാൻ രാജ്ഞി ആവശ്യപ്പെട്ടു. അതോടെ നവോത്ഥാനക്കാരിലെ പ്രമാണികൾ ജനീവായിലേക്ക് കുടിയേറി. ആ കുടിയേറ്റക്കാർ എല്ലാംകൂടി 1560-ൽ പുതിയ ഒരു ഇംഗ്ലീഷ് ബൈബിൾ പ്രസിദ്ധം ചെയ്തു. ആ ബൈബിളിലാണ് ആദ്യമായി ഓരോ വാക്യത്തിനും നമ്പറുകൾ ഉപയോഗിച്ചു തുടങ്ങിയത്. അമേരിക്കയിലേക്കുള്ള ആദ്യകുടിയേറ്റക്കാർ ആ ജനീവാ ബൈബിളിന്റെ കോപ്പികളാണ് അമേരിക്കയിലേക്ക് കൊണ്ടുപോയത്. പ്രോട്ടസ്റ്റന്റ് റിഫോർമേഷന്റെ ബൈബിളായിരുന്നു, ജനീവാ ബൈബിൾ.

ഇതെല്ലാം കണ്ട് മനസ്സു മടുത്ത കത്തോലിക്കസഭ 1582-ൽ 'ലത്തീൻ ബൈബിൾ മാത്രം' എന്ന പിടിവാശിക്ക് വിരാമമിട്ട് തെറ്റുകൾ ധാരാളമുണ്ടായിരുന്ന ലാറ്റിൻ വുൾഗാത്തയിൽനിന്ന് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തു. ഇന്ന് നൂറുകണക്കിന് ഭാഷകളിൽ ബൈബിൾ വിവർത്തനം ചെയ്തിട്ടുണ്ട്.

## ഓശാന ബൈബിൾ

ഓശാനയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ബൈബിൾ വിവർത്തനത്തെയും മലയാളം ബൈബിളിനെയും അതിലൂടെ നിർവഹിക്കപ്പെട്ട കേരളത്തിലെ ഏറ്റവും വലിയ സുവിശേഷവത്കരണത്തെയും പറ്റി ഇത്തരുണത്തിൽ അല്പമൊന്നു വിശദീകരിക്കേണ്ടതുണ്ട്.

ഓശാനയുടെ മലയാളം ബൈബിൾ വിവർത്തനത്തിന്റെ എഡിറ്റോറിയൽ ബോർഡ് ചെയർമാൻ മുൻ യു. ജി. സി. ചെയർമാൻ ഡോ. ജോർജ് ജേക്കബ് ആയിരുന്നു. വിവിധ ക്രൈസ്തവസഭകളിലെ ബൈബിൾ പണ്ഡിതന്മാരുടെയും സാഹിത്യകാരന്മാരുടെയും ഭാഷാപണ്ഡിതന്മാരുടെയും സഹകരണത്തോടെ നടത്തപ്പെട്ട ഈ സംരംഭത്തിൽ പ്രശസ്ത പണ്ഡിതനും മാതൃഭൂമി വാരികയുടെ ചീഫ് എഡിറ്ററും ഭാഷാ ഇൻസ്റ്റിട്യൂട്ട് ഡയറക്ടറും ഒക്കെയായിരുന്ന ഡോ. എൻ. വി. കൃഷ്ണവാര്യർ ചീഫ്

എഡിറ്ററാകാൻ നിരുപാധികം തയ്യാറായി. എല്ലാ ക്രൈസ്തവവിഭാഗങ്ങൾക്കും സ്വീകാര്യമാകുന്ന രീതിയിലും ആധുനികമലയാളശൈലിയിലും ബൈബിൾ വിവർത്തനം ചെയ്യാൻ വിദേശത്തുനിന്നു സാമ്പത്തികസഹായം ലഭിക്കുകയുണ്ടായി.

കത്തോലിക്കാസഭയിൽനിന്ന് റവ. ഡോ. ജെ. കട്ടയ്ക്കൽ, റവ. ഡോ. കെ. ലൂക്ക് ഒ. എഫ്. എം. കപ്പൂച്ചിൻ, റവ. ഡോ. വടക്കുമ്പാടൻ, റവ. ഡോ. കണിയാരകത്ത്, റവ. ഡോ. മാത്യു വെള്ളാനിക്കൽ, റവ. ഫാ. ജെ. ഔസേപ്പറമ്പിൽ എന്നീ പുരോഹിതരും പ്രഫ. സ്കറിയാ സക്കറിയ, പ്രഫ. ജോസഫ് മറ്റം, പ്രഫ. ജോർജ് തോമസ്, പ്രഫ. ജോർജ് ഇരുമ്പയം, പ്രഫ. മാത്യു ഉലകംതറ, ഡോ. എം. സി. ഇൽഡഫോൺസ്, ശ്രീ. സി. എ. അഗസ്റ്റിൻ, ശ്രീ. ജോസഫ് പുത്തൻതറ മുതലായവരും സഹകരിച്ചു. ഇതര സഭകളിൽനിന്ന് റവ. ഡോ. എം. ജെ. ജോസഫ്, റവ. പി. ടി തോമസ്, ഡോ. സി. ജെ. റോയി, പ്രഫ. തുമ്പമൺ തോമസ്, പ്രഫ. സി. സി. ചാക്കോ, ശ്രീ. ഒ. പി. ജോസഫ്, ശ്രീ. എം. കുര്യൻ മുതലായവരാണ് സഹകരിച്ചത്.

കേരളത്തിലെ മർദിതരും പീഡിതരുമായ ദരിദ്രർക്കിടയിൽ ജാതി-മത-സഭാവിഭാഗഭേദമില്ലാതെ വളരെ ചെറിയ വിലയ്ക്കും സൗജന്യമായും ലക്ഷക്കണക്കിനു കോപ്പികൾ വിതരണം ചെയ്യപ്പെട്ട ഓശാന മലയാളം ബൈബിളിനെയാകട്ടെ, ഇംപ്രിമാത്തൂർ നല്കാതെയാണ് സഭ നേരിട്ടത്. ഈ ബൈബിളിലെ ഒരു വാക്കുപോലും കത്തോലിക്കാസഭയുടെ വിശ്വാസത്തിനെതിരല്ലെന്ന് പ്രഗല്ഭ ബൈബിൾ പണ്ഡിതനും ദൈവശാസ്ത്രജ്ഞനുമായ റവ. ഡോ. കെ. ലൂക്ക് ഒ. എഫ്. എം. കപ്പൂച്ചിൻ സഭാധികാരികൾക്ക് സാക്ഷ്യപ്പെടുത്തി ഇംപ്രിമാത്തൂർ നല്കാൻ ശിപാർശചെയ്തിരുന്നതാണ്. എന്നാൽ സഭാധികാരം അതിനു തയ്യാറായില്ല. ഓശാനബൈബിളിന് അംഗീകാരം നല്കിയാൽ, വിദേശഫണ്ടു വാങ്ങാനും നാട്ടിൽ പിരിവുനടത്താനും മാത്രമല്ല, പി. ഒ. സി. ബൈബിൾ വിറ്റ് വൻലാഭമെടുക്കാനും സാധിക്കയില്ലല്ലോ. പോട്ടയിലെ ഡിവൈൻ ധ്യാനമന്ദിരത്തിൽനിന്ന് അതിന്റെ അധികൃതർ ഓശാന ബൈബിളിന്റെ ലക്ഷക്കണക്കിനു കോപ്പികൾ വിതരണം ചെയ്തിരുന്നു. ആദ്യം കരിസ്മാറ്റിക് ധ്യാനപരിപാടികളോട് അകന്നുനിന്നിരുന്ന കത്തോലിക്കാസഭ സാവധാനം അവയുടെ നവീകരണാഭിമുഖ്യത്തിന് തടയിടാൻ, സ്വന്തം താത്പര്യങ്ങൾ സംരക്ഷിക്കാൻ സഹായകമാകുമാറ്, അവയെയും ഉപയോഗിച്ചു. പിന്നീട് ഡിവൈൻ ധ്യാനമന്ദിരവും വ്യാപാരലാഭത്തിനു പിന്നാലെ പോകുകയായിരുന്നു.

കേരളക്രൈസ്തവരെ ബൈബിൾസ്വാധീനത്തിൽ കൊണ്ടുവരാൻ മലയാളം ബൈബിളും കരിസ്മാറ്റിക് ധ്യാനങ്ങളും സഹായിച്ചിട്ടുണ്ട് എന്ന വസ്തുത അനിഷേധ്യമാണ്. മലയാളം ബൈബിളിന്റെ സ്വാധീനം സത്യസന്ധരായ അനേകരെ കത്തോലിക്കാസഭവിട്ട് ഇതരസഭകളിലേക്കു പോകാൻ പ്രേരിപ്പിച്ചിട്ടുണ്ടെങ്കിലും അതു നന്നെന്നാണ് സഭാധികാരികൾ സ്വകാര്യമായി കരുതുന്നത്. ഇതിനു പിന്നിൽ വചനാധിഷ്ഠിതമായി ചിന്തി

ക്കാൻ പ്രാപ്തിനേടുന്നവർ സഭയിൽ ശല്യക്കാരാകാനിടയുണ്ടെന്ന ഭയമാണ്. കൂടുതൽകൂടുതൽ പേർ സഭവിട്ട് പോകുന്നത് തങ്ങളുടെ സാമ്പത്തിക-അധികാര താത്പര്യങ്ങൾക്കു സഹായകമാണെന്നും സഭാധികാരികൾ കരുതുന്നുണ്ട്. ഇതു മനസ്സിലാക്കാൻ 'കേരളകത്തോലിക്ക സഭാനവീകരണപ്രസ്ഥാനം' പോലുള്ള സ്വതന്ത്ര വിശ്വാസിസംഘങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ്, സഭയിൽത്തന്നെനിന്നുകൊണ്ടുള്ള സഭാനവീകരണസംരംഭങ്ങളുടെ പ്രാധാന്യം അവരൊക്കെ ഊന്നിപ്പറയുന്നത്.

എന്നാൽ ബൈബിളിനെ ഒരു പൂജനീയഗ്രന്ഥമായെന്നതിലുപരി ജീവിതമാർഗദർശിയായി കാണാനുള്ള യഥാർഥ വിദ്യാഭ്യാസത്തിന്റെ അഭാവം ഇന്നും ഇവിടെയുണ്ട്. അതു ലഭ്യമാക്കാൻ 'ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ' എന്ന സംഘടനയുടെ മുന്നിൽ ഒരു എളിയ അഭിപ്രായം വയ്ക്കട്ടെ:

ഇപ്പോൾ സഭാധികാരികൾ ഇടവകതലം മുതൽ സംസ്ഥാനതലംവരെ എല്ലാ വർഷവും നടത്താറുള്ള ലോഗോസ് ബൈബിൾക്വിസ്സിനു സമാന്തരമായി, സാർവത്രിക സ്വഭാവമുള്ള ധാർമിക, നവീകരണ, വിമോചന സങ്കല്പങ്ങളെന്തെന്നു പഠിക്കാൻ അന്വേഷണബുദ്ധിയുള്ള ഏതു മതസ്ഥരെയും വിദ്യാർഥികളെയും സഹായിക്കുന്ന, ബൈബിൾ അധിഷ്ഠിതമായ ഒരു ചോദ്യാവലിയുമായി ഒരു ക്വിസ് മത്സരമാണുദ്ദേശിക്കുന്നത്. ബൈബിൾ ക്വിസ് പോലെതന്നെ ഒരു സഭാചരിത്ര ക്വിസ്സും ആവാം. ആകർഷകമായ സമ്മാനങ്ങളും (സ്പോൺസർമാരുടെ സഹായത്തോടെ) ഏർപ്പാടാക്കണം. ബൈബിളിന്റെ മാനുഷിക വിമോചനവീക്ഷണത്തിനും സഭാചരിത്രത്തിൽനിന്നു ലഭ്യമാകുന്ന പ്രത്യാശയ്ക്കും പ്രാധാന്യം നല്കി, ക്വിസ്സിൽ പങ്കെടുക്കുന്നവർക്കെല്ലാം ഉൾക്കാഴ്ചകൾ നല്കുംവിധത്തിൽ, ചോദ്യങ്ങൾ തയ്യാറാക്കുന്നതിൽ സംഘാടകർ കൂടുതൽ ശ്രദ്ധിക്കണം.

അടിസ്ഥാന പ്രശ്നം സഭാവ്യവസ്ഥയുമായി ബന്ധമുള്ളതാണെന്നും ഓരോ ഇടവകയിലും നടക്കുന്ന അനീതികൾക്കെതിരെ ശബ്ദിക്കാൻ തയ്യാറാകുന്നവർക്ക് ഒത്തുചേരാൻ ഒരു വേദി ഉണ്ടാക്കണമെന്നും ഓശാന വായനക്കാരിനിന്ന് അഭിപ്രായമുയർന്നു. അതിനെത്തുടർന്നുണ്ടായതാണ്, 'കേരള കത്തോലിക്ക അല്മായ അസോസിയേഷൻ' എന്ന സംഘടന. ആദ്യ പ്രസിഡന്റ് ശ്രീ. വി. വി. ജോസഫ് ഐ. എ. എസ് ആയിരുന്നു. ശ്രീ. ജോസഫ് പുലിക്കുന്നേലായിരുന്നു സെക്രട്ടറി. ശ്രീ. ടി. വി. ജോസഫ് ജോയിന്റ് സെക്രട്ടറിയും ശ്രീ. വി. ജി. സിറിയക്ക് ഐ. എ. എസ്. ട്രഷററും ആയി. സ്വാതന്ത്ര്യസമരസേനാനിയായിരുന്ന ശ്രീ. പി. സി ജോസഫ് പൂവത്തുങ്കൽ ഓർഗനൈസിങ് സെക്രട്ടറിയായി പ്രവർത്തിച്ചു. അസോസിയേഷൻ പ്രധാനമായി ചെയ്തത് സെമിനാറുകളും ക്ലാസ്സുകളും സംഘടിപ്പിക്കുകയായിരുന്നു. ഓരോ ഇടവകയിലും യൂണിറ്റുകൾ രൂപീകരിക്കണമെന്നൊക്കെ പ്രവർത്തകർക്ക് ആഗ്രഹമുണ്ടായിരുന്നെങ്കിലും വിദ്യാഭ്യാസരംഗത്തു കുത്തകയുള്ള അച്ചന്മാരെ ഭയന്നുകഴിയുന്ന വിശ്വാസികൾ പരസ്യമായി രംഗത്തുവരാൻ മടിച്ചു.

കൂടാതെ, സംഘടന പ്രഫ. കെ. എം. ചാണ്ടി, അഡ്വ. ഇ. എം. ജോസഫ്, ശ്രീ. ബി. വെല്ലിങ്ടൺ, ഡി. സി. കിഴക്കേമുറി, കുര്യൻ കുഴിവേലി മുതലായവരുടെ നേതൃത്വത്തിൽ സഭയിൽ അടിയന്തിരമായി സ്വീകരിക്കേണ്ട നവീകരണപ്രവർത്തനങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് സഭാംഗങ്ങളുടെ ഒപ്പുശേഖരിക്കുകയും സഭാധികാരികൾക്ക് നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സഭാധികാരികൾ അവയൊന്നും പരിഗണിക്കുകയുണ്ടായില്ലെന്നു സമ്മതിക്കണം. എന്നാൽ സഭയുടെ മുഖപത്രങ്ങൾപോലും സ്വന്തം പേജുകളിൽ സഭാനവീകരണത്തെപ്പറ്റി ചർച്ചകൾ സംഘടിപ്പിക്കാനും മറ്റും തുടങ്ങിയത് ഓശാനയിലുയർന്ന സ്വരത്തിന്റെ മാറ്റൊലികൊണ്ടാണ്.

ഇതു പറയുമ്പോൾ ഒരു കാര്യം കൂടി ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. സഭാധികാരികളെ ചോദ്യം ചെയ്യുന്ന സൃഷ്ടിപരമായ പ്രസ്ഥാനങ്ങളിൽനിന്നു സഭാംഗങ്ങളെ മാറ്റിനിറുത്തുക എന്ന ഗൂഢോദ്ദേശ്യത്തോടെയാണ് ഇങ്ങനെയൊരു വേദി പലരും ഒരുക്കുന്നത്. സഭാനവീകരണവാദികളുടെ സമരത്തിലൊന്നും പങ്കെടുക്കരുത്, സഭാധികാരത്തിനെതിരെയുള്ള സഭാംഗങ്ങളുടെ അമർഷം പ്രകടിപ്പിക്കാനും എതിരഭിപ്രായങ്ങൾ പറയാനും സഭയോടൊത്തു നില്ക്കുന്നവർക്കും വേദിയുണ്ട്, നമുക്ക് അനുരഞ്ജനത്തിലൂടെ പ്രശ്നങ്ങൾ പരിഹരിക്കാനാവും എന്നൊക്കെയാണ് അവയുടെ സന്ദേശം. ഓശാനയുടെയും അല്മായ അസോസിയേഷന്റെയും പ്രസക്തി ഇവിടെയായിരുന്നു.

## വിമോചനദൈവശാസ്ത്ര പ്രസ്ഥാനങ്ങൾ

1980-കളിൽ ആഗോളസഭയിൽത്തന്നെ, പ്രത്യേകിച്ച് ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ, കോളിളക്കം സൃഷ്ടിച്ച ഒരു സഭാനവീകരണവിപ്ലവമുണ്ടായി. വൈദികരും വൈദികമേലധ്യക്ഷന്മാരുംവരെ ജനകീയ സമരങ്ങളിലൂടെ സ്വേച്ഛാധിപത്യപരമായ ഭരണകൂടങ്ങൾക്കെതിരെ തെരുവിലിറങ്ങിയ വിമോചന ദൈവശാസ്ത്രപ്രസ്ഥാനങ്ങൾ മറ്റു മൂന്നാം ലോകരാജ്യങ്ങളിലും അതിന്റെ അലകളുയർത്തി.

ദരിദ്രരുടെ പക്ഷത്തുനിന്നുള്ള ബൈബിൾ വായനയിലൂടെയും പുനർവ്യാഖ്യാനങ്ങളിലൂടെയും രൂപംകൊണ്ടതായിരുന്നു വിമോചനദൈവശാസ്ത്രം. സഭാധികാരം ഉയർത്തിപ്പിടിക്കുന്ന പരമ്പരാഗതദൈവശാസ്ത്രങ്ങൾ മുതലാളിത്തത്തെയും അനീതിയിലധിഷ്ഠിതമായ അതിന്റെ സാമൂഹികഘടനയെയും താങ്ങി നിർത്തുന്നവയാണ് എന്ന കണ്ടെത്തലിൽനിന്നാണ് ലാറ്റിനമേരിക്കൻ രാഷ്ട്രങ്ങളിലും തുടർന്ന് ക്രൈസ്തവജനവിഭാഗങ്ങളുള്ള മുഴുവൻ മൂന്നാം ലോകരാജ്യങ്ങളിലും വിമോചന ദൈവശാസ്ത്രചിന്താധാരയും പ്രസ്ഥാനങ്ങളും മുളപൊട്ടി വളർന്നത്.

കേരളത്തിലും വിമോചനദൈവശാസ്ത്രചിന്തകരുണ്ടായി. അവരിൽ പ്രമുഖർ മാർത്തോമാസഭയിലെ അല്മായപ്രമുഖനായ ഡോ. എം. എം.

തോമസും ഈശോസഭാംഗമായ ഡോ. എസ്. കാപ്പനും ഫാ. ജോസഫ് കൊട്ടുകാപ്പള്ളിയും ഫാ. സാമുവൽ രായനും ആയിരുന്നു. ഇവരിൽ ഡോ. എം. എം. തോമസ് സഭകളുടെ ലോകകൗൺസിലിന്റെ (World Council of Churches - W. C. C.) മുഖ്യസാരഥികൂടി ആയിരുന്നതിനാൽ കത്തോലിക്കസഭയൊഴിച്ചുള്ള മറ്റു സഭകളുടെയെല്ലാം പൊതുനിലപാടും വിമോചനദൈവശാസ്ത്രത്തിനനുകൂലമായിരുന്നു. ബിഷപ് പൗലോസ് മാർ പൗലോസ്, ഗീവർഗീസ് മാർ ഒസ്താത്യോസ് മെത്രാപ്പോലീത്താ, പൗലോസ് മാർ ഗ്രിഗോരിയോസ് മെത്രാപ്പോലീത്താ മുതലായ ഇതര സഭാമേലധ്യക്ഷന്മാരും ഈ പ്രസ്ഥാനത്തെ അനുകൂലിക്കാനുണ്ടായിരുന്നു. ലോകത്തിലെ വ്യാവസായിക തൊഴിലാളിവർഗത്തിന് കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം ഒരു കാലത്ത് എത്രകണ്ട് ഉണർവേകിയോ, ഏതാണ്ട് അതിനു സമാനമായ ഒരു ഉത്തേജനമാണ്, മുതലാളിത്ത വികസനനയങ്ങളുടെ വർധിച്ച വ്യാപനംമൂലം തകർന്നടിഞ്ഞ പരമ്പരാഗതമേഖലകളിലെ തൊഴിലാളിവിഭാഗങ്ങൾക്കിടയിലും പാർശ്വവൽക്കരിക്കപ്പെട്ട മറ്റ് അധഃസ്ഥിതജനവിഭാഗങ്ങൾക്കിടയിലും 1970-കളുടെ അവസാനപാദംമുതൽ 1990-കളുടെ ആദ്യപാദംവരെ, വിമോചനദൈവശാസ്ത്രം നല്കിയത്.

കേരളത്തിൽ ഈ ഉണർവ് ഏറ്റവും പ്രകടമായത് പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിലായിരുന്നു. വൻകിടക്കാരുടെ യന്ത്രവൽകൃത മത്സ്യബന്ധനം അവരുടെ ജീവിതത്തെയാകെ താറുമാറാക്കിയിരുന്നു. അവരിൽ വളരെപ്പേർ ക്രൈസ്തവരായിരുന്നു. സഹനത്തിന്റെയും ക്ഷമയുടെയും മരണാനന്തര സ്വർഗലോകത്തിന്റെയുമായ സഭയുടെ പരമ്പരാഗത ദൈവശാസ്ത്രസമീപനത്തിൽപ്പെട്ടു മയങ്ങിക്കിടന്നിരുന്ന അവരെ ഉണർത്താനും, അനീതിക്കെതിരെ സ്വരമുയർത്തുന്ന ജനകീയസമരത്തിന്റെ പാതയിലേക്കു നയിക്കാനും വിമോചനദൈവശാസ്ത്രത്തിനു കഴിഞ്ഞു.

വിമോചനാത്മക വികസനസങ്കല്പങ്ങളുമായി ധാരാളം ജനകീയ സംഘങ്ങൾ (people's organizations) ഇക്കാലയളവിൽ രൂപംകൊണ്ടു. പ്രധാനമായും വൈദികരുടെ നേതൃത്വത്തിലുള്ളവയായിരുന്നു അവയിലേറെയും. അവർ വിവിധ വിദേശഫണ്ടിങ് ഏജൻസികളിൽനിന്നു ഫണ്ടു സ്വരൂപിക്കുകയും ജനങ്ങളിൽ ആശയപ്രചാരണത്തിനും നേതൃത്വപരിശീലനത്തിനും മറ്റും ഉതകുന്ന സ്ഥാപനങ്ങളും കേന്ദ്രങ്ങളും സ്ഥാപിക്കുകയും, അങ്ങനെ വിമോചന ദൈവശാസ്ത്രപ്രസ്ഥാനങ്ങൾക്കു കേരളത്തിൽ വേരോടി വളരാനാവശ്യമായ എല്ലാവിധ പശ്ചാത്തലസൗകര്യങ്ങളും (infra-structure) ധൃതഗതിയിൽ ഒരുക്കപ്പെടുകയും ചെയ്തു. അത്തരം ഏതാനും പ്രമുഖമായിരുന്ന സ്ഥാപനങ്ങളുടെ ഹ്രസ്വവിവരങ്ങൾ താഴെക്കൊടുക്കുന്നു:

| പ്രസ്ഥാനത്തിന്റെ/ സ്ഥാപനത്തിന്റെ/ സെന്ററിന്റെ പേര് | പ്രദേശം | മുഖ്യനേതൃത്വം വഹിച്ചിരുന്നവർ |
|---|---|---|
| 1. Programme for Community Organization (PCO) | തിരുവനന്തപുരം | നളിനി നായക്<br>യൂജിൻ കുലാസ്<br>ഏലിയാമ്മ വിജയൻ |
| 2. മോചകജീവകമുന്നേറ്റം സെന്റർ (MJM Centre) | മാവേലിക്കര | ഫാ. അലോഷ്യസ് ഫെർണാണ്ടസ്<br>ഫാ. ജോസ് കളീക്കൽ<br>ബ്ര. വിൻസെന്റ് ബെനഡിക്ട് |
| 3. Development Project for Inland Fishermens Community (DPIFC) | കുണ്ടറ, കൊല്ലം | ഫാ. സോളമൻ<br>ഫാ. അലോഷ്യസ് ഫെർണാണ്ടസ് |
| 4. Society for Culture & Development (SCD) | കടമ്പനാട്, ചണ്ണപ്പേട്ട, കൊല്ലം | ഫാ. ജോസഫ് തോമസ്<br>ഫാ. അലോഷ്യസ് ഫെർണാണ്ടസ് |
| 5. വികസനവിദ്യാഭ്യാസ കേന്ദ്രം | പത്തനംതിട്ട | ഫാ. ജോസഫ് തോമസ് |
| 6. ആറ്റുവാശ്ശേരി എഡ്യൂക്കേഷൻ സൊസൈറ്റി | ആറ്റുവാശ്ശേരി, കൊല്ലം | ഫാ. ജോസ് കളീക്കൽ |
| 7. സരോവര (Co-ordination Centre) | അന്തമൺ, കൊല്ലം | ഫാ. സോളമൻ |
| 8. Programme for Social Action (PSA)/ ഡൈനാമിക് ആക്ഷൻ കലാവിഭാഗം | തിരുവല്ല | റവ. എം. ജെ. ജോസഫ്<br>കെ. എം. തോമസ്<br>സി. ജെ. കുട്ടപ്പൻ<br>ബാബു കുമരകം<br>ജോൺസൺ |
| 9. Centre for Development Action (CDA) / വികാസ് ഇൻസ്റ്റിറ്റ്യൂട്ട് | കാണക്കാരി, കോട്ടയം | ജോസ് വട്ടമറ്റം<br>റവ. കെ. വി. പൗലോസ് |
| 10. Student Christian Movement (SCM) | ചങ്ങനാശ്ശേരി | ശ്രീ. മാത്യു എം. ജോൺ |
| 11. Self Employed Women Association (SEWA) | എറണാകുളം | മേഴ്സി അലക്സാണ്ടർ<br>നളിനി നായക് |
| 12. Socio Religious Centre (SRC) | കോഴിക്കോട് | ഫാ. ഡൊമിനിക് ജോർജ്<br>ഫാ. ജോസഫ് പള്ളത്ത് |

ഇവയും ഇതുപോലുള്ള മറ്റു സെന്ററുകളും അക്കാലത്ത് വളരെ സജീവമായിരുന്നു. കൂടാതെ, AICUF-ഉം (All India Catholic University Federation) വിമോചനദൈവശാസ്ത്ര ആശയപ്രചരണരംഗത്ത് കോളേജ് വിദ്യാർഥികളുടെയിടയിൽ ഊർജസ്വലമായിരുന്നു. ആധികാരിക കത്തോലിക്കസഭ വിമോചനദൈവശാസ്ത്രത്തോട് തീർത്തും മുഖംതിരിച്ചു നിന്നപ്പോഴാണ്, കത്തോലിക്ക വിദ്യാർഥിപ്രസ്ഥാനമായ AICUF അതിനഭിമുഖമായി നിന്നതെന്നോർക്കണം. AICUF-ന് ഈ വിമോചനാത്മകമുഖമുദ്ര നൽകിയതിൽ, അതിന്റെ എറണാകുളം ചാപ്ലെനായിരുന്ന ഫാ. പി. ജെ. ജോസഫ് പള്ളത്ത് വഹിച്ച പങ്ക് വളരെ വലുതാണ്.

വിമോചനദൈവശാസ്ത്ര ആശയങ്ങൾ പ്രചരിപ്പിക്കാനും സമരങ്ങളെ ഉത്തേജിപ്പിക്കാനുമായി ആലപ്പുഴയിൽനിന്ന് 'ഓറ' (Organ for Radical Action) എന്ന പേരിലും, തിരുവല്ലായിൽനിന്ന് 'ഡൈനാമിക് ആക്ഷൻ' എന്ന പേരിലും നല്ല നിലവാരത്തിലുള്ള ഓരോ മാസികയും ഇക്കാലയളവിൽ പ്രസിദ്ധീകരിച്ചു തുടങ്ങി.

അങ്ങനെ പല വഴികളിലായി വിമോചനദൈവശാസ്ത്രത്തിനനുകൂലമായി കേരളക്രൈസ്തവ മനസ്സ് മിടിച്ചുതുടങ്ങി. അല്പമെങ്കിലും പുരോഗമനചിന്തയുണ്ടായിരുന്ന ഒട്ടുവളരെ വൈദികരും കന്യാസ്ത്രീകളും സഭാധികാരികളുടെ വിലക്കുകൾ വകവയ്ക്കാതെ, ദരിദ്രജനവിഭാഗങ്ങളുടെ പക്ഷത്തുനിന്നു ചിന്തിക്കാനും അവർക്കുവേണ്ടി പ്രവർത്തിക്കാനും, രംഗത്തിറങ്ങി. മത്സ്യസമ്പത്ത് വൻതോതിൽ വാരിയെടുത്തും, മത്സ്യങ്ങളുടെ ആവാസവ്യവസ്ഥ തകർത്തും, അവയുടെ പ്രജനനകാലത്തുപോലും മത്സ്യക്കുഞ്ഞുങ്ങളെ നശിപ്പിച്ചുള്ള ട്രോളിംഗ് നടത്തിയും പരമ്പരാഗത മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ ജീവിതത്തെ വഴിമുട്ടിച്ചിരുന്ന വൻകിടക്കാരുടെ യന്ത്രവൽക്കൃത മത്സ്യബന്ധനത്തെ നിയന്ത്രിക്കണമെന്നാവശ്യപ്പെട്ടുള്ള സമരം കേരളത്തിന്റെ തെക്കേയറ്റം മുതൽ വടക്കേയറ്റംവരെ വ്യാപിച്ചു. സ്വതന്ത്രമത്സ്യത്തൊഴിലാളി യൂണിയനുകൾ എല്ലാ തീരദേശജില്ലകളിലുമുണ്ടായി. അവയുടെ പൊതുവേദിയായി 'കേരളസ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ' രൂപീകരിക്കപ്പെട്ടു. ഈ ജില്ലകളിലെല്ലാം പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ആവശ്യങ്ങളുന്നയിച്ച് വൈദികരുടെയും കന്യാസ്ത്രീകളുടെയും നേതൃത്വത്തിൽ നിരാഹാര സമരം നടന്നു. അതിൽ ഏറ്റവും ദീർഘമായി നിരാഹാരമിരുന്നത് സിസ്റ്റർ ഫിലമിൻ മേരിയാണ്-28 ദിവസം. സിസ്റ്റർ മേഴ്സി കൂട്ടിയാനി, സി. ആലീസ്, സി. വത്സ, സി. പാട്രീഷ്യാ കൂടാതെ ഫാ. ജോസ് കളീക്കൽ ഫാ. തോമസ് കോച്ചേരി, ഫാ. അലോഷ്യസ് ഡി. ഫെർണാണ്ടസ്, ഫാ. ഡൊമിനിക് ജോർജ് മുതലായവരും നിരാഹാരസമരത്തിനു നേതൃത്വം കൊടുത്തവരിൽ ഉൾപ്പെടുന്നു.

മത്സ്യത്തൊഴിലാളി മേഖലയിൽ ഒരു പുതിയ നേതൃനിരതന്നെ ഇക്കാലയളവിൽ രൂപംകൊണ്ടു. സർവശ്രീ. ജോയിച്ചൻ ആന്റണി, എ.

ആൻഡ്രൂസ്, ലാൽ കോയിപ്പറമ്പിൽ, കെ. ജി. സെലസ്റ്റിൻ, യൂജിൻ കുലാസ്, ഏലിയാമ്മ വിജയൻ, നളിനി നായക്, മേഴ്സി അലക്സാണ്ടർ മുതലായവർ പുതിയ ജനനേതാക്കളായി ഉയർന്നുവന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളിസമൂഹം വലിയൊരളവോളം ശാക്തീകരിക്കപ്പെട്ടു.

വിമോചന ദൈവശാസ്ത്രത്തെ എതിർത്ത് പരമ്പരാഗത തൊഴിൽമേഖലകളിലുള്ളവരുടെ ഉയിർത്തെഴുന്നേൽപ്പിനു തടയിടാൻ കത്തോലിക്ക സഭാധികാരം വളരെയേറെ പരിശ്രമിക്കുകയുണ്ടായി. സമരങ്ങൾക്കും നിരാഹാരസത്യഗ്രഹത്തിനും നേതൃത്വം നൽകിയ വൈദികർക്കും കന്യാസ്ത്രീകൾക്കുമെതിരെ സർക്കുലർ ഇറക്കുകയും അവർക്കു വിലക്കേർപ്പെടുത്തുകയും പലരെയും സ്ഥലം മാറ്റുകയും ശാസിക്കുകയും ചെയ്തു. വിമോചനദൈവശാസ്ത്രത്തെ വിമർശിച്ച് വത്തിക്കാനിറക്കിയ ആധികാരിക രേഖ ഉടൻ തർജ്ജമ ചെയ്ത് കേരളമാകെ വിതരണം ചെയ്തു. ഫാ. ആൽബർട്ട് പരശുവിള, ഫാ. പോൾ അറയ്ക്കൽ എന്നിവരുടെ നേതൃത്വത്തിൽ 'ലത്തീൻ കത്തോലിക്കാ മത്സ്യത്തൊഴിലാളി യൂണിയൻ' എന്ന പേരിൽ ഒരു പ്രസ്ഥാനം സൃഷ്ടിച്ച് അവരുടെയിടയിൽ വിള്ളലുകളുണ്ടാക്കാൻ നോക്കി. രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റികളുപയോഗിച്ചും ഭിന്നിപ്പിക്കൽ പരിശ്രമങ്ങളുണ്ടായി. അതൊന്നും അക്കാലയളവിൽ കാര്യമായി ഫലിക്കുകയുണ്ടായില്ല. പക്ഷേ, പിന്നെപ്പിന്നെ, വിമോചന ദൈവശാസ്ത്രപ്രസ്ഥാനങ്ങൾ ദുർബലമാകുകയും അതു ജനങ്ങളിലുയർത്തിയ പ്രത്യാശയുടെ അലകൾ അമർന്നടങ്ങുകയും ചെയ്തതോടെ, പുരോഗനമുഖമുള്ള വൈദികരിലൂടെ, സഭാധികാരത്തിന് ഈ ജനവിഭാഗങ്ങളുടെമേലുള്ള സ്വാധീനം കുറെയൊക്കെ തിരിച്ചു പിടിക്കാൻ കഴിയുകയുണ്ടായി.

വിമോചനദൈവശാസ്ത്രത്തിന്റെയും അതു ജന്മംനൽകിയ പ്രസ്ഥാനങ്ങളുടെയും പതനം മുഖ്യമായും, മാർക്സിയൻ ദർശനത്തോടുള്ള അതിന്റെ ആശ്രിതത്വം കൊണ്ടായിരുന്നു എന്നു വിലയിരുത്താമെന്നു തോന്നുന്നു. ദരിദ്രരുടെ പക്ഷത്തുനിന്നുള്ള ബൈബിൾ പുനർവായനയെന്നു പറഞ്ഞു നടത്തിയതിലധികവും, ദരിദ്രരുടെ വിമോചനപ്രത്യയശാസ്ത്രമെന്നറിയപ്പെടുന്ന മാർക്സിയൻ സോഷ്യലിസ്റ്റ് കാഴ്ചപ്പാടിന്റെ വെളിച്ചത്തിലുള്ള ബൈബിൾ പുനർവായനയും വ്യാഖ്യാനവുമായിരുന്നു എന്നതൊരു വസ്തുതയാണ്. അതുകൊണ്ടുതന്നെ സോഷ്യലിസ്റ്റ് റഷ്യയുടെയും മറ്റും തകർച്ചയോടെ വിമോചനദൈവശാസ്ത്രത്തിനും അതിന്റെ അടിസ്ഥാനത്തിൽ രൂപംകൊണ്ട പ്രസ്ഥാനങ്ങൾക്കും പിടിച്ചുനില്ക്കാനാകാതെ വന്നിരിക്കണം.

യേശുവിന്റെ സമഗ്രമായ വിമോചനദർശനത്തെ, വിമോചനത്തിന്റേതായ വെറുമൊരു രാഷ്ട്രീയ പ്രത്യയശാസ്ത്രമായി ചുരുക്കി അവതരിപ്പിക്കുന്നതിലെ അപാകത ശ്രീ. ജോസഫ് പുലിക്കുന്നേലിനെപ്പോലുള്ളവർ നേരത്തെതന്നെ ചൂണ്ടിക്കാണിച്ചിരുന്നു. മുതലാളിത്ത സാമൂഹി

കഘടനയെക്കാൾ അനീതി നിറഞ്ഞ സഭയുടെ സമഗ്രാധിപത്യരാജകീയ ഘടനയെയല്ലേ വിമോചനദൈവശാസ്ത്രം ആദ്യമേ ചെറുക്കേണ്ടത് എന്നൊരു ചോദ്യവും ഉന്നയിക്കപ്പെട്ടിരുന്നു.

എന്നിരുന്നാലും, മാർക്സിയൻ രാഷ്ട്രീയപാർട്ടികൾക്കോ പ്രസ്ഥാന ങ്ങൾക്കോ സ്പർശിക്കാൻപോലും കഴിയാതെയിരുന്ന, അല്ലെങ്കിൽ പ്രത്യ യശാസ്ത്രശാഠ്യംമൂലം അവയെല്ലാം അവഗണിച്ചുതള്ളിയിരുന്ന, പല ജീവിതമേഖലകളെയും പ്രശ്നങ്ങളെയും വിമോചനദൈവശാസ്ത്ര പ്രസ്ഥാനങ്ങൾ തൊട്ടുണർത്തിഎന്ന കാര്യം വിസ്മരിക്കാനാവില്ല. അന്ധ മായ വികസനപ്രക്രിയകൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ തുറന്നുകാട്ടാൻ ഈ പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞു. പുതിയ ധാരാളം പരി സ്ഥിതിപ്രസ്ഥാനങ്ങൾ വ്യക്തമായ കാഴ്ചപ്പാടോടെ കേരളത്തിൽ ഉദയം കൊള്ളാൻ അവ പരോക്ഷമായെങ്കിലും പ്രചോദനമായിട്ടുണ്ട്. അതു പോലെതന്നെ, മാർക്സിയൻ വർഗവീക്ഷണത്തിൽ ഇടംകിട്ടാതിരുന്ന വിവിധ അധഃസ്ഥിതജനവിഭാഗങ്ങളുടെയും സ്ത്രീകളുടെയുംമറ്റും വിമോ ചനത്തിനും ശാക്തീകരണത്തിനും വേണ്ടി പിന്നീടു രൂപംകൊണ്ട പല പ്രസ്ഥാനങ്ങൾക്കും വിമോചനദൈവശാസ്ത്രപ്രസ്ഥാനങ്ങളോട് കടപ്പാ ടുണ്ട്. സഭയ്ക്കുള്ളിൽത്തന്നെയും വിമർശനത്തിന്റേതായ ഒരുചിന്താ ധാരയും പ്രവർത്തനപന്ഥാവും തുറന്നുകിട്ടിയതിലും വിമോചനദൈവ ശാസ്ത്രത്തിനു പങ്കുണ്ട്, പ്രത്യേകിച്ച് തീരദേശത്തിനു പുറത്ത്.

## 'വിമോചനവേദി' മുതൽ ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ വരെ

വിമോചനദൈവശാസ്ത്രത്തിന്റെ കാറ്റ് തീരപ്രദേശത്തു മാത്രമായി രുന്നില്ല വീശിയത്. തൃശൂരിലും പാലായിലും കോട്ടയത്തും ചങ്ങനാശ്ശേ രിയിലും അതിന്റെ അലയടികളുണ്ടായി. അതിലേറ്റവും ശക്തമായിരു ന്നത് കോട്ടയം ആസ്ഥാനമായി രൂപംകൊണ്ട C. S. I. മദ്ധ്യകേരള മഹാഇട വകയിലെ 'ജനകീയവിമോചന വിശ്വാസപ്രസ്ഥാന'മാണ്. C. S. I. സഭ യിലെ ദളിത് ജനവിഭാഗത്തെ ശക്തീകരിക്കാനും സഭയിൽ ഒരു തിരു ത്തൽശക്തിയായി നിലകൊള്ളാനും ഈ പ്രസ്ഥാനത്തിനു കഴിഞ്ഞു. നേതൃത്വസ്ഥാനീയരായി വളരെപ്പേരുണ്ടായിരുന്ന ഈ പ്രസ്ഥാനത്തിന്റെ അമരക്കാരൻ ശ്രീ. കെ. ജെ ജേക്കബ് ആയിരുന്നു. അതിന്റെ കുടക്കീഴി ലെന്നപോലെ, ശ്രീ. മാത്യു എം. ജോണിന്റെ നേതൃത്വത്തിൽ 'C. S. I. യുവജനപ്രസ്ഥാനം' രൂപംകൊണ്ടു. റവ. കെ. ജെ. ജോൺ നേതൃത്വം കൊടുത്ത 'Socio-Economic Development Society' (S. E. D. S.) ശ്രീ. സൈമൺ ജോണിന്റെ നേതൃത്വത്തിൽ രൂപംകൊണ്ട 'Backward People's Development Corporation' (B. P. D. C.) എന്നീ സ്ഥാപനങ്ങളും ദളിത് ക്രൈസ്തവരുടെ ഉന്നമനത്തിനായി ഈ കാലഘട്ടത്തിൽ രൂപംകൊള്ളു കയുണ്ടായി.

വിമോചനവേദി എന്ന പേരിൽ തൃശൂരിലും പാലായിലും ചങ്ങനാശ്ശേരിയിലും പ്രവർത്തിച്ചിരുന്ന കത്തോലിക്കരുടെ പ്രസ്ഥാനം സഭയ്ക്കുള്ളിലെ ഒരു തിരുത്തൽശക്തിയായിട്ടായിരുന്നു വർത്തിച്ചത്. തൃശൂരിൽ ശ്രീ. ജോർജ് ജോസഫ് കോയിക്കരയും, പാലായിൽ പ്രഫ. പി. സി. ദേവസ്യാ, ശ്രീ. ബേബി ജോൺ മുതലായവരും, ചങ്ങനാശ്ശേരിയിൽ ശ്രീ. പി. ജെ. ജോസഫ് പാലത്തിങ്കലും അതിനു നേതൃത്വം കൊടുത്തു. തൃശൂരിൽ കുറെ വൈദികരും ഈ പ്രസ്ഥാനത്തിന് അനുഭാവികളായുണ്ടായിരുന്നു.

ഇതിൽ പാലാ വിഭാഗത്തിന്റെ നേതൃത്വത്തിൽ, മറ്റു സഭാവിഭാഗങ്ങളിലെ വിമോചനപ്രസ്ഥാനങ്ങളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട്, 1988 ഏപ്രിൽ 14-ന് അഖിലേന്ത്യാ കത്തോലിക്ക മെത്രാൻ കോൺഫ്രൻസ് (C. B. C. I.) വേദിയായിരുന്ന വടവാതൂർ സെമിനാരിയിലേക്ക് ഒരു പ്രകടനം സംഘടിപ്പിക്കുകയുണ്ടായി. സഭയിലെ പുരോഹിതനിയന്ത്രണത്തിലുള്ള കോർപ്പറേറ്റ് മാനേജ്മെന്റ് സംവിധാനവും ദളിത് ക്രൈസ്തവരെ അവഗണിക്കുന്ന സഭാനിലപാടും തിരുത്തണമെന്നാവശ്യപ്പെട്ടു തയ്യാറാക്കിയ ഒരു നിവേദനം C. B. C. I. യ്ക്കു സമർപ്പിക്കുക എന്നതായിരുന്നു മുഖ്യലക്ഷ്യം. നൂറിലധികം വരുന്ന പ്രവർത്തകർ പ്ലാക്കാർഡുകളുമേന്തി പ്രകടനമായി സെമിനാരിയിലേക്കു നീങ്ങി. സെമിനാരി അങ്കണത്തിലെത്തി ബൈബിൾ വായനയോടെ പ്രാർഥനയാരംഭിച്ച ഉടനെ ജീപ്പുകളിൽ പോലീസുകാരെത്തി അവരെയെല്ലാം സെമിനാരി ഗേറ്റിനു പുറത്താക്കി. വിവിധ ക്രൈസ്തവ സംഘടനകളുടെ പ്രതിനിധികളായിരുന്ന പ്രകടനക്കാർ ആ ഗേറ്റിനു മുമ്പിൽത്തന്നെ പ്രതിഷേധയോഗം നടത്തുകയും, തുടർന്നു നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ 'ക്രൈസ്തവ ഐക്യവേദി' എന്ന പേരിൽ വിവിധ സഭാസംഘടനകളുടെ ഒരു ഏകോപനവേദി ശ്രീ. ജോർജ് മൂലേച്ചാലിൽ കൺവീനറായി രൂപീകരിക്കുകയും ചെയ്തു.

സഭകൾക്കുള്ളിൽ നടത്തേണ്ട പരിവർത്തനപ്രവർത്തനങ്ങളെക്കുറിച്ച്, ക്രൈസ്തവ ഐക്യവേദിയുടെ ആഭിമുഖ്യത്തിൽ പലവട്ടം ചർച്ചകൾ നടന്നു. ഇതിനിടെ, ദളിത് ക്രൈസ്തവർക്കു സംവരണം നൽകണമെന്നാവശ്യപ്പെട്ട് കത്തോലിക്ക മെത്രാന്മാർ തിരുവനന്തപുരത്ത് രാജ്ഭവൻ മാർച്ച് നടത്തുന്ന വിവരമറിഞ്ഞ്, അതിനു തലേന്നുതന്നെ, 'ആദ്യം ദളിത്കൈസ്തവർക്ക് സഭാസ്ഥാപനങ്ങളിൽ സംവരണം നൽകുക' എന്ന മുദ്രാവാക്യമുയർത്തി പാലാ ബിഷപ്സ് ഹൗസിനുമുമ്പിൽ 30-ഓളം 'ക്രൈസ്തവ ഐക്യവേദി' പ്രവർത്തകർ ഒരു പ്രാർഥനാധർണ നടത്തുകയുണ്ടായി. സഭാധികാരത്തെ ഞെട്ടിച്ചുകളഞ്ഞ ഈ പരിപാടിക്ക് വിമോചനവേദിയിലെ ശ്രീ. ജോർജ് മൂലേച്ചാലിൽ, ശ്രീ. കെ. ജെ. ജോൺ കൊച്ചെട്ടൊന്നിൽ എന്നിവരെക്കൂടാതെ 'ജനകീയവിമോചനവിശ്വാസപ്രസ്ഥാനവു'മായി ബന്ധപ്പെട്ടുള്ള സംഘടനകളിൽപ്പെട്ട റവ. കെ. ജെ. ജോൺ, ശ്രീ. കെ. ജെ. ജേക്കബ്, ശ്രീ. കെ. ഐ. അബ്രാഹം എന്നിവർ നേതൃത്വം കൊടുത്തു.

ഈ പരിപാടിയിൽ, കത്തോലിക്കേതരപ്രസ്ഥാനങ്ങളുടെ പ്രവർത്തകരായിരുന്നു അധികവുമെന്നത് വിമോചനവേദി പ്രവർത്തകരെ ഇരുത്തിചിന്തിപ്പിക്കുകയുണ്ടായി. കത്തോലിക്കസഭയിലെ ഏതു പ്രതികരണപരിപാടിക്കും മറ്റു സഭകളിലെ വിമോചനപ്രവർത്തകരെ കൂട്ടുചേർക്കേണ്ട അവസ്ഥ, കത്തോലിക്കസഭയിലെ വിമോചനചിന്താധാരയുടെ ദൗർബല്യമാണു വിളിച്ചോതുന്നതെന്ന് അവർ മനസ്സിലാക്കി. കത്തോലിക്കസഭയിൽത്തന്നെ ശക്തമായ സ്വതന്ത്രസംഘടനകളുണ്ടാകേണ്ടതിനെക്കുറിച്ച് 'ക്രൈസ്തവ ഐക്യവേദി'യിലെ ഘടകസംഘടനകളിലും അഭിപ്രായമുയർന്നിരുന്നു.

ഈ സാഹചര്യത്തിലാണ് കാണക്കാരിയിൽ പ്രവർത്തിച്ചിരുന്ന വികാസ് ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച്, ക്രൈസ്തവ ഐക്യവേദിയുടെ ആഭിമുഖ്യത്തിൽ, 1990 ജൂലൈ മാസത്തിൽ ഒരു ചർച്ചാസമ്മേളനം നടത്തപ്പെട്ടത്. അവിടെ പ്രോഗ്രാം സെക്രട്ടറിയായി പ്രവർത്തിച്ചിരുന്ന ശ്രീ. ജോർജ് മൂലേച്ചാലിൽ 'കത്തോലിക്കസഭയിൽ ഒരു നവീകരണപ്രസ്ഥാനത്തിന്റെ പ്രസക്തി' എന്ന വിഷയം അവതരിപ്പിച്ചു സംസാരിച്ചു. അതിൽ കത്തോലിക്കസഭയിൽ സാർവത്രികമായിത്തീർന്നിരിക്കുന്ന ആധ്യാത്മികശൂന്യതയെയും അതിനു കാരണമായിരിക്കുന്ന മതജീർണതയെയുംപറ്റിയുള്ള അവബോധം ഉൾക്കൊണ്ടുകൊണ്ട് കേരള കത്തോലിക്കസഭയിൽ മതചൈതന്യത്തിന്റേതായ ഒരു ചെറുതിരി കൊളുത്തേണ്ടത് ഇന്ന് അത്യന്താപേക്ഷിതമാണ് എന്നും, ക്രിസ്തീയമായ അടിയുറപ്പും സ്ഥൈര്യവുമുള്ള ഒരു വിശ്വാസപ്രസ്ഥാനത്തിന് കേരള കത്തോലിക്കസഭയിൽ വളരെയേറെ പ്രസക്തിയും സാധ്യതയുമുണ്ട് എന്നും, അദ്ദേഹം സമർഥിക്കുകയുണ്ടായി. തുടർന്ന്, ശ്രീ. ജോസഫ് പുലിക്കുന്നേലിന്റെ നേതൃത്വത്തിൽ നടന്ന ചർച്ചയിലാണ്, കേരളകത്തോലിക്കസഭാനവീകരണപ്രസ്ഥാനം (Kerala Catholic Church Reformation movement-KCRM) ജന്മംകൊള്ളുന്നത്. അതിൽവച്ച്, ശ്രീ. കെ. ജെ. ജോൺ കൊച്ചെട്ടൊന്നിൽ ചെയർമാനും ശ്രീ. ജോർജ് മൂലേച്ചാലിൽ സെക്രട്ടറിയുമായി തെരഞ്ഞെടുക്കപ്പെട്ടു. അധികം താമസിയാതെ പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ, പാലായിലുണ്ടായിരുന്ന ഓശാന ഹാളിൽ, ശ്രീ. ജോസഫ് പുലിക്കുന്നേലിന്റെ സഹകരണത്തോടെ പ്രതിമാസ ചർച്ചാക്ലാസ്സുകൾ ആരംഭിച്ചു. കൂടാതെ, 2011 നവംബർ മുതൽ 'അൽമായശബ്ദം' എന്ന പേരിൽ ഒരു ബ്ലോഗും, 2012 ജനുവരി മുതൽ 'സത്യജ്വാല' എന്ന പേരിൽ ഒരു മാസികയും ഈ പ്രസ്ഥാനം സമാരംഭിച്ചിട്ടുണ്ട്.

സഭാധികാരികളുടെ പ്രത്യക്ഷത്തിലുള്ള പ്രതികരണം മൗനവും നിഷ്ക്രിയത്വവും മാത്രമായിരുന്നെങ്കിലും അവർ വെറുതെയിരിക്കുകയായിരുന്നില്ല. അതിനിടയിൽ ആരുമറിയാതെ കേരളത്തിലെ സീറോ മലബാർ സഭയെ, കല്ദായസഭയുടെ പുത്രീസഭയാണെന്ന വാദമുന്നയിച്ച് കല്ദായവൽക്കരിക്കാനും കുർബാനക്രമത്തിന്റെ പേരിൽ വിശ്വാസികൾ

ക്കിടയിൽ ഭിന്നിപ്പുണ്ടാക്കാനും പൗരസ്ത്യകാനോൻനിയമം നടപ്പാക്കാനും ഒക്കെ സഭാധികാരം സമർഥമായി കരുക്കൾ നീക്കി. ഈ സാഹചര്യത്തിൽ, 1991-ൽ, സീറോ മലബാർ സഭയിൽ പൗരസ്ത്യകാനോൻനിയമം അടിച്ചേല്പ്പിക്കാൻ പോകുന്നു എന്നറിഞ്ഞ് അതിനെതിരെ ആദ്യമായി കോടതിയെ സമീപിച്ചത് കേരളകത്തോലിക്ക സഭാനവീകരണപ്രസ്ഥാനമായിരുന്നു.

ക്രിസ്തുവിരുദ്ധവും അധികാരപ്രമത്തവുമായ ഒരു നൈയാമികഇരുമ്പുകവചത്തിനുള്ളിലേക്കു ദൈവജനത്തെ മെരുക്കിയൊതുക്കുന്ന ആധികാരികസഭാവീക്ഷണം ഒരു വശത്തും, അതിൽനിന്ന് അവരെ മോചിപ്പിക്കുന്നതിനുള്ള കാഴ്ചപ്പാടുകൾ മറുവശത്തുമായി നടക്കുന്ന ആശയസംഘട്ടനമാണ് ഇന്ന് ഈ സഭയിൽ നടന്നുവരുന്നത്. ഇതിൽ ആദ്യത്തേതിനു സഭാധികാരത്തിന്റെ ശക്തിയുടെയും തണലിന്റെയും ആകർഷണമുണ്ടാകും. രണ്ടാമത്തേതിന് സുവിശേഷത്തിന്റെ ചൈതന്യം മാത്രമാണുള്ളത്. ഈ ചൈതന്യത്തിൽനിന്നും ശക്തി സംഭരിച്ചുകൊണ്ട്, എളിയ രീതികളിൽ, സഭയെ നവീകരണപാതയിലേക്കു നയിക്കാൻ കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം പരിശ്രമിച്ചുവരുന്നു. യശശ്ശരീരരായ റവ. ഫാ. അൽഫോൻസ് കദളിയിൽ ഒ. എഫ്. എം. കപ്പൂച്ചിൻ, സർവശ്രീ സി. റ്റി. തൊമ്മൻ ചെറുകര, കെ. ജെ. ജോൺ കൊച്ചെട്ടൊന്നിൽ, തൊമ്മൻ വാളിപ്ലാക്കൽ, സക്കറിയാസ് മടലിയാങ്കൽ, മാത്യു പാലപ്പുഴപ്പുളിക്കൽ, മാത്യു തകിടിയേൽ, മത്തായി ചിറയ്ക്കൽ, മുതലായവർ പ്രായവും അനാരാഗ്യവും വിസ്മരിച്ച് ചർച്ചകളിൽ സജീവമായി പങ്കെടുത്തിരുന്നു. സർവശ്രീ പി. ജെ. സെബാസ്റ്റ്യൻ പുള്ളോലിൽ, ചാക്കോ വേഴമ്പശ്ശേരിൽ, എൻ. എഫ്. ആന്റണി നെടുംപുറം, ഐ. സി. ഇട്ടിയവിരാ ഐപ്പൻപറമ്പിൽകുന്നേൽ, കെ. യു. ദേവസ്യാ കല്ലറയ്ക്കൽ, മാമ്മച്ചൻ കവിയിൽ, മാമ്മച്ചൻ മുതലക്കുഴി, തോമസ് പെരുമ്പള്ളി, ജോസ് തെങ്ങുമ്പള്ളി, ജയിംസ് സെബാസ്റ്റ്യൻ ചൊവ്വാറ്റുകുന്നേൽ, ജോർജ് എലിവാലുങ്കൽ, ജോർജ് കുര്യൻ തടവനാൽ, പി. റ്റി. തോമസ് പട്ടാംകുളം, പി. എം. ജോസഫ് പൂവത്തുങ്കൽ, മാത്യു പൂവത്തോലിൽ മുതലായവരും ആദ്യം മുതലുള്ള പ്രവർത്തകരാണ്.

ചർച്ചായോഗങ്ങളും ആനുകാലികവിഷയങ്ങളിൽ നിലപാടു വ്യക്തമാക്കിക്കൊണ്ടുള്ള ലഘുലേഖകളും മറ്റു പ്രചാരണപരിപാടികളുമായി കേരളകത്തോലിക്ക സഭാനവീകരണപ്രസ്ഥാനം ഇന്നും സജീവമായിത്തന്നെ പ്രവർത്തിച്ചുവരുന്നു.

ആദ്യ ചെയർമാൻ ശ്രീ. കെ. ജെ. ജോൺ കൊച്ചെട്ടൊന്നിലിന്റെ നിര്യാണത്തെത്തുടർന്ന് ശ്രീ. സി.റ്റി. തൊമ്മൻ ചെറുകര ദീർഘകാലം ചെയർമാനായിരുന്നു. തുടർന്ന്, ശ്രീ. മാത്യു എം. തറക്കുന്നേൽ ആ സ്ഥാനം ഏറ്റെടുത്തു. ഇപ്പോൾ ശ്രീ. ജോർജ് ജോസഫ് കാട്ടേക്കരയാണ് ചെയർമാൻ. ദീർഘകാലം സെക്രട്ടറിയായിരുന്ന ശ്രീ. ജോർജ് മൂലേച്ചാ

ലിൽ സത്യജ്വാലയുടെ എഡിറ്റിംഗ് ജോലിയിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ആ സ്ഥാനത്തുനിന്നു പിന്മാറുകയും 2012 ജൂൺ 30 മുതൽ ശ്രീ. കെ. കെ. ജോസ് കണ്ടത്തിൽ നിയോഗിതനാകുകയും ചെയ്തു. ഇപ്പോൾ ഇതൊരു രജിസ്ട്രേഡ് സംഘടനയാണ്.

KCRM ആരംഭിച്ച് ഏതാനും വർഷങ്ങൾക്കുശേഷം അതിന്റെ സമാന ആശയങ്ങളോടെ കോഴിക്കോട് കൂടരഞ്ഞിയിൽ 'കാത്തലിക്ക് ലേമെൻസ് അസോസിയേഷൻ' എന്ന പേരിലും പാലക്കാട് 'ആൾ ഇൻഡ്യാ കാത്ത ലിക്ക് അസോസിയേഷൻ' എന്ന പേരിലും ഓരോ സംഘടന പ്രവർത്തിച്ചു തുടങ്ങുകയുണ്ടായി.

## 'ലിറ്റർജിക്കൽ ആക്ഷൻ കമ്മിറ്റി'യും അനുബന്ധപ്രസ്ഥാനങ്ങളും

1980-കളിൽ സീറോ മലബാർ സഭയിൽ പുതിയൊരു പ്രതിസന്ധി രൂപംകൊണ്ടു. ഈ സഭയുടേത് കൽദായസഭയുടെ പാരമ്പര്യമാണെന്നു സ്ഥാപിക്കാൻ പൗരസ്ത്യസംഘം എന്ന വത്തിക്കാൻ കാര്യാലയം നട ത്തിയ രാഷ്ട്രീയ കരുനീക്കമായിരുന്നു പ്രശ്നം സൃഷ്ടിച്ചത്. മാർ ജോസഫ് പവ്വത്തിലിന്റെ നേതൃത്വത്തിലാണ് പൗരസ്ത്യസംഘത്തിന്റെ കൽദായവൽക്കരണവാദം  ഈ സഭയിൽ അവതരിപ്പിക്കപ്പെട്ടത്. എന്നാൽ, രണ്ടാം നൂറ്റാണ്ടിലോ മൂന്നാം നൂറ്റാണ്ടിലോ ജന്മംകൊണ്ട കൽദായസഭ യുടെ പുത്രീസഭയാണ് കേരളസഭ എന്ന വാദം അംഗീകരിക്കാൻ ഭൂരി പക്ഷം മെത്രാന്മാരും വൈദികസമൂഹവും വിശ്വാസികളും തയ്യാറായില്ല. പൗരസ്ത്യദേശത്തെ സഭകൾക്ക് അവരുടെ പൗരാണികപാരമ്പര്യങ്ങൾ വീണ്ടെടുക്കാം എന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ നിർദേശത്തിന്റെ മറപിടിച്ച്, ഈ സഭയിൽ കൽദായ കുർബാനക്രമം അടിച്ചേല്പിക്കാനുള്ള കൽദായപക്ഷത്തിന്റെയും പൗരസ്ത്യസംഘത്തിന്റെയും നീക്കത്തിനെ തിരെ കർദിനാൾ ജോസഫ് പാറേക്കാട്ടിലിന്റെ നേതൃത്വത്തിൽ ഭൂരിപക്ഷം മെത്രാന്മാരും വൈദികരും വിശ്വാസികളും അണിനിരന്നു. എങ്കിലും, 1986 -ൽ കേരളം സന്ദർശിച്ച ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയെക്കൊണ്ട് കോട്ടയത്ത് 'പാപ്പാവേദി'യിൽ കൽദായക്രമമനുസരിച്ചുള്ള കുർബാന ചൊല്ലിച്ച് കൽദായവാദത്തിന് ആധികാരിക പരിവേഷം നല്കാൻ കൽദാ യപക്ഷത്തിനു കഴിഞ്ഞു. തുടർന്ന്, എല്ലാ എതിർപ്പുകളെയും അവഗ ണിച്ചുകൊണ്ടും അനുനയതന്ത്രങ്ങളിലൂടെയും, പൗരസ്ത്യസംഘത്തിന്റെ ഒത്താശയിൽ,  വത്തിക്കാൻ കൽദായ കുർബാനക്രമം സീറോ മലബാർ സഭയിൽ നടപ്പാക്കി.

ഈ കൽദായവൽക്കരണ നീക്കത്തിനെതിരെ ശക്തമായി പൊരു താൻ രൂപംകൊണ്ട പ്രസ്ഥാനമാണ്, 'ലിറ്റർജിക്കൽ ആക്ഷൻ കമ്മിറ്റി' (L. A. C.). സീറോ മലബാർ സഭയ്ക്കുവേണ്ടി തയ്യാറാക്കിയ കൽദായ കുർബാനക്രമത്തിന്റെ ടെക്സ്റ്റ് വിശദമായ പഠനത്തിനു വിധേയമാക്കിയ

ശ്രീ. ജോസഫ് പുലിക്കുന്നേൽ അതിൽ വന്നിട്ടുള്ള അനവധിയായ ദൈവശാസ്ത്രപ്രശ്നങ്ങളും വൈരുധ്യങ്ങളും ഭാഷാവൈകല്യങ്ങളുമെല്ലാം ഓശാനയിലൂടെ തുറന്നു കാട്ടിയതോടെ, അതിന്റെകൂടി പിൻബലത്തിൽ, ലിറ്റർജിക്കൽ ആക്ഷൻ കമ്മിറ്റി സഭയിൽ അതിശക്തമായ ഒരു പ്രസ്ഥാനമായി മാറി. പ്രശസ്ത ദൈവശാസ്ത്രജ്ഞൻ പ്രൊഫ. പി. ടി. ചാക്കോ ആയിരുന്നു ചെയർമാൻ. ഫാ. തോമസ് ചെട്ടിപ്പറമ്പിൽ, ഫാ. ജോസ് പോൾ നെല്ലിശ്ശേരി, ഫാ. ജോർജ്ജ് കുഴിപ്പറമ്പിൽ, ഫാ. തോമസ് കൊടിയൻ, ഫാ. ആബേൽ, ഫാ. ജോൺ കവലക്കാട്ട്, ഫാ. മാത്യു കാട്ടടി, ഫാ. ജോൺ വലിയമറ്റം, ഫാ. ജോസ് വയലിക്കോടത്ത്, ഫാ. ഫ്രാൻസിസ് കരിപ്പേരി എന്നിങ്ങനെ അനവധി വൈദികരും പ്രഫ. റ്റി. ജെ. മത്തായി, അഡ്വ. സി. വി. ജോസഫ്, ശ്രീ. ജെയിംസ് ഐസക് കുടമാളൂർ, പി. കെ. മാത്യു പഴയമ്പള്ളിൽ, പി. ടി. തോമസ് പാറമ്പുഴ, ജോസ് മാളിയേക്കൽ, ഇ. കെ. പോൾ, ടി. കെ. ജോസഫ്, എന്നിങ്ങനെ നിരവധിയായ അല്മായപ്രമുഖരും അതിന്റെ ശക്തരായ സാരഥികളായി. ഫാ. ജോർജ് കുഴിപ്പറമ്പലിന്റെ നേതൃത്വത്തിൽ ശ്രീ. ജെയിംസ് ഐസക് കുടമാളൂർ പത്രാധിപരായി 'നസ്രാണിദീപം' എന്ന പേരിൽ ഒരു മാസികയും L. A. C.-യ്ക്കുണ്ടായി. സമുദായത്തിലെ മഹാരഥന്മാരായ പ്രഫ. കെ. എം. ചാണ്ടിയും ഡോ. എം. വി. പൈലിയും ഡോ. സ്കറിയാ സക്കറിയയും പ്രഫ. എൻ. എം. ജോസഫും ശ്രീ. ജോസഫ് പുലിക്കുന്നേലും മറ്റും എല്ലാവിധ പിന്തുണയുമായി ഈ പ്രസ്ഥാനത്തിന്റെ പിന്നിലും മുമ്പിലും ഉണ്ടായിരുന്നു.

ലിറ്റർജിക്കൽ ആക്ഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ സഭയുടെ കൽദായവൽക്കരണത്തിനെതിരെ വിശ്വാസിസമൂഹത്തെ ബോധവൽക്കരിക്കുന്നതിന്, കേരളത്തിലുടനീളം സെമിനാറുകളും പൊതുസമ്മേളനങ്ങളും നടത്തുകയുണ്ടായി. അവയിൽ മിക്കതിനും ഡോ. എം. വി. പൈലിയോ പ്രഫ. കെ. എം. ചാണ്ടിയോ പ്രഫ. പി. ടി. ചാക്കോയോ അധ്യക്ഷ്യം വഹിച്ചു. ഒരു ഘട്ടത്തിൽ ശ്രീ. ജോസഫ് പുലിക്കുന്നേൽ, ഫാ. ഫ്രാൻസിസ് കരിപ്പേരി, ഫാ. ജോർജ് കുഴിപ്പറമ്പിൽ, ഫാ. തോമസ് കൊടിയൻ എന്നിവരടങ്ങിയ ഒരു ടീമിന്റെ നേതൃത്വത്തിൽ കുറവിലങ്ങാട്, പാലാ, അരുവിത്തുറ, രാമപുരം, അതിരമ്പുഴ മുതലായ കത്തോലിക്ക കേന്ദ്രങ്ങളിൽ പൊതുസമ്മേളനങ്ങളുടെ ഒരു പരമ്പരതന്നെ നടത്തി. എറണാകുളം, തൃശൂർ, മലബാർ പ്രദേശങ്ങളിലും ഇതേതരത്തിലുള്ള ധാരാളം സമ്മേളനങ്ങൾ നടന്നു.

ഇതിന്റെയെല്ലാം ഫലമായി, സഭയുടെ കൽദായവൽക്കരണത്തിനെതിരായും ഭാരതവൽക്കരണത്തിനനുകൂലമായുമുള്ള ചിന്ത ഈ സഭയിൽ ശക്തമാവുകയും പുതിയ പല സംഘടനകളും രൂപംകൊള്ളുകയും ചെയ്തു. 'മലബാർ ചർച്ച് ആക്ഷൻ കമ്മിറ്റി' (M. C. A. C.), 'നസ്രാണി കത്തോലിക്ക പ്രീസ്റ്റ്സ് കോൺഫറൻസ്', 'കത്തോലിക്കപ്രീസ്റ്റ്സ്

കോൺഫറൻസ്–കോതമംഗലം', 'നസ്രാണി കത്തോലിക്ക ലിബറേഷൻ ഫ്രണ്ട്', 'യൂത്ത് ഫോർ ജീസസ്' എന്നീ സംഘടനകൾ അവയിൽ ചില തുമാത്രം. ഇവയും, മുമ്പുതന്നെ ശ്രീ. എം. എൽ. ജോർജ് മാളിയേക്കലിന്റെയും എം. എ. ജോസഫ് മണിമലത്തറപ്പിലിന്റെയും നേതൃത്വത്തിൽ കോഴിക്കോട് കൂടരഞ്ഞിയിൽ രൂപംകൊണ്ടിരുന്ന കാത്തലിക്ക് ലേമെൻസ് അസോസിയേഷനും, പാലക്കാട്ട് രൂപംകൊണ്ടിരുന്ന ഓൾ ഇന്ത്യാ കാത്തലിക്ക് അസോസിയേഷനും (A. I. C. A.), പാലായിലെ കേരളകത്തോലിക്ക സഭാനവീകരണപ്രസ്ഥാനവുമെല്ലാം തനതായും കൂട്ടുചേർന്നും കൽദായവൽക്കരണത്തിനെതിരെ ധാരാളം സെമിനാറുകളും സമ്മേളനങ്ങളും അക്കാലഘട്ടത്തിൽ നടത്തുകയുണ്ടായി. ഇതിൽ കേരളകത്തോലിക്ക സഭാനവീകരണപ്രസ്ഥാനം കൽദായവൽക്കരണത്തിന്റെ പിന്നിൽ പൗരസ്ത്യസംഘത്തിനുള്ള യഥാർഥ ലക്ഷ്യമെന്തെന്നു വിശദീകരിച്ച് പാലാ രൂപതയിലുള്ള കുറവിലങ്ങാട്, പാലാ, അരുവിത്തുറ, ഭരണങ്ങാനം, തീക്കോയി മുതലായ ടൗണുകളിൽ ശ്രീ. ജോസഫ് പുലിക്കുന്നേൽ മുഖ്യപ്രഭാഷകനായി പൊതുസമ്മേളനങ്ങൾ നടത്തുകയുണ്ടായി. അദ്ദേഹത്തിന്റെ വിശദീകരണമനുസരിച്ച്, സഭയുടെതന്നെ നിർവചനപ്രകാരം പൗരസ്ത്യസഭാവിഭാഗത്തിൽപ്പെടാത്ത നസ്രാണിസഭയ്ക്ക് കൽദായ മുഖം നല്കി, പൗരസ്ത്യസഭാമുദ്ര കുത്തുന്നത്, ഈ സഭയെ പൗരസ്ത്യസംഘത്തിന്റെയും പൗരസ്ത്യകാനോൻ നിയമത്തിന്റെയും കീഴിൽ കൊണ്ടുവരാനാണ്.

കൽദായ കുർബാനക്രമത്തോടൊപ്പം, അൾത്താരയിൽ ക്രൂശിതരൂപത്തിനുപകരം പ്രതിഷ്ഠിക്കാൻ 'മർതോമാകുരിശ്' എന്ന പേരിൽ ഒരു പേർഷ്യൻ കുരിശും കൽദായപക്ഷം അവതരിപ്പിച്ചിരുന്നു. കൂടാതെ, 1991 -ൽ അടിച്ചേല്പിച്ച പൗരസ്ത്യകാനോൻനിയമത്തെ അടിസ്ഥാനമാക്കി, പള്ളിയോഗത്തിന് എല്ലാ അധികാരവും നിഷേധിച്ചുള്ള പള്ളിയോഗനടപടിക്രമങ്ങളും പ്രഖ്യാപിക്കപ്പെടുകയുണ്ടായി. ഇവയ്ക്കെല്ലാമെതിരെയായിരുന്നു, ലിറ്റർജിക്കൽ ആക്ഷൻ കമ്മിറ്റിയുടെയും മുകളിൽ പരാമർശിച്ച മുഴുവൻ സംഘടനകളുടെയും പ്രക്ഷോഭപരിപാടികൾ.

പ്രക്ഷോഭപരിപാടികൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 1998 മാർച്ച് 23, 24 തീയതികളിൽ ഇടമറ്റം, ഓശാന മൗണ്ടിൽ നേരത്തെ പരാമർശിച്ച ലിറ്റർജിക്കൽ ആക്ഷൻ കമ്മിറ്റി ഉൾപ്പെടെയുള്ള എല്ലാ സംഘടനകളുടേയുമായി ഒരു 'നസ്രാണി നേതൃസമ്മേളനം' ചേരുകയുണ്ടായി. കാത്തലിക് പ്രീസ്റ്റ്സ് കോൺഫ്രൻസ് ഓഫ് ഇൻഡ്യയുടെ (C. P. C. I.) പ്രതിനിധികളും ഇതിൽ പങ്കെടുത്തിരുന്നു. ഈ സമ്മേളനത്തിൽവച്ച് വിവിധ സംഘടനകളുടെ പ്രവർത്തനങ്ങളെ സംയോജിപ്പിക്കുന്നതിനും കൂടുതൽ ശക്തമാക്കുന്നതിനുമായി പ്രഫ. പി. ടി. ചാക്കോ ചെയർമാനായും, ഫാ. തോമസ് കൊടിയൻ, ശ്രീ. സി. ടി. തൊമ്മൻ ചെറുകര എന്നിവർ കൺവീനർമാരായും ശ്രീ. മാത്യു ജോസഫ് കുരുവിനാക്കുന്നേൽ ട്രഷറ

റായും 'നസ്രാണികത്തോലിക്കാ പൈതൃകസംരക്ഷണസമിതി' എന്ന പേരിൽ 29 പേരടങ്ങുന്ന ഒരു ഏകോപനസമിതിക്കു രൂപംകൊടുത്തു. കൂടാതെ, ആ വർഷം ദുക്റാനാദിനത്തിൽ (1998 ജൂലൈ 3-ന്) നടപ്പാക്കാനിരുന്ന പള്ളിയോഗനടപടിക്രമവും മാർതോമാകുരിശ് എന്ന വ്യാജനാമത്തിൽ അടിച്ചേല്പ്പിക്കാൻ ശ്രമിക്കുന്ന മനിക്കേയൻ ചിഹ്നവും 1998 മെയ് 7-ന്, പരസ്യമായി കത്തിക്കാനും ('അഗ്നിദാഹം') ആ യോഗത്തിൽ തീരുമാനിച്ചു.

എന്നാൽ, മേജർ ആർച്ച് ബിഷപ്പ് മാർ വർക്കി വിതയത്തിൽ നേതാക്കളെ ക്ഷണിച്ചുവരുത്തി പ്രശ്നപരിഹാരമുണ്ടാക്കാം എന്ന് ഉറപ്പുകൊടുത്തതിന്റെ പശ്ചാത്തലത്തിൽ, അഗ്നിദാഹ പരിപാടി തത്ക്കാലത്തേക്കു മാറ്റിവയ്ക്കുകയുണ്ടായി. നസ്രാണികത്തോലിക്ക പൈതൃകസംരക്ഷണസമിതിയുടെ ആഭിമുഖ്യത്തിലുള്ള അഗ്നിദാഹ പരിപാടി മാറ്റിവെച്ചെങ്കിലും, സമിതിയുടെ ഭാഗമായിരുന്ന കൂടരഞ്ഞിയിലെ കാത്തലിക് ലേമെൻസ് അസോസിയേഷൻ 20 ദിവസത്തിനുശേഷം അതു നടപ്പാക്കുകതന്നെ ചെയ്തു. മെയ് 27-ന് 300 ലേറെപ്പേർ താമരശ്ശേരി രൂപതാ ആസ്ഥാനത്തേക്ക് പ്രകടനമായി ചെന്ന് ബിഷപ്സ് ഹൗസിന്റെ അങ്കണത്തിൽവച്ച് പള്ളിയോഗനടപടിക്രമങ്ങൾ കത്തിച്ചു. തുടർന്ന്, അസോസിയേഷൻ ജന. സെക്രട്ടറി ശ്രീ. എം. എൽ. ജോർജ്, ഫാ. ഫ്രാൻസീസ് കരിപ്പേരി, ഫാ. ജോർജ് കുഴിപ്പറമ്പിൽ മുതലായവർ വിശദീകരണപ്രസംഗങ്ങൾ നടത്തുകയും ചെയ്തു.

പ്രശ്നപരിഹാരമൊന്നും കാണാഞ്ഞതിനെത്തുടർന്ന്, നസ്രാണികത്തോലിക്ക പൈതൃകസംരക്ഷണസമിതിയുടെ അഗ്നിദാഹ പരിപാടിയും താമസിയാതെ നടന്നു. 1998 ജൂലൈ 3-ന് സീറോ മലബാർ സഭയുടെ പുതിയ ആസ്ഥാനമന്ദിരമായ കാക്കനാട്ടെ മൗണ്ട് സെന്റ് തോമസിന്റെ ഉദ്ഘാടനവും പള്ളിയോഗനടപടിക്രമത്തിന്റെ ആധികാരിക പ്രഖ്യാപനവും നിശ്ചയിച്ചിരുന്നു. പള്ളിയോഗനടപടിക്രമം സീറോ മലബാർ സഭയ്ക്കു ബാധകമാക്കിയുള്ള ആധികാരികപ്രഖ്യാപനം ആഘോഷമായി നടത്തിക്കൊണ്ടിരിക്കേ, മൗണ്ട് സെന്റ് തോമസിന്റെ അങ്കണത്തിൽ നസ്രാണികത്തോലിക്ക പൈതൃകസംരക്ഷണസമിതി പ്രവർത്തകർ പ്രഫ. ജോയി മൈക്കിൾ മൂക്കൻതോട്ടത്തിന്റെയും പ്രഫ. ടി. ജെ. മത്തായിയുടെയും മുഖ്യനേതൃത്വത്തിൽ പ്രസ്തുത നടപടിക്രമഗ്രന്ഥവും ഒപ്പം, അതു സംബന്ധിച്ചു പുറപ്പെടുവിച്ചിരുന്ന മെത്രാന്മാരുടെ സംയുക്ത ഇടയലേഖനവും മാർ പവ്വത്തിലിന്റെ സർക്കുലറും അഗ്നിക്കിരയാക്കി. തുടർന്ന്, തിങ്ങിക്കൂടിയ ജനങ്ങളോട് പ്രസിദ്ധ കരിസ്മാറ്റിക് പ്രസംഗകനായ ഫാ. ഫ്രാൻസിസ് കരിപ്പേരിയും ഫാ. ജോർജ് കുഴിപ്പറമ്പിലും ശ്രീ. എം. എൽ. ജോർജും കാര്യങ്ങൾ വിശദീകരിച്ചു സംസാരിച്ചു.

ലിറ്റർജിക്കൽ ആക്ഷൻ കമ്മിറ്റിയുടെ മുഖ്യനേതൃത്വത്തിൽ ഏതാണ്ട് 15 വർഷത്തിലേറെ നടന്ന കൽദായവൽക്കരണവിരുദ്ധപ്രക്ഷോഭ

കാലഘട്ടത്തിൽ സഭാ ആസ്ഥാനത്തേക്കും മെത്രാൻ സിനഡ്‌വേദികളിലേക്കുമൊക്കെ പലവട്ടം പ്രകടനങ്ങൾ നടന്നിട്ടുണ്ട്. അതിൽ എടുത്തുപറയേണ്ട ഒന്ന്, മെത്രാൻ സിനഡ് നടന്നുകൊണ്ടിരിക്കെ 300-ഓളം വൈദികർ നിവേദനസമർപ്പണത്തിനായി POC - യിൽ പ്രകടനമായെത്തിയ സംഭവമാണ്. നിവേദനം സ്വീകരിക്കാൻ സിനഡ് തയ്യാറാകാഞ്ഞതിനെത്തുടർന്ന് പിരിഞ്ഞുപോകാതെ വൈദികരവിടെ കുത്തിയിരുന്നു. മേജർ ആർച്ച് ബിഷപ്പ് മാർ വർക്കി വിതയത്തിൽ കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കി മറ്റു മെത്രാന്മാരെ അനുനയിപ്പിച്ചതിനുശേഷം, നിവേദകസംഘത്തെ ഹാളിലേക്കു ക്ഷണിക്കുകയും സംസാരിക്കാൻ അവരെ അനുവദിക്കുകയും ചെയ്തു. വൈദികസംഘത്തെ പ്രതിനിധീകരിച്ചു ഫാ. ജോൺ വലിയമറ്റം നടത്തിയ ഉജ്ജ്വലമായ പ്രസംഗത്തിൽ, സഭാസമൂഹത്തിന്റെമേൽ അവർക്കന്യമായ നിയമങ്ങളുണ്ടാക്കി അടിച്ചേൽപ്പിക്കുന്ന സഭാസമ്പ്രദായം ക്രിസ്തുവിരുദ്ധമാണെന്നു ചൂണ്ടിക്കാട്ടുകയും അംഗീകരിക്കില്ലെന്നു പ്രഖ്യാപിക്കുകയുമുണ്ടായി.

ഇങ്ങനെ ഒന്നര ദശാബ്ദത്തിലേറെക്കാലം അതിശക്തമായ രീതിയിൽ കൽദായവിരുദ്ധ യുദ്ധം നടത്തിയിട്ടും, വൈദികരും വിശ്വാസികളും ഒരു പുത്തനുണർവോടെ സമരരംഗത്തിറങ്ങിയിട്ടും, പൗരസ്ത്യസംഘത്തിന്റെയും ഇവിടുത്തെ കൽദായലോബിയുടെയും ഒത്തുകളിരാഷ്ട്രീയതന്ത്രങ്ങൾമൂലം, അതു വലിയ വിജയം കണ്ടെന്നു പറഞ്ഞുകൂടാ. ഇക്കാലയളവിൽ ജനങ്ങളോട് മറുപടിയൊന്നും പറയാൻ നിൽക്കാതെ കൂടുതൽ കൽദായപക്ഷക്കാരെ മെത്രാന്മാരായി വാഴിച്ച് കൽദായ ലോബിയിൽ എണ്ണം കൂട്ടുക എന്ന അടവാണ് അവർ സ്വീകരിച്ചത്. അതുകൊണ്ട്, അവസാനം നടന്ന ഒത്തുതീർപ്പു വ്യവസ്ഥയിൽ കൽദായവാദത്തിന്റേതായ ഒട്ടുവളരെ അംശങ്ങൾ അംഗീകരിക്കപ്പെട്ടു. കുർബാന അവിയൽ പരുവമായി. മാർതോമാകുരിശും അൾത്താരയിൽ പ്രതിഷ്ഠിക്കാമെന്നു വന്നു. വിശ്വാസികളുടെ അവകാശങ്ങളെല്ലാമില്ലാതാക്കുന്ന പള്ളിയോഗ നടപടിക്രമവും പൗരസ്ത്യകാനോൻ നിയമവും വള്ളിപുള്ളി മാറ്റമില്ലാതെ ഇന്നും തുടരുന്നുതാനും.

പുറകോട്ടുനോക്കി വിലയിരുത്തുന്നപക്ഷം, ലിറ്റർജിക്കൽ ആക്ഷൻ കമ്മിറ്റിയുടെ മുഖ്യനേതൃത്വത്തിൽ നടന്ന ധർമസമരംകൊണ്ടുണ്ടായ പ്രകടമായ നേട്ടം കൽദായ ലോബിക്ക് പൂർണമായും അടിയറവ് പറയാതെ കഴിഞ്ഞു എന്നതു മാത്രമാണ് എന്നു പറയേണ്ടിവരും. പക്ഷേ, പരോക്ഷമായ ധാരാളം നേട്ടങ്ങൾ അതുകൊണ്ട് ഈ സഭയ്ക്ക് ഉണ്ടായിട്ടുണ്ട്. കൽദായവിരുദ്ധ പ്രവർത്തനങ്ങളിൽ ബന്ധപ്പെട്ടിരുന്ന ഓരോ വിഭാഗത്തിന്റെയും താത്പര്യങ്ങൾ ഒതുങ്ങിനിന്നത് എവിടെവരെ എന്നു വിശ്വാസിസമൂഹത്തിന്, അതായത് സഭയ്ക്ക്, അനുഭവത്തിന്റെ വെളിച്ചത്തിൽത്തന്നെ ബോധ്യപ്പെടാൻ ഈ സമരമുഖം അവസരമായി. വിശ്വാസിസമൂഹത്തെയും അവരുടെ സംഘടനകളെയും സംബന്ധിച്ച് കൽദാ

യവൽക്കരണം പൗരസ്ത്യകാനോൻനിയമത്തിന് കടന്നുവരാനുള്ള രാജപാതയൊരുക്കലായിരുന്നു. അതു തടയുന്നതുവഴി, പൗരസ്ത്യസഭയല്ലാത്ത ഈ സഭയ്ക്ക് പൗരസ്ത്യകാനോൻനിയമം ബാധകമല്ല എന്നു പ്രഖ്യാപിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. ഭാരതീയമായ ഒരു ആരാധനക്രമത്തോടൊപ്പം സഭാഭരണ സംവിധാനങ്ങളുടെയും ഭാരതവത്കരണവും, അഥവാ നസ്രാണിവത്കരണവും, അവർ ആഗ്രഹിച്ചിരുന്നു. എന്നാൽ, സഭയുടെ ഭാരതവത്കരണത്തിനുവേണ്ടി നിലകൊള്ളുന്നുവെന്ന് ഭാവിച്ചിരുന്ന കൽദായവിരുദ്ധ മെത്രാന്മാരെ സംബന്ധിച്ച് പ്രശ്നം കേവലം ആരാധനക്രമം മാത്രമായിരുന്നു. അതുകൊണ്ടുതന്നെ കൽദായവാദവിരുദ്ധതയോടൊപ്പം യഥാർഥ ഭാരതവത്കരണത്തിനുവേണ്ടിക്കൂടി നസ്രാണികത്തോലിക്ക പൈതൃകസംരക്ഷണസമിതി എന്ന വിശാല മുന്നണി നീക്കമാരംഭിച്ചത് അവർക്കു ദഹിച്ചില്ല. ആദ്യം പ്രത്യക്ഷമായിത്തന്നെ കൂടെനിന്നിരുന്ന ഭൂരിപക്ഷം മെത്രാന്മാരും എതിരൊന്നും പ്രകടിപ്പിക്കാതെയാണെങ്കിലും പിൻവാങ്ങിത്തുടങ്ങി. രണ്ടു ചേരിയായിക്കഴിഞ്ഞിരുന്ന അവരെ സംബന്ധിച്ച് ആരാധനക്രമപ്രശ്നത്തിൽ കൽദായപക്ഷം വിജയിക്കരുതെന്നും സഭയുടെ നേതൃത്വം ആ ചേരിയുടെ കൈകളിൽ എത്തരുതെന്നും മാത്രമായിരുന്നു ലക്ഷ്യമെന്നുവേണം അനുമാനിക്കാൻ. അല്ലായിരുന്നെങ്കിൽ, ഒത്തുതീർപ്പുചർച്ചയിൽ നസ്രാണിസഭാപാരമ്പര്യങ്ങൾ വീണ്ടെടുത്തുള്ള ഭാരതവത്കരണം ഒരു ചർച്ചാവിഷയമെങ്കിലും ആക്കാൻ അവർ ശ്രമിച്ചേനേ.

ഇതിലുൾപ്പെട്ട വൈദികസമൂഹത്തിനും വിശാലമായ ലക്ഷ്യമൊന്നും പൊതുവേ ഉണ്ടായിരുന്നില്ല എന്നുവേണം കരുതാൻ. അന്തരിച്ച ഫാ. ജോർജ് കുഴിപ്പറമ്പിൽ, ഫാ. ജോൺ വലിയമറ്റം, ഫാ. തോമസ് ചെട്ടിപ്പറമ്പിൽ എന്നിങ്ങനെ ചുരുക്കം വൈദികർ വളരെ വിശാലമായ കാഴ്ചപ്പാടുള്ളവരും സഭാസമൂഹത്തിനുവേണ്ടി ചിന്തിക്കുകയും അടിയുറച്ചുനിന്ന് പ്രവർത്തിക്കുകയും ചെയ്യുന്നവരായിരുന്നു. ലിറ്റർജിക്കൽ ആക്ഷൻ കമ്മിറ്റിയുടെ മുഖപത്രമായ 'നസ്രാണി ദീപ'ത്തിന് ഇന്നു സാരഥ്യം വഹിക്കുന്ന ഫാ. ജോൺ കൊച്ചുമുട്ടം, ഫാ. ജോൺ മുണ്ടയ്ക്കൽ എന്നിവരും ഫാ. തോമസ് കൊടിയനെപ്പോലെ ചുരുക്കം ചിലരും മാത്രമേ ആ ജനുസ്സിൽപ്പെടുത്താവുന്ന വൈദികരായി ഈ പ്രസ്ഥാനത്തിൽ കാണപ്പെടുന്നുള്ളു. അതായത്, ഈ പ്രസ്ഥാനത്തിന്റെ നേതൃതലത്തിലും അല്ലാതെയുമുണ്ടായിരുന്ന നൂറുകണക്കിന് വൈദികരിലേറെയും തങ്ങളുടെ മെത്രാൻസംരക്ഷിത മാളങ്ങളിലേക്കു മടങ്ങി. ഇതെല്ലാം നീരിക്ഷിച്ചുകൊണ്ട് വിശ്വാസികളും അവരുടെ പ്രസ്ഥാനങ്ങളുംമാത്രം സമരമുഖത്ത് അവശേഷിച്ചു. അവരുടെ നിരീക്ഷണത്തിൽനിന്ന്, സഭ നേരിടുന്ന അടിസ്ഥാനപ്രശ്നം അന്വേഷിച്ചു കണ്ടെത്താനും പരിഹാരത്തിനായി പ്രവർത്തിക്കാനും മെത്രാന്മാരുടെയൊ വൈദികരുടെയോ നേതൃത്വത്തിൽ സാധ്യമല്ല എന്ന ഒരു ഉൾക്കാഴ്ച അവർക്കു

ണ്ടാകുകയും ചെയ്തു. കൽദായവിരുദ്ധ യുദ്ധംകൊണ്ട് പരോക്ഷ മായുണ്ടായ ഏറ്റവും വലിയ നേട്ടവും അതുതന്നെ.

മറ്റൊരനുഭവത്തിൽനിന്നു കൂടി ഇതേ യാഥാർഥ്യം മനസ്സിലാക്കാൻ വിശ്വാസികളുടെ സ്വതന്ത്രപ്രസ്ഥാനങ്ങൾക്കു കഴിയുകയുണ്ടായി. അക്കാര്യം സമർഥിക്കാനല്ലെങ്കിൽക്കൂടി, കത്തോലിക്കസഭയിൽ ഉദയം കൊള്ളുകയും ജനങ്ങളിൽ വളരെ പ്രതീക്ഷകളുയർത്തുകയും ചെയ്ത മറ്റൊരു പ്രസ്ഥാനത്തെക്കുറിച്ചുക്കൂടി, സഭയിലെ പ്രസ്ഥാനങ്ങളെക്കുറി ച്ചുള്ള ഈ നഖചിത്രരചനയിൽ പരാമർശിക്കേണ്ടത് ഒരാവശ്യവുമാണ്. 'മനുഷ്യാവകാശസംരക്ഷണവേദി, കേരളസഭയിൽ' എന്ന പേരിൽ 1997 -ൽ ഒരു പ്രസ്ഥാനം രൂപംകൊള്ളുകയുണ്ടായി. അതും ധാരാളം വൈദി കരുടെയും അല്മായപ്രമുഖരുടെയും നേതൃത്വത്തിൽ രൂപംകൊണ്ടതാ യിരുന്നു. ഫാ. ജോർജ് പുലിക്കുത്തിയിൽ സി. എം. ഐ. ആയിരുന്നു അതിന്റെ മുഖ്യസാരഥി. അദ്ദേഹത്തിന്റെയും ശ്രീ. ജോസഫ് പുലി ക്കുന്നേലിന്റെയും കേരളകത്തോലിക്ക സഭാനവീകരണപ്രസ്ഥാനത്തി ന്റെയും ആത്മാർഥമായ സഹകരണത്തിൽ പാലാ ടൗൺ ഹാളിൽ 1997 ആഗസ്റ്റ് 25-ന് ഈ പ്രസ്ഥാനത്തിന്റെ ഉദ്ഘാടനം അതിഗംഭീരമായി നട ത്തി. 60-ലേറെ വൈദികരും 10-ഓളം കന്യാസ്ത്രീകളും 700-ൽപ്പരം വിശ്വാസികളും കേരളത്തിന്റെ പലഭാഗങ്ങളിൽ നിന്നായി ഈ പരിപാടി യിൽ പങ്കെടുക്കാൻ എത്തുകയുണ്ടായി. സെമിനാറിലും ഉദ്ഘാടനസ മ്മേളനത്തിലുമായി പ്രബന്ധാവതരണവും പ്രസംഗവും നടത്തിയവരിൽ റവ. ഡോ. സാമുവൽ രായൻ, പ്രഫ. കെ. എം. ചാണ്ടി, ശ്രീ. ജോസഫ് പുലിക്കുന്നേൽ, അഡ്വ. ഇ. എം. ജോസഫ്, പ്രഫ. റോസ് വില്യംസ്, ഫാ. ജോസ് കളീക്കൽ, സിസ്റ്റർ പട്രീഷ്യ കുരുവിനാക്കുന്നേൽ, ഡോ. സ്കറിയാ സക്കറിയ, ശ്രീ. ബി. വെല്ലിങ്ടൺ, ഫാ. തോമസ് ജോസഫ് തേരകം എന്നിങ്ങനെ പ്രഗല്ഭമതികളുടെ ഒരു വൻ നിരയുണ്ടായിരുന്നു. സഭാധികാരികളുടെ ദുർനടപടികൾക്കും മനുഷ്യാവകാശധ്വംസന ങ്ങൾക്കും വിധേയരാകുന്നവർ ബന്ധപ്പെട്ടാൽ പ്രസ്ഥാനത്തിന്റെ ആഭി മുഖ്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഈ പരിപാടി യിൽ പ്രഖ്യാപനമുണ്ടായി. അങ്ങനെ എല്ലാവരിലും വളരെ ആശ്വാസവും പ്രതീക്ഷയും ഉത്സാഹവും നൽകുന്നതായിരുന്നു പ്രസ്ഥാനത്തിന്റെ ഈ ഉദ്ഘാടനം. ഇതു പ്രമാണിച്ച് ഓശാന ഒരു സ്പെഷ്യൽ പതിപ്പുതന്നെ പ്രസിദ്ധീകരിക്കുകയുണ്ടായി.

എന്നാൽ, വൈദികർ മുഖ്യനേതൃത്വത്തിലുണ്ടായിരുന്ന ഈ പ്രസ്ഥാ നത്തിന് സഭാധികാരികളുടെ ഭാഗത്തുനിന്ന് സാധാരണ വിശ്വാസിക ളുടെമേലുണ്ടായിട്ടുള്ള നീതിനിഷേധങ്ങൾക്കും അവകാശധ്വംസന ങ്ങൾക്കുമെതിരേ എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെന്നു തോന്നു ന്നില്ല. വൈദികർക്കും കന്യാസ്ത്രീകൾക്കുമെതിരെ സഭാധികാരികളിൽ നിന്നുണ്ടാകുന്ന അതിക്രമങ്ങളെ പ്രതിരോധിക്കുക മാത്രമായിരുന്നു

അതിന്റെ ലക്ഷ്യം എന്നാണ് അനുമാനിക്കപ്പെടുന്നത്. അതും സഭയിൽ ആവശ്യംതന്നെ എന്നു സമ്മതിക്കുമ്പോഴും, സഭയിൽ വരേണ്ട അടിസ്ഥാനമാറ്റത്തിനു നേതൃത്വം കൊടുക്കാൻ വൈദികർക്ക് അവർ നേരിടുന്ന പല പരിമിതികൾകൊണ്ടും സാധിക്കില്ല എന്നു കാണേണ്ടതുണ്ട്. ശിക്ഷാനടപടികൾ ഉൾപ്പെടെ വളരെയധികം പരിമിതികൾക്കു നടുവിലാണല്ലോ, അവർ. ഇതിൽനിന്നെല്ലാം അവരെയും വിശ്വാസിസമൂഹമാകുന്ന സഭയെത്തന്നെയും നവീകരിക്കാനും രക്ഷിക്കാനും താരതമ്യേന കൂടുതൽ സ്വതന്ത്രമായ വിശ്വാസിസമൂഹത്തിനും അവർ രൂപംകൊടുക്കുന്ന പ്രസ്ഥാനങ്ങൾക്കും മാത്രമേ കഴിയൂ എന്നു കാണാം. വൈദികരുടെ സഹായവും സഹകരണവും ഉണ്ടാവുക എന്നത് വളരെ പ്രധാനം തന്നെ; പക്ഷേ നേതൃത്വം ഒരിക്കലും അവരുടെ കയ്യിൽ ചെല്ലരുത്.

ഈ ഒരു അവബോധം പുത്തൻതലമുറയിലെ സഭാസംഘടനകൾക്ക് പൊതുവെ കൈവന്നിട്ടുണ്ടെന്നു പറയാം. അതു മാത്രമല്ല, സഭയുടെ അടിസ്ഥാനപ്രശ്നം പരിഹരിക്കാൻ എത്ര പ്രാവശ്യം വത്തിക്കാൻ കൗൺസിൽ ചേർന്ന് മാർഗനിർദേശം നല്കിയാലും വിശ്വാസികൾ എത്ര സമരങ്ങൾ ചെയ്താലും മെത്രാന്മാർ സഹകരിക്കുകയില്ലെന്ന് അനുഭവങ്ങളിൽനിന്ന് പുതുതലമറ സഭാസംഘടനകൾക്കറിയാം. എത്ര തെളിവുകൾ നൽകിയാലും എത്ര സത്യമായും കൃത്യമായും സമർഥിച്ചാലും അതൊന്നും ചെവിക്കൊള്ളാനോ അംഗീകരിക്കാനോ അവർ തയ്യാറാകുകയില്ല. അല്ലെങ്കിൽ, സഭയിലെ ഏതു പ്രശ്നമാണ് സ്വതന്ത്രമായ ചർച്ചയിലൂടെ പരിഹരിക്കാനാകാത്തത്? സഭയിലെ കൽദായവൽക്കരണത്തിന്റെയും അതിലൂടെ കടന്നുവന്ന പൗരസ്ത്യകാനോൻ നിയമത്തിന്റെയും ദോഷഫലങ്ങൾ അനുഭവിക്കുന്നത് പ്രധാനമായും വിശ്വാസികളും വൈദികരുമാണ്. അവയ്ക്കെതിരെ മുറവിളികൂട്ടിയതും സമരം ചെയ്തതും അവരാണ്. പക്ഷേ, പ്രശ്നപരിഹാരത്തിനുള്ള ചർച്ചയിൽ അവരില്ല. എല്ലാ ചർച്ചകളും ഒത്തുതീർപ്പുകളും മെത്രാന്മാർ തമ്മിലാണ്! ഇതെന്തൊരു കാടൻസംവിധാനമാണ്? ഇതിലെ അശാസ്ത്രീയതയും അയുക്തികതയും മനുഷ്യത്വരാഹിത്യവും ക്രിസ്തുവിരുദ്ധതയും ആർക്കാണു മനസ്സിലാകാത്തത്? ഏതൊരു പ്രശ്നത്തിലും ഒത്തുതീർപ്പു നടത്തേണ്ടത് അതിലുൾപ്പെട്ട കക്ഷികൾ തമ്മിലാണെന്ന് ആർക്കാണറിയാത്തത്?

ചർച്ചയ്ക്കുള്ള ഒരു വേദി കത്തോലിക്കസഭയിലില്ലെന്നതും മെത്രാന്മാർ അതനുവദിക്കുകയില്ലെന്നതുമാണ് സഭയിൽ തുടർന്നുപോകുന്ന എല്ലാ പ്രശ്നങ്ങളുടെയും അടിവേര് എന്നു മനസ്സിലാക്കിയുള്ള പ്രവർത്തനങ്ങളിലാണ് പുതുതലമുറയിലെ സഭാസംഘടനകൾ. കേരളസഭയുടെ വ്യവസ്ഥാപിതമായ ചർച്ചാവേദിയും പ്രശ്നപരിഹാരവേദിയും സർഗവേദിയുമെല്ലാം പള്ളിയോഗങ്ങളായിരുന്നു. കാനോൻ നിയമത്തിലൂടെ ഈ പള്ളിയോഗസമ്പ്രദായത്തെ നിഷ്ക്രിയമാക്കിയിരുന്നില്ലെങ്കിൽ ഏതു പ്രശ്നവും വിശ്വാസികളുടെ കൂട്ടായ്മയായ സഭയുടെ ഈ ചർച്ചാവേദി

യിൽവച്ച് പരിഹൃതമായേനേ. അതുകൊണ്ടാണ്, ഈ പള്ളിയോഗപാരമ്പര്യം എങ്ങനെയും വീണ്ടെടുക്കണമെന്ന ലക്ഷ്യത്തിൽ ഈ സഭാസംഘടനകൾ ദൃഢചിത്തരായിരിക്കുന്നത്. സഭാധ്യക്ഷന്മാർ അതു നടപ്പിലാക്കിത്തരാത്ത സാഹചര്യത്തിൽ, സഭാധികാരം മാമോൻസേവയിൽനിന്നു മാറാനോ മാർതോമായുടെ നിയമം പോലെയുള്ള സഭാസംവിധാനം പുനഃസ്ഥാപിക്കാനോ പോകുന്നില്ല എന്ന ഉത്തമബോധ്യത്തിലെത്തിയതിനെത്തുടർന്ന്, ധാരാളം ദുരനുഭവങ്ങളിൽനിന്നും പാഠം പഠിച്ചുപക്വതയിലെത്തിയ മുൻസംഘടനകളും പുതുതായി രൂപംകൊണ്ട മറ്റു സ്വതന്ത്ര സഭാസംഘടനകളും ഭാരതപൗരന്മാർ എന്ന നിലയിൽ കേന്ദ്ര-സംസ്ഥാന ഗവൺമന്റുകളെക്കൊണ്ട് പള്ളിഭരണത്തിന് ഒരു സിവിൽ നിയമം നടപ്പിലാക്കാനുള്ള പരിശ്രമത്തിലാണിപ്പോൾ.

നിവേദനങ്ങളിൽനിന്ന് കോടതിയിൽ കേസുകൊടുക്കുക എന്ന തീരുമാനത്തിലേക്ക് മിക്ക സംഘടനകളും മാറിയിരിക്കുന്നു. പൗരസ്ത്യ കാനോൻ നിയമത്തിനെതിരെ, കേരളകത്തോലിക്ക സഭാനവീകരണപ്രസ്ഥാനം അന്നത്തെ മുഴുവൻ മെത്രാന്മാരെയും പ്രതിചേർത്ത് 1991 സെപ്തംബറിൽ കോടതിയെ സമീപിച്ചിരുന്നു. കോഴിക്കോടു ജില്ലയിൽ കൂടരഞ്ഞി സ്വദേശിയായ ശ്രീ. എം. എൽ. ജോർജിന്റെ നേതൃത്വത്തിലുള്ള കാത്തലിക് ലേമെൻസ് അസ്സോസിയേഷനാണ്, സഭാധികാരത്തിനെതിരെ കേസ്സുകൾ നടത്തുന്നതിൽ ഇന്ന് ഏറെ മുമ്പിൽ. പാലാ സബ്കോർട്ടിൽ നസ്രാണി കത്തോലിക്കസഭയിലെ 24 മെത്രാന്മാരെ എതിർകക്ഷികളാക്കി ശ്രീ. ജോസഫ് പുലിക്കുന്നേലും ഒരന്യായം നല്കിയിട്ടുണ്ട്.

ഭരണഘടനാപരവും നിയമപരവുമായ സംവിധാനങ്ങളിലൂടെ സഭാനവീകരണത്തിന് അനിവാര്യമായ പശ്ചാത്തലം ഒരുക്കിയശേഷമല്ലാതെ ഇന്ത്യയിൽ സഭാനവീകരണം സാധ്യമാവില്ലതന്നെ.

## പുതിയ ലക്ഷ്യം 'ചർച്ച് ആക്ട്' അഥവാ The Kerala Christian Church Properties and Institutions Trust Bill 2009

കോട്ടയം ഡി. സി. ബുക്സ് ഓഡിറ്റോറിയത്തിൽ 2004 ആഗസ്റ്റ് 21-ന് നടന്ന ക്രൈസ്തവനേതാക്കളുടെ ഒരു ചർച്ചയോഗമാണ്, 'പള്ളിഭരണത്തിന് സിവിൽനിയമം' എന്ന ആശയം ആദ്യം കൊണ്ടുവന്നത്. കേരളസഭയുടെ ചരിത്രത്തിൽ ഒരു സുപ്രധാനവഴിത്തിരിവെന്നു ഭാവിചരിത്രം സുവർണലിപികളിൽ എഴുതിച്ചേർത്തേക്കാനിടയുള്ള ഈ ചർച്ചാസമ്മേളനത്തിൽ, പിന്നീട് പത്മഭൂഷൺ ബഹുമതിക്കർഹരായ ഡോ. എം. വി. പൈലി, ജസ്റ്റീസ് കെ. റ്റി. തോമസ്, മുൻമന്ത്രിമാരായ ശ്രീ. ബി. വെല്ലിംഗ്ടൺ, പ്രഫ. എൻ. എം. ജോസഫ്, കേരള സംസ്ഥാന ഭാഷാ ഇൻസ്റ്റിട്യൂട്ട് മുൻ ഡയറക്ടർ പ്രഫ. എം. തോമസ് മാത്യു, ശ്രീ. ജോസഫ്

പുലിക്കുന്നേൽ എന്നിവരും വിവിധസംഘടനകളിൽപ്പെട്ട 150-ഓളം പ്രവർത്തകരും പങ്കെടുത്തു. ഇൻഡ്യയിലെ മറ്റു മതസമൂഹങ്ങൾക്കുള്ള തുപോലെ, ഇവിടുത്തെ ക്രൈസ്തവസമൂഹത്തിനും അവരുടെ മത സ്വത്തും സ്ഥാപനങ്ങളും ഭരിക്കാൻ സർക്കാർ നിയമനിർമാണം നടത്തണം എന്ന ആശയമുൾക്കൊള്ളുന്ന പ്രബന്ധം ശ്രീ. ജോസഫ് പുലിക്കുന്നേലാണ് ഈ സമ്മേളനത്തിൽ അവതരിപ്പിച്ചത്. ഭരണഘടന യുടെ 26-ാം അനുച്ഛേദപ്രകാരം ഇപ്രകാരമൊരു നിയമം നിർമിച്ചു നല്കാനുള്ള ഭരണഘടനാബാധ്യത സർക്കാരുകൾക്കുണ്ടെന്നും അദ്ദേഹം അതിൽ സമർഥിക്കുകയുണ്ടായി. കേരളക്രൈസ്തവരുടെ തനതു പാരമ്പര്യമായ മാർതോമായുടെ നിയമമനുസിച്ചുള്ള പള്ളിയോ ഗഭരണസമ്പ്രദായത്തിന്റെ മാതൃകയിലുള്ളതായിരിക്കണം ഈ നിയമ മെന്ന് അദ്ദേഹം വിശദീകരിക്കുകയും ചെയ്തു. ഗൗരവപൂർവം നടത്തിയ ചർച്ചകൾക്കൊടുവിൽ ഇത്തരമൊരു നിയമം കേരളത്തിലെ ക്രൈസ്ത വസമുദായത്തെ സംബന്ധിച്ച് അവശ്യം ആവശ്യമാണെന്ന് എല്ലാവരും ഐകകണ്ഠ്യേന അഭിപ്രായപ്പെടുകയും അതിനായുള്ള തുടർപ്രവർത്ത നങ്ങൾ നടത്തണമെന്ന് തീരുമാനിക്കുകയും ചെയ്തു.

ഈ ലക്ഷ്യം ഉൾക്കൊണ്ടു പ്രവർത്തിക്കാനാരംഭിച്ചതും അതുലക്ഷ്യം വച്ചു പുതുതായി രൂപംകൊണ്ടതുമായ വിശ്വാസികളുടെ സ്വതന്ത്രപ്രസ്ഥാ നങ്ങളെയാണ് 'പുതുതലമുറ സഭാസംഘടനകൾ' എന്നു നേരത്തെ വി ശേഷിപ്പിച്ചത്. മുമ്പുതന്നെ പ്രവർത്തനരംഗത്തുള്ള കത്തോലിക് ലേമെൻസ് അസോസിയേഷൻ, ആൾ ഇൻഡ്യാ കാത്തലിക് അസോ സിയേഷൻ, ക്നാനായകത്തോലിക്ക നവീകരണ സമിതി, കേരളകത്തോ ലിക്ക സഭാനവീകരണപ്രസ്ഥാനം എന്നീ സംഘടനകളും, കോട്ടയം സമ്മേളനത്തിനുശേഷം രൂപംകൊണ്ട കേരള ലാറ്റിൻ കാത്തലിക് അസോ സിയേഷൻ (എറണാകുളം), കേരള കാത്തലിക് ഫെഡറേഷൻ (തൃശൂർ), കേരള കാത്തലിക് ആക്ഷൻ കൗൺസിൽ (തൃശൂർ), കൗൺസിൽ ഓഫ് ദളിത് ക്രിസ്ത്യൻസ് (വൈപ്പിൻ), കേരള കാത്തലിക് യൂണിറ്റി സെന്റർ (എറണാകുളം), ലത്തീൻ സമുദായ നവോത്ഥാനവേദി (കൊച്ചി), കേരള ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റ് (എറണാകുളം), ഓർത്തഡോക്സ് ക്രിസ്ത്യൻ ആക്ഷൻ കൗൺസിൽ, കാത്തലിക് റിഫോർമേഷൻ മൂവ്മെന്റ് (വൈറ്റില) എന്നീ പ്രസ്ഥാനങ്ങളും ക്രൈസ്തവസമൂഹത്തിന്റെ മതസ്വത്തും സ്ഥാപനങ്ങളും ഭരിക്കാൻ സർക്കാർ നിയമനിർമ്മാണം നട ത്തണം എന്ന ലക്ഷ്യസാധ്യത്തിനായി പ്രവർത്തിച്ചുതുടങ്ങി. ഇവയുടെ ഏകോപനവേദിയായി 'ജോയിന്റ് ക്രിസ്ത്യൻ കൗൺസി'ലും രൂപം കൊണ്ടു.

വത്തിക്കാൻ എന്ന വിദേശരാജ്യത്തിന്റെ അധിപൻ ക്രൈസ്തവദേ വാലയങ്ങളുടെയും മതസ്ഥാപനങ്ങളുടെയും സ്വത്തുക്കൾ ഭരിക്കുന്നതിന് ഉണ്ടാക്കിയിട്ടുള്ള കാനോൻനിയമം ഇന്ത്യയിലെ ക്രൈസ്തവർക്ക് ബാധ

കമാക്കുന്നതിലുള്ള അനൗചിത്യം ചൂണ്ടിക്കാട്ടി കേരള സർക്കാരിനു നിവേദനം സമർപ്പിക്കുന്നതിന് കാത്തലിക് ലേമെൻസ് അസ്സോസിയേഷനും കേരള കാത്തലിക് ഫെഡറേഷനും കേരളാ കാത്തലിക് ആക്ഷൻ കൗൺസിലും മറ്റും മുൻകയ്യെടുത്തിരുന്നു.

ഇതിന്റെയെല്ലാം ഫലമായി, കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റ് നിയോഗിച്ച, ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ അധ്യക്ഷനായുള്ള നിയമപരിഷ്കരണകമ്മീഷനിൽ ഈ വിഷയംകൂടി റഫർ ചെയ്തു. അതേത്തുടർന്ന് 'The Kerala Christian Church Properties and Institutions Trust Bill 2009'എന്ന പേരിൽ, കമ്മീഷൻ ഒരു കരടുബിൽ തയ്യാറാക്കി, 2009 ജനുവരി 26-ന്, കേരളഗവൺമെന്റിനു സമർപ്പിക്കുകയും ചെയ്തു. ഇതിൻപ്രകാരമുള്ള നിയമനിർമാണ നടപടികളിലേക്ക് സർക്കാർ ഇതുവരെ കടന്നിട്ടില്ല. തന്മൂലം 'ചർച്ച് ആക്ട്' നിയമസഭയിൽ ചർച്ച ചെയ്ത് ഉടൻ നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് മുകളിൽ പരാമർശിച്ച മുഴുവൻ ക്രൈസ്തവസംഘടനകളും അവയുടെ ഏകോപനവേദിയായ ജോയിന്റ് ക്രിസ്ത്യൻ കൗൺസിലും ഗവൺമെന്റിനെതിരെ ഇന്ന് സമരമുഖത്താണ്. കരടുബിൽ ചർച്ചചെയ്ത് അംഗീകരിക്കുകയോ കാര്യകാരണസഹിതം നിരാകരിക്കുകയോ ചെയ്യണമെന്നാവശ്യപ്പെട്ട് കേരളത്തിലെ മെത്രാൻ സമിതിക്കെതിരെയും അവർ സമരം നടത്തുന്നു.

ഒപ്പം മേൽപ്പറഞ്ഞ കരടുബിൽ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ജനങ്ങളെബോധവാന്മാരാക്കാനുള്ള തീവ്രശ്രമങ്ങൾ തുടർന്നുകൊണ്ടിരിക്കുകയുമാണ്. ഇന്ത്യയിൽ ക്രൈസ്തവദേവാലയങ്ങളുടെയും മതസ്ഥാപനങ്ങളുടെയും സ്വത്തുക്കൾ ഭരിക്കുന്നതിന് നിയമപരമായ ഒരു സംവിധാനം ഇന്നോളം ഉണ്ടാക്കിയിട്ടില്ലാത്തത് ഭരണഘടനാപരമായ ഒരുതരം വിവേചനമാണെന്നു ചൂണ്ടിക്കാട്ടി രാജ്യവ്യാപകമായി ഒരു നിയമമുണ്ടാക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി കേന്ദ്രസർക്കാരിനു ബോധ്യം വരത്തക്കവിധത്തിലുള്ള ചില പ്രവർത്തനങ്ങൾ അഖിലേന്ത്യാതലത്തിൽത്തന്നെ തുടങ്ങിയിട്ടുമുണ്ട്. അതിന്റെ ഭാഗമായി ഇന്ത്യയിലെ മൊത്തം ക്രൈസ്തവസമൂഹത്തിനായി നിയമനിർമാണം നടത്തണമെന്നാവശ്യപ്പെട്ട് തമിഴ്നാട്ടിലും ആന്ധ്രാപ്രദേശിലും ഗോവായിലും മദ്ധ്യപ്രദേശിലും ഡൽഹിയിലും മറ്റുമുള്ള സമാനപ്രസ്ഥാനങ്ങൾ കേന്ദ്രഗവൺമെന്റിലും ആവശ്യമുന്നയിച്ചുകഴിഞ്ഞു. ഭാരതത്തിന്റെ മുഖമുദ്രയുള്ള ഒരു കത്തോലിക്കസഭയെയാണ് ഈ സഭയിലെ പുതുതലമുറയിലെ സ്വതന്ത്ര വിശ്വാസിപ്രസ്ഥാനങ്ങൾ ലക്ഷ്യമിടുന്നത്. ഇന്നല്ലെങ്കിൽ നാളെ അത് സംഭവിക്കുമെന്ന് പ്രത്യാശിക്കാം.

ഈ പുസ്തകത്തിലൂടെ എനിക്കു പറയാനുള്ള കുറെ കാര്യങ്ങൾ കേരള കത്തോലിക്കസഭാ നവീകരണപ്രസ്ഥാനത്തിനുവേണ്ടി ശ്രീ. ജോർജ് മൂലേച്ചാലിൽ 1999 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഓശാന മാസികയിൽ പ്രസിദ്ധീകരിച്ച *'സഭയിൽ സംഘടനാപ്രവർത്തനത്തിന്റെ*

*പ്രസക്തി'*[40], *'സഭയിലെ സംഘടനാപ്രവർത്തനം - ഒരു രൂപരേഖ'*[41] എന്നീ ലേഖനങ്ങളിലും, സമീപകാലത്ത് കേരളകത്തോലിക്ക സഭാനവീകരണപ്രസ്ഥാനം പ്രസിദ്ധീകരിച്ചിട്ടുള്ള *'സഭാനവീകരണം - നിലപാടുകൾ, നിർദേശങ്ങൾ, അവകാശപ്രഖ്യാപനങ്ങൾ'*[42] എന്ന ലഘുലേഖയിലും പ്രതിപാദിച്ചിട്ടുണ്ട്. അതുപോലെതന്നെ *'ചർച്ച് ആക്ടും കേരളസഭയുടെ പരമ്പരാഗത പള്ളിയോഗ സമ്പ്രദായവും'*[43] എന്ന ലേഖനവും വളരെ പ്രസക്തമാണ്.

# 8

# സഭാനവീകരണത്തിന്റെ അനിവാര്യത

**ര**ണ്ടാം വത്തിക്കാൻ കൗൺസിൽ ആരംഭിച്ചതിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ അടുത്ത ആഗോളമഹാസമ്മേള നത്തെപ്പറ്റിയും സഭാനവീകരണത്തിന്റെ അനിവാര്യതയെപ്പറ്റിയും ഉറക്കെ ചിന്തിക്കുന്നത് സമുചിതമായിരിക്കും. കഴിഞ്ഞ കൗൺസിലിലെ തീരു മാനങ്ങളിൽ ഒരു ശതമാനംപോലും സഭയിൽ പ്രായോഗികമാക്കാത്ത സ്ഥിതിക്ക് എന്തിന് അടുത്ത സമ്മേളനം എന്ന് ചിന്തിക്കുന്നവരാണധി കവും. എന്നാൽ അതേ കാരണത്താൽത്തന്നെ അടുത്ത കൗൺസിൽ വിപുലമായ രീതിയിൽ ഒരു മഹാസമ്മേളനമായി കാലവിളംബമെന്യേ കൂടണമെന്ന് ചിന്തിക്കുന്നവരുമുണ്ട്. വത്തിക്കാൻ രണ്ടിന്റെ വിപ്ലവാത്മ ക്മായ തുറന്ന ചിന്തകളും തീരുമാനങ്ങളും പിന്നീടുവന്ന മാർപാപ്പാമാരും മറ്റു സഭാധികാരികളും ചവിട്ടിമെതിച്ചുകളഞ്ഞു. അവർ ചുവടുകൾ മു മ്പോട്ടു വയ്ക്കുന്നതിനു പകരം പുറകോട്ടുവയ്ക്കുകയാണ് ചെയ്തത്. അതിനുള്ള ഉത്തമ ഉദാഹരണമാണ് കാനോൻനിയമ പരിഷ്ക്കരണം. ആധുനികലോകത്തിന്റെ ചിന്താഗതിക്കനുസൃതമായി സഭാനിയമങ്ങളെ ഉടച്ചുവാർക്കണമെന്ന് കഴിഞ്ഞ കൗൺസിൽ ഉദ്ബോധിപ്പിച്ചെങ്കിലും, രണ്ടാം വത്തിക്കാൻ കൗൺസിലിൽ പങ്കെടുത്ത ബഹുഭൂരിപക്ഷം സഭാപിതാക്കന്മാരുടെ അഭിലാഷത്തെ തികച്ചും തമസ്ക്കരിച്ചുകൊണ്ട്, കത്തോലിക്കസഭയുടെ ചരിത്രത്തിൽ ഏറ്റവും അധികാരകേന്ദ്രീകൃതമായ ഒരു കാനോൻനിയമപുസ്തകം പുറത്തിറക്കി തൃപ്തിപ്പെടുകയാണ് സ ഭ ചെയ്തത്. ജോൺ പോൾ രണ്ടാമൻ മാർപാപ്പാ തന്റെ സ്വന്തം ഇംഗിതം

കാനോൻനിയമത്തിലൂടെ ആഗോളസഭയുടെമേൽ അടിച്ചേല്പിക്കുകയായിരുന്നു. ഈ കാനോൻനിയമസമുച്ചയത്തിന്റെ ഭവിഷ്യത്ത് ദൂരവ്യാപകമാണെന്നുള്ളതിന് സംശയമില്ല. സഭയെ വളർത്തുന്നതിനുപകരം ഇത് സഭയെ തളർത്തുകതന്നെ ചെയ്യും. സഭയിൽ പുതിയ പുതിയ നിയമങ്ങൾ ഉണ്ടാക്കി അതിന്റെ അടിസ്ഥാനത്തിൽ ദൈവജനത്തെ നിയന്ത്രിക്കുകയും ഭരിക്കുകയും ചെയ്യാം എന്ന് ധരിക്കുന്നത് സ്വേച്ഛാധികാരചിന്തയുടെ ഫലമാണ്. ഇന്നത്തെ പ്രബുദ്ധരായ വിശ്വാസികൾ ഒരുപടി മുമ്പിലാണെന്ന് സഭാധികാരികൾ മനസ്സിലാക്കണം. സഭയുടെ ഇപ്പോഴത്തെ പോക്കുകണ്ടാൽ സഭാധികാരികളുടെ തൊപ്പിക്കീഴിലെ സുബുദ്ധി നഷ്ടപ്പെട്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

സഭാധികാരികളുടെ കടുത്ത യഥാസ്ഥികനിലപാടിന് ഒരു പരിഹാരമാർഗം എങ്ങനെ കണ്ടുപിടിക്കാം? ഉപശമനം എങ്ങനെ ഉണ്ടാക്കാം? സഭയുടെ നന്മയ്ക്കായി സഭാധികാരികളും അല്മേനികളും ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന സത്യം സഭാശുശ്രൂഷകർ മനസ്സിലാക്കണം. സഭാധികാരികളുടെ ധാർമ്മികതയാണ് മറ്റെല്ലാവരുടെയും ധാർമ്മികതയെക്കാൾ മെച്ചപ്പെട്ടതെന്ന് അവർതന്നെ ചിന്തിക്കുമ്പോൾ അത് അവരുടെ അവമതിയും സാധാരണക്കാർക്ക് ജുഗുപ്സ ജനിപ്പിക്കുന്നതുമാണ്. സഭയിൽ വരുത്തേണ്ട നവീകരണത്തിന്റെ ലുത്തിനിയായുടെ നീളംതന്നെ സഭാനവീകരണത്തിന്റെ അനിവാര്യത വിളിച്ചറിയിക്കുന്നുണ്ട്. വരുംപേജുകളിൽ നിങ്ങൾക്കത് കാണാൻ കഴിയും. മെത്രാന്മാർ കാര്യമായ ഒരു ആത്മപരിശോധന ചെയ്യണം. നാം ഭൂതകാലത്തെ പഠിക്കുകയും യേശുപഠനങ്ങൾക്ക് നവമായ ഒരു ജീവൻ പകരുകയും വികലവും കാലഹരണപ്പെട്ടതുമായ ആചാരാനുഷ്ഠാനങ്ങളും ഭക്താഭ്യാസങ്ങളും ഉപേക്ഷിക്കുകയും സഭ ദരിദ്രപക്ഷം ചേരുകയും ചെയ്യേണ്ടതാണ്. അപ്രകാരം സഭയിൽ തക്കസമയത്ത് വേണ്ട വിധത്തിൽ പരിവർത്തനങ്ങൾ വരുത്തിയാൽ മതഭിന്നത എന്ന വലിയ വിപത്ത് നമുക്ക് ഒഴിവാക്കാൻ സാധിക്കും.

## ക്രിസ്തു വാഗ്ദാനം ചെയ്ത സ്വാതന്ത്ര്യവും സമത്വവും

പൗലോസ് അപ്പോസ്തലൻ ഗലാത്തിയാക്കാർക്ക് ഇപ്രകാരം എഴുതി: "സ്വാതന്ത്ര്യത്തിലേക്കാണ് ക്രിസ്തു നമ്മെ മോചിപ്പിച്ചിരിക്കുന്നത്. അതിനാൽ ഉറച്ചു നില്ക്കുക. അടിമത്തത്തിന്റെ നുകത്തിന്നുകീഴിൽ വീണ്ടും നിങ്ങൾ അമരരുത്" (ഗലാ. 5: 1). മിശിഹാ ഭൗതികവും ആധ്യാത്മികവുമായ അടിമത്തങ്ങളിൽനിന്നു മനുഷ്യകുലത്തെ രക്ഷിച്ചു. ക്രിസ്തുവിന്റെ കാലഘട്ടത്തിലെ യഹൂദർ നിയമങ്ങളാലും പാരമ്പര്യങ്ങളാലും വരിഞ്ഞുകെട്ടപ്പെട്ടവരായിരുന്നു. അക്കാരണത്താൽ അവരിൽ അനാവശ്യമായ കുറ്റബോധവും പാപഭാരവും വർധിച്ചു. യേശുവിന്റെ പഠനങ്ങൾ അവരെ സ്വതന്ത്രരാക്കി.

സഭയിൽ എല്ലാവിധ സ്വാതന്ത്ര്യവും ആവശ്യമാണ്. എന്നാൽ സഭാധികാരം ഇന്നും വിശ്വാസികളെ അവരുടെ നുകത്തിൻകീഴിൽ അമർത്താൻ നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. അതാണ് 'ക്ലെറിക്കൽ പവർ'. മാർപാപ്പാ മുതൽ സാധാരണ വൈദികൻവരെയുള്ളവരുടെ സഭാഭരണാധികാരം വികേന്ദ്രീകരിക്കപ്പെടണം. അല്മായർക്ക് സഭാഭരണത്തിൽ പൂർണമായ ഭാഗഭാഗിത്വം നൽകണം. എങ്കിൽമാത്രമെ യേശു വിഭാവനം ചെയ്ത സ്വാതന്ത്ര്യം ദൈവജനത്തിനു മുഴുവൻ പ്രാപ്യമാകൂ.

ക്രിസ്തുവിൽ സ്നാപനം സ്വീകരിച്ച എല്ലാവരും സമൂലമായ സമത്വത്തിന് അർഹരാണ്. ദൈവജനത്തിനിടയിൽ സ്ഥാനികളുടെ അധികാരശ്രേണിയുടെ ആവശ്യമില്ല. സഭയിൽ പത്രോസിനെയും പൗലോസിനെയുംപോലെയുള്ള ശുശ്രൂഷകരെയാണ് ആവശ്യം. 'പരിശുദ്ധ പിതാവ്', 'അത്യുന്നത കർദിനാൾ', 'അഭിവന്ദ്യ തിരുമേനി' തുടങ്ങിയ സംജ്ഞകൾക്ക് ക്രിസ്തുപഠനാടിസ്ഥാനത്തിൽ സഭയിൽ സ്ഥാനമില്ല. കോൺസ്റ്റന്റൈന്റെ കാലം മുതൽ കാര്യസാധ്യത്തിനായി സഭയിൽ കയറിക്കൂടിയ ദുഷ്പ്രവണതകളാണ് ഇത്തരം സംബോധനകൾ. യേശുക്രിസ്തുവിന്റെ പേരിൽ ഒരു വൻ സ്ഥാപനം കെട്ടിപ്പടുത്തു ക്രിസ്തീയ സഭ. ആ സ്ഥാപനത്തിന്റെ താത്പര്യങ്ങളെ പ്രചരിപ്പിക്കാനാണ് പള്ളി പ്രസംഗപീഠങ്ങൾ ഇന്ന് പാതിരിമാർ ഉപയോഗിക്കുന്നത്. യേശു പഠിപ്പിച്ച സദ്‌വാർത്ത ലോകമെമ്പാടും പ്രഘോഷിക്കാൻ കടപ്പെട്ടവർ തങ്ങളുടെ ലക്ഷ്യം മറന്ന് സഭയാകുന്ന പ്രസ്ഥാനത്തെ പരിപോഷിപ്പിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്തുവിനും ക്രിസ്തുവിന്റെ പഠനങ്ങൾക്കും ഈ സഭയിൽ സ്ഥാനമില്ല.

## മെത്രാന്മാരുടെ പ്രബോധനധർമ്മം

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിൽ തിരുസഭയിൽ മെത്രാന്മാരുടെ മുഖ്യകർത്തവ്യവും ഉത്കൃഷ്ടമായ ദൗത്യവും ക്രിസ്തുവിന്റെ സുവിശേഷം മനുഷ്യരെ അറിയിക്കലാണ്.[44] എന്നാൽ രൂപതകളുടെ ഇന്നത്തെ രീതിയിലുള്ള ഭരണസമ്പ്രദായത്തിൽ ഏതു മെത്രാനാണ് സുവിശേഷ പ്രബോധനത്തിന് സമയം ലഭിക്കുന്നത്? അവരുടെ മുഖ്യകർത്തവ്യമായ സുവിശേഷപ്രഘോഷണത്തിന് അവർക്കെവിടെ സമയം? രൂപത എന്ന വമ്പിച്ച കോർപ്പറേഷന്റെ സി. ഇ. ഒ. -മാരാണ് മെത്രാന്മാർ. രൂപതയ്ക്കുവേണ്ടി സമ്പത്തു വർധിപ്പിക്കാനും രാഷ്ട്രീയതലത്തിൽ സ്വാധീനം വർധിപ്പിക്കാനുമാണ് അവർ നിരന്തരം പരിശ്രമിക്കുന്നതും അവരുടെ സമയത്തിന്റെ നല്ല ഭാഗവും ചിലവഴിക്കുന്നതും. 'മണി ഈസ് പവർ' എന്ന സിദ്ധാന്തം മെത്രാന്മാർക്ക് നല്ലതുപോലെ അറിയാം. അതിനാൽ രൂപതകൾ തമ്മിൽ സാമ്പത്തിക കാര്യത്തിൽ മത്സരവും നടക്കുന്നു. സമ്പത്തിന്റെയും അധികാരത്തിന്റെയും മത്തുപിടിച്ച ഈ അജപാലകർ സഭയുടെ 'സാമ്പത്തിക ഭാഗ്യവും' ക്രിസ്തുവിന്റെ എതിർസാക്ഷ്യവുമാണ്. നമുക്ക് സ്വാതന്ത്ര്യം തന്നത് ഇവരല്ല. ക്രിസ്തു

രക്തം ചിന്തി നമുക്കു നേടിത്തന്ന സ്വാതന്ത്ര്യത്തെ കാനോൻനിയമമെന്ന കാട്ടാളനിയമംകൊണ്ട് ഇല്ലാതാക്കാനാണ് സഭാപുരോഹിതർ ഇന്നും പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. യേശു യഹൂദമഹാപുരോഹിതരോട് എപ്രകാരം പോരാടിയോ അതേ നിശ്ചയദാർഢ്യത്തോടെ നാമും ഇന്ന് സഭാധികാരികളോട് പോരാടേണ്ടിയിരിക്കുന്നു.

## സഭ

ആരുടേതാണീസഭ? സന്മനസ്സും ഉദാരതയുമുള്ള വിശ്വാസികളുടെ സഭയാണിത്. പരസ്നേഹപ്രവൃത്തികൾക്ക് ലോകം മുഴുവൻ ധനസഹായം ചെയ്യുന്ന അല്മേനികളുടെ സഭയാണിത്. കന്യാസ്ത്രീകളുടെയും വൈദികരുടെയും കഠിനാധ്വാനഫലമാണീസഭ. ബ്രസീലിൽ എയ്ഡ്സ് ബാധിച്ചവർക്കു ശുശ്രൂഷ ചെയ്യുന്ന കന്യാസ്ത്രീകളുടെ സഭയാണിത്. ആഫ്രിക്കയിൽ എയ്ഡ്സ് ബാധിതരായ അനാഥക്കുട്ടികളെ ദത്തെടുത്തു വളർത്തുന്ന കന്യാസ്ത്രീകളുടെ സഭയാണിത്. ഈ കന്യാസ്ത്രീകളാണ് ലോകത്തിലെ ഏറ്റവും അനുകമ്പാർഹരായ മനുഷ്യർ. അവർ ഭർത്താവ്, മക്കൾ, കുടുംബജീവിതം, സെക്സ് എല്ലാം ത്യജിക്കുന്നു. അധികാരികളുടെ ഏതുത്തരവിനും അവർ ആമേൻ മൂളുന്നു. കഠിനജോലി ചെയ്യുന്നു. പള്ളിയിൽ യാതൊരു ശുശ്രൂഷാധികാരവുമില്ലാത്ത ഇവർ കന്യാസ്ത്രീവേഷത്താൽ സമൂഹത്തിൽ നിന്നു വേർതിരിക്കപ്പെടുന്നു. വാർധക്യകാലത്തുപോലും ഇവർ സ്വന്തം സഭയിൽനിന്ന് പുറത്താക്കപ്പെടാം. അപ്പോളവർ വഴിയാധാരമാകപ്പെടാം.

നിസ്വാർഥരായി അമേരിക്കൻ കത്തോലിക്കസഭയിൽ സേവനം ചെയ്യുന്ന കന്യാസ്ത്രീകളെ, കാലഹരണപ്പെട്ട ചില സിദ്ധാന്തങ്ങളെ അവർ മുറുകെപിടിക്കുന്നില്ല എന്ന കാരണം പറഞ്ഞ്, ഈ അടുത്തകാലത്തായി വത്തിക്കാൻ പീഡിപ്പിക്കുകയാണ്. ഈ വിധത്തിൽ മുമ്പോട്ടു പോയാൽ അമേരിക്കൻ കന്യാസ്ത്രീകൾ കൂട്ടത്തോടെ സഭ വിട്ടുപോയെന്നിരിക്കും. സഭയിൽനിന്ന് പോകുന്നവർ പോകട്ടെയെന്ന് സഭാധികാരികൾ ചിന്തിക്കുന്നു. യാഥാസ്ഥിതികരായ അധികാരികളുടെ ചൊൽപ്പടിയിൽ നില്കുന്ന ചെറിയ സഭയാണ് വലിയ സഭയേക്കാൾ നല്ലതെന്നാണ് ബനഡിക്റ്റ് 16-ാമൻ മാർപാപ്പായുടെ അഭിപ്രായം.

എന്നാൽ ഈ കന്യാസ്ത്രീകളുടെ സൽപ്രവൃത്തികൾ അനുകരിക്കാൻ തയ്യാറുള്ള സഭാധികാരികളാണ് വത്തിക്കാനിൽ ഇന്നാവശ്യം. മനുഷ്യന്റെ ബുദ്ധിമുട്ടുകളെ സഭാധികാരികൾ കരുണാർദ്രമായി നോക്കിക്കാണണം. ദാരിദ്ര്യത്തിന്റെ ഭാരം ചുമക്കുന്നവർക്ക് സഭ അത്താണിയാകണം. സിദ്ധാന്തങ്ങളിലും നിയമങ്ങളിലും കടിച്ചുതൂങ്ങിക്കിടക്കുന്ന സഭ നമുക്കിനി വേണ്ട. കർത്താവ് കുറ്റപ്പെടുത്തിയ ഫരിസേയരെ പ്രതിധ്വനിക്കുന്ന സഭ നമുക്കിനി വേണ്ട. സാമൂഹ്യനീതിയിൽനിന്നു ശ്രദ്ധ വ്യതിചലിച്ച സഭ നമുക്കിനി വേണ്ട. ഒന്നരലക്ഷത്തോളം പുരോഹിതർ ഇന്ന്

സഭയ്ക്കു പുറത്താണ്. അവരെല്ലാം വെറും ഉപരിപ്ലവചിന്തകരാണെന്നും അപ്രസക്തരാണെന്നും വിലയിരുത്തുന്ന സഭ നമുക്കിനി വേണ്ട. സെക്സിനെ ഭയന്ന് സ്വന്തം വൃഷണങ്ങൾ (testicles) പോലും എടുത്തു മാറ്റിയ അലക്സാൻഡ്രിയായിലെ ഓരിഗന്റെ (Oregen of Alexandria, 185-254) ചിന്താഗതിയുള്ള സഭ നമുക്കിനി വേണ്ട.

കുഷ്ഠരോഗികളെയോ വ്യഭിചാരിണികളെയോ ചേരിയിൽ ജീവിക്കുന്നവരെയോ (Slum dwellers) ഒരു കർദിനാളൊ മെത്രാനൊ സാധാരണയായി സന്ദർശിച്ചെന്നുവരികയില്ല, കർത്താവിന്റെ ശുശ്രൂഷയിൽ അവർ ഉൾപ്പെടുന്നെങ്കിലും. പക്ഷേ, യഥാർഥ മഹാമനസ്കതയുള്ള കത്തോലിക്കസഭയെ വൈദികരിലൂടെയോ കന്യാസ്ത്രീകളിലൂടെയോ അല്മായ പ്രേഷിതരിലൂടെയോ ലോകം കാണുന്നുണ്ട്. വൈദികരുടെയും കന്യാസ്ത്രീകളുടെയും ഔദ്യോഗികവേഷമല്ല അവരെ അതാക്കുന്നത്; മറിച്ച്, അവരുടെ നിസ്വാർഥജീവിതമാണ്.

## സഭയിലെ ഏറ്റവും വലിയ രോഗം

സഭയിലെ ഏറ്റവും വലിയ രോഗം കുഷ്ഠമോ ക്ഷയമോ അല്ല, അല്മായരെ ആവശ്യമില്ലെന്നുള്ള സഭാധികാരികളുടെ മനോഭാവമാണ്. ചിന്താശേഷിയുള്ള വിശ്വാസികൾ വിവാഹം, ഗർഭധാരണപ്രതിരോധം, സ്വവർഗരതി, വൈദികബ്രഹ്മചര്യം, സ്ത്രീപൗരോഹിത്യം, വിവാഹമോചനം, പുനർവിവാഹം തുടങ്ങിയ വിഷയങ്ങളിൽ സഭയുടെ സമീപനം മാനുഷികമോ സാമൂഹികമോ മനഃശാസ്ത്രപരമോ ഇടയനുചേർന്നതോ അല്ല എന്ന ബോധ്യമുള്ളവരാണ്.

മനഃസാക്ഷിസ്വാതന്ത്ര്യം (Freedom of conscience) പരിഹാസ്യവും തെറ്റായതുമായ ഒരു സിദ്ധാന്തമാണെന്ന് (absurd and erroneous doctrine) പോപ്പ് ഗ്രിഗരി 16-ാമൻ 1832-ലെ മിറാറി വോസ് (Mirari Vos) എന്ന തന്റെ ചാക്രികലേഖനത്തിലൂടെ വിശ്വാസികളെ പഠിപ്പിച്ചു. മനഃസാക്ഷിസ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും പ്രാഥമിക മനുഷ്യാവകാശങ്ങളിൽ പെട്ടതാണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ (1962–1965) പ്രഖ്യാപിച്ചു. അങ്ങനെ ഗ്രിഗരി 16-ാമൻ മാർപാപ്പയുടെ തെറ്റ് രണ്ടാം വത്തിക്കാൻ കൗൺസിലിൽവച്ച് തിരുത്തപ്പെട്ടു. ഗൗരവമുള്ള കത്തോലിക്കർ കത്തോലിക്കപഠനങ്ങളെ ഗൗരവപൂർവം കാണുന്നു. എന്നാൽ ഇത്തരം തിരുത്തലുകൾ വിശ്വാസികളെ ചിന്താക്കുഴപ്പത്തിലേക്ക് വലിച്ചിഴയ്ക്കുന്നു.

ക്രിസ്തീയസഭകൾ തമ്മിൽ വേർതിരിഞ്ഞുനില്ക്കുന്നത് ക്രിസ്തുമനസ്സിനെതിരാണെന്നായിരുന്നു ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ അഭിപ്രായം. എന്നാൽ സഭകൾ തമ്മിൽ ഒന്നാകാൻ പോപ്പിന്റെ അധികാരത്തെ പൊളിച്ചെഴുതാൻ തയ്യാറാണോ എന്നു ചോദിച്ചാൽ അതിനു തയ്യാറല്ല എന്നായിരിക്കും ഉത്തരം. അപ്പോൾ ഇത്തരം പ്രസ്താവനകൾക്ക് എന്തു വിലയാണുള്ളത്?

പാശ്ചാത്യനാടുകളിലെ ഭീമാകാരമായ കത്തീഡ്രലുകൾ ശൂന്യമായിക്കൊണ്ടിരിക്കുകയാണിന്ന്. രണ്ടായിരവും മൂവായിരവും ഇടവകക്കാരുള്ള വലിയ ഇടവകപ്പള്ളിയിലെ വികാരി ഇടവകക്കാരെ എല്ലാവരെയും അറിയുകപോലുമില്ല. വലിയ കോർപ്പറേഷനിലെ സി. ഇ. ഒ. ഉണ്ടോ ആ കോർപ്പറേഷനിലെ സാധാരണ ജോലിക്കാരെ അറിയുന്നു? അതുപോലെയാണ് വലിയ ഇടവകയിലെ അല്മേനികളും ആ ഇടവക ഭരിക്കുന്ന ക്ലേർജിയും തമ്മിലുള്ള ബന്ധം.

സഭ ഇന്ന് നിസ്സാരമല്ലാത്ത പ്രതിസന്ധിഘട്ടത്തിലാണ്. ആയിരക്കണക്കിന് വിശ്വാസികൾക്ക് സഭയിലുള്ള വിശ്വാസം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. 'സാധാരണ കച്ചവടം' എന്ന മട്ടിൽ സഭ അധികനാൾ മുൻപോട്ടു പോവുകയില്ല. ലോകമെത്രാന്മാരുടെ നേരെയാണ് ലോകജനതയുടെ കണ്ണുകൾ ഉന്നം വച്ചിരിക്കുന്നത്. തങ്ങളുടെ എപ്പിസ്കോപ്പൽ അധികാരം കീഴാളരെ നിലയ്ക്കു നിർത്താനല്ല; മറിച്ച് മേലാളന്മാർക്ക് കടിഞ്ഞാണിടാനാണ് അത് ഉപയോഗിക്കേണ്ടത്. വിശ്വാസികളുടെ നീതിപൂർവമായ പരാതികൾ ശ്രവിക്കാനും ഉപവിയിലധിഷ്ഠിതമായി പ്രതികരിക്കാനും അവർ കടപ്പെട്ടവരാണ്. സഭയ്ക്ക് ഭാവി പ്രദാനം ചെയ്യാൻ, അവർ പരസ്യമായിട്ടും ആത്മാർഥമായിട്ടും കാര്യങ്ങളെ വിശകലനം ചെയ്യണം; അപ്പോസ്തലികമായ ധൈര്യംകൊണ്ട് (അപ്പോ. പ്രവ. 4: 29) അവർ വിശ്വാസികൾക്ക് ശരണം നല്കണം; ഉത്തേജനം നല്കണം.

രണ്ടാം വത്തിക്കാൻ കൗൺസിൽ തുറന്ന ജാലകങ്ങൾ അടച്ചുപൂട്ടി നൂറ്റാണ്ടുകൾ പഴക്കമുള്ള തെന്ത്രോസ് കൗൺസിലിലേക്കും ഒന്നാം വത്തിക്കാൻ കൗൺസിലിലേക്കും സഭ ഇന്നു തിരിച്ചുപോകുകയാണോ എന്നു സംശയം തോന്നുന്നു. തല പൂഴിയിലൊളിക്കുന്ന ഒട്ടകപ്പക്ഷിയുടെ രാഷ്ട്രീയതന്ത്രം ഇനി വിലപ്പോകില്ല. ആധുനികത്വത്തിലേക്കു കുറുക്കുവഴി ഇല്ല. സഭയുടെ ദൗത്യം ലോകത്തിന്റെ വെളിച്ചവും (മത്താ. 5: 14) ഭൂമിയുടെ ഉപ്പും (മത്താ. 5: 13) മാവിലെ പുളിമാവും (1 കൊറി. 5: 7) ആവുക എന്നതാണ്. ഒരു കമ്പനിക്ക് നാശനഷ്ടങ്ങൾ സംഭവിച്ചാൽ ഉടൻ വിദഗ്ധരെ സമീപിച്ച് തിരുത്തലുകൾക്കുള്ള മാർഗരേഖ കണ്ടുപിടിക്കും. ആ പ്രതിസന്ധിഘട്ടത്തെ തരണം ചെയ്യുന്നതിനായി കമ്പനിയുടെ ഊർജം മുഴുവൻ ചെലവഴിക്കും. എന്തുകൊണ്ട് സഭയ്ക്കും അപ്രകാരം ചെയ്തുകൂടാ?

അർഥം നല്കാത്ത വിശ്വാസം വെറും ആഭരണമാണ്. ഉപകാരമില്ലെന്നു തോന്നുമ്പോൾ ആ ആഭരണങ്ങൾ സാധാരണക്കാർ അഴിച്ചുമാറ്റുന്നു. വിശ്വാസത്തിന് അർഥമുണ്ടാകണമെങ്കിൽ, വേദപുസ്തകാടിസ്ഥാനത്തിൽ, റോമാസാമ്രാജ്യത്തിന്റെ സ്വാധീനതയിലുള്ള ദൈവശാസ്ത്രവും വേദപാഠവും പുനർവിചാരണ ചെയ്യപ്പെടണം. ഇടയനടുത്ത ചുമതലകൾ പുനഃക്രമീകരിക്കപ്പെടണം. ആധ്യാത്മികത നവീകരിക്കപ്പെടണം. 'വെള്ള പൂശിയ ശവക്കല്ലറകൾ' (മത്താ. 23: 27) എന്ന് ക്രിസ്തു നമ്മെ വിളി

ക്കാൻ ഇടയാകരുത്. 'ഭയപ്പെടേണ്ട'യെന്ന് യേശു നമ്മെ വിശുദ്ധഗ്രന്ഥത്തിലൂടെ ഉദ്ബോധിപ്പിച്ചിട്ടുണ്ട്.

ഇന്നത്തെ ചുറ്റുപാടിൽ വിശ്വാസപ്രമാണങ്ങളെ മാർഗരേഖകളായിട്ടെ കാണാൻ കഴിയൂ എന്നാണ് ഹാർവി കോക്സിന്റെ (Harvey Cox) അഭിപ്രായം.[45] യേശു അല്ല പ്രശ്നം; യേശുവിന്റെ പഠിപ്പിക്കലല്ല പ്രശ്നം; യേശുവിന്റെ പഠിപ്പിക്കലിനെ തട്ടിക്കൊണ്ടുപോയ ചർച്ച്യാനിറ്റിയാണ് പ്രശ്നം. ക്രിസ്തീയത യേശുവിന്റെ പഠിപ്പിക്കലിനെ ആശ്രയിച്ചാവണം. മറിച്ച്, സഭയുടെ പഠിപ്പിക്കലിനെ ആശ്രയിച്ചായിരിക്കാൻ പാടില്ല.[46]

പള്ളിയുമായുള്ള യോജിപ്പിലുമാവശ്യം സുവിശേഷത്തിലെ മൂലതത്വങ്ങളെ അനുധാവനം ചെയ്യുകയാണ്. നിത്യരക്ഷ പ്രാപിക്കുന്നത് സഭാകല്പനകളുടെ പാലിക്കലിലല്ല. അത് കർത്താവിന്റെ എളിയവരായ സഹോദരങ്ങളോടുള്ള നമ്മുടെ പെരുമാറ്റത്തെ ആശ്രയിച്ചാണിരിക്കുന്നത് (മത്താ. 25: 31-46).

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം പല പള്ളികളിൽനിന്നും അല്മായരെയും പുരോഹിതനെയും വേർതിരിക്കുന്ന ഇരുമ്പഴി എടുത്തു മാറ്റിയതായിരുന്നു. ബലിപീഠം ജനമധ്യത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു. പുരോഹിതരും അല്മായരും ഒരുമിച്ച് ബലിയർപ്പണം നടത്തുന്നു എന്ന സങ്കല്പനമായിരുന്നു അതിന്റെ പിന്നിൽ. എന്നാൽ സീറോ മലബാർ സഭയിൽ വീണ്ടും അഴിക്കാലുകൾ സ്ഥാപിച്ചും വിരി തൂക്കിയും അല്മേനികളെ പുറത്താക്കി. പുരോഹിതൻ 'വിശുദ്ധസ്ഥലത്ത്' നൃത്തമാടുന്നു. അല്മായർ പ്രേക്ഷകർമാത്രം-അതും വിരിമാറ്റുന്ന സമയത്തു മാത്രം! കല്ദായവാദികളുടെ മുമ്പിൽ അല്മായർക്ക് ബലിയർപ്പണത്തിൽ സജീവപങ്കാളിത്തമില്ലായിരിക്കും. ലിറ്റർജിയെ സംബന്ധിച്ച് വിവരമില്ലാഞ്ഞിട്ടാണ് ഇത്തരം അഭിപ്രായങ്ങൾ എന്ന് ചിന്തിക്കുന്ന ലിറ്റർജി പണ്ഡിതന്മാർ ധാരാളം കാണും. പക്ഷേ ഒരല്മേനിക്ക് ഈ പണ്ഡിതന്മാരെക്കാൾ കൂടിയ കോമൺസെൻസുണ്ട്.

1846-ൽ 'വിശുദ്ധപള്ളിയുടെ പഞ്ചമുറിവുകൾ' (The five wounds of the Holy Church) എന്ന പേരിൽ ഒരു പുസ്തകം ആന്റോണിയോ റോസ്മിനി (Antonio Rosmini, 1797-1855) പ്രസിദ്ധം ചെയ്യുകയുണ്ടായി. ആന്റോണിയോ ഇറ്റലിക്കാരനായ കത്തോലിക്ക പുരോഹിതനായിരുന്നു. ഒന്നാമത്തെ മുറിവ് ക്ലറിക്കലിസത്തെ സംബന്ധിച്ചാണ്. പുരോഹിതരും അല്മായരും തമ്മിൽ സ്ഥിരമായി ഒരു വൻമതിൽ കെട്ടി അല്മേനികളെ മാറ്റി നിർത്തിയിരിക്കുകയാണെന്നാണ് അദ്ദേഹം 19-ാം നൂറ്റാണ്ടിൽപ്പോലും എഴുതിയിരിക്കുന്നത്. ആദിമസഭയിൽ ദൈവഭവനത്തിൽ ശുശ്രൂഷ ചെയ്തിരുന്ന വിശ്വാസിയെ ഇപ്പോൾ പരമോന്നതമായ ദൈവികാരാധനയിൽ വെറും പ്രേക്ഷകരായി അകറ്റിനിർത്തുന്നത് ശരിയാണോ എന്നാണ് അദ്ദേഹം ചോദിക്കുന്നത്. ബുദ്ധിയുള്ള പരിഷ്കൃതമനുഷ്യൻ യാന്ത്രികമായി ദിവ്യബലിസമയത്ത് നില്ക്കുന്നു. അതും ആഴ്ചതോറും നിർബന്ധമായും വന്ന് നില്ക്കണമെന്ന് സഭ കല്പിക്കുകയും ചെയ്യുന്നു.[47]

## സഭയിൽ വിലക്കപ്പെട്ട സ്വാതന്ത്ര്യങ്ങൾ

കത്തോലിക്കസഭയിൽനിന്ന് വേർപെട്ടുപോയ എല്ലാ ക്രിസ്തീയസഭകളോടും (Protestent and Eastern Orthodox churches) ഒരു കാലത്ത് കത്തോലിക്കസഭയ്ക്ക് എതിർപ്പായിരുന്നു. പിന്നീടത് ആധുനിക ചിന്താഗതിയോടും സമ്പ്രദായങ്ങളോടുമുള്ള (modernism) എതിർപ്പായി മാറി. അങ്ങനെ പ്രോട്ടസ്റ്റാന്റിസവും മോഡേണിസവും കമ്യൂണിസംപോലെ സഭയ്ക്ക് കൊള്ളരുതാത്ത ഇനങ്ങളായി. ജനതയുടെ പരമാധികാരത്തെയും (Sovereignity of the people) ഭരണഘടനാപരമായ ജനാധിപത്യത്തെയും (constitutional democracy) സഭ എതിർത്തു. കൂടാതെ മതസ്വാതന്ത്ര്യം (religous freedom), മനഃസാക്ഷിസ്വാതന്ത്ര്യം (freedom of conscience) പ്രസിദ്ധീകരണസ്വാതന്ത്ര്യം (freedom of the press), സംഘടിക്കാനുള്ള സ്വാതന്ത്ര്യം (freedom of assembly), പുതിയ ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ (new scienctific discoveries), പരിണാമ സിദ്ധാന്തം (theory of evolution), ചരിത്രപരമായ നിരൂപണവും വിമർശനവും (historical criticism), വാതകദീപം, (gas lighting) തൂക്കുപാലം (suspension bridge) എല്ലാം സഭാധികാരികളുടെ നിഗമനത്തിൽ കൊള്ളരുതാത്തവയായിരുന്നു.

സഭാംഗങ്ങൾക്ക് സ്വകാര്യവിധികൾ (Private judgement), സ്വാഭിപ്രായസ്വാതന്ത്ര്യം (freedom of opinion) സ്വധിഷണ ഉപയോഗം (exercise of intellect)എന്നിവയെല്ലാം നിഷേധിക്കപ്പെട്ടിരുന്നു. സഭയുടെ മേൽനോട്ടമില്ലാതെ പണ്ഡിതർക്ക് സ്വതന്ത്രഗവേഷണവും വിലക്കിയിരുന്നു. ഇന്നും ആ സ്ഥിതി തുടരുന്നു.

## മാർപാപ്പാ

കത്തോലിക്കാസഭയുടെ പഠനമനുസരിച്ച് പോപ്പ് പത്രോസിന്റെ പിൻഗാമിയാണ്; ക്രിസ്തു പത്രോസിനു നല്കിയ താക്കോലിന്റെ അധികാരം കൈകാര്യം ചെയ്യുന്ന ക്രിസ്തുവിന്റെ ഭൂമിയിലെ വികാരിയാണ് (മത്താ. 16: 18–19). പോപ്പിൽകൂടി മാത്രം ദൈവാനുഗ്രഹം മറ്റുള്ളവർക്ക് ലഭിക്കുന്നു. "എന്റെ കുഞ്ഞാടുകളെ മേയിക്കുക" (യോഹ. 21: 15); "എന്റെ ആടുകളെ മേയിക്കുക (യോഹ. 21: 17). ലോകത്തിൽ മാർപാപ്പാ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെടും (മത്താ. 16: 19). ഇതെല്ലാം കത്തോലിക്കസഭയുടെ പോപ്പുശാസ്ത്രമാണ് (പോപ്പോളജി). ഇതിനെല്ലാം മേലുദ്ധരിച്ചതുപോലുള്ള വിശുദ്ധഗ്രന്ഥ തെളിവുകൾ കണ്ടുപിടിച്ച് റോമാപുരിയാണ് ഒന്നാം പോപ്പായ പത്രോസിന്റെ ആസ്ഥാനമെന്ന് സ്ഥാപിച്ചുകൊണ്ടുള്ള പോപ്പോളജി കത്തോലിക്കസഭയിലെ വികസിതശാസ്ത്രങ്ങളിലൊന്നാണ്. തൊഴിൽകൊണ്ടു മുക്കുവനായിരുന്ന പത്രോസ് ക്രിസ്തുവിന്റെ പ്രധാനശിഷ്യനായിരിക്കാം. അപ്പോസ്തലൻ എന്ന സ്ഥിതിക്ക് പത്രോസ് സഭയുടെ ആധ്യാത്മികഗുരുവാണ്. എന്നാൽ

മുക്കുവന്റെ പിൻതുടർച്ചക്കാരനായ പോപ്പ് ഇന്ന് പഴയ റോമാചക്രവർത്തിമാരുടെ വേഷവിധാനങ്ങളും സ്ഥാനമാനങ്ങളും സംജ്ഞകളുമെല്ലാം ഉപയോഗിച്ച് റോമിൽ വാണരുളുന്നു. ആധുനികലോകത്തിന് യോജിക്കുന്ന രീതിയിലുള്ളതും സുവിശേഷാധിഷ്ഠിതവുമായ ഒരു പേപ്പസി സഭയുടെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ് (പേപ്പസിയെ സംബന്ധിച്ചുള്ള കൂടുതൽ പഠനങ്ങൾക്ക് 'മതാധിപത്യം കത്തോലിക്കസഭയിൽ' എന്ന പുസ്തകത്തിലെ 4-ാം അധ്യായം കാണുക).[48]

## സഭയിൽ മെത്രാന്മാരുടെ നിയമനം

സ്ഥാനികളുടെ അധികാരശ്രേണിയുള്ള സംഘടനകളെല്ലാം (hierarchial formed organizations) പ്രതിഫലം/ശിക്ഷ എന്ന ഫോർമുലയെ (formula) ആശ്രയിച്ചാണ് നയിക്കപ്പെടുന്നത്. കത്തോലിക്കസഭയിലെ സ്ഥാനികളുടെ നിയമനത്തിൽ ഈ ഫോർമുല കൃത്യമായി പാലിക്കുന്നുണ്ടെന്നുള്ളത് വളരെ സ്പഷ്ടമാണ്.

ക്രിസ്തീയസമൂഹമാകുന്ന കുടുംബത്തിന്റെ നായകനായിട്ടാണ് മെത്രാനെ നിയമിക്കുന്നത്. പക്ഷേ കുടുംബാംഗങ്ങൾ അറിയാതെ റോം നിയമിച്ചയാളാണ് കുടുംബത്തലവൻ. കുടുംബാംഗങ്ങൾക്ക് ആ കുടുംബത്തലവനോട് ബഹുമാനാദരവുണ്ടാകണമെന്നില്ല. കുടുംബത്തലവൻ കുടുംബാംഗങ്ങൾക്ക് അന്യനുമാണ്. കുടുംബത്തലവന് കുടുംബാംഗങ്ങളോട് സ്നേഹമുണ്ടായിരിക്കണമെന്നില്ല. കുടുംബത്തലവൻ കുടുംബാംഗങ്ങളെ ഭരിക്കുകയാണ് ചെയ്യുന്നത്. അതിനദ്ദേഹത്തെ കുറ്റം പറയാൻ സാധിക്കയില്ല. റോമിന്റെ കാരുണ്യം കൊണ്ടാണല്ലോ അദ്ദേഹത്തിന് മെത്രാൻസ്ഥാനം ലഭിച്ചത്. ആ ഏകകാരണം കൊണ്ടുതന്നെ അദ്ദേഹത്തിന് സ്വന്തം സമൂഹത്തിനോടുള്ളതിനേക്കാൾ കൂടിയ കൂറ് റോമിനോടുണ്ടായിരിക്കണമല്ലോ. നമ്മുടെ സഭയുടെ ഇപ്പോഴത്തെ പോക്ക് ഈ കാഴ്ചപ്പാടിന്റെ യഥാർഥരൂപം വെളിവാക്കുന്നതാണ്.

മെത്രാന്മാരെ തെരഞ്ഞെടുക്കുന്നത് വിശ്വാസസമൂഹം അവരുടെ സമൂഹത്തിൽ നിന്നായിരിക്കണം. റോമിന്റെ ഇംഗിതപ്രകാരം അവർക്കിഷ്ടമുള്ള വ്യക്തിയെ ഒരു രൂപതയുടെ മെത്രാനാക്കി അയയ്ക്കുന്നത് നീതീകരിക്കാൻ സാധിക്കുന്ന പ്രവൃത്തിയല്ല. റോമിനുള്ള ആ അധികാരമാണ് ഇന്ന് ലോകം മുഴുവൻ യഥാസ്ഥിതികമെത്രാന്മാരെക്കൊണ്ട് നിറയാൻ കാരണം. രൂപതകൾ റോമിന്റെ ഉപസംസ്ഥാനമല്ല. റോമൻ കോർപ്പറേഷന്റെ തദ്ദേശശാഖയുമല്ല. മറിച്ച്, ഓരോ രൂപതാസമൂഹവും ആ രൂപതയുടെ സ്വന്തം മെത്രാന്റെ നായകത്വത്താൽ കൂട്ടായ്മയായി നിന്നുകൊണ്ട് ദൈവവചനത്തെ പിൻതുടരുന്നവരാണ്.

ഒരു മെത്രാൻ തന്റെ രൂപതയിലെ ക്ലേർജികളെയും അല്മായരെയും അറിയാൻ കടപ്പെട്ടവനാണ്. ആഴ്ചകൾ തോറും ഇടവകകളിൽ മാറി മാറിത്താമസിച്ച് വികാരിമാർക്കും വിശ്വാസികൾക്കും സഭാജീവിതത്തിൽ

ഉത്തേജനം പകർന്നുകൊടുക്കേണ്ടതാണ്. (എന്റെ 'ഇടയൻ' എന്ന നോവലിൽ ഈ ആശയം വിശദമായി ഞാൻ അവതരിപ്പിച്ചിട്ടുണ്ട്).[49] ഫാദർ തോമസ് മുളഞ്ഞനാനി സി. എസ്. എസ്. ആർ. ഒരു പ്രസിദ്ധീകരണത്തിൽ ഈ ആശയം ചുരുക്കമായി പ്രതിപാദിച്ചിരിക്കുന്നത് വായിക്കുവാനിടയായി. പക്ഷേ, മെത്രാന്റെ അത്തരം പുരോഗമനനീക്കങ്ങളെ വികാരിമാർ നിരുൽസാഹപ്പെടുത്തുന്നു എന്നാണ് അദ്ദേഹം എഴുതിയിരിക്കുന്നത്. കാരണം, പൊതുജനമധ്യത്തിൽ മെത്രാന്റെ പ്രതിച്ഛായയ്ക്ക് കോട്ടം സംഭവിക്കുമെന്നാണ് വികാരിമാരുടെ കണക്കുക്കൂട്ടൽ. യഥാർഥത്തിൽ സത്യം നേരെ മറിച്ചാണ്. മെത്രാന്മാർ നമ്മുടെ കർത്താവിനേക്കാൾ വലിയവരല്ലല്ലോ. കർത്താവിന്റെ പ്രവർത്തനമണ്ഡലത്തിലെങ്ങും സാധാരണക്കാരായിരുന്നു. അതിൽ ചുങ്കക്കാരും മുക്കുവരും കുഷ്ഠരോഗികളും വ്യഭിചാരിണികളും പുറജാതികളും സ്ത്രീകളും ഉൾപ്പെട്ടിരുന്നു. കാലത്തിന്റെ ചുവരെഴുത്തുകളെ മനസ്സിലാക്കാൻ മെത്രാന്മാരും പട്ടക്കാരും ശ്രമിക്കണം.

ഇടയനും ആടും എന്ന പഴഞ്ചൻ കാഴ്ചപ്പാട് ഈ ആധുനിക നൂറ്റാണ്ടിൽ വിലപ്പോവുകയില്ല. ജ്ഞാനസ്നാനം സ്വീകരിച്ച പ്രായപൂർത്തിയിലെത്തിയ അല്മേനിയെ ബഹുമാനപുരസരമാണ് സഭാമേലധികാരികൾ നോക്കിക്കാണേണ്ടത്; അവരുമായി പെരുമാറേണ്ടത്.

പോപ്പോ മെത്രാനോ ഇല്ലാതെ കത്തോലിക്കസഭയില്ല. പോപ്പിന്റെ പ്രധാന ഉത്തരവാദിത്വം സഭയുടെ യോജിപ്പിനെ സുരക്ഷിതമാക്കുക എന്നതാണ്. ഇന്ന് നിലനിൽക്കുന്ന വിപുലമായ സഭാഭരണം സുവിശേഷാധിഷ്ഠിതമല്ല. മെത്രാന്റെ ചുമതല ദൈവജനത്തെ പഠിപ്പിക്കുകയും ശുശ്രൂഷ ചെയ്യുകയും എന്നതാണ്. വിശുദ്ധിയിൽ വിളങ്ങി ശോഭിക്കാൻ മെത്രാൻ കടപ്പെട്ടിരിക്കുന്നു.

സാധാരണ വിശ്വാസികളുടെ ജീവിതശൈലി ഉപേക്ഷിച്ച വ്യക്തികളാണ് മെത്രാന്മാരും പുരോഹിതരും. മെത്രാൻപദവിയും പുരോഹിതപദവിയും സ്വീകരിക്കുന്നതോടെ മെത്രാന്മാർ മെത്രാൻ സമൂഹത്താലും പുരോഹിതർ പുരോഹിതസമൂഹത്താലും വലയം ചെയ്യപ്പെടുന്നു. അവർ ലൈംഗികവേഴ്ചയിൽ ഉൾപ്പെട്ടിട്ടില്ലാത്ത പുരുഷന്മാരാണ്. ലൈംഗികവേഴ്ചയിൽ ഉൾപ്പെട്ടു ജീവിക്കുന്ന അല്മേനിക്കുള്ള അനുഭവജ്ഞാനം ലൈംഗികകാര്യങ്ങളിൽ അവർക്കില്ല. പൗരോഹിത്യം ഈ രണ്ടു വർഗത്തിനായി ഇന്ന് സംവരണം ചെയ്തുവച്ചിരിക്കുകയാണ്. സഭയിലെ നായകത്വവും ഈ വരേണ്യ പുരുഷ അലൈംഗിക വർഗത്തിനാണ് മാറ്റിവച്ചിരിക്കുന്നത്. സഭയിലെ നായകത്വത്തിലുള്ള ഒരു പ്രതിസന്ധിയാണിത്. അല്മായരെയും സഭാനായകത്വത്തിലേക്ക് കൊണ്ടുവരണം. പോപ്പു വേണ്ടെന്നോ മെത്രാൻ വേണ്ടെന്നോ പുരോഹിതൻ വേണ്ടെന്നോ ഭക്താഭ്യാസങ്ങൾ വേണ്ടെന്നോ അല്ല വിവക്ഷ. മറിച്ച്, അല്മായരെ ഗൗരവപൂർവം കാണണമെന്നു മാത്രം.

പോപ്പും മെത്രാനും കൂടിയ സംഘമാണ് കാതോലികത്വത്തിന്റെ അടയാളം, വത്തിക്കാനല്ല. റോമൻ കാര്യാലയങ്ങളോ കർദിനാളന്മാരോ കാനോൻനിയമങ്ങളോ സഭയുടെ സുപ്രധാനഘടകങ്ങളിൽ പെട്ടതല്ല. സുവിശേഷാധിഷ്ഠിതമായ ക്രൈസ്തവജീവിതമാണ് സഭാസംഘടനയെയും സഭാനിയമങ്ങളെയുംകാൾ പ്രധാനമായിട്ടുള്ളത്. ദൈവവചനവും ദൈവജനവും സഭയിൽ എന്നും ഉണ്ടാകും. കൂദാശാപരികർമങ്ങൾക്ക് മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കും. നമ്മുടെ സഭയിൽ കൂദാശാപരികർമങ്ങൾ മുഴുവൻ ഇതിനകം അലങ്കോലപ്പെടുത്തിയിരിക്കുകയാണ്.

ദൈവരാജ്യം കാംക്ഷിക്കുന്നവർ "അധർമത്തിൽ ആനന്ദിക്കുന്നില്ല, സത്യത്തിലാണ് ആനന്ദിക്കുന്നത്" (1 കൊറി. 13: 6), "നിങ്ങൾ ആദ്യം അവന്റെ രാജ്യവും അവന്റെ നീതിയും തേടുക. അങ്ങനെയെങ്കിൽ ഇവയൊക്കെയുംകൂടി നിങ്ങൾക്കു നല്കപ്പെടും" (മത്താ. 6: 33) എന്നിങ്ങനെയുള്ള ദൈവവചനം മറന്ന സഭാധികാരം ഇന്ന് അധർമിയായ ധനികനും വിശ്വാസികൾ ധർമാനുസാരികളായ ദരിദ്രരുമായാണ് കാണപ്പെടുന്നത്.

രണ്ടാം വത്തിക്കാൻ കൗൺസിൽ വഴി ഉണ്ടായ നല്ല കാര്യങ്ങളെ ഞങ്ങൾ നശിപ്പിക്കുകയല്ലാ; മറിച്ച്, കൗൺസിൽ വഴി ഉണ്ടായ നവീകരണത്തെ ഞങ്ങൾ നവീകരിക്കുകയാണെന്നാണ് യഥാസ്ഥിതിക സഭാധികാരികളുടെ മനോഭാവം. ദൈവം മനുഷ്യവർഗത്തിനുവേണ്ടി ചിലതു ചെയ്തു. അതിൽ ഒന്നാണ് നിത്യരക്ഷ. പക്ഷേ, നിത്യരക്ഷ നിങ്ങൾക്കു കിട്ടാൻ നിങ്ങൾ ഞങ്ങൾ ചിന്തിക്കുന്നതുപോലെ ചിന്തിക്കണമെന്നാണ് സഭാധികാരികളുടെ പഠിപ്പിക്കൽ.

ഇന്നുള്ള അപ്പോസ്തലർ തനിക്കുവേണ്ടി താൻ എല്ലാമാകുന്നു എന്നു വിശ്വസിക്കുന്നവരാണ്. ആ അഹങ്കാരമനഃസ്ഥിതിക്ക് ആത്യന്തികമായി മാറ്റം വരണം. അവർ സഭയിൽ ഏറ്റവുമധികം പ്രത്യേക ആനുകൂല്യങ്ങൾ അനുഭവിക്കുന്നവരാണ്; നിയന്ത്രണശക്തിയുള്ളവരാണ്; സുരക്ഷിതത്വമുള്ളവരാണ്; ശക്തമായ അധികാരമുള്ള വർഗമാണ്. ശ്രദ്ധിക്കൂ: അവർ അതേസമയം ഉത്കണ്ഠ നിറഞ്ഞവരും ചിന്താക്കുഴപ്പക്കാരും പരിവർത്തനമാകുന്ന കടലിൽ നഷ്ടപ്പെട്ടവരുമാണ്. അതിന്നനുസൃതമായി കൂടുതൽ കൂടുതൽ പ്രമാണിത്തത്തിനും അധികാരകേന്ദ്രീകരണത്തിനും അവർ രാപകൽ പരിശ്രമിക്കുന്നുമുണ്ട്. പത്രോസിന്റെ പിൻഗാമികൾ എന്നഭിമാനിക്കുന്ന മാർപാപ്പാമാരെ മുൻകാലങ്ങളിൽ പല്ലക്കിൽ ഇരുത്തി ചുമന്നുകൊണ്ടു നടന്നു. വാഹനം പള്ളിമുറ്റംവരെ എത്തുകയില്ലെന്ന കാരണത്താൽ കുന്നുംപുറത്തു സ്ഥിതിചെയ്യുന്ന എന്റെ ഇടവകപ്പള്ളിയിൽ ജയിംസ് കാളാശ്ശേരി മെത്രാനെ കസേരയിൽ ഇരുത്തി ഇടവകക്കാർ ചുമന്നാണ് പള്ളിയിലെത്തിച്ചത്! മെത്രാൻ അന്ന് അനാരോഗ്യവാനായിരുന്നില്ല.

## സഭാധികാരികൾക്കുള്ള ലോകപരിചയം

മെത്രാന്മാരും കർദിനാളന്മാരും എതെങ്കിലും അല്മേനിയുമായി സംസാരിക്കാനിടയായാൽ അത് മധ്യവയസ്ക്കരോ പ്രായം ചെന്നവരോ ആയിട്ടായിരിക്കും. ചെറുപ്പക്കാരുമായി അവർക്ക് യാതൊരു ഇടപെടലുകളുമില്ല. അതുകൊണ്ട് ചെറുപ്പക്കാർ എങ്ങനെയുള്ളവർ എന്ന് അവർക്ക് അറിയില്ല. ചെറുപ്പക്കാരാണ് സഭയുടെ ഭാവി. അവരെ നന്നായി പഠിക്കേണ്ടത് സഭയുടെ ആവശ്യമാണ്. അമേരിക്കൻ ഐക്യനാടുകളിലെ പ്രസിഡന്റായിരിക്കെ ജോർജ് ബുഷ് (2000–2008) ഒരു സൂപ്പർ മാർക്കറ്റിൽ എന്തോ വാങ്ങിക്കാനായി പോയി. വാങ്ങിക്കാൻ ഉദ്ദേശിക്കുന്ന സാധനങ്ങളുടെ വില നൽകാനായി ടെല്ലറുടെ കൗണ്ടറിൽ എത്തിയപ്പോൾ സാധനങ്ങൾ സ്കാൻ ചെയ്ത് വില തിട്ടപ്പെടുത്തി കൊടുക്കുന്നതുകണ്ടപ്പോൾ അദ്ദേഹം അത്ഭുതത്തോടെ പറഞ്ഞത്, 'സാങ്കേതികമായ അത്ഭുതം' (technological wonder) എന്നാണ്. അമേരിക്കൻ പ്രസിഡന്റ് സൂപ്പർ മാർക്കറ്റിലെ സ്കാനിംഗ് യന്ത്രമെങ്കിലും കണ്ടു. സീറോ മലബാർ സഭയിലെ എത്ര മെത്രാന്മാർ കടകളിലുപയോഗിക്കുന്ന സ്കാനിംഗ് യന്ത്രം കണ്ടിട്ടുണ്ട്? അവർ സാധാരണക്കാരുടെ ജീവിതരീതിയിൽ നിന്നു മാറി അഭിവന്ദ്യരുടെ വലയത്തിനുള്ളിൽ ജീവിക്കുകയാണ്. ഒരു സാധാരണ വിശ്വാസിയുടെ ജീവിതപ്രശ്നങ്ങളെ സംബന്ധിച്ച് അവർ അജ്ഞരാണ്. ഈ അജ്ഞരാണ് സാധാരണ വിശ്വാസിയെ സംബന്ധിക്കുന്ന മതപരവും സാമ്പത്തികവും രാഷ്ട്രീയവും സാന്മാർഗികവുമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നത്. അവരെല്ലാം സഭയിലെ മുൻവിധിക്കാരും സമ്പർക്കരഹിതരുമായ വൃദ്ധരാണ്. അവർ ഉപദേശിക്കുന്നത് അവർ അഭ്യസിക്കാറില്ല. "നീ ഇതു വിശ്വസിക്കണം" എന്ന പഴഞ്ചൻ സമീപനം ഇന്നത്തെ ചെറുപ്പക്കാരുടെ ഇടയിൽ വിലപ്പോകില്ല. അവർ ചോദിക്കും: "എന്തുകൊണ്ട്?"

## വൈദികർ

ലത്തീൻ കത്തോലിക്കസഭയിൽ മെത്രാന്മാരാൽ നിയമിതരായി ഇടവകകളിൽ സേവനം ചെയ്യുന്ന പുരോഹിതരാണ് ക്ലേർജികൾ. എല്ലാ പട്ടക്കാരും ക്ലേർജികളല്ല. എന്നാൽ ക്ലേർജികളെല്ലാം പട്ടക്കാരാണ്. നസ്രാണിസഭയിൽ പട്ടക്കാരാകാനുള്ളവരെ ഇടവകക്കാർ തെരഞ്ഞെടുത്തിരുന്നു. വൈദികപഠനം പൂർത്തിയാക്കി പട്ടമേറ്റ് സ്വന്തം ഇടവകയ്ക്കുവേണ്ടി അദ്ദേഹം സേവനം ചെയ്തിരുന്നു. അതിനാൽ പട്ടക്കാർക്ക് കൂറ് ഇടവകക്കാരോടായിരുന്നു. നസ്രാണികത്തനാരന്മാർ വിവാഹിതരുമായിരുന്നു. ആ സമ്പ്രദായത്തെ തകിടംമറിച്ച് മെത്രാന്റെ ശമ്പളക്കാരായി ഇടവകഭരിക്കുന്നവരും മെത്രാന്റെ ഇഷ്ടാനുസരണം സ്ഥലം മാറ്റപ്പെടുന്നവരും അവിവാഹിതരുമായ അച്ചന്മാരാണ് നസ്രാണിസഭയിലെ വൈദികർ ഇന്ന്. ഇപ്പോൾ വൈദികർക്ക് കൂറ് മെത്രാനോടാണ്. സ്നേഹത്താൽ ഒരു കൂട്ടാ

യ്മയായി നയിക്കപ്പെടേണ്ട സഭ ഇന്ന് നിയമമാകുന്ന ചങ്ങലയാലാണ് നയിക്കപ്പെടുന്നത്.

## വൈദിക ബ്രഹ്മചര്യം

വൈദികരെ സംബന്ധിച്ചുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ തലവനായി 2006-ൽ ബ്രസീലിലെ കർദിനാൾ ക്ലൗഡോ ഹൂമസ് (Claudo Hummes) നിയമിതനായി. അദ്ദേഹം റോമിലേക്ക് പുറപ്പെടുന്നതിനു മുമ്പ് മാധ്യമങ്ങൾ അദ്ദേഹവുമായി ഒരഭിമുഖസംഭാഷണം നടത്തുകയുണ്ടായി. പുരോഹിതർ അവിവാഹിതരായിരിക്കണമെന്നുള്ളത് ചോദ്യം ചെയ്യാൻ പാടില്ലാത്ത ഒരു സിദ്ധാന്തം (dogma) അല്ലെന്നും ഈ വിഷയം പുനർവിചാരണ ചെയ്യപ്പെടേണ്ടതാണെന്നും അദ്ദേഹം ആ അഭിമുഖ സംഭാഷണത്തിൽ അഭിപ്രായപ്പെടുകയുണ്ടായി. റോമിലെത്തി രണ്ടു മണിക്കൂർ കഴിഞ്ഞപ്പോൾ ആ കർദിനാൾ തന്നെ വൈദിക ബ്രഹ്മചര്യം ചർച്ചയ്ക്കുള്ള വിഷയമല്ലെന്ന് അഭിപ്രായപ്പെടുകയും ചെയ്തു!

2009 മാർച്ച് മാസത്തിൽ ന്യൂയോർക്കിലെ മെത്രാപ്പോലീത്തായായിരുന്ന കർദിനാൾ എഡ്‌വേർഡ് ഈഗൻ (Cardinal Edward Eagan) വിവാഹിതരായ ക്ലേർജികളെ സഭാശുശ്രൂഷയ്ക്കായി പരിഗണിക്കേണ്ടതാണെന്നും സഭാശുശ്രൂഷയ്ക്കായി ഭാവിയിൽ അവരെ നിയോഗിക്കാൻ സാധ്യതകൾ ഉണ്ടെന്നും ന്യൂയോർക്കിൽ പ്രസ്താവിക്കുകയുണ്ടായി.[50] അദ്ദേഹം 2009 ഫെബ്രുവരിയിൽ റിട്ടയർ ചെയ്തശേഷമായിരുന്നു ഈ പ്രസ്താവന. ഈ അഭിപ്രായം പരസ്യമായി പ്രസ്താവിക്കാൻ അദ്ദേഹം റിട്ടയർ ചെയ്യാൻ നോക്കിയിരുന്നു. ഇതാണ് ക്ലേർജികളുടെ ഇരട്ടത്താപ്പു നയം!

മിൽവാക്കി (Milwaukee) അതിരൂപതയിലെ 160 വൈദികർ കൂടി അമേരിക്കൻ ബിഷപ്സ് കോൺഫറൻസിന്റെ അധ്യക്ഷൻ ബല്ലവിൽ (Belleville) ബിഷപ്പ് വിൽട്ടൻ ഗ്രിഗരിക്ക് (Bishop Wilton Gregory) വൈദികബ്രഹ്മചര്യം ഓരോ വൈദികന്റെയും തീരുമാനത്തിന് (optional) വിട്ടുകൊടുക്കണമെന്ന് കാണിച്ച് ഒരു മെമ്മോറാണ്ടം 2003 സെപ്റ്റംബർ 4-നു നല്കുകയുണ്ടായി. ക്ലേർജികൾ അവിവാഹിതരായിരിക്കണം എന്ന റോമിന്റെ തീർപ്പ് ശരിയല്ലെന്ന് മാത്രമല്ല ആ വിഷയത്തെപ്പറ്റി കൂടുതൽ തുറന്ന സംവാദങ്ങൾ ഉണ്ടാകാനും വേണ്ടിയായിരുന്നു ആ വൈദികർ മെത്രാനച്ചന് മെമ്മോറാണ്ടം അയച്ചത്. ഗ്രിഗരി മെത്രാൻ, മെമ്മോറാണ്ടം അയച്ച വൈദികർക്ക് മറുപടി നൽകാതെ, മിൽവാക്കി മെത്രാപ്പോലീത്തായ്ക്ക് ഒരു വിശദീകരണ മറുപടി ഓഗസ്റ്റ് 18, 2003-ൽ നല്കുക മാത്രമേ ചെയ്തുള്ളു. അമേരിക്കൻ ബിഷപ്സ് കോൺഫറൻസ് അധ്യക്ഷനായ ഗ്രിഗരി മെത്രാന് അദ്ദേഹത്തിന്റെ വ്യക്തിപരമായ നിലപാട് എന്തായിരുന്നാലും, റോമിനെതിരായി ഉരിയാടാൻ കഴിയുമോ? അവിവാഹിതാവസ്ഥ ദൈവത്തിങ്കലേക്ക് കൂടുതൽ അടുക്കാനുള്ള ആധ്യാത്മിക വഴി ആണെന്നാണ് ഗ്രിഗരി മെത്രാ

നച്ചന്റെ അഭിപ്രായം. 'ദൈവം സ്നേഹമാകുന്നു' എന്നത് ദൈവവചന മായിരിക്കെ, ഭാര്യാഭർത്താക്കന്മാരുടെ മഹത്ത്വീകൃതവും അത്യുദാത്തവു മായ സ്നേഹമല്ലേ ദൈവത്തിങ്കലേക്ക് അടുക്കാനുള്ള മാതൃകാവഴി എന്ന ചോദ്യം ഇവിടെ അവശേഷിക്കുന്നുണ്ട്.

'നീ നിന്റെ ജീവിതകാലത്തൊരിക്കലും ഒരു സ്ത്രീയെ സ്നേഹിക്കു കയില്ലെന്ന് എന്റെ മുമ്പിൽ പ്രതിജ്ഞ എടുത്താൽ മാത്രമേ നിനക്കു ഞാൻ വൈദികപട്ടം നൽകൂ' എന്നാണ് ഇന്ന് ഓരോ മെത്രാനും ശഠി ക്കുന്നത്. അത് റോമിന്റെ കല്പനയാണ്. 'നീ വിവാഹിതനാണെങ്കിലും നിന്നെ ഞാൻ സ്ഥിരഡീക്കനാക്കാം. പക്ഷേ, നിന്റെ ഭാര്യ മരിച്ചാൽ നീ വേറൊരു സ്ത്രീയെ സ്നേഹിക്കയില്ലെന്ന് എഴുതി ഒപ്പിട്ടുതരണം.' ഇതും റോമിന്റെ കല്പനയാണ്.

വൈദികർ ബ്രഹ്മചാരികളായിരിക്കണമെന്നുള്ള നിയമം കാലഹരണ പ്പെട്ടതും ആധുനികലോകത്തിന് യോജിക്കാത്തതുമാണ്. ഈ ശാസനം കാരണം 1,50,000-ഓളം വൈദികർ സഭവിട്ട് പോയിട്ടുണ്ട്. ഇത് സംഭവി ച്ചില്ലായിരുന്നു എങ്കിൽ ഇന്നത്തെ സഭ ഇതിൽ കൂടുതൽ പുഷ്ടിപ്പെടു മായിരുന്നു. പത്രോസിനെപ്പോലെ അവരും ദൈവശുശ്രൂഷയ്ക്കായി തങ്ങളെത്തന്നെ അർപ്പിച്ചവരായിരുന്നു.

ബ്രഹ്മചര്യം എപ്പോഴും വ്രതമെടുത്ത സന്ന്യസ്തർക്ക് മാറ്റിവച്ചിരിക്കു ന്നതാണ്. അവർ ആ ജീവിതരീതി സ്വയം തെരഞ്ഞെടുത്തതാണ്. എന്നാൽ പൗരോഹിത്യത്തിന് ബ്രഹ്മചര്യാവസ്ഥ അനിവാര്യമല്ല. അപ്പോൾ എല്ലാ പുരോഹിതരും ബ്രഹ്മചാരികളായിരിക്കണമെന്നുള്ളത് ദൈവത്തെ പരീക്ഷിക്കലാണ്. ബ്രഹ്മചാരികളായ സന്ന്യസ്തർ അവരുടെ ആശ്രമങ്ങളിൽ ഒരുമിച്ചു ജീവിക്കുന്നു. ഇടവകപ്പട്ടക്കാരായ വൈദികർ പള്ളിമേടയിൽ ഒറ്റയ്ക്കു ജീവിക്കുന്നു. "മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല" (ഉൽപ. 2:18) എന്ന് ദൈവം അറിഞ്ഞിരുന്നതിനാൽ ഒരു സഹാ യിയെ ദൈവം അവനുണ്ടാക്കിക്കൊടുത്തു. ക്ലേർജികൾ അവിവാഹിത രായിരിക്കണമെന്നുള്ള മാർപാപ്പാമാരുടെ അർഥമില്ലാത്ത പിടിവാശി അടുത്ത ഭാവിയിലെങ്കിലും മാറ്റണം. പുരോഹിതരെ വിവാഹിതരാകാൻ അനുവദിച്ചുകൊണ്ടായിരിക്കണം സഭാനവീകരണം ആരംഭിക്കാൻ. ലൈംഗികതയെയും സ്ത്രീകളെയും തിരുവിവാഹമെന്ന കൂദാശയെയും വില ഇടിച്ചു കാണാൻ ബ്രഹ്മചര്യം എന്ന ആശയം കാരണമായിട്ടുണ്ട്.

## പുരോഹിത ബാലരതി

അമേരിക്കയിലെ ബിഷപ്സ് കോൺഫറൻസിന്റെ റിപ്പോർട്ട് പ്രകാരം 1950-നും 2002-നുമിടയ്ക്ക് 4392 വൈദികർ 10,667 കുട്ടികളെ ലൈംഗിക മായി പീഡിപ്പിച്ചു എന്നാണ് കാണുന്നത്. ഒന്നോ രണ്ടോ പുരോഹിതർ സെമിനാരിയിൽനിന്ന് ഒരുപ്രകാരം പട്ടം കിട്ടിയശേഷം ഓടിനടന്ന് വില്ലന്റെ വേഷം കെട്ടുന്നു എന്ന നിഗമനത്തിൽ എത്താൻ സാധാരണ

ക്കാർക്ക് സാധിക്കുകയില്ല. 75 ശതമാനം അല്മായരും ഇതിന്റെ പ്രധാന കാരണം മെത്രാന്മാരാണെന്നുള്ള അഭിപ്രായത്തിലാണ്. ഒരു പ്രത്യേക പുരോഹിതനെയോ ഒരു പ്രത്യേക മെത്രാനെയോ പഴിച്ചിട്ടു കാര്യമില്ല. മൂല്യവിചാരമില്ലാത്ത സഭാധികാരികളുടെ ധാർമിക അധഃപതനമാണി തെന്ന് അനുമാനിക്കുന്നതായിരിക്കും ശരി. സഭയിൽ സംഭവിച്ച ഈ പേക്കിനാവിനുള്ള കാരണം സാമൂഹ്യ-ചരിത്ര ചുറ്റുപാടുകളിൽ തിരയു ന്നതായിരിക്കും ഉചിതം.

## പുരോഹിതബാലരതി അപലനീയം

ദുഷിച്ച ജനതയെ (Pedophile priests) ഒരിടവകയിൽനിന്നു മറ്റൊരിടവ കയിലേക്കോ ഒരു രൂപതയിൽനിന്നു മറ്റൊരു രൂപതയിലേക്കോ ഒരു രാജ്യ ത്തുനിന്നു മറ്റൊരു രാജ്യത്തേക്കോ സ്ഥലംമാറ്റം നല്കി വീണ്ടും കുട്ടി കളെ പീഡിപ്പിക്കാൻ സഭാശ്രേഷ്ഠന്മാർ അനുവദിച്ചു. ഈ സഭാമൂപ്പന്മാ രുടെ ധാർമികബോധം എവിടെ? പുരോഹിത ലൈംഗിക അതിക്രമ അപ വാദത്തിന്റെ കേന്ദ്രബിന്ദു വത്തിക്കാനാണ്. കാരണം, വത്തിക്കാനിലെ അധികാരഘടന പുരോഹിതാതിക്രമങ്ങളെ മറച്ചു വയ്ക്കുന്ന മെത്രാ ന്മാരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനു പകരം ശിക്ഷയിൽനിന്നൊ ഴിവാക്കി രക്ഷിക്കുകയാണ് ചെയ്തത്. സിവിൽ അധികാരികളിൽ നിന്ന് അവരെ രക്ഷിക്കാൻ വത്തിക്കാന്റെ വാതിലുകൾ അവർക്കു തുറന്നു കൊടുത്തു (ബോസ്റ്റൻ അതിരൂപതാധ്യക്ഷൻ കർദിനാൾ ബർണാർഡ് ലോയെ ഓർമിക്കുക). അതാണ് സഭ 'ദുഷിച്ച ജനതയുടെ സങ്കേതം' (repository for the degraded) എന്ന അപരനാമത്തിൽ അറിയപ്പെടാൻ കാരണം. കത്തോലിക്കസഭ മുങ്ങിപ്പോകാൻ സാധിക്കയില്ലാത്ത ടൈറ്റാ നിക്ക് (Titanic) ആണെന്നു വിചാരിക്കുന്നത് ഭോഷത്തമാണ്.

അമേരിക്കയിൽ വൈദിക പീഡനത്തിനിരയായവർ സിവിൽ കോട തിയിൽ നഷ്ടപരിഹാരത്തിനായി കേസുകൊടുത്തു. അതിക്രമം കാണിച്ച വൈദികർ രൂപതയുടെ സ്വതന്ത്ര ഉടമ്പടിക്കാർ (Independent contractors) ആണെന്നും ആ കാരണത്താൽ പീഡിപ്പിക്കപ്പെടുന്നവർക്ക് നഷ്ടപരി ഹാരം നൽകാൻ രൂപതകൾക്ക് ഉത്തരവാദിത്വമില്ലെന്നും ചില സഭാശ്രേ ഷ്ഠന്മാർ കോടതിയിൽ വാദിച്ചു. വിശ്വാസികൾ എങ്ങനെ ഈ ശ്രേഷ്ഠ ന്മാരെ പുച്ഛിക്കാതിരിക്കും? വിശ്വാസികളുടെ ഹൃദയത്തിൽ ഇത്തരം മുപ്പ ന്മാരോട് ബഹുമാനവും ആദരവും ഇല്ലാതെ പോകുന്നത് അവരുടെ അനീ തിപരമായ പ്രവൃത്തികളാണ്. വിശ്വാസികൾക്ക് സഭാജീവിതത്തിൽ നിന്നു ലഭിക്കുന്നതിനേക്കാൾ കൂടിയ നീതി സിവിൽജീവിതത്തിൽ ലഭിക്കുന്നു ണ്ട്. എം. പി. പോളും മുണ്ടശ്ശേരിയുമൊക്കെ ഇതിനുദാഹരണങ്ങളല്ലേ? സിവിൽ കോടതിയിൽനിന്നു വിവാഹമോചനം നേടിയവർക്കും പൗരോ ഹിത്യവൃത്തി ഉപേക്ഷിച്ചുപോയ പുരോഹിതർക്കും ദിവ്യകാരുണ്യം സ്വീക രിക്കുന്നതിൽനിന്ന് പള്ളി മുടക്കു കല്പിച്ചിരിക്കുന്നു. എന്നാൽ കുട്ടികളെ

ലൈംഗികമായി പീഡിപ്പിച്ച് ഗുരുതരമായ അപരാധവും പാപവും ചെയ്ത പുരോഹിതർക്ക് ദിവ്യബലി എന്ന കൂദാശ അർപ്പിക്കാം. പള്ളിയുടെ കാപട്യത്തിനൊരതിരില്ലല്ലോ!

## പുരോഹിത ബാലരതി/സ്ത്രീപൗരോഹിത്യം

വൈദികരുടെയും വൈദികശ്രേഷ്ഠന്മാരുടെയും കുട്ടികളുടെ മേലുള്ള സെക്സ് അബ്യൂസ് ഏറ്റവും ഗുരുതരമായ കുറ്റകൃത്യമായി കണക്കിലെടുത്ത് ഓരോ രൂപതയും എങ്ങനെയാണ് കാനോനികമായി പ്രവർത്തിക്കേണ്ടതെന്നുള്ളതിന്റെ വിശദീകരണം 2010 ജൂലൈ 15-ാം തീയതി വത്തിക്കാൻ പ്രസിദ്ധം ചെയ്യുകയുണ്ടായി. ഈ പ്രസ്താവനയുടെ ഭാഗമായി സ്ത്രീപൗരോഹിത്യത്തിന് ശ്രമിക്കുന്നതും സാന്മാർഗികതയ്ക്കെതിരായ, ഏറ്റവും ഗൗരവതരമായ, കുറ്റകൃത്യമായി (delicta graviora, most serious crime) വത്തിക്കാൻ ഉൾപ്പെടുത്തുകയുണ്ടായി. ലിംഗഭേദത്താൽ സഭാജീവിതത്തിൽ ഞെരുക്കപ്പെടുന്ന സ്ത്രീകളുടെ ലിംഗസമത്വസമരത്തിൽ ആത്മാർഥമായി പോരാടുന്നവരെയും കുട്ടികളെ ലൈംഗികമായി പീഡിപ്പിക്കുന്ന പുരോഹിത ക്രിമിനലുകളെയും ഒരേ തലത്തിൽ കാണുന്ന വത്തിക്കാന്റെ ധാർമികബോധത്തെപ്പറ്റി എന്തുപറയണം? സ്ത്രീലിംഗത്തെയും ലൈംഗികതയെയും അറപ്പോടും അവജ്ഞയോടും കൂടിയാണ് വത്തിക്കാൻ എന്നും വീക്ഷിക്കുന്നത്. അതേസമയംതന്നെ പുരോഹിത ലൈംഗിക അതിക്രമങ്ങളെ കുമ്പസാരിച്ചാൽ തീരുന്ന പാപമായി ലാഘവത്തോടെ കാണുകയും കുറ്റവാളിയെ രക്ഷിക്കാൻ തിടുക്കം കാണിക്കുകയും ചെയ്യുന്നു. ഈ കർദിനാളന്മാരുടെയും മെത്രാന്മാരുടെയും മനഃസാക്ഷി എവിടെ? ലോകത്തെമ്പാടുമുള്ള കുട്ടികളെ പുരോഹിതരിൽനിന്നു സംരക്ഷിക്കാൻ എല്ലാ രീതിയിലുമുള്ള നീക്കങ്ങൾ നടത്താൻ സഭ കടപ്പെട്ടിരിക്കുന്നു.

## പാശ്ചാത്യ സഭയിലെ പ്രതിസന്ധി

പാശ്ചാത്യ കത്തോലിക്കസഭയിലെ രൂക്ഷമായ പ്രതിസന്ധി ക്ലേർജികളുടെ സെക്സ് അബ്യൂസ് കേസുകളും ക്ലേർജിക്ഷാമവുമാണ്. സഭയുടെ സന്മാർഗത്തെ മുറുകെ പിടിക്കുകയും സ്വയം അഭ്യസിക്കുകയും വിശ്വാസികളെ ആ മാർഗത്തിലൂടെ നയിക്കുകയും ചെയ്യേണ്ട ക്ലേർജികളാണ് കത്തോലിക്കസഭയ്ക്ക് മൊത്തത്തിലുണ്ടായ നാണക്കേടിനു കാരണം. സഭാധികാരികളും അല്മായരുമായുള്ള ബന്ധമാണ് ഇവിടെ അപകടത്തിലാകുന്ന വിഷയം. സഭാധികാരികളോട് സാധാരണ വിശ്വാസികൾക്കുള്ള അമർഷം ഇവിടെ വളരെ വ്യക്തമാണ്.

## സ്വവർഗരതി

ദൈവത്തിന്റെ പ്രതിരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യരിൽ ചിലർ (ആണും പെണ്ണും) ജന്മനാതന്നെ സ്വവർഗരതിയിലേക്ക് ചായ്വുള്ളവ

രാണ്. അവർക്ക് ഹെറ്ററോ സെക്ഷ്വലിനെപ്പോലെ ബ്രഹ്മചര്യം കാക്കാൻ സാധിക്കുകയില്ലെന്നുള്ള വത്തിക്കാന്റെ കണ്ടുപിടുത്തവും നിലപാടും അപലപനീയമാണ്. അവിവാഹിതർ തമ്മിലുള്ള സംഭോഗം, കൃത്രിമജനനനിയന്ത്രണം, സ്വയംഭോഗം തുടങ്ങിയവ സഭ മുടക്കിയിരിക്കുന്നതുപോലെ സ്വവർഗരതിക്രിയയും മുടക്കപ്പെട്ടിരിക്കുന്നതാണ്. പിന്നെന്തുകൊണ്ട് ബ്രഹ്മചര്യം പ്രതിജ്ഞ എടുക്കുന്ന സ്വവർഗരതിയിലേക്ക് ചായ്‌വുള്ള പുരുഷന്മാരെ വൈദികാന്തസ്സിലേക്ക് സ്വീകരിച്ചുകൂടാ.

ദൈവം തന്റെ സ്നേഹം സ്വവർഗരതിക്കാർക്കും അല്ലാത്തവർക്കും ഒന്നുപോലെ വർഷിക്കുന്നു. സഭയോടുള്ള ഭയംകൊണ്ട്, സ്ഥാപിതസഭ സ്വവർഗരതിയിലേക്ക് ചായ്‌വുള്ളവരെ പീഡിപ്പിക്കുമ്പോൾ, നാം മൗനം പാലിക്കുന്നു. സ്വവർഗരതിയിലേക്ക് ചായ്‌വുള്ള ഫാ. മൈക്കിൾ എഫ്. ജഡ്ജ്, ഒ. എഫ്. എം. (Fr. Mychal F. Judge, O. F. M.) ന്യൂയോർക്ക് സിറ്റിയിലെ ഫയർ ഫൈറ്റേഴ്സിന്റെ ചാപ്ളയിൻ ആയിരുന്നു. അദ്ദേഹവും 2001 സെപ്റ്റംബർ 11-ലെ വേൾഡ് ട്രേഡ് സെന്ററിലെ ദുരന്തത്തിൽ മറ്റ് 300 ഫയർ ഫൈറ്റേഴ്സിനോടൊപ്പം കൊല്ലപ്പെട്ടു. ഫയർ ഫൈറ്റേഴ്സിന് ആധ്യാത്മികശുശ്രൂഷ ചെയ്തതിനാലാണ് അദ്ദേഹവും കൊല്ലപ്പെടാനിടയായത്. പോപ്പ് ബനഡിക്റ്റ് പതിനാറാമന്റെ കീഴിൽ അദ്ദേഹം ഒരു കത്തോലിക്കപുരോഹിതൻ ആകുമായിരുന്നില്ല. അദ്ദേഹവും മറ്റ് നൂറുകണക്കിന് പുരോഹിതരും സന്ന്യാസവൈദികരും മെത്രാന്മാരും സെമിനാരിപ്പടി കാണുമായിരുന്നില്ല. പൂർവകാലങ്ങളിൽ ഒരു വൈദികൻ ബ്രഹ്മചര്യപ്രതിജ്ഞ എടുക്കണമെന്നേ ഉണ്ടായിരുന്നുള്ളു. അവർ അവരുടെ പ്രതിജ്ഞ കാത്തുസൂക്ഷിക്കാൻ കടപ്പെടുന്നു. അല്ലാതെ അവരുടെ ലൈംഗിക വളവും തിരിവും എങ്ങോട്ട്, ഏതു രീതിയിൽ, എന്നാരും തിരക്കിയിരുന്നില്ല. സ്വവർഗരതിയിലേക്ക് ചായ്‌വുള്ളവർ ബ്രഹ്മചര്യപ്രതിജ്ഞ എടുക്കുന്നപക്ഷം അത്തരം വ്യക്തികളെയും പൗരോഹിത്യത്തിലേക്ക് സ്വീകരിക്കണം. സഭാനവീകരണത്തിന്റെ ഭാഗമായിരിക്കണം ഈ തിരുത്തൽ.

## തരിശാകുന്ന കന്യാസ്ത്രീമഠങ്ങൾ

കത്തോലിക്കസഭയിൽ ഇന്ന് ഏഴു ലക്ഷത്തിൽപ്പരം കന്യാസ്ത്രീകൾ സേവനം ചെയ്യുന്നുണ്ട്. സ്കൂളുകൾ, കോളേജുകൾ, ആശുപത്രികൾ, ആതുരശാലകൾ മുതലായവ നടത്തിക്കൊണ്ടുപോകുന്നതു കൂടാതെ കുഷ്ഠരോഗികളെയും എയ്ഡ്സ് ബാധിച്ചവരെയും ശിശുക്കളെയും വൃദ്ധരെയും ദരിദ്രരെയുമെല്ലാം അവർ ശുശ്രൂഷിക്കുന്നുമുണ്ട്. ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ മൂന്നു വ്രതങ്ങൾ സ്വമനസ്സാ സ്വീകരിച്ച്, അവർ 'ക്രിസ്തുവിന്റെ മണവാട്ടി'കളായി ജീവിക്കുന്നു. ജനിച്ചുവളർന്ന കുടുംബത്തെയും മറ്റു ബന്ധുമിത്രാദികളെയും മോക്ഷത്തെപ്രതി ഉപേക്ഷിക്കുന്ന അവർക്ക് സ്വന്തമായി കുടുംബമില്ല. മഠത്തിന്റെ നാലു മതി

ലുകൾക്കുള്ളിലാണ് അവർ അന്തിയുറങ്ങുന്നത്. പരാതികളൊന്നുമില്ലാതെ, അഥവാ ഉണ്ടെങ്കിൽത്തന്നെ അതു സഹിച്ചുകൊണ്ട്, ത്യാഗപൂർണമായ ജീവിതം നയിക്കുന്ന അവർ എരിഞ്ഞുതീരുന്ന ഒരു മെഴുകുതിരിപോലെയാണ്. യഥാർഥത്തിൽ കന്യാസ്ത്രീകൾ സഭയിലെ രത്നങ്ങളാണ്.

കന്യാസ്ത്രീകൾ ആവുക എന്നത് അടുത്തകാലംവരെ കത്തോലിക്കയുവതികൾക്ക് വിദ്യാഭ്യാസത്തിനും ജീവസന്ധാരണത്തിനും ഒരു പരിധിവരെ സ്വതന്ത്രജീവിതത്തിനും ഉതകുന്ന ഒരു മാർഗമായിരുന്നു. എന്നാൽ ഈ ആധുനികകാലത്ത് സമൂഹത്തിൽ സ്ത്രീവിമോചന വിപ്ലവത്തിലൂടെ സ്ത്രീജീവിതത്തിന് കാതലായ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. സ്ത്രീകളുടെ വിദ്യാഭ്യാസസാധ്യതകൾ വളരെയധികം വർധിച്ചു. ഇന്നു സ്ത്രീകൾക്ക് പ്രഫഷണലായ നല്ല ജോലികൾ അതിശീഘ്രം ലഭിക്കും. നല്ല വേതനം വാങ്ങി മാന്യമായി ജീവിക്കാനും അങ്ങനെ പണം സമ്പാദിക്കാനുമുള്ള സാധ്യതകളും സ്ത്രീകളുടെ ഇടയിൽ വർധിച്ചു. കൂടാതെ കന്യാസ്ത്രീജീവിതത്തെപ്പറ്റി അനുഭവങ്ങളിലൂടെ കൂടുതൽ പഠിക്കാനും ഇന്ന് യുവതികൾക്ക് അവസരമുണ്ട്. സ്ത്രീകളോടു പൊതുവേയും കന്യാസ്ത്രീകളോടുമുള്ള സഭയുടെ നിലപാടുകൾ എത്ര യാഥാസ്ഥികമാണെന്ന് അവർക്കു മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ഇക്കാരണങ്ങളാൽ കന്യാസ്ത്രീകളുടെ എണ്ണം കുത്തനെ താഴേക്കു പോയ്ക്കൊണ്ടിരിക്കുന്നു. 1970 -കളിൽ പത്തു ലക്ഷത്തിലധികം കന്യാസ്ത്രീകൾ ഉണ്ടായിരുന്നിടത്ത് ഇന്ന് ഏഴുലക്ഷം കന്യാസ്ത്രീകളേയുള്ളൂ. അഞ്ചുവർഷം മുമ്പ് 8% യുവതികൾ കന്യാസ്ത്രീജീവിതം സ്വീകരിക്കുന്നതിനെപ്പറ്റി ചിന്തിക്കുമായിരുന്നു. ഇന്നത് വെറും 4% ആയി കുറഞ്ഞിരിക്കുന്നു എന്നാണ് സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നത് (Centre for Applied Research in the Apostolate). അമേരിക്കയിലെ കന്യാസ്ത്രീകളുടെ ശരാശരി പ്രായം ഇന്ന് 70 ആണ്. 1965-ൽ 1,17,950 കന്യാസ്ത്രീകൾ ഉണ്ടായിരുന്ന അമേരിക്കയിൽ 2003-ൽ 73,000 ഉം 2010-ൽ 50,000-ൽപ്പരം മാത്രവുമായി കുറഞ്ഞിരിക്കുകയാണ്. ഈ വൃദ്ധകളായ കന്യാസ്ത്രീകളെ നല്ല പാഠം പഠിപ്പിക്കാനായി അപ്പോസ്തലിക്ക് വിസിറ്റേഷൻ എന്ന ഓമനപ്പേരും നല്കി റോം ഇൻക്വിസിഷന്റെ പിൻതലമുറക്കാരെ വിട്ടിരിക്കുന്നു.

സഭയിൽ സ്ത്രീകളെ രണ്ടാംതരം പൗരരായാണു കാണുന്നതെന്ന് അറിയാവുന്ന യുവതികൾ കന്യാസ്ത്രീജീവിതാന്തസ്സിനെ എങ്ങനെ പരിഗണിക്കും? 2004-ൽ കർദിനാൾ റാറ്റ്സിംഗർ (ഇപ്പോഴത്തെ മാർപ്പാപ്പാ) ഇങ്ങനെ എഴുതി: "സ്ത്രീകൾ വഴങ്ങി ജീവിക്കുന്ന പങ്കാളികൾ ആയിരിക്കണം." ഗോത്രാധിപത്യവിവേചനം (patriarchal apartheid) കൊടികുത്തിവാഴുന്ന കത്തോലിക്കസഭയിൽ ലിംഗസമത്വം (gender equality) എന്നുണ്ടാകാനാണ്? സ്ത്രീവിദ്വേഷികളായ ഒരുപറ്റം ആംഗ്ലിക്കൻ സഭാംഗങ്ങളെ കത്തോലിക്കസഭയിലേക്ക് സ്വീകരിക്കാൻ വത്തിക്കാൻ രണ്ടു കയ്യും നീട്ടി

യിരിക്കുകയാണ്. സാധാരണ വിശ്വാസിക്ക് ദുസ്സഹദുഃഖം ഉളവാക്കുന്ന അസംബന്ധങ്ങളാണ് വത്തിക്കാൻ ചെയ്തുകൊണ്ടിരിക്കുന്നത്.

പുരാതന റോമൻ അടിമകളെപ്പോലെ കന്യാസ്ത്രീകളെക്കൊണ്ട് വേല ചെയ്യിപ്പിച്ച് സഭ ഇന്ന് മുതൽകൂട്ടുകയാണ്. വീടുവീടാന്തരം കയറിയിറങ്ങി മെത്രാനുവേണ്ടി പണപ്പിരിവു നടത്തിയും റബ്ബറുവെട്ടിയും സ്കൂളിൽ പഠിപ്പിച്ചുമെല്ലാം അവർ പണം സമ്പാദിക്കണം. കന്യാസ്ത്രീകൾ സഭയുടെ കറവപ്പശുക്കളാണ്. മഠം വിട്ടുപോയാൽ ഒരു കന്യാസ്ത്രീക്ക് ജീവസന്ധാരത്തിന് യാതൊരു മാർഗവുമില്ലെന്നുള്ളത് കഷ്ടമല്ലേ? സഭയുടെ നീതിബോധം എവിടെ?

## കന്യാസ്ത്രീപീഡനങ്ങൾ

U. K. യിലെ ടീനാ ബെറ്റി (Dr. Tina Beattie, Professor, Rochampton University) നല്കുന്ന വാർത്ത നമ്മെ നടുക്കേണ്ടതാണ്. വൈദികരിൽനിന്നും മെത്രാന്മാരിൽനിന്നും വ്യാപകമായ രീതിയിൽ ലൈംഗികപീഡനങ്ങളും ബലാൽസംഗങ്ങളും നടക്കുന്നുണ്ടെന്നാണ് അവർ പറയുന്നത്. ആ വിവിരം കന്യാസ്ത്രീസഭകളുടെ സുപ്പീരിയേഴ്സ് റോമിനെ ധരിപ്പിച്ചെങ്കിലും കാര്യമായ നടപടികളൊന്നും വത്തിക്കാൻ സ്വീകരിച്ചിട്ടില്ല. വത്തിക്കാനോടുള്ള കന്യാസ്ത്രീകളുടെ വിധേയത്വമില്ലായ്മയാണ് ഇത്തരം റിപ്പോർട്ടുകൾ വത്തിക്കാനു നല്കാൻ കാരണമെന്നാണ് മെത്രാന്മാരുടെ നിലപാട്. കന്യാസ്ത്രീകളിൽനിന്ന് ലൈംഗികസഹായസന്നദ്ധത ലഭിക്കാൻ പുരോഹിതർ അവരുടെ സാമ്പത്തികവും ആധ്യാത്മികവുമായ ശക്തികൾ ദുരുപയോഗിക്കുന്നു എന്നാണ് ഈ വിഷയത്തെ സംബന്ധിച്ചുള്ള പഠനങ്ങളിൽനിന്ന് വ്യക്തമാകുന്നത്. കന്യാസ്ത്രീകൾ ലൈംഗികപീഡനങ്ങൾ അധികമായി നേരിടുന്നത് ഇരുപത്തേഴു രാജ്യങ്ങളിലാണ്. ഇന്ത്യയും ആ ലിസ്റ്റിൽ പെടുന്നുണ്ട് എന്നുള്ളത് നമുക്ക് ലജ്ജാകരമല്ലേ? ലൈംഗികപീഡനങ്ങൾ നേരിടാൻ അശക്തരായ കന്യാസ്ത്രീകൾ സഹനത്തിലൂടെ മൗനം പാലിക്കുന്നു. കന്യാസ്ത്രീകളെയും കുട്ടികളെയും ലൈംഗികമായി പീഡിപ്പിക്കുന്ന കാര്യം 'പൊന്തിഫിക്കൽ സീക്രട്ടായി' വത്തിക്കാൻ സൂക്ഷിക്കുന്നു. ഇത്തരം മെത്രാന്മാരും പുരോഹിതരും മരണാനന്തരം പാർക്കുന്ന ഇടമല്ലേ നരകം?

ചെയ്ത തെറ്റു മറച്ചുവയ്ക്കാതെ അംഗീകരിക്കുകയും തെറ്റു തിരുത്തുകയുമല്ലേ ചെയ്യേണ്ടത്? പൊന്തിഫിക്കൽ സീക്രട്ടായി ഇത്തരം കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് കത്തോലിക്കാസഭയ്ക്കു ഭൂഷണമല്ല. അതുവഴി സഭ പൊതുജനദൃഷ്ടിയിൽ പരിഹാസപാത്രമാകുകയാണ് ചെയ്യുന്നത്.

2005-ൽ മാർപാപ്പാ ആഫ്രിക്ക സന്ദർശിച്ചപ്പോൾ ദൈവദാനമായ അവിവാഹിതാവസ്ഥയിൽ ജീവിക്കുന്നതിലൂടെ വൈദികർ സഭാസേവനം ചെയ്യണമെന്ന് പ്രസ്താവിക്കുകയുണ്ടായി. ഗർഭനിരോധനം, ഗർഭച്ഛിദ്രം,

സ്വവർഗരതി, വൈദികബ്രഹ്മചര്യം, സ്ത്രീപൗരോഹിത്യനിഷേധം മുതലായ സഭാസിദ്ധാന്തങ്ങളെ മുറുകെപ്പിടിക്കുന്ന മാർപാപ്പായ്ക്ക് കന്യാസ്ത്രീകളെ വൈദികർ ലൈംഗികമായി പീഡിപ്പിച്ചാലും കന്യാസ്ത്രീകളുടെ വിധേയത്വമാണ് പ്രധാനം! സ്ത്രീപുരുഷന്മാരുടെ ജനനേന്ദ്രിയ സാന്മാർഗികതയുടെ കുത്തകാവകാശം ദൈവദത്തമായി തങ്ങൾക്കു ലഭിച്ചിട്ടുണ്ടെന്ന് വത്തിക്കാനിലെ ഈ വൃദ്ധന്മാർ ധരിച്ചുവശായിരിക്കുന്നതാണ് ഈ അപചയത്തിനു കാരണം.

ഫീനിക്സ് (Phoneix) രൂപതയുടെ അതിർത്തിയിൽപ്പെട്ട ഒരു ആശുപത്രിയാണ് സെൻ്റ് ജോസഫ് ഹോസ്പിറ്റൽ ആൻഡ് മെഡിക്കൽ സെൻ്റർ (St. Joseph Hospital and Medical Centre). ആ ആശുപത്രിയുടെ അഡ്മിനിസ്ട്രേറ്ററും ആ ആശുപത്രിയിലെതന്നെ എത്തിക്സ് കമ്മറ്റിയിലെ ഒരു മെമ്പറുമായിരുന്നു സി. മാർഗരറ്റ് മക്ബ്രൈഡ് (Sr. Margaret McBride). തള്ളയുടെ മരണവും ഭ്രൂണനാശവും 100% ഉറപ്പാണെന്നുള്ള ഡോക്ടറന്മാരുടെ റിപ്പോർട്ടിൻ്റെ അടിസ്ഥാനത്തിൽ അഞ്ചാഴ്ച മാത്രമായ ഒരു ഗർഭത്തെ അവസാനിപ്പിക്കാൻ എത്തിക്സ് കമ്മറ്റിയുടെ തീരുമാനത്തോട് സി. മക്ബ്രൈഡും യോജിച്ചു. അതിൻ്റെ പേരിൽ ഫീനിക്സ് ബിഷപ്പ് തോമസ് ഓംസ്റ്റഡ് (Thomas Olmsted) സി. മക്ബ്രൈഡിനെ സ്വയം പ്രേരിത മഹറോൻ ശിക്ഷയിൽ (automatic excommunication, latae sententiae) ഉൾപ്പെടുത്തി. ഈ സംഭവം നടക്കുന്നത് 2010-ലാണ്. ബിഷപ്പിൻ്റെ തീരുമാനത്തിൽ പൊതുജനം അതൃപ്തരായി. മാസങ്ങൾക്കുശേഷം ബിഷപ്പ് സിസ്റ്ററിൻ്റെ പേരിലുള്ള മഹറോൻശിക്ഷ പിൻവലിക്കേണ്ടിവന്നു. അതേസമയം എട്ടും പത്തും വയസ്സുപ്രായമുള്ള കുട്ടികളെ പുരോഹിതനോ മെത്രാനോ പീഡിപ്പിച്ചാൽ സഭ അയാൾക്ക് സ്ഥാനക്കയറ്റമോ സ്ഥലംമാറ്റമോ നല്കും. എന്തൊരു വിരോധാഭാസം! മഠങ്ങളിൽ സ്വന്തം മക്കളോ സഹോദരിമാരോ പീഡിപ്പിക്കപ്പെടുകയും കഷ്ടപ്പെടുകയും ചെയ്യുന്നുണ്ടോ എന്ന് അന്വേഷിക്കാനും ഉണ്ടെന്നറിഞ്ഞാൽ സഭാധികാരികളോട് ന്യായീകരണം ആവശ്യപ്പെടാനും രക്തബന്ധമുള്ള മാതാപിതാക്കൾക്കും സഹോദരീസഹോദരന്മാർക്കും കടപ്പാടില്ലേ? മഠത്തിൽവിട്ടെന്നും പോയെന്നും പറഞ്ഞ് സ്വന്തം ഉത്തരവാദിത്വങ്ങളിൽനിന്ന് ആരും ഒഴിഞ്ഞുമാറാൻ പാടില്ല.

## മൂല്യച്യുതി സംഭവിച്ച കുടുംബങ്ങൾ

ഗാർഹിക പീഡനം: കേരളം രണ്ടാംസ്ഥാനത്ത് എന്ന് ജസ്റ്റിസ് എസ്. ആർ. ബന്നൂർമാത്ത് (Justice S. R. Bannurmath) വെളിപ്പെടുത്തുകയുണ്ടായി. മൂന്നരലക്ഷം ഗർഭഛിദ്രങ്ങളാണ് 2009-ൽ കേരളത്തിൽ നടന്നത്. 'ദൈവത്തിൻ്റെ സ്വന്തം നാടും' ക്രിസ്ത്യാനികൾ ഏറെ ഉള്ളതുമായ ഈ സംസ്ഥാനത്ത് എന്തുകൊണ്ട് ഗാർഹിക പീഡനവും ഗർഭഛിദ്രവും കൂടിവരുന്നു എന്ന് നാം ചിന്തിക്കേണ്ടതാണ്. ധാർമ്മിക മൂല്യങ്ങൾ പൊതുജ

നങ്ങളിൽ ഊട്ടി വളർത്താൻ ആദ്ധ്യാത്മിക നേതാക്കൾ അമ്പേ പരാജയപ്പെട്ടു എന്നതിന്റെ സ്പഷ്ടമായ തെളിവാണിത്. സ്ത്രീകൾ രണ്ടാം തരം പൗരരും ഭർത്താവിന്റെ സ്വത്തും എന്നു ചിന്തിക്കുന്ന സഭാധികാരികൾക്ക് സ്ത്രീപീഡനത്തെ ഒരു കുറ്റകൃത്യമായി കാണാൻ കഴിയുന്നില്ല. അൾത്താരബാലന്മാരെ സെക്സ് അബ്യൂസ് ചെയ്തത് കുട്ടികൾക്കെതിരായ ഒരു കുറ്റകൃത്യമല്ലെന്നും കുമ്പസാരിച്ചാൽ തീരുന്ന പാപമാണെന്നും അമേരിക്കയിലെ ചില മെത്രാന്മാർ പബ്ളിക് പ്രോസിക്യൂട്ടറോട് വാദിച്ച സംഭവം ഇപ്പോൾ എന്റെ ഓർമ്മയിൽ വരുന്നു.

പരമ്പര കൊലയാളിയെ (Serial killer) സഭ മഹറോൻ ചൊല്ലുന്നില്ല. എന്നാൽ ചിന്താക്കുഴപ്പം പറ്റിയ പതിപ്രായമുള്ള (teenager) ഒരു പെൺകുട്ടി അവിവാഹിതയായിരുന്നപ്പോൾ ഗർഭിണിയായാൽ അവൾ കൊടുംപാപം ചെയ്തവളായി. കൊലയാളിയേക്കാൾ വലിയ പാപിനിയായി അവളെ കാണുന്നു. സമൂഹം അവൾക്ക് ഭ്രഷ്ട് കൽപിക്കുന്നു. അവളെ എന്നന്നേയ്ക്കുമായി ക്രൂശിക്കുന്നു. വ്യഭിചരിച്ചവളോട് യേശു പറഞ്ഞു: "ഞാനും നിനക്കു ശിക്ഷ വിധിക്കുന്നില്ല, പൊയ്ക്കൊള്ളൂ. ഇനി പാപം ചെയ്യരുത്" (യോഹ. 8:11).

## ദൈവജനം

രണ്ടാം വത്തിക്കാൻ കൗൺസിൽ പുറപ്പെടുവിച്ച 'തിരുസ്സഭ' എന്ന പ്രമാണരേഖയിലെ രണ്ടാം അധ്യായത്തിൽ ദൈവജനം എന്ന ആശയത്തെ വളരെ സമ്യക്കായി പ്രതിപാദിച്ചിട്ടുണ്ട്. ക്രിസ്തുയേശുവിലുള്ള സ്നാപനം വഴി (പുതിയ ഉടമ്പടി പ്രകാരം) ദൈവജനമെല്ലാം സഭയിലെ അംഗങ്ങളാകുന്നു. ദൈവജനം എന്ന നിലയിൽ (പട്ടക്കാരോ അല്മേനിയെന്നോ ഉള്ള വർഗവ്യത്യാസമില്ലിവിടെ) സഭാംഗങ്ങൾ എല്ലാവരും തുല്യരാണ്. എന്നാൽ അല്മേനികൾക്ക് സഭയിൽ മുഴുവനായ ഭാഗഭാഗിത്വത്തിന് സാധ്യതകൾ ഇന്നില്ല. പള്ളി ദൈവജനത്തിന്റേതാണ്. അതിനാൽത്തന്നെ സഭയുടെ എല്ലാ തലങ്ങളിലും പുരോഹിത വരേണ്യവർഗത്തോടൊപ്പം അല്മായവർഗവും പങ്കാളികളാകേണ്ടതാണ്. ജോൺ പോൾ രണ്ടാമൻ മാർപാപ്പാ തന്റെ ദീർഘമായ സഭാഭരണകാലത്ത് നസ്രാണികളെ പൗരസ്ത്യകാനോൻനിയമത്തിലൂടെ വിശുദ്ധമായ രീതിയിൽ പിടിച്ചെടുക്കുകയാണ് ചെയ്തത്. വിദ്യാസമ്പന്നരും പ്രബുദ്ധരുമായ നസ്രാണികൾ മർതോമായുടെ നിയമപ്രകാരമുള്ള പള്ളിഭരണം പുനഃസ്ഥാപിച്ചു കിട്ടാനാണാഗ്രഹിക്കുന്നത്. സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും രാഷ്ട്രീയവും സാന്മാർഗികവുമായ കാര്യങ്ങളിൽ കാതലായ പരിവർത്തനങ്ങൾ നസ്രാണി സഭയിൽ സംഭവിച്ചില്ലെങ്കിൽ സഭ ഭാവിയിൽ അതിന് വലിയ വില കൊടുക്കേണ്ടിവരും.

സഭാശുശ്രൂഷയിൽ അല്മായരെയും സജീവമായി പങ്കെടുപ്പിക്കണം. ക്ലേർജിവർഗത്തോട് ഒപ്പമാകാൻ പരിശ്രമിക്കുന്ന എതിരാളികളായി

അവരെ കാണുന്നത് ശരിയല്ല. സഭയിലെ 99% വിശ്വാസികളും അല്മായരാണ്. സഭ അല്മായരെ ആശ്രയിച്ചാണിരിക്കുന്നത്.

## മൂന്നാം വത്തിക്കാൻ കൗൺസിലും സ്ത്രീകളും

രണ്ടാം വത്തിക്കാൻ കൗൺസിൽ നടന്നുകൊണ്ടിരുന്ന കാലത്ത് ജർമൻ പ്രസ് സെന്റർ ഡയറക്ടർ ബിഷപ്പ് കാംപെ (Germal Press Centre Director Bishop Kampe) ഒരു പ്രസ് കോൺഫറൻസ് നടത്തുകയുണ്ടായി. സ്ത്രീകളെ കൗൺസിലിലേക്ക് ക്ഷണിക്കുമോയെന്ന് ദൈവശാസ്ത്രജ്ഞയായ യോസഫാ തെരെസാ മിൻച്ച് (Josefa Theresia Minch) ബിഷപ്പ് കാംപെയോട് ചോദിച്ചു. അദ്ദേഹത്തിന്റെ ആദ്യത്തെ പ്രതികരണം അമ്പരപ്പും കോപവും പരിഹാസച്ചിരിയുമായിരുന്നു. അതിനുശേഷം അദ്ദേഹം സ്ത്രീകളെ മൊത്തത്തിൽ തള്ളിക്കളഞ്ഞുകൊണ്ട് ആക്ഷേപരൂപത്തിൽ കളിവാക്കായി പറഞ്ഞത് “മൂന്നാം വത്തിക്കാനിൽ സ്ത്രീകളും ഉണ്ടാകും” എന്നാണ്.[51]

സ്ത്രീകളോടുള്ള തെറ്റായ പെരുമാറ്റത്തെ ശാശ്വതീകരിക്കുന്നത് സഭയ്ക്ക് തെറ്റുപറ്റുകയില്ല എന്ന് സ്ഥാപിക്കാനാണ്. അത് ആധുനിക പാപമാണ്, മാർപാപ്പായുടെ പാപമാണ്. തെറ്റായ പൈതൃകത്തെ പൊക്കിപ്പിടിക്കുന്നത് കീഴടക്കാനാവാത്ത അറിവില്ലായ്മയാലല്ല; മറിച്ച്, അറിവില്ലാത്തവരെ മുതലെടുക്കാനാണ്. നിരപരാധിത്വത്തെ പോഷിപ്പിക്കലാണ്. സമകാലിക ഹയരാർക്കി സമകാലിക സ്ത്രീസ്വാതന്ത്ര്യവാദത്തെപ്പറ്റിയും മറ്റു പല വിമോചനപ്രസ്ഥാനങ്ങളെപ്പറ്റിയും അറിവില്ലാത്തവരാണ്. സ്ത്രീകളെ വിവേചിച്ചു കാണുന്ന സഭാധികാരികൾ തങ്ങൾക്ക് തെറ്റുപറ്റുകയില്ലെന്ന് സ്വയം വാദിക്കുന്നു. സഭയുടെ നന്മയ്ക്ക് എന്ന ധാർഷ്ട്യത്തിൽ സ്ത്രീവർഗത്തെ ഒന്നടങ്കം അധാർമികമായി പീഡിപ്പിക്കുന്നുതു ശരിയോ?

ക്രിസ്ത്യാനികളായ 50% വരുന്ന സ്ത്രീകൾക്ക് ദൈവതിരുമുമ്പിൽ പുരുഷന്മാർക്കു തുല്യമായ അന്തസ്സുണ്ടെങ്കിലും സഭയിൽ ഏറ്റവുമധികം നഷ്ടംപറ്റിയവർ സ്ത്രീകളാണ്. അതിന് കാരണങ്ങൾ പലതാണ്:

1. കാനോൻനിയമത്തിൽ പുരുഷന്മാർക്കു തുല്യമായ അവകാശങ്ങൾ സ്ത്രീകൾക്കില്ല.
2. സ്ത്രീകൾക്ക് നിയമപരമായി പൗരോഹിത്യം വിലക്കിയിരിക്കുന്നു.
3. സഭയുടെ കാഴ്ചപ്പാടിൽ സ്ത്രീകളുടെ മാതൃകാപരമായ ക്രിസ്തീയജീവിതം സന്ന്യസ്തം (കന്യാസ്ത്രീകൾ) ആണ്.
4. സ്ത്രീകളെ സഭയിലെ ഔദ്യോഗികപദവികളിൽനിന്ന് ഒഴിവാക്കിയിരിക്കുന്നു.

## യുവാക്കളും സഭയും

35 വയസ്സിനു താഴെയുള്ള ചെറുപ്പക്കാർക്ക് നല്ല ക്രിസ്ത്യാനിയും നല്ല കത്തോലിക്കനും തമ്മിലുള്ള വ്യത്യാസം അറിയില്ല. അവർ അത നേഷിക്കാറുമില്ല. സഭ സംഘടിതമാണെന്നും ജനാധിപത്യഭരണം സഭ യിലില്ലെന്നും അവർക്കറിയാം. അവർ സഭയെ വ്യക്തിപരമായി നോക്കി ക്കാണുന്നു. ദൈവവും ഓരോ വ്യക്തിയുമായുള്ള സ്വകാര്യജീവിതമാണ് മതമെന്നവർ വിശ്വസിക്കുന്നു. സഭ അതിന് മാർഗനിർദേശം നൽകുന്നു. അവരുടെ നോട്ടത്തിൽ ഒരു മതസമൂഹവും വ്യക്തികളുടെ ജീവിതം എങ്ങനെ നയിക്കണമെന്നതിൽ കൈകടത്താൻ പാടില്ല. ഉപദേശവും മാർഗനിർദേശവുമേ പാടുള്ളൂ. ദൈവനിയമമാണ് സഭാനിയമത്തിലുപരി യെന്ന് അവർ തിരിച്ചറിയുന്നു. ദൈവം സഭയിലൂടെ സംസാരിക്കുന്നു ണ്ടെങ്കിലും സഭ പറയുന്നതെല്ലാം ദൈവസംസാരമാകണമെന്നില്ല. ദൈവ ത്തിന്റെ കരുണ, സ്നേഹം തുടങ്ങിയവയെ സുഗ്രാഹ്യമാക്കാൻ പരിശ്ര മിക്കേണ്ട സഭ കർക്കശവും നിയമബദ്ധവുമായ ഭാഷയിലാണ് സംസാ രിക്കുന്നത്. മരിക്കുമ്പോൾ ദൈവത്തോടാണ്, മെത്രാനോടോ മാർപാപ്പാ യോടോ അല്ല, കണക്കുതീർക്കേണ്ടത് എന്ന് യുവാക്കൾക്കറിയാം.

യൂറോപ്പിലും വടക്കേ അമേരിക്കയിലും തെക്കേ അമേരിക്കയിലു മെല്ലാം ചെറുപ്പക്കാരായ വിശ്വാസികൾ പരമ്പരാഗതമായ പള്ളിപ്രാർഥ നയ്ക്കു പകരം അഥവാ ദിവ്യബലിയിൽ സംബന്ധിക്കുന്നതിനു പകരം ഇതരമാർഗങ്ങൾ സ്വീകരിക്കുന്നു. സാധാരണരീതിയിലുള്ള വസ്ത്രമ ണിഞ്ഞ അവർ കുരിശിന്റെ മുമ്പിൽ വട്ടമിരുന്ന് പാട്ടും വിശുദ്ധഗ്രന്ഥപാ രായണവും പ്രസംഗവുമായി ദൈവവുമായുള്ള അവരുടെ ബന്ധത്തെ ഉറപ്പിക്കുന്നു. മാമൂൽപ്രകാരമുള്ള ഇടവകപ്പള്ളി അവർക്കില്ല. സ്നേഹ സമൂഹത്തെ കണ്ടെത്തലാണ് സോളമന്റെ പോർച്ചിൽ സംഭവിക്കുന്നതെ ന്നാണ് ചെറുപ്പക്കാരിയായ ലോറയുടെ അഭിപ്രായം. വിശുദ്ധഗ്രന്ഥത്തിൽ വെള്ളം ചേർത്ത് വീര്യം കുറയ്ക്കുകയല്ല; മറിച്ച്, വിശുദ്ധ ഗ്രന്ഥത്തെ ഞങ്ങൾ എല്ലാവരും കൂടി തിരിച്ചറിയാൻ പരിശ്രമിക്കുകയാണെന്നാണ് ആ ചെറുപ്പക്കാരുടെ വിലയിരുത്തൽ. ഇത്തരം കൂട്ടായ്മകളാണ് അവ രുടെ പുതിയ പള്ളികൾ. നാലുപേർ എവിടെ കൂടുന്നുവോ അതാണ് പള്ളി. സ്ഥാപിതസഭയുടെ ചിന്താഗതിക്ക് വിപരീതമാണിത്. സ്ഥാനിക ളുടെ അധികാരശ്രേണി ഇത്തരം കൂട്ടായ്മയിലില്ല. വിവിധങ്ങളായ കാഴ്ചപ്പാടുകൾക്ക് ഇത്തരം കൂട്ടായ്മകളിൽ സ്ഥാനമുണ്ട്. ധാരാളം ചെറുപ്പക്കാർ തങ്ങളുടെ വീടുകളിൽ ചെറിയ ചെറിയ പ്രാർഥനായോഗ ങ്ങളും കൂടാറുണ്ട്. അപൂർണരായ ഒരുപറ്റം വിശ്വാസികൾ യഥാർഥജീ വിതം നയിക്കാൻ പരിശ്രമിക്കുന്നു. കർത്താവിന്റെ ശുശ്രൂഷയുടെ മാതൃ കയിൽ തുറന്ന ഹൃദയവുമായി അവർ മറ്റുള്ളവർക്ക് (സഹജീവികൾക്ക്) സേവനം ചെയ്യുന്നു. സ്ഥാപിതവും വിപുലവുമായ പള്ളികളോടുള്ള വിദ്വേ ഷവും പരിവർത്തനവുമാണ് ഇത്തരം കൂട്ടായ്മകൾ. പുതിയ തലമുറ

യുടെ ആധ്യാത്മികസഫലത അതുവഴി അവർ നേടിയെടുക്കുന്നു. പൊടി പിടിച്ച കത്തീഡ്രലുകൾ ചെറുപ്പക്കാർക്ക് അലർജി ഉണ്ടാക്കുന്നു എന്ന തിന്റെ തെളിവാണ് സോളമന്റെ പോർച്ചിലെ കൂട്ടായ്മ.

## തിരുവിവാഹമെന്ന കൂദാശ

ഉത്പത്തിയിൽ നാം ഇങ്ങനെ വായിക്കുന്നു. “അങ്ങനെ ദൈവം സ്വന്തം പ്രതിച്ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു; ദൈവം തന്റെ പ്രതിച്ഛായയിൽ അയാളെ സൃഷ്ടിച്ചു; ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു. ദൈവം അവരെ അനുഗ്രഹിച്ചു; അവരോട് അരുൾ ചെയ്തു: ‘നിങ്ങൾ സന്താന പുഷ്ടിയോടെ പെരുകി ഭൂമിയിൽ നിറഞ്ഞ് ഭൂമിയെ കീഴടക്കുക’.....” (ഉൽപ. 1: 27–28). യേശു ഫരിസേയരോട് പറയുന്നത് ശ്രദ്ധിക്കുക: “ആദി യിൽ സ്രഷ്ടാവ് മനുഷ്യരെ ആണും പെണ്ണുമായി സൃഷ്ടിച്ചു. ‘ഇക്കാര ണത്താൽ പുരുഷൻ മാതാപിതാക്കളെ വിട്ട് ഭാര്യയോടു ചേരണം, അവർ ഇരുവരും ഒരു ശരീരമായിത്തീരണം’ എന്നു കല്പിച്ചു. ഇതൊന്നും നിങ്ങൾ വായിച്ചിട്ടില്ലേ?” (മത്താ. 19: 4–6). ഇതിൽ നിന്നു മനസ്സിലാകു ന്നത് ആണും പെണ്ണുമായി സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ദൈവികനിയമ പ്രകാരമുള്ള കടമ വൈവാഹികജീവിതമാണെന്നാണ്. കന്യാത്വമാണ് (Virginity) ദൈവം കൂടുതൽ അഭിലഷണീയമായി കണ്ടിരുന്നതെങ്കിൽ ആണും പെണ്ണും ഏകശരീരമാകണമെന്നും പുരുഷൻ ഭാര്യയോടു ചേര ണമെന്നും ദൈവം കല്പിക്കുമായിരുന്നില്ലല്ലോ.

പൗരസ്ത്യസഭകളുടെ കാനോനകളിൽ തിരുവിവാഹമെന്ന കൂദാശ യുടെ ഉദ്ദേശ്യം എന്തെന്ന് താഴെ കൊടുക്കുന്നു:

“കാനോന 776: 81. വിവാഹ ഉടമ്പടി സൃഷ്ടികർത്താവിനാൽ സ്ഥാപി തവും അവിടുത്തെ നിയമങ്ങളാൽ നിയന്ത്രിതവുമാണ്. ഇതുവഴി പുരു ഷനും സ്ത്രീയുംതമ്മിൽ പിൻവലിക്കാൻ പാടില്ലാത്ത വ്യക്തിഗതമായ സമ്മതത്താൽ പരസ്പരമുള്ള സമ്പൂർണ ജീവിതക്കൂട്ടായ്മ സംസ്ഥാപി തമാകുകയും ചെയ്യുന്നു. സ്വഭാവത്താൽതന്നെ ഇത് ദമ്പതികളുടെ നന്മയ്ക്കും, സന്താനോത്പാദനത്തിനും, മക്കളുടെ ശിക്ഷണത്തിനുമായി വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നു.” [52]

വിവാഹത്തെ സംബന്ധിച്ച് പൗലോസ് അപ്പോസ്തലന്റെ പഠനം ശ്രദ്ധിക്കുക:

“എന്നാൽ ദുർനടപ്പിലേക്കു പ്രലോഭനം ഉള്ളതുകൊണ്ട് ഓരോ പുരു ഷനും സ്വന്തമായി ഭാര്യയും ഓരോ സ്ത്രീക്കും സ്വന്തമായി ഭർത്താവും ഉണ്ടായിരിക്കണം. ഭർത്താവ് ഭാര്യയോടുള്ള ദാമ്പത്യധർമം നിറവേറ്റണം; അങ്ങനെ തന്നെ ഭാര്യ ഭർത്താവിനോടും. ഭാര്യയ്ക്കല്ല തന്റെ ശരീരത്തി ന്മേൽ അധികാരം, ഭർത്താവിന്നാണ്. അതുപോലെ ഭർത്താവിന്നല്ല തന്റെ ശരീരത്തിന്മേൽ അധികാരം, ഭാര്യക്കാണ്. ഭാര്യാഭർത്താക്കന്മാർ ഉഭയ സമ്മതപ്രകാരം പ്രാർഥനയ്ക്കായി സ്വയം സമർപ്പിക്കുന്ന നിശ്ചിതകാല

ത്തിലല്ലാതെ ഈ അവകാശം അന്യോന്യം നിഷേധിക്കരുത്” (1 കോറി. 7: 2-5).

ഭാര്യ ഭർത്താക്കന്മാർ തമ്മിലുള്ള ലൈംഗികവേഴ്ച വിവാഹ ഉടമ്പടിയിലെ കടമയാണെന്ന് ഇവിടെ വ്യക്തമാണ്. ഭാര്യയുടെയോ ഭർത്താവിന്റെയോ ഉപവിപ്രവൃത്തിയല്ല വിവാഹസംഭോഗം, കടമയാണ്. മനുഷ്യന്റെ വസ്തിപ്രദേശത്തെ ഉത്കണ്ഠ (Pelvic anxiety) തീർക്കലല്ല; മറിച്ച്, സംഭോഗം വഴിയുള്ള ആനന്ദാനുഭൂതിയുടെ അനുഭവമാണത്. കാനോൻ നിയമത്തിൽ വിവാഹം “ഭാര്യാഭർത്താക്കന്മാരുടെ ലൈംഗികാസ്വാദനത്തിനും, സന്താനോത്പാദനത്തിനും, മക്കളുടെ ശിക്ഷണത്തിനുമായി വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നു” എന്ന് തിരുത്തപ്പെടേണ്ടിയിരിക്കുന്നു. സഭയുടെ സെക്സിനോടുള്ള മനോഭാവം മാറ്റിയേ തീരൂ.

## വൈദികരുടെ ഉപരിപഠനം

പാശ്ചാത്യസംസ്കാരവും ഇംഗ്ലീഷ് ഭാഷയും ഇന്ത്യൻ സംസ്കാരത്തെയും ഇന്ത്യൻ ഭാഷകളെയുംകാൾ മെച്ചമാണെന്നുള്ള ആശയം കുട്ടികളിൽ സൃഷ്ടിക്കാൻ മക്കൊളെ പ്രഭു ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ സ്ഥാപിച്ച് പാശ്ചാത്യരീതിയിലുള്ള വിദ്യാഭ്യാസം ഇന്ത്യൻ കുട്ടികൾക്ക് നല്കി. മക്കോളേസ് ചിൽഡ്രൻ (Macaulay's children) എന്നാണവരെ കളിയാക്കി വിളിച്ചിരുന്നത്. ഇന്ന് സീറോ മലബാർ സഭയിൽ നടക്കുന്നതും ഇതു തന്നെ. ചെറുപ്പക്കാരായ വൈദികരെ റോമിൽ വിട്ട് പഠിപ്പിക്കുന്നു. റോമൻ സഭയും റോമൻ സഭയുടെ സഭാഭരണരീതികളുമാണ് നമ്മുടെ സഭയെയും നമ്മുടെ സഭയുടെ ഭരണരീതികളെയുംകാൾ മെച്ചപ്പെട്ടതെന്ന് അവർ കരുതുന്നു. ഈ വൈദികരിൽനിന്നാണ് മെത്രാന്മാരെ തെരഞ്ഞെടുക്കുന്നതെന്നോർക്കണം. പാശ്ചാത്യരീതിയിലുള്ള ജീവിതശൈലി സ്വീകരിച്ച 'റോമൻ ചിൽഡ്രൻ'നാണ് നമ്മുടെ മെത്രാന്മാർ. സീറോ മലബാർ സഭയുടെ നട്ടെല്ലൊടിക്കാൻ ഈ മെത്രാന്മാരെ സഹായത്തിനു ലഭിക്കുമെന്ന് പൗരസ്ത്യസഭകളുടെ തിരുസംഘത്തിനറിയാം. സഭാനവീകരണത്തോടെ നമ്മുടെ മെത്രാന്മാരെ നസ്രാണി മെത്രാന്മാരാക്കി മാറ്റണം. പാശ്ചാത്യ മതകൊളോണിയലിസം അങ്ങനെ നമ്മുടെ സഭയിൽ അവസാനിപ്പിക്കണം.

## അൽമായരും ദൈവശാസ്ത്രപഠനവും

അമേരിക്കയിൽ ഇന്ന് ദൈവശാസ്ത്രത്തിൽ കൂടുതൽ വിദ്യാഭ്യാസം നേടിയവർ ക്ലേർജികളെ അപേക്ഷിച്ച് അല്മായരാണ്. കാത്തലിക്ക് തിയളോജിക്കൽ സൊസൈറ്റി ഓഫ് അമേരിക്കയുടെ (Catholic Theological Society of America) 2010-11-ലെ പ്രസിഡന്റ് (Mary Ann Hinsdale, IHM, Department of Theology, Boston College), വൈസ് പ്രസിഡന്റ് (Susan A. Ross, Department of Theology, Loyola University, Chicago), സെക്രട്ടറി (M.

Theresa Moser, RSCJ, College of Arts and Science, University of San Francisco), എക്സിക്യൂട്ടീവ് ഡയറക്ടർ (Dolores L. Christiane, John Carrrol University, Ohio) എല്ലാം ദൈവശാസ്ത്രപണ്ഡിതകളായ സ്ത്രീകളാണ്. കൂടാതെ രണ്ട് ബോർഡ് ഓഫ് ഡയറക്ടേഴ്സും സ്ത്രീകളാണ്. മൊത്തം 12 പേരുള്ളതിൽ ശേഷിച്ച ആറു പേർ ദൈവശാസ്ത്രജ്ഞരായ പുരുഷ അല്മേനികളാണ്. അവിടെ ധാരാളം കത്തോലിക്ക യൂണിവേഴ്സിറ്റികൾ ഉള്ളതാണതിനു കാരണം.[53] നമ്മുടെ സ്ഥിതിയോ? ദൈവശാസ്ത്രത്തിലും പള്ളിക്കാര്യങ്ങളിലും അറിവുള്ള അല്മേനികളെ വാർത്തെടുക്കുന്നതിൽ നമ്മുടെ സഭ പരാജയപ്പെട്ടെന്ന് അന്തരിച്ച ശ്രേഷ്ഠ മെത്രാപ്പോലീത്താ മാർ വർക്കി വിതയത്തിൽ സമ്മതിക്കുന്നുണ്ട്.[54] നമ്മുടെ സഭയിലെ നിരവധി വൈദികർ വിദേശരാജ്യങ്ങളിൽ പോയി പള്ളി സംബന്ധമായ വിവിധശാസ്ത്രങ്ങളിൽ ഉന്നതബിരുദങ്ങൾ നേടിയിട്ടുണ്ട്. എന്നാൽ ഈവിധ ശാസ്ത്രങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിന് കേരളസഭ അല്മേനികൾക്ക് ഒരവസരം നൽകിയോ? ഇല്ല. ഈ സ്ഥിതി തുടരാൻ പാടില്ല. ഓരോ രൂപതയും ഉത്തമരായ അല്മേനികൾക്ക് ദൈവശാസ്ത്രത്തിലും പ്രേഷിത പ്രവർത്തനത്തിലും സാന്മാർഗികശാസ്ത്രത്തിലുമെല്ലാം ഉന്നതവിദ്യാഭ്യാസം നൽകാനുള്ള വഴികൾ തുറന്നുകൊടുക്കണം.

അല്മായരെ ക്രമാനുഗതമായും ഘടനാപരമായും സഭ ഞെരുക്കുന്നതുകൊണ്ടാണ് അവർ പരസ്യമായി പ്രതിഷേധം പ്രകടിപ്പിക്കുന്നത്. സഭാശ്രേഷ്ഠന്മാർ അല്മേനിയെ വിലകുറഞ്ഞവരും കീഴുള്ളവരുമായി കാണുന്നു. ഒരുതരം പ്രമാണിത്ത ചിന്താഗതിയാണത്. മെത്രാന്മാർക്കും വൈദികർക്കും ശുശ്രൂഷാനായകത്വമേ ഉണ്ടാകാൻ പാടുള്ളൂ. മറ്റു സഭാകാര്യങ്ങളിൽ അധികാരമോ പ്രമാണിത്തമോ ഉണ്ടാകാൻ പാടില്ല. പുരോഹിത ന്യൂനപക്ഷത്തിനാണ് സഭയിൽ ഇന്ന് അധികാരവും സ്വാധീനവും നായകത്വവുമെല്ലാം നല്കപ്പെട്ടിരിക്കുന്നത്. സഭയുടെ രോഗലക്ഷണങ്ങളാണിവ.

## തിരുത്തപ്പെടേണ്ട സഭാശുശ്രൂഷ

സഭാധികാരികൾക്ക് അസൗകര്യം നല്കുന്നവരെ അവർ ഇഷ്ടപ്പെടുകയില്ല. സഭാശുശ്രൂഷയിൽ നിന്ന് അവരെ അകറ്റിനിർത്തും. സഭാധികാരികൾക്ക് സ്വന്തം വിലയിരുത്തലനുസരിച്ചുള്ള പുണ്യപ്പെട്ടവരെ മാത്രം മതി. പാപികളെ വേണ്ട, സഭാനിയമത്തെ എതിർക്കുന്നവരെ വേണ്ട, സഭാനേതാക്കന്മാരെ വിമർശിക്കുന്നവരെ വേണ്ട, പള്ളിക്കു പൈസ കൊടുക്കാത്തവരെ വേണ്ട, വിവാഹിതപൗരോഹിത്യത്തെയോ സ്ത്രീപൗരോഹിത്യത്തെയോ അനുകൂലിക്കുന്നവരെ വേണ്ട, പോപ്പിന്റെ അപ്രമാദിത്വത്തെ എതിർക്കുന്നവരെ വേണ്ട, കുടുംബാസൂത്രണം നടത്തുന്നവരെ വേണ്ട, പുരോഹിതർ വിവാഹിതരായാൽ അവരെയും വേണ്ട, വിവാഹമോചനം നേടിയ വിശ്വാസിയെ വേണ്ട, രണ്ടാം വിവാഹം ചെയ്തവരെ

വേണ്ട, സ്റ്റംസെൽ റിസേർച്ചിനെ അനുകൂലിക്കുന്നവരെ വേണ്ട, കമ്യൂണിസ്റ്റുകാരെ വേണ്ട. പട്ടിക ഇങ്ങനെ നീണ്ടു പോകുന്നു. എന്നാൽ മനുഷ്യകുലത്തെ രക്ഷിക്കാനായി വന്ന യേശു നിരുപാധികമായി എല്ലാവരെയും സ്നേഹിക്കുന്നു. യഹൂദപുരോഹിതരും യഹൂദസമൂഹവും അവജ്ഞയോടെ കണ്ടിരുന്ന വ്യഭിചാരിണികളും ചുങ്കക്കാരും കുഷ്ഠരോഗികളും പുറജാതിക്കാരുമെല്ലാം യേശുവിന്റെ സംഘത്തിൽ ഉണ്ടായിരുന്നു. സഭ ഇന്നു കരുതുന്നതുപോലെ നീതിമാന്മാരെ തേടിയല്ല, പാപികളെ തേടിയാണ് യേശു വന്നത്. യേശു തന്റെ ക്രിസ്തീയകുടുംബത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിൽ പുറപ്പെടുവിച്ച 'സഭ ആധുനിക ലോകത്തിൽ' എന്ന പ്രമാണരേഖ സുപ്രധാനമായൊരാശയം അവതരിപ്പിക്കുന്നുണ്ട്. കാലത്തിന്റെ അടയാളങ്ങൾ (Signs of the times) കാണണമെന്ന്. "ആകാശത്തിന്റെ ഭാവപ്പകർച്ചകൾ വ്യാഖ്യാനിക്കാൻ നിങ്ങൾക്കു കഴിയുന്നു. എന്നാൽ കാലത്തിന്റെ അടയാളങ്ങൾ വ്യാഖ്യാനിക്കാൻ നിങ്ങൾക്കു കഴിയുന്നില്ല" (മത്താ. 16: 3) എന്ന കർത്താവിന്റെ താക്കീതിന്റെ അടിസ്ഥാനത്തിലാണ് കാലത്തിന്റെ അടയാളങ്ങളെ നോക്കിക്കാണണമെന്ന് കൗൺസിൽ പഠിപ്പിച്ചത്. കാലത്തിനനുസരിച്ച് സഭ ബുദ്ധിപൂർവം പരിവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കണമെന്നാണ് കൗൺസിൽ ആഗ്രഹിച്ചത്. പക്ഷേ സഭയിലെ യാഥാസ്ഥിതികവർഗം കൗൺസിലിന്റെ കാഴ്ചപ്പാടിനെ കൂട്ടാക്കാതെ, കാലത്തിന്റെ അടയാളങ്ങളെ വ്യാഖ്യാനിക്കാൻ കഴിയാതെ, പഴമയിലേക്ക് തിരിച്ചുപോയ്ക്കൊണ്ടിരിക്കുകയാണ്. നാശോന്മുഖമായ ഒരു വഴിമാറലാണിത്. ഈ വഴിമാറൽ സഭയെ അധോഗതിയിലേക്കു നയിക്കും.

## പുണ്യവാന്മാരും പുണ്യവതികളും

പുണ്യവാന്മാരും പുണ്യവതികളും വീരോചിതമായ പുണ്യപ്രവൃത്തികൾ ചെയ്തവരായിരിക്കണം. സാധാരണയായി ആരെ പുണ്യവാൻ/പുണ്യവതി ആക്കുന്നു എന്നതിനെപ്പറ്റി വിശ്വാസികൾ വിമർശിക്കാറുണ്ട്. കഴിഞ്ഞ നൂറ്റാണ്ടുകളിൽ വിശുദ്ധരായി സഭ പ്രഖ്യാപിച്ചവരിൽ ബഹുഭൂരിപക്ഷവും യൂറോപ്പിലെ വെള്ളക്കാരും ബ്രഹ്മചാരികളും പട്ടക്കാരും സന്ന്യസ്തരുമായ പുരുഷന്മാരും ചുരുക്കം ചില വിധവകളുമായിരുന്നു. സാർവത്രികസഭയിലെ അംഗങ്ങളായ ഏഷ്യക്കാരും ആഫ്രിക്കക്കാരും പാവപ്പെട്ടവരും വിവാഹിതരുമൊന്നും എന്തുകൊണ്ട് വീരോചിതപുണ്യം ചെയ്യാതെ പോയി എന്നോർത്ത് ചിലരെങ്കിലും അത്ഭുതപ്പെട്ടിട്ടുണ്ടാവും. വിവാഹിതരായ എത്രയോ ഇണകൾ സന്ന്യസ്തരെ വെല്ലുന്ന ക്രിസ്തുശിഷ്യരായി പുണ്യജീവിതം നയിച്ചിട്ടുണ്ട്.

ജോൺ പോൾ രണ്ടാമൻ മാർപാപ്പാ (ഒക്ടോബർ 16, 1979–ഏപ്രിൽ 2, 2005) തന്റെ ഭരണകാലത്ത് 483 പേരെ വിശുദ്ധ പദവിയിലേക്ക് ഉയർത്തി

യിട്ടുണ്ട്. കഴിഞ്ഞ അഞ്ചു നൂറ്റാണ്ടുകളിലെ മാർപാപ്പാമാർ എല്ലാവരും കൂടി ഇത്രയും ആത്മാക്കളെ വിശുദ്ധപദവിയിലേക്ക് ഉയർത്തിയിട്ടില്ല. ഏതായാലും വിശുദ്ധപദവിയിലേക്ക് ഉയർത്തുന്ന കാര്യത്തിൽ ഗിന്നസ് ബുക്ക് ഓഫ് വേൾഡ് റിക്കാർഡിൽ (Guinness Book of World Records) രേഖപ്പെടുത്താൻ അർഹനാണ് ജോൺ പോൾ രണ്ടാമൻ മാർപാപ്പാ. കൂടാതെ 1340 ആത്മാക്കളെ ധന്യരായും (Blessed) അദ്ദേഹം പ്രഖ്യാപിച്ചിട്ടുണ്ട്.

വിവാദങ്ങൾക്ക് കാരണക്കാരായ ചില ആത്മാക്കളെയും വിശുദ്ധരും ധന്യരുമായി പ്രഖ്യാപിച്ചിട്ടുണ്ടെന്നുള്ളത് ആ പദവികളുടെ സ്ഥാനത്തിന് സാരമായ കളങ്കം ചാർത്തിയിട്ടുണ്ടെന്ന ഒരു ദുഃഖസത്യവും നിലവിലുണ്ട്. ഓപ്പൂസ് ദേയിയുടെ (Opus Dei) സ്ഥാപകൻ ഹൊസെ മരിയ എസ്ക്രിവയെ (Jose Maria Escriva) വിശുദ്ധപദവിയിലേക്കുയർത്തിയത് ഉദാഹരണമാണ്. 1928-ൽ സ്പെയിനിൽ ഒരു കത്തോലിക്കപുരോഹിതനായിരുന്ന എസ്ക്രിവ സ്ഥാപിച്ച ഓപ്പൂസ് ദേയി സംഘടനയുടെ രഹസ്യസ്വഭാവം, സംഘടനയിലേക്ക് അംഗങ്ങളെ ചേർക്കുന്ന വിധം, അംഗങ്ങളെ ഭരിക്കുന്നതിലെ കാർക്കശ്യം, അംഗങ്ങളുടെ വലതുരാഷ്ട്രീയ ചായ്‌വ് (right-leaning politics) മുതലായവമൂലം പണ്ടേ വിവാദവിഷയമാണ്. ഫ്രാങ്കോയിസ്റ്റ് സ്പെയിനിന്റെ (Francoist Spain) ലീഡറായ ജനറൽ ഫ്രാങ്കോയെ പിന്നിൽനിന്ന് സഹായിച്ച (1939–1975) ഫാസിസ്റ്റ് ഇറ്റലി, നാസി ജർമനി, സോവിയറ്റ് യൂണിയൻ എന്നീ രാജ്യങ്ങളോടൊപ്പം ഓപ്പൂസ് ദേയിയുമുണ്ടായിരുന്നു. അല്മായരാണ് ഈ സംഘടനയിലെ അംഗങ്ങളിലധികവും. 87,000 അംഗങ്ങൾ 90 രാജ്യങ്ങളിലായി ചിതറിക്കിടക്കുന്നു. അംഗങ്ങളെ ഭരിക്കാനായി ജോൺ പോൾ രണ്ടാമൻ മാർപാപ്പാ ഒരു പേഴ്സണൽ ബിഷപ്പിനെ (Personal Bishop) 1982-ൽ നിയമിച്ചു. ആ മെത്രാന്റെ രൂപതയ്ക്ക് അതിർത്തിവരമ്പുകളില്ല. എവിടെയൊക്കെ അംഗങ്ങളുണ്ടോ അവിടെയൊക്കെ അദ്ദേഹത്തിന് അധികാരവും ഉണ്ട്.

## തിരുശേഷിപ്പു വണക്കം

വിശ്വാസികളെ അന്ധവിശ്വാസത്തിൽ തളച്ചിട്ട് അടിമകളാക്കാനാണ് സഭ എന്നും പരിശ്രമിക്കുന്നത്. അവരുടെ സിദ്ധാന്തങ്ങളിൽ കടിച്ചുതൂങ്ങിക്കിടന്നില്ലങ്കിൽ മോക്ഷം ഇല്ല. അവരുടെ സിദ്ധാന്തങ്ങൾക്ക് വഴങ്ങാത്തവരെ ഇല്ലായ്മ ചെയ്യാനും മടിക്കുകയില്ല. മതാധികാരികൾ ഭക്തരുടെ ബലഹീനത മനസ്സിലാക്കി സ്വന്തം കീശവീർപ്പിക്കാൻ തത്രപ്പെടുന്നു. ക്രിസ്തുമതം ശാസ്ത്രീയജ്ഞാനത്തിന് പ്രാധാന്യം നൽകിയിട്ടേയില്ല. ശാസ്ത്രപുരോഗതിയിലൂടെ ഭക്തരുടെ അനുദിനജീവിതത്തെ മെച്ചപ്പെടുത്തുക അവരുടെ ലക്ഷ്യമല്ല. കർമപരിപാടിയുമല്ല.

രണ്ടും മൂന്നും നൂറ്റാണ്ടുകളിൽ ശവകുടീരത്തെയും, മരിച്ച വ്യക്തിയുടെ അവശിഷ്ടങ്ങളെയും തിരുശേഷിപ്പായി വണങ്ങിത്തുടങ്ങി. പോപ്പ്

ഗ്രിഗരി (590-604) ഈ ദുരാചാരത്തെ പ്രോത്സാഹിപ്പിച്ചു. സഭയിൽ ഇന്നും അത് തുടർന്നുകൊണ്ടിരിക്കുന്നു. പുണ്യാത്മാക്കളുടെ സൽപ്രവൃത്തികളെ നാം ബഹുമാനിക്കണം. നമുക്കത് അനുകരണീയമാകണം. എന്നാൽ ദൈവികോപാസന ദൈവത്തിനുമാത്രമുള്ളതാണ്. പുണ്യാത്മാക്കളെയും അവരുടെ തിരുശേഷിപ്പുകളെയും വണങ്ങി ദൈവത്തെ മറക്കുന്നതു ശരിയല്ല. തിരുശേഷിപ്പു വണക്കം എന്ന ദുരാചാരം മനുഷ്യവികാരത്തെ ചൂഷണം ചെയ്ത് സഭയുടെ സമ്പത്തു വർധിപ്പിക്കുന്ന വികല ദൈവശാസ്ത്രത്തിൽ നിന്നുടലെടുത്തതാണ്.

മോക്ഷം കിട്ടാൻവേണ്ടി തിരുശേഷിപ്പുകളുടെ പുറകെപോയി യഥാർഥജീവിതം ഭക്തർ നശിപ്പിച്ചു കളയുന്നു. അങ്ങേലോകത്തുപോയി സുഖം ആസ്വദിക്കാൻ ഇങ്ങേലോകത്തിലെ സുഖം വർജിക്കണം! ഇതു പ്രസംഗിക്കുന്ന മതമേധാവികൾ ഈ ലോകത്തിലെ സുഖം ആവോളം ആസ്വദിക്കുകയും ചെയ്യുന്നു. ഈ ദുരാചാരത്തെ സഭ എത്രയും വേഗം നിർത്തൽ ചെയ്യണം.

## കരുണയ്ക്ക് സ്ഥാനമില്ലാത്ത സഭ

അഞ്ചുവയസ്സുപ്രായമുള്ള ജെനി റിച്ചാർഡ്സന് (Jenny Richardson) ആദ്യകുർബ്ബാന കൈക്കൊള്ളണം. പക്ഷേ, ആ പെൺകുട്ടിക്ക് സീലിയാക് (Celiac) എന്ന് വൈദ്യശാസ്ത്രത്തിൽ അറിയപ്പെടുന്ന ഒരു അസുഖമുണ്ട്. ചെറുകുടലിന്റെ ഭിത്തികൾക്ക് ഗോതമ്പിലെ ഒരു പ്രോട്ടീൻ അംശമായ ഗ്ലൂട്ടൻ (Gluten) രോഗബാധ ഉണ്ടാക്കുന്നതാണ് സീലിയാക് അസുഖം. 1995-ൽ അന്നത്തെ തിരുസംഘത്തലവനായ കർദിനാൾ റാറ്റ്സിംഗർ (Cardinal Ratzinger) ഗ്ലൂട്ടൻ നീക്കം ചെയ്ത മാവുകൊണ്ടുണ്ടാക്കുന്ന ഓസ്തി ദിവ്യബലിക്ക് ഉപയോഗിക്കാൻ പാടില്ല എന്ന് വിധിച്ച് പ്രഖ്യാപനം നടത്തി (കാനൻ 924. 2). അതിനാൽ ഗ്ലൂട്ടനെ ദഹിപ്പിക്കാൻ ശേഷിയില്ലാത്ത ചെറുകുടലോടുകൂടിയ ജെനിക്ക് ആദ്യകുർബാന കൈക്കൊള്ളൽ നിഷേധിക്കപ്പെട്ടു. കാർഡിനൽ റാറ്റ്സിംഗറിന്റെ മുൻഗാമി മദ്യത്തിനടിമകളായ വൈദികർക്ക് വീഞ്ഞിനുപകരം മുന്തിരിങ്ങാനീര് ദിവ്യബലിക്ക് ഉപയോഗിക്കാൻ അനുവാദം നല്കിയിരുന്നു. അതുപോലെയുള്ള ഒരു വിട്ടുവീഴ്ച ചെയ്യാൻ തുനിയാതെ, കർശനമായ അധികാരമുപയോഗിച്ച് ഒരു ഫരിസേയനെപ്പോലും നാണിപ്പിക്കുംവിധം ഒരു കത്തോലിക്കക്കുട്ടിയുടെ ജീവിതത്തിലെ പരമപ്രധാനമായ ആദ്യകുർബാന കൈക്കൊള്ളൽ മുടക്കിയ റാറ്റ്സിംഗറാണ് ഇപ്പോഴത്തെ മാർപാപ്പാ. യേശു പഠിപ്പിച്ച കരുണയും ഉപവിയും എവിടെ? യഥാർഥത്തിൽ ജെനി താമസിക്കുന്ന ബോസ്റ്റണിലെ ഇടവക വികാരിയുടെ തീരുമാനത്തിന് വിട്ടുകൊടുക്കേണ്ട കാര്യമാണിത്. ഇടവക ഇടയന്റെ തീരുമാനമാണ് ഇവിടെ ആവശ്യം. പക്ഷേ, വത്തിക്കാൻ ഓരോ ഇടവകയുടെയും ഓരോ വിശ്വാസിയുടെയും ഏറ്റവും നിസ്സാരങ്ങളായ കാര്യങ്ങളിൽപോലും ഇടപെടുന്നു.

അപലപനീയമായ കാര്യമാണിത്. വത്തിക്കാനോട് ദൈവജനത്തിനുള്ള വിശ്വസ്തത നഷ്ടപ്പെടുന്നതിന്റെ കാരണവും ഇതൊക്കെത്തന്നെയാണ്.[55] കരുണയും സ്നേഹവുമാണ് ദൈവമെന്ന് ത്രേസ്യാപുണ്യവതി പറഞ്ഞു. ഗോതമ്പിൽ ഗ്ലൂട്ടൻ ഉണ്ടെന്ന് അന്ന് പുണ്യവതി അറിഞ്ഞിരുന്നില്ല!

## പരാജയപ്പെട്ട സഭ

അടിസ്ഥാനപരമായ നീതിയുടെ വിഷയത്തിൽ, സമൃദ്ധിയുടെ ഈ ലോകത്ത് വളർന്നുകൊണ്ടിരിക്കുന്ന ദാരിദ്ര്യവിഷയത്തിൽ, വിശ്വാസികളുടെ അമിത മദ്യപാനവിഷയത്തിൽ, രാഷ്ട്രങ്ങൾ തമ്മിലുള്ള തർക്കങ്ങളെ തീർക്കുന്ന വിഷയത്തിൽ, സാർവലൗകികമായ ക്രിസ്തീയസഭയുടെ ഐക്യപ്പെടുന്ന വിഷയത്തിൽ, സ്ത്രീപീഡനം, സ്ത്രീവിമോചനം തുടങ്ങിയ വിഷയങ്ങളിൽ, രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ തീരുമാനങ്ങളെ നടപ്പിലാക്കുന്ന വിഷയത്തിൽ ഒക്കെ സഭ പരാജയപ്പെട്ടിട്ടുണ്ട്.

## മൂന്നാം ലോകത്തെ കമ്മ്യൂണിസം

ഏതാനും മാസങ്ങൾക്ക് മുമ്പ് ഞാൻ കരീബിയൻദ്വീപുകൾ (Caribbean Islands) സന്ദർശിക്കുകയുണ്ടായി. അവിടുത്തെ ജനങ്ങളിൽ 90%-ത്തിൽ കൂടുതലും കത്തോലിക്കരാണ്. ലന്തക്കാരും പറുങ്കികളും ഫ്രഞ്ചുകാരുമെല്ലാം പണ്ടുകാലത്ത് ഈ ദ്വീപുകളെല്ലാം വെട്ടിപ്പിടിച്ച് കയ്യടക്കി സ്വദേശികളെ ബലമായി ക്രിസ്തുമതത്തിൽ ചേർത്തതാണ്. അങ്ങനെയാണ് അവർ ക്രിസ്ത്യാനികളായത്.

ഈ ദ്വീപുകളെല്ലാം അഗ്നിപർവതങ്ങളാൽ (Volcanos) ഉണ്ടായിട്ടുള്ളതാണ്. അതിനാൽ ഗ്രനാഡ (Granada), ഡൊമിനിക്ക (Dominica), ജമെയ്ക്ക (Jamaica) തുടങ്ങിയ ദ്വീപുകളിൽ അംബരചുംബികളായ മലകളുണ്ട്. ഞങ്ങൾ ദ്വീപുകളുടെ ഉൾപ്രദേശങ്ങളിലും മലയിടുക്കുകളിലുമെല്ലാം യാത്ര ചെയ്തു. നമ്മുടെ നാട്ടിലെ വയനാടു ചുരം പോലുള്ള റോഡുകളും അവിടങ്ങളിലുണ്ട്. റോഡിന്റെ ഇരുവശങ്ങളിലും ദേശീയപാതകൾ നാട്ടിയിരിക്കുന്നതുപോലെ ചുവന്ന കൊടികൾ ധാരാളമുണ്ട്. കൊടുംവളവുകളുള്ള ആ റോഡുകളിൽ സുരക്ഷിതത്വം വളരെ കുറവാണ്. ഡ്രൈവർ ജാഗരൂകനായിരിക്കാനാണ് ഈ ചുവന്ന കൊടികൾ സ്ഥാപിച്ചിരിക്കുന്നതെന്ന് ഞങ്ങൾ വിചാരിച്ചു. സംശയനിവാരണത്തിന് ഡ്രൈവറോട് ഈ കാര്യത്തെപ്പറ്റി ഞങ്ങൾ തിരക്കി. സുരക്ഷിതത്വത്തിനുവേണ്ടിയുള്ള കൊടികളല്ല, കമ്യൂണിസ്റ്റു പാർട്ടിയുടെ കൊടികളാണവ എന്നാണ് അദ്ദേഹം ഞങ്ങളോട് പറഞ്ഞത്. 90-95% കത്തോലിക്കരുള്ള ആ ദ്വീപുകളിൽ കമ്യൂണിസ്റ്റുകാരാണധികവും. നമ്മുടെ കേരളത്തിന്റെ സ്ഥിതിയും അതല്ലേ? 1983-ൽ അമേരിക്കൻ പ്രസിഡന്റ് റൊണാൾഡ് റീഗൻ (Ronald Reagan) ഗ്രനാഡ കയറിപ്പിടിച്ചത് കമ്യൂണിസ്റ്റുകാർ ആ ദ്വീപിൽ ഭരണം സ്ഥാപിക്കാതിരിക്കാനായിരുന്നു.

മൂന്നാം ലോകത്ത് (Third-World) കത്തോലിക്ക ഭൂരിപക്ഷമുണ്ടെങ്കിലും സിവിൽ ഭരണത്തിൽ എന്തുകൊണ്ട് കമ്യൂണിസം കയറിക്കൂടുന്നു? ലളിതമായ ഉത്തരം: റോമിലെ സമ്പന്നവും രാജകീയവുമായ സഭയല്ല ക്രിസ്തു ആരംഭിച്ച പാലസ്തീനായിലെ ക്രിസ്തുരാജ്യം. മാർക്സിന്റെ കമ്യൂണിസമാണ് ക്രിസ്തുരാജ്യപ്രജകൾക്ക് അത്താണി.

ലെയോ 13-ാമൻ മാർപാപ്പായുടെ റേരും നൊവാരും (Rerum Novarum, On the Condition of the Working Class, May 15, 1891) പതിനൊന്നാം പീയൂസ് മാർപാപ്പായുടെ ക്വദ്രജേസിമോ ആനോ (Quadragesimo Anno, On social Reconstruction, May 15, 1931) ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ സെൻതെസിമൂസ് ആനോ (Centesimus Anno, On the Hundredth Anniversary, May 01, 1991) എന്നീ ചാക്രികലേഖനങ്ങൾ സോഷ്യലിസത്തെയും കമ്യൂണിസത്തെയും തള്ളിക്കളഞ്ഞിരിക്കുകയാണ്. അപ്പോൾ കാപ്പിറ്റലിസത്തെയാണ് സഭയും ആശ്ലേഷിച്ചിരിക്കുന്നത്.

ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ ഒർഡിനാസിയൊ സാച്ചെർഡോത്താലിസ് (Ordinatio Sacerdotalis, On Ordination to the Priesthood, May 22, 1994) എന്ന അപ്പോസ്തലിക് ലെറ്റർ (Apostolic Letter) വളരെ വ്യാപകമായ വിമർശനത്തെ വിളിച്ചുവരുത്താനും സഭയിൽ സാധാരണക്കാർക്കുള്ള വിശ്വാസത്തെ നശിപ്പിക്കാനുമേ ഉപകരിച്ചുള്ളു.

## ലിബറേഷൻ തിയോളജി (Liberation Theology)

മതങ്ങളിലെ ആധുനികചിന്താഗതിയെ (Modernism) 'മതനിന്ദകളുടെ സമന്വയം' (Synthesis of all heresis) എന്നാണ് പത്താം പീയൂസ് മാർപാപ്പാ വിശേഷിപ്പിച്ചത്.

ഇപ്പോഴത്തെ ബനഡിക്റ്റ് 16-ാമൻ മാർപാപ്പാ ലിബറേഷൻ തിയോളജിയുടെ ഉറച്ച വിമർശകനും എതിരാളിയുമാണ്. പല ദൈവശാസ്ത്രജ്ഞരെയും അദ്ദേഹം നിശ്ശബ്ദരാക്കി. താഴെക്കൊടുക്കുന്ന പുസ്തകങ്ങൾ വത്തിക്കാന് തലവേദന ഉണ്ടാക്കിയ ചുരുക്കം ചില പുസ്തകങ്ങളാണ്.

1. Paul Gauthier - the Poor Jesus and the Church, 1965.
2. Rubem Alves - Towards a Theology of Liberation, 1968.
3. Gustavo Gutierres - The Theology of Liberation : History, Politics, Salvation 1971.
4. Sebastian Kappen - Jesus & Freedom, 1977.
5. Tissa Balasuriya- Mary and Human Liberation, 1997.

## പാശ്ചാത്യ പ്രവണത

2007-ൽ 'തേർഡ് മില്ലേനിയം' (Third Millenium) എന്ന പ്രസിദ്ധീകരണത്തിൽ ഫാദർ വിമൽ തിരിമണ്ണ (Fr. Vimal Thirimanna) യൂറോപ്യൻ ആൻഡ് വെസ്റ്റേൺ കൾച്ചർ ആസ് എ കൗണ്ടർസൈൻ റ്റു ഹുമാനിറ്റി (Contemporary European and Wastern Culture as a Countersign to Humanity) എന്ന പേരിൽ ഒരു ലേഖനം പ്രസിദ്ധീകരിക്കുകയുണ്ടായി.[56] ആ ലേഖനത്തിൽ മനുഷ്യന്റെ അടിസ്ഥാനപരമായ ഏഴു വിഷയങ്ങളിൽ പൗരസ്ത്യപ്രദേശങ്ങളിൽ പാശ്ചാത്യസ്വാധീനം എങ്ങനെ വ്യാപിക്കുന്നു എന്ന് വിശകലനം ചെയ്തിരുന്നു. കിഴക്കൻ നാടുകളിൽ കടന്നുകൂടുന്ന പാശ്ചാത്യ ദുഃസ്വാധീനങ്ങൾ തക്ക സമയത്തും രീതിയിലും നിയന്ത്രിച്ചില്ലെങ്കിൽ ഭാവിയിൽ ധാർമിക അധഃപതനം സംഭവിക്കുമെന്ന് ലേഖകൻ മുന്നറിയിപ്പ് നല്കുന്നുണ്ട്.

എന്റെ ചോദ്യം ഇതാണ്: പാശ്ചാത്യസഭയായ റോമൻസഭയിൽനിന്ന് എന്തെല്ലാം ദുഷിച്ച കാര്യങ്ങളാണ് നമ്മുടെ സഭയിൽ കടന്നുകൂടിയിരിക്കുന്നത്? പാശ്ചാത്യ രീതിയിൽ നമുക്കൊരു കാനോൻ നിയമം; പാശ്ചാത്യ രീതിയിൽ നമുക്കൊരു പാരീഷ്കൗൺസിൽ; പാശ്ചാത്യരീതിയിൽ നമ്മുടെ സഭാഭരണം; പാശ്ചാത്യരീതിയിൽ നമ്മുടെ മെത്രാന്മാരുടെ വേഷം; പാശ്ചാത്യരീതിയിൽ നമ്മുടെ പട്ടക്കാരുടെ ളോഹ; പാശ്ചാത്യരീതിയിൽ നമ്മുടെ പട്ടക്കാർക്കും വിവാഹം ചെയ്യാൻ പാടില്ലെന്ന നിയമം — ഇങ്ങനെ എത്രയെത്ര കാര്യങ്ങൾ! അപ്പോൾ നമ്മുടെ സഭയിലേക്കു കടന്നുകൂടുന്ന ദുഷിച്ച പാശ്ചാത്യപ്രവണതകളെ തക്കസമയത്തും തക്ക രീതിയിലും നിയന്ത്രിച്ചില്ലെങ്കിൽ നമ്മുടെ സഭയിലും ധാർമിക അധഃപതനം ഉണ്ടാകില്ലേ? എന്തുകൊണ്ടാണ് നമ്മുടെ വൈദിക ദൈവശാസ്ത്രജ്ഞന്മാർ ഈ വിഷയത്തെ സംബന്ധിച്ച് കാര്യമായി എഴുതാത്തത്? മെത്രാന്മാരിൽനിന്നു പോപ്പ് തട്ടിയെടുത്ത അധികാരം പള്ളിക്കിന്ന് ദോഷകരമായി മാറിയിരിക്കുകയല്ലേ?

## കാനോൻ നിയമം

പഴയനിയമകാലത്തെ ഇസ്രായേലികൾക്കുണ്ടായിരുന്ന 613 നിയമങ്ങൾക്കു പകരമായി ക്രിസ്തു തന്റെ ശിഷ്യന്മാർക്കു നൽകിയത് ഒരേയൊരു നിയമം: നിങ്ങൾ പരസ്പരം സ്നേഹിക്കുക. പൗരസ്ത്യസഭകളുടെ കാനോനസംഹിതയിൽ 1546 കാനോനകളും ആയിരക്കണക്കിന് ഉപകാനോനകളുമുണ്ട്.[57] അവിടംകൊണ്ടും തീർന്നില്ല: ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാ കത്തോലിക്കനും പാലിക്കേണ്ട നിയമം, പൗരസ്ത്യസഭകൾക്ക് പൊതുവായുള്ള നിയമം, സ്വയാധികാര സഭകൾക്കുള്ള നിയമം, രൂപതകൾക്കുള്ള നിയമം ഇങ്ങനെ നീണ്ടു പോകുന്നു ഒരു നസ്രാണി കത്തോലിക്കൻ അനുസരിക്കേണ്ട നിയമങ്ങളുടെ പട്ടിക. അങ്ങനെ ഒരു വിശ്വാസിയെ വരിഞ്ഞുകെട്ടാനുള്ള സഭാ നിയമങ്ങൾക്കു

കണക്കില്ല. ക്രിസ്തു പഠിപ്പിച്ച പരസ്പര സ്നേഹമല്ല, പള്ളിനിയമങ്ങളാണ് സഭ ഇന്ന്! നമ്മുടെ ഭരണരീതിക്കും ശിക്ഷണക്രമത്തിനും അനുരൂപമായിട്ടുള്ള കാനോൻനിയമമല്ല 1991-ൽ റോമിൽനിന്നു നമുക്കു ലഭിച്ചത്.

## പൗരസ്ത്യകാനോൻനിയമസംഹിത

1991-ൽ നമ്മെ പൗരസ്ത്യസഭാവിഭാഗത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് 'പരിശുദ്ധ കാനോനകൾ' (Sacri Canones) 'പരിശുദ്ധ' പിതാവ് നമുക്ക് നല്കി. കാനോനകളും പരിശുദ്ധം. തന്ന പിതാവും പരിശുദ്ധം. കള്ളപ്രമാണങ്ങളിൽ നിന്നുടലെടുത്ത ഈ കാനോനകൾ എങ്ങനെ പരിശുദ്ധമാകും? നസ്രാണികളായ നമുക്കെന്തിനീ പൗരസ്ത്യകാനോൻ നിയമം? തോമായുടെ മാർഗത്തിലധിഷ്ഠിതമായ പള്ളിനിയമങ്ങളാണ് നമക്ക് വേണ്ടത്. ഇവിടെ നമ്മെ പരിശുദ്ധമായി വഞ്ചിക്കുകയല്ലേ പരിശുദ്ധ പിതാവും ഇതിനു കൂട്ടുനിന്ന നമ്മുടെ പരിശുദ്ധ മേലധ്യക്ഷന്മാരും ചെയ്തത്?

സ്വന്തം സമൂഹത്തെ തിരിച്ചറിയാൻ ശേഷിയില്ലാത്ത ക്ലേർജികളും സഭാശ്രേഷ്ഠന്മാരും പാശ്ചാത്യസംസ്കാരത്തെ മികച്ച സംസ്കാരമായിക്കണ്ട് റോമിൽ ഉരുവാകുന്നതിനെയെല്ലാം ആദരവോടെ സ്വീകരിച്ച് നസ്രാണിസഭയിൽ നടപ്പിലാക്കുന്നു. പോപ്പും റോമൻ കാര്യാലയങ്ങളും ആവശ്യപ്പെടുന്നതെല്ലാം നസ്രാണികളുടെമേൽ അടിച്ചേല്പിക്കാൻ അവർ ഇടനിലക്കാരായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പോപ്പാണ് തന്നെ മെത്രാൻസ്ഥാനത്തേക്കുയർത്തിയതെന്നുള്ള ചിന്തയാണ് സ്വന്തം രൂപതയെയും സഭയെയും പോപ്പിനും റോമൻ കാര്യാലയങ്ങൾക്കും അടിയറവുവയ്ക്കാൻ ഓരോ മെത്രാനെയും നിർബന്ധിക്കുന്നത്. ഓരോ മെത്രാനും സ്വന്തമായി ചിന്തിക്കാനോ തന്റെ ഇംഗിതത്തിനനുസൃതമായി പ്രവർത്തിക്കാനോ കഴിയാതെ കാറ്റത്താടുന്ന ഞാങ്ങണപോലെ നട്ടെല്ലില്ലാതെ പെരുമാറേണ്ടിവരുന്നു.

റോമാസാമ്രാജ്യവ്യവസ്ഥിതിയിലെ ഔദ്യോഗികമതമെന്ന നിലയിൽ അനേക നൂറ്റാണ്ടുകൾ കഴിഞ്ഞ വിദേശസഭകളിലെ കാനോൻനിയമസംഹിത വായ്പയെടുത്തുപയോഗിക്കുക മാർതോമാക്രിസ്ത്യാനികൾക്ക് ഭൂഷണമല്ല. ദൈവജനത്തിൽനിന്നകന്ന് അധികാരികളിൽ കേന്ദ്രീകരിച്ചു വളർന്ന ഭരണക്രമം റോമാസാമ്രാജ്യത്തിന്റേതാണ്. റോമാസാമ്രാജ്യത്തിനുള്ളിൽ വളർന്ന പാശ്ചാത്യ/പൗരസ്ത്യസഭകൾക്ക് നിയമതലത്തിൽ പൊതുവായ പൈതൃകമാണുള്ളത്. എന്നാൽ മാർതോമാ ക്രിസ്ത്യാനികളുടെ പൈതൃകം അതല്ല.[58] സേവ്യർ കൂടപ്പുഴ അച്ചന്റെ നിരീക്ഷണം എത്രയോ സത്യം. ആയിരത്തിഅറുന്നൂറു വർഷത്തോളം കാത്തുസൂക്ഷിച്ച നമ്മുടെ പള്ളിഭരണ സമ്പ്രദായത്തിന്റെ വിലതീരാത്ത പൈതൃകം റോമിന്റെ കാൽപാദങ്ങളിൽ അടിയറ വയ്ക്കാൻ നമ്മുടെ മെത്രാന്മാർക്ക്

എങ്ങനെ സാധിച്ചു എന്നത് സാധാരണ ഒരു വിശ്വാസിക്ക് മനസ്സിലാക്കാൻ സാധിക്കയില്ല.

## പൂർവപാരമ്പര്യങ്ങളിലേക്കുള്ള തിരിച്ചുപോക്ക്

സ്വയംഭരണാധികാരത്തോടെ മുമ്പോട്ടും നീങ്ങുന്ന നമ്മുടെ സഭയുടെ ചരിത്രത്തിൽ വളരെ പ്രധാനപ്പെട്ട ഒരു കാലഘട്ടമാണിത്. നമ്മുടെ സഭയ്ക്ക് നമ്മുടെ പൂർവപാരമ്പര്യമായ തോമായുടെ മാർഗത്തിലേക്ക് തിരിച്ചുപോകാൻ പറ്റിയ കാലാവസ്ഥയാണ് ഇന്നു സഭയിൽ ഉള്ളത്. മാർതോമായുടെ മാർഗത്തിലധിഷ്ഠിതമായി നസ്രാണിസഭയെ പുനരുദ്ധരിച്ചുകൊണ്ടുവരികയാണ് മെത്രാന്മാരുടെയും പുരോഹിതരുടെയും പ്രബുദ്ധരായ അല്മേനികളുടെയും ഇപ്പോഴത്തെ കടമ. എന്നാൽ കഴിഞ്ഞ ഏതാനും വർഷങ്ങൾകൊണ്ട് പൗരസ്ത്യസഭകൾക്കുള്ള കാനോൻനിയമപ്രകാരം നമ്മുടെ സഭയെ പാശ്ചാത്യ-ലത്തീൻ സഭയുമായി അനുരൂപപ്പെടുത്തിക്കഴിഞ്ഞു. രണ്ടാം വത്തിക്കാൻ കൗൺസിൽ നിർദേശിച്ച പഴമയിലേക്കുള്ള തിരിച്ചുപോക്കെവിടെ? നമ്മുടെ മെത്രാന്മാർ പഞ്ചപുച്ഛമടച്ച് റോം കല്പിക്കുന്നത് അപ്പാടെ സ്വീകരിക്കുമ്പോൾ ഓരോ നസ്രാണി കത്തോലിക്കനെയും അവർ റോമന് അടിയറ വയ്ക്കുകയാണെന്ന് മെത്രാന്മാർ മനസ്സിലാക്കണം. കൂനൻകുരിശുസത്യം മുതൽ നമ്മുടെ പൂർവികർ നാട്ടുമെത്രാനുവേണ്ടി നടത്തിയ സമരംകൊണ്ടെന്തു ഫലം? പാശ്ചാത്യമെത്രാന്മാർ റോമിന്റെ ദല്ലാളന്മാരായി വർത്തിച്ചു. അതുപോലിപ്പോൾ നാട്ടുമെത്രാന്മാർ റോമിന്റെ മധ്യവർത്തികളായി പെരുമാറുന്നു. അത്രമാത്രം!

## വിശ്വാസികളുടെ പ്രവാഹം

കത്തോലിക്കസഭയിൽ നിന്നുള്ള വിശ്വാസികളുടെ പ്രവാഹം, പ്രത്യേകിച്ച് യുറോപ്പ്, വടക്കേ അമേരിക്ക, തെക്കേ അമേരിക്ക തുടങ്ങിയ ഭൂപ്രദേശങ്ങളിൽ തുടർന്നുകൊണ്ടിരിക്കുന്നു എന്നാണ് കണക്കുകൾ കാണിക്കുന്നത്. വടക്കേ അമേരിക്കയിൽനിന്നുമാത്രം 160 ലക്ഷത്തോളം കത്തോലിക്കർ, 50 ലക്ഷം ഹിസ്പാനിക്സ് ഉൾപ്പെടെ, ഇവൻജേലിക്കൽ സഭയിലേക്ക് മാറിയിട്ടുണ്ട്. 16-ാം നൂറ്റാണ്ടിൽ മധ്യയൂറോപ്പിൽ കത്തോലിക്കർ പ്രോട്ടസ്റ്റന്റുസഭയിലേക്ക് മാറിപ്പോയതിലും വേഗത്തിലാണ് ലാറ്റിൻ അമേരിക്കൻ കത്തോലിക്കർ ഇവൻജേലിക്കൽ സഭയിലേക്ക് ഇന്ന് മാറിക്കൊണ്ടിരിക്കുന്നതെന്നാണ് ബ്രസീലിലെ ബിഷപ്പ് ബൊനവന്തൂര ക്ലോപ്പൻബർഗ് (Bishop Bonaventura Kloppenburg) അഭിപ്രായപ്പെടുന്നത്.[59] നമ്മുടെ സീറോ മലബാർ സഭയിൽനിന്ന് എത്രയെത്ര വിശ്വാസികളാണ് മറ്റ് ക്രിസ്തീയ കൂട്ടായ്മകളിലേക്ക് പ്രത്യേകിച്ച് പെന്തക്കോസ്ത് സഭയിലേക്ക് പ്രവഹിക്കുന്നത്?

## സഭയുടെ ഭാവി

സഭ ഇന്ന് സാരമായ പ്രതിസന്ധിഘട്ടത്തിലാണ്. ആയിരക്കണക്കിന് വിശ്വാസികൾക്ക് സഭയിലുള്ള വിശ്വാസം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. 'സാധാരണ കച്ചവടം' എന്ന മട്ടിൽ സഭ അധികനാൾ മുൻപോട്ടു പോവുകയില്ല. ലോകമെത്രാന്മാരേ, ലോകജനതയുടെ കണ്ണുകൾ നിങ്ങളുടെ നേരെയാണ് ഉന്നം വച്ചിരിക്കുന്നത്. നിങ്ങളുടെ എപ്പിസ്കോപ്പൽ അധികാരം നിങ്ങൾ ഉപയോഗിക്കുവിൻ. കീഴാളരെ നിലയ്ക്കു നിർത്താനല്ല, നിങ്ങളുടെ മേലാളന്മാർക്ക് കടിഞ്ഞാണിടാൻ. വിശ്വാസികളുടെ നീതിപൂർവമായ പരാതികളെ ശ്രവിക്കാനും ഉപവിയിലധിഷ്ഠിതമായി പ്രതികരിക്കാനും നിങ്ങൾ കടപ്പെട്ടവരാണ്. പരസ്യമായിട്ടും ആത്മാർഥമായിട്ടും കാര്യങ്ങളെ നിങ്ങൾ വിശകലനം ചെയ്യണം. അപ്പോസ്തലികമായ ധൈര്യംകൊണ്ട് (അപ്പോ. പ്രവ. 4: 29) വിശ്വാസികൾക്ക് നിങ്ങൾ ശരണം നല്കുക; ഉത്തേജനം നല്കുക; സഭയ്ക്ക് ഭാവിയെ നല്കുക.

# 9

# സഭാനവീകരണത്തിലേക്ക് ഒരു വഴി

**അ**വൻ ജനക്കൂട്ടത്തോടുപറഞ്ഞു: "പടിഞ്ഞാറ് ഒരു മേഘം ഉയരുന്നതു കാണുമ്പോൾ തന്നെ "മഴ വരുന്നു" എന്നു നിങ്ങൾ പറയുന്നു. അത് അങ്ങനെ സംഭവിക്കുകയും ചെയ്യുന്നു. തെക്കൻ കാറ്റുവീശുന്നതു കാണുമ്പോൾ "പൊള്ളുന്ന ചൂടുണ്ടാകും" എന്നു നിങ്ങൾ പറയുന്നു. അതും സംഭവിക്കുന്നു. കപടനാട്യക്കാരേ, ഭൂമിയുടെയും ആകാശത്തിന്റെയും ഭാവഭേദങ്ങൾ വ്യാഖ്യാനിക്കാൻ നിങ്ങൾക്ക് അറിയാം. എന്നാൽ ഈ കാലത്തെ വ്യാഖ്യാനിക്കാൻ എന്തുകൊണ്ട് നിങ്ങൾക്ക് അറിഞ്ഞുകൂടാ? (ലൂക്കാ. 12: 54-56). നമ്മുടെ കർത്താവിന്റെ ഈ മുന്നറിയിപ്പിനെ സ്വാംശീകരിച്ചുകൊണ്ട് രണ്ടാം വത്തിക്കാൻ കൗൺസിലിലെ പിതാക്കന്മാർ ഇപ്രകാരം എഴുതി: "കാലത്തിന്റെ അടയാളങ്ങൾ സൂക്ഷ്മ നിരീക്ഷണം ചെയ്ത് സുവിശേഷവെളിച്ചത്തിൽ വ്യാഖ്യാനിക്കാൻ സഭ എല്ലായ്പ്പോഴും ബാധ്യസ്ഥയത്രേ" [60]

സഭാപരിഷ്കരണം അഥവാ നവീകരണം കൗൺസിലുകളിൽ കൂടി സാധ്യമാക്കുക എന്നത് പുതിയ ഒരാശയമല്ല. അവിഞ്ഞോൻ (Avignon) പേപ്പസിക്കുശേഷം (1309-1376) സഭയിൽ വലിയ മതഭിന്നത (Schism) ഉണ്ടായപ്പോൾ അതിന് വിരാമമിട്ടത് കോൺസ്റ്റൻസ് കൗൺസിലിലാണ് (നവംബർ 1414-ഏപ്രിൽ 1418). ഈ കൗൺസിലിൽ വച്ച് വളരെ വിവേകത്തോടെ സുപ്രധാനമായ ഒരു തീരുമാനം ചെയ്തു. അതാണ് കൗൺസിൽ നിശ്ചിത കാലയളവിൽ കൂടിക്കൊണ്ടിരിക്കണമെന്നുള്ള ഡിക്രി (Decree of Frequens, October 05, 1417). അന്നത്തെ ചുറ്റുപാടിൽ-

യാത്രാക്ലേശം, പകർച്ചവ്യാധി, തുടങ്ങിയവ-ഇടയ്ക്കിടെയുള്ള കൗൺസിൽ കൂടൽ കുറെയൊക്കെ അപ്രായോഗികമായിരുന്നു. പക്ഷേ, ഇന്നത് പുനഃസ്ഥാപിക്കേണ്ടതാണ്. ഓരോ മാർപാപ്പായുടെയും ഇംഗിതത്തിനനുസരിച്ച് താലോലിക്കേണ്ട ഒരാശയമല്ലത്. റോമൻ കാര്യാലയങ്ങൾ വേണ്ട വിധത്തിലാണോ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് എന്നു വിലയിരുത്താൻ ഈ നീക്കം സഹായകമാകും.

ആംഗ്ലിക്കൻ പണ്ഡിതൻ യാൻ ഡഗ്ലസ്-ന്റെ കണക്കനുസരിച്ച് 1900-ൽ ലോകമെമ്പാടുമുള്ള കത്തോലിക്കരിൽ 83% യൂറോപ്പിലും വടക്കേ അമേരിക്കയിലുമായിരുന്നു. അദ്ദേഹത്തിന്റെ നിഗമനപ്രകാരം 2025 ആകുമ്പോഴേക്കും 70% കത്തോലിക്കരും ഏഷ്യ, ആഫ്രിക്ക, തെക്കേ അമേരിക്ക എന്നിവിടങ്ങളിലായിരിക്കും അധിവസിക്കുന്നത്. കത്തോലിക്കരുടെ അടിസ്ഥാനപരമായ ഈ സ്ഥാനചലനം അതിന്റെ വ്യക്തിത്വത്തെയും അധികാരഘടനയെയും സാരമായി ബാധിക്കുമെന്ന് റോമിനറിയാം. അക്കാരണത്താൽ തന്നെ അധികാരകേന്ദ്രീകരണത്തിനുള്ള സർവവിധ കുതന്ത്രങ്ങളും ഉപയോഗിച്ച് തങ്ങളുടെ ആധിപത്യം സ്ഥാപിച്ചെടുക്കാൻ വത്തിക്കാൻ പരിശ്രമിക്കും.

## സീറോ മലബാർ സഭ-കുറെ നിർദേശങ്ങൾ

സീറോ മലബാർ സഭ റോമിന്റെ അജണ്ട അനുസരിച്ചാണ് മുമ്പോട്ടു പോകുന്നത്. അത് അവസാനിപ്പിക്കണം. നമ്മുടെ സഭാനവീകരണത്തിന്റെ ഒരു ഭാഗമായിരിക്കണം അത്. പാറേമ്മാക്കൽ ഗോവർണദോറും കരിയാറ്റി മല്പാനും റോമിൽ പോയി (1780) ആറാം പീയൂസ് മാർപാപ്പായെ കണ്ടപ്പോൾ അവരുടെ സങ്കടങ്ങളും അപേക്ഷകളും എഴുതിയ പുസ്തകം തുറന്നുപോലും നോക്കാതെ മാറ്റിവച്ചിട്ട് മലങ്കരയിൽ നല്ല മത്സ്യം കിട്ടുമോയെന്ന് തിരക്കിയകാലം മാറിപ്പോയെന്ന് ഇന്നത്തെ നമ്മുടെ മെത്രാന്മാർ റോമിനെ ധരിപ്പിക്കണം.[61] അതിനവർക്കു കഴിയുന്നില്ലെങ്കിൽ ഇപ്പോഴും എപ്പോഴും നമ്മൾ മതകൊളോണിയലിസത്തിന്റെ നുകത്തിൻ കീഴിലായിരിക്കും.

പൗരസ്ത്യകാനോൻനിയമം നസ്രാണിസഭയിൽ നടപ്പാക്കിയത് നസ്രാണിസഭയുടെ ശവപ്പെട്ടിയ്ക്ക് ഒരാണികൂടി അടിച്ചുറപ്പിക്കുന്നതിനായിരുന്നു. ഉദയമ്പേരൂർ സൂനഹദോസിന്റെ കാലത്തുമാത്രമല്ല ഇന്നും ലത്തീൻസഭയാണ് യഥാർഥ കത്തോലിക്കസഭ എന്ന ധാരണ സജീവമായി സഭയിൽ നിലനില്ക്കുന്നു. നസ്രാണിസഭയുടെ ലത്തീനികരിക്കൽ പ്രക്രിയ ഇന്നും നിർബാധം തുടരുന്നു. റോമിന്റെ ഈ ലത്തീനികരിക്കലിനെതിരായി ശബ്ദമുയർത്താത്ത മെത്രാന്മാർ നമുക്ക് ലജ്ജാവഹരാണ്.

ജനായത്തഭരണമല്ല സഭയിൽ ദൈവം തിരുമനസ്സായത് എന്നു പറയുന്ന അതേ ലാഘവത്തിലും വിശ്വാസത്തിലും അല്മായന് സഭയിൽ തുല്യമായ അവകാശവും അന്തസ്സുമുണ്ടെന്ന് പഞ്ചസാരയിൽ

പൊതിഞ്ഞ പൊളിവാക്കുകൾ സഭാധികാരികൾ ഇന്നും പറയുന്നു. നസ്രാണികൾ അതു ശ്രവിച്ച് തൃപ്തരാകണമത്രെ. യേശുവിൽ സ്നാപനം സ്വീകരിച്ച, എല്ലാ സംസ്കാരത്തിലും വർഗത്തിലുമുള്ള യേശുവിന്റെ സഹോദരീസഹോദരന്മാരെ ദൈവദൗത്യപദ്ധതിയിൽ അവ്യാജമായി പങ്കാളികളാക്കുമ്പോഴാണ് നീതിയും കരുണയും അതിലുപരി സൃഷ്ടികർമവുമായി പൊരുത്തപ്പെട്ടുപോകുന്നത്. ഇന്നത്തെ ആഗോള കത്തോലിക്കസഭയിലും പ്രത്യേകിച്ച് നസ്രാണിസഭയിലും അത്തരം ഒരു മാറ്റമാണ് ഉളവാകേണ്ടത്. അത്തരം ഒരു സഭയെയാണ് വിശ്വാസി കൾ പ്രതീക്ഷിക്കുന്നത്.

തോമാ അപ്പോസ്തലനാൽ സ്ഥാപിതമായ നമ്മുടെ സഭയ്ക്ക് റോമിൽ പടച്ച പൗരസ്ത്യസഭകളുടെ കാനോൻ നിയമം ആവശ്യമില്ല. സ്വയം ഭരണാധികാരമുള്ള തോമായുടെ സഭയായ നമ്മുടെ സഭ തോമായുടെ മാർഗത്തെ അടിസ്ഥാനപ്പെടുത്തി കാലദേശാനുസൃതമായി പുതിയ നിയമങ്ങൾ രൂപപ്പെടുത്തുകയാണ് വേണ്ടത്. സഭയുടെ മഹായോഗത്തോട് ആലോചിച്ചുകൊണ്ടും ആ യോഗത്തിന്റെ ശുപാർശകൾക്കനുസൃതമായും സീറോ മലബാർ സിനഡാണ് നമ്മുടെ പള്ളിനിയമത്തിന് രൂപം നൽകേണ്ടത്. എങ്കിൽ മാത്രമേ വിശ്വാസികൾ അനുസരിക്കേണ്ട നിയമത്തിന് അടിസ്ഥാനവും പ്രയോജനവും അർഥവും ഉണ്ടാവുകയുള്ളു. അങ്ങനെ തോമായുടെ നിയമം നസ്രാണി കത്തോലിക്കർക്കായി പുനരുദ്ധരിക്കണം. അതാണ് സഭയുടെ ഭരണനവീകരണം. അല്ലാതെ, പാശ്ചാത്യകാനോൻ നിയമത്തിന്റെ മാതൃകയിൽ പൗരസ്ത്യകാനോൻ നിയമം സൃഷ്ടിച്ച് മാർതോമാക്രിസ്ത്യാനികളുടെ തലയിൽ കെട്ടിയേൽപ്പിക്കുന്നത് തികച്ചും അക്രൈസ്തവമാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നിർദേശങ്ങൾക്ക് കടകവിരുദ്ധവുമാണ്.[62]

"ഓരോ പ്രാദേശിക സഭയുടെയും പാരമ്പര്യങ്ങളെ അഭംഗമായും പൂർണമായും സംരക്ഷിക്കുക എന്നതാണ് തിരുസഭയുടെ ലക്ഷ്യം".[63] "കൂദാശാനുഷ്ഠാനങ്ങൾ, നോമ്പ്, ഉപവാസം, ഭരണരീതി, ശിക്ഷണക്രമം, ആധ്യാത്മികത എന്നിവയെല്ലാം ഈ സഭാപാരമ്പര്യത്തിന്റെ വൈവിധ്യമാർന്ന ഘടകങ്ങളാണ്. ഈ ഘടകങ്ങളിലൂടെയാണ് ഓരോ സഭയുടെയും വ്യതിരക്തത സ്പഷ്ടമാവുക".[64] "കാലത്തിന്റെയോ വ്യക്തിയുടെയോ സാഹചര്യങ്ങൾക്ക് അടിപ്പെട്ട് തങ്ങൾക്കു ചേരാത്തവിധത്തിൽ ഇവയിൽനിന്നും വ്യതിചലിച്ചുപോയിട്ടുണ്ടെങ്കിൽ പൗരാണിക പാരമ്പര്യത്തിലേക്ക് തിരിയുവാൻ അവർ ശ്രദ്ധിക്കേണ്ടതാണ്".[66] അപ്പോൾ ഭരണരീതിയിലും ശിക്ഷണക്രമത്തിലും കൂദാശാനുഷ്ഠാനങ്ങളിലുമെല്ലാം നമ്മുടെ സഭയുടെ പാരമ്പര്യങ്ങളെ പൂർണമായും അഭംഗമായും സംരക്ഷിക്കാൻ നാം കടപ്പെട്ടവരാണ്. സീറോ മലബാർ സഭയുടെ മഹായോഗത്തിന്റെ ശുപാർശയോടെ മെത്രാൻ സിനഡ് സ്വയാധികാര സഭയുടെ പ്രത്യേക നിയമങ്ങൾ തയ്യാറാക്കേണ്ടതാണ്.

ലത്തീൻ കത്തോലിക്കസഭയിൽ രൂപതാമെത്രാനാൽ നിയമിക്കപ്പെടുന്ന ക്ലേർജികളാണ് ഇടവകകളുടെ സ്വത്തും മറ്റ് പള്ളിസ്വത്തുക്കളും ഭരിക്കുന്നത്. പാരീഷ്കൗൺസിൽ അംഗങ്ങൾ വികാരിയെ പള്ളിസ്വത്തിന്റെ ഭരണനിർവഹണത്തിന് സഹായിക്കുന്നു എന്നു മാത്രം. അവർക്ക് പള്ളിസ്വത്തിന്റെ നടത്തിപ്പിൽ തീരുമാനങ്ങൾ കൈക്കൊള്ളാൻ അവകാശമില്ല. വികാരിയെ ഉപദേശിക്കുന്ന ഒരു സമിതിയാണത്. റോമൻ ഭരണസമ്പ്രദായത്തിന്റെ ചുവട് പിടിച്ചുള്ള സഭാഭരണസമ്പ്രദായമാണത്. പക്ഷേ, മാർതോമാക്രിസ്ത്യാനികളുടെ ഇടവകപള്ളിസ്വത്തുഭരണം പള്ളിയോഗ തീരുമാനപ്രകാരമായിരുന്നു നടത്തിയിരുന്നത്. പള്ളിയോഗത്തിന്റെ അധ്യക്ഷൻ പള്ളി വികാരിയായിരുന്നു. അദ്ദേഹം പള്ളിയുടെ സാമ്പത്തികഭരണത്തിൽ ഇടപെട്ടിരുന്നില്ല. ശുശ്രൂഷാകാര്യങ്ങളിലായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധ. മാർതോമാക്രിസ്തീയസഭയുടെ താരിപ്പും പാരമ്പര്യവും അതായിരുന്നു. എന്നാൽ ലത്തീൻസഭയുടെ സമ്പ്രദായത്തിലുള്ള പള്ളിഭരണമാണ് നമ്മുടെ സഭയിൽ ഇന്നു നടക്കുന്നത്. അത് നിർത്തൽ ചെയ്ത് നമ്മുടെ പുരാതന പാരമ്പര്യമായ തോമായുടെ മാർഗത്തിലധിഷ്ഠിതമായ പള്ളിഭരണസമ്പ്രദായം നമ്മുടെ സഭയിൽ നടപ്പിലാക്കണം. പള്ളിപ്രതിപുരുഷയോഗം വികാരിയുടെ മേൽനോട്ടത്തിൽ പള്ളിയുടെ സാമ്പത്തിക കാര്യങ്ങളുടെ തീരുമാനങ്ങൾ കൈക്കൊള്ളാൻ അധികാരമുള്ള ഒരു സംഘമായിരിക്കണം.

പാരീഷ്കൗൺസിലും പാസ്റ്ററൽകൗൺസിലും വികാരിമാർക്കും മെത്രാന്മാർക്കും ഉപദേശം നല്കാനുള്ള കൗൺസിലുകളാണെന്നും ഉത്തരവുകൾ നല്കാനുള്ള കൗൺസിലുകളല്ലെന്നും 2004 ജനുവരി 8–ാം തീയതി വത്തിക്കാനിൽ കൂടിയ ക്ലേർജികളുടെ കാര്യാലയ അംഗങ്ങളോട് ജോൺ പോൾ രണ്ടാമൻ മാർപാപ്പാ പറയുകയുണ്ടായി. സഭയുടെ ഹയരാർക്കി സംവിധാനം ദൈവതിരുമനസ്സാണെന്നും വികാരിമാർക്കും മെത്രാന്മാർക്കും ഭരിക്കാനുള്ള അധികാരം ദൈവദത്തമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അപ്പോൾ മാർപാപ്പായുടെ നിഗമനത്തിൽ പാരീഷ്/പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്ക് സംസാരിക്കാനുള്ള അവകാശവും ക്ലേർജികൾക്കും മെത്രാനും അതു ശ്രവിക്കാനുള്ള കടമയുമുണ്ട്. അത്രമാത്രം. അത് റോമുണ്ടാക്കിയ പത്രോസിന്റെ നിയമമാണ്; നസ്യാണികളുടെ മാർതോമാ നിയമമല്ല.

ലോകത്തിന്റെ ധൃതഗതിയിലുള്ള പരിവർത്തനങ്ങൾ വത്തിക്കാന്റെ സർവസമർഥമായ കേന്ദ്ര ഉദ്യോഗസ്ഥ മേധാവിത്വത്തിൽ തൂങ്ങിക്കിടക്കാൻ പോകുന്നില്ല. മാർപാപ്പായുടെയും റോമൻ കാര്യാലയങ്ങളുടെയും അധികാരങ്ങൾക്ക് ഒരു അതിരുകല്പിക്കണം. മെത്രാന്മാർക്കും മെത്രാൻ സിനഡുകൾക്കും കൂടുതൽ അധികാരം നല്കണം. ലോകമെത്രാൻ സിനഡായിരിക്കണം അധിക തീരുമാനങ്ങളും സ്വീകരിക്കേണ്ടത്. പോപ്പിന്റെ അധികാരത്തിന് ചുരുങ്ങിയ ചില കാര്യങ്ങൾ മാത്രമേ

മാറ്റിവയ്ക്കാവൂ. അപ്പോൾ ഭരിക്കുന്നതിനും പഠിപ്പിക്കുന്നതിനുമുള്ള പോപ്പിന്റെ അധികാരം നിലനില്ക്കും; പക്ഷേ, അത്യാവശ്യസന്ദർഭ ങ്ങളിൽ മാത്രമേ അതുപയോഗിക്കാവൂ. മാർപാപ്പായുടെ യാത്രകൾ കുറയ്ക്കണം. അപ്പോൾ മെത്രാന്മാർ നിഷ്പ്രഭരാകുകയില്ല. മാർപാപ്പാ യാൽ നിയോഗിക്കപ്പെട്ട അധികാരങ്ങളേ മെത്രാൻമാർക്കുള്ളു എന്നാണ് സാധാരണക്കാർ ധരിച്ചുവച്ചിരിക്കുന്നത്. മാർപാപ്പാമാരുടെ ചാക്രിക ലേഖനങ്ങളും മറ്റ് എഴുത്തുകളും നിയന്ത്രണാതീതമാകാൻ പാടില്ല. മെത്രാന്മാർ കൂടുതൽ ഇടയലേഖനങ്ങൾ എഴുതി വിശ്വാസികളെ പഠിപ്പിക്കാൻ ശ്രമിക്കണം. റോമിൽനിന്നുള്ള പഠനങ്ങളേ പഠനങ്ങളാ യിട്ടുള്ളു എന്നാണ് ഇന്ന് വിശ്വാസികൾ തെറ്റിദ്ധരിച്ചുവച്ചിരിക്കുന്നത്.[66] മാർപാപ്പാ ഒരു കൂട്ടുമൂപ്പനാണെന്നുള്ള കാര്യം വിസ്മരിക്കാൻ പാടില്ല.

നാഷണൽ കാത്തലിക്ക് റിപ്പോർട്ടർ ബഹുജനങ്ങളുടെ പങ്കാളിത്ത ത്തോടെ 2002-ൽ മൂന്നാം വത്തിക്കാൻ കൗൺസിലിന് ഒരു ബ്ലൂപ്രിന്റ് എന്ന പേരിൽ ഇന്റർനെറ്റിൽ ഒരു ചർച്ച നടത്തുകയുണ്ടായി. നിരവധി അല്മായരും വൈദികരും സന്യസ്തരും പങ്കെടുത്ത ആ സൈബർ ചർച്ച യിൽ ഉരുത്തിരിഞ്ഞിട്ടുള്ള ചില അഭിപ്രായങ്ങൾ ഇവിടെ സംഗ്രഹി ക്കുന്നു.[67]

## സഭാഭരണവും അധികാരവികേന്ദ്രീകരണവും

പുരോഹിത മേധാവിത്വം ആഗോളസഭയിൽ ഇന്നും പ്രബലമാണ്. ഇതാശാസ്യമല്ല. സഭ ദൈവജനമാണെങ്കിൽ അല്മായരുടെ ശാക്തീക രണമാണ് സുപ്രധാനം.

രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾക്ക് എന്താണ് സംഭവിച്ചത്? ആ കൗൺസിലിന്റെ പ്രമാണരേഖകൾക്കനുസൃതമായി സഭയെ നവീകരിച്ചിട്ടില്ല. ആ നവീകരണത്തിനുശേഷം മതി മറ്റൊരു ആഗോള കൗൺസിലെന്ന അഭിപ്രായവും ആഗോളതലത്തിൽ പൊന്തി വന്നിട്ടുണ്ട്. വിപ്ലവകരമായ രേഖകൾ ഉണ്ടാക്കിവച്ചിട്ടുണ്ട് എന്നു പറയു ന്നതിൽ എന്തു കാര്യം? നാം കൗൺസിലിനു മുമ്പുള്ള അവസ്ഥയിൽ ത്തന്നെ തുടരുകയാണ് എന്നോ അതിലും യാഥാസ്ഥിതികമായ അവസ്ഥ യാണ് പല മേഖലകളിലുമുള്ളത് എന്നോ പറയണം. അവ നടപ്പിലാക്കി യാൽ സ്വന്തം ശക്തി ക്ഷയിച്ചേക്കുമെന്നു മനസ്സിലാക്കിയ സഭാ സെക്ര ട്ടറിയേറ്റുകൾ അവ നടപ്പാക്കാതിരുന്നതുതന്നെയാണ് കാരണം.

കൂരിയാകളെ (സഭാ സെക്രട്ടറിയേറ്റുകൾ) സഭാനിയന്ത്രണത്തിന്റെ കേന്ദ്രങ്ങളാക്കിയിരിക്കുന്നതിന്റെ ഫലമായി മെത്രാന്മാരും മാർപാപ്പായും വരെ അവയുടെ കീഴിലാണെന്ന അവസ്ഥയാണ് ഇന്നുള്ളത്.

മെത്രാന്മാരും മാർപാപ്പായും സ്വന്തം പദവിയിൽ പതിനഞ്ചു വർഷമോ 75 വയസ്സുവരെയോ തുടരാൻ പാടുള്ളൂ. മാർപാപ്പായുടെ അപ്രമാദിത്വം പരിശുദ്ധാത്മാവിന്റെ വരങ്ങളിലൂടെയും ദാനങ്ങളിലൂടെയും ഉള്ള

പ്രവർത്തനത്തെപ്പറ്റിയുള്ള തിയോളജിയുടെ അടിസ്ഥാനത്തിൽ പുനഃ പരിശോധിക്കണം. മാർപാപ്പായും മനുഷ്യനായ സ്ഥിതിക്ക് അപ്രമാദിത്വാവകാശം അടിസ്ഥാനമില്ലാത്തതാകാനിടയുണ്ട്.

പരിശുദ്ധ, നിതാന്ത വന്ദ്യ, അഭിവന്ദ്യ എന്നിങ്ങനെയുള്ള വിശേഷണങ്ങളും പിതാവേ എന്ന സംബോധനയും മാർപാപ്പായ്ക്കും മെത്രാന്മാർക്കും ഉപയോഗിക്കുന്നത് പുതിയ നിയമസന്ദേശത്തിനു നിരക്കുന്നതല്ല. മെത്രാനെയും സഹോദരാ എന്നാണ് വിളിക്കേണ്ടത്.

## ഇടവകജീവിതവും മതാധ്യാപനവും

രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രാദേശിക തലത്തിലുള്ള അല്മായ ശാക്തീകരണത്തിനും പങ്കാളിത്തത്തിനും സഹായകമാകുംവിധം ഇടവക പാരീഷ്കൗൺസിലിനെ ഉപയോഗിക്കണം എന്നു നിർദേശിച്ചിരുന്നു. ഇപ്പോൾ ഓരോ രൂപതയിലെയും മെത്രാന്റെയും ഓരോ ഇടവകയിലെയും പുരോഹിതന്റെയും താത്പര്യമനുസരിച്ചാണ് അവയുടെ പ്രവർത്തനം. ഇക്കാര്യത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നിർദേശങ്ങൾ നടപ്പിലാക്കിയാൽ മതിയാവും.

ഹയർസെക്കൻഡറിവരെ മതപഠനം സാമാന്യം കാര്യക്ഷമമായി നടത്തപ്പെടാറുണ്ടെങ്കിലും അതിനുശേഷം യൗവനത്തിൽ മിക്ക യുവാക്കൾക്കും ആധുനിക ശാസ്ത്ര സാങ്കേതികവിദ്യകളുടെയും മതേതരമായ വിജ്ഞാനത്തിന്റെയും സ്വാധീനത്താൽ വിശ്വാസം നഷ്ടപ്പെടുന്നതായാണ് കാണുന്നത്. മതാധികാരികളുടെ വാക്കുകളും പ്രവൃത്തിയും തമ്മിലുള്ള പൊരുത്തക്കേടും അതിനൊരു കാരണമാണ്. ഈ പൊരുത്തക്കേട് ഇല്ലാതാക്കാൻ സഭാധികാരികൾ ശ്രദ്ധിച്ചേ മതിയാവൂ. ഒപ്പം മതം ശാസ്ത്രത്തിനെതിരല്ല എന്ന ബോധ്യം നഷ്ടപ്പെടുന്നതുകൊണ്ട്, വിശ്വാസമുപേക്ഷിക്കുന്നവരെ, അതു സംബന്ധിച്ച പുതിയ കണ്ടെത്തലുകളും മറ്റും ലഭ്യമാക്കിക്കൊണ്ട് വിശ്വാസത്തിൽ ഉറപ്പിച്ചു നിറുത്താൻ കഴിയേണ്ടതുമുണ്ട്.

## കുടുംബങ്ങൾക്കു നല്കേണ്ട ശ്രദ്ധ

കുടുംബബന്ധങ്ങൾ ശിഥിലീകരിക്കപ്പെടുന്നതിനെത്തുടർന്നാണ് വ്യക്തികൾ അന്യവത്കരിക്കപ്പെടുന്നതും അവർ അനാരോഗ്യകരമായ നിരവധി പ്രവണതകൾക്ക് വിധേയരാകുന്നതും. കുടുംബബന്ധങ്ങൾ ശിഥിലമാകാതിരിക്കാൻ സമകാലിക യാഥാർഥ്യങ്ങൾ കണക്കിലെടുത്തും യാഥാസ്ഥിതികമായ കാഴ്ചപ്പാടുകൾ പുനഃപരിശോധിച്ചുകൊണ്ടും ഉള്ള ഒരു അജപാലനരീതി സഹായകമാകും. സഭ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടത് പ്രശ്നങ്ങൾ വഷളാകാതിരിക്കാൻ അനിവാര്യമാണ്.

## മതാത്മകജീവിതം

അല്മായരെ ശാക്തീകരിക്കുക എന്നു പറയുമ്പോൾ വൈദികരുടെയും സന്ന്യസ്തരുടെയും പ്രാധാന്യം അവഗണിക്കണം എന്നർഥമില്ല. ആത്മീയജീവിതത്തിൽ നിസ്വാർഥമായ സ്വജീവിതമാതൃകകൊണ്ട് വ്യതൃസ്തമായ സാക്ഷ്യങ്ങൾ നല്കാൻ, സന്ന്യസ്തർക്കു കഴിയുന്നത്ര, അല്മായർക്കു കഴിയണമെന്നില്ല. ദാരിദ്ര്യം, അനുസരണം, ബ്രഹ്മചര്യം മുതലായ വ്രതങ്ങളെടുത്ത് സന്ന്യാസം സ്വീകരിക്കുന്നത് ബുദ്ധമതവും ഹിന്ദുമതവും പോലെയുള്ള മറ്റു മതങ്ങളിലും ഉണ്ടെന്നും നാം മറക്കരുത്.

## വിവാഹിതർക്കും സ്ത്രീകൾക്കും പൗരോഹിത്യം

ബ്രഹ്മചാരിയായിക്കഴിയാനുള്ള ശേഷി ഒരു വരമാണെന്നും അത് അടിച്ചേല്പിക്കുന്നതു ശരിയല്ലെന്നും നാം മറക്കരുത്. പൗരോഹിത്യം ബ്രഹ്മചാരിക്കോ പുരുഷനോ മാത്രമായി പരിമിതപ്പെടുത്തുന്നതിന് യാതൊരു ന്യായീകരണവുമില്ല. വിവാഹിതർക്കും പൗരോഹിത്യം നല്കാവുന്നതാണ്. പൗരസ്ത്യസഭാപാരമ്പര്യം വിവാഹിതർക്കു പൗരോഹിത്യം അനുവദിക്കുന്നുണ്ടെന്ന വസ്തുതയും ഓർമ്മിക്കണം. മാർപാപ്പായ്ക്കുള്ളതുപോലെ തങ്ങൾക്കും അപ്രമാദിത്വമുണ്ടെന്നുള്ള പുരോഹിതഹുങ്ക് അവസാനിപ്പിക്കാനും സഭയിൽ സമത്വവും സാഹോദര്യവും പുലരാനും ഇതു സഹായകമാകും. സഭയുടെ ദൗത്യം നിർവഹിക്കാൻ കൂടുതൽ പേരെ പ്രാപ്തരാക്കുകയും ചെയ്യും. ആർക്കു പൗരോഹിത്യം നല്കണമെന്ന് തീരുമാനിക്കുന്നതും അവരെ പഠിപ്പിക്കുന്നതും ഓരോ ഇടവകയോഗവും ആയിരിക്കട്ടെ. ഇങ്ങനെയുള്ള പരിഷ്കരണങ്ങൾ പരിശുദ്ധാത്മാവിന്റെ ദൈവശാസ്ത്രം, മനസ്സാക്ഷിയുടെ പ്രാധാന്യം, സഭയിലെ സാമ്പത്തിക കാര്യങ്ങൾ സുതാര്യമാക്കൽ മുതലായവയ്ക്കൊക്കെ അനുരൂപമായിരിക്കും.

## മനുഷ്യലൈംഗികത

ലൈംഗികതയെ സംബന്ധിച്ച ധാർമികതയിൽ ഉളവായിട്ടുള്ള നവീന വികാസങ്ങളും സൂചനകളും ഉൾക്കൊള്ളുന്ന പുതിയൊരു ലൈംഗികവീക്ഷണം സഭയിൽ അനിവാര്യമാണ്. സഭയിലിന്നുള്ളത് ലൈംഗികമായി രോഗാതുരമെന്നോ ദുർബലമെന്നോ വിളിക്കപ്പെടാവുന്ന അവസ്ഥയാണ്. ലൈംഗികതയെ ഒരപകടമായല്ല, വരമായി കാണണം. അതുപോലെതന്നെ ലൈംഗികവികാരങ്ങൾ രോഗാവസ്ഥയല്ല, ആരോഗ്യത്തിന്റെ ലക്ഷണമാണ് എന്ന അടിത്തറയിൽ നിന്നുകൊണ്ടേ യുക്തിഭദ്രമായ ലൈംഗിക മൂല്യബോധം യുവജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കാനാവൂ എന്ന ബോധ്യം സഭാനേതൃത്വത്തിന് ഉണ്ടാകുകയും വേണം.

## സ്ത്രീ

മനുഷ്യരാശിയുടെ പകുതി അംഗങ്ങളും സ്ത്രീകളാകയാൽ സമൂഹത്തിലും സഭയിലും സ്ത്രീക്കുള്ള റോൾ വിസ്മരിച്ച് അവരെ അവഗണിക്കുന്നത് സഭാംഗങ്ങളെയെല്ലാം ആത്മീയമായി ചേർത്തു നിർത്തേണ്ട സഭയുടെ സമഗ്രവീക്ഷണത്തിനും ദൈവഹിതത്തിനും ചേർന്നതല്ല.

## വിവാഹമോചനം

സിവിൽ കോടതിയിൽനിന്നും വിവാഹമോചനം കിട്ടിയ ദമ്പതികൾക്കും കൂദാശകൾ സ്വീകരിക്കാൻ അനുവദിക്കുക. സഭ പാപികളെ ചികിത്സിക്കുന്ന ആശുപത്രിയാകണം.

## ദരിദ്രരോടു പക്ഷംചേരലും സമാധാനസംസ്ഥാപനവും

ഇവയ്ക്ക് നമ്മുടെ പ്രവർത്തനങ്ങളിലും ദൈവശാസ്ത്രത്തിലും വലിയ സ്ഥാനം നല്കേണ്ടതുണ്ട്. സഭക്കും ഇടവകയ്ക്കും ഇടവകാംഗങ്ങളായ വ്യക്തികൾക്കും ഇതിൽ ഒരുപോലെ ഉത്തരവാദിത്വമുണ്ട്. ദരിദ്രരുടെയും രോഗികളുടെയും ഭവനരഹിതരുടെയും അവഗണിതരുടെയും ഒക്കെ പ്രശ്നങ്ങൾക്ക് ഏതെല്ലാം വിധത്തിൽ പരിഹാരമുണ്ടാക്കാം എന്ന് പഠിക്കുകയും കർമപരിപാടികൾ ആയോജനം ചെയ്തുനടപ്പാക്കുകയും ചെയ്യേണ്ടതുണ്ട്.

പാശ്ചാത്യസംസ്കാരത്തിലുള്ള നന്മകളെയെല്ലാം ഇല്ലാതാക്കുന്ന ഇക്കാലത്തെ ഒരു പ്രധാന പാപം ആർത്തിയാണ്. വ്യവസ്ഥിതിയുടെ തകരാറുകൾ ഇല്ലാതാക്കാൻ എന്ന ന്യായവാദത്തോടെ നടത്തപ്പെടുന്ന സംഘടിത കുറ്റകൃത്യങ്ങൾ അനേകരെ അരക്ഷിതരാക്കുകയാണ് ചെയ്യുന്നത്. ലോകമെങ്ങുമുള്ള ന്യൂനപക്ഷങ്ങൾക്ക് നീതി ലഭിക്കുംവിധം സഭയുടെ മനോഭാവത്തിൽ മാറ്റം വരുത്തേണ്ടതുണ്ട്.

സൈബർ ചർച്ചയിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങൾ എത്രയോ അർത്ഥവത്താണ്; അത് കാലോചിതവുമാണ്.

സ്നേഹമാണ് പ്രഥമവും പ്രധാനവുമായ കല്പന (മത്താ. 22: 38–39), ദൈവം സ്നേഹമാകുന്നു (1 യോഹ. 4 : 8, 16), സഹോദരസ്നേഹമാണ് നിത്യരക്ഷയ്ക്കുള്ള മാർഗം (മത്താ. 25: 34–67), ശത്രുക്കളെ സ്നേഹിക്കുക (മത്താ. 5: 44) തുടങ്ങിയ സ്നേഹത്തിന്റെ പ്രമാണം സ്വേച്ഛാധികാരപ്രമത്തരായ സഭാധികാരികൾക്കു മനസ്സിലാക്കാൻ കഴിയില്ല. സ്വസഹോദരങ്ങളോടുള്ള സ്നേഹത്തിലധിഷ്ഠിതമായ സഭാനവീകരണ പ്രക്രിയയാണ് ഇന്നാവശ്യം.

അനുനിമിഷം മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ ഇലക്ട്രോണിക് യുഗത്ത് പണ്ടത്തെ പ്രവർത്തനരീതിയിലുള്ള സഭയുടെ സംഘടിത സ്വഭാവം ഇന്ന് ഫലിച്ചെന്നു വരില്ല. തീർത്ഥാടന സഭ ലോകാവസാനം

വരെ പരിവർത്തനവിധേയയായിരിക്കണം. ക്രിസ്തുവിന്റെ പഠനങ്ങളിലെ അന്തസ്സാരം ക്രിസ്ത്യാനികൾ (അല്മായർ, പുരോഹിതർ, മേൽപട്ടക്കാർ, മാർപാപ്പാ) കാലോചിതമായി സുഗ്രാഹ്യമാക്കണം. അത് ദൈവസ്നേഹത്തിലും പരസ്പരസ്നേഹത്തിലും ഉപവിയിലും ക്ഷമാശീലത്തിലും മാപ്പു നൽകുന്നതിലും അനുരഞ്ജനത്തിലുമെല്ലാം അധിഷ്ഠിതമായിരിക്കണം.

പണ്ടു കാലങ്ങളിൽ സഭയിൽ മാറ്റങ്ങൾ സംഭവിക്കുക അസാധ്യമെന്ന് കരുതിയിരുന്ന പലതും ഇന്ന് മാറ്റത്തിന് വിധേയമായി. അന്യായപലിശ (usury), അടിമത്തം (slavary), മതസ്വാതന്ത്ര്യം (religious freedom) തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്. സഭയിൽ സംഭവിക്കേണ്ട പരിവർത്തനങ്ങൾ ക്രിസ്തുവിന്റെ മനോഭാവത്തോടാണ് അനുരൂപപ്പെടേണ്ടത്. മറിച്ച്, റോമാസാമ്രാജ്യത്തിന്റെ പഴഞ്ചൻ മനോഭാവത്തോടല്ല. മുൻകാലങ്ങളിലെ നിയമങ്ങൾ പഴമയുടെ പേരിൽ ബഹുമാനപൂർവം കാത്തുസൂക്ഷിക്കേണ്ട കാര്യമില്ല. ഇന്നുള്ള കാനോൻനിയമം വിശുദ്ധ ഗ്രന്ഥാധിഷ്ഠിതമല്ല. അത് പഴയ റോമാസാമ്രാജ്യ ഭരണനിയമാധിഷ്ഠിത മാണ്. മാർതോമായുടെ മാർഗത്തിലധിഷ്ഠിതമായി ദൈവസ്നേഹത്തിനും പരസ്പര സ്നേഹത്തിനും ഉപവിക്കും ഊന്നൽ കൊടുത്തു കൊണ്ടുള്ള നസ്രാണി കത്തോലിക്ക സമൂഹകൂട്ടായ്മയുടെ ഒരു സ്വതന്ത്രസഭാനിയമമാണ് നമുക്കു വേണ്ടത്.

മേൽത്തട്ടിൽ നിന്നും സഭാനവീകരണം പ്രതീക്ഷിക്കണ്ട. കാരണം, കഴിഞ്ഞ 30 വർഷങ്ങൾകൊണ്ട് സഭാധികാരം കടുത്ത യാഥാസ്ഥിതിക മേൽപട്ടക്കാരെക്കൊണ്ട് കുത്തിനിറച്ചിരിക്കുകയാണ്. അതുകൊണ്ട് കീഴെതട്ടിൽ നിന്ന് സഭാനവീകരണം ആരംഭിക്കേണ്ട കാലമായി. കത്തോലിക്കസഭ ഇന്നത്തെ സ്ഥിതിയിൽ മുൻപോട്ടു പോയാൽ ഒന്നുകിൽ സഭയിൽ ഭിന്നിപ്പ് തീർച്ച; അതല്ലെങ്കിൽ ഒരു നല്ല ശതമാനം വിശ്വാസികൾ സഭയ്ക്ക് നഷ്ടപ്പെടും.

നമ്മുടെ മെത്രാന്മാർ തങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്ന പട്ടക്കാരുടെയും അല്മേനികളുടെയും ഇടയിൽ അവരെ സംബന്ധിച്ച് ഒരു നിരീക്ഷണ പഠനം (survey) നടത്താറില്ല. മെത്രാന്മാരുടെ ഭരണം പട്ടക്കാർക്കും അല്മേനികൾക്കും തൃപ്തികരമാണോ എന്നവർ അന്വേഷിക്കാറില്ല. ഇടവക വികാരിമാർ അവരവരുടെ ഇടവകകളിലും സർവെ നടത്തി സ്വയം വിലയിരുത്താറില്ല. തങ്ങൾക്കു കിട്ടിയിരിക്കുന്ന അധികാരം ദൈവദത്തമാണെന്നുള്ള അഹങ്കാര ചിന്തയാണ് ഇതിനു പിന്നിലുള്ള ദൈവശാസ്ത്രം. യേശുപോലും തന്നെപ്പറ്റി ശിഷ്യരോട് മറ്റുള്ളവർ എന്തു വിചാരിക്കുന്നു എന്ന് തിരക്കിയറിഞ്ഞിരുന്നു. "അവൻ ഏകാന്തതയിൽ പ്രാർഥിക്കുകയായിരുന്നു. ശിഷ്യരും കൂടെയുണ്ടായിരുന്നു. അവൻ അവരോടു ചോദിച്ചു: 'ഞാൻ ആരാണെന്നാണ് ജനങ്ങൾ പറയുന്നത്?' അവർ മറുപടി പറഞ്ഞു: 'സ്നാപക യോഹന്നാൻ എന്ന്; എന്നാൽ ഏലിയാ എന്നു മറ്റു

ചിലർ പറയുന്നു, പഴയ പ്രവാചകരിൽ ഒരാൾ ഉയിർത്തിരിക്കുന്നു എന്നു വേറെ ചിലർ'. അവൻ അവരോടു ചോദിച്ചു : 'എന്നാൽ ഞാൻ ആരെന്നാണു നിങ്ങൾ പറയുന്നത്?' പത്രോസ് പറഞ്ഞു: 'ദൈവത്തിന്റെ അഭിഷിക്തൻ' (ലൂക്കോ. 9: 18–20). എന്തുകൊണ്ട് ക്രിസ്തുവിന്റെ മാതൃക ഇക്കാര്യത്തിൽ പട്ടക്കാരും മേല്പട്ടക്കാരും സ്വീകരിച്ചുകൂടാ? അവരെപ്പറ്റി ത്തന്നെ അവർക്ക് ഒരു സർവെ നടത്തിക്കൂടേ? ആഗോളസഭയ്ക്കും സീറോ മലബാർ സഭയ്ക്കും സർവേ നടത്തിക്കൂടെ?

## പുതിയ ഘടന

സഭയ്ക്ക് ഒരു പുതിയ ഘടന ഉണ്ടാകണം. പുതിയ സഭാഘടനയിൽ പുരോഹിതമേധാവിത്വം ഉണ്ടാകാൻ പാടില്ല. മെത്രാന്മാരെ രൂപതാ മഹാ യോഗം തെരഞ്ഞെടുക്കണം. റോമിന്റെ ഇഷ്ടപ്രകാരം മെത്രാന്മാരെ സ്ഥലംമാറ്റുന്ന സമ്പ്രദായം നസ്രാണിസഭയിൽ അടുത്തകാലത്താണാ രംഭിച്ചത്. മാർപാപ്പായുടെ അധികാരം സ്ഥാപിച്ചെടുക്കാനുള്ള ഒരടവാ ണത്. അത് നിർത്തൽ ചെയ്ത് നമ്മുടെ പൂർവപാരമ്പര്യം നിലനിർ ത്തണം. രൂപതാ മെത്രാൻ സ്വന്തം രൂപതയിൽ ജനിച്ചുവളർന്ന ആളായിരി ക്കണം. രൂപത ഒരു ചെറിയ സഭയാണ്. രൂപതാ മെത്രാനെ രൂപതാ മഹാ യോഗമാണ് തെരഞ്ഞെടുക്കേണ്ടത്. ഇന്ന് റോമാരൂപതയുടെ മെത്രാനെ മാത്രമേ (മാർപാപ്പാ) തെരഞ്ഞെടുക്കുന്നുള്ളു. എന്നാൽ റോമാ രൂപത യുടെ അല്മേനികളല്ല അദ്ദേഹത്തെ തെരഞ്ഞെടുക്കുന്നത്. മാർപാപ്പാ റോമാരൂപതയുടെ മെത്രാനായിരിക്കേണ്ട ആവശ്യമില്ല. അദ്ദേഹം ആഗോളസഭയുടെ തലവനാണ്. കത്തോലിക്കസഭയുടെ ആഗോളമഹാ യോഗമാണ് അദ്ദേഹത്തെ മാർപാപ്പായായി തെരഞ്ഞെടു ക്കേണ്ടത്.

## ലോകവുമായുള്ള സംവാദം

ലോകവുമായി സംവാദത്തിലേർപ്പെടാൻ രണ്ടാം വത്തിക്കാൻ കൗൺസിൽ സഭയോടാവശ്യപ്പെട്ടു. സഭാപിതാക്കന്മാരുടെ ആ നിർദേശം കാലത്തിന്റെ ചുവരെഴുത്തുകളെ വ്യക്തമായി കണ്ടതിന്റെ അടിസ്ഥാന ത്തിലായിരുന്നു. സഭയുമായി സംവാദത്തിലേർപ്പെടാൻ കഴിഞ്ഞ 30 വർഷങ്ങളായി ലോകം ശ്രമിച്ചു. പക്ഷേ, സഭ സംവാദത്തിന് തയ്യാറായില്ല. സഭയിലെ യാഥാസ്ഥിതികർക്ക് കാലത്തിന്റെ ചുവരെഴുത്തുകളെ കാണാൻ കഴിയുന്നില്ല. അവർക്ക് അധികാരത്തിന്റെ തിമിരം പിടിച്ചിരി ക്കുകയാണ്. അതുകൊണ്ട് സഭയിലെ അധികാരതലങ്ങളെ അരക്കിട്ടു റപ്പിക്കാനാണ് അവർ ശ്രമിക്കുന്നത്; അതാണ് അവരുടെ 'സഭ ആധുനിക ലോകത്തിൽ'.

## സഭയെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷം പുതിയതായി വലിയ ശീശ്മകളൊന്നും ഉണ്ടായിട്ടില്ല. ഫ്രഞ്ചുകാരനായ ആർച്ചു ബിഷപ്പ് മാർസൽ ലെഫേബ്റെ (Archbishop Marcel Lefebvre) സൂനഹദോസു വരുത്തിയ മാറ്റങ്ങളെ എതിർത്തു. 1970-ൽ അദ്ദേഹം വിശുദ്ധ പത്താം പീയൂസിന്റെ സമൂഹം (Society of St. Pius X) എന്ന പേരിൽ ഒരു വൈദിക കൂട്ടായ്മ സ്ഥാപിച്ചു. 1988-ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ ഉത്തരവിനെ ലംഘിച്ചുകൊണ്ട് അദ്ദേഹം നാലു വൈദികർക്ക് മെത്രാൻ പട്ടം നല്കി. കാനോൻനിയമപ്രകാരം അദ്ദേഹവും മെത്രാൻപട്ടം സ്വീകരിച്ച നാലു മെത്രാന്മാരും സ്വയംപ്രേരിത മഹറോൻ ശിക്ഷയിൽ ഉൾപ്പെട്ടു. 1991-ൽ ലെഫേബ്റെ ദിവംഗതനായി. അദ്ദേഹത്തിന്റെ അനുയായികൾ മഹറോൻ ശിക്ഷയുടെ സാധുതയെ ചോദ്യം ചെയ്തു. 2009-ൽ റോം നാലു മെത്രാന്മാരെയും മഹറോൻ ശിക്ഷയിൽ നിന്ന് ഒഴിവാക്കി. കത്തോലിക്കസഭയിലേയ്ക്ക് അവർ തിരിച്ചുവന്നിട്ടില്ല. രൂക്ഷമായ പല പ്രശ്നങ്ങളും സഭ ഇന്ന് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. അതായത് പോപ്പിന്റെ അധികാരം, സഭാഭരണം, വൈദികക്ഷാമം, വൈദിക ബ്രഹ്മചര്യം, സ്ത്രീപൗരോഹിത്യം, കുടുംബാസൂത്രണം, ലിറ്റർജി മുത ലായ പ്രധാനപ്പെട്ട വിഷയങ്ങൾ സഭയ്ക്ക് കീറാമുട്ടി പ്രശ്നങ്ങളാണ്.

## പൊളിച്ചുപണി

സഭയെ പൊളിച്ചു പണിയുകയല്ല വേണ്ടത്. മറിച്ച്, പണ്ടുകാലം മുതൽ സഭയെയും സമൂഹത്തെയും കുടുംബത്തെയുംപറ്റി ഉണ്ടായിരുന്ന ചില ധാരണകൾ പൊളിച്ചുമാറ്റുകയാണ് വേണ്ടത്. രണ്ടു ഗ്രൂപ്പുകളായി ത്തീർന്നാൽ പള്ളിയുടെ പണി നേരെ പോവുകയില്ല. ഒരു സംഘം ഒരു വശത്തേക്കു പോകുമ്പോൾ മറ്റെ സംഘം ആദ്യത്തെ സംഘം പോയതിന്റെ ഇരട്ടി മറുവശത്തേക്കു പോകും. സംവാദത്തിന് സാധ്യമാകുന്ന മധ്യരേഖയുടെ വിവേകം നഷ്ടപ്പെടുന്നു.

## അധികാരഘടന

കത്തോലിക്കസഭാധികാരികളുടെ അധികാര ദുർവിനിയോഗം എന്ന പാപം വർധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ നായകത്വം, അധികാരം, തീരുമാനമെടുക്കൽ തുടങ്ങിയവ യേശു പഠിപ്പിച്ച ശുശ്രൂഷയുടെ ഭാഷയിൽ പരിഭാഷപ്പെടുത്തണം; സഭയുടെ അധികാരഘടന ആദ്യം തന്നെ പൊളിച്ചുമാറ്റണം. അതിനുശേഷമായിരിക്കണം വിവാഹിതരായ പുരോഹിതരും സ്ത്രീപുരോഹിതരും ഉണ്ടാകാൻ. അതല്ലായെങ്കിൽ ഈ പുരോഹിതരെയും ഇപ്പോൾ നിലവിലുള്ള അധികാരഘടനയിലേക്ക് വലിച്ചിഴച്ചു കൊണ്ടുവരികയും അതിന്റെ ഫലമായി ഇപ്പോഴത്തെ സഭാഘടന സ്ഥിരപ്പെടുകയുമായിരിക്കും ചെയ്യുന്നത്.

## പൊതുവായ ചില നിർദേശങ്ങൾ

പൗരോഹിത്യത്തെ സംബന്ധിച്ചുള്ള സഭയിലെ ഇന്നത്തെ കാഴ്ചപ്പാടും പ്രതീക്ഷകളും മാറണം. സ്ത്രീകൾക്കും പൗരോഹിത്യപട്ടം നൽകി വൈദികവൃത്തിയ്ക്കായി നിയോഗിക്കണം. അതല്ലായെങ്കിൽ സഭ സ്ത്രീകളോട് വിവേചനമാണ് ചെയ്യുന്നത്. സ്ത്രീകൾക്ക് അവർ അർഹിക്കുന്ന സ്ഥാനം സഭയിൽ നല്കണം.

ലോകത്തിലെ വലിയ വലിയ കമ്പനികളായ ഫോർഡ് മോട്ടോർ കമ്പനിയുടെയും, പെപ്സി കോള കമ്പനിയുടെയും, റിലയൻസിന്റെയുമെല്ലാം സി. ഇ. ഓ. മാർ വിവാഹിതരാണ്. പിന്നെ എന്തുകൊണ്ട് വിവാഹിതനായ മെത്രാന് തന്റെ രൂപതയെ ശുശ്രൂഷിച്ചുകൂടാ. വിവാഹിതനായതിനാൽ സമയക്കുറവ് എന്ന ആരോപണം ഉന്നയിക്കാൻ സാധിക്കയില്ലല്ലോ. വിവാഹിതനായിരുന്നുകൊണ്ടുതന്നെയാണ് ഒന്നാം പോപ്പായായ പത്രോസ് ജെറുശലേമിലും അന്ത്യോക്യായിലുമെല്ലാം കർത്താവിന്റെ സുവിശേഷം പ്രസംഗിച്ചു നടന്നത്. പത്രോസിന്റെ ഭാര്യ ഈ യാത്രയിലെല്ലാം പത്രോസിനോടൊപ്പം ഉണ്ടായിരുന്നു (1 കോറി. 9: 5). മറ്റ് അപ്പോസ്തലർക്കും കർത്താവിന്റെ സഹോദരർക്കും ഭാര്യമാരുണ്ടായിരുന്നു (1 കോറി. 9: 5). വിവാഹിതവിശുദ്ധി അവിവാഹിതവിശുദ്ധിയോളം വിശുദ്ധമല്ല എന്നതു സഭയിൽ പിന്നീടുണ്ടായ യാതൊരടിസ്ഥാനവുമില്ലാത്ത വിശ്വാസമാണ്. സമയദൗർലഭ്യമല്ലിവിടെ പ്രശ്നം.

5000–ത്തിൽ കൂടുതൽ മെത്രാന്മാർ കത്തോലിക്കസഭയ്ക്ക് ഇന്നുണ്ട്. 50 വർഷംകൊണ്ട് മെത്രാന്മാരുടെ എണ്ണം ഇരട്ടിയായി. ഇവരെയെല്ലാം അൽമേനികളാണ് സംരക്ഷിക്കേണ്ടത്. മെത്രാന്മാരുടെ എണ്ണം കുറയ്ക്കുകയാണ് വേണ്ടത്. മെത്രാന്മാർ വാശിയുടെയും പകയുടെയും ഭാഷ വെടിഞ്ഞ് അറിവിന്റെയും തിരുത്തലുകളുടെയും ഭാഷ സ്വീകരിക്കണം. മെത്രാൻതൊപ്പിയുടെ നീളം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നതുകൊണ്ടോ എണ്ണത്തിൽ തീരാത്ത 'മാർതോമാകുരിശും' ഇരട്ടമയിലും തുന്നിപ്പിടിപ്പിച്ച് അലങ്കരിക്കുന്നതുകൊണ്ടാ ഒന്നും ഒരാത്മാവിനെപ്പോലും സ്വർഗത്തിലേക്കു നയിക്കാൻ അവർക്കു കഴിയുകയില്ല. അവരുടെ ആധ്യാത്മികശുശ്രൂഷയാണ് വിശ്വാസികൾക്കാവശ്യം.

മേൽപട്ടക്കാരും പുരോഹിതരും സ്വന്തം വേല ചെയ്ത് ഉപജീവനം നടത്തണം. യേശുവിന്റെ അപ്പനായ യോസേഫ് തച്ചനും (മത്താ. 13: 55) യേശു മരപ്പണിക്കാരനും (മർക്കോ. 6: 3) ശിമയോൻ മുക്കുവനും (മത്താ. 4: 18) പൗലോസ് കൂടാരപണിക്കാരനും (അപ്പോ. പ്രവ. 18. 3) ആയിരുന്നു. സ്വന്തം വേല ചെയ്ത് അവർ അപ്പം ഭക്ഷിച്ചു. മറ്റുള്ളവർക്ക് അവർ ഭാരമായിരുന്നില്ല. "മുഖം വിയർത്തു നീ അപ്പം ഭക്ഷിക്കും." (ഉൽപ. 3: 19) എന്നതു കർത്താവിന്റെ നിയമമാണ്. കർത്താവിന്റെ അന്ത്യഅത്താഴവേളയിലെ കാലുകഴുകൽശുശ്രൂഷയാണ് അപ്പം മുറിക്കലിലും പ്രധാനമെന്ന് ഓരോ മെത്രാനും പുരോഹിതനും വിശ്വാസിയും മനസ്സിലാ

ക്കണം. യഥാർത്ഥത്തിൽ കാലുകഴുകൽ ശുശ്രൂഷയാണ് എല്ലാ ഞായറാഴ്ചകളിലും നടത്തേണ്ടത്.

പാശ്ചാത്യരാജ്യങ്ങളിലെ സമ്പന്നരും വെള്ളക്കാരുമായ പുരുഷ സഭാനേതാക്കന്മാർക്ക് ലോക കത്തോലിക്കസഭയെ അവരുടെ കാൽപാദത്തിൻ കീഴിൽ നിർത്തണമെന്നാണ് ആഗ്രഹം. നമ്മുടെ മെത്രാന്മാർ ഈ യാഥാർത്ഥ്യം മനസ്സിലാക്കേണ്ടതാണ്. എങ്കിൽ മാത്രമെ നമ്മുടെ സഭയുടെ പാരമ്പര്യത്തിലും നമ്മുടെ നാടിന്റെ സംസ്കാരത്തിലും വേരൂന്നിയ ഒരു ആരാധനക്രമവും ഭരണസമ്പ്രദായവും ശിക്ഷണസംബന്ധമായ കാര്യങ്ങളും നമുക്ക് കാത്തുസൂക്ഷിക്കാനാവൂ.

പള്ളിയുടെ ശക്തി വിശ്വാസികളുടെ കൂട്ടായ്മയിൽ അധിഷ്ഠിതമായിരിക്കണം. മറിച്ച്, വിശ്വാസികളുടെ അറിവില്ലായ്മകൊണ്ടായിരിക്കരുത്. വിശ്വാസികളുടെ കൗദാശിക ജീവിതത്തിനാണ് സഭ മുൻതൂക്കം നൽകേണ്ടത്.

ആദ്ധ്യാത്മീക മിസൈലായി മഹറോൻ എന്ന ശിക്ഷ സഭ ഉപയോഗിക്കുന്നത് തെറ്റാണ്. പരമമായ മതാധിഷ്ടിത സ്വേച്ഛാധിപത്യത്തിന്റെ (absolute theocratic dictatorship) പ്രയോഗമാണത്.

മത വൈവിധ്യം ദൈവപദ്ധതിയുടെ ഭാഗമാണെന്ന് സഭ തിരിച്ചറിയണം. ദൈവത്തിങ്കലേക്കുള്ള പല വഴികളിൽ ഒരു വഴി മാത്രമാണ് ക്രിസ്തുമതം എന്നും സഭ തിരിച്ചറിയണം.

പ്രപഞ്ചം സൃഷ്ടിച്ചിട്ട് അയ്യായിരമോ ആറായിരമോ വർഷങ്ങളേ ആയിട്ടുള്ളു എന്ന പഴഞ്ചൻ ധാരണ സഭ മാറ്റണം. ലോകോത്പത്തിക്ക് 12 മുതൽ 15 ബില്ല്യൻ വർഷത്തെ പഴക്കമുണ്ടെന്നാണ് ശാസ്ത്രജ്ഞന്മാരുടെ നിഗമനം.

ബുദ്ധിയ്ക്കും യുക്തിക്കും ശാസ്ത്രത്തിനും നിരക്കാത്ത സിദ്ധാന്തങ്ങളെപ്പറ്റി കൂടുതൽ പഠനങ്ങൾ സഭ നടത്തണം.

ഇതിഹാസങ്ങളിലും പുരാണകഥകളിലും അധിഷ്ടിതമായ പാരമ്പര്യങ്ങൾ തികച്ചും വിശ്വാസയോഗ്യമല്ലാത്തതാണ്. യേശുവിന്റെ അമ്മയായ മറിയം ആത്മശരീരങ്ങളോടെ സ്വർഗത്തിലേയ്ക്ക് എടുക്കപ്പെട്ടു (The Bodily Assumption of Mary into Heaven, 1950) എന്ന അപ്രമാദിത്വപരമായ വിളമ്പരത്തിന് (Munificentissimus Deus) പിന്നിൽ തക്കതായ പാരമ്പര്യമോ വിശുദ്ധഗ്രന്ഥാടിസ്ഥാനത്തിലുള്ള തെളിവോ സഭാ പിതാക്കന്മാരുടെ ഏകകണ്ഠമായ സമ്മതമോ (Unanimous consent of the Fathers) ഇല്ല. പോപ്പ് ഏകപക്ഷീയമായി ഇതൊരു വിശ്വാസസത്യമായി പ്രഖ്യാപിച്ചു. അത്രമാത്രം. മാർപാപ്പാമാരുടെ അപ്രമാദിത്വ അധികാരം ഭാവിയിലെങ്കിലും ഇപ്രകാരം ദുരുപയോഗം ചെയ്യാതിരിക്കാൻ സഭയിൽ വേണ്ട തിരുത്തലുകൾ ഉണ്ടാക്കണം.

ദൈവം മനുഷ്യലൈംഗികതയെ കണ്ടിരിക്കുന്നത് സന്താനോത്പാദത്തിനുവേണ്ടി മാത്രമല്ല, മറിച്ച് അത് മനുഷ്യരുടെ ലൈംഗികാനന്ദത്തിനുവേണ്ടി കൂടിയാണ്. വിവാഹം, വിവാഹമോചനം, ബ്രഹ്മചര്യം, ജനന

നിയന്ത്രണം, സ്വവർഗരതി, വിവാഹിത പൗരോഹിത്യം, സ്ത്രീ പൗരോഹിത്യം തുടങ്ങിയ വിഷയങ്ങൾ മനുഷ്യലൈംഗികതയുടെ പുത്തൻ കാഴ്ചപ്പാടിൽ സഭ പുനർവിചിന്തനം ചെയ്യണം.

ശുശ്രൂഷാപൗരോഹിത്യത്തിന് വിവാഹിതരെന്നോ സ്ത്രീയെന്നോ ഉള്ള തരംതിരിവ് അപ്രസക്തമാണ്. ഇടവക വൈദികർക്ക് ബ്രഹ്മചര്യം നിർബന്ധമാക്കാൻ പാടില്ല. ഓരോ വൈദികന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന് അത് വിട്ടുകൊടുക്കണം. 1139 വരെ സഭാശുശ്രൂഷകർ വിവാഹിതരായ വൈദികർ ആയിരുന്നു. ഇന്നും പല പൗരസ്ത്യസഭകളിലും പാശ്ചാത്യസഭയിലും വിവാഹിതരായ വൈദികർ ശുശ്രൂഷ ചെയ്യുന്നുണ്ട്.

മനുഷ്യലൈംഗികതയെപ്പറ്റിയുള്ള സഭാപരമായ പഠനങ്ങളുടെ പ്രമാണരേഖകൾ തയ്യാറാക്കുമ്പോൾ വിശ്വാസികളുടെ അഭിപ്രായവും ഉപദേശവും ആരായേണ്ടതാണ്.

പൗരോഹിത്യം പരിമിതകാലത്തേക്ക് ചുരുക്കാൻ (term priesthood) ശ്രമിക്കുന്നത് നല്ലതാണ്. പുരോഹിതൻ എന്നും പുരോഹിതനെങ്കിലും അദ്ദേഹം പൗരോഹിത്യശുശ്രൂഷയിൽ അതൃപ്തനായാൽ ആ അന്തസ്സ് അന്തസ്സോടെ ഉപേക്ഷിക്കാനുള്ള വഴി ഉണ്ടാക്കണം.

ദൈവശാസ്ത്രജ്ഞന്മാർക്ക് ഇന്ന് സഭയ്ക്ക് ചെയ്യാവുന്ന ഏറ്റവും വലിയ സഹായം അല്മായരെ സഭ എങ്ങനെ ഞെരുക്കുന്നു എന്ന് ശാസ്ത്രീയമായി പഠിക്കുകയാണ്. കൂടാതെ അല്മായ ദൈവശാസ്ത്രം വികസിപ്പിച്ചെടുക്കേണ്ടതുമാണ്.

തുറന്ന സംവാദങ്ങളും സഭയിലെ പണ്ഡിതർക്ക് വേണ്ട സ്വാതന്ത്ര്യവും എല്ലാ കാര്യങ്ങളിലും സമുചിതമായ നടപടിക്രമങ്ങളും ഉണ്ടായിരിക്കണം.

സാമ്പത്തിക കാര്യങ്ങളിൽ തുറവിയും സുതാര്യതയും വത്തിക്കാൻ തുടങ്ങി താഴേക്കുള്ള എല്ലാ തട്ടിലും ഉണ്ടായിരിക്കണം.

ക്രിസ്തീയ സഭകൾ തമ്മിൽ തുറന്ന സംവാദങ്ങളും അഭിപ്രായ പ്രകടനങ്ങളും പോര. അകന്നുപോയ സഹോദരീസഭകൾ ഒന്നിച്ചുകൂടി ഒരു സഭയാകാൻ കത്തോലിക്കാസഭ എല്ലാ വിധത്തിലും പരിശ്രമിക്കണം.

ചെറുപ്പക്കാർ സഭയെ വീക്ഷിക്കുന്നത് മേൽക്കോയ്മയും കാപട്യവുമുള്ള ഒരു വൻ സംഘടനയായിട്ടാണ്. ഈ ധാരണ തിരുത്താൻ സഭയ്ക്ക് കടമയുണ്ട്.

പള്ളിയോഗം പുനഃസ്ഥാപിച്ച് പള്ളി ഭരണത്തിന് അല്മായർക്ക് നിയമപരമായ അധികാരം നല്കണം.

കഴിവില്ലാത്ത പള്ളിഭരണാധികാരിയെയും തലതിരിഞ്ഞ വികാരിയെയും നീക്കംചെയ്യാനുള്ള അധികാരം പള്ളിയോഗത്തിന് ഉണ്ടായിരിക്കണം.

തദ്ദേശമെത്രാന്മാരുടെ സിനഡിലെ തീരുമാനങ്ങളെ മാർപാപ്പാ അനുകൂലിച്ച് അതിനെ ബലപ്പെടുത്തണം. റോമിൽനിന്നും തീരുമാനങ്ങൾ തദ്ദേശസഭകളെ അടിച്ചേല്പിക്കാൻ പാടില്ല.

വൃദ്ധനും രോഗിയുമായ ഒരു മാർപാപ്പാ സഭയെ ഭരിക്കുന്നതിലും നല്ലത് സഭയ്ക്ക് പോപ്പ് എമെരിറ്റസ് (Pope Emeritus) ഉണ്ടായിരിക്കുന്നതാണ്.

പാത്രിയാക്കീസുമാരുടെ പഴയകാലങ്ങളിലുണ്ടായിരുന്ന അധികാരവും ജോലിയും പുനഃസ്ഥാപിക്കണം.

പിതൃമാതൃത്വ തീരുമാനങ്ങൾ സ്വതന്ത്രമായും ബോധപൂർവവും സ്വീകരിക്കാൻ ദമ്പതികളെ സഭ അനുവദിക്കണം. ആവശ്യമെങ്കിൽ ഗർഭധാരണ നിരോധനമാർഗങ്ങൾ സ്വീകരിക്കാൻ ദമ്പതികളെ സഭ അനുവദിക്കണം. സുഖാനുഭവവർജനം വഴിയോ പ്രകൃതിപരമായ കുടുംബാസൂത്രണം വഴിയോ കൃത്രിമ ഗർഭനിരോധന മാർഗങ്ങൾ വഴിയോ ഉള്ള ഏതു കുടുംബാസൂത്രമാണ് സ്വീകരിക്കേണ്ടത് എന്ന കാര്യം സ്വതന്ത്രമായി തീരുമാനിക്കുന്നതിന് ദമ്പതികളെ സഭ അനുവദിക്കണം.

സന്ന്യാസിനികളും സന്ന്യാസസഹോദരരും തിരുവിവാഹം എന്ന കൂദാശയോ തിരുപ്പട്ടം എന്ന കൂദാശയോ സ്വീകരിക്കുന്നില്ല. എങ്കിലും അവരുടെ വ്രതങ്ങൾ സഭ ആശീർവദിച്ച് അനുഗ്രഹിക്കുന്നുണ്ട്. അതുപോലെ സ്വവർഗരതിക്കാരുടെ (gay and lesbians) സിവിക് യൂണിയൻ സഭയ്ക്ക് എന്തുകൊണ്ട് ആശീർവദിച്ച് അനുഗ്രഹിച്ചുകൂടാ? അതുവഴി സഭയ്ക്ക് ക്രിസ്തുവിന്റെ കരുണയും സഹാനുഭൂതിയും അവരെ കാണിക്കാൻ സാധിക്കും.

സഹിക്കാൻ വേണ്ടി സ്വന്തം ശരീരത്തിൽ പീഡനങ്ങൾ ഏൽപ്പിച്ച് സഹിക്കുന്നത് തെറ്റാണ്. യേശുവിന്റെ സഹനത്തിൽ ഭാഗഭാക്കാകുന്നു എന്ന വികലദൈവശാസ്ത്രമാണിവിടെ. എന്നാൽ മനുഷ്യശരീരം ദൈവത്തിന്റെ ദാനമാണ്; നമ്മെ സ്നേഹിക്കുന്ന പരംപൊരുളിന്റെ ആലയമാണ്. നമ്മുടെ ശരീരത്തെ പീഡിപ്പിക്കുന്നത് ശരിയായ പ്രവൃത്തിയല്ല. ശരീരത്തെ പൂജനീയമായിക്കണ്ട് അതിനെ സംരക്ഷിക്കുകയാണ് വേണ്ടത്.

സഭ സാന്മാർഗികജീവിതത്തെ ഉത്തേജിപ്പിക്കണം. മരണശിക്ഷയെ എതിർക്കണം. സമാധാനത്തിനു വേണ്ടി പോരാടണം. ഭ്രൂണഹത്യ നിന്ദിക്കണം.

സഭയുടെ ഭാഷയിൽനിന്നു രാജഭാഷ ഒഴിവാക്കണം. ഉദാ: ശ്ലൈഹിക സിംഹാസനം.

തെറ്റുചെയ്യുന്ന വിശ്വാസിയെ പള്ളിക്കു പുറത്താക്കുന്നത് വെറും ലോകായതിക നിയമമാണ്. ദൈവത്തിന്റെ മുമ്പിൽ അത് നിലനില്ക്കുകയില്ല. സിവിൽ കോടതിയിൽനിന്ന് വിവാഹമോചനം ലഭിച്ചവർക്ക് കൂദാശകൾ മുടക്കുന്നതും ഒരു വിശ്വാസിക്ക് സഭാപരമായ മരിച്ചടക്ക് മുടക്കുന്നതും ദൈവനീതിയ്ക്കു ചേർന്നതല്ല. വ്യഭിചാരിണിയുടെ തെറ്റു പോലും ക്ഷമിച്ച ക്രിസ്തുവിന്റെ മാതൃകയാണ് സഭയെ നയിക്കേണ്ടത്.

ലോകത്തിലെ സാമാന്യ ധാർമികതയുമായി തട്ടിച്ചുനോക്കുമ്പോൾ, യഥാർഥത്തിൽ അരോചകമായി തോന്നിയാൽത്തന്നെയും, സഭയുടെ സർവവിധ ആചാരങ്ങളെയും ന്യായീകരിക്കുന്ന രീതിയിലുള്ള മതഭ്രാന്ത് സഭ ഉപേക്ഷിക്കണം. നമ്മുടെ ആചാരാനുഷ്ഠാനങ്ങളെ ഈ ആധുനിക യുഗത്തിനനുസൃതമായി നവീകരിക്കണം.

സഭ പാപികൾക്കുവേണ്ടിയുള്ള ഒരാശുപത്രിയായിരിക്കണം. സഭാനേതാക്കന്മാർക്ക് പുണ്യവാന്മാരെയേ ആവശ്യമുള്ളു എന്നുള്ള തോന്നൽ ഇല്ലാതാക്കണം.

മറിയത്തിന്റെ നിത്യകന്യകാത്വത്തെപ്പറ്റിയും മറ്റും ആലോചിച്ച് ആധിപിടിക്കാതെ ക്രിസ്തുപഠനങ്ങളെ സ്വാംശീകരിച്ച് സാമൂഹ്യനീതിക്കായി സഭ പോരാടണം.

ദൈവശാസ്ത്രപണ്ഡിതർക്ക് മൂക്കുകയർ ഇടാതെ സത്യത്തെ അന്വേഷിക്കാനായി സർവ സ്വാതന്ത്ര്യവും പള്ളി നൽകണം. അവരുടെ മുൻപിൽ ബുദ്ധിമുട്ടുപിടിച്ച ചോദ്യങ്ങളാണുള്ളത്. സൂക്ഷ്മമായി ആലോചിക്കാൻ അവരെ അനുവദിക്കണം. പൂർവസ്ഥിതിയെ ചോദ്യം ചെയ്യണം. തർക്കിക്കണം. സംവാദിക്കണം. ഗവേഷണം ചെയ്യണം. ചരിത്രപുരുഷനായ ക്രിസ്തുവിനെ പഠിക്കണം. വത്തിക്കാൻ ഇച്ഛിക്കുന്ന വിധത്തിലെ ചിന്തിക്കാവൂ എന്ന കടുംപിടുത്തം പേപ്പസിയുടെ വിശ്വസ്തതയ്ക്ക് ക്ഷതം വരുത്തും. കാലോചിതമായ പരിഷ്കാരങ്ങൾ സഭയിൽ വരുത്തിയാൽ മാത്രമേ വിശ്വാസികളുടെ പ്രതിനിധിയായി ആധികാരികമായി ലോകത്തോടു സംസാരിക്കാൻ മാർപാപ്പായ്ക്കു കഴിയൂ.

തെറ്റുകളോ കുറ്റങ്ങളോ കുറവുകളോ ഉള്ള പുസ്തകങ്ങളെ കണ്ടുകെട്ടുകയല്ലാ വേണ്ടത്. മറിച്ച് പൊതുസംവാദത്തിന് വിധേയമാക്കി നല്ലതിനെ സ്വീകരിക്കുകയും തെറ്റിനെ തള്ളുകയും ചെയ്തുകൊണ്ട് പരസ്പരം പഠിക്കലാണ് വേണ്ടത്. അപ്രകാരമാണ് സത്യം ചരിത്രത്തിൽ വളരുന്നത്. മറിച്ച് പുസ്തകത്തെ നിരോധിക്കുകയും ഗവേഷകനെ ശിക്ഷിക്കുകയുമല്ല കരണീയമായ കാര്യം.

ഇന്ന് ലോകത്തെമ്പാടും അനീതിയും അസമത്വവും പീഠനങ്ങളും ദാരിദ്ര്യവും നടമാടുന്നുണ്ട്. ഇത്തരം സാമൂഹ്യരോഗങ്ങളെ എതിർക്കാൻ എന്തു നീക്കങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കാൻ സഭ കടപ്പെടുന്നുണ്ട്.

സഭയിൽ വിവിധങ്ങളായ ശുശ്രൂഷകളുണ്ട്. ആ ശുശ്രൂഷകളുടെ റിപ്പോർട്ട് സഭയിലെ യഥാർഥ അധികാരികളായ അല്മേനികളെ യഥാസമയം അറിയിക്കാൻ സഭാശുശ്രൂഷകർക്ക് കടമയുണ്ട്.

ഇടവക പൊതുയോഗവും രൂപതാ യോഗവും സഭാ മഹായോഗവും തീരുമാനങ്ങൾ കൈക്കൊള്ളാൻ അധികാരമുള്ള സമിതികളായിരിക്കണം. ഉപദേശകസമിതികളായിരുന്നാൽ പോര.

ക്ലെർജികളെ വ്യക്തിപൂജ നടത്തുന്ന രീതിയിൽ അവരെ അല്മേനികളിൽനിന്നു മാറ്റിക്കാണുന്നത് സുവിശേഷവിരുദ്ധമായ തെറ്റാണ്.

## സംഘടനകൾ

സഭാനവീകരണത്തെ ലക്ഷ്യംവച്ചുകൊണ്ട് സിറോമലബാർ സഭയിൽ ഇന്ന് അനേകം സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. ഈ പുസ്തകത്തിലെ ഏഴാം അദ്ധ്യായത്തിൽ വളരെ വിശദമായി ആ വിഷയത്തെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ ചുരുക്കം ചില വൈദികരും അൽമായരും ഒറ്റയ്ക്കായിനിന്നുകൊണ്ട് സഭയുടെ ഇന്നത്തെപ്പോക്കിനെ വിമർശിക്കുന്നുമുണ്ട്. ഡോ. ജെയിംസ് ഗുരുദാസ്, സി. എം. ഐ. യുടെ 'മോചന കാഹളം'[68] എന്ന പുസ്തകവും ശ്രീ. ജോസഫ് പുലിക്കുന്നേൽ എഡിറ്ററായി പ്രസിദ്ധീകരിക്കുന്ന 'ഓശാന'[69] മാസികയും ഫാ. ഡേവിസ് കാച്ചപ്പള്ളി, സി. എം. ഐ. യുടെ 'സത്യജ്വാല'[70] എന്ന മാസികയിലെ ലേഖനങ്ങളും ഇതിനുദാഹരണങ്ങളാണ്. ശ്രേഷ്ഠ മെത്രാപ്പോലീത്തയും മറ്റ് മെത്രാന്മാരും മേൽപറഞ്ഞ നവീകരണ പ്രസ്ഥാനക്കാരുമായി സൗഹൃദ സംഭാഷണങ്ങളും സംവാദങ്ങളും നടത്താൻ മടിച്ചുനില്ക്കാതെ അവരുമായി അഭിപ്രായ ഐക്യത്തിലെത്തി സഭയിൽ ആരോഗ്യകരമായ തിരുത്തലുകൾ നടത്തണം.

ഇനി, സഭാഘടനയിലും കൗൺസിലംഗങ്ങളുടെ തെരഞ്ഞെടുപ്പിലും കേരളസഭയ്ക്ക് മറ്റെല്ലാ സഭകളുടെയും മുമ്പിൽ പ്രാവർത്തികമാക്കി അവതരിപ്പിക്കാവുന്ന ഒരു മാതൃക താഴെക്കൊടുക്കാം.

## ബൈബിൾ പഠന സഭാ കുടുംബകൂട്ടായ്മകൾ

ഓരോ ഇടവകകളിലുമുള്ള കുടുംബകൂട്ടായ്മകളെ പുസ്തകങ്ങളും ലഘുലേഖകളും മൾട്ടി മീഡിയാ സംവിധാനങ്ങളും പങ്കുവച്ച് ബൈബിൾ വീക്ഷണവും സഭാചരിത്രവും പഠിക്കാനും പാഠങ്ങൾ ജീവിതത്തിൽ അനുവർത്തിക്കുന്നവർക്ക് പ്രോത്സാഹനം നല്കാനും ഉള്ള സംവിധാനമായി മാറ്റേണ്ടതുണ്ട്. ഈ കുടുംബ കൂട്ടായ്മകളിൽ പ്രായപൂർത്തിയായ എല്ലാ കുടുംബാംഗങ്ങളും അംഗങ്ങളായിരിക്കും. കുട്ടികൾക്കും കുമാരീകുമാരന്മാർക്കും പ്രത്യേകം ഗ്രൂപ്പുകൾ ഉണ്ടാക്കുന്നതിൽ തെറ്റില്ല. ഓരോ മാസവും ഓരോ വീട്ടിൽ ചേരാറുള്ള ഈ യോഗത്തിൽ അധ്യക്ഷനാകേണ്ടത് ആ വീടിന്റെ നാഥനായിരിക്കണം. അദ്ദേഹത്തിന്റെ അഭാവത്തിൽ ആ കൂട്ടായ്മയിലെ മറ്റേതെങ്കിലും ഗൃഹനാഥനോ ഇടവകവൈദികനോ അധ്യക്ഷനായിരിക്കാവുന്നതാണ്. എന്നാൽ, ഉപദേശ നിർദേശങ്ങൾ നല്കാനല്ലാതെ യോഗം എടുക്കുന്ന തീരുമാനങ്ങൾ അംഗീകരിക്കാതിരിക്കാൻ അധ്യക്ഷനോ ഇടവകവൈദികനോ അധികാരം ഉണ്ടായിരിക്കരുത്.

ഇടവകയിലെ പള്ളിയോഗത്തിലേക്കും ഫൊറോനാ, രൂപതാ, മേജർ ആർക്കി എപ്പിസ്കോപ്പൽ കൗൺസിലുകളിലേക്കുമുള്ള അംഗങ്ങളെ കുടുംബകൂട്ടായ്മകൾ മുതൽ ജനാധിപത്യപരമായി തെരഞ്ഞെടുക്കാനും സംവിധാനമുണ്ടാക്കേണ്ടതുണ്ട്. ഇത് താഴെപ്പറയുന്ന എല്ലാ തലങ്ങളിലുമുള്ള കൗൺസിലുകൾക്കും ബാധകമാകേണ്ട തത്വമാണ്.

## ഇടവകയോഗങ്ങൾ

കുടുംബക്കൂട്ടായ്മകളിൽ കുടുംബനാഥൻ അധ്യക്ഷനായിരിക്കുന്നതു പോലെ ഇടവകയോഗങ്ങളിൽ ഇടവക വികാരി അധ്യക്ഷനായിക്കൊള്ളട്ടെ. എന്നാൽ, ഉപദേശ നിർദേശങ്ങൾ നല്കാനല്ലാതെ യോഗം എടുക്കുന്ന തീരുമാനങ്ങൾ അംഗീകരിക്കാതിരിക്കാൻ അധ്യക്ഷന് അധികാരം ഉണ്ടായിരിക്കരുത്. ഇടവക വികാരിയെയും മെത്രാനെയും തെരഞ്ഞെടുക്കുന്നതിലും ഇടവകകളിലെ കുടുംബകൂട്ടായ്മാ പ്രതിനിധികൾക്ക് പങ്കുണ്ടാകേണ്ടതുണ്ട്.

## ഫൊറോനാ കൗൺസിലുകൾ

ഇടവകയോഗങ്ങളിൽ ഇടവക വികാരി അധ്യക്ഷനായിരിക്കുന്നതു പോലെ  ഫൊറോനാ കൗൺസിലുകളിൽ ഫൊറോനാ വികാരി അധ്യക്ഷനായിക്കൊള്ളട്ടെ. എന്നാൽ ഉപദേശ നിർദേശങ്ങൾ നല്കാനല്ലാതെ യോഗം എടുക്കുന്ന തീരുമാനങ്ങൾ അംഗീകരിക്കാതിരിക്കാൻ അധ്യക്ഷന് അധികാരം ഉണ്ടായിരിക്കരുത്.

## രൂപതാ കൗൺസിലുകൾ

ഫൊറോനാ കൗൺസിലുകളിൽ ഫൊറോനാ വികാരി അധ്യക്ഷനായിരിക്കുന്നതുപോലെ രൂപതാ കൗൺസിലിൽ മെത്രാനും അധ്യക്ഷനായിക്കൊള്ളട്ടെ. ഉപദേശ നിർദേശങ്ങൾ നല്കാനല്ലാതെ യോഗം എടുക്കുന്ന തീരുമാനങ്ങൾ അംഗീകരിക്കാതിരിക്കാൻ അധ്യക്ഷന് അധികാരം ഉണ്ടായിരിക്കരുത്.

## മേജർ ആർക്കി എപ്പിസ്കോപ്പൽ കൗൺസിലുകൾ

രൂപതാ കൗൺസിലിൽ മെത്രാൻ അധ്യക്ഷനായിരിക്കുന്നതുപോലെ മേജർ ആർക്കി എപ്പിസ്കോപ്പൽ കൗൺസിലിൽ മേജർ ആർച്ചു ബിഷപ്പ് അധ്യക്ഷനായിക്കൊള്ളട്ടെ. ജനാധിപത്യപരമായി തെരഞ്ഞെടുത്ത പ്രതിനിധികളെ കൂടാതെ സന്ന്യാസീ-സന്ന്യാസിനി സഭാ പ്രതിനിധികൾ, ദൈവശാസ്ത്രജ്ഞർ, എല്ലാ ശാസ്ത്രങ്ങളുടെയും വിദഗ്ധർ, പുരോഹിതരുടെ പ്രതിനിധികൾ  തുടങ്ങിയവർ  മേജർ ആർക്കി എപ്പിസ്കോപ്പൽ കൗൺസിലിൽ അംഗങ്ങളായിരിക്കണം. ഇവിടെയും ഉപദേശ നിർദേശങ്ങൾ നല്കാനല്ലാതെ യോഗം എടുക്കുന്ന തീരുമാനങ്ങൾ അംഗീകരിക്കാതിരിക്കാൻ അധ്യക്ഷന് അധികാരം ഉണ്ടായിരിക്കരുത്.

## ആഗോള സഭാ കൗൺസിൽ

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം രൂപവത്കരിച്ച മെത്രാൻ സിനഡുകൾ സഭാനവീകരണത്തിന് സഹായകമായിട്ടില്ല. തെരഞ്ഞെടു

ക്കപ്പെടുന്നവരടങ്ങിയ സഭാ കൗൺസിലുകൾ സഭയിൽ ഇടവകതലം മുതൽ സഭാനവീകരണം കൊണ്ടുവരാൻ പ്രവർത്തിച്ചാൽ മാത്രമേ ഒരു ആഗോള സഭാകൗൺസിലിലൂടെ ആഗോള സഭയിൽ സഭാനവീകരണം കൊണ്ടുവരാൻ സാധിക്കുകയുള്ളൂ. The Kerala Christian Church Properties and Institutions Trust Bill 2009 നടപ്പിലായാൽ സംഭവിക്കുന്ന ഏറ്റവും ഗുണകരമായ മാറ്റം പള്ളിയോഗങ്ങളുടെയും സഭാ കൗൺസിലിന്റെയും ജനാധിപത്യപരവും ബൈബിൾ അധിഷ്ഠിതവുമായ പ്രവർത്തനമായിരിക്കും. ഇതിനോട് ഓരോ തലത്തിൽനിന്നും ഇടവകവൈദികർ, മെത്രാന്മാർ, മെത്രാപ്പോലീത്താമാർ, കർദിനാളന്മാർ, മാർപാപ്പാ മുതലായവർ സൃഷ്ടിപരമായി സഹകരിക്കുന്നതിലൂടെയേ സഭാനവീകരണം സംഭവിക്കൂ.

ഓരോ സമ്മേളനത്തിലെയും തീരുമാനങ്ങൾ സഭയിൽ പ്രാബല്യത്തിൽ വരുന്നുണ്ടോയെന്ന് നിരീക്ഷിക്കാൻ ആധികാരികമായ ഒരു കമ്മറ്റിയെ ഈ പൊതു കൗൺസിൽ തെരഞ്ഞെടുക്കേണ്ടതാണ്. ഈ കമ്മറ്റിയുടെ റിപ്പോർട്ട് എല്ലാ വർഷവും എല്ലാ കത്തോലിക്കനും അറിയത്തക്ക രീതിയിൽ പ്രസിദ്ധം ചെയ്യേണ്ടതുമാണ്.

ആഗോള സഭാ കൗൺസിലിൽ വച്ച് പോപ്പും റോമൻ കാര്യാലയങ്ങളും ഒരു പുതിയ 'മാഗ്നാ കാർട്ട'യിൽ ഒപ്പുവയ്ക്കണം. പത്രോസിന്റെ പിൻഗാമിയായ പോപ്പിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരാവകാശങ്ങളിൽ വെള്ളം ചേർക്കുകയല്ല മറിച്ച്, ജനങ്ങളുടെ വ്യത്യസ്തങ്ങളായ ആശയങ്ങളും ആവശ്യങ്ങളും ബഹുമാനപുരസരം കേൾക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. സംഘാത്മകത (Collegiality) വാക്കാൽ പോരാ. യഥാർഥത്തിൽ പ്രാബല്യത്തിൽ വരണം.

ഇനിയും ആഗോളതലത്തിൽത്തന്നെ അടുത്ത ആഗോള മഹായോഗത്തിന് സഹായകമാകുംവിധം നടപ്പിലാക്കേണ്ട ചില കാര്യങ്ങൾ നിർദേശിക്കാം:

വലിയ ഇടവക എന്ന സഭയുടെ ഇപ്പോഴത്തെ കാഴ്ചപ്പാട് മാറ്റേണ്ടിയിരിക്കുന്നു. ദൈവജനത്തെ അൻപതു മുതൽ നൂറുവരെ ഉൾക്കൊള്ളുന്ന കൂട്ടായ്മകളാക്കണം. ദിവ്യബലിയും മറ്റു ശുശ്രൂഷകളും ആ കൂട്ടായ്മയിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന പുരോഹിതർ അവർക്കുവേണ്ടി ചെയ്തുകൊടുക്കണം. ആ പുരോഹിതർ വിവാഹിതരും സ്വന്തം ജോലി ചെയ്ത് കുടുംബത്തെ പോറ്റുന്നവരും സന്നദ്ധസേവനത്തിന് സന്മനസ്സുള്ളവരുമായിരിക്കും. ഈ രീതിയിലുള്ള സഭാനവീകരണം, പ്രത്യേകിച്ച് പാശ്ചാത്യനാടുകളിൽ, സഭയുടെ നിലനിൽപ്പിന് ഭാവിയിൽ അത്യന്താപേക്ഷിതമാണ്.[71]

ഭാവിയിൽ ചെറിയ ചെറിയ ക്രിസ്തീയ സമൂഹങ്ങളും ആ സമൂഹങ്ങളിൽനിന്നു ശുശ്രൂഷാപട്ടം സ്വീകരിച്ച വിവാഹിതരായ വൈദികരുമായിരിക്കും വിശ്വാസികൾക്ക് സേവനം ചെയ്യുന്നത്. അവർ ലൗകിക ജോലി

കൾ ചെയ്ത് ജീവസന്ധാരണം നടത്തും. പുരോഹിതശുശ്രൂഷ പ്രതിഫല മില്ലാത്ത സന്നദ്ധസേവനമായിരിക്കും (Volunteer work). ഇതൊരു പുതിയ ആശയമല്ല. ആദിമസഭയിലും ഇന്ന് മറ്റു പല ക്രിസ്തീയ കൂട്ടായ്മകളിലും നടന്നുകൊണ്ടിരിക്കുന്നതാണ്. കത്തോലിക്കസഭ ഭാവിയിൽ ആ വഴിക്ക് നീങ്ങാതെ തരമില്ല.

25–നും 50–നും വർഷങ്ങൾക്കിടെ, സഭാധികാരികൾക്ക് ഇഷ്ടമുണ്ടെ ങ്കിലും ഇല്ലെങ്കിലും, സഭയിൽ, പ്രത്യേകിച്ച് പാശ്ചാത്യസഭയിൽ ഈ നവീകരണം സംഭവിച്ചിരിക്കും. 50 വർഷം കഴിഞ്ഞുള്ള മാർപാപ്പായ്ക്കും കർദിനാളന്മാർക്കും ഇന്നുള്ള അധികാരങ്ങളോ പദവിയോ അലങ്കാര ങ്ങളോ ഉണ്ടായിരിക്കുകയില്ല. ഇരുപത്തൊന്നാം നൂറ്റാണ്ടിൽ റോമാസാമ്രാ ജ്യത്തിന്റെ അവശിഷ്ടങ്ങൾ സഭയിൽനിന്ന് തൂത്തുമാറ്റപ്പെടും.

## ക്രിസ്തീയ ആഗോള ജിഹാദ്

പണ്ട് കത്തോലിക്കസഭ യൂറോപ്പിലെ അവിശ്വാസികളെ മുഴുവൻ വിശ്വാസികളാക്കി. കൂടാതെ പാശ്ചാത്യമിഷ്യനറിമാർ ലോകം മുഴുവൻ പോയി അവിടത്തെ നല്ല ശതമാനം മറ്റു മതസ്ഥരെ ചിലപ്പോൾ ബലപ്ര യോഗത്താൽത്തന്നെ ക്രിസ്ത്യാനികളാക്കി. കുരിശുയുദ്ധങ്ങൾ വഴി ഇസ്ലാംമതവിശ്വാസികളെ കശാപ്പു ചെയ്തു. ക്രിസ്തുഘാതകർ എന്നു മുദ്രകുത്തി യഹൂദരെ പീഡിപ്പിച്ചു. സഭാധികാരികളുടെ തന്നിഷ്ടത്തിന് വഴങ്ങാത്തവരെ ഇൻക്വിസിഷൻ നടത്തി തീയിലെറിഞ്ഞ് ചുട്ടുകരിച്ചു കൊന്നു. വിച്ച്ക്രാഫ്റ്റ് ആരോപിച്ച് സ്ത്രീകളെ പീഡിപ്പിച്ചു. ഇന്നത്തെ ചരിത്രകാരന്മാർ ആ കാലഘട്ടത്തെ സഭയുടെ ഇരുണ്ടയുഗങ്ങൾ എന്ന് വിശേഷിപ്പിച്ച് ഇന്നത്തെ സഭയെ മോചിപ്പിക്കുന്നു. വാസ്തവത്തിൽ 21-ാം നൂറ്റാണ്ടിലെ സഭയും ഇരുണ്ട യുഗത്തിലൂടെയാണ് കടന്നുപോകു ന്നത്. കാരണം ക്രിസ്തുവിൽ സ്വതന്ത്രരായവർക്ക് ക്രിസ്തുവാഗ്ദാനം ചെയ്ത സ്വാതന്ത്ര്യത്തെ സഭാധികാരികൾ ഹൈജാക്ക് ചെയ്തുകൊ ണ്ടുപോയി, തങ്ങളുടെ അധികാരത്തെ സ്ഥാപിച്ചുറപ്പിക്കാൻ. ഉദാഹര ണത്തിന് പുതിയ കാനോൻനിയമങ്ങൾ സൃഷ്ടിച്ച് ജോൺ പോൾ രണ്ടാ മൻ മാർപാപ്പാ സഭാനേതാക്കന്മാരുടെ അധികാരത്തെ അരക്കിട്ടുറപ്പിച്ചു. അതിലൂടെ സ്നാപനത്തിലൂടെ ജന്മാവകാശമായി ലഭിച്ച ക്രിസ്തീയ സ്വാതന്ത്ര്യത്തെ സഭാധികാരികളുടെ സ്വന്ത താത്പര്യങ്ങൾക്കായി നശി പ്പിച്ചുകളഞ്ഞു. ഇന്ന് ഇസ്ലാം മതത്തിലും ഹിന്ദുമതത്തിലുമെല്ലാം മത മൗലികവാദികൾ വർധിക്കുന്നു എന്ന് നാം കുറ്റപ്പെടുത്തുമ്പോൾ കത്തോ ലിക്കസഭയും മൗലികവാദത്തെ പ്രോത്സാഹിപ്പിക്കുകയല്ലേയെന്ന് നാം ചിന്തിക്കണം. ക്രിസ്തുപഠിപ്പിച്ച സ്നേഹത്തിനല്ലേ നാം മുൻതൂക്കം നൽകേണ്ടത്. കമ്മ്യൂണിസം തകർന്നത് ആശയപരമായ യുദ്ധത്തിലൂ ടെയാണ്. ഒരു വെടിയുണ്ടപോലും അതിന്റെ തകർച്ചയ്ക്കായി ഉപയോ ഗിച്ചിട്ടില്ല. ക്രിസ്തു വാഗ്ദാനം ചെയ്ത സ്വാതന്ത്ര്യം അൽമേനിക്ക് സഭ

നിഷേധിക്കുമ്പോൾ അതിനെ മറുതലിച്ചെന്തെങ്കിലും ഉരിയാടിയാൽ സ്വർഗം നഷ്ടപ്പെടുമോയെന്ന ഭയത്താൽ അൽമേനി പ്രതികരിക്കാതെ മൗനം പാലിക്കുന്നു. അതല്ലെങ്കിൽ, മറ്റാരെങ്കിലും തനിക്കുവേണ്ടി ഒച്ചപ്പാടുണ്ടാക്കിക്കൊള്ളുമെന്ന് പ്രതീക്ഷിച്ച് നിഷ്ക്രിയരായിരിക്കുന്നു.

ഇന്ന് ഇസ്ലാം ലോകം മുഴുവൻ ജിഹാദ് പ്രഖ്യാപിച്ചിരിക്കയാണ്. അതുപോലെ വിശ്വാസികളെ മുഴുവൻ നിയന്ത്രിക്കുന്ന സഭാധികാരികളുടെ ദുഷ്പ്രവണതകളോട് വിശ്വാസികളും ആഗോളജിഹാദ് പ്രഖ്യാപിക്കേണ്ടിയിരിക്കുന്നു. സ്ത്രീകൾ പുരുഷന്മാരൊടൊപ്പമിരുന്ന് ക്രിസ്തീയ വിശ്വാസത്തെക്കുറിച്ചുള്ള ആശയങ്ങൾ പങ്കുവയ്ക്കണം. കുടുംബ കൂട്ടായ്മകളിൽ ചർച്ച ചെയ്യണം. സ്നേഹിതരും അഭ്യുദയകാംക്ഷികളുമായി ആധുനിക ഇലക്ട്രോണിക് മാധ്യമങ്ങൾ വഴി ആശയപ്രചരണം നടത്തണം. മെത്രാൻമാരുടെയോ അച്ചൻമാരുടെയോ കാരുണ്യംകൊണ്ടല്ല നമ്മളെല്ലാം ക്രിസ്തു അനുയായികളായതെന്ന് അവരെ ബോധ്യപ്പെടുത്തണം. അതുപോലെ വിശ്വാസികൾ വെറും മന്ദബുദ്ധികളല്ലെന്നും അവരെ ധരിപ്പിക്കണം.

ഈ പുസ്തകം സഭാനവീകരണത്തിനായുള്ള ഒരു ക്രിസ്തീയ ആഗോളജിഹാദിനുള്ള ആഹ്വാനമായിരിക്കട്ടെ.

## സീറോ മലബാർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭാ സൂനഹദോസ് വിളിച്ചുകൂട്ടാൻ ഒരഭ്യർഥന

1599-ൽ ഗോവാ മെത്രാപ്പോലീത്ത അലക്സിസ് മെനേസിസ് ഉദയമ്പേരൂരിൽ മാർതോമാ നസ്രാണിസഭയുടെ മഹായോഗം വിളിച്ചുകൂട്ടിയ അതേ മാതൃകയിൽ സീറോമലബാർ സഭയുടെ തലവനായ മേജർ ആർച്ച്ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി അടിയന്തിരമായി സീറോമലബാർ കത്തോലിക്കസഭയുടെ ഒരു സൂനഹദോസ് വിളിച്ചുകൂട്ടേണ്ടതാണ്. ആ സൂനഹദോസിൽ അല്മായ പ്രതിനിധികളും (സ്ത്രീകളും പുരുഷന്മാരും) വൈദിക പ്രതിനിധികളും സന്യസ്തരുടെ പ്രതിനിധികളും മറ്റ് ക്രിസ്തീയ സഭാ പ്രതിനിധികളുമെല്ലാം ഉണ്ടായിരിക്കേണ്ടതാണ്. ആ സൂനഹദോസിന്റെ ഫലമായി നസ്രാണി കത്തോലിക്കസഭയുടെ നല്ല പൂർവപാരമ്പര്യങ്ങൾ വീണ്ടെടുക്കണം. അതിനായി ധാരാളം പഠനങ്ങളും സംവാദങ്ങളും നടത്തി അന്തിമതീരുമാനങ്ങൾ സഭയിൽ നടപ്പാക്കണം. അങ്ങനെ സീറോ മലബാർ കത്തോലിക്കസഭയെ കാലോചിതമായി നവീകരിക്കണമെന്ന് സീറോ മലബാർ സഭയുടെ തലവനായ ശ്രേഷ്ഠ മെത്രാപ്പോലീത്തയോട് ആദരപൂർവം ഞാൻ ആഭ്യർഥിക്കുന്നു.

# സൂചിക
(REFERENCES)


1. ഗീവർഗീസ് ചേടിയത്ത്, എവുസേബിയസ് തിരുസ്സഭാചരിത്രം, Oriental Institute of Religious Studies, India, Vadavathoor, 1985, p. 337
2. Sacramentum Mundi, Vol. II, Theological Publications in India, Bangalore, 1989, p. 83
3. William A. Jurgens, The Faith of the Early Fathers, Vol.1, Theological Publications in India, Bangalore, 1984, p.166
4. സേവ്യർ കൂടപ്പുഴ, സഭാവിജ്ഞാനീയം, Oriental Institute of Religious Studies, India, Vadavathoor, 1996, Ch. 8
5. William A. Jurgens, The Faith of Early Fathers, op. cit., p. 4
6. John Henry Cardinal Newman, The Arians of the Fourth Century, Longmans, Green and Co, London, 1908, p. 318
7. Elizabeth A. Johnson, Quest for the Living God, Continuum, N. Y., 2007, Ch. 5
8. James D. Tabor, The Jesus Dynasty, Simon & Schuster, New York, 2006, p. 147
9. സേവ്യർ കൂടപ്പുഴ, തിരുസ്സഭാചരിത്രം, Oriental Institute of Religious Studies, India, Vadavathoor, 1984, pp. 521, 522
10. സേവ്യർ കൂടപ്പുഴ, തിരുസ്സഭാചരിത്രം, op. cit., pp. 498, 499
11. പൗരസ്ത്യസഭകളുടെ കാനോനകൾ സഭാജീവിതത്തിൽ, Oriental Institute of Religious Studies, India, Vadavathoor, Third Edition, August 15, 2009, p. 92
12. ചാക്കോ കളരിക്കൽ, ലൈംഗികതയും പൗരോഹിത്യവും, Sky Book Publishers, Mavelikara, June 2011, p. 35
13. ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകൾ, Indian Institute of Christian Studies, Hosanna Mount, 1994, p. 170
14. Acts of the Synod of the Bishops of the Syro-Malabar Church held in Vatican from 8 to 16 January 1996, Syro-Malabar Major Archiepiscopal Curia, 1996, p. 71
15. ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകൾ, op. cit., p. 11
16. Andrews Thazhath, Juridical Sources of the Syro-Malabar Church, Oriental Institute of Religious Studies, India, Vadavathoor, 1987, p.11
17. സേവ്യർ കൂടപ്പുഴ, ഭാരതസഭാചരിത്രം, Oriental Institue of Religious Studies, India, Vadavathoor, 1989, p.198
18. പാറേമ്മാക്കൽ ഗോവർണദോർ, വർത്തമാനപ്പുസ്തകം, Indian Institute of Christian Studies, Hosanna Mount, 1994, pp. 3-18
19. പാറേമ്മാക്കൽ ഗോവർണദോർ, വർത്തമാനപ്പുസ്തകം, Ibid, p. 14
20. സേവ്യർ കൂടപ്പുഴ, ഭാരതസഭാചരിത്രം, op. cit., pp. 196-198

21. പാറേമ്മാക്കൽ ഗോവർണദോർ, വർത്തമാനപ്പുസ്തകം, op. cit., p. 8
22. Jose Kuriyedath, Authority in the Catholic Community in Kerala, Dharmaram Publications, Bangalore, 1989, p. 86
23. ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകൾ, op. cit., p. 12
24. ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകൾ, op. cit., p. 35
25. പാറേമ്മാക്കൽ ഗോവർണദോർ, വർത്തമാനപ്പുസ്തകം, op. cit., pp. 6-42
26. ജോസഫ് പുലിക്കുന്നേൽ, കേരള ക്രൈസ്തവചരിത്രം വിയോജനക്കുറിപ്പുകൾ, Indian Institute of Christian Studies, Hosanna Mount, 1999, p. 204
27. മാർ മത്തായി മാക്കീൽ, ദെക്രെത്തു പുസ്തകം, മാത്യു മാക്കീൽ ബിഷപ്പ് ഓഫ് ചങ്ങനാശ്ശേരി, 1904, p. 127, 128
28. ജോസഫ് പുലിക്കുന്നേൽ, റോമിൽ നടന്ന സീറോമലബാർ മെത്രാന്മാരുടെ സൂനഹദോസിൽ മാർ ജോസഫ് പവ്വത്തിൽ ചെയ്ത പ്രസംഗം ഒരു പഠനം, ഓശാന, ഫെബ്രുവരി 1997, p. 1-16
29. Luke, O. F. M. (Cap), Is our Patrimony Chaldean?
30. Cyprian Illickamuri, O. F. M. (Cap), The Relation between St. Thomas Christians and East Syrian Church
31. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, ധർമ്മാരാം പബ്ലിക്കേഷൻസ്, ബാംഗ്ലൂർ, 2004, p. 191
32. Joseph Cardinal Parecattil, Syro-Malabar Liturgy as I See It, Fr. Abel C. M. I., Kalabhavan, 1987, p. 118
33. പൗരസ്ത്യസഭകളുടെ കാനോനകൾ സഭാജീവിതത്തിൽ, op. cit., p. 257
34. Acts of the Synod of the Bishops of the Syro-Malabar Church, 1996
35. എ. കെ. സി. സി. ബുള്ളറ്റിൻ, പ്രസാധകക്കുറിപ്പ്, സെപ്തംബർ 1994
36. എ. കെ. സി. സി. ബുള്ളറ്റിൻ, ibid.
37. എ. കെ. സി. സി. ബുള്ളറ്റിൻ, op. cit.
38. എ. കെ. സി. സി. ബുള്ളറ്റിൻ, op. cit.
39. Sam Harris, The End of faith, W. W. Norton & Company, New york, 2005
40. ജോർജ് മൂലേച്ചാലിൽ, സഭയിൽ സംഘടനാ പ്രവർത്തനത്തിന്റെ പ്രസക്തി, ഓശാന, ഭാരതീയ ക്രൈസ്തവ പഠനകേന്ദ്രം, ഇടമറ്റം, ജൂലൈ 1999
41. ജോർജ് മൂലേച്ചാലിൽ, സഭയിലെ സംഘടനാപ്രവർത്തനം - ഒരു രൂപരേഖ, ഓശാന, ibid, ആഗസ്റ്റ് 1999
42. കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം, സഭാനവീകരണം - നിലപാടുകൾ, നിർദ്ദേശങ്ങൾ, അവകാശപ്രഖ്യാപനങ്ങൾ (http://www.catholicreformation-kcrm.blogspot.com)
43. ജോർജ് മൂലേച്ചാലിൽ, 'ചർച്ച് ആക്ടും' കേരളസഭയുടെ പരമ്പരാഗത പള്ളിയോഗസമ്പ്രദായവും, http://www.catholicreformation-kcrm.blogspot.com
44. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, op. cit., p. 211
45. Harvey Cox, Future of Faith, Haraper Collins Publishers, New York, 2009
46. Peter Cayce, What did Jesus really say, how Christianity went astray, Universe, Lincoln, NE, USA, 2005, p. 2
47. Antonio Rosmini, The Five wounds of the Holy Church, Rivingtons, London, 1883
48. ചാക്കോ കളരിക്കൽ, മതാധിപത്യം കത്തോലിക്കാസഭയിൽ, സ്കൈ ബുക്ക് പബ്ളിഷേഴ്സ്, മാവേലിക്കര, 2011, p. 37

49. ചാക്കോ കളരിക്കൽ, ഇടയൻ, റെയ്ൻബോ ബുക് പബ്ലിഷേഴ്സ്, ചെങ്ങന്നൂർ, 2008
50. Michigan Catholic, Detroit, U. S. A., March 20, 2009
51. A Hisoty of Women and Ordination, Vol. 2: The Priestly Office of Women: God's Gift to a Renewed Church, 2nd edition, Scarecrow Press, U. S. A.
52. പൗരസ്ത്യസഭയുടെ കാനോനകൾ സഭാജീവിതത്തിൽ, op. cit., p. 567
53. Paul Lakeland, The Liberation of the Laity: in Search of an Accountable Church, continunum, New York, 2003, p. 193
54. Varkey Cardinal Vithayathil, Straight from the Heart, Saint Paul Society, Bombay, 2009, p. 95
55. Tim Unsworth, National Catholic Reporter, Feb 23, 2001, p. 11
56. Third Millenium, 2007 July - Sept. issue, p. 49-60
57. പൗരസ്ത്യസഭയുടെ കാനോനകൾ സഭാജീവിതത്തിൽ, op. cit.
58. സേവ്യർ കൂടപ്പുഴ, തിരുസഭാചരിത്രം, op. cit.
59. Ralph Martin, The Catholic Church at the End of an Age, Ignatius Press, San Francisco, 1994, pp. 38, 39, 45
60. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ op. cit., p. 502
61. വർത്തമാനപ്പുസ്തകം, op. cit., p. 152
62. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, op. cit., pp. 188-191
63. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, ibid, p. 188
64. പൗരസ്ത്യസഭകളുടെ കാനോനകൾ സഭാജീവിതത്തിൽ, op. cit., p. 30
65. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, ibid, p. 191
66. Russell shaw, Papal Primacy in the Third Millenium, Our Sunday Visitor Inc., Huntington, U. S. A., 2000
67. htttp://www.natcath.org/NCR_Online/archives/050302/050302a.html
68. ജെയിംസ് ഗുരുദാസ്, മോചനകാഹളം, സ്നേഹവാണി പബ്ളിക്കേഷൻസ്, 2011
69. Hosanna, Indian Institute of Christian Studies, Hosanna Mount, Edamattam
70. ഫാ. ഡേവിസ് കാച്ചപ്പള്ളി, സി. എം. ഐ., സത്യജ്വാല, കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം, പാലാ
71. Henri Bouland, S. J., A Personal Letter to Pope Benedict XVI, July 18, 2007

അനുബന്ധം

# ശ്രീ. ജോസഫ് പുലിക്കുന്നേലുമായി ഒരു അഭിമുഖം



ജോസഫ്
പുലിക്കുന്നേൽ

*കത്തോലിക്കസഭയിൽ പ്രത്യേകിച്ച് സീറോ മലബാർ സഭയിൽ കലോചിതമായ മാറ്റങ്ങൾ വരുത്താൻ വേണ്ടി കഴിഞ്ഞ 42 വർഷങ്ങളായി ശ്രീ. ജോസഫ് പുലിക്കുന്നേൽ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ശ്രമഫലമായി സഭയിൽ നിരവധി മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. സഭാധികാരത്തിന്റെ സമീപനങ്ങളിലും വിശ്വാസികളുടെ ദൈവവചനാധിഷ്ഠിതമായ ജീവിതത്തിലും സാരമായ ചലനങ്ങൾ അദ്ദേഹത്തിന്റെ സഭാനവീകരണ പ്രവർത്തനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. സഭാധികാരികൾ സഹകരിക്കുന്നില്ലാത്ത സാഹചര്യത്തിൽ സഭയുടെ ഘടനാപരമായ മാറ്റങ്ങൾക്കായി ഇന്ത്യയിൽ ഭരണഘടനാധിഷ്ഠിതമായ ഒരു നിയമമുണ്ടാക്കേണ്ടത് അനിവാര്യമായിരിക്കുന്നു എന്നാണ് അദ്ദേഹം ഇന്നു കരുതുന്നത്. അതിനുവേണ്ടിയുള്ള ബോധവത്ക്കരണ പരിശ്രമത്തിലാണ് അദ്ദേഹം ഇന്ന്. 2012 ജൂലൈ 20-ന് അദ്ദേഹത്തിന്റെ മുൻപിൽ ഈ ഗ്രന്ഥകാരൻ അവതരിപ്പിച്ച ചോദ്യങ്ങളും അവയ്ക്ക് അദ്ദേഹം നൽകിയ ഉത്തരങ്ങളുമാണ് താഴെ.*

**?** *കഴിഞ്ഞ 42 വർഷത്തെ സാറിന്റെ ജീവിതം കേരള നസ്രാണി സഭയുടെ ചരിത്രവും പാരമ്പര്യങ്ങളും സാധാരണ വിശ്വാസികളെ പഠിപ്പിക്കാനും പ്രബുദ്ധരാക്കാനും പുറമേ സഭാ മേലധികാരികളുടെ ദുഷ്പ്രവർത്തനങ്ങളെ വിമർശിക്കാനും വേണ്ടി ചെലവഴിച്ചു എന്നാണ് ഞാൻ കരുതുന്നത്. സാറിന്റെ ഈ ഭഗീരഥപ്രയത്നം വേണ്ടവിധത്തിൽ ഫലം പുറപ്പെടുവിക്കുന്നുണ്ടോ?*

**ഉത്തരം :** 42 വർഷമായി ഞാൻ സഭാനവീകരണ യജ്ഞത്തിൽ മനസൂന്നി പ്രവർത്തിക്കുകയായിരുന്നു. സഭാസമൂഹത്തിൽ ഇത് എന്തു മാറ്റം വരുത്തി എന്നു ചോദിച്ചാൽ വളരെയധികം മാറ്റങ്ങൾ വന്നു എന്നാണ് എനിക്കു തോന്നുന്നത്. ഒരു മതസമൂഹത്തിൽ പെട്ടെന്ന് മാറ്റം ഉണ്ടാക്കുക എളുപ്പമല്ല. കാരണം മതസമൂഹത്തിന്റെ ഘടനയിൽ വിശ്വാസവും പാരമ്പര്യവുമെല്ലാം സുപ്രധാനമായ ഘടകങ്ങളാണ്. ഇന്നലെവരെ വിശ്വസിക്കുകയും അനുഷ്ഠിക്കുകയും ചെയ്ത കാര്യങ്ങൾ പെട്ടെന്ന് മാറ്റാൻ മനുഷ്യന് വിഷമമാണ്. കാരണം മുമ്പേപോകുന്ന പശുവിന്റെ പിമ്പേ പോകുന്നതാണ് എളുപ്പം. വഴിമാറി ചവിട്ടാൻ മനസ്സ് അനുവദിക്കുകയില്ല. ബൗദ്ധികവും ചിന്താപരവുമായ ഒരു മാറ്റം സമൂഹത്തിലാകെ സൃഷ്ടിച്ചെങ്കിൽ മാത്രമേ സമൂഹത്തെ പുത്തൻ ചാലിലേക്ക് നയിക്കാനാകൂ.

ശ്രീനാരായണഗുരു 1888-ലാണ് അരുവിപ്പുറത്ത് യാതൊരു പ്രകടനാത്മക പരിപാടികളുമില്ലാതെ അർധരാത്രിയിൽ ശിവപ്രതിഷ്ഠ നടത്തിയത്. തുടർന്ന് ഹൈന്ദവ മതസമൂഹത്തിൽ ഉണ്ടായ മാറ്റം വളരെ വലുതായിരുന്നു. ശ്രീനാരായണഗുരു മരിക്കുന്നത് 1928 ലാണ്. ക്ഷേത്രപ്രവേശന വിളംബരം 1936 നവംബർ 12-ാം തീയതിയായിരുന്നു. ഈ മംഗള മുഹൂർത്തം കാണാൻ ശ്രീനാരായണഗുരു ജീവിച്ചിരുന്നില്ല.

എന്തെങ്കിലും വ്യക്തിപരമായ നേട്ടത്തിനായിരുന്നില്ല ശ്രീനാരായണ ഗുരു ഹൈന്ദവമതനവീകരണത്തിനായി പ്രവർത്തിച്ചിരുന്നത്. 'തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും' നിലനിന്നിരുന്ന ഹിന്ദുമത സമൂഹത്തെ മാറ്റി മറിച്ചത് ചട്ടമ്പിസ്വാമികൾ, ശ്രീനാരായണഗുരു, വാഗ്ഭടാനന്ദൻ, വൈകുണ്ഠസ്വാമി മുതലായവർ ഹിന്ദുമതതത്വങ്ങളെ ജനങ്ങളുടെ മുമ്പിൽ നിരത്തിവെച്ച് പൊതുസമൂഹത്തെ ബോധ്യപ്പെടുത്തിയപ്പോഴാണ്. സമൂഹപരിവർത്തനത്തെക്കുറിച്ച് സ്വപ്നം കാണുന്നവർ അത് സാധിതപ്രായമാകുംവരെ ജീവിച്ചിരിക്കണമെന്നില്ല. മാറ്റങ്ങൾ സാവധാനത്തിലാണ് ഉണ്ടാകുക.

സഭയിലും മാറ്റങ്ങളുടെ അനേകം അടയാളങ്ങൾ ഞാൻ കാണുന്നു. 1975-ൽ ഓശാന ആരംഭിക്കുമ്പോൾ ബൈബിൾ കത്തോലിക്കർക്ക് വിലക്കപ്പെട്ട ഒരു കനിയായിരുന്നു. ഓശാന ബൈബിൾ പ്രസിദ്ധീകരിച്ചതിനുശേഷമാണ് വിശ്വാസത്തിന്റെ ആധാരശിലയായി ബൈബിളിനെ സഭാംഗങ്ങൾ കാണാൻ തുടങ്ങിയതും വായിക്കാൻ തുടങ്ങിയതും. ഇപ്പോൾ എല്ലാ വീടുകളിലും ബൈബിളുണ്ട്. യേശുവിന്റെ പ്രബോധനം

എന്ന വ്യാജേന പുരോഹിതർ പറഞ്ഞതെല്ലാംതന്നെ ഭോഷ്കാണെന്ന് ജനങ്ങൾ മനസ്സിലാക്കുന്നു. ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ദാസനാകണമെന്നുള്ള യേശുവിന്റെ കല്പന തമസ്കരിച്ചുകൊണ്ട് 'ഹിസ് ഹോളിനസും', 'ഹിസ് എമിനൻസും', 'ഹിസ് ഗ്രെയ്സും', 'ഹിസ് ലോർഡ്ഷിപ്പു'മെല്ലാം അധികാരം ഭരിക്കുകയാണ് എന്ന് ഇന്ന് വിശ്വാസികൾ മനസ്സിലാക്കിക്കഴിഞ്ഞു. ഇതിനെതിരെ അനേകരുടെ മനസ്സ് നിശ്ശബ്ദമായി പ്രതികരിക്കാൻ തുടങ്ങിയിട്ടുണ്ട്. അസ്വസ്ഥമായ ഒരു അന്തരീക്ഷമാണ് ഇന്ന് സഭയിലുള്ളത്. ആദ്യം ഞാൻ ഒറ്റക്കായിരുന്നെങ്കിലും ഇന്ന് അനേകർ സഭാ നവീകരണത്തിനായി രംഗത്തുണ്ട്. എന്തിന് പുരോഹിതർവരെ സഭയിൽ മാറ്റം ഉണ്ടായേ മതിയാകൂ എന്ന് പരസ്യമായി വാദിക്കാൻ ആരംഭിച്ചു കഴിഞ്ഞു. അതുകൊണ്ട് ഇന്ന് അല്ലെങ്കിൽ നാളെ യേശുവിന്റെ കല്പന അനുസരിച്ചുള്ള ഒരു സഭയായി ഇന്ത്യയിലെ സഭ പരിവർത്തനപ്പെടും എന്നതിന് എനിക്ക് സംശയമില്ല.

1918-ൽ രൂപം കൊടുത്ത കാനോൻ നിയമത്തിന്റെ അടിത്തറ വ്യാജരേഖകളാണെന്ന് ഇന്ന് വിശ്വാസികൾ മനസ്സിലാക്കുന്നു. ഒരു കാലത്ത് പുരോഹിതർ വിശ്വാസികളുടെമേൽ അധികാരം ഭരിക്കുന്നതിന് ഉപയോഗിച്ച വജ്രായുധം കാനോൻ നിയമമായിരുന്നു. ഇന്ന് ഈ കാനോൻ നിയമം വെറും 'കൂനൻ നിയമം' ആണെന്നേ വിശ്വാസികൾ കരുതുന്നുള്ളൂ.

ഇന്നലെകളിൽ, ഒരു വിശ്വാസിയുടെ ജീവിതത്തിലെ പ്രധാന കർമങ്ങൾ നടത്താൻ പുരോഹിതനെ അവകാശമുണ്ടായിരുന്നുള്ളൂ. ഇന്നലെകളിൽ മരിച്ചടക്ക്, വിവാഹം മുതലായ സാമൂഹ്യകർമങ്ങൾ പുരോഹിതരുടെ കല്പനപ്രകാരം മാത്രമേ നടക്കുമായിരുന്നുള്ളൂ. ഇതിനെ ധിക്കരിച്ചുകൊണ്ട് കുറവിലങ്ങാട് ശ്രീ. വി.കെ. കുര്യന്റെ മൃതദേഹം പൂർണമായ ജനപിന്തുണയോടെ ഞാൻ പള്ളിസിമിത്തേരിയിൽ അടക്കിയപ്പോൾ പുരോഹിതർ വിശ്വാസികളുടെമേൽ കെട്ടിവെച്ച ഒരു വലിയ കൈയാമം സ്വയം മുറിഞ്ഞുപോയി. ഇന്ന് 'കൂനൻ നിയമം' ചൂണ്ടിക്കാട്ടി മരണാവസരത്തിൽ പുരോഹിതർക്ക് ആരെയും ഭയപ്പെടുത്താനാകില്ല.

വിവാഹത്തിലെ കാർമികർ വിവാഹിതരാകുന്ന സ്ത്രീപുരുഷന്മാരാണ്. പക്ഷേ അച്ചന്മാർ ഇതൊന്നും വിശ്വാസികളെ മനസ്സിലാക്കാൻ അനുവദിക്കുകയില്ല. അച്ചന്റെ കാർമികത്വത്തിലാണ് വിവാഹം നടക്കുന്നതെന്ന തെറ്റിദ്ധാരണ വിശ്വാസികളിൽ സൃഷ്ടിച്ചു. വിവാഹത്തിന് അച്ചൻ ഒരു മുഖ്യ സാക്ഷിമാത്രമാണ്. പാലായിൽ രണ്ട് ഇടവകകളിൽ കാനോൻ നിയമം അനുസരിച്ച് ഞാൻ മുഖ്യ സാക്ഷിയായി വിവാഹം നടത്തി. പിന്നീട് കല്യാണം മുടക്കാൻ അച്ചനും മെത്രാനും ധൈര്യം ഉണ്ടായില്ല. നമ്മുടെ വിശ്വാസം മെത്രാനിലും അച്ചനിലുമല്ല. മറിച്ച് യേശുവിലാണെന്ന സത്യം വിശ്വാസികൾ മനസ്സിലാക്കികൊണ്ടിരിക്കുകയാണ്. സമ്പത്തും അധികാരവും സ്ഥാപനങ്ങളും കൈയടക്കിവെച്ചുകൊണ്ട് എക്കാലവും യഥേഷ്ടം വിശ്വാസികളെ ഭരിക്കാൻ കഴിയുമെന്നുള്ള മൂഢചിന്തയിൽ

നിന്ന് കാണെക്കാണെ പുരോഹിതർ വിമോചിതരായിക്കൊണ്ടിരിക്കുന്നു. ജനങ്ങളാകട്ടെ ഇന്നലത്തെപ്പോലെ ഓച്ഛാനിച്ച് പുരോഹിത നിർദേശങ്ങൾ കാത്ത് തങ്ങളുടെ ജീവിതത്തെ ക്രമീകരിക്കുന്നുമില്ല. ഓച്ഛാനിച്ചുനിന്ന് പുരോഹിത കരങ്ങളിൽനിന്ന് അവിഹിതമായി അവകാശങ്ങൾ നേടിയെടുക്കുന്നവർവരെ പുറത്തിറങ്ങിയാൽ പറയുന്നത് പുരോഹിതരുടെ ചൂഷണത്തെക്കുറിച്ചാണ്. ഇതിനർഥം എല്ലാ പുരോഹിതരും അത്തരക്കാരാണെന്നല്ല. പക്ഷേ ഇന്ന് പുരോഹിതശ്രേണിയിൽ നന്മയുടെ മുഖമുള്ളവർ വളരെ വിരളം മാത്രം.

പുരോഹിത കല്പന വിശ്വാസികൾ പാലിക്കാൻ തയ്യാറാകുന്നില്ല എന്നതിന്റെ ഉത്തമസാക്ഷ്യമാണ് ജനനനിയന്ത്രണം സംബന്ധിച്ച മെത്രാൻ ഭാഷ്യത്തോടുള്ള വിശ്വാസികളുടെ പ്രതികരണം. ഇന്ന് കത്തോലിക്ക ഭവനങ്ങളിൽ മൂന്ന് കുട്ടികളിൽ കൂടുതൽ വളരെ വിരളമാണ്. അച്ചന്മാർ ജനനനിയന്ത്രണത്തെക്കുറിച്ച് ഘോരഘോരം പ്രസംഗിക്കുമ്പോഴും വിശ്വാസികൾ അതുകേട്ട് ഉള്ളിൽ ചിരിച്ച് തങ്ങൾക്കിഷ്ടമുള്ളതുപോലെ കിടക്കയിൽ പ്രവർത്തിക്കുന്നു. മെത്രാന്മാർ അടുത്തയിടെ സുശക്തമായി രംഗത്തിറങ്ങി മദ്യവർജനത്തെക്കുറിച്ച് പ്രസംഗിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്തു. ഇതൊന്നും ആരും കേൾക്കുന്നില്ല. ഓരോ വർഷവും മദ്യത്തിന്റെ ഉപഭോഗം വർധിച്ചുകൊണ്ടിരിക്കുകയാണ്. ഈ അടുത്തയിടെ എന്റെ ഒരു സുഹൃത്ത് പറഞ്ഞു ഇപ്പോൾ ജനങ്ങൾ കൂടുതൽ മദ്യം കഴിക്കുന്നത് മെത്രാന്മാരുടെ അനാവശ്യ ഇടപെടലുകളോടുള്ള പ്രതിഷേധമാണെന്ന്. അതാണ് സത്യമെന്ന് എനിക്കും തോന്നുന്നു.

ക്ഷേത്ര പ്രവേശന വിളംബരത്തിന്റെ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കട്ടെ. "നമ്മുടെ മതത്തിന്റെ പരമാർത്ഥതയും സുപ്രമാണതയും ഗാഢമായി ബോദ്ധ്യപ്പെട്ടും ആയതു ദൈവികമായ അനുശാസനത്തിലും സർവവ്യാപകമായ സഹിഷ്ണതയിലുമാണ് അടിയുറച്ചിരിക്കുന്നതെന്നു വിശ്വസിച്ചും അതിന്റെ പ്രവർത്തനത്തിൽ അതു ശതവർഷങ്ങളായി കാലപരിവർത്തനത്തിന് അനുയോജിച്ചു പോന്നുവെന്നു ധരിച്ചും നമ്മുടെ ഹിന്ദു പ്രജകളിൽ ആർക്കുംതന്നെ അവരുടെ ജനനമോ ജാതിയോ സമുദായമോ കാരണം ഹിന്ദുമതവിശ്വാസത്തിന്റെ ശാന്തിയും സാന്ത്വനവും നിഷേധിക്കപ്പെടാൻ പാടില്ലെന്നുള്ള ഉത്കണ്ഠയാലും നാം തീരുമാനിക്കുകയും ഇതിനാൽ പ്രഖ്യാപനം ചെയ്യുകയും നിയോഗിക്കുകയും ആജ്ഞാപിക്കുകയും ചെയ്യുന്നതെന്തെന്നാൽ..." (കേരള ചരിത്രം, എ. ശ്രീധര മേനോൻ, പേജ് 384).

ക്ഷേത്രപ്രവേശന വിളംബരം ഒരു നിയമത്തിലൂടെയാണ് നടപ്പിലാക്കിയത്. ഇന്ന് "നമ്മുടെ മതത്തിന്റെ (ക്രിസ്തുമതത്തിന്റെ) പരമാർഥതയും സുപ്രമാണതയും ഗാഢമായി ബോധ്യപ്പെട്ട് ആയതു ദൈവികമായ അനുശാസനത്തിലും സർവവ്യാപകമായ സഹിഷ്ണതയിലുമാണ് അടിയുറച്ചിരിക്കുന്നതെന്നു വിശ്വസിച്ച്'' നിയമം നിർമിക്കാൻ ക്രൈസ്തവർ ഗവൺമെന്റിനെ പ്രേരിപ്പിക്കണം. നിയമത്തിലൂടെ മാത്രമേ

ഇന്ന് സഭയ്ക്കുള്ളിൽ നടമാടുന്ന പുരോഹിതധാർഷ്ട്യം അവസാനിപ്പി ക്കാനാകൂ. ക്ഷേത്രപ്രവേശന വിളംബരം ഇല്ലായിരുന്നുവെങ്കിൽ, ഇന്ത്യൻ ഭരണഘടന ഇല്ലായിരുന്നുവെങ്കിൽ ഇന്നും അടിമജനത അടിമകളായി ത്തന്നെ കഴിയുമായിരുന്നു. നമ്മുടെ നവീകരണത്തിനുവേണ്ടിയുള്ള ഈ പോരാട്ടം വിജയപ്രാപ്തിയിൽ എത്തണമെങ്കിൽ ഗവൺമെന്റിനെ ക്കൊണ്ട് നിയമം നിർമ്മിച്ചേ മതിയാകൂ. ആ നിയമനിർമാണത്തിന്റെ ആവശ്യകതയെക്കുറിച്ച് ഇന്ന് വിശ്വാസികൾ മനസ്സിലാക്കിക്കൊണ്ടിരിക്കു കയാണ്. നവീകരണ പ്രസ്ഥാനങ്ങൾ ഒട്ടും പരാജയമല്ല വിജയം തന്നെ യാണ്. കാലത്തിന്റെ തികവിൽ മാർതോമാ മാർഗവും വഴിപാടും നമ്മുടെ നിയമമായി ലഭിക്കാൻ നമുക്ക് ഒന്നിച്ച് പ്രവർത്തിക്കാം. അങ്ങനെ നിയമമായി കിട്ടണമെങ്കിൽ അതിനുവേണ്ടിയുള്ള പ്രചാരണം ആവശ്യ മാണ്. ഈ ആവശ്യം മുന്നോട്ടുവെച്ച് പല പ്രസ്ഥാനങ്ങളും പ്രവർത്തിക്കു ന്നുണ്ട്. അവരെ സാമ്പത്തികമായി സഹായിക്കാൻ വിശ്വാസികൾ തയ്യാറാകണം. അരുവിത്തുറ പെരുന്നാൾ ഏറ്റുകഴിക്കുന്നതിന് ചെലവാ ക്കുന്ന പണമുണ്ടെങ്കിൽ തീർച്ചയായും കേരളം മുഴുവൻ ഈ ആവശ്യം മുൻനിർത്തി പ്രചരണം നടത്താൻ യുവാക്കൾ തയ്യാറാണ്. ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ, നവീകരണപ്രസ്ഥാനം, ക്രിസ്ത്യൻ ഫെഡറേ ഷൻ എന്നിങ്ങനെ പല സംഘടനകൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്.

**?** *നമ്മുടെ പൂർവികർ നമ്മുടെ തനിമയാർന്ന മാർതോമായുടെ മാർഗ വും വഴിപാടും കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷി ക്കാൻ പരിശ്രമിച്ചിരുന്നു, കൊളോണിയൽ വേഴ്ച ഉണ്ടായിരുന്ന കാലത്തും. വിശ്വാസികൾ ഇന്ന് എന്തുകൊണ്ടാണ് വെറും നിഷ്ക്രിയരായി നിലനില്ക്കുന്നത്?*

**ഉത്തരം :** ഇവിടെ ക്രൈസ്തവർ ഒരു ചെറിയ ന്യൂനപക്ഷമാണ്. ആ ന്യൂനപക്ഷത്തെ നയിക്കാൻ പുരോഹിതർക്കു മാത്രമേ കഴിയൂ എന്ന് വിശ്വാസികൾ വിശ്വസിച്ചു. പ്രത്യേകിച്ചും സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം. അതിൽ തെറ്റു പറയാനില്ല. ഇതിനു കാരണം, നമ്മുടെ മുൻകാല വൈദികർ ജനങ്ങളോട് ഒത്തുനിന്ന് ജനതാത്പര്യത്തിന് അനുസരിച്ച് പ്രവർത്തിച്ചവരായിരുന്നു. സുദീർഘമായ പോരാട്ടത്തിനുശേഷം ഏതദ്ദേശീയ മെത്രാന്മാർ സ്ഥാനാരോഹണം ചെയ്തപ്പോൾ മുതലാണ് നമ്മുടെ കെടുതി ആരംഭിക്കുന്നത്. ലൂയിസ് പഴേപറമ്പിലും മാത്യു മാക്കീലുമെല്ലാം 'ചെങ്കെട്ടന്മാരാ'യി (പ്രഫ. പി. വി. ഉലഹന്നൻ മാപ്ലയോടു കടപ്പാട്) സിംഹാസനാരൂഢരായപ്പോൾ ഈ സഭയുടെ പൂർവ പാരമ്പര്യത്തെ വിസ്മരിച്ചു. 1905-ൽ ഇവർ പ്രസിദ്ധീകരിച്ച ദെക്രെത്ത് എന്ന നിയമാവലി തികച്ചും പാശ്ചാത്യ മോഡലിൽ ക്രോഡീകരിച്ച തായിരുന്നു. വെളുത്ത മെത്രാന്മാർ ഇരുന്ന കസേരയിൽ കറുത്ത മെത്രാന്മാർ ഇരുന്നപ്പോൾ അവരെ നമ്മുടെ പൂർവികർ വിശ്വസിച്ചു. അവരാകട്ടെ പാശ്ചാത്യസഭയുടെ ദല്ലാളന്മാരായിരുന്നു. ഭക്തിയുടെ

പേരിൽ, വിശ്വാസത്തിന്റെ പേരിൽ നമ്മെ അടിമകളാക്കുന്ന അനേകം നിയമങ്ങൾ നിർമിച്ച് നമ്മളെ വഞ്ചിക്കുകയായിരുന്നു അവർ. മാർതോമായുടെ നിയമവും വഴിപാടുമെല്ലാം നിലനിർത്തുന്നതിനുവേണ്ടി പോരാടിയത് ഇവിടുത്തെ അത്മായരും വൈദികരുമായിരുന്നു. പാറേമ്മാക്കൽ ഗോവർണ്ണദോറിനും ഫാ. ജോസഫ് കരിയാറ്റിക്കും റോമാ യാത്രക്കു വേണ്ട പണം ഇവിടുത്തെ സഭാഭിമാനികളായ ക്രൈസ്തവരാണ് സ്വരൂപിച്ചു നൽകിയത്. എന്നാൽ ഇന്ന് ഓപ്പൺ ടിക്കറ്റ് പോക്കറ്റിലിട്ടു കൊണ്ടാണ് നമ്മുടെ മെത്രാന്മാർ സഞ്ചാരം നടത്തുന്നത്. ക്ലേശമില്ല, എവിടെയും ചെന്നാൽ പിരിക്കാം. ഓരോ രൂപത സ്ഥാപിക്കുമ്പോഴും ക്രിസ്തുവിന്റെ സാമ്രാജ്യമിതാ വളരുന്നു എന്ന വ്യാജബോധം സൃഷ്ടിച്ച് ഇവർ പണം പിരിച്ചുകൊണ്ടിരുന്നു. നാം ഒറ്റപൈസപോലും ഈ മുതലാളിമാർക്ക് കൊടുക്കാതിരുന്നാൽ പ്രശ്നം തത്ക്കാലം ശമിക്കും. പൗരസ്ത്യരെക്കുറിച്ച് സംസാരിക്കുകയും പാശ്ചാത്യമായതെല്ലാം സ്വീകരിക്കുകയും ചെയ്യുന്ന മെത്രാന്മാർക്ക് മാർതോമായുടെ മാർഗവും വഴിപാടും കേവലം അർഥശൂന്യമായ ഒരു മുദ്രാവാക്യം മാത്രമാണ്. റോമുമായി അടുത്തുനിന്ന് പാശ്ചാത്യരാജ്യങ്ങളിൽനിന്ന് പണം പിരിച്ച് ഇവിടെ വൻപള്ളികൾ സ്ഥാപിച്ച് രാജകീയതയുടെ നടചവിട്ടി കയറുകയാണ് നമ്മുടെ മെത്രാന്മാർ. അവർ പാശ്ചാത്യ മെത്രാന്മാരെപോലെ കിരീടം ധരിക്കുന്നു. കിരീടത്തിന്റെ ആകൃതിയിൽ മാത്രമേ വ്യത്യാസമുള്ളൂ. അരയിൽ ചുവന്ന കെട്ടുകെട്ടുന്നു. പാലിയം ധരിക്കുന്നു. റോമാ സാമ്രാജ്യത്തിന്റെ സേവകരായി ഇരിക്കുകയും മാർതോമായുടെ നിയമത്തെയും വഴിപാടിനെയുംകുറിച്ച് പ്രസംഗിക്കുകയും ചെയ്യുന്ന ഇവർ സത്യത്തിൽ കപടനാട്യക്കാരാണ്.

**?** *'സഭാനവീകരണം ഓശാനയിലൂടെ' എന്ന് ചിലർ പറയുമ്പോൾ 'സഭാനശീകരണം ഓശാനയിലൂടെ' എന്ന് മറ്റുചിലർ പറയുന്നു. അവരോടുള്ള സാറിന്റെ മറുപടി എന്ത്?*

**ഉത്തരം :** സഭാനശീകരണം എന്നു പറയുമ്പോൾ ഇന്ന് നിലവിലിരിക്കുന്ന അക്രൈസ്തവമായ സംവിധാനത്തെ നശിപ്പിക്കുക എന്നതാണെങ്കിൽ അതു തന്നെയാണ് എന്റെ ലക്ഷ്യം. സഭയിൽ വേരൂന്നിയിരിക്കുന്ന ഇത്തിക്കണ്ണി പറിച്ചുകളയാതെ സഭയ്ക്ക് സ്വയം വളരാൻ ആകില്ല. ഈ അധികാര ഇത്തിക്കണ്ണികളെ നശിപ്പിക്കലാണ് എന്റെ പ്രഥമമായ കടമ.

**?** *നമ്മുടെ മെത്രാന്മാർക്ക് വിശ്വാസികളോടുള്ള കടമകളെക്കാൾ റോമിനോടുള്ള വിധേയത്വമാണ് ഇന്ന് കൂടുതലായി കാണുന്നത്. സാറിന്റെ അഭിപ്രായത്തിൽ അതിനുള്ള കാരണമെന്ത്?*

**ഉത്തരം :** കാനോൻ നിയമം അനുസരിച്ച് ഒരാൾ മെത്രാൻ ആകുമ്പോൾ തന്നെ റോമിലെ മാർപാപ്പായോട് വിധേയത്വം പ്രഖ്യാപിക്കുന്നു.

ആ വിധേയത്വത്തിന് വിരുദ്ധമായി എന്തെങ്കിലും ചെയ്താൽ മെത്രാൻ സ്ഥാനം നഷ്ടപ്പെടും എന്നു തീർച്ച. ഒരു മെത്രാനും വിശ്വാസികളോട് വിധേയത്വം പ്രഖ്യാപിക്കാറില്ല. നാമാകട്ടെ റോമൻ മാർപാപ്പായോട് വിധേയത്വം പ്രഖ്യാപിച്ച മെത്രാന്മാരോട് വിധേയത്വം പ്രഖ്യാപിച്ച് ജീവിക്കുന്ന അടിമകളാണ്. രൂപതയെയും വിശ്വാസികളെയും സ്ഥാപനങ്ങളെയും കൊള്ളയടിക്കാൻ തങ്ങൾക്ക് കഴിയണമെങ്കിൽ മെത്രാൻ സ്ഥാനം നിലനിർത്തണം. മെത്രാൻസ്ഥാനം മാർപാപ്പാ തന്നതാണ്. അതു മാർപാപ്പായ്ക്കുതന്നെ തിരിച്ചെടുക്കാമെന്ന് മെത്രാന്മാർക്കറിയാം. കൊച്ചി മെത്രാന് സംഭവിച്ചത് തങ്ങൾക്കും സംഭവിക്കുമോ എന്ന് അവർ ഭയപ്പെടുന്നു. മെത്രാൻസ്ഥാനം വച്ചുപുലർത്താൻ അല്മായന്റെ ആവശ്യമില്ല. ധാരാളം സ്വത്ത് സഭയ്ക്കുണ്ട്. പിന്നെന്തിന് വിശ്വാസികളോട് വിധേയരാകണം. അവർക്ക് വിശ്വാസികളോട് ഒരു കടമയുമില്ല.

**?** *നമ്മുടെ മെത്രാന്മാരെ അവരുടെ ഇപ്പോഴത്തെ രാജപാതയിൽനിന്നു മാറ്റി ദരിദ്രന്റെ ഇടവഴിയിലേയ്ക്ക് തിരിക്കാൻ നമുക്കെങ്ങനെ സാധിക്കും?*

**ഉത്തരം :** ചർച്ച് ആക്ട് വരുകയും മെത്രാന് ശമ്പളം നിശ്ചയിക്കുകയും അതുവഴി അവർ ജനകീയരാകുകയും ചെയ്താൽ കുറെയല്ലാം അവരെ നമുക്കു നിയന്ത്രിക്കാൻ കഴിഞ്ഞേക്കാം.

**?** *2009-ൽ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അധ്യക്ഷനായുള്ള നിയമ പരിഷ്കരണ കമ്മീഷൻ ക്രിസ്ത്യൻ സഭകളുടെ സ്വത്തുക്കൾ ഭരിക്കാൻ വേണ്ടി "The Kerala Christian Church Properties and Institutions Trust Bill 2009" എന്ന പേരിൽ ഒരു കരടുബിൽ കേരള ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടല്ലോ. ഈ നിയമം പാസ്സായാൽ ക്രിസ്ത്യൻ സഭകൾ ക്കുള്ള പ്രയോജനം ഒന്ന് വിശദീകരിക്കാമോ?*

**ഉത്തരം :** ഈ ബില്ല് വന്നാൽ സഭയിലെ ഇന്നത്തെ അതികേന്ദ്രീകൃതമായ അധികാരകോട്ട തകരും. യേശു ജീവിച്ചിരുന്ന കാലത്തെ പുരോഹിതഗണത്തിന്റെ അതേ സരണിയിലാണ് നമ്മുടെ മെത്രാന്മാർ ഇപ്പോൾ ചലിക്കുന്നത്. പുരോഹിതർ ഇസ്രായേലിന്റെ മേൽ കെട്ടിവെച്ച കൈയാമം യേശു വെട്ടിക്കളഞ്ഞു. ചർച്ച് ആക്ട് എന്ന ഒരു നിയമം ഉണ്ടായാൽ വിശ്വാസികളോട് വിധേയരായിരിക്കാൻ മെത്രാന്മാരും പുരോഹിതരും തയ്യാറാകും. ഇന്ന് പുരോഹിതരാകുന്ന ഒരു നല്ല ശതമാനം ആളുകളും വൈദികവൃത്തിയെ ഒരു പ്രഫഷനായിട്ടാണ് കാണുന്നത് (ജീവിതമാർഗം). ആരാലും നിയന്ത്രിക്കാതെ കോടാനുകോടി രൂപ കൈകാര്യം ചെയ്യാൻ മെത്രാനും മെത്രാനോട് അടുത്തു നിൽക്കുന്ന പുരോഹിതർക്കും ഇന്നു കഴിയും. ഈ വ്യവസ്ഥ അവസാനിച്ചേ മതിയാകൂ. സാമ്പത്തിക ഭരണം തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ പേരിലാകുമ്പോൾ വിശ്വാസികളെ സേവിക്കാതെ പുരോഹിതർക്ക് അപ്പം

ഭക്ഷിക്കാൻ കഴിയില്ല എന്ന അവസ്ഥവരും. അപ്പോൾ നമ്മുടെ സഭ കൂടുതൽ ശക്തമാകും.

നമ്മുടെ സഭകൾക്കു പറ്റിയ ഏറ്റവും വലിയ അപകടം ബൈബിളിൽ യേശു നല്കിയ കല്പനകൾ ലംഘിച്ചു എന്നുള്ളതാണ്. അവിടുന്ന് അർഥശങ്കക്കിടയില്ലാതെ പറഞ്ഞു: "ഭൂമിയിലെ നിക്ഷേപങ്ങൾ നിനക്കായി സംഭരിച്ചുവയ്ക്കരുത്. മാമോനെയും ദൈവത്തെയും ഒരുമിച്ച് ആരാധിക്കരുത്." ഇന്ന് ഈ കല്പന പൂർണമായും ലംഘിച്ചുകൊണ്ടാണ് മെത്രാന്മാർ സഭയെയും മാമോനെയും ആരാധിക്കുന്നത്. അതു മനസ്സിലാക്കണമെങ്കിൽ മത്തായിയുടെ സുവിശേഷം 5-ാം അധ്യായവും 23-ാം അധ്യായവും പ്രാർഥനാപൂർവം വായിക്കണം. യേശുവിന്റെ കാലത്ത് നിലവിൽനിന്ന പൗരോഹിത്യാധികാരങ്ങളെ യേശു നിരാകരിച്ചതുപോലെ നമ്മളും നിരാകരിച്ചേ മതിയാകൂ.

**?** *കേരളത്തിൽ ഇന്ന് ഇരുപതിലധികം സഭാ നവീകരണ സംഘടനകളുണ്ട്. ഈ സംഘടനകൾക്ക് പള്ളികളുടെ സാമ്പത്തിക ഭരണം, ആരാധനക്രമം, ശിക്ഷണം തുടങ്ങിയ കാര്യങ്ങളിൽ ക്രിയാത്മകമായി എന്തു ചെയ്യാൻ സാധിക്കും? സാറിന്റെ അനുഭവജ്ഞാനം വച്ചുകൊണ്ട് അവർക്കുള്ള മാർഗനിർദേശം എന്തെന്നറിഞ്ഞാൽ കൊള്ളാം.*

**ഉത്തരം :** പ്രഥമവും പ്രധാനവുമായി സഭാനവീകരണപ്രസ്ഥാനത്തെ ഒരു രാഷ്ട്രീയ പ്രസ്ഥാനമായി കാണാതിരിക്കുക. യേശു കാണിച്ചുതന്ന പാതയിലൂടെ മെത്രാന്മാരെയും പുരോഹിതരെയും നടത്തണമെങ്കിൽ നാം ആ പാതയിലൂടെതന്നെ നടന്നേ മതിയാകൂ. മാറ്റങ്ങൾ രണ്ടു വിധത്തിലുണ്ടാകാം. ഒന്ന് സമൂഹം മാറുമ്പോൾ വ്യവസ്ഥാപിത ഘടനയും മാറും. മറ്റൊന്ന് വ്യവസ്ഥാപിത ഘടന മാറുമ്പോൾ സമൂഹവും മാറും. കത്തോലിക്കസഭയെ സംബന്ധിച്ചിടത്തോളം വ്യവസ്ഥാപിത ഘടനയാണ് സമൂഹത്തെ നിയന്ത്രിക്കുന്നത്. ഈ വ്യവസ്ഥാപിത ഘടന ക്രിസ്തുവിന്റെ പഠനങ്ങൾക്ക് വിപരീതമാണെന്ന് ജനങ്ങളെ കാണിച്ചു കൊടുക്കണം. അങ്ങനെ ഈ ഘടന മാറണം. ഘടന മാറണമെങ്കിൽ നിയമങ്ങൾ ഉണ്ടാകണം. ആ നിയമത്തിനുവേണ്ടിയാണ് ഇനിയങ്ങോട്ട് നാം പ്രവർത്തിക്കേണ്ടത്. എല്ലാ രാഷ്ട്രീയ പാർട്ടികളും ഇത്തരം ഒരു നിയമനിർമാണം 'കൊള്ളാം' എന്നു പറയുന്നുണ്ടെങ്കിലും അവരാരും മുന്നോട്ടു വന്ന് നിയമനിർമാണം നടത്താൻ തയ്യാറാകുകയില്ല. ഇത്തരം ഒരു നിയമത്തിന്റെ ആവശ്യത്തെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തി വ്യാപകമായ തോതിൽ സഭയെ 'യേശുവിൽ നവീകരിക്കാ'നുള്ള യജ്ഞമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. പുരോഹിത നേതൃത്വത്തിൽ അനേകം നവീകരണധ്യാനങ്ങൾ ഇപ്പോൾ നടക്കുന്നുണ്ട്. ഈ ധ്യാനങ്ങളുടെയെല്ലാം ലക്ഷ്യം വ്യക്തിയെ നന്നാക്കലാണ്. കത്തോലിക്ക സഭയുടെ രാജകീയ ഘടനയാണ് ഇന്നു മാറേണ്ടത്. ഈ രാജകീയ ഘടന

റോമൻ സാമ്രാജ്യത്തിൽനിന്ന് കടമെടുത്തതാണ്. ഇക്കാര്യം എല്ലാ സഭാ ചരിത്രകാരന്മാരും സമ്മതിക്കുന്നുണ്ട്. ഇങ്ങനെ ഒരു ഘടന തന്റെ സഭയ്ക്കുണ്ടാകണമെന്ന് ക്രിസ്തു ഒരിക്കലും ആഗ്രഹിച്ചതല്ല. അതുകൊണ്ട് ക്രിസ്തുവിന്റെ പാത സ്വീകരിച്ച് ഈ ഘടനക്കെതിരായി പോരാടണം. എന്റെ ചെറുപ്പകാലത്ത് തിരുവിതാംകൂറിൽ ഉത്തരവാദിത്വ ഭരണം നടക്കുകയായിരുന്നു. ബ്രിട്ടീഷ് രാജാവിനെതിരെ ഇന്ത്യൻ നാഷണൽ കോൺഗ്രസ് പടപൊരുതിപ്പോന്നു. അന്ന് രാജഭക്തനായ ഒരാൾ ചോദിച്ചു: "രാജാവില്ലാതെ രാജ്യമെവിടെ?" മനുഷ്യസമൂഹത്തിന്റെ വികാസ പരിണാമങ്ങളിൽ ഒരുകാലത്ത് രാജാവിന് അനിവാര്യമായ ഒരു സ്ഥാനമായിരുന്നു ഉണ്ടായിരുന്നത്. ഇന്ന് പേരിന് ചില രാജാക്കന്മാർ അവിടെയും ഇവിടെയും ഉണ്ട് എന്നതൊഴിച്ചാൽ രാജാക്കന്മാരില്ലാതെയാണ് 90 ശതമാനം ജനങ്ങളും ഭരിക്കപ്പെടുന്നത്. ഇത്തരം ഒരു മാറ്റം വരുമെന്ന് ആരെങ്കിലും വിചാരിച്ചോ? ക്രിസ്തുവിന്റെ സഭയിൽ രാജകീയ മെത്രാന്മാർക്ക് സ്ഥാനമില്ല. ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ദാസനായിരിക്കണമെന്നാണ് ക്രിസ്തു പറഞ്ഞിരിക്കുന്നത്. എല്ലാ നവീകരണ പ്രസ്ഥാനങ്ങളും ലക്ഷ്യമിടേണ്ടത് ഈ രാജകീയഘടനയെ മാറ്റി ക്രിസ്തു കല്പിച്ചുതന്ന ഘടനയെ പുനരുദ്ധരിക്കാനാണ്. അപ്പോ. പ്രവ. 6: 1 ൽ ക്രൈസ്തവ സമൂഹത്തിന്റെ ഘടന എങ്ങനെയാണെന്ന് അപ്പോസ്തലന്മാർ വിവരിക്കുന്നു. നമുക്ക് അങ്ങോട്ടു മാറണം.

**?** ഇന്നത്തെ സ്ഥിതിയും മുൻപോട്ടുള്ള പോക്കും വച്ചുനോക്കുമ്പോൾ സീറോ മലബാർ സഭയുടെ ഭാവി സാറിന്റെ അഭിപ്രായത്തിൽ എന്തായിരിക്കും? ഒന്ന് വിശദീകരിക്കാമോ?

**ഉത്തരം :** ഇന്നത്തെ സ്ഥിതിയിൽ സഭ മുന്നോട്ടു പോകുകയാണെങ്കിൽ ഒരു നൂറു കൊല്ലം കഴിയുമ്പോൾ സഭതന്നെ ഇവിടെ ഉണ്ടാകുമോ എന്നു സംശയിക്കുന്നു. യൂറോപ്പിൽ സംഭവിച്ചതെന്താണ്? അവിടെ പള്ളികൾ വിൽക്കുന്നു. കന്യാസ്ത്രീ മഠങ്ങൾ അടച്ചുപൂട്ടുന്നു. സെമിനാരികളിൽ വിദ്യാർഥികൾ ഇല്ല. ഈ ഗതിയിലേക്ക് നമ്മുടെ സഭ മാറും. അതു മാറാതിരിക്കണമെങ്കിൽ യേശുവിന്റെ പാത സ്വീകരിക്കാൻ സഭാധികാരത്തെ ഒരുക്കുകയാണ് നാം ചെയ്യേണ്ടത്.